KOTTAYAM PUBLIC LIBRARY

181·11

Call No. LEKL-C Acc. No. 84823

Author [illegible]

Title [illegible]

831

# കൺഫ്യൂഷിയൻ ദർശനം

(ല്യൂ വൂ-ചി)

84823

KOTTAYAM PUBLIC LIBRARY ✻ KOTTAYAM. ✻

വിവർത്തകൻ:

**പി. എം. കുമാരൻനായർ**

പ്രസാധകന്മാർ:

**പി. കെ. ബ്രദേർസ്**

**കോഴിക്കോട്ട്**

വില: മൂന്നുറുപ്പിക.

NATIONAL BOOKSTALL KOTTAYAM KALATHIKAL BAZAAR

ഒന്നാംപതിപ്പ് 1957
കോപ്പി 1000

പകർപ്പവകാശം
പ്രസാധകന്മാർക്ക്

181.11
L.C

PUBLISHERS:
P. K. BROTHERS-KOZHIKODE

വടക്കാഞ്ചേരി
അരുണോദയം പ്രസ്സിൽ അച്ചടിച്ചതു്

D-1304
THE KOTTAYAM PUBLIC LIBRARY, KOTTAYAM. TRAVANCORE.

# കൺഫ്യൂഷിയൻ ദർശനം

## ഒന്നാം അദ്ധ്യായം

### ഈ ദർശനത്തിൻെറ സ്ഥാപകൻ

സുമാർ 2500 കൊല്ലങ്ങളായി ചൈനീസ് ചിന്താഗതിയെ നിയന്ത്രിച്ചുവരുന്ന ഒരു ദർശനശാഖയുടെ പേർ ആണ് ഈ ദർശനമെന്നുള്ളതു്. ബി. സി. 551-മുതൽ 479വരെ ജീവിച്ചിരുന്ന കങ്ഫ്യൂവിൻെറ അതായതു് കൺഫ്യൂഷിയസ് എന്ന പേരിൽ അറിയപ്പെടുന്ന മഹാൻെറ സിദ്ധാന്തങ്ങളാണു് പ്രസ്തുത ദർശനത്തിന്നു് അടിത്തറ പാകിട്ടുള്ളതു്. ദീർഘവും മഹത്തരവുമായ പാരമ്പര്യംകൊണ്ടു് ഈ ദർശനം ചൈനീസ്ജീവിതത്തിൽ അത്യന്തം സ്വാധീനത ചെലുത്തീട്ടുണ്ടു്. അതു് ഒരു രാഷ്ട്രീയ സ്വഭാവവിശേഷത്തെ കെട്ടിപ്പടുത്തു. മനുഷ്യജീവിതത്തിൻെറ ബഹുമുഖമായ വശങ്ങളെ അതു് സ്പർശിച്ചു. ജീവിതത്തെ എല്ലാ തുറകളിൽക്കൂടിയും അതു പുരോഗമിപ്പിച്ചു. ധാർമ്മികവും രാഷ്ട്രീയവും സാമൂഹ്യവുമായ സർവ്വരംഗങ്ങ

ളിലും അതു് സ്വാധീനത ചെലുത്തി. വളച്ചുമുട്ടിയതും നാശോന്മുഖവുമായ ഒരു പുരാതന നാഗരീകത്വത്തിന്റെ പാരമ്പര്യത്തെ അതു നിലനിത്തി. പുനരുത്ഥാനത്തിന്നും മേധാവിത്തത്തിന്നും വേണ്ടിയുള്ള അതിന്റെ സമരം അത്യധികം ഊർജ്ജസ്വലമായിരുന്നു.

ഈ ദർശനത്തിന്റെ ഒരു പ്രത്യേകത എല്ലാ സിദ്ധാന്തങ്ങളേയും ഉൾക്കൊള്ളുന്നതിന്നുള്ള അതിന്റെ കഴിവാണു്. അതു് നവ്യവും ഭവ്യവുമായിക്കൊണ്ടിരുന്നു. ചൈനീസ്ജനതയെ ശക്തികൊണ്ടു കീഴടക്കുക സാദ്ധ്യമല്ല. സാത്മീകരണംകൊണ്ടുമാത്രമേ സാധിക്കു. അപ്രകാരം തന്നെ ഈ ദർശനം അതിന്റെ ഉൾക്കൊള്ളാനുള്ള കഴിവു നിമിത്തം വിരുദ്ധസിദ്ധാന്തങ്ങളെ മുഴുവൻ സാത്മീകരിക്കുകയോ ദൂരീകരിക്കുകയോ ചെയ്തു. അങ്ങിനെ അവ ചൈനീസ്സംസ്കാരത്തെ പ്രതിനിധീകരിക്കുന്നതിന്നു് യോഗ്യമായിത്തീരുകയും ചെയ്തു. മൌലികമായി മോഹിസം, ലീഗലിസം, ടൊയിസം, ബുദ്ധിസം എന്നിങ്ങിനെ വിഭിന്നചിന്താഗതികളെ പ്രതിനിധീകരിക്കുന്ന അവ ഈ ദർശനത്തിന്നു് പൊതുവിൽ വലിയ സംഭാവനകൾ ചെയ്യുകയും നാശഗത്തത്തിൽനിന്നു് അതിനെ കരകയററുകയും ചെയ്തിട്ടുണ്ടു്.

തന്നിമിത്തം ഇന്നു് ഈ ദർശനം കങ്ങ്ഫ്യൂവിന്റെ മൌലികസിദ്ധാന്തങ്ങളിൽനിന്നു് അല്പം വ്യത്യസ്ഥമായി കാണാവുന്നതാണു്. ക്രിസ്തുമതം യേശുക്രിസ്തുവിന്റെ സിദ്ധാന്തങ്ങളിൽനിന്നു് കുറെയൊക്കെ വ്യത്യസ്ഥമായിത്തീന്നതുപോലെത്തന്നെ കങ്ങ്ഫ്യൂവിന്റെ വചനങ്ങൾത

ന്നേയാണ് പ്രസ്തുത ദശ്നത്തിൻെറ അടിസ്ഥാനപ്രമാ ണമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതെങ്കിലും കാലാന്തര ത്തിൽ അവയ്ക്കു പുതിയ ആശയങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായിത്തീൎന്നിട്ടുണ്ട്. അങ്ങിനെ നോക്കുമ്പോൾ പ്രസ്തു ത ദശനം അതിൻെറ ആദ്യരൂപത്തിൽനിന്നു് വളരെ യേറെ വ്യത്യസ്ഥപ്പെട്ടതായി കാണാം. ഈ പരിണ്ണാമം തീച്ചയായും വളരെ ഗുണം ചെയ്തിട്ടുണ്ട്. എന്നാൽ യാഥാ സ്ഥിതികന്മാക്ക് വിദേശീയസിദ്ധാന്തങ്ങളുടെ സങ്കലനം ഒട്ടുംതന്നെ രോചകമായി തോന്നിയില്ല. അവർ അതി നെ ശക്തിയായി ആക്ഷേപിക്കുന്നു. പക്ഷെ, പൊതുവിൽ പ്രസ്തുത സങ്കലനം പുരാതനമായ ചൈനീസ്ചിന്താഗ തിയുടെ നിലനില്പിന്നു് ഒരു വലിയ സേവനമാണ് ചെ യ്തിട്ടുള്ളതു്. പുതുരക്തത്തിൻെറ പ്രഭാവം വളരെക്കാല ത്തോളം നിലനില്ക്കുന്നതായിരിക്കുമെന്നതിന്നു് സംശയ മില്ല.

ചൈനീസ്ജീവിതത്തിൽ അതിപ്രധാനവും മഹ ത്തരവുമായ സ്വാധീനത ചെലുത്തിയ ഈ ദശ്നത്തിൻെറ പരിണാമഘട്ടങ്ങളെപ്പററി മനസ്സിലാക്കുക എന്നതു് അ ത്യന്തം സങ്കീണ്ണവും എന്നാൽ രസകരവുമായ ഒരു ജോ ലിയാണു്. അതിൻെറ വിവിധവികാസഘട്ടങ്ങളെ തരം തിരിക്കുന്നതിന്നും, പ്രത്യയശാസ്ത്രപരമായി വിവിധഘ ട്ടങ്ങളിലും അതിന്നുണ്ടായിട്ടുള്ള സമ്പക്കങ്ങളെ അളന്നു കണക്കാക്കുന്നതിന്നും ശ്രമിക്കുകയാണെങ്കിൽ ബൃഹത്തര മായ ഒരു ചരിത്രഗ്രന്ഥംതന്നെ നിമ്മിക്കേണ്ടതായി വരും. എന്നാൽ ചരിത്രത്തിൽക്കൂടിയുള്ള പ്രയാണം ആരംഭിക്ക

ന്നതിനു മുമ്പായി 'ജൂ' എന്ന വാക്ക് എങ്ങിനെ ഉണ്ടായെന്നും ജൂ വൃത്തി എന്തായിരുന്നുവെന്നും അതു് സാമന്തസാമൂഹ്യക്രമം നിലനിന്നിരുന്ന ചൌ യുഗത്തിൽ എങ്ങിനെ വികാസം പ്രാപിച്ചുവന്നുവെന്നും അറിയേണ്ടതു് അത്യാവശ്യമാണു്.

## പണ്ഡിതന്മാർ അഥവാ ദുർബ്ബലമായ കണ്ണികൾ

ആധുനികകാലത്തു് ജൂ എന്ന വാക്കു് കങ്ങ്പ്രസ്ഥാനത്തിൽപ്പെട്ട പണ്ഡിതൻ എന്നർത്ഥത്തിലാണു് ഉപയോഗിക്കുന്നതു്. അതായതു് വ്യത്യസ്ഥമായ ജീവിതവീക്ഷണങ്ങൾ ഉള്ള ബൌദ്ധന്മാർ, ടൊയിസ്റ്റുകൾ എന്നിവരിൽനിന്നു് വിഭിന്നരാണു് അവർ എന്നു് ഇതു കാണിക്കുന്നു. ജൂ, കങ്ങ് എന്നീ വാക്കുകൾക്കു തമ്മിലുള്ള അഭേദ്യമായ ബന്ധംകാരണമായി പാശ്ചാത്യലേഖകന്മാർ കങ്ങ്-ഫൂത്സിനെ അഥവാ ഗുരു കങ്ങിനെ കൺഫ്യൂഷിയസ്സായും, ജൂ സിദ്ധാന്തങ്ങളെ കൺഫ്യൂഷിയൻ ദർശനമായും, ജൂ അനുയായികളെ കൺഫ്യൂഷിയന്മാരായും അംഗീകരിച്ചിട്ടുണ്ടു്. കങ്ങ് ചൃപ്രസ്ഥാനത്തിൻെറ പ്രധാനനായകനായതുകൊണ്ടു് അതു് കുറെയൊക്കെ ചൈനീസ് സമ്പ്രദായങ്ങൾക്കു് നിരക്കാത്തതാണെങ്കിലും പ്രസ്തുത വിവർത്തനത്തെ അപ്പടി അസ്വീകരിക്കുക സാദ്ധ്യമല്ല.

എന്നാൽ മൌലികമായി നോക്കിയാൽ ജൂ എന്ന വാക്കിനു് മറെറാരർത്ഥംകൂടിയുണ്ടു്. നിരുക്തം പറയുന്നതു് മനുഷ്യൻ ദൌർബ്ബല്യം എന്നീ രണ്ടു മൂലവസ്തുക്കളുടെ സംയോഗത്തിൽനിന്നാണു് ജൂ എന്ന പദം ഉണ്ടായിട്ടു

D.M. 1304

ള്ളതു് എന്നാണു്. അപ്രകാരം സ്വാഭാവികമായി ആരാണു് പ്രസ്തുത ദുർബ്ബലന്മാർ എന്നും അങ്ങിനെയൊരു ജനവിഭാഗം നിലകൊള്ളുന്നുണ്ടോ എന്നുമുള്ള പ്രശ്നങ്ങൾ ആവിർഭവിക്കാം. വളരെ കുഴപ്പംപിടിച്ച ഒരു ചോദ്യമാണിതു്. നിർഭാഗ്യവശാൽ ചൈനീസ് ദാർശനികന്മാർ ആരുംതന്നെ ഇതിനൊരു മറുപടി പറയുവാൻ ശ്രമിച്ചിട്ടില്ല. അടുത്ത കാലത്തു മാത്രമാണു് വിമർശകന്മാർ പ്രധാനപ്പെട്ട ചില രേഖകളുടെ വെളിച്ചത്തിൽ ഈ വിഷയത്തിൽ ഗവേഷണം നടത്തുവാൻ ആരംഭിച്ചിട്ടുള്ളതു്.

രണ്ടു് അഭിപ്രായഗതികളാണു് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതു്. ഒന്നാമത്തേതു് പറയുന്നതു് ഷാങ്ങ് ജനതയുടെ പിൻതുടർച്ചക്കാരാണു് പ്രസ്തുത ദുർബ്ബലമായ കണ്ണികൾ എന്നാണു്. അവരുടെ രാജ്യാധികാരത്തെ കടപുഴക്കിയതു് ചൌ ജനതയാണു്. അതു് ബി. സി. 20-ാം നൂററാണ്ടിലായിരുന്നു. ഷാങ്ങ് ജനതയുടെ മേധാവികൾ എന്ന നിലയ്ക്കു് അവർ ദൌർബ്ബല്യമെന്ന ഗുണം അഥവാ ദൌർബ്ബല്യത്തിൻെറ ശക്തി വ്യക്തിപരമായ ഗുണങ്ങളെ വളർത്തുന്നതിനുള്ള ഒരുപാധിയായി പ്രകീർത്തിച്ചു. അമർക്കപ്പെട്ടവരും അപമാനിതരും ആചാരമര്യാദകളിൽ കൂടുതൽ താല്പര്യമുള്ളവരുമായ ഷാങ്ങ് ജനത തങ്ങളുടെ യജമാനന്മാരായ ചൌ പ്രഭുക്കന്മാരുടെ നിത്യജീവിതത്തിലെ സർവ്വ ആചാരക്രമങ്ങളിലും വിധിയാംവണ്ണം പങ്കെടുത്തു്, അവരെ കഴിയുന്നത്ര സഹായിച്ചു്, ജീവിച്ചുവന്നു. അവരുടെ വിനയത്തോടുകൂടിയ പെരുമാററവും പ്രവൃത്തിയുമാണു് ദുർബ്ബലന്മാർ എന്ന പേർ അവർക്കു നല്കിയതു്. അതു് പ്രശംസാരൂപേണയുള്ളതുമായിരുന്നു.

രണ്ടാമത്തെ അഭിപ്രായപ്രകാരം പ്രസ്തുത ദുർബ്ബലവ്യക്തികഠം ഒരുകാലത്തു് വളരെ മഹത്തരമായി ജീവിച്ചിരുന്ന ഷാങ്ങ് വർഗ്ഗത്തിൻെറ അവശിഷ്ടമല്ല എന്നുള്ളതാണു്. ചൌ പ്രഭുക്കളിൽനിന്നു് നിഷ്കാസനംചെയ്യപ്പെട്ടവരാണു് അവർ എന്നു പറയപ്പെടുന്നു. ചൌ ശാസനത്തിൻകീഴിൽ അവരെ സാധാരണന്മാരുടെ ഇടയിൽപ്പെടുത്തി. പ്രശസ്തമായ സൈനികകുടുംബങ്ങളിലേയോ പ്രഭുകുടുംബങ്ങളിലേയോ അംഗങ്ങളായിരുന്നു അവർ. പിന്നീടു് അവരുടെ പ്രാധാന്യവും പ്രത്യേകാനുകൂല്യങ്ങളും നഷ്ടപ്പെട്ടു. അവർ നിരക്ഷരകുക്ഷികളായ കൃഷിക്കാരെപ്പോലെ നിസ്സഹായന്മാരായിരുന്നില്ലെങ്കിലും ജീവിതത്തിൽ നാനാമുഖമായ വികസനത്തിനു് അവക്കു് സാഹചര്യങ്ങഠം ഉണ്ടായിരുന്നില്ല. അങ്ങിനെ പണക്കാരായ പ്രഭുക്കളുടേയും പട്ടിണിക്കാരായ സാധാരണക്കാരുടേയും ഇടയിൽ അവർ മദ്ധ്യവത്തികളായി ജീവിച്ചു.

അങ്ങനെ ബി. സി. ആറാംനൂററാണ്ടിൽ കങ്ഫ്യൂഷൻെറ വ്യക്തിത്വം സ്ഥാപിച്ച കാലത്തിനു മുമ്പുതന്നെ മേൽപ്പറഞ്ഞ കൂട്ടരുടെ സംഖ്യ വളരെ വദ്ധിച്ചിട്ടുണ്ടായിരുന്നു. ചൌ സമുദായത്തിൽ സാമന്തവ്യവസ്ഥ കെട്ടിപ്പടുത്തതു് പ്രശസ്തനായ ഒരു ചൌ രാജാവായിരുന്നു. ബി. സി. 770-ൽ ചൌ തലസ്ഥാനം കിഴക്കുഭാഗത്തുള്ള 'ലോ' യിലേയ്ക്കു മാററിയതോടുകൂടി അതിൻെറ അധഃപതനം ആരംഭിച്ചു. എന്നാൽ ഒരു നൂററാണ്ടുകാലത്തോളം പ്രസ്തുത അധഃപതനംകൊണ്ടു് ആപൽക്കരമായി യാതൊന്നും സംഭവിച്ചില്ല. അങ്ങിനെ സാമൂഹ്യപരിവത്തന

ത്തിൻെറ കാലഘട്ടമെത്തിയതോടുകൂടി ബുദ്ധിയും പ്രാപ്തിയും ഊജ്ജ്വസ്വലതയുമുള്ള ഒരു വിഭാഗം ജനങ്ങൾ സമുദായത്തിൽ ഉണ്ടായി. എന്നാൽ നൈസർഗ്ഗികമായ അവരുടെ സ്വഭാവവിശേഷങ്ങളും പ്രാപ്തിയും ഫലപ്രദമാക്കിത്തീക്കുന്നതിന്നു വലിയ ഒരു തടസ്ഥമായി നിന്നിരുന്നതു് ദാരിദ്ര്യവും അധികാരത്തിൻെറ അഭാവവുമായിരുന്നു. അങ്ങിനെ ഗവമ്മേണ്ടിൻെറ കീഴിൽ ചെറിയ ഉദ്യോഗങ്ങൾ സ്വീകരിക്കുവാൻ അവർ നിബ്ബന്ധിതരായിത്തീൻ.

ജീവിതനിവ്വഹണകാര്യത്തിൽ ഇവക്കു് എന്തു യോഗ്യതയായിരുന്നു ഉണ്ടായിരുന്നതു്? പുരാതന പ്രഭുക്കന്മാരെപ്പോലെ ആറു കലകൾ ഉൾക്കൊള്ളുന്ന മഹത്തായ വിദ്യാഭ്യാസം അവക്കു് ഉണ്ടായിരുന്നിരിക്കണം. മാന്യതയുടെ മാനദണ്ഡമായി കരുതിയിരുന്നതു് അത്തരം വിദ്യാഭ്യാസത്തെയാണു്. ആചാരക്രമങ്ങൾ, സംഗീതം, ചരിത്രം, സംഖ്യാലേഖനം, ധനുവ്വിദ്യ, രഥസഞ്ചാലനം എന്നിവയായിരുന്നു ആറു കലകൾ. ഇത്തരം വിഷയങ്ങളെക്കുറിച്ചുള്ള പ്രായോഗികമായ പരിജ്ഞാനമാണു് ഒരു മനുഷ്യന്നു് അന്നത്തെ കാലത്തു് അവൻെറ സാമന്തമേധാവിയെ സേവിക്കുന്നതിന്നു് ഏററവും ഉപയുക്തമായിട്ടുള്ളതെന്നു നമുക്കു വ്യക്തമായി കാണുവാൻ കഴിയുന്നു. ധനുവ്വിദ്യയിലും രഥസഞ്ചാലനത്തിലുമുള്ള യോഗ്യത ഒരു മനുഷ്യനെ സൈനികമേധാവിയാകുന്നതിന്നോ കീഴടക്കപ്പെട്ട ഒരു പട്ടണത്തിൻെറ സവ്വാധിപതിയായിത്തീരുന്നതിന്നോ പ്രാപ്തനാക്കിത്തീക്കുന്നു. അപ്രകാരംതന്നെ

ചരിത്രത്തിലും സംഖ്യാലേഖനത്തിലും അറിവുള്ള ഒരാൾ ഭരണാധിപന്മാരുടെ കീഴിൽ ഒരു നല്ല വിചാരിപ്പുകാരനായിത്തീരാം. സംഗീതവും ആചാരക്രമങ്ങളും അറിയുന്ന ഒരാൾക്ക് സുഖലോലുപന്മാരായി കഴിയുന്ന പ്രഭുകുടുംബങ്ങളിലെ അദ്ധ്യാപകന്മാരായും പ്രഭുക്കന്മാരുടെ സാമൂഹ്യച്ചടങ്ങുകളിൽ ഉപദേഷ്ടാവായും ഇരിക്കാവുന്നതാണ്. അങ്ങിനെ സാമന്തവാഴ്ചയെ നാനാവിധത്തിലും സഹായിക്കുവാൻ അശരണരും പുറംതള്ളപ്പെട്ടവരുമായ പ്രഭുവർഗ്ഗത്തിൽപ്പെട്ട പ്രസ്തുത മദ്ധ്യവർത്തികൾക്ക സാധിച്ചിരുന്നു.

അതോടൊപ്പംതന്നെ അവരുടെ ഇടയിൽ നിരവധി ദിവ്യജീവിതം നയിക്കുന്നവരും ചരിത്രകാരന്മാരും ആചാരശാസ്ത്രജ്ഞന്മാരും സംഗീതവിദ്വാന്മാരും ഉണ്ടായിരുന്നു. ഇവരെല്ലാംതന്നെ രാജസഭയോടു ബന്ധപ്പെട്ടവരുമായിരുന്നു. എന്നാൽ സാമന്തമേധാവിത്വത്തിൻകീഴിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന യുദ്ധങ്ങളും കലാപങ്ങളും കാരണമായി ഇവക്കു സ്ഥാനഭ്രംശം സംഭവിച്ചുകൊണ്ടിരുന്നു. പാരമ്പര്യമായി അവക്കു ലഭിച്ചുകൊണ്ടിരുന്ന ഇത്തരം കലാവിദ്യകളിലൂടെ വളരെ നൂററാണ്ടു കാലത്തോളം ചൈനീസ്സംസ്കാരത്തെ അവർ നിലനിത്തിക്കൊണ്ടുവന്നു. പക്ഷെ, ബഹുജനസമ്പക്കം ലഭിക്കാൻ അവക്ക് അവസരം ലഭിച്ചിരുന്നില്ല. എന്നാൽ ഇന്നു സാധാരണക്കാർ, ഒരു വലിയ സാമൂഹ്യവിപ്ലവത്തിന്റെ ഫലമായി, പുരാതനകാലത്തു തങ്ങളുടെ രാജ്യത്തുണ്ടായിരുന്ന ബുദ്ധിജീവികളുടെ ഉയന്നതരം ചിന്താഗതികളെ മ

നസ്സിലാക്കുവാൻവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങിനെ ആധുനികയുഗത്തിൽ പഠിക്കാനുള്ള ഔത്സുക്യം സാധാരണക്കാരിൽ വളൻറുകൊണ്ടിരിക്കുന്നു.

ആരംഭികകാലത്തു് പ്രസ്തുത ബുദ്ധിജീവികൾക്ക് പ്രത്യേകമായി ഒരു പേര് ഉണ്ടായിരുന്നുവോ എന്ന കാര്യം സംശയമാണു്. അവരുടെ താല്പര്യങ്ങൾ വ്യത്യസ്ഥങ്ങളായിരുന്നു എന്നുള്ളതു് വ്യക്തമാണു്. പൈതൃകമായ ഒരു കുലത്തൊഴിലും അവക്കില്ല. അവ സങ്കലസ്വഭാവത്തിലുള്ളതായിരുന്നു അങ്ങിനെ വൈവിധ്യംനിറഞ്ഞ ഒരു ജീവിതമായിരുന്നു അവർ നയിച്ചുവന്നതു്. എന്നാൽ അതിൽപ്പെട്ട ഒരു തൊഴിലിന്നു് ഒരു പേര് അക്കാലത്തു് ഉപയോഗിച്ചുവന്നിരുന്നു. കങ്ഫ്യൂഷ്യവിൻെറ കാലത്തു് ആ പേരിന്നു് സാർവ്വത്രികത്വം ഉണ്ടായിരുന്നില്ല എന്നാണു് കാണുന്നതു്. ജൂ എന്നതായിരുന്നു ആ പദം. മിതഭാഷിയും വിനയാന്വിതനും ബുദ്ധിമാനും പ്രഭുകുടുംബങ്ങളിലെ ധാമ്മികാചാരങ്ങളെ നടത്തുന്നവനും ആയ ആളെയാണു് ജൂ എന്നു വിളിച്ചിരുന്നതു്. ചൌ യുഗത്തിലുണ്ടായിരുന്ന കുലീനസമുദായം ആചാരാനുഷ്ഠാനങ്ങളിൽ അത്യന്തം തല്പരമായിരുന്നു. അവരുടെ സാമൂഹ്യക്രമം 'ലീ' എന്ന പേരിൽ അറിയപ്പെട്ടു. അതു് ബൃഹത്തരവും സാധാരണക്കാരന്നു പണംകൊണ്ടോ പ്രാപ്തികൊണ്ടോ അനുഷ്ഠിക്കാൻ കഴിയാത്തതും ആയിരുന്നു. തൊപ്പിയിടൽ, വിവാഹം, ശവസംസ്കാരം മുതലായ ചടങ്ങുകൾ കുലീനന്മാക്കുമാത്രമെ നടത്തുവാൻ സാധിച്ചിരുന്നുള്ളു. അപ്രകാരംതന്നെ രാജകീയവിരുന്നുകൾ ധനു

ശ്ലിദ്യാപ്രദശ്നം, പുരാതനക്ഷേത്രങ്ങളിൽ നടത്തപ്പെട്ടിരുന്ന ധാമ്മികകമ്മങ്ങറം മുതലായവയും കുലീനന്മാക്ക മാത്രമേ നിവ്വഹിക്കാൻ കഴിഞ്ഞിരുന്നുള്ളു. അത്തരം സന്ദഭ്ങ്ങളിൽ വിദഗ്ദ്ധന്മാർ ആവശ്യമായിരുന്നു. മേൽ പ്രസ്താവിച്ച ഓരോന്നിലും പ്രാവീണ്യം നേടിയ ഒരു സംഘം ജനങ്ങറം അപ്പോഠം അവിടെ ഉണ്ടാവുകയും ചെയ്തിരുന്നു. പ്രഭുകുടുംബങ്ങളിൽനിന്നു ക്ഷണനത്തേയും കാത്തുകൊണ്ടിരിക്കുകയായിരുന്നു അവർ. തങ്ങറം ഒരു പ്രത്യേക വിഭാഗക്കാരാണെന്നു വരുത്തുവാൻവേണ്ടി അവർ വ്യത്യസ്ഥമായ ഉടുപ്പുകളാണു് ധരിച്ചിരുന്നതു്. ആ ഉടുപ്പു് അവരുടെ തൊഴിലിനെ പ്രതിനിധീകരിച്ചിരുന്നു. അങ്ങിനെ നീളൻകുപ്പായവും അതിന്മേൽ സിൽക്കുകൊണ്ടു തുന്നിപ്പിടിപ്പിച്ച പൂക്കളും ഉയന്നതും വൃത്താകൃതിയിലുള്ളതുമായ പൊടിപ്പുകറം വെച്ച തൊപ്പിയും ചതുരാകൃതിയിലുള്ള ഷൂസും ധരിച്ച പുരോഹിതവഗ്ഗം നടക്കുന്നതും അഭിവാദനം ചെയ്യുന്നതും പെരുമാറുന്നതും ഒരു പ്രത്യേക സമ്പ്രദായത്തിലാണു്. തന്നിമിത്തം അവക്കു ദുർബ്ബലന്മാർ എന്ന പേർ വീണു.

## പൂവ്വദേശത്തു് മഹാനായ ഒരു ജ്ഞ പിറക്കുന്നു

ഇക്കാലത്തു് ചൌസാമ്രാജ്യത്തിൽപ്പെട്ട പൂവ്വദേശത്തെ ലൂ എന്ന സംസ്ഥാനത്തിൽ കങ്ങ് ചൃൂ എന്ന പേരുള്ള പ്രതിഭാസമ്പന്നനായ ഒരു മനുഷ്യൻ ഉണ്ടാവുന്നു. അദ്ദേഹം ഷാങ്ങ് വഗ്ഗത്തിൽപ്പെട്ട സങ്ങ് എന്ന പ്രഭുകുടുംബത്തിലെ നിഷ്കാസിതനായ ഒരു അംഗമായിരുന്നു.

എന്നാൽ രാജകീയരക്തത്തിൻെറ ഒരു പുതിയ അവശി ഷ്ടം മാത്രമെ അദ്ദേഹത്തിൽ ഉണ്ടായിരുന്നുള്ളു. അനിതര സാധാരണമായ ബുദ്ധിവൈഭവമുള്ള ഒരാളായിരുന്നു അ ദ്ദേഹം. അതുമാത്രമാണു് തൻെറ പൂർവ്വികരിൽനിന്നു് അദ്ദേഹത്തിന്നു പാരമ്പര്യമായി ലഭിച്ചിരുന്നതു്. അദ്ദേ ഹത്തിൻെറ പിതാവു് ഒരു ചെറിയ സൈനികോദ്യോഗ സ്ഥനായിരുന്നു. കൺഫ്യൂഷ്യസ് ഭൂജാതനായി അല്പകാലത്തി ന്നുശേഷം ആയാൾ പരലോകപ്രാപ്തനായി. അമ്മ മാത്ര മാണു് പിന്നീടു് കൺഫ്യൂഷ്യസിന്നു് ഒരു തണലായിട്ടുണ്ടാ യിരുന്നതു്. ജീവിതമാർഗ്ഗം തേടിക്കൊണ്ടുനടന്ന യുവാ വായ കൺഫ്യൂഷ്യസിന്നു് ആദ്യത്തിൽ ഒരു കലവറകാര്യ സ്ഥൻെറ ഉദ്യോഗം ലഭിച്ചു. പിന്നീടു കാലിമേയ്ക്കലാ യിരുന്നു അദ്ദേഹത്തിൻെറ പ്രവൃത്തി.

പ്രഭുവർഗ്ഗത്തിൽനിന്നു നിഷ്കാസനം ചെയ്യപ്പെട്ട വരും ജോലിയന്വേഷിച്ചു നടക്കുന്നവരുമായ അദ്ദേഹ ത്തിൻെറ കൂട്ടത്തിലുള്ള ജനങ്ങൾ ഇത്തരം പ്രവൃത്തി കളാണു് പരമ്പരയായി ചെയ്തുപോന്നിരുന്നതു്. അതി ന്നപ്പുറമെ കലാവിദ്യകളിൽ പ്രാഥമികപരിജ്ഞാനം പോലും നേടുവാൻ കഴിഞ്ഞിട്ടില്ലാത്ത കൺഫ്യൂഷ്യസിനേ പ്പോലുള്ള ഒരാൾക്കു് ഇതിലും വലുതായ മറെറാരു പ്രവൃ ത്തി ഏറെറടുത്തു നടത്തുവാൻ സാധിക്കുകയുമില്ലല്ലോ. അച്ഛൻ ഒരു സൈനിക ഉദ്യോഗസ്ഥനായിത്തീൎന്നതുപോ ലെ കൺഫ്യൂഷ്യസും ഒരു ഗവൎമ്മേണ്ടു് ജീവനക്കാരനായി. അതിന്നു കായികമായും ബുദ്ധിപരമായും കഠിനാദ്ധ്വാനം ചെയ്യേണ്ടിവന്നു. കാലികൾക്കു കൊടുത്തിരുന്ന ധാന്യ

ങ്ങളുടെ കണക്കു കൃത്യമായി സൂക്ഷിക്കുകയും തീററ കൊടു ക്കുന്ന കായ്യത്തിൽ അത്യധികം ശ്രദ്ധപതിപ്പിക്കുകയും ചെയ്തിരുന്നതുകൊണ്ടു് ആടുകഠം, കാലികഠം എന്നിവയു ടെ എണ്ണം പെരുകുക മാത്രമല്ല അവ തടിച്ചുകൊഴുത്തു് നന്നായിത്തീരുകയും ചെയ്തു. കങ്ങ് ചൃൂവിൻെറ സേവ നത്തിൽ അത്യന്തം സംതൃപ്തനായ ലൂവിലെ ഡ്യൂക്ക് അ ദ്ദേഹത്തിന്നു് ഒരു ആൺകുട്ടി ജനിച്ചപ്പോഠം ആചാരമ ൎയ്യാദയനുസരിച്ചു് ഒരു സമ്മാനം അയച്ചു. ഇതു് കങ്ങ് കുടുംബത്തെ എത്രമാത്രം അത്ഭുതപ്പെടുത്തിട്ടുണ്ടായിരി ക്കുമെന്നു് ഊഹിക്കുന്നതാണു നല്ലതു്. ഈ സാമ്മാന ത്തിൻെറ ബഹുമാന്യമായ സ്മരണയെ മുൻനിൎത്തി കുട്ടി ക്കു് ലി എന്ന പേർ നല്കി.

എന്നാൽ നിസ്സാരങ്ങളായ ഇത്തരം സ്ഥാനമാനങ്ങ ളെ സ്വീകരിച്ചുകൊണ്ടു് ജീവിതം നയിക്കുവാൻ പരിത സ്ഥിതി കങ്ങ് ചൃൂവിനേ പ്രേരിപ്പിച്ചുവെങ്കിലും അദ്ദേഹം അതുകൊണ്ടു് സംതൃപ്തനായിരുന്നില്ല. തൻെറ പ്രകൃതി ക്കു് യോജിച്ചതായ ഒരു ജോലി കിട്ടുവാൻവേണ്ടി അദ്ദേ ഹം സദാ പരിശ്രമിച്ചുകൊണ്ടിരുന്നു. അങ്ങിനെ മാത്രമെ തൻെറ വാസനകളെ വികസിപ്പിക്കുവാൻ സാധിക്കുകയു ള്ളുവെന്നു് അദ്ദേഹം കണ്ടു. അങ്ങിനെ അദ്ദേഹത്തിൻെറ മാതാവു് മരിച്ചു. കങ്ങ് ചൃൂ പ്രവൃത്തി ഉപേക്ഷിച്ചു് മൂ ന്നു കൊല്ലത്തോളം ഏകാന്തജീവിതം നയിച്ചു. അന്നുണ്ടാ യിരുന്ന ഒരു ആചാരക്രമമായിരുന്നു അതു്. അക്കാല ത്തു് മഹത്തായ ചിന്തകഠം അദ്ദേഹത്തിൻെറ മനസ്സിൽ ഓളംവെട്ടിക്കൊണ്ടിരുന്നിരിക്കണം. അങ്ങിനെ ധീരവും

നവീനവുമായ ഒരു ലോകത്തെ പടുത്തുയർത്തുവാനുള്ള പദ്ധതി അദ്ദേഹം ആവിഷ്കരിക്കുകയും അതിന്നുവേണ്ടി പ്രവർത്തിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

## ധീരവും നവീനവുമായ വിദ്യാഭ്യാസം

മുപ്പത്തിനാലാമത്തെ വയസ്സിൽ കങ്ഫ്ചൂ പൊതുജനശ്രദ്ധയെ ആകർഷിച്ചതു് ഒരു ആചാരശാസ്ത്രാദ്ധ്യാപകൻ എന്ന നിലയ്ക്കായിരുന്നു. അദ്ദേഹത്തിൻെറ ഇടക്കാലജീവിതത്തെപ്പററി നമുക്കു് ഒന്നുംതന്നെ അറിയുവാൻ സാധിക്കുന്നില്ല. അക്കാലത്തു് അദ്ദേഹം സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പഠനം നടത്തിക്കൊണ്ടിരിക്കുകയായിരിക്കണം ചെയ്തിരിക്കുക. ഏതായാലും ആചാരശാസ്ത്രത്തിൽ അതിവിദഗ്ദ്ധനായ ഒരു പണ്ഡിതനായിത്തീർന്നിട്ടുണ്ടായിരുന്നു അദ്ദേഹം. ദുഃഖാചരണകാലം കഴിഞ്ഞതിനുശേഷം സ്വാദ്ധ്യായപ്രവണനായ ആ പണ്ഡിതൻ ഒരു ലോകഗുരുവായി ജീവിതമാരംഭിച്ചു. യുവാക്കളായ വളരെ പേർ അദ്ദേഹത്തിൻെറ ശിഷ്യന്മാരായിത്തീർന്നു് ജീവിതമാർഗ്ഗത്തിനാവശ്യമായ പരിശീലനം നേടിത്തുടങ്ങി. കങ്ഫ്ചൂവിൻെറ അച്ഛൻ ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്നുവല്ലോ. തന്മൂലം അദ്ദേഹത്തിന്നു് ധനുർവ്വിദ്യയും രഥസഞ്ചാലനവും പഠിക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ടായിരുന്നു. എങ്കിലും തൻെറ പാഠ്യപദ്ധതിയിൽ സൈനികവിദ്യയെ അദ്ദേഹം ഉൾപ്പെടുത്തുകയുണ്ടായില്ല. ആചാരശാസ്ത്രമായിരുന്നു മുഖ്യവിഷയം. അതിന്നുപുറമെ സംഖ്യാലേഖനവും പ്രസംഗപരിശീലനവുംകൂടിയുണ്ടായിരുന്നു. ഇതെ

ല്ലാം അദ്ദേഹത്തിൻെറ ശിഷ്യന്മാരെ സർക്കാർ ഉദ്യോഗ ങ്ങ ൾ ലഭിക്കുന്നതിനു് അർഹരാക്കിത്തീൎത്തു. പ്രഭുകുടുംബ ങ്ങളിലെ വിചാരിപ്പുകാരായി വളരെ പേൎക്കു് പ്രവൎത്തി ലഭിച്ചു.

പ്രസ്തുത വിദ്യാഭ്യാസസമ്പ്രദായത്തിൽ വിപ്ലവാത്മ കമായി യാതൊന്നുംതന്നെയുണ്ടായിരുന്നില്ല. എന്നാൽ കങ്ങ്ചൃ അദ്ദേഹത്തിൻെറ വിദ്യാൎത്ഥികളെ തിരഞ്ഞെ ടുക്കുന്ന കാര്യത്തിൽ മൌലികമായ ഒരു നയം സ്വീകരി ച്ചിരുന്നു. മുമ്പുകാലത്തുണ്ടായിരുന്ന അംഗീകൃതാദ്ധ്യാപ കന്മാർ പ്രഭുകുടുംബത്തിൽപ്പെട്ടവരെ ആറു കലാവിദ്യക ളും പഠിപ്പിക്കുക എന്ന നയമാണു് പിന്തുടൎന്നിരുന്നതു്. പരമ്പരയായി നടന്നുകൊണ്ടിരുന്ന പ്രസ്തുത സൎവ്വകലാശാ ലകൾ പ്രഭുകുടുംബങ്ങളുടെ കുത്തകയായിരുന്നു. ഭരണാധി പന്മാൎക്കും അവരുടെ സന്താനങ്ങൾക്കും മാത്രമെ അവി ടെ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളു. കൂടാതെ കങ്ങ്ചൃവി ൻെറ കാലത്തു് ഫീസു വാങ്ങി പ്രവൎത്തി എടുത്തുവരുന്ന സ്വകാര്യാദ്ധ്യാപകന്മാരും ഉണ്ടായിരുന്നിരിക്കണം. എ ന്നാൽ എല്ലാ വിഭാഗങ്ങളിലുംപെട്ട യുവാക്കളെ ഒന്നിച്ചു് പഠിപ്പിക്കുന്ന ഒരു വിദ്യാലയത്തെപ്പററി അക്കാലത്തു് ആരുംതന്നെ കേട്ടിരുന്നില്ല. ബി. സി. ആറാം നൂററാ ണ്ടിനുമുമ്പു് അങ്ങിനെ ഒരു വിദ്യാലയമുള്ളതായി എ വിടേയും രേഖപ്പെടുത്തീട്ടില്ല. അതുകൊണ്ടു് കങ്ങ്ചൃ വിൻെറ ധീരമായ ആ കാൽവെപ്പു് ചരിത്രത്തിൽ ഒന്നാ മത്തേതായിരുന്നു. അതിൽ അദ്ദേഹത്തിനു് വിജയി ക്കാൻ സാധിക്കുകയും ചെയ്തു. അദ്ദേഹത്തിനുശേഷം ഈ

സമ്പ്രദായം ബഹുമുഖമായ വികാസത്തെ പ്രാപിച്ചുകൊണ്ടു് വളരെക്കാലം നിലനിന്നുവന്നു.

പുതിയ അദ്ധ്യാപകൻ അത്യധികം ദീഘദശിത്വമുള്ള ഒരാളായിരുന്നു എന്നതിന്നു് സംശയമില്ല. തൻെറ പ്രവൃത്തി തുടരുന്നതിന്നാവശ്യമായ ട്യൂഷൻഫീസ് അദ്ദേഹം വിദ്യാത്ഥികളിൽനിന്നു് സ്വീകരിച്ചിരുന്നു. അതു് മിതമായ ഒന്നായിരുന്നുതാനും. ജീവിതനിവ്വഹണത്തിന്നാവശ്യമായ അപ്പങ്ങളും മാംസവും മററുമായിരുന്നു അതു്. കയ്യയച്ചു് ചിലവുചെയ്യാൻ സാധിക്കുന്ന പ്രഭുകുടുംബങ്ങളിൽപ്പെട്ട വിദ്യാത്ഥികൾക്കും അവിടെ പ്രവേശനമുണ്ടായിരുന്നു. എന്നാൽ പഠിക്കാൻ ആഗ്രഹമുള്ള ഏതൊരു വിദ്യാത്ഥിക്കും കങ്ങ് ചൃ തൻെറ വിദ്യാലയത്തിൽ സ്ഥാനം നൽകിപ്പോന്നു. കങ്ങ് ചൃ സാമന്തമേധാവിത്തത്തിൻെറ കാലത്താണു് ജീവിച്ചിരുന്നതു് എന്ന കാൎയ്യം പ്രത്യേകം സ്മരണീയമാണു്. ആ സ്ഥിതിയിൽ ജനകീയ പദ്ധതിയനുസരിച്ചുള്ള അദ്ദേഹത്തിൻെറ വിദ്യാഭ്യാസനയം എത്രമാത്രം പ്രശംസനീയമാണെന്നു് പറയേണ്ടതില്ലല്ലോ. സാധാരണക്കാരും പ്രഭുക്കളും തമ്മിൽ വളരെയേറെ വ്യത്യാസമുണ്ടായിരുന്ന ഒരു കാലമായിരുന്നു അതു്. എന്നാൽ വിഭാഗീയചിന്തകൾ തീരെയില്ലാത്ത ഒന്നാമത്തെ അദ്ധ്യാപകനായിരുന്നു കങ്ങ് ചൃ. അദ്ദേഹം പലപ്പോഴും അഭിമാനപൂവ്വം തൻെറ വിദ്യാത്ഥികളോടു് വിദ്യാഭ്യാസത്തിൽ വൎഗ്ഗവ്യത്യാസമില്ല എന്നു പറയാറുണ്ടു്.

അദ്ധ്യാപകനായ കങ്ങിൻെറ വിദ്യാഭ്യാസനയം ഇപ്രകാരമായിരുന്നതുകൊണ്ടു് എല്ലാവിഭാഗത്തിലും പെട്ട

വിദ്യാർത്ഥികൾ അവിടെ സമ്മേളിച്ചിരുന്നു. സാമൂഹ്യശാസ്ത്രത്തിന്റെ പേരിൽ മഹത്തരമായ ത്യാഗം ചെയ്യുകയും ജീവൻ ദാനം ചെയ്യുകയും ചെയ്ത സെലു എന്ന മഹാൻ അവിടെയാണ് ജീവിച്ചിരുന്നത്. ദരിദ്രനെങ്കിലും പരിശ്രമശാലിയായ യൻ ഹേ എന്ന പണ്ഡിതൻ സംതൃപ്തമായ ഒരു ജീവിതം നയിച്ച് ജനസേവനം ചെയ്തിരുന്നത് അവിടെയാണ്. തന്റെ ജ്യേഷ്ഠനും നീചനായ ഒരു ഭരണാധിപനുമായ മന്ത്രിയുടെ ഭീഷണികൾക്ക് വഴങ്ങാതെ ജീവിച്ച സ്സമാനിയു എന്ന മഹാൻ കങ്ങിന്റെ ശിഷ്യസമൂഹത്തിൽപ്പെട്ട ഒരാളായിരുന്നു. കങ്ങ് യെച്യാങ്ങ് ഗുരുവിന്റെ അടുത്ത് പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് അദ്ദേഹത്തെ തടവിലിട്ടത്. ഗുരുവിന്റെ ഉപദേശങ്ങൾ കേട്ട് തലയ്ക്ക് മത്തുകയറിയിരുന്ന സേയു ജീവിച്ചിരുന്നത് അവിടെയാണ്. സാഹിത്യം രാഷ്ട്രവിജ്ഞാനീയം എന്നീ വിഷയങ്ങളെ അപേക്ഷിച്ച് തോട്ടപ്പണിയിലും കൃഷിയിലും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്ന ഫാൻചി അവിടെയായിരുന്നു ജീവിച്ചിരുന്നത്. ആചാരശാസ്ത്രത്തിൽ വൈദഗ്ദ്ധ്യം നേടിയിരുന്ന കങ്ങ് ഷിച്ചി കങ്ങിന്റെ ഒരു ശിഷ്യനായിരുന്നു. അങ്ങിനെ ഓരോ വിഷയത്തിലും പ്രാമാണ്യം നേടിയ മറ്റുപലരും അദ്ദേഹത്തിന്റെ വിദ്യാലയത്തിൽ ഉണ്ടായിരുന്നു. അങ്ങിനെ കങ്ങിന്റെ വിദ്യാലയാന്തരീക്ഷം എത്രമാത്രം ഊർജ്ജസ്വലമായിരുന്നിരിക്കണം!

ഇപ്രകാരം കങ്ങിന്റെ അശ്രാന്തപരിശ്രമംമൂലം നിരവധി ആചാരശാസ്ത്രജ്ഞന്മാരേയും ഭരണനിപുണന്മാ

രേയും ഗവൎണ്ണർമാരേയും ഉപദേശകന്മാരേയും അദ്ധ്യാപകന്മാരേയും സൃഷ്ടിച്ചുവിടുവാൻ അദ്ദേഹത്തിനു സാധിച്ചു. ആചാരശാസ്ത്രത്തെ മാത്രം മുൻനിൎത്തി പഠനമാരംഭിച്ച കണ്ഫ്യൂഷിയസിന്റെ വിദ്യാലയത്തിന്റെ പാഠ്യക്രമത്തിൽ അങ്ങിനെ ചരിത്രം, കാവ്യം, നീതിശാസ്ത്രം, രാഷ്ട്രവിജ്ഞാനീയം മുതലായ വളരെ വിഷയങ്ങൾ പഠിപ്പിക്കപ്പെട്ടുവാൻ തുടങ്ങി. പൊതുജീവിതത്തിന്റെ വിജയത്തിന്നു് ഇതെല്ലാംതന്നെ അത്യന്താപേക്ഷിതമായിരുന്നു. ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാൎക്കു് ചരിത്രജ്ഞാനം അത്യന്താപേക്ഷിതമായി അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ അക്കാലത്തു് രാഷ്ട്രീയകാര്യങ്ങളിൽ കവിതയ്ക്കു് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമുണ്ടായിരുന്നു. പുരാതനകാവ്യങ്ങളിൽനിന്നുള്ള ഉദ്ധരണികൾ വക്താവിന്റെ പാണ്ഡിത്യത്തേയും യുക്തിസഹമായ സമീപനത്തേയും പ്രദൎശിപ്പിക്കുന്നതിന്നായിട്ടാണു് പ്രയോഗിച്ചിരുന്നതു്. കണ്ഫ്യൂഷിയസിന്റെ വിദ്യാൎത്ഥികൾക്കു് ഈ രണ്ടു വിഷയങ്ങളും ഏററവും നന്നായി പഠിപ്പിച്ചിരുന്നു. അങ്ങിനെ സാഹിത്യപരമായ പാരമ്പര്യത്തിലൂടെ വിദ്യാലയം വളൎന്നുവന്നു.

കാലക്രമത്തിൽ മാനുഷികപ്രശ്നങ്ങളെ സംബന്ധിച്ചു് കണ്ഫ്യൂഷിയസിന്നു് അസാധാരണമായ പരിചയം സിദ്ധിച്ചു. അങ്ങിനെ അദ്ദേഹത്തിന്റെ പാണ്ഡിത്യം വളരെ വൎദ്ധിക്കുകയുംചെയ്തു. മനുഷ്യസമുദായത്തിന്റെ സംസ്കാരത്തെപ്പററി പഠിക്കുന്നതിന്നായി അദ്ദേഹം ചൌ തലസ്ഥാനമായ ലോ സന്ദൎശിച്ചു. അവിടെനിന്നു് സുപ്രസിദ്ധ ആചാരശാസ്ത്രജ്ഞനും രാജകീയചരിത്രഗവേഷണാലയം സൂക്ഷി

പ്പുകാരനുമായ ലിയോട്ടാൻെറ അടുത്തു് അദ്ദേഹം കുറേക്കാലം പഠനം നടത്തി. പിന്നീടദ്ദേഹം സന്ദർശിച്ചതു് ചി എന്ന സ്ഥലമായിരുന്നു. അവിടത്തെ ദിവ്യസംഗീതം അദ്ദേഹത്തെ തരളിതചിത്തനാക്കിത്തീർത്തു. മൂന്നുമാസക്കാലത്തോളം തന്നിമിത്തം ഭക്ഷണത്തിൻെറ രുചി അറിയുവാൻപോലും അദ്ദേഹത്തിന്നു സാധിച്ചില്ലെന്നു പറയപ്പെടുന്നു. ലൂവിൽ അദ്ദേഹം ഗവൺമെണ്ടുദ്യോഗങ്ങൾ ഭരിക്കുകയും ചെയ്തു. ഒന്നാമതായി മജിസ്ട്രേട്ടായും പിന്നീടു് ക്രിമിനൽ കാര്യങ്ങൾക്കുള്ള മന്ത്രിയായും അതിൽപിന്നെ ആക്ടിങ്ങു് പ്രധാനമന്ത്രിയായും അദ്ദേഹം പ്രവർത്തി എടുത്തു. ചിയും ലൂവും തമ്മിൽ നടന്ന രാജതന്ത്രപരമായ സമ്മേളനത്തിൽ അദ്ദേഹത്തിന്നു് ഒരു വലിയ പങ്കുണ്ടായിരുന്നു. അതിൽ അദ്ദേഹത്തിൻെറ ആചാരശാസ്ത്രത്തിലുള്ള അഗാധമായ പാണ്ഡിത്യംകാരണമായി തൻെറ രാജ്യത്തിന്നു് പ്രശസ്തമായ ധാർമ്മികവിജയം നേടുവാൻ സാധിച്ചു. പിന്നീടദ്ദേഹം ലൂവിൽനിന്നു് ഉദ്യോഗം രാജിവെയ്ക്കുകയും 14കൊല്ലക്കാലത്തോളം വിദേശങ്ങളിൽ ഒരു സഞ്ചാരിയായി കഴിച്ചുകൂട്ടുകയുംചെയ്തു. ഈ സഞ്ചാരത്തിന്നിടയിൽ അദ്ദേഹം അക്കാലത്തുണ്ടായിരുന്ന മിക്ക സാമന്തരാജാക്കന്മാരേയും സന്ദർശിച്ചിട്ടുണ്ടു്. അങ്ങിനെ വീണ്ടും അദ്ദേഹത്തെ ലൂവിലേയ്ക്കു് വിളിച്ചു. അപ്പോഴേയ്ക്കും അദ്ദേഹം വൃദ്ധനായിത്തീർന്നിരുന്നു. മികച്ച ഒരു രാജതന്ത്രജ്ഞനായ അദ്ദേഹത്തിൻെറ ഉപദേശം അനുസരിക്കുവാൻ രാജാവും പ്രധാനമന്ത്രിയും സന്നദ്ധരായിരുന്നു. കാലിമേപ്പുകാരൻെറ ജോലി നോക്കിയിരുന്ന കങ്ങ്ഫ്യൂ ഒരു അദ്ധ്യാപകനായിത്തീരുക

യും ഒടുവിൽ രാജ്യമെങ്ങും ആദരിക്കപ്പെട്ടുന്ന ഒരു വ്യക്തിയായിത്തീരുകയും ചെയ്തു. ചൈനയിൽവെച്ച് ഏററവും വലിയ പണ്ഡിതനും അദ്ദേഹംതന്നെയായിരുന്നു.

## ശുഭസൂചകമായ പരിണാമം

കൺഫ്യൂഷ്യസിൻെറ ജീവിതത്തിൻെറ അന്ത്യകാലത്ത് അദ്ദേഹത്തിന്നു് നവീനമായ ഒരു ഉൽബുദ്ധതയുണ്ടായി. തൻെറ ജീവകാലം അധികമുണ്ടാവുകയില്ലെന്നു് അദ്ദേഹത്തിന്നു തോന്നിയിരിക്കണം. താൻ ഒരു മഹത്തായ പ്രവൃത്തിക്ക് മുതിരുകയാണെങ്കിൽ തൻെറ സിദ്ധാന്തങ്ങൾ ഭാവിയിൽ വാങ്മൊഴിയായിത്തീരാതെ കഴിയുമെന്നു് അദ്ദേഹത്തിന്നു തോന്നി. അതുകൊണ്ടു് അവയെ ഭാവിയിലേയ്ക്കു് സുരക്ഷിതമായി വെയ്ക്കുന്നതിന്നു് എന്തെങ്കിലുമൊരു മാർഗ്ഗം കണ്ടുപിടിക്കണമെന്നു് അദ്ദേഹം തീരുമാനിച്ചു. ഈ വിചാരം അദ്ദേഹത്തെ ഒരു സാഹിത്യസമ്പാദകനും കാവ്യസംഗ്രഹകനുമാക്കിത്തീർത്തു.

കൺഫ്യൂ ചൌ സംസ്കാരത്തിൻെറ ഒരു പ്രമുഖവക്താവും സമ്പാദകനുമായിരുന്നു. വളരെക്കാലത്തോളം അദ്ദേഹം അശ്രാന്തപരിശ്രമംചെയ്ത് സാഹിത്യകൃതികളെ സംഗ്രഹണംചെയ്തുകൊണ്ടിരുന്നു. ഈ പ്രവൃത്തിയിൽ അദ്ദേഹത്തിന്നു് അനിതരസാധാരണമായ വിജയം കൈവന്നു. പുരാതനക്ഷേത്രങ്ങളിലും ഗ്രന്ഥപ്പുരകളിലും സൂക്ഷിച്ചിട്ടുള്ള പല രേഖകളും അങ്ങിനെ സാധാരണക്കാരുടെ ദൃഷ്ടിയിൽ പെടുവാൻതുടങ്ങി. അതിനുംപുറമെ

രാജകീയസദസ്സുകളുമായുള്ള സമ്പക്കംകൊണ്ടു് അദ്ദേഹത്തിന്നു് വളരെയധികം സാമഗ്രികൾ സംഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടായിരിക്കണം. ചൌ സംസ്കാരത്തിന്റെ കേന്ദ്രമായി വത്തിച്ചിരുന്ന ലൂവിൽ അദ്ദേഹത്തിന്നു് ഭരണാധികാരമുണ്ടായിരുന്ന കാലത്തു് ജനങ്ങൾക്കു് ദുരപ്രാപ്യമായിരുന്ന പല രേഖകളും അദ്ദേഹം വെളിച്ചത്തു് കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ചൌ തലസ്ഥാനത്തേയ്ക്കുള്ള അദ്ദേഹത്തിന്റെ പ്രയാണവും അതിനെ തുടന്നുണ്ടായ വിദേശയാത്രകളും ഇക്കാര്യത്തിൽ അദ്ദേഹത്തെ വളരെ അധികം സഹായിച്ചിരിക്കണം. അദ്ദേഹത്തിന്നു് ലഭിച്ച സാമഗ്രികൾ സമ്പാദനം ചെയ്യപ്പെടാത്തവയും മുളയലകുകളിൽ എഴുതപ്പെട്ടവയുമായിരുന്നു. അക്കാലത്തു് ഇന്നത്തെമാതിരിയുള്ള പുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. മാസ്റ്റർ കങ്ങാണു് ചൈനയിലെ ഒന്നാമത്തെ പുസ്തകനിർമ്മാതാവു്.

ചൈനീസ് സാഹിത്യത്തിലേയ്ക്കുള്ള കങ്ങ്ച്യൂവിന്റെ സംഭാവന സുവിദിതമായിട്ടുള്ളതാണു്. ചൌ ക്ലാസിക്കുകളെ തന്റെ പ്രസ്ഥാനത്തിൻകീഴിൽ ഒന്നാമതായി പുറത്തിറക്കിയതു് അദ്ദേഹമായിരുന്നു. കങ്ങ്ച്യൂവിന്നു് വളരെ മുമ്പുതന്നെ പുരാതനകാവ്യങ്ങളുടേയും ചരിത്രത്തിന്റേയും ചില ഭാഗങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. എന്നാൽ കങ്ങ്ച്യൂ നമുക്കു് തന്നിട്ടുള്ള അവയുടെ രൂപം മുമ്പുണ്ടായിരുന്നുവോ എന്ന കാര്യം സംശയമാണു്. അങ്ങിനെ അവയുടെ മുഴുവൻ സമ്പാദകൻ അദ്ദേഹമായിരുന്നു. കങ്ങ്ച്യൂ അവയെ സമ്പാദനംചെയ്തു്

പ്രസിദ്ധീകരിക്കുക മാത്രമല്ല ഏററവും സരളമായ രീതിയിൽ നമ്മുടെ മുമ്പിൽ വെയ്ക്കുകകൂടി ചെയ്തു. അക്കാലത്തെ ചരിത്രപ്രധാനമായ ഒരു സംഭവമായിരുന്നിരിക്കണം അതു്.

നിർഭാഗ്യവശാൽ കാവ്യസംഗ്രഹകനായ കങ്ങ്ഫ്യൂവിൻെറ മന്ത്രങ്ങളുടേയും സംഗീതത്തിൻേറയും സംഗ്രഹം ഭാവിതലമുറകൾക്കു് നഷ്ടപ്പെട്ടുപോയിരിക്കുന്നു. നമുക്കിന്നു് ലഭ്യമായിട്ടുള്ള അനുഷ്ഠാനസംഗ്രഹം ഹാൻ രാജവംശം സംഗ്രഹിച്ചിട്ടുള്ളതാണു്. അതിൽ മൌലികകൃതികൾക്കും ഗുരുവിന്നു് അവയെ സംബന്ധിച്ചുണ്ടായിരുന്ന അഭിപ്രായങ്ങൾക്കും പ്രഥമസ്ഥാനം നല്കീട്ടുണ്ടു് എന്നുള്ളതിന്നു് സംശയമില്ല.

ചൌ രാജവംശത്തിൻെറ സ്ഥാപകനായ വെൻ രാജാവും ചൌ രാജകുമാരനുംകൂടി പരിണാമസംഹിത എന്ന ഒരു പ്രവചനസംഗ്രഹം എഴുതീട്ടുണ്ടു്. ചൈനീസ് ഭാഷയിലുണ്ടായ ആദ്യത്തെ പുസ്തകമാണു് അതെന്നു പറയപ്പെടുന്നു. അതിലെ രഹസ്യാത്മകമായ ഭാഗങ്ങൾ അവസാനകാലത്തു് കങ്ങ്ഫ്യൂവിന്നു് അത്യന്തം ഹൃദ്യമായി തോന്നിയിട്ടുണ്ടായിരിക്കണമെന്നു് വിശ്വസിക്കപ്പെടുന്നു. എന്നാൽ അദ്ദേഹം ഇതിനെക്കുറിച്ചു് വല്ലതും എഴുതീട്ടുണ്ടോ എന്ന കാര്യം സംശയമാണു്. ചില നിരൂപകന്മാർ പറയുന്നതു് തത്വശാസ്ത്രപരമായ ചില വിശദീകരണങ്ങൾ ഗുരു കങ്ങിൻെറ പേരിൽ കാണപ്പെടുന്നതുപോലുള്ള വേറെ ആരെങ്കിലും എഴുതീട്ടുള്ളതായിരിക്കണം എന്നാണു്.

ഇവിടെ പ്രസ്താവിതമായിട്ടുള്ള എല്ലാ കൃതികളുടെ കാര്യത്തിലും കങ്ഫ്ചൂ ഒരു സംപ്രേക്ഷകൻെറ പദവി കൊണ്ടു് തൃപ്തനായിരുന്നു. അതു് മഹത്തായ ഒരു പ്രവത്തനമായിരുന്നു എന്നതിന്നു് സംശയമില്ല. അദ്ദേഹം സംപ്രേക്ഷണംചെയ്തിട്ടുള്ളതു് പുരാതന ചൈനീസ്സംസ്കാരത്തേയായിരുന്നു. എന്നാൽ അതുമാത്രമായിരുന്നില്ല, ചൈനയിലെ ഒന്നാമത്തെ ഗ്രന്ഥകാരൻ എന്ന നിലയ്ക്കുള്ള ബഹുമാന്യസ്ഥാനവുംകൂടി കങ്ഫ്ചൂവിന്നു് ലഭിച്ചിട്ടുണ്ടു്.

ഒരു എഴുത്തുകാരനെന്ന നിലയ്ക്കു് കങ്ഫ്ചൂ മുഖ്യമായി അറിയപ്പെടുന്നതു് 'വസന്തവും ശരത്തും' എന്ന കൃതിയുടെ കത്താവെന്ന നിലയ്ക്കാണു്. ബി. സി. 722_481വരെയുള്ള ലൂവിലെ 12 രാജാക്കന്മാരുടെ ചരിത്രമാണു് ഇതിൻെറ ഇതിവൃത്തം. അദ്ദേഹം നടത്തിയ അവസാനത്തെ സാഹിത്യരചനയായിരുന്നു അതു്. ഒന്നാമതായി ഒരു സാധാരണ ചൈനക്കാരൻ എഴുതിയ ഒരു പുസ്തകമെന്നനിലയ്ക്കു് അതിന്നു് ചരിത്രപരമായ പ്രാധാന്യമുണ്ടായിരുന്നു. ഈ പുസ്തകം എഴുതിയതു് മഹത്തായ ഒരു കൃത്യമാണെന്നു് കങ്ഫ്ചൂ സ്വയം പറഞ്ഞിട്ടുണ്ടു്. അദ്ദേഹം പറയുന്നു:—"ഭാവിതലമുറകളിൽ ആരെങ്കിലും എൻെറ യോഗ്യതയെ അംഗീകരിക്കുകയാണെങ്കിൽ അതു് വസന്തവും ശരത്തും എന്ന പുസ്തകം കാരണമായിട്ടായിരിക്കും. ഭാവിതലമുറകളിൽ വല്ലവരും എന്നെ നിന്ദിക്കുകയാണെങ്കിൽ അതിന്നു കാരണവും വസന്തവും ശരത്തും എന്ന പുസ്തകമായിരിക്കും."

വസന്തവും ശരത്തും എന്ന പുസ്തകത്തെപ്പററി ഗ്രന്ഥകർത്താവുതന്നെ ഇത്രവലിയ അഭിപ്രായം പറയുന്നുണ്ടെങ്കിലും 12 രാജാക്കന്മാരിൽ ഓരോരുത്തരുടേയും കാലത്തു് നടന്ന വിരസവും അപ്രധാനവുമായ കുറെ സംഭവങ്ങളാണു് പ്രസ്തുത പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ളതു് എന്നറിയുമ്പോൾ നമുക്കു് അത്യന്തം ആശ്ചര്യം തോന്നിപ്പോകും. എന്നാൽ ഇതിനൊരു വിശദീകരണമുണ്ടു്. കങ്ഫ്യൂവിൻെറ കാലത്തു് ചരിത്രപരവും ദാർശനികവും ആയ വിഷയങ്ങളെപ്പററി എഴുതുവാൻ ചൈനീസ് ഭാഷയ്ക്കു് വികാസവും മാധുര്യവും സമ്പൂർണ്ണതയും ലഭിച്ചിരുന്നില്ല. അതെല്ലാം പിന്നീടുണ്ടായതാണു്. കങ്ഫ്യൂവിൻെറ ശൈലി സരളവും സുഗമവും കാര്യമാത്രപ്രസക്തവുമായിരുന്നു. ഇതും അതിനൊരു കാരണമായിരിക്കണം. എന്തെന്നാൽ വസ്തുതകളും ചരിത്രപരമായ സംഭവങ്ങളും എഴുതുന്ന കാര്യത്തിൽ, വിശേഷിച്ചും പൌരലോകത്തെക്കുറിച്ചു് എഴുതുന്ന കാര്യത്തിൽ മാത്രമായിരുന്നു അദ്ദേഹത്തിനു് താല്പര്യമുണ്ടായിരുന്നതു്. എന്നാൽ ഇത്തരം സംഭവങ്ങൾ ചിത്രീകരിച്ചിട്ടുള്ളതു് അവയുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ടല്ല. ഔദ്യോഗികരേഖകളിൽ നിന്നു് ശേഖരിക്കപ്പെട്ടതാണു് അവ. പക്ഷേ കങ്ഫ്യൂവിൻെറ മൌലികത്വം തികച്ചും നിലകൊള്ളുന്നതു് സംഭവങ്ങളെ ചിത്രീകരിച്ചിട്ടുള്ള ക്രമത്തിലാണു്. അദ്ദേഹത്തിൻെറ പദപ്രയോഗങ്ങളും ശൈലികളും ഉദ്ദേശവും കാണിക്കുന്നതു് ഭൂതത്തിൻെറ ഒരു നല്ല ചിത്രം ഭാവിയിലേയ്ക്കു കാഴ്ചവെയ്ക്കണമെന്നുള്ളതാണു്. ഒന്നാമതായി എഴുത

പ്പെട്ട ചരിത്രപ്രധാനമായ ഈ ഗ്രന്ഥം നമ്മുടെ പ്രതീക്ഷകൾക്കൊത്ത് പുരോഗമിച്ചിട്ടില്ലെന്നു തോന്നുന്നുണ്ടെങ്കിൽ ഒരു കാര്യം നാം വിസ്മരിച്ചുപോകരുത്, ശുഭസൂചകമായ ഒരു ആരംഭം മാത്രമായിരുന്നു അത്.

## ഉദ്യോഗസ്ഥന്മാർ തത്വജ്ഞാനികളാവുന്നു

ബി. സി. 479-ൽ കണ്‌ഫ്യൂ തന്റെ 73-ാമത്തെ വയസ്സിൽ മരിച്ചുപോയ കാലത്ത് പുരാതന ചൈന സംസ്കാരത്തെ പ്രതിനിധീകരിക്കുന്ന അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്ന് ഏറെക്കുറെ വിജയം കൈവന്നിട്ടുണ്ടായിരുന്നു. ആചാരശാസ്ത്രി എന്ന നിലയ്ക്കായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്. ആ പദം അന്ന് ജൂ എന്ന് അവ്യക്തമായി പ്രയോഗിക്കപ്പെട്ടിരുന്നു. എന്നാൽ അധികം താമസിയാതെ ഒരു മഹാപണ്ഡിതനെന്ന പ്രശസ്തി അദ്ദേഹം ആർജ്ജിച്ചു. അദ്ദേഹത്തിന്റെ ലിഖിതമായ പ്രവചനങ്ങളിൽ ജൂ എന്ന പദത്തെ തൊഴിൽപരമായി വളരെ ക്ലിഷ്ടമായ അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളതു്. ഒരിക്കൽമാത്രമേ അദ്ദേഹം അതുപയോഗിച്ചിട്ടുള്ളൂ. തന്റെ ഒരു യുവശിഷ്യനായ സൂസിയയോട്ട് ഒരു മാന്യനായിത്തീരുന്നതിന്നും താഴ്ന്നതരത്തിലുള്ള ഒരു ജൂ ആയി ജീവിക്കാതിരിക്കുന്നതിന്നും അദ്ദേഹം ഉപദേശിക്കുന്നുണ്ട്. ഇവിടെ പ്രസ്തുത പദത്തിന്റെ അർത്ഥം ക്ലിഷ്ടമാണ്. സൂസിയ ആചാരശാസ്ത്രി അല്ലായിരുന്നു എന്നാണ് കാണുന്നതു്. അതുകൊണ്ടു് ഗുരു പ്രസ്തുതപദത്തിന്ന് മഹാപണ്ഡിതൻ എന്ന വിപുലമായ അർത്ഥമാണ് ക

KOTTAYAM PUBLIC LIBRARY KOTTAYAM

ല്പിച്ചുകൊടുത്തിട്ടുള്ളതു് എന്നു് ഊഹിക്കണം. അതായതു് സ്ഥിതപ്രജ്ഞനായ ഒരാളുടെ പര്യായമായിട്ടാണു് അതു് പ്രയോഗിക്കപ്പെട്ടിട്ടുള്ളതു് എന്നുവേണം കരുതുക. ഏതായാലും കങ്ങ്ഫ്യൂ ജൂ വർഗ്ഗത്തിൽ ജനിച്ച ഒരാളും അതിൻെറ മഹാനായ ഒരു പ്രതിനിധിയുമാണു്. അങ്ങിനെ ക്രമേണ ജൂവും കങ്ങും അവിഭാജ്യഘടകങ്ങളായിത്തീൎന്നു. പിന്നീടു് ജൂ എന്ന പദത്തിന്നു് നവീനമായ ഒരൎത്ഥം കല്പിക്കപ്പെട്ടു. അതായതു് ഗുരു കങ്ങ് ശിഷ്യനായ സൂസിയയോടു് കങ്ങ്പ്രസ്ഥാനത്തിലെ ഒരു മഹാപണ്ഡിതൻ എന്ന അൎത്ഥത്തിൽ പറഞ്ഞതുമുതൽക്കു്. എന്നാൽ ഏററവും പ്രാധാന്യമൎഹിക്കുന്നതു്, ഇത്തരം മാററങ്ങൾ എല്ലാം ഉണ്ടായിരുന്നിട്ടും ഒരു ജൂ ദൎശനം വികസിച്ചുവന്നു എന്നുള്ളതാണു്.

84823

അതെല്ലാം സംഭവിച്ചതു് ഇങ്ങിനെയാണു്. പ്രാചീനരാജൎഷികളേയും തൻെറ കാലത്തെ സാമന്തമേധാവിത്തത്തിൻെറ ആദൎശങ്ങളേയുംപററി പഠിപ്പിച്ചിരുന്ന കങ്ങ്ഫ്യൂ നൈതികവും രാഷ്ട്രീയവുമായ ഒരു മൌലികതത്വശാസ്ത്രം സ്വന്തമായി ആവിഷ്ക്കരിക്കുകയുണ്ടായി. രാഷ്ട്രവിജ്ഞാനീയത്തിന്നു് അദ്ദേഹം നല്കിയിട്ടുള്ള ഏററവും വലിയ സംഭാവന പിതൃസത്താത്മകമായ ഒരു ഭരണക്രമമാണു്. ഭരണാധിപൻ പ്രജകളെ ഏററവും സ്നേഹത്തോടുകൂടി, ഒരു കുടുംബത്തലവൻ കുടുംബാംഗങ്ങളെയെന്നപോലെ ഭരിക്കണമെന്നു് അതിൽ അനുശാസിക്കുന്നു. അച്ഛനും മകനും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതു് രക്തബന്ധത്തെ ആശ്രയിച്ചിട്ടാണല്ലൊ. അ

പ്രകാരമായിരിക്കണം ഒരു രാജാവും പ്രജകളും തമ്മിലുള്ള ബന്ധം. സ്വന്തം മക്കളെപ്പോലെ രാജാവു് പ്രജകളെ സ്നേഹിക്കുകയും അവരോടു ദയാപൂർവ്വം പെരുമാറുകയും വേണം. അങ്ങിനെ ഒരു രാജാവിനെ സംബന്ധിച്ചേടത്തോളം ഏററവും അഭിലഷണീയമായിട്ടുള്ളതു പ്രജകളുടെ ക്ഷേമവും സന്തുഷ്ടിയുമാണു്. ഗുരു കങ്ങിൻെറ അഭിപ്രായത്തിൽ ഒരു രാജ്യത്തിനു് അടിസ്ഥാനപരമായി മൂന്നു ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. ഒന്നാമതായി പര്യാപ്തമായ സൈനികശക്തിയുടെ സഹായത്തോടുകൂടി രാജ്യരക്ഷയും അതിർത്തിസംരക്ഷണവും നടത്തപ്പെടണം. രണ്ടാമതായി ജനങ്ങൾക്കു സുഭിക്ഷമായി ജീവിക്കുവാൻ സൌകര്യമുണ്ടായിരിക്കണം. മൂന്നാമതായി ജനങ്ങൾക്കു വിശ്വാസമുള്ള ഒരു ഗവമ്മേണ്ടായിരിക്കണം അവിടെ ഭരണം നടത്തുന്നതു്. മൂന്നാമത്തേതാണു് ഏററവും പ്രധാനമായിട്ടുള്ളതു്. അക്കാലത്തെ സ്വേച്ഛാധിപതികൾ സാധാരണക്കാരെ എത്രമാത്രം അടിച്ചമർത്തിയിരുന്നു എന്നറിയുമ്പോൾമാത്രമാണു് മാസ്റ്റർ കങ്ങിൻെറ പിതൃസത്താത്മകമായ ഗവമ്മേണ്ടിനേക്കുറിച്ചുള്ള വിഭാവന നവീനത്വത്തിലേയ്ക്കുള്ള ഒരു കുതിച്ചുചാട്ടവും പഴയ സമ്പ്രദായത്തോടുള്ള ഒരു വെല്ലുവിളിയും ആയിരുന്നുവെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതു്. ചരിത്രപരമായി ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമായിരുന്നു അതു്.

എന്നാൽ കങ്ഫ്ച്യൂവിൻെറ യഥാർത്ഥമഹത്വം സ്ഥിതിചെയ്യുന്നതു് ആചാരശാസ്ത്രത്തേയും സാമൂഹ്യമ

യ്മാദകളേയും ഫ്യൂഡലിസത്തിൻെറ നുകത്തിൻകീഴിൽ നിന്നു മോചിപ്പിച്ചു് അവയ്ക്കു സാവ്വജനീനത്വം നല്കിയ തിലാണു്. അങ്ങിനെ ജനകീയമായ ഒരു നൈതികവ്യവസ്ഥ സൃഷ്ടിക്കപ്പെട്ടു. ഒരു സാധാരണ പുരോഹിതൻ മഹാനായ ഒരു ധാമ്മികനേതാവായിത്തീന്നതാണു് ആശ്ചയ്യകരമായിരിക്കുന്നതു്. എന്നാൽ അതിനേക്കാഠം ആശ്ചയ്യമുളവാക്കുന്ന മറെറാരു സംഗതിയുണ്ടു്. പ്രസ്തുത ധാമ്മികവ്യവസ്ഥയ്ക്കു 2500 കൊല്ലങ്ങഠം പഴക്കമുണ്ടെങ്കിലും അതിൻെറ അടിസ്ഥാനതത്വങ്ങഠം ഏററവും ഹൃദയാവജ്ജകവും ആധുനികകാലത്തിനു് അനുഗുണമായിട്ടുള്ളതുമാകുന്നു. എന്നാൽ ഇന്നത്തെ കാലത്തിനു നിരക്കാത്തതായ അദ്ദേഹത്തിൻെറ കുടുംബബന്ധത്തേക്കുറിച്ചുള്ള അഭിപ്രായത്തെപ്പററിയല്ല ഇവിടെ പ്രതിപാദിക്കുന്നതു്. ഇന്നു് സാമുദായികജീവിതത്തിനു വലിയ മാററങ്ങഠം ഉണ്ടായിട്ടുണ്ടല്ലൊ. മഹത്തരമായ അദ്ദേഹത്തിൻെറ ചില മൌലികസിദ്ധാന്തങ്ങഠം താഴെ പറയുന്നവയാണു്. ആത്മവിശ്വാസവും പരസ്പരധാരണയും (ചങ്ങ്), പരോപകാരതല്പരത (ഷു), മനുഷ്യത്വം (ജെൻ), സന്മാഗ്ഗനിഷ്ഠ (ഇ), സഭ്യത അഥവാ ഔചിത്യബോധം (ലീ) ബുദ്ധിശക്തി (ചീ) ആത്മാത്ഥത (സിൻ) എന്നിങ്ങിനെയുള്ള ഗുണങ്ങളെപ്പററി ഗുരു വളരെയധികം ഉപദേശിക്കുകയും സ്വന്തം ജീവിതത്തിൽ അവയെ അനുഷ്ഠിക്കുകയും ചെയ്തിരുന്നതുകൊണ്ടു് അദ്ദേഹത്തിനുശേഷം അവ ചൈനീസു്ജനതയുടെ ധാമ്മികവിശ്വാസങ്ങളായിത്തീന്നു. വഗ്ഗീയമോ വിഭാഗികമോ ആയ ചിന്തകഠം

കൂടാതെ എല്ലാ മനുഷ്യരിലും മേൽപ്രസ്താവിച്ച ധാർമ്മിക ഗുണങ്ങളെ വളർത്തിക്കൊണ്ടുവരുവാൻവേണ്ടി പരിശ്രമിച്ചതാണു് കങ്ങ്ച്യൂവിനെ അനശ്വരനായ ഒരു ധാർമ്മിക ഗുരുവാക്കിത്തീർത്തതു്. ബി. സി. ആറാം നൂററാണ്ടിലെ ഒരു മാദ്ധ്യമികസാമൂഹ്യവ്യവസ്ഥയിൻകീഴിലായിരുന്നു അദ്ദേഹം ജീവിച്ചിരുന്നതെങ്കിലും കാലത്തിൻേറയും തൊഴിലിൻേറയും പരിധികളെ അതിലംഘിച്ചു് മുന്നോട്ടു പോകുവാനും അങ്ങിനെ ദൂരവ്യാപകമായ ഒരു തത്വശാസ്ത്രത്തെ ആവിഷ്ക്കരിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ധാർമ്മികമായ സമ്പൂർണ്ണത്വം സിദ്ധിച്ചിരുന്ന ഒന്നായിരുന്നു അതു്. ഒരു നവീന ജീവിതക്രമത്തെ അഥവാ സത്യത്തെ ആവിഷ്ക്കരിക്കുന്നതിന്നാണു് തൻെറ ജീവിതം ഉഴിഞ്ഞുവെച്ചിട്ടുള്ളതെന്നു് അദ്ദേഹം പലപ്പോഴും അവകാശപ്പെടാറുണ്ടായിരുന്നു. പ്രസ്തുത ജീവിതക്രമത്തിന്നു ടോ എന്ന പേർ നല്കപ്പെട്ടു. മനുഷ്യസമുദായം അതിനെ അംഗീകരിച്ചാൽ മാത്രമെ താൻ സംതൃപ്തനാവുകയുള്ളുവെന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു.

മാസ്റ്റർ കങ്ങ് ജീവിതത്തിൽ ഒരു വലിയ നേട്ടമായി കരുതിയിരുന്നതു് ടോവിൻെറ അനുഷ്ഠാനമാണു്. തൻെറ ശിഷ്യന്മാൎക്കു് അദ്ദേഹമതു് ഉപദേശിച്ചു. അവരുടെ വ്യക്തിപരമായ അഭിരുചികൾ എന്തുതന്നെ ആയാലും വേണ്ടതില്ല എന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ആചാരശാസ്ത്രം, കുടുംബകാൎയ്യസ്ഥത, രാജസേവ, ഭരണതന്ത്രം, അദ്ധ്യാപനം എന്നിങ്ങിനെയുള്ള വിവിധവിഷയങ്ങൾ പഠിച്ചിരുന്ന സൎവ്വവിദ്യാൎത്ഥികൾക്കും

സദാചാരാനുഷ്ഠാനം ആവശ്യമാണെന്നു് അദ്ദേഹം കരു തി. ഗുരുവിൻെറ പരിശുദ്ധമായ ജീവിതം ശിഷ്യന്മാരിൽ ഒരു വലിയ സ്വാധീനത ചെലുത്തി. അങ്ങിനെ തൊ ഴിൽ പഠനത്തിന്നായി വന്നിട്ടുള്ള എല്ലാവരും ഒരു പുതി യ ചിന്താഗതിയുടെ പ്രവാചകന്മാരായിട്ടാണു് പുറത്തു പോയിരുന്നതു്. അതായതു സമുന്നതനായ മനുഷ്യനെ സൃഷ്ടിക്കുന്നതിനുവേണ്ടി നിലകൊള്ളുന്ന ഈ ദശ്നത്തി ൻെറ വക്താക്കളായിരുന്നു അവർ.

# രണ്ടാം അദ്ധ്യായം

## കങ്ങ് ദശ്നത്തിൻെറ പരിവ്യാപ്തി

ബി. സി. 479-ൽ കങ്ങ്ച്യൂ മരിച്ചു് അധികം കഴിയുന്നതിനുമുമ്പായിത്തന്നെ അദ്ദേഹത്തിൻെറ സിദ്ധാ ന്തങ്ങറം സവ്വത്ര വ്യാപിക്കുവാൻ തുടങ്ങി. ഗുരുവിൻെറ മരണത്തിൽ ശിഷ്യന്മാർ എല്ലാവരുംചേന്നു് വ്യസനം രേഖപ്പെടുത്തിയതിനുശേഷം ഓരോരുത്തരും വേർപിരി ഞ്ഞു് അവരവരുടെ മാഗ്ഗമവലംബിച്ചു് യാഥാസ്ഥിതിക സമ്പ്രദായത്തിലുള്ള അദ്ധ്യാപനം തുടന്നുകൊണ്ടിരുന്നു. ഗുരുവെപ്പോലെ അദ്ധ്യാപനം ജീവിതമാഗ്ഗമായി അംഗീ കരിച്ചിട്ടുള്ള ഏതാനുംപേർ പുരാതന ക്ലാസിക്കുകളുടെ ഓരോ കോപ്പി കൈവശംവെച്ചു. അവ ഗുരുവിൻെറ

പക്കൽനിന്നു് അവക്കു ലഭിച്ചതായിരുന്നു. തങ്ങളുടെ ശിഷ്യന്മാക്കു് അവർ അവയെ തങ്ങളുടെ പ്രത്യേകക്കുറിപ്പുകളോടുകൂടി നല്കുകയും ചെയ്തു. അങ്ങിനെ മാസ്റ്റർ കങ്ങ് ശേഖരിച്ച ക്ലാസിക്കുകൾ പഠിച്ചുകൊണ്ടിരുന്ന വിസ്തൃതമായ ഒരു പണ്ഡിതലോകംതന്നെ ആവിർഭവിച്ചു. കാലാന്തരത്തിൽ പ്രസ്തുത പുരാതനലിഖിതങ്ങൾ ചൈനീസ്ജനതയുടെ മനസ്സിൻെറ അഗാധതലങ്ങളിലേയ്ക്കു ചൂഴ്ന്നിറങ്ങി.

കങ്ങ്ച്യൂവിൻെറ ശിഷ്യന്മാരിൽ മറെറാരു വിഭാഗം രാജാക്കന്മാരുടെ കീഴിൽ ഭരണകാര്യങ്ങൾ ഏറെറടുത്തു നടത്തുകയും അങ്ങിനെ രാജകീയസദസ്സുകളിൽ പ്രശസ്തിയാജ്ജിക്കുകയും ചെയ്തു. ഇവരും പോയ സ്ഥലങ്ങളിലെല്ലാംതന്നെ തങ്ങളുടെ കഴിവിന്നനുസരിച്ചു് ഗുരുവിൻെറ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുകയാണുണ്ടായതു്. അവരുടെ ഉപദേശങ്ങളെ തികച്ചും അനുസരിക്കുവാൻ ശാസകരായ രാജാക്കന്മാർ തെയ്യാറായില്ല. എങ്കിലും അവരതു കേൾക്കുകയുണ്ടായി. മഹത്തായ പ്രസ്തുത സിദ്ധാന്തങ്ങളെപ്പററി കേൾക്കുവാനും ഒരുകാലത്തു് അവ പ്രായോഗികമായിത്തീരുകയാണെങ്കിൽ അത്ഭുതകരമായ ഫലങ്ങൾ സൃഷ്ടിക്കപ്പെടുമെന്നു വിശ്വസിക്കുവാനും അവർ ഒരുങ്ങിയതു് കാണിക്കുന്നതു് പുരാതനകാലത്തെ പൌരോഹിത്യവാഴ്ചയിൽനിന്നുള്ള ഒരു വ്യതിയാനത്തെയാണു്.

അങ്ങിനെ ഈ പ്രസ്ഥാനം വളരുകയും വികസിക്കുകയും ചെയ്തു. ഗുരുവിൻെറ ആദശങ്ങളോടു് ശിഷ്യന്മാക്കു്

അസാധാരണമായ ഭക്തിയുണ്ടായിരുന്നു. ബുദ്ധിപൂർവ്വകമായ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അവർ അമൂല്യമായി കരുതി. അങ്ങിനെ പ്രസ്തുത പാരമ്പര്യത്തെ നിലനിർത്തുന്നതിനായി അവർ നൈതികവും രാഷ്ട്രീയവുമായ കാര്യത്തിൽ ഗുരുവിനുണ്ടായിരുന്ന അഭിപ്രായങ്ങളെത്തന്നെ അനുവർത്തിച്ചുപോന്നു. അവർ ചർച്ചകൾ നടത്തുന്നതിന്നായി വളരെ ദൂരത്തോളം സഞ്ചരിച്ചുകൊണ്ടിരുന്നു. ഓരോ സന്ദർഭത്തിലും 'ഗുരുനാഥൻ പറയുന്നു' എന്ന മുഖവുരയോടുകൂടിയാണ് അവർ ചർച്ചകൾ ആരംഭിച്ചിരുന്നതു്. അങ്ങിനെ കൺഫ്യൂഷ്യസിന്റെ പ്രവചനങ്ങളുടെ ബൃഹത്തായ ഒരു സംഗ്രഹം ഉണ്ടായി. അദ്ദേഹത്തിന്റെ വ്യക്തിമൂല്യത്തെ തികച്ചും പ്രതിനിധീകരിക്കുന്ന ഒന്നാണ് അതു്.

## കൺഫ്യൂഷ്യസ്പ്രസ്ഥാനത്തിന്റെ എട്ടു വിഭാഗങ്ങൾ

ഗുരുവിന്റെ വചനങ്ങളെ ശിഷ്യന്മാർ എല്ലാവരും ഒരുപോലെ ആദരിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ ചില സ്ഥലത്തു് പ്രത്യേകമായി ഉൽബോധനം ചെയ്തിട്ടുള്ള കാര്യങ്ങൾക്കു് അവ ഓരോരുത്തരും കൂടുതൽ പ്രാധാന്യം നല്കി. ഗുരുവിന്റെ പ്രസംഗങ്ങൾ കേട്ടുകൊണ്ടിരുന്ന അവർ അവരവർക്കിഷ്ടമുള്ള വിഷയങ്ങളിലാണു് കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചിരുന്നതു്. അങ്ങിനെ വിഭിന്നരീതിയിലുള്ള അവരുടെ ചിന്താഗതി വികസിച്ചുവന്നതോടുകൂടി വ്യത്യസ്ഥതകളും വളർന്നുവരാൻ തുടങ്ങി. സ്വന്തം താല്പര്യങ്ങൾക്കും വിശ്വാസ

ങ്ങൾക്കും അനുസരിച്ച് അവർ അവയെ വളർത്തിക്കൊണ്ടുവന്നു. ചിലർ രാഷ്ട്രീയകാര്യങ്ങളെപ്പററി കൂടുതൽ പഠിക്കാൻ തുടങ്ങി. മററുചിലൎക്ക് സ്വഭാവരൂപവൽക്കരണത്തിലായിരുന്നു കൂടുതൽ ശ്രദ്ധ. വേറെ ചിലർ സഭ്യതയെ അഥവാ ഔചിത്യബോധത്തെ കൂടുതൽ പ്രധാനമായി കരുതുകയും അക്കാലത്തുണ്ടായിരുന്ന ധാൎമ്മികാധഃപതനത്തിന്ന് ഏക പോംവഴി അതുമാത്രമാണെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു.

ഗുരുവിൻെറ സിദ്ധാന്തങ്ങളെ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന ഇളംതലമുറക്കാരുടെ ഇടയിലായിരുന്നു കൂടുതൽ അഭിപ്രായഭിന്നതയും അന്തഃഛിദ്രവുമുണ്ടായിരുന്നത്. തൽഫലമായി വിവിധകക്ഷികൾ രൂപമെടുത്തു. എന്നാൽ കൺ്പ്രസ്ഥാനത്തെ തരംതിരിച്ചതെങ്ങിനെയാണ് എന്നതിനെപ്പററി വ്യക്തമായ തെളിവുകളില്ല. ഒരുകൂട്ടരുടെ അഭിപ്രായപ്രകാരം എട്ടുവിഭാഗങ്ങളാണ് ഉള്ളതെന്നു പറയപ്പെടുന്നു. എന്നാൽ ബി. സി. മൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹാൻഫീ എന്ന നയ്യായികനായ ഒരു ദാൎശനികൻ അതിനെ വിഭജിച്ചതു് അവ്യക്തവും അസാധാരണവുമായ സമ്പ്രദായത്തിലായിരുന്നു. അതിൽ ഗുരുവിൻെറ അടുത്ത ശിഷ്യരായ യെൻഹ്വി, സൂചാങ്ങ്, സുഃക എന്നിവൎക്കു പുറമേ അവരുടെ പിൻതുടൎച്ചക്കാരായ സൂസേ ഗുരുവിൻെറ പൌത്രൻ, മെങ്ങ്കോ, സുൻചിങ്ങ് മുതലായ ജൂ പ്രസ്ഥാനത്തിൻെറ നെടുംതൂണുകളായവരേക്കൂടി ഉൾപ്പെടുത്തീട്ടുണ്ടായിരുന്നു. ഹാൻഫി പറഞ്ഞിട്ടുള്ള മററു ചിലരിൽ

കരാളെപ്പററി ഒന്നുംതന്നെ അറിയുന്നില്ല. പുരാതനരേഖ കളിൽ പ്രസ്തുത വ്യക്തിയെപ്പററി യാതൊന്നും പറഞ്ഞിട്ടി ല്ല. മറേറാ ആറ്റം മെങ്ങ്കോവിൻെറ ശിഷ്യനാണ്.

പിന്നീടുണ്ടായവരുടെ അഭിപ്രായപ്രകാരം കങ്ങ് പണ്ഡിതന്മാരിൽവെച്ച് ഏററവും പ്രധാനിയായിട്ടുള്ളത് സെങ്ങ്സാൻ ആയിരുന്നു. ഒരു വലിയ ജ്ഞാനിയായിരു ന്നു അദ്ദേഹം. മരണസമയത്ത് തൻെറ ശരീരത്തെ ന ഗ്നമാക്കണമെന്നു് അദ്ദേഹം പറഞ്ഞിരുന്നുവത്രെ. ജനന സമയത്ത് താൻ ജനിച്ചതു് നഗ്നനായിട്ടാണ്. മരിക്കു മ്പോഴും അപ്രകാരംതന്നെ വേണമെന്നു് അദ്ദേഹത്തിനു ണ്ടായിരുന്നു. അപത്യത എന്ന മഹത്തായ ഗുണത്തി ൻെറ പ്രതിനിധിയായിരുന്ന അദ്ദേഹമാണ് അപത്യജ്ഞാ നമെന്ന ക്ലാസിക്കിൻെറ കർത്താവു് എന്നു പറയപ്പെടുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഉപദേശങ്ങളിൽനിന്നായിരി ക്കണം ഈ ആശയത്തെ എടുത്തിട്ടുണ്ടായിരിക്കുക.

പ്രസ്തുത ക്ലാസിക്കിലെ സുപ്രസിദ്ധമായ ഒരു ഖ ണ്ഡികയിൽ ഗുരുവുമായി താൻ ഒരു രഹസ്യസംഭാഷണം നടത്തിയതായി അദ്ദേഹം പറയുന്നു. രക്ഷിതാക്കന്മാരോടു ള്ള സന്താനങ്ങളുടെ കർത്തവ്യനിർവ്വഹണമാണ് എല്ലാ ഗു ണങ്ങളുടേയും ഉറവിടമെന്ന തത്വം ഗുരു അദ്ദേഹത്തെ പ ഠിപ്പിച്ചു. 'ശരീരം, അവയവങ്ങൾ, കേശങ്ങൾ, ചർമ്മം എ ന്നിവയെല്ലാംതന്നെ രക്ഷിതാക്കളിൽനിന്നാണ് നമുക്കു് ലഭിച്ചിട്ടുള്ളതു്. അതുകൊണ്ടു് അവരെ ഒരിക്കലും വേദനി പ്പിക്കരുതു്" എന്നു് ഗുരുകങ്ങ് പറഞ്ഞിട്ടുണ്ടു്. ഇവിടെ നിന്നാണ് അപത്യതാധർമ്മബോധം ആരംഭിക്കുന്നതു്.

ലോകത്തിൽ സ്വന്തം വ്യക്തിത്വത്തെ വികസിപ്പിക്കുവാനും ധാർമ്മികജീവിതത്തെ അനുവർത്തിക്കുവാനും അനശ്വരമായ പേര് സമ്പാദിക്കുവാനും അത്യാവശ്യമായി ചെയ്യേണ്ടതു് രക്ഷിതാക്കന്മാരോടുള്ള കർത്തവ്യം നിർവ്വഹിക്കലാണ്. അങ്ങിനെ അപത്യതാധർമ്മബോധം അവസാനിക്കുന്നതു് അവിടെവെച്ചാണ്.

അപത്യതാധർമ്മം മനുഷ്യസ്വഭാവത്തിൻെറ പരാകാഷ്ഠയെയാണ് കാണിക്കുന്നതെന്നു് സെങ്ങ്സാൻ പറയുന്നു. ആചാരക്രമാനുഷ്ഠാനങ്ങളെ അപേക്ഷിച്ച് ധാർമ്മികഗുണങ്ങളെ വളർത്തിക്കൊണ്ടുവരികയാണെങ്കിൽ മാത്രമേ മനുഷ്യന് വിജയം കൈവരിക്കാൻ കഴിയുകയുള്ളൂവെന്നു് അദ്ദേഹം പറയുന്നു. അദ്ദേഹമാണ് ഗുരുവിൻെറ നൈതികസിദ്ധാന്തങ്ങളെ കൂടുതൽ വികസിപ്പിച്ചതു്. ആചാരശാസ്ത്രത്തിനു് വിരുദ്ധമായ സ്വഭാവം വെച്ചുപുലർത്തുന്ന അതാണ് യഥാർത്ഥത്തിൽ കങ്ങ് ദർശനത്തിൻെറ അടിസ്ഥാനമെന്നു് അദ്ദേഹം വിശ്വസിച്ചു. താൻ ദിനംപ്രതി മൂന്നു കാര്യങ്ങൾ പരിശോധിക്കാറുണ്ട് എന്നു് സെങ്ങ്സാൻ പറയുന്നു. താൻ മററുള്ളവർക്കുവേണ്ടി ചെയ്ത കാര്യങ്ങളിൽ തനിക്കു് വ്യക്തിപരമായ വല്ല താല്പര്യവും ഉണ്ടായിരുന്നുവോ എന്നതായിരുന്നു ഒന്നാമതായി പരിശോധിച്ചിരുന്നതു്. രണ്ടാമതായി സ്നേഹിതന്മാരുമായ ഇടപാടുകളിൽ താൻ വല്ല വിശ്വാസലംഘനവും പ്രവർത്തിച്ചിട്ടുണ്ടോ എന്നു് അദ്ദേഹം ആരാഞ്ഞു. മൂന്നാമതായി ഗുരുവിൻെറ ഉപദേശങ്ങളെ ജീവിതത്തിൽ താൻ തികച്ചും അനുവർത്തിക്കുന്നുണ്ടോ എന്നദ്ദേഹം പരിശോ

ധിച്ചു. ധാൎമ്മികജീവിതത്തിനാനുഗുണമായ മേൽ പ്രസ്താവിച്ച ആത്മപരിശോധനയാണു് സെൻതു്സാൻ ഏററവും മഹത്തരമായ ഒരു മാനസികഗുണമായി കാണുന്നതു്.

## ഗുരുവിൻെറ പ്രമാണപത്രിക

സെങ്ങ്പ്രസ്ഥാനത്തിൻകീഴിൽ ഒന്നാമതായി പ്രസാധനംചെയ്ത നാലുപുസ്തകങ്ങളും ഗുരുവിൻെറ പ്രവചനങ്ങളുടെ ഒരു സംഗ്രഹമായിരുന്നു. കങ്ങ്പ്രസ്ഥാനത്തിൻെറ അടിസ്ഥാനപ്രമാണങ്ങളായിരുന്നു അവ. വിവിധ ആശയക്കാരായ എല്ലാ പണ്ഡിതന്മാൎക്കും പ്രചോദനം ലഭിച്ചിട്ടുള്ളതു് അവയിൽനിന്നാണു്. ഗുരുവിൻെറ പ്രമാണപത്രിക എന്ന പേരിലാണു് അവ അറിയപ്പെടുന്നതു്; അതിൽ കങ്ങിൻെറ ജീവിതത്തേയും സ്വഭാവത്തേയുംപററി മനസ്സിലാക്കുന്നതിനുള്ള കരുക്കൾ ധാരാളമടങ്ങിയിട്ടുണ്ടു്.

പ്രമാണപത്രിക എങ്ങിനെയാണു് സമ്പാദനംചെയ്തതെന്നു് വ്യക്തമായി പറയുക സാദ്ധ്യമല്ല. അതിനു് പരമ്പരയായ പ്രവൃത്തി വേണ്ടിവന്നിട്ടുണ്ടായിരിക്കണം. ഗുരുവിൻെറ മരണംതൊട്ടു് അതു് ആരംഭിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഗുരുവിൻെറ സ്മരണയെ നിലനിൎത്തുവാൻവേണ്ടി ശിഷ്യന്മാർചെയ്ത ഏററവും മഹത്തരമായ ഒരു സേവനമായിരുന്നു അതു്. അദ്ദേഹത്തിൻെറ വാക്കുകളും പ്രവചനങ്ങളും അവൎക്കു പ്രചോദനം നല്കിപ്പോന്നിരുന്നു. ഗുരുവിൻെറ അമൂല്യവചനങ്ങളെ സംഗ്രഹിക്കുക എന്നതിലും കവിഞ്ഞ മഹത്തായ ഒരു കൃത്യം അവൎക്കു യഥാ

യത്തിൽ ചെയ്യാറുണ്ടായിരുന്നില്ല. അതു് അവർ പ്രശം സനീയമാംവണ്ണം നിർവ്വഹിക്കുകയും ചെയ്തു. അദ്ദേഹത്തി ന്റെ സ്മരണ എന്നെന്നും നിലനില്ക്കത്തക്കവിധത്തിൽ സുരക്ഷിതമായി ഗുരുവചനങ്ങളെ അവർ സംഗ്രഹണം ചെയ്തു.

എന്നാൽ ഇന്നു് നമുക്കു് ലഭിച്ചിട്ടുള്ള പ്രസ്തുത രേഖ യിൽ പിന്നീടു് വന്നുചേൎന്ന പല കാര്യങ്ങളും ഉൾക്കൊ ണ്ടിട്ടുണ്ടു്. ഗുരു കണ്ടും അദ്ദേഹത്തിന്റെ ശിഷ്യന്മാരും തമ്മിലുള്ള സംവാദത്തെപ്പററി മാത്രമല്ല അതിൽ പ്രസ്താ വിക്കുന്നതു്. സെങ്ങ്സാൻ, യൂജോ, സുഴു, സൂചാങ്ങ്, സൂസിയ എന്നിങ്ങിനെയുള്ള സാഹിത്യവും ഭാഷയും പ ഠിച്ചിരുന്ന യുവവിദ്യാൎത്ഥികളുടെ അഭിപ്രായങ്ങളും ധാരാ ളമായി അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഇവരെല്ലാംത ന്നെ ഗുരുവിന്റെ പാരമ്പര്യത്തെ നിലനിൎത്തുവാൻവേ ണ്ടി അശ്രാന്തപരിശ്രമം ചെയ്തവരാണു്. അതുകൊണ്ടു് വേണ്ടത്ര തെളിവുകൾ ഇല്ലെങ്കിൽകൂടി പ്രമാണപത്രിക ഗുരുവിന്റെ അടുത്ത ശിഷ്യന്മാരായ മേൽ പ്രസ്താവിച്ച വ്യക്തികൾ ഒന്നിച്ചുചേൎന്നു് രചിച്ചതാണെന്നു വിശ്വ സിക്കുന്നതാണു് കൂടുതൽ നന്നായിരിക്കുക. പ്രസ്തുത പു സ്തകത്തിനു് ഇന്നു കാണുന്ന രൂപം കൈവരുവാൻ കുറേ കൊല്ലങ്ങൾകൂടി കഴിയേണ്ടിവന്നിരിക്കണം. അതായതു് അവൎക്കുശേഷം രണ്ടോ മൂന്നോ തലമുറകളിൽ ജീവിച്ചിരു ന്ന ശിഷ്യന്മാരായിരിക്കണം അതിനെ സമ്പാദനം ചെ യ്തിട്ടുണ്ടായിരിക്കുക. പത്തൊമ്പതാം അദ്ധ്യായത്തിൽ സെങ്ങ്സാൻ, സുഴു, സൂസിയ, സൂചാങ്ങ് എന്നിവരു

ടെ വചനങ്ങളും അവരുടെ മുമ്പു ജീവിച്ച സൂക്തങ്ങിൻെറ വചനങ്ങളും കാണപ്പെടുന്നു. അതുകൊണ്ടു് പിന്നീടുണ്ടായതാണു്, അതെന്നു് ഊഹിക്കുന്നതിൽ തെററില്ല. പുസ്തകത്തിൻെറ അജ്ഞാതനായ സമ്പാദകൻ സെങ്ങ്സാൻെറ ഒരു ശിഷ്യനാണെന്നു് വിശ്വസിക്കുന്നതിനാണു് കൂടുതൽ യുക്തി കാണുന്നതു്. എന്തെന്നാൽ അദ്ദേഹത്തിനുമാത്രമേ ഗുരു എന്ന ഉപാധി ലഭിച്ചിരുന്നുള്ളു. ബാക്കിയുള്ളവരെയെല്ലാം പേർ പറഞ്ഞു് വിളിക്കുകയായിരുന്നു ചെയ്തിരുന്നതു്.

## മഹത്തായ വിദ്യ

മാസ്റ്റർ സെങ്ങിൻെറ പ്രസ്ഥാനത്തിൽ രണ്ടാമത്തേതായി ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു പുസ്തകമാണു് 'മഹത്തായ വിദ്യ.' അതു് സെങ്ങ്സാനോടു് ബന്ധപ്പെട്ടതാണു്. ആധുനികപണ്ഡിതന്മാർ പ്രസ്തുതപുസ്തകമെഴുതിയതിൽ സെങ്ങ്സാനു് യാതൊരു പങ്കുമില്ലെന്നു് പറയുന്നു. അതിലെ ഖണ്ഡികകളും ഭാഷാശൈലിയും മററും ഉദ്ധരിച്ചുകൊണ്ടു് സെങ്ങ്സാനു് ശേഷമുണ്ടായ ഒരു കൃതിയാണു് അതെന്നു് സ്ഥാപിക്കുവാൻ അവർ ശ്രമിക്കുന്നു. എന്നാൽ അതിൻെറ കർത്താവു് ആരോ ആയിക്കൊള്ളട്ടെ, സെങ്ങ്പ്രസ്ഥാനത്തിൽപ്പെട്ട ഒരു പുസ്തകമാണു് അതെന്നും ഗുരുവിൻെറ രാഷ്ട്രീയവും നൈതികവുമായ അഭിപ്രായങ്ങൾക്കുള്ള സെങ്ങിൻെറ വിശദീകരണമാണു് അതിലെ ഉള്ളടക്കമെന്നും ഉള്ള കാര്യത്തിനു് യാതൊരു സംശയവുമില്ല.

ഒരു പൊതുവീക്ഷണഗതിയെ സമത്ഥിക്കുന്നതിന്നു വേണ്ടി യുക്തിവാദത്തിൻെറ സഹായത്തോടുകൂടി മുന്നോട്ടു പോകുന്ന മഹത്തായ വിദ്യ എന്ന പുസ്തകത്തിലെ പ്രതിപാദനരീതി അതു് സെങ്ങിന്നുശേഷമുണ്ടായിട്ടുള്ള ഒരു ഗ്രന്ഥമാണെന്നു് തെളിയിക്കുവാൻ പര്യാപ്തമായിട്ടുള്ളതാണു് എന്നു പറയപ്പെടുന്നു. അതിൻെറ ഭാഷ പ്രമാണപത്രികയിലെ ഭാഷയേക്കാഠം പരിഷ്കൃതവുമാണു്. ഗ്രന്ഥകാരൻെറ ആശയങ്ങഠം ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതു് സുഗമവും സയുക്തികവും ക്രമാനുഗതവുമായ ഒരു പശ്ചാത്തലത്തിലാണു്. ഗുരു കങ്ങിന്നുള്ള ഒരു ഉപഹാരഗ്രന്ഥമാണതു്. "മഹത്തായ വിദ്യയുടെ മാഗ്ഗം അനുപമമായ സൽഗുണങ്ങളെ പ്രകാശിപ്പിക്കലും ജനങ്ങളെ നല്ലവരാക്കിത്തീക്കലും തദ്വാരാ ലോകത്തിന്നു് നന്മചെയ്യലുമാണു്" എന്നു് അതിൻെറ ഒരു ഖണ്ഡികയിൽ പറയുന്നു. അതേ ഖണ്ഡികയിൽ വീണ്ടും പറയുന്നു:—"ലോകം മുഴുവൻ തങ്ങളുടെ വിശിഷ്ടഗുണങ്ങളെ പ്രകാശിപ്പിക്കുവാൻ ആഗ്രഹിച്ച പുരാതനന്മാർ സ്വന്തം രാജ്യത്തെ ഒരു മാതൃകാപരമായ രാജ്യമാക്കിത്തീക്കുവാൻ ശ്രമിച്ചു. അങ്ങിനെ സ്വരാജ്യത്തെ ആദശപരമായി ഭരിക്കാൻ ആഗ്രഹിച്ച അവർ സ്വന്തം കുടുംബങ്ങളെ നന്നാക്കിത്തീക്കുവാൻ പ്രയത്നിച്ചു. കുടുംബങ്ങളെ നന്നാക്കിത്തീക്കാൻവേണ്ടി ശ്രമിച്ച അവർ തങ്ങളെത്തന്നെ നല്ലവരാക്കിത്തീക്കുവാൻ ശ്രമിച്ചു. അങ്ങിനെ സ്വയം നന്നായിത്തീരാൻ ശ്രമിച്ച അവർ ഹൃദയപരിശോധന നടത്തിനോക്കി. ഹൃദയപരിശോധന നടത്തുവാൻവേണ്ടി ശ്രമിച്ച അവർ

ആത്മാർത്ഥതയുള്ളവരായിത്തീരണമെന്നു കണ്ടു. ആത്മാർത്ഥതയുള്ളവരായിത്തീരണമെങ്കിൽ ജ്ഞാനം അങ്ങേ അററത്തോളം വികസിക്കണമെന്നു് അവർ അറിഞ്ഞു. അങ്ങിനെ വിദ്യയുടെ വികസനമാണു് എല്ലാ വസ്തുക്കളേയും അറിയുന്നതിന്നു് നിദാനമായിരിക്കുന്നതു്."

"വസ്തുക്കളെ സംബന്ധിച്ച പഠനം അവരുടെ അറിവിനെ സമ്പൂർണ്ണമാക്കിത്തീർത്തു. അറിവു് സമ്പൂർണ്ണമായിത്തീർന്നപ്പോൾ ചിന്തകൾ ആത്മാർത്ഥമായിത്തീർന്നു. ചിന്തകൾ ആത്മാർത്ഥമായിത്തീർന്നപ്പോൾ ഹൃദയങ്ങൾ പരിശുദ്ധമായിത്തീർന്നു. ഹൃദയങ്ങൾ പരിശുദ്ധമായിത്തീർന്നപ്പോൾ വ്യക്തിത്വം സമ്പൂർണ്ണമായിത്തീർന്നു. വ്യക്തിത്വം സമ്പൂർണ്ണമായിത്തീർന്നപ്പോൾ കുടുംബങ്ങൾ നന്നായിത്തീർന്നു. കുടുംബങ്ങൾ നന്നായിത്തീർന്നപ്പോൾ രാജ്യങ്ങൾ മാതൃകാപരമായി ഭരിക്കപ്പെട്ടുവാൻ തുടങ്ങി. അങ്ങിനെ ലോകം മുഴുവൻ ശാന്തിയും സമാധാനവും കളിയാടി."

ഇവിടെ വീണ്ടും ധർമ്മം രാഷ്ട്രീയവുമായി ബന്ധപ്പെടുന്നതു് നാം കാണുന്നു. ഈ തത്വശാസ്ത്രത്തിൻെറ ഒരു സവിശേഷതയാണിതു്. അതിൻെറ അഭിപ്രായത്തിൽ താല്ക്കാലികവിഷമതകളോ രാജ്യങ്ങളുടെ അധഃപതനമോ ഒരു പ്രശ്നമേ അല്ല. ധാർമ്മികനിലവാരം ഉയർന്നുവരലാണു് എല്ലാ സാമൂഹ്യരോഗങ്ങൾക്കുമുള്ള ഉപശാന്തി. അതാണു് സമുദായത്തിൻെറ അടിത്തറ. എല്ലാററിൻേറയും മൌലികകാരണവും അതുതന്നെയാണു്. വ്യക്തിത്വം തികഞ്ഞ മനുഷ്യനും സുവ്യവസ്ഥിതമായ

കുടുംബവും സുശാസിതമായ രാഷ്ട്രവും സന്തുഷ്ടവും ക്ഷേമസമ്പൂർണ്ണവുമായ ലോകവുമാണ് പ്രധാന ലക്ഷ്യം. എല്ലാ മനുഷ്യരുടേയും ലക്ഷ്യം അതായിരിക്കണം. സ്വർഗ്ഗത്തിലെ രാജാവു തൊട്ട് ഭൂമിയിലെ ഏററവും താഴ്ന്ന പടിയിലുള്ള മനുഷ്യൻവരെയുള്ള എല്ലാവരുടേയും.

## കങ്ങ് കുടുംബത്തിലെ ഒരു മാന്യപുരുഷൻ

മഹത്തായ വിദ്യ എന്ന ഗ്രന്ഥം ഗുരുവിൻെറ പൌത്രനും സെങ്ങ്സാനിൻെറ ശിഷ്യനുമായ സൂസേയോടും ബന്ധപ്പെട്ടിട്ടുണ്ട്. കങ്ങിൻെറ പുത്രനായ ലി പിതാവിൻെറ മഹത്തരമായ പാരമ്പര്യത്തെ നിലനിർത്തുവാൻ അപ്രാപ്തനായിരുന്നതുകൊണ്ട് അദ്ദേഹത്തിൻെറ പുത്രനായ സൂസേയാണ് അതു് നിലനിർത്തിയതു്. അദ്ദേഹത്തിൻെറ ജീവിതത്തേക്കുറിച്ച് അല്പം വിവരങ്ങൾ മാത്രമേ നമുക്ക് ലഭിക്കുന്നുള്ളു. അതനുസരിച്ചുനോക്കിയാൽ പിതാമഹനെപ്പോലെ സൂസേയും ലോകജീവിതത്തോട് വൈരാഗ്യമുള്ള ഒരാളായിരുന്നുവെന്നു് കാണുന്നു. വേയിലേയും ലൂവിലേയും ശാസകന്മാരാൽ അത്യധികം ബഹുമാനിതനായിത്തീർന്നിരുന്നുവെങ്കിലും യുവാവായ സൂസേ ഏകാന്തജീവിതമാണ് നയിച്ചിരുന്നതെന്നു് കാണുന്നു. പൈതൃകമായി അദ്ദേഹത്തിന്നു ലഭിച്ച സമ്പത്തു് തീരെ അപര്യാപ്തമായിരുന്നുവത്രെ. ദരിദ്രനായിരുന്നുവെങ്കിലും സമുചിതമായി നല്ലപ്പെടാത്ത യാതൊരു പാരിതോഷികവും അദ്ദേഹം സ്വീകരിച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹത്തിന്നു് ഒരു സ്നേഹിതൻ വിശേഷപ്പെട്ട ഒരു രോമക്കുപ്പാ

യം സമ്മാനിച്ചു. ആ അവസരത്തിൽ അദ്ദേഹത്തിന്നു് കീറിപ്പൊളിഞ്ഞ ഒരു കുപ്പായമേ ഉണ്ടായിരുന്നുള്ളു. പക്ഷേ ദാതാവു് ആവശ്യം അറിഞ്ഞായിരുന്നില്ല ദാനം കൊടുത്തിരുന്നതു്. ആ കാരണത്താൽ അദ്ദേഹമതു് നിരസിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—"നിങ്ങൾ ഒരു ലക്ഷ്യവുമില്ലാതെ സമ്മാനങ്ങൾ കുഴിയിലേയ്ക്കു് എറിയുകയാണു്. ഞാൻ ദരിദ്രനാണെങ്കിലും ഒരു കുഴിയാവാൻ വിചാരിക്കുന്നില്ല." അങ്ങിനെ ആ രോമക്കുപ്പായം തിരിച്ചുകൊടുത്തു.

അപ്രകാരംതന്നെ സൂസേ ലൂവിലുണ്ടായിരുന്ന കാലത്തു് ഒരു സംഭവമുണ്ടായി. ഡ്യൂക്കു് അദ്ദേഹത്തിൻെറ സർവ്വസുഖസൌകര്യങ്ങളേയും അന്വേഷിച്ചിരുന്നു. മാത്രമല്ല അദ്ദേഹത്തിന്നു് നല്ല ഭക്ഷണവും മററും അയച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഡ്യൂക്കിൻെറ സന്ദേശവുമായി പലപ്പോഴും അങ്ങിനെ വന്നുകൊണ്ടിരുന്ന സമ്മാനങ്ങൾ അദ്ദേഹത്തെ മടുപ്പിച്ചു. ഒടുവിൽ അദ്ദേഹമതു് നിരസിക്കുകയും ചെയ്തു. ഒരു നായിനെപ്പോലെയോ കുതിരയെപ്പോലെയോ ഭക്ഷണസാധനങ്ങളെക്കൊണ്ടു് പ്രലോഭിപ്പിച്ചു് തന്നെ പാട്ടിലാക്കാൻ ശ്രമിക്കാതിരിക്കണമെന്നു് അദ്ദേഹം പറഞ്ഞയച്ചു. മറെറാരവസരത്തിൽ ഡ്യൂക്കുമായി അദ്ദേഹം സംസാരിക്കുകയായിരുന്നു. വിദ്വാന്മാരെ മിത്രങ്ങളാക്കിത്തീർക്കുന്ന സാമന്തരാജാക്കന്മാരെപ്പററി അദ്ദേഹത്തിൻെറ അഭിപ്രായമെന്താണെന്നു് ഡ്യൂക്ക് വിനയത്തോടുകൂടി അന്വേഷിച്ചു. ഇതു കേട്ടപ്പോൾ സൂസേസ്സ്സു് കോപംവന്നു. അദ്ദേഹം മറു

പടി നല്കി:—"പുരാതനന്മാർ പറയുന്നതു് വിദ്വാന്മാരെ മിത്രങ്ങളാക്കുകയല്ല, സേവിക്കുകയാണു് ചെയ്യേണ്ടതു് എന്നാണു്. അല്ലയോ രാജാവേ, നിങ്ങഠം എൻെറ ശാസകനാണു്, ഞാൻ നിങ്ങളുടെ പ്രജയും. എങ്ങിനെയാണു് ഞാൻ നിങ്ങളുടെ സ്നേഹിതനായിത്തീരുക? എന്നാൽ ഗുണങ്ങളെ സംബന്ധിച്ചേടത്തോളം ഞാൻ നിങ്ങളേക്കാഠം മേലേകിടയിലുള്ള ഒരാളാണു്. അതിനാൽ നിങ്ങഠം എന്നെ സേവിക്കണം. നമുക്കു് രണ്ടുപേക്കും ഒരിക്കലും സ്നേഹിതന്മാരായിത്തീരുക സാദ്ധ്യമല്ല."

ഇത്തരം ധീരമായ വാക്കുകളും സ്വാതന്ത്ര്യമായ പെരുമാററവുംനിമിത്തം സൂസേ തൻെറ പിതാമഹനെ ഒരു പടികൂടി കടത്തിവെച്ചു. ഒരുപക്ഷേ കാലത്തിൻെറ മാററമായിരിക്കണം അതിനു കാരണം. ഗുരു കങ്ങിൻെറ കാലം കഴിഞ്ഞു് രണ്ടു തലമുറകഠംക്കുശേഷം പണ്ഡിതലോകത്തിന്നു് കൂടുതൽ സമാദരവു് പ്രാപിക്കുവാൻ സാധിച്ചിട്ടുണ്ടായിരുന്നു എന്നാണു് ഇതു് കാണിക്കുന്നതു്. അല്ലെങ്കിൽ തന്നെപ്പററി വളരെയധികം മതിപ്പുണ്ടായിരുന്ന സൂസേയുടെ സ്വഭാവവിശേഷമാവാനുംമതി ഇതു്. ലോകത്തിൽവെച്ചു് ഏററവും മഹത്തായ പാണ്ഡിത്യവും ഗുണങ്ങളും താൻ ആജ്ജിച്ചുകഴിഞ്ഞിട്ടുണ്ടെന്നു് അദ്ദേഹം സ്വയം അഭിമാനിച്ചിരുന്നിരിക്കണം. ഏതായാലും കങ്ങ്പ്രസ്ഥാനത്തിൽപ്പെട്ട പണ്ഡിതന്മാരിൽ സൂസേക്കു് ഒരു പ്രധാന സ്ഥാനംതന്നെയുണ്ടായിരുന്നു. ഗുരു സെങ്ങ്സാനിൻെറ ശിഷ്യനായിരുന്ന അദ്ദേഹം സദാ

ചാരമാണു് മനുഷ്യജീവിതത്തിൽവെച്ചു് ഏററവും മഹത്തായ ഗുണമെന്നു് വിശ്വസിച്ചിരുന്നു.

## മദ്ധ്യമപ്രമാണം

മഹത്തായ വിദ്യ എന്ന ഗ്രന്ഥവുമായി സൂസേശ്ശു് ബന്ധമുണ്ടായിരുന്നുവോ എന്ന കാര്യം സംശയമാണു്. എന്നാൽ കങ്ങ്പ്രസ്ഥാനത്തിൽപ്പെട്ട നാലു പ്രധാന ഗ്രന്ഥങ്ങളിലെ ഒന്നായ മദ്ധ്യമപ്രമാണം താൻ എഴുതിയതാണെന്നു് അദ്ദേഹം അവകാശപ്പെടുന്നുണ്ടെങ്കിലും അക്കാര്യത്തിലും ചില അഭിപ്രായവ്യത്യാസങ്ങളെല്ലാമുണ്ടു്. അതിലെ ചില ഖണ്ഡികകൾ, വിശേഷിച്ചും ഉത്തരാൎദ്ധത്തിലുള്ള ചില ഖണ്ഡികകൾ അദ്ദേഹത്തിൻെറ ഒരു പിൻഗാമി എഴുതിച്ചേൎത്തതായിരിക്കണമെന്നു് വിശ്വസിക്കപ്പെടുന്നു. മഹത്തായ വിദ്യ എന്ന ഗ്രന്ഥത്തെപ്പോലെ ഈ പുസ്തകവും ആരംഭിക്കുന്നതു് മാസ്റ്റർ കങ്ങിൻേറതാണെന്നു് പറയപ്പെടുന്ന ചില പൊതുതത്വങ്ങളെ വിശദീകരിച്ചുകൊണ്ടാണു്. അതിങ്ങിനെയാണു്:— "സന്തോഷത്തിലോ കോപത്തിലോ ദുഃഖത്തിലോ സുഖത്തിലോ വികാരപാരവശ്യംകൂടാതെ ഏകമനോഭാവത്തോടുകൂടി വൎത്തിക്കുന്നതിനെയാണു് സമതുലിതാവസ്ഥ എന്നു പറയുന്നതു്. അങ്ങിനെ വികാരങ്ങളെ സമുചിതമായ സമയത്തു് നിയന്ത്രണം ചെയ്യുന്നതുകൊണ്ടു് മനശ്ശാന്തി ലഭിക്കുന്നു. സമതുലിതാവസ്ഥയാണു് വിശ്വത്തിൻെറ പരമമായ അടിസ്ഥാനം. മനശ്ശാന്തി സാൎവ്വലൌകികമായ മാൎഗ്ഗവുമാണു്. ഒരിക്കൽ പ്രസ്തുത സമതുലിതാവസ്ഥയും

മനശ്ശാന്തിയും നേടിക്കഴിഞ്ഞാൽ പിന്നെ സ്വർഗ്ഗവും ഭൂമിയും അവയുടെ സ്വാഭാവികതത്വത്തെ നിലനിർത്തുകയും പദാർത്ഥലോകം ക്ഷേമത്തോടുകൂടി നിലകൊള്ളുകയും ചെയ്യും."

സമതുലിതാവസ്ഥയേയും മനശ്ശാന്തിയേയും പ്രാപിക്കുന്നതിനുള്ള അന്വേഷണം അഥവാ മദ്ധ്യമമാർഗ്ഗപ്രവർത്തനം ആണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്. എന്നാൽ സൂസേ തൻെറ സ്വന്തം അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ വിഷയത്തെ ക്രമീകൃതമായി വിശദീകരിക്കുന്നതിനുപകരം പിതാമഹൻെറ അഭിപ്രായങ്ങൾക്കാണ് മുൻഗണന നല്കീട്ടുള്ളതു്. അതിനാൽ മാസ്റ്റർ കങ്ങിൻെറ പ്രവചനങ്ങളുടെ സംഗ്രഹമായ പ്രമാണപത്രികയെപ്പോലെത്തന്നെയുള്ള ഒരു ഗ്രന്ഥമാണ് മദ്ധ്യമപ്രമാണവും. എന്നാൽ സൂസേ ഒരു നവീനമാർഗ്ഗം അംഗീകരിച്ചിട്ടുണ്ടു്. തൻെറ സ്വന്തം അഭിപ്രായങ്ങൾക്കിടയിൽ മാസ്റ്റർ കങ്ങിൻെറ നിരവധി പ്രവചനങ്ങളെ അദ്ദേഹം കൂട്ടിച്ചേർത്തിരിക്കുന്നു. ഇതു് ഗ്രന്ഥത്തിൻെറ അവസാനഭാഗത്തെ വളരെ പ്രാധാന്യമുള്ളതാക്കിത്തീർക്കുന്നുണ്ടു്. സ്വർഗ്ഗത്തിലും മനുഷ്യനിലുമുള്ള യാഥാർത്ഥ്യങ്ങളെപ്പററിയുള്ള പ്രവചനങ്ങളിലാണ് അതു് വ്യക്തമായി ദർശിക്കാൻ കഴിയുന്നതു്:—"യാഥാർത്ഥ്യത്തിൽക്കൂടിയുള്ളതാണ് സ്വർഗ്ഗത്തിലേയ്ക്കുള്ള മാർഗ്ഗം. യാഥാർത്ഥ്യത്തെ പ്രാപിക്കലാണ് മനുഷ്യമാർഗ്ഗത്തിൻെറ കർത്തവ്യം. യാഥാർത്ഥ്യത്തെ പ്രാപിക്കുക എന്നതു് വിഷമംകൂടാതെ മദ്ധ്യമമാർഗ്ഗത്തെ തരണംചെയ്യുക എന്നുള്ളതാണ്; തീവ്ര

മായ ചിന്തകളുടെ പ്രവൎത്തനങ്ങൾ കൂടാതെത്തന്നെ അതിനെ നേടുക എന്നുള്ളതാണു്. അങ്ങിനെ പ്രാകൃതികമായ സുഗമതയോടുകൂടി മുന്നോട്ടുപോകുന്ന ആളാണു് ഋഷി. യാഥാൎത്ഥ്യപ്രാപ്തിക്കു് നന്മയെ സ്വീകരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യണം. തദ്വാരാ എന്തെല്ലാമാണു് നന്മകൾ എന്നതിനേപ്പററി വിശദവും സമ്പൂൎണ്ണവുമായ ഒരു പഠനം നടത്തുവാൻ കഴിയുന്നു. അവയെപ്പററി ഗവേഷണം നടത്തുവാനും ചിന്തിക്കുവാനും അവസരം ലഭിക്കുന്നു. താരതമ്യവിവേചനംകൊണ്ടു് അവയെ വ്യക്തമാക്കുവാനും പ്രായോഗികമാക്കുവാനും സന്ദൎഭം ലഭിക്കുന്നു."

പ്രധാനമായി 'കൎമ്മത്തിലുള്ള മനുഷ്യന്റെ വാസ്തവികത്വ'ത്തെപ്പററിയാണു് പ്രസ്തുത പുസ്തകം പ്രതിപാദിക്കുന്നതു്. വാസ്തവികത്വം മനുഷ്യപ്രകൃതിയെ രൂപാന്തരപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും പ്രാപ്തമായ ഒന്നാണു്. ഈ വാസ്തവികത്വം ഒരു വ്യക്തിയിൽ ഭൌതികമായ നേട്ടങ്ങളിൽനിന്നു് അതീതമായി വൎത്തിക്കുന്ന സ്വൎഗ്ഗീയസദ്ഭാവനകളെ സൃഷ്ടിക്കുന്നു:—"പരമമായ യാഥാൎത്ഥ്യത്തെ പ്രാപിച്ച ഒരാൾക്കുമാത്രമേ സമുദായോദ്ധാരണം ചെയ്യുവാൻ കഴിയൂ. വിശ്വത്തിനു് മഹത്തരമായ അടിത്തറ പണിയുന്നതിനും സ്വൎഗ്ഗത്തിലും ഭൂമിയിലും നടനുകൊണ്ടിരിക്കുന്ന രൂപാന്തരീകരണത്തിന്റേയും പരിണാമത്തിന്റേയും നിയമങ്ങളെ മനസ്സിലാക്കുന്നതിനും ആയാൾക്കുമാത്രമേ സാധിക്കൂ. അങ്ങിനെ തന്നിൽനിന്നും വിഭിന്നമായ യാതൊന്നിനേയും അവലം

ബിച്ചു് ആയാൾക്കു് നില്ക്കേണ്ടതില്ല. ആയാളുടെ മനുഷ്യത്വം എത്രമാത്രം വിശാലമായിരിക്കും! അളവില്ലാത്ത അഗാധത്വം ഉള്ളവനായിരിക്കും ആയാൾ. സ്വർഗ്ഗീയഗുണങ്ങളുടെ വിളനിലമായിരിക്കും ആയാൾ. ധിഷണാപടുവും ബുദ്ധനുമായ ഒരാൾക്കുമാത്രമേ സ്വർഗ്ഗീയമായ പ്രസ്തുത ആത്മശക്തിയെ ആർജ്ജിക്കുവാൻ കഴിയൂ."

ഋഷിയായിരുന്ന തൻെറ പിതാമഹനെ അപേക്ഷിച്ചു് വളരെ കാര്യങ്ങളിൽ ദാർശനികപ്രതിഭയുള്ള ഒരാളായിരുന്നു സൂസേ. അദ്ദേഹം മനുഷ്യനു് അനുവർത്തിക്കുവാൻ പററിയ ഒരു യഥാർത്ഥമാർഗ്ഗത്തെ ആരായുകയായിരുന്നു. മനുഷ്യൻ വാസ്തവികമായ ജീവിതം നയിക്കുകയും യഥാർത്ഥമാർഗ്ഗത്തെ അവലംബിച്ചു് മുന്നോട്ടു പോകുകയും വേണം അതിന്നു് എന്നു് അദ്ദേഹം കണ്ടു. മാർഗ്ഗം താഴ്ന്നവനും ഉയർന്നവനും ഒരുപോലെയുള്ളതാണു്. ഉയർന്നവൻ മദ്ധ്യമമാർഗ്ഗത്തിലൂടെ പ്രവർത്തിക്കുന്നുവെന്നു് തൻെറ പിതാമഹൻ വിശ്വസിച്ചിരുന്നതിനെ അദ്ദേഹവും അംഗീകരിച്ചു. എന്നാൽ താഴ്ന്നവൻ അതിനു നേരെ വിരുദ്ധമായിട്ടാണു് പ്രവർത്തിച്ചിരുന്നതു്. അതിനു കാരണം അവനു് ധാർമ്മികബോധമില്ലാത്തതുകൊണ്ടാണു്. എന്നാൽ സൂസേയെ സംബന്ധിച്ചേടത്തോളം താഴ്ന്നവനും ഉയർന്നവനും തമ്മിലുള്ള വ്യത്യാസം അത്രമാത്രം അപ്രതിബദ്ധമായിരുന്നില്ല. അദ്ദേഹം പറയുന്നു:—"ഉയർന്നവൻെറ മാർഗ്ഗം കുറെയൊക്കെ വ്യക്തവും അവ്യക്തവുമാണു്. അതിനാൽ അജ്ഞരായ സാധാരണക്കാരായ സ്ത്രീപുരുഷന്മാർക്കു് അതിനെ സംബന്ധിച്ചു് ഒരു ഈ-

ഷൽജ്ഞാനം നേടുവാൻ സാധിക്കുന്നു. എന്നാൽ സമ്പൂർണ്ണമായ ജ്ഞാനത്തിന്റെ കാര്യത്തിൽ ഒരു ഋഷിക്കുപോലും താൻ പൂർണ്ണനായിക്കഴിഞ്ഞിട്ടില്ലെന്ന ബോധമാണ് ഉണ്ടാവുക. സാധാരണ സ്ത്രീപുരുഷന്മാർ സദ്ഭാവനകളെ സംബന്ധിച്ചേടത്തോളം താഴ്ന്ന പടിയിൽ നില്ക്കുന്നവരാണെങ്കിൽക്കൂടി യഥാർത്ഥമാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതിന്നു കഴിവുള്ളവരാണ്. എന്നാൽ സദ്ഭാവനകളെ ആർജ്ജിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുന്ന കാര്യത്തിൽ ഋഷികൾപോലും വിജയിച്ചിട്ടുണ്ടെന്നു പറയുക സാദ്ധ്യമല്ല. ഉയർന്നവരുടെ സ്ഥിതിയാണിത്. സാധാരണക്കാരുമായുള്ള സമ്പർക്കത്തിൽനിന്നാണ് അതിന്റെ സരളമായ ആരംഭം ഉണ്ടാവുന്നത്. എന്നാൽ അന്തിമമായ അതിന്റെ പ്രവണതകളെ വിശകലനം ചെയ്യേണ്ടത് സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും വെളിച്ചത്തിൽവെച്ചുകൊണ്ടാണ്.

ഗുരു കങ്ങ് പ്രഭുക്കൾക്കും സാധാരണക്കാർക്കും പററിയതരത്തിലുള്ള ഒരു ധാർമ്മികവ്യവസ്ഥയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരനായ സൂസേ പ്രസ്തുത വ്യവസ്ഥയെ സാർവ്വലൌകികവും അനശ്വരവുമാക്കിത്തീർത്തു. സാധാരണക്കാർക്ക് അനുവർത്തിക്കാൻ സാധിക്കുന്ന മദ്ധ്യമമാർഗ്ഗമായിരുന്നു ഇത്. എന്നാൽ പ്രഭുക്കൾക്കും പണ്ഡിതന്മാർക്കും അതിൽ സമ്പൂർണ്ണത്വം സിദ്ധിക്കുക എന്നത് സുഗമവുമായിരുന്നില്ല. മാസ്റ്റർ കങ്ങ് ധർമ്മപ്രവണനായ വ്യക്തിയെ സൃഷ്ടിച്ചു. എന്നാൽ സൂസേയാകട്ടെ സ്വന്തം അനുഭവങ്ങളുടെ വെളി

ഷ്യത്തിൽ പിതാമഹൻെറ ആശയങ്ങൾക്ക് ബൃഹത്ത്രൂപം നല്കുകയും ബുദ്ധിവാദിയും ദാർശനികനുമായ വ്യക്തിയെ ആവിഷ്കരിക്കുകയും ചെയ്തു.

പ്രമാണപത്രിക, മഹത്തായ വിദ്യ, മദ്ധ്യമപ്രമാണം എന്നീ മൂന്നു ഗ്രന്ഥങ്ങൾ ഈ ദർശനത്തിൻെറ വികാസഘട്ടങ്ങളെ കുറിക്കുന്നവയാണ്. മാസ്റ്റർ കങ്ങിൻെറ മഹത്തായ ടെയോ സിദ്ധാന്തം വിപുലീകരിക്കുകയും സുവിദിതമാക്കിത്തീർക്കുകയും ചെയ്തു. അതു് ചൈനീസ്ജനതയുടെ മാമൂൽപ്രിയത്വത്തെ പ്രതിനിധാനംചെയ്യാൻ പോകുകയായിരുന്നു. പക്ഷെ അതിനുമുമ്പായി കങ്ങിൻെറ അനുയായികൾക്ക് എതിർശക്തികളുടെ രൂപത്തിൽ വളർന്നുകൊണ്ടിരുന്ന മററു ദർശനങ്ങളോട്ട് ഒരു വലിയ സമരംതന്നെ നടത്തേണ്ടിവന്നു. ഇതിനെപ്പററിയാണ് അടുത്ത പ്രകരണത്തിൽ വിവരിക്കുവാൻ പോകുന്നതു്.

# മൂന്നാം അദ്ധ്യായം

## സാമന്തകോയ്മകൾ തമ്മിലുള്ള യുദ്ധങ്ങൾ

കങ്ങ്പണ്ഡിതന്മാരുടെ ഭാവനയിൽ ഉണ്ടായിരുന്ന ഒരു വലിയ സംയുക്തരാഷ്ട്രസിദ്ധാന്തത്തിനു് വിപരീതമായി സെങ്ങ്സാൻെറയും ടസ്സൂസുവിൻെറയും കാലത്തു് ചൈന അപകൃഷ്ടതയിലേയ്ക്കു നീങ്ങുകയാണു് ചെയ്തതു്. ചൌ ആധിപത്യം നിലകൊണ്ടിരുന്നുവെങ്കിലും അതി

ന്റെ ഏകാധിപത്യസ്വഭാവം അവഗണിക്കപ്പെട്ടുകയും സ്വർഗ്ഗപുത്രനെന്ന ചൌ ശാസകന്റെ പദവി മതപരമായ കാര്യങ്ങളിൽമാത്രം അംഗീകരിക്കപ്പെട്ടുകയും ചെയ്തു. മാത്രമല്ല മററു വലിയ കോയ്മകളുടെ ഭരണാധിപന്മാർ ചൌ ശാസനത്തെ ചോദ്യംചെയ്യാനും തുടങ്ങി. കാലക്രമേണ പ്രസ്തുത ഭരണാധികാരികൾ ഓരോരുത്തരായി ചൌ അധീശാവകാശത്തെ വകവെയ്ക്കാതെ സമന്മാരെന്ന നിലയിൽ പെരുമാറുവാൻ തുടങ്ങുകയും തന്നിമിത്തം അതിന്റെ മാന്യത നശിച്ചുപോകുകയും ചെയ്തു. സാമന്തവാഴ്ചയ്ക്ക് മാർഗ്ഗദർശനം ചെയ്തിരുന്ന കങ്ങ്ഫ്യൂ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ കാലഭേദംകൊണ്ടു സംഭവിച്ച പ്രസ്തുത മാററങ്ങൾ അദ്ദേഹത്തിന്നു് ഒരു വലിയ ആഘാതമാകുമായിരുന്നു.

ചരിത്രത്തിൽ മാസ്റ്റർ കങ്ങിന്നുശേഷമുണ്ടായ കാലം അറിയപ്പെടുന്നതു് കോയ്മകൾതമ്മിലുള്ള പരസ്പരസംഘട്ടനത്തിന്റെ കാലമായിട്ടാണു്. കാലത്തിന്റെ അനിവാര്യമായ മാററങ്ങളെ പ്രതിനിധീകരിച്ചിരുന്ന ഒരു യുഗമായിരുന്നു അതു്. തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന യുദ്ധങ്ങൾകാരണമായി ചൈനയിലെ രാഷ്ട്രീയസ്ഥിതിക്കു് ഗണ്യമായ പരിവർത്തനം സംഭവിച്ചു. അന്നു് ചൈനയിൽ ഏഴു വലിയ കോയ്മകളാണു് ഉണ്ടായിരുന്നതു്. കിഴക്കുഭാഗത്തു് 'ചി'യും തെക്കുഭാഗത്തു് 'ചു'വും വടക്കുപടിഞ്ഞാറു് ചിൻ സ്റ്റേററും വടക്കുകിഴക്കു് ഒരു പുതിയ കോയ്മയായ യെൻ സ്റ്റേററും വടക്കു് ഹാൻ, വി, ചെയോ എന്ന സ്റ്റേററുകളും ആയിരുന്നു അവ. അതേ അവസര

ത്തിൽ മാസ്റ്റർ കങ്ങിന്റെ കാലത്തുണ്ടായിരുന്ന ചെറുരാജ്യങ്ങൾ നാമാവശേഷമാക്കപ്പെടുകയും വലിയ സ്റ്റേറ്റുകളോട് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. അവയ്ക്കുവേണ്ടി അയൽശാസകന്മാർതമ്മിൽ വമ്പിച്ച യുദ്ധങ്ങൾ നടന്നു. വൻസ്റ്റേറ്റുകൾതമ്മിൽ മേൽക്കോയ്മയ്ക്കുവേണ്ടി നടത്തപ്പെട്ട അനുസ്യൂതമായ യുദ്ധങ്ങളുടെ ചരിത്രമായിരുന്നു അക്കാലത്തെ ചൈനയുടെ ചരിത്രം.

'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന പ്രമാണം അംഗീകരിക്കപ്പെട്ട അക്കാലത്ത് സ്വന്തം സ്വാർത്ഥതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി എല്ലാ ശാസകന്മാരും ശക്തിയേറിയ ഒരു സൈന്യവിഭാഗത്തെ നിലനിർത്തിപ്പോന്നു. അദമ്യമായ ആക്രമണമനോഭാവത്തെ അവർ പ്രദർശിപ്പിച്ചുവന്നു. അടങ്ങാത്ത പ്രതീക്ഷകൾ അവരെ നയിച്ചുകൊണ്ടിരുന്നു. പുരാതനകാലത്തുണ്ടായിരുന്നതുപോലെ സാമന്തവ്യവസ്ഥയുടെ ചട്ടങ്ങൾക്കനുസരിച്ചായിരുന്നില്ല യുദ്ധങ്ങൾ നടത്തപ്പെട്ടിരുന്നത്. ക്രൂരവും പൈശാചികവുമായിരുന്ന പ്രസ്തുത യുദ്ധങ്ങൾ രക്തപ്പുഴകൾ ഒഴുക്കി. രാജ്യങ്ങൾ പിടിച്ചടക്കപ്പെട്ടു. പ്രജകൾ അടിമകളാക്കപ്പെട്ടു. ആയിരക്കണക്കിൽ ശത്രുഭടന്മാരെ കൂട്ടക്കൊല ചെയ്തു. തകർന്നുകിടന്നിരുന്ന നഗരങ്ങളുടേയും മരിച്ചുകിടക്കുന്ന ജനങ്ങളുടേയും മുകളിൽനിന്നുകൊണ്ട് ഏകാധിപതികളായ ശാസകന്മാരും ക്രൂരന്മാരായ പട്ടാളഉദ്യോഗസ്ഥന്മാരും പ്രശസ്തരായ രാഷ്ട്രീയനേതാക്കന്മാരും ആനന്ദിച്ചു കൂത്താടി. സാധാരണക്കാരെ കൊള്ളയടിച്ച് അവർ സുഖലോലുപന്മാരായി ജീവിച്ചു.

അതുല്യമായ സമ്പത്തിൻെറയും അധികാരത്തിൻെറയും ഉടമകളും യുദ്ധപ്രിയന്മാരുമായ രാജാക്കന്മാർ നിശ്ചിതമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. അവരുടെ ഭോഗാസക്തവും ധൂർത്തുമായ ജീവിതം അത്യന്തം ആപൽക്കരമായ ഒരു സ്ഥിതിവിശേഷത്തെ സൃഷ്ടിച്ചു. മിക്ക സ്റ്റേറ്റുകളിലേയും ശാസകന്മാർ സുഖഭോഗങ്ങളിൽ മുഴുകിക്കൊണ്ടാണ് ജീവിച്ചിരുന്നത്. അമൂല്യമായ രത്നങ്ങൾ പതിച്ച ആഭരണങ്ങൾ അവർ അണിഞ്ഞിരുന്നു. മനോഹരമായ കൊത്തുപണികളോടുകൂടിയ തോണികളിലും വിലപിടിച്ച വസ്തുക്കളെക്കൊണ്ട് അലങ്കരിച്ചിട്ടുള്ള വാഹനങ്ങളിലും അവർ സഞ്ചരിച്ചു. ഇന്ദ്രലോകത്തിനു തുല്യമായ മണിഹർമ്മ്യങ്ങളിൽ അവർ നിവസിച്ചു. വലിയ വലിയ സദ്യകളും വിരുന്നുസൽക്കാരങ്ങളും നടത്തിക്കൊണ്ടിരുന്നു അവർ. ഒരു വലിയ സ്റ്റേററിൻെറ ഉടമയെ നൂറുതരം വിഭവങ്ങളെക്കൊണ്ട് വിരുന്നൂട്ടണമെന്നു നിയമമായിരുന്നു അന്നുണ്ടായിരുന്നത്. നോക്കിയാൽ നോക്കെത്താത്ത വിധത്തിൽ, എത്തിയാൽ കയ്യെത്താത്ത തരത്തിൽ പദാർത്ഥങ്ങൾ നിരത്തിവെയ്ക്കണമെന്നതായിരുന്നു ചട്ടം. ഒരു ചെറിയ രാജ്യത്തിലെ മന്ത്രിയുടെ ഭവനംപോലും നൂറുകണക്കിലുള്ള അലംകൃതമായ വാഹനങ്ങളെക്കൊണ്ടും കുതിരകളെക്കൊണ്ടും മനോഹരവസ്ത്രങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കും. അപ്പോൾ ഒരു വലിയ രാജാവിൻെറ കഥയെന്തായിരിക്കുമെന്നു് ഊഹിക്കുകയാണു ഭേദം.

മുകളിൽ കൊടുത്ത വസ്തുതകളിൽനിന്നു് അന്

ത്തെ സാധാരണക്കാർ എത്രമാത്രം കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടുണ്ടായിരിക്കുമെന്നു് ഊഹിക്കുവാൻ സാധിക്കുന്നു. യുദ്ധം, നികുതിഭാരം, നിർബ്ബന്ധസൈനികസേവനം എന്നീ മൂന്നു കാര്യങ്ങൾ അവരെ ഞെരുക്കിയിരുന്നു. അവരുടെ ദയനീയസ്ഥിതിയെ മെങ്ങ്കോ ഹൃദയഭേദകമാംവണ്ണം ചിത്രീകരിച്ചിട്ടുണ്ടു്. അദ്ദേഹം തന്റെ കാലത്തെക്കുറിച്ചു് പറയുകയായിരുന്നു. പ്രഭുകുടുംബങ്ങളിൽ വിഭവസമൃദ്ധമായ സദ്യകൾ നല്ലപ്പെട്ടുകയും അവിടത്തെ കുതിരകൾ തിന്നുകൊഴുത്തു് മദിക്കുകയും ചെയ്യുമ്പോൾ സാധാരണ ജനങ്ങൾ പട്ടിണിയിലും ദാരിദ്ര്യത്തിലും കിടന്നു് നരകിക്കുകയായിരുന്നു. യുദ്ധത്തിലേർപ്പെട്ട സൈന്യങ്ങൾക്കു് ഭക്ഷണപദാർത്ഥങ്ങൾ കുന്നുപോലെ കൂട്ടിവെച്ചിരുന്നു. അക്കാലത്തു് ക്ഷാമംകൊണ്ടു് നിരവധി നാട്ടുകാർ മരിച്ചുപോയിരുന്നു. വളരെ പേർ നാടുവിട്ടുപോകയും ചെയ്തിരുന്നു. അങ്ങിനെ അശരണരും അസംതൃപ്തരുമായ സാധാരണക്കാർ ഭരണകൂടത്തിന്നു് ഒരു വലിയ ഭീഷണിയായിത്തീർന്നിട്ടുണ്ടായിരുന്നു. വിങ്ങിവീർത്തുകൊണ്ടിരുന്ന ജനങ്ങളുടെ വികാരങ്ങൾ പൊട്ടിത്തെറിക്കുകയും അതു് ചൌ സാമ്രാജ്യത്തെ തരിപ്പണമാക്കിത്തീർക്കുകയും ചെയ്തു.

## മാനസികപ്രത്യാഘാതങ്ങൾ

കങ്ങ്പ്രസ്ഥാനത്തിന്നു് ആപൽക്കരമായ മറ്റൊരു ഭീഷണി നേരിട്ടതു് ബുദ്ധിജീവികളിൽനിന്നാണു്. നവീനസിദ്ധാന്തങ്ങളുടെ വക്താക്കളായി അവർ മുന്നോട്ടുവരുവാൻ തുടങ്ങി. മാനസികപ്രവർത്തനങ്ങൾ വിപുലമായ തോ

തിൽ നടന്നിരുന്ന ഒരു കാലമായിരുന്നു അതു്. അങ്ങി
നെ പുതുതായി ആവിഷ്കരിക്കപ്പെട്ട എല്ലാ സിദ്ധാന്തങ്ങ
ളും അനിയന്ത്രിതമായി പ്രചരിച്ചുതുടങ്ങി. വളരെ കാല
മായി പാരമ്പര്യത്തോടു് ഒട്ടിപ്പിടിച്ചുജീവിച്ചിരുന്ന ചൈ
നയുടെ മനസ്സ് അപ്രതീക്ഷിതമായി ശോഭിച്ചുവശാവുക
യും സ്വാതന്ത്ര്യമാവുന്നതിന്നുവേണ്ടി സമരംചെയ്യാൻ ആ
രംഭിക്കുകയുംചെയ്തു. അങ്ങിനെ ആന്തരീയചോദനം ന
ശിച്ച മനുഷ്യൻ ജീവിതത്തെ തനിക്കിഷ്ടമുള്ള വീക്ഷണ
ത്തിലൂടെ നോക്കുവാൻ തുടങ്ങി. തനിക്കിഷ്ടമുള്ള നിഗമ
നങ്ങളിൽ അവൻ എത്തിച്ചേരുകയും ചെയ്തു. നവീനമാ
ക്കപ്പെട്ട ചിന്താഗതിയോടും അന്വേഷണബുദ്ധിയോടും
കൂടി അവൻ കാര്യങ്ങളെ സമീപിച്ചു.

ദീർഘമേറിയ ചൌശാസനകാലത്തു് ചൈനക്കാരൻ
കാലത്തിൻെറ മുദ്ര പതിഞ്ഞ ആളായിരുന്നു. ക്രമികമാ
യും സാവധാനത്തിലുമായിരുന്നു ആയാളുടെ മാനസിക
വികാസം സംഭവിച്ചുകൊണ്ടിരുന്നതു്. എന്നാൽ അതേ
സമയത്തുതന്നെ ജീവിതം സങ്കീർണ്ണമായിത്തീരുകയും ചെ
യ്തിരുന്നു. സംഭ്രമജനകമായ ഒരു മാററത്തിൻെറ ചുഴി
യിൽപ്പെട്ടു് നട്ടംതിരിയുന്ന ആയാൾക്കു തന്നെ അഭിമുഖീ
കരിക്കുന്ന ബഹുശതം പ്രശ്നങ്ങൾക്കു് പരിഹാരം കാണു
വാൻ കഴിയുന്നില്ല. അങ്ങിനെ അവ പരിഹരിക്കപ്പെ
ടേണമെന്നു് വന്നുചേരുന്നു. അന്തരീക്ഷം കൂടുതൽ കലു
ഷിതമായിത്തീരുമ്പോൾ ആയാൾക്കു് അധികമധികം
പരിഭ്രമവും അസ്വാസ്ഥതയും ഉണ്ടാവാൻ തുടങ്ങുന്നു. അ
ങ്ങിനെ ആയാളുടെ ബുദ്ധി പ്രവർത്തിക്കുവാൻ തുടങ്ങുക

യ്യായി. അത് വസ്തുകളുടെ അടിയിലേയ്ക്ക് ചുഴിഞ്ഞിറ ങ്ങി അവയെപ്പററി പഠനം നടത്തുന്നു. ഒടുവിൽ പരിഹാ രമാൎഗ്ഗങ്ങളും കണ്ടുപിടിക്കുന്നു. ഇപ്രകാരമാണ് ഏററവും മഹത്തായ ബൌദ്ധികപ്രസ്ഥാനം ചൈനയിൽ ഉണ്ടാ യിട്ടുള്ളതു്.

അൎവ്വാചീനമായ ആശയങ്ങളെ ദൃഢചിത്തതയോ ടെ എതിൎക്കുന്ന മാസ്റ്റർ കങ്ങ്ച്യൂവാണ് യഥാൎത്ഥത്തിൽ പരോക്ഷമായ അവയുടെ വികസനത്തിന്നു് പ്രേരണ ന ല്കിയതു്. അദ്ദേഹമാണ് ഒന്നാമതായി ചൌ ക്ലാസിക്കു കളെ ഔദ്യോഗികലോകത്തിൽനിന്നു് വേൎപെടുത്തി പൊതുജനങ്ങൾക്ക് നല്കീട്ടുള്ളതു് എന്ന വസ്തുത നമുക്ക റിയാം. സാധാരണ ജനങ്ങളുടെ ഇടയിൽ വിദ്യാപ്രചര ണം ആരംഭിച്ചതു് അദ്ദേഹമായിരുന്നു. യാത്രകളിൽ സ്വ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിന്നു് പണ്ഡിതന്മാൎക്ക് ആഹ്വാനം നല്കിയതും അദ്ദേഹമായിരുന്നു. മറെറാരുവി ധത്തിൽ പറയുകയാണെങ്കിൽ മാസ്റ്റർ കങ്ങിൻെറ നേതൃ ത്വത്തിലാണ് ഒന്നാമതായി ചൈനക്കാർ തങ്ങളുടെ പു രാതനസംസ്കാരത്തെപ്പററി പഠിക്കാൻ തുടങ്ങിയതും ഊ ൎജ്ജസ്വലരായി വളരുവാൻ തുടങ്ങിയതും. അങ്ങിനെയാ ണ് വിവിധഭാഗങ്ങളായി പിരിഞ്ഞ ഒരു ദാൎശനികസ മ്പ്രദായം അവിടെ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതു്.

പൊതുവിൽ നോക്കുന്നപക്ഷം ചൈനക്കാരുടെ എ ല്ലാ ചിന്താഗതികളും ആവിൎഭവിച്ചിട്ടുള്ളതു് ചൌ സം സ്കാരത്തിൽനിന്നാണെന്നു് കാണുന്നു. എന്നാൽ സ്വാ ഭാവികമായി അവ വേൎതിരിയുകയും വ്യത്യസ്ഥമാൎഗ്ഗങ്ങ

ളിലൂടെ പുരോഗമിക്കുകയും പലപ്പോഴും അവയുടെ മാതൃസിദ്ധാന്തമെന്തെന്നു് അറിയുവാൻ സാധിക്കാത്തവിധത്തിൽ അവയ്ക്കു് മാറ്റം സംഭവിക്കുകയും ചെയ്തിട്ടുണ്ടു്. ചൈന ചിന്തകന്മാർ മിക്കപ്പോഴും പറയാറുള്ളതു് അവക്കു് ചിന്തിപ്പാനുള്ള പ്രചോദനം ലഭിച്ചതു് ഷാങ്ങു്, സിയ എന്നീ സംസ്കാരങ്ങളിൽനിന്നും പുരാതന ഋഷിരാജാക്കന്മാർ വാണിരുന്ന ഇതിഹാസകാലങ്ങളിൽനിന്നും ആയിരുന്നു എന്നാണു്. എന്നാൽ അക്കാലത്തെ തത്വശാസ്ത്രങ്ങളുടെ മൌലികസ്വഭാവം എന്തുതന്നെ ആയിരുന്നാലും ചൈന മണ്ണിലാണു് ആദ്യമായി അവ വേർ പിടിച്ചതു്. ചൈന ചിന്തകന്മാരാണു് അവയെ വളത്തിക്കൊണ്ടുവന്നതു്. ചൈന ബുദ്ധിയുടെ വെളിച്ചംതട്ടിയാണു് അവ പുഷ്പിക്കുവാനും കായ്ക്കുവാനും തുടങ്ങിയതു്.

മാസ്റ്റർ കങ്ങ് ചൈന സംസ്കാരത്തിൻെറ പ്രാതിനിദ്ധ്യം വഹിച്ചിരുന്നുവെങ്കിൽ പിന്നീടുണ്ടായവരെല്ലാം അതിൽനിന്നുതന്നെ പൊട്ടിമുളച്ചുവളൎന്നവരാണു്. ശക്തിയായും സമൃദ്ധമായും വളൎന്നുവന്ന പ്രസ്തുത ശാഖകൾ പ്രധാനകൊമ്പിനെ കാണാൻ സാധിക്കാത്തവിധത്തിൽ മറച്ചുകളഞ്ഞു. അങ്ങിനെ പ്രസ്തുത നവീനദാൎശനിക പ്രവണതകളെല്ലാം ചേൎന്നു് മാമൂൽപ്രിയമായ കങ്ങ് പ്രസ്ഥാനത്തെ തുരങ്കംവെയ്ക്കുവാൻവേണ്ടി ശ്രമിച്ചതു് എങ്ങിനെയാണെന്നും ചൈനയിലെ ചിന്താഗതിയിൽ ഉണ്ടായ അപ്രതിഹതമായ പരിവൎത്തനഘട്ടത്തിൽ അവതങ്ങളുടെ നേതൃത്വത്തിനുവേണ്ടി എന്തെല്ലാം ചെയ്തുവെന്നും മററുമുള്ള കഥ വളരെ രസാവഹമായിട്ടുള്ളതാണു്.

പ്രത്യയശാസ്ത്രപരമായ സമരം നടന്നുകൊണ്ടിരിക്കുന്ന ആധുനികകാലഘട്ടത്തോട് ഉപമിക്കാൻ സാധിക്കുന്ന ഒരു കാലമായിരുന്നു അതു്.

## സ്ത്രീകളുടെ വിജയം

അയഥാസ്ഥിതികപ്രസ്ഥാനങ്ങളിൽവെച്ച് ഏററവും വലുതു് ടെയോയിസ്റ്റ് പ്രസ്ഥാനമായിരുന്നു. അതിൻെറ സ്ഥാപകൻ ലയോടാൻ അഥവാ ലാവോട്സേ എന്നപേരിൽ അറിയപ്പെടുന്ന ഗുരുവാണു്. കങ്ങ്ച്യൂവിൻെറ സമകാലീനനും ഒരു വലിയ ദാർശനികനുമായിരുന്ന ലയോടാൻ പാരമ്പര്യമനുസരിച്ച് രാജകീയഗ്രന്ഥപ്പുരയുടെ സൂക്ഷിപ്പുകാരനായിരുന്നു. അദ്ദേഹം തലസ്ഥാനനഗരിയായ ലോവിൽ താമസിച്ചു. അക്കാലത്തെ ഏററവും വലിയ പണ്ഡിതനുമായിരുന്നു അദ്ദേഹം. കങ്ങ്ച്യൂ ലയോടാനിൻെറ സമീപത്തേയ്ക്കാണു് ധാർമ്മികകടങ്ങളെപ്പററി അന്വേഷിക്കാൻ പോയതെന്നു് മുൻപു പ്രസ്താവിച്ചിരുന്നുവല്ലൊ. അനാഡംബരമായ ജീവിതത്തേയും വിനയത്തേയുംകുറിച്ചുള്ള ഒരു പാഠവും പഠിച്ചുകൊണ്ടാണു് കങ്ങ്ച്യൂ അവിടെനിന്നു് തിരിച്ചുപോന്നതു്. ഔദ്യോഗികജീവിതത്തിൽനിന്നു് വിരമിച്ചതിനുശേഷം ലെയോടാൻ ചൌ തലസ്ഥാനത്തിൽനിന്നു് പടിഞ്ഞാറോട്ടു് അനിശ്ചിതമായി സഞ്ചാരംചെയ്തുവെന്നു് പറയപ്പെടുന്നു. അങ്ങിനെ യാത്രചെയ്യുമ്പോൾ അദ്ദേഹത്തെ അതിർത്തിയിൽവെച്ചു് തടഞ്ഞുനിർത്തിയെന്നും അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെ ലിപിബദ്ധമാക്കുവാൻ

വേണ്ടി അപേക്ഷിക്കപ്പെട്ടിരുന്നുവെന്നും പറയപ്പെടുന്നു. അപ്രകാരം 5000 വാക്കുകഠം അടങ്ങിയ ഒരു പുസ്തകം ലയോടാൻ എഴുതുകയുണ്ടായത്രെ. പ്രസ്തുത പുസ്തകം 'ടയോടേചിംങ്ങ്' അഥവാ ടയോ സിദ്ധാന്തസംഗ്രഹം എന്നപേരിൽ അറിയപ്പെട്ടു. ലോകദശ്നങ്ങളുടെ ഇടയിൽ ഏറ്റവും പ്രാമാണ്യമഹിയ്ക്കുന്ന ഒരു പുസ്തകമാണതു്.

മേൽപ്പറഞ്ഞ കഥയുടെ യാഥാത്ഥ്യത്തിൽ പലക്കും സംശയമുണ്ടു്. മഹത്തായ പ്രസ്തുത ഗ്രന്ഥത്തിൻെറ കാലത്തേയും ഗ്രന്ഥകത്താവിനേയുംകുറിച്ചു് വളരെ അഭിപ്രായവ്യത്യാസങ്ങഠം നിലകൊള്ളുന്നു. കങ്ങ്ഫ്യൂവും ലയോടാനുംതമ്മിൽ ലോവിൽവെച്ചു് കണ്ടുവെന്നു പറയപ്പെടുന്ന ചരിത്രരേഖയുടെ കാലത്തെ നോക്കുകയാണെങ്കിൽ 5000 വാക്കുകളിൽ ലയോടാൻ എഴുതിയതാണെന്നു് പറയപ്പെടുന്ന ആ ഗ്രന്ഥം സാമന്തകോയ്മകഠം തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്ന കാലത്തിൻെറ സൃഷ്ടിയാകുവാനേ തരമുള്ളുവെന്നു് നമുക്കു് കാണുവാൻ കഴിയും. ടെയോ സിദ്ധാന്തസംഗ്രഹത്തിൻെറ കാലമോ, കത്താവോ ആരോ ആയിക്കൊള്ളട്ടെ, ടെയോ ദശ്നത്തെക്കുറിച്ചുള്ള ഏറ്റവും നല്ല ഒരു പ്രാമാണികഗ്രന്ഥമാണു് അതെന്നുള്ളതിന്നു് സംശയമില്ല. സുവ്യവസ്ഥിതമായ ചിന്താഗതിയും സമ്പന്നമായ കല്പനാശക്തിയും അതിൽ നമുക്കു് ദശിക്കുവാൻകഴിയും. മാത്രമല്ല ഒരു കാവ്യത്തിൻെറ ലക്ഷണങ്ങളെല്ലാംതികഞ്ഞ അതു് സംഗീതമാധുയ്യം നിറഞ്ഞതുകൂടിയാണു്. തത്വശാസ്ത്രത്തെ അധികരിച്ചു് അങ്ങിനെയൊരു ഗ്രന്ഥം അക്കാലത്തു് നിമ്മിക്കപ്പെട്ടിട്ടില്ല.

രാജകീയഗ്രന്ഥപ്പുരയുടെ സൂക്ഷിപ്പുകാരനെന്നനില യ്ക്കു് പ്രശസ്തനായിത്തീൎന്ന ലെയോടാൻ വടക്കൻ ചൈന യിലെ ഒരു സ്റ്റേറ്ററിൽപ്പെട്ട ആളായിരുന്നുവെന്നാണു് ഊ ഹിക്കേണ്ടതു്. എന്നാൽ ടെയോസിദ്ധാന്തസംഗ്രഹ ത്തിൻെറ കൎത്താവു് ചൌസാമ്രാജ്യത്തിൽപ്പെട്ട യാങ്ങ് ട്സിസ് സ്റ്റേററുകാരനായ തെക്കൻചൈനക്കാരനാണെ ന്നു് കരുതേണ്ടിയിരിക്കുന്നു. ടെയോ പണ്ഡിതന്മാർ എ ല്ലാവരും അവിടുത്തുകാരായിരുന്നു. അതിനാൽ അതിൽ പ്രസ്താവിക്കപ്പെട്ട ടെയോ ആദൎശങ്ങൾ കങ്ങ്സിദ്ധാന്ത ങ്ങൾക്കു് നേരെ വിരുദ്ധമായിട്ടുള്ളതാണു്. കങ്ങ് പ്രസ്ഥാ നത്തിൽപ്പെട്ടവർ വടക്കുഭാഗത്തുള്ള മഞ്ഞനദിയുടെ സ മതലങ്ങളിലായിരുന്നു ജീവിച്ചിരുന്നതു്. അങ്ങിനെ ചൈ നീസ്ചിന്താഗതി രണ്ടു ധാരകളായി ഒഴുകി. ഒന്നു് കാല്പനികവും അലസവുമായിരുന്നുവെങ്കിൽ മറേറതു് ഊ ൎജ്ജസ്വലവും ആക്രമണകാരിയുമായിരുന്നു. വളരെ നൂ റാണ്ടുകളോളം ഇവ രണ്ടുംതമ്മിൽ ഏററുമുട്ടിക്കൊണ്ടു് മുമ്പോട്ടുപോയി. ഇന്നും അപ്രകാരംതന്നേയാണു്.

കങ്ങ് ച്യൂവിൻെറ ചിന്താഗതി ഇഹലോകത്തെ സംബന്ധിച്ചതായിരുന്നു. എന്നാൽ ലാവോട്സേ അ ഥവാ ലെയോടാൻ തികച്ചും പ്രാകൃതികവും സാമൂഹ്യവി രുദ്ധവുമായ ഒരു തത്വശാസ്ത്രത്തെയാണു് ആവിഷ്കരിച്ച തു്. തെക്കൻ ചൈന അക്കാലത്തു് ഏകാന്തവാസിക ളുടേയും പ്രകൃതിയാരാധകന്മാരുടേയും ഒരു കേന്ദ്രമായിരു ന്നു. അവരിൽ ചിലൎക്കു് യാത്രകൾക്കിടയിൽ കങ്ങ്ച്യൂ വിൻെറ സിദ്ധാന്തങ്ങളെപ്പററി പഠിയ്ക്കുവാൻ സന്ദൎഭം ല

ിച്ചു. അക്കാലത്തെ അനാരോഗ്യപ്രദമായ സാമൂഹ്യ വിരുദ്ധശക്തികൾക്കെതിരായി ഉയർത്തപ്പെട്ടിരുന്ന കൺഫ്യൂഷ്യവിൻെറ ശബ്ദം രാഷ്ട്രീയപരിഷ്കരണപദ്ധതികൾക്കും ചൌ യുഗത്തിലെ സംസ്കാരത്തിൻേറയും ആചാരത്തിൻേറയും നിലനില്പിന്നുംവേണ്ടി വാദിയ്ക്കുന്നതായിരുന്നു. ടെയോയിസ്റ്റുകൾ ഇതു് തീരെ ബുദ്ധിശൂന്യമായി കരുതി. അവർ മനുഷ്യലോകത്തിൽനിന്നു് അകന്നു് ജീവിയ്ക്കുന്നവരും പ്രകൃതിയെ ആരാധിയ്ക്കുന്നവരും നിരാഡംബരമായ ജീവിതം നയിച്ചിരുന്നവരും ആയിരുന്നു. അകർമ്മണ്യതയും ഏകാന്തതയുമാണു് അവരുടെ ജീവിതപ്രമാണമായിരുന്നതു്.

ടെയോയിസ്റ്റു് സിദ്ധാന്തമായ അകർമ്മണ്യത യാതൊന്നിലും ഇടപെടുവാൻ ആഗ്രഹിച്ചില്ല. ഒരു ജീവിതതത്വശാസ്ത്രമെന്നനിലയ്ക്കു് വ്യക്തികൾ അവരവരുടെ പ്രാകൃതികമായ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടു് ജീവിക്കണമെന്നും ശാരീരികമായ കർമ്മങ്ങളിൽ ശ്രദ്ധ പതിപ്പിക്കണമെന്നും അതു് ഉൽഘോഷിച്ചു. ഈ സിദ്ധാന്തം തന്നെ രാഷ്ട്രീയത്തോടു് ബന്ധപ്പെടുത്തുകയാണെങ്കിൽ അവർ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുവാൻ ആഗ്രഹിക്കാത്ത വ്യക്തിത്വസിദ്ധാന്തക്കാരാണെന്നു കാണാം. കാര്യക്ഷമമായി ഭരണം നടത്തുവാൻ എല്ലാവരേയും ഭരിക്കുക എന്ന സിദ്ധാന്തമല്ല അംഗീകരിക്കേണ്ടതെന്നു് സ്ഥാപിച്ചുകൊണ്ടു് ലാവോട്സേ തൻെറ അനുവാചകന്മാരെ ഇപ്രകാരം ഉൽബോധിപ്പിക്കുന്നു— "ഒരു ചെറിയ മത്സ്യം പൊരിക്കുന്നതുപോലെയായിരിക്കണം ഒരു വലിയ രാജ്യ

ത്തെ ഭരിക്കുന്നതു്'' ഈ വാചകത്തെ വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. ഒരു ചെറിയ മത്സ്യത്തെ പൊരിക്കുന്നതിന്നു് സമയവും സാമത്ഥ്യവും കാര്യമായി വേണ്ടതില്ലല്ലോ. അപ്രകാരംതന്നേയാണു് ഒരു വലിയ രാജ്യത്തിൻെറ ഭരണാധിപൻ ജനങ്ങളെ അവരുടെ ഇച്ഛക്കൊത്തവിധത്തിൽ ജീവിക്കുവാൻ അനുവദിക്കുകയാണെങ്കിൽ ഭരണം സുഗമവും സരളവുമായിത്തീരുന്നതു്. ഗവൎമ്മെണ്ടു് അവരുടെ ജീവിതത്തിൽ ഒരുതരത്തിലും ഇടപെടരുതു്. അദ്ദേഹം വീണ്ടും പറയുകയാണു്:—"ഞാൻ യാതൊന്നുംതന്നെ ചെയ്യുന്നില്ല. പക്ഷെ, ജനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. ഞാൻ ഏകാന്തജീവിതം ഇഷ്ടപ്പെടുന്നു. ജനങ്ങൾ ധാൎമ്മികബോധമുള്ളവരാണെന്നു് എനിക്കറിയാം. ഞാൻ യാതൊരുവ്യവസായത്തിലും ഇടപെടുന്നില്ലെങ്കിലും ജനങ്ങൾ സ്വയം സമ്പന്നരായിത്തീരുന്നുണ്ടു്. എനിക്കു് യാതൊന്നിനും ആഗ്രഹമില്ല. ജനങ്ങൾ സരളസ്വഭാവികളും നിരാഡംബരന്മാരുമാണെന്നു് എനിക്കു ബോദ്ധ്യമുണ്ടു്."

ടെയോ സിദ്ധാന്തസംഗ്രഹത്തിൽ ലാവോട്സേ അകൎമ്മണ്യതയുടെ പ്രാധാന്യത്തെപ്പററി മാത്രമല്ല പറഞ്ഞിട്ടുള്ളതു്. ഇല്ലായ്മയുടെ പ്രാധാന്യത്തെപ്പററിയും അദ്ദേഹം പറയുന്നുണ്ടു്. ഒരു മൺപാത്രത്തിൻെറ ഉൾഭാഗം ചക്രത്തിലെ ദ്വാരങ്ങൾ ഗൃഹാന്തൎഭാഗം എന്നിവ ശൂന്യമാണല്ലൊ. എന്നാൽ അവ ഏററവും ഉപയോഗമുള്ളതുമാണു്. അങ്ങിനെ ഇല്ലായ്മയിൽനിന്നാണു് ഉപയോഗം ഉണ്ടാവുന്നതു് എന്നു് അദ്ദേഹം സമത്ഥിക്കുന്നു. 'വസ്തു

ക്കളുടെ നിലനില്പ് ഒരു മുതൽക്കൂട്ടാണെങ്കിലും അവയുടെ ഇല്ലായ്മയാണ് നമ്മെ സേവിക്കുന്നത്" എന്ന സിദ്ധാന്തമാണ് അദ്ദേഹം അടിസ്ഥാനപരമായി അംഗീകരിച്ചിട്ടുള്ളത്. ഉലകം പൊള്ളയായിട്ടുള്ളതാണെങ്കിലും ഒരിക്കലും കുനിയുന്നില്ല. അത് പ്രവൎത്തിക്കുന്നോടത്തോളം ഫലം ചെയ്തുകൊണ്ടിരിക്കുന്നു. തന്നിമിത്തമാണ് ലാവോട്സേ പൎവ്വതപ്രാന്തങ്ങളിലെ ചൈതിന്യത്തെ പ്രശംസിച്ചതു്. ഉലയെപ്പോലെയുള്ള അവിടത്തെ ശൂന്യത ടെയോയിസ്റ്റ് ചിന്താഗതിയുടെ പ്രതീകമാണ്. അതിനാൽ പൎവ്വതപ്രാന്തത്തെ 'അജ്ഞാതയായ സ്ത്രീ' എന്നു വിളിക്കുന്നു. ജീവിതത്തിന്റെ മഹത്തായ ആദൎശത്തെ പ്രതിനിധീകരിക്കുന്ന ഒരു പേരാണതു്. സ്ത്രീ എല്ലാററിന്റേയും മാതാവാണ്. മൃദുലയും ദുൎബ്ബലയും വിനയാന്വിതയും ചഞ്ചലയുമായ അവൾ എല്ലാററിനേയും കീഴടക്കുന്നുമുണ്ടു്. ദൌൎബ്ബല്യം ബലത്തേയും മൃദുലത കാഠിന്യത്തേയും ജയിക്കുന്നു. വെള്ളത്തേപ്പോലെ ദുൎബ്ബലമായിട്ട് യാതൊന്നുമില്ല. എന്നാൽ കാഠിന്യമേറിയ ഒരു വസ്തുവെ അതിൽ കുത്തിയിറക്കി ആക്കുംതന്നെ അതിനെ ജയിപ്പാൻ സാദ്ധ്യമല്ല. പുരുഷനെ സ്ത്രീ ജയിക്കുന്നതു് ശാന്തയും കീഴടങ്ങുന്നവളും ആയതുകൊണ്ടാണ്. പ്രശാന്തമായ അവസ്ഥയും ആത്മാൎപ്പണവും ടെയോയിസ്റ്റ് സിദ്ധാന്തങ്ങളിൽ അതിപ്രാധാന്യംവഹിക്കുന്ന ഒന്നാണ്. ശാന്തമായ മനോഭാവം ടെയോ ആദൎശങ്ങളോട്ടു് അടുപ്പിക്കുകയും ആത്മാൎപ്പണം എല്ലാററിനേയും നേടിത്തരികയും ചെയ്യുന്നു.

ഇത്തരം ആദൎശങ്ങളിൽ അടിയുറച്ചു വിശ്വസിച്ചി

രുന്ന ടെയോയിസ്റ്റുകാർ സ്വാതന്ത്ര്യമായ ആത്മീയവികാസത്തെ പരമപ്രധാനമായി കരുതുകയും അതിനു തടസ്ഥമായിനില്ക്കുന്ന മാനുഷികമായ എല്ലാ പ്രസ്ഥാനങ്ങളേയും എതിക്കുകയും ചെയ്യുന്നതു് സ്വാഭാവികമാണല്ലോ. അതുകൊണ്ടു് മാനുഷികത്വം, ധമ്മപരായണത മുതലായ കൃത്രിമസിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതു് മനുഷ്യനെ അധഃപതിപ്പിക്കുവാൻമാത്രമേ പര്യാപ്തമാവുകയുള്ളുവെന്നു് ലാവോട്സേ സമത്ഥിക്കുകയും പ്രശാന്തത, വിനയം എന്നി ഗുണങ്ങളെ വളത്തിക്കൊണ്ടുവരുവാൻ ആഹ്വാനംചെയ്യുകയും ചെയ്തു. ലൌകികജീവിതത്തിലും ഭരണകാര്യങ്ങളിലും പങ്കെടുക്കുന്നതുകൊണ്ടു് മനുഷ്യൻെറ മൌലികമായ പ്രകൃതിക്കു് മാററം സംഭവിക്കുമെന്നും അതിനാൽ ഏററവും നിരാഡംബരമായ ജീവിതം നയിച്ചു് വ്യക്തിത്വം നിലനിത്തണമെന്നും അദ്ദേഹം നിദ്ദേശിച്ചു. അങ്ങിനെ പഠനത്തേയും ആചാരാനുഷ്ഠാനങ്ങളേയും തീരെ കൃത്രിമമായി തള്ളി അദ്ദേഹം സമുദായത്തിലെ 'സഭ്യനായ' മനുഷ്യൻ ആദശവിഹീനനും സവ്വാധിപതിയുമായ ഒരാളായിത്തീരുമെന്നു് പ്രവചിച്ചു. സമുദായത്തിലെ സഭ്യനായ മനുഷ്യൻ കൺഫ്യൂഷ്യവിൻെറ ആദശപുരുഷനാണ് എന്നുള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമാണു്.

കല, സംസ്കാരം തുടങ്ങിയ തൽക്കത്താക്കളെ അനശ്വരരാക്കിത്തീക്കുന്ന എല്ലാ പ്രവത്തനങ്ങളും അവസാനിപ്പിക്കണമെന്നു് ലാവോട്സേ അഭിപ്രായപ്പെടുന്നു. അവ പോററുവാൻവേണ്ടി എന്തും ചെയ്യുവാൻ സന്ന

ദ്ധരായ മനുഷ്യരെ സൃഷ്ടിക്കും. അത്രയും ചീത്തയായ ഒരു ദോഷം വേറെയില്ല. അറിവും ബുദ്ധിശക്തിയും അക്രമപ്രസക്തമായ പ്രവണതകളെ സൃഷ്ടിക്കുന്നു. മററു കൃത്രിമമായ ഗുണങ്ങളെപ്പോലെ അവയും വജ്ജ്യങ്ങളാണു്. തന്നിമിത്തം ജനങ്ങൾക്കു് വളരെയധികം നേട്ടങ്ങൾ ലഭിക്കും. ഇതിനെപ്പററി പറയുന്നതിന്നിടയിൽ ലാവോട്സേ ടെയോവും അറിവും തമ്മിലുള്ള വ്യത്യാസത്തെ ഇങ്ങിനെ വിശദീകരിക്കുന്നു:—"അറിവിൻെറ പിന്നാലെ പോകുന്ന ഒരാൾക്കു് ദൈനംദിനം അഭിവൃദ്ധിപ്പെടുവാൻ കഴിയുന്നു. ടെയോവിൻെറ പിന്നാലെ പോകുന്ന ആൾ ദിനംപ്രതി ക്ഷയിച്ചുവരികയാണു് ചെയ്യുന്നതു്. അങ്ങിനെ തുടച്ചയായി ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരാൾ അകമ്മന്യനായിത്തീരുകയും യാതൊന്നും ചെയ്യാതെത്തന്നെ എല്ലാം ചെയ്യുകയും ചെയ്യുന്നു. ലോകത്തെ കീഴടക്കുന്ന ഒരാൾ പലപ്പോഴും അങ്ങിനെ ചെയ്യുന്നതു് യാതൊന്നും ചെയ്യാതെയാണു്. എന്നാൽ ഒരാൾ എന്തെങ്കിലും ചെയ്യാൻ നിബ്ബന്ധിതനായിത്തീരുകയാണെങ്കിൽ ലോകം ആയാളുടെ മേൽക്കോയ്മയെ വകവെച്ചുകൊടുക്കുന്നു."

മേൽ ചേത്ത ലഘുവിവരണത്തിൽനിന്നു് ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. ലാവോട്സേയും കങ്ഫ്യൂചൃവും 'ടെയോ'വിനെപ്പററിത്തന്നെയാണു് പറഞ്ഞിട്ടുള്ളതെങ്കിലും പ്രസ്തുത വാക്കിൻെറ വ്യാഖ്യാനത്തിൽ അവർ തമ്മിൽ ധ്രുവങ്ങൾക്കുതമ്മിലുള്ള അന്തരമുണ്ടു്. മാസ്റ്റർ കങ്ങിൻെറ ടെയോ നീതിശാസ്ത്രപരവും നവീനജീവിത

മാഗ്ഗപ്രതിപാദകവുമാണെങ്കിൽ ടെയോയിസ്റ്റുകളുടേതു് ആദ്ധ്യാത്മികവും 'ടെ' എന്ന സ്വസത്തകളുള്ള നിരവധി കേവലവസ്തുക്കളെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു സിദ്ധാന്തവുമാണു്. കുറേക്കൂടി വിശദമായി പറയുകയാണെങ്കിൽ ലാവോട്സേയുടെ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള ടെയോ മാറിക്കൊണ്ടിരിക്കുന്ന വിശ്വത്തിൻെറ പ്രതിഭാസത്തിനു പിന്നിൽ നിത്യമായ ഒരു നിയാമകശക്തി പ്രവത്തിച്ചുകൊണ്ടിരിക്കുന്നതായി സിദ്ധാന്തിക്കുന്നു. തന്നിമിത്തമാണു് അതു് അലൌകികവും സവ്വവ്യാപകവും അനശ്വരവും അനന്തവും മൂലകാരണവും ആണെന്നു പറയപ്പെടുന്നതു്. പ്രസ്തുത ടെയോ പ്രകൃതിയെ അനുവത്തിക്കുന്നു. സ്വഗ്ഗവും ഭൂമിയും മനുഷ്യനും അതിനെ സ്വാഭാവികമായി പിൻതുടരുന്നു. അതുകൊണ്ടു് താഴെ പറയുന്ന ചൊല്ലുണ്ടായി:—"ടെയോവിൽനിന്നു് ഏകമായ ഒന്നുണ്ടാകുന്നു. ഒന്നിൽനിന്നു് രണ്ടും രണ്ടിൽനിന്നു് മൂന്നും മൂന്നിൽനിന്നു് ബഹുസഹസ്രവും വസ്തുക്കൾ ഉണ്ടാകുന്നു. അവയിൽപ്പെട്ട പുരുഷൻ സ്ത്രീയെ ആലിംഗനം ചെയ്യുന്നു. അങ്ങിനെ അവർ സംയോഗംചെയ്തു് നിസ്സാരമായ സുഖത്തിൽ മുഴുകുന്നു."

## സാവ്വലൌകികമായ സ്നേഹം

ടെയോയിസ്റ്റുകളായ ദാശ്നികന്മാർ പ്രകൃത്യോപാസകന്മാരും രഹസ്യവാദികളുമായിരുന്നു. എന്നാൽ അക്കാലത്തു് ചൈനീസ്തത്വശാസ്ത്രത്തിൻെറ മറെറാരു

ശാഖ ആവിഷ്ക്കരിക്കപ്പെട്ടു. മോട്ടി എന്ന മനുഷ്യനാണു് തൽസ്ഥാപകൻ. പ്രസ്തുത ദശനം ശ്രേഷ്ഠവും സാധാരണവുമായിട്ടുള്ളതാണു്. ലെയോടാനേപ്പോലെ മോട്ടിയുടെ ജീവിതവും അപ്രതിഭമായിരുന്നു. ചൈനീസ് വ്യാകരണനിയമപ്രകാരം മോ എന്ന പദം ദാശനികവഗ്ഗത്തെ സൂചിപ്പിക്കുന്നതല്ല. സമുദായത്തിലുള്ള കുററവാളികളെ സൂചിപ്പിക്കുന്നതാണതു്. അപ്രകാരംതന്നെ ട്ടി എന്ന പദം സൂചിപ്പിക്കുന്നതു് ശിക്ഷാവിധേയമാക്കപ്പെട്ടന്ന ഒരു പക്ഷിയുടെ തൂവലിനെയാണു്. അങ്ങിനെ ഹിംസ്രവഗ്ഗത്തിൽപ്പെട്ട ഒരു തത്വചിന്തകനെന്ന പ്രശസ്തിയാണു് നാട്ടിൻപുറക്കാരുടെ ഇടയിൽ ആയാൾക്കുണ്ടായിരുന്നതു്. വളരെക്കാലം മുമ്പുള്ള ഒരു സംഗതിയായതുകൊണ്ടു് ഇതു് എത്രമാത്രം ശരിയായിരിക്കുമെന്നു് പറയുക സാദ്ധ്യമല്ല. എന്നാൽ മോട്ടി സമുദായത്തിലെ താഴ്ന്നവഗ്ഗത്തിൽപ്പെട്ട ഒരാളായിരുന്നു എന്ന കാര്യം തീച്ചയാണു്. ഈ പ്രധാനപ്പെട്ട കാര്യത്തെ അനുസ്മരിച്ചിട്ടുവേണം മോട്ടിയുടെ തത്വശാസ്ത്രത്തിൻെറ ഉള്ളടക്കത്തെ പരിശോധിക്കുന്നതു്.

മോട്ടി ഏതുകാലത്തു് എവിടെ ജനിച്ചു എന്നതിനെപ്പററി നമുക്കു് യാതൊരു വിവരവുമില്ല. ആയാൾ ടസൂസുവിൻെറ സമകാലീനനും ബി. സി. അഞ്ചാംനൂററാണ്ടിൽ ജീവിച്ചിരുന്ന ആളും ആയിരുന്നുവെന്നുമാത്രം നമുക്കറിയാം. സങ്ങ്രാജവംശത്തിനുകീഴിൽ മോട്ടിക്കു് ഒരു ചെറിയ ജോലിയുണ്ടായിരുന്നുവെന്നും കിഴക്കുഭാഗത്തുള്ള ചി, ലൂ എന്നീ സ്റ്റേററുകൾ മുഴുവൻ ആയാൾ സഞ്ച

രിച്ചിട്ടുണ്ടെന്നും തെക്കുള്ള ചു സ്റ്റേറ്റിൽ ആയാൾ താമസിച്ചിട്ടുണ്ടെന്നും അവിടെവെച്ചാണ് മൃതിയടഞ്ഞിട്ടുള്ളതെന്നും പറയപ്പെടുന്നു.

മോട്ടി ആദ്യമായി കണ്ഫ് പ്രസ്ഥാനത്തിൽപ്പെട്ട ഒരു വിദ്യാലയത്തിൽ പഠിച്ചിരുന്നുവെന്ന് ഒരു ചരിത്രകാരൻ പറയുന്നു. എന്നാൽ കണ്ഫ് സിദ്ധാന്തങ്ങളിൽ ആയാൾക്ക് വിശ്വാസമില്ലാത്തതുമൂലം സ്വന്തമായ ഒരു പ്രസ്ഥാനത്തെ ആവിഷ്കരിച്ചു. ജൂ ദർശനത്തിൻെറയും മോ ദർശനത്തിൻെറയും അടിസ്ഥാനസിദ്ധാന്തങ്ങൾക്കു തമ്മിൽ വളരെ അന്തരമുണ്ടെങ്കിലും പ്രസ്തുത രണ്ടു ദർശനങ്ങൾക്കും പ്രചോദനം നല്കീട്ടുള്ളത് പുരാതന ഋഷിരാജാക്കന്മാരായിരുന്നു. എന്നാൽ മോട്ടി കണ്ഫ് ച്യൂവിനേക്കാൾ പിന്നോക്കം പോയിരുന്നു. സിയാസാമ്രാജ്യസ്ഥാപകനായ മഹാനായ യു ആയിരുന്നു ആയാളുടെ ആദർശപുരുഷൻ. പാശ്ചാത്യന്മാർ അദ്ദേഹത്തെ അറിയുന്നതു് ചൈനീസ് നോഹ എന്ന പേരിലാണ്. ഹിബ്രുവിലെ പ്രസിദ്ധനായ നോഹ ബ്രഹ്മപ്രളയത്തെ തരണംചെയ്തതായി പറയപ്പെടുന്നു. എന്നാൽ അദ്ദേഹത്തേക്കാൾ മഹാനായിരുന്ന യു അതിനെ അതിജീവിച്ചു. സാമ്രാജ്യത്തിൻെറ മദ്ധ്യഭാഗത്തുള്ള വിശാലമായ സമതലങ്ങളെ വെള്ളപ്പൊക്കത്തിൻെറ കെടുതിയിൽനിന്ന് അദ്ദേഹം രക്ഷിച്ചു. ഒട്ടേറെ വ്യാഴവട്ടങ്ങളോളം രാജ്യത്തെയാകമാനം വിഴുങ്ങിയിരുന്ന ജലത്തിൽനിന്ന് ജനങ്ങളെ മോചിപ്പിച്ച യു ചൈനീസ് ജനതയ്ക്കു് വമ്പിച്ച ഒരു സേവനമാണ് ചെയ്തതു്. അതുമാത്രമല്ല ത്യാഗിയും കർത്തവ്യപ

രായണനുമായ ഒരു വ്യക്തിയുംകൂടിയായിരുന്നു അദ്ദേഹം ജലവുമായി സമരം നടത്തിക്കൊണ്ടിരുന്ന അദ്ദേഹത്തിന്ന് പലപ്പോഴും വമ്പിച്ച ആപത്തുകളെ അഭിമുഖീകരിക്കേണ്ടിവന്നിരുന്നു. കാററും മഴയും ഏററുകൊണ്ട് അപകടംനിറഞ്ഞ പല സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിച്ചിരുന്നുവത്രെ.

ഐതിഹാസികനായ യൂ വിൻെറ ആദശംതന്നെയായിരുന്നു മോട്ടിക്കും ഉണ്ടായിരുന്നതു്. സമുദായത്തിൻെറ താഴ്ന്ന തലത്തിൽനിന്നു് ഉയൎന്നുവന്ന അദ്ദേഹത്തിൻെറ വൎഗ്ഗത്തിൻേറതായ ഒരു ജീവിതതത്വശാസ്ത്രമാണു് പഠിപ്പിച്ചതു്. കുലീനന്മാൎക്കുവേണ്ടിയുള്ള കണ്ഫ്യൂഷ്യവിൻെറയും ലാവോട്സേയുടേയും ദശനങ്ങൾക്കു് കടകവിരുദ്ധമായിരുന്നു അതു്. മോട്ടി പ്രസംഗിക്കുകമാത്രമല്ല ചെയ്തതു്, അതിയായ അച്ചടക്കത്തോടും ആത്മവിശ്വാസത്തോടുംകൂടിയ ഒരു ജീവിതം നയിക്കുകയും ചെയ്തിരുന്നു. അദ്ദേഹവും അദ്ദേഹത്തിൻെറ ശിഷ്യന്മാരും കീറിപ്പോളിഞ്ഞ ഉടുപ്പുകളും വൈയ്ക്കോൽച്ചെരുപ്പുകളും ധരിച്ച് സ്വവൎഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി രാവും പകലും അദ്ധ്വാനിച്ചു. അദ്ദേഹത്തിൻെറ ശിഷ്യന്മാർ ഇപ്രകാരം പറയാറുണ്ടായിരുന്നു:—"ഞങ്ങൾ ഇതു ചെയ്യുന്നില്ലെങ്കിൽ മഹാനായ യൂ വിൻെറ ആദശത്തെ പിൻതുടരുന്നവരാണെന്നു പറയുവാൻ അൎഹരായിരിക്കുകയില്ല. മോവിൻെറ അനുയായികളായിരിക്കുവാൻ ഞങ്ങൾ യോഗ്യരല്ലാതായിത്തീരുകയും ചെയ്യും." അങ്ങിനെ ആത്മത്യാഗത്തിനും സേവനത്തിനും കേൾവിപ്പെട്ട ഒരാൾ എന്ന്

ത്തിലല്ലായിരുന്നു മോട്ടി ഭാവിതലമുറകൾക്കിടയിൽ അറിയപ്പെട്ടിരുന്നതു്. അദ്ദേഹം മനുഷ്യസമുദായത്തിൻെറ നന്മക്കുവേണ്ടി എളിയ ജീവിതത്തെ സ്വയം വരിച്ചു.

ഒരു താഴ്ന്ന സമുദായത്തിൽപ്പെട്ട അംഗമായിരുന്നതുകൊണ്ടു് കുലീനരുടെ കലകളായ നൃത്തം, സംഗീതം, ചിത്രപ്പണികൾ മുതലായ കലകളിലൊന്നും മോട്ടിക്കു് അഭിരുചിയുണ്ടായിരുന്നില്ല. കുലീനന്മാരുടെ വിവാഹം, ശവസംസ്കാരം മുതലായ ചടങ്ങുകളിലെ ആചാരങ്ങളേയും ആരാധനാസമ്പ്രദായങ്ങളേയും മററും മോട്ടി അത്യധികം വെറുത്തിരുന്നു. കങ്ങ്ച്യൂവിന്നു് ഏററവും പ്രിയപ്പെട്ടതായിരുന്നു അവ. ദരിദ്രന്മാരുടെ ദാർശനികനായ മോട്ടിയെ സംബന്ധിച്ചേടത്തോളം അവ സമയത്തേയും ധനത്തേയും ദുർവ്യയം ചെയ്യുന്നതും സാധാരണക്കാരെ കൂടുതൽ കഷ്ടപ്പെടുത്തുന്നതുമായിരുന്നു. കുലീനരുടെ പ്രസ്തുത ആചാരക്രമങ്ങൾക്കു് സാധാരണക്കാർ ദേഹാദ്ധ്വാനമായും പണമായും സംഭാവന നല്കേണ്ടതുണ്ടു്. തൻെറ കാലത്തെ ആഡംബരപൂർണ്ണമായ സംസ്കാരാദികളെ എതിർത്തുകൊണ്ടു് മോട്ടി ഇപ്രകാരം എഴുതുന്നു:—"ഒരു സാധാരണക്കാരൻ മരിച്ചാൽ ശവസംസ്കാരത്തിന്നുവേണ്ടി വരുന്ന ഭാരിച്ച ചിലവു് കുടുംബത്തെ മുഴുവൻ പിച്ചപ്പാള എടുപ്പിക്കുന്നു. എന്നാൽ ഒരു രാജാവു് മരിക്കുകയാണെങ്കിൽ സ്വർണ്ണംകൊണ്ടും രത്നംകൊണ്ടും ഉണ്ടാക്കപ്പെട്ട ആഭരണങ്ങൾ ധരിപ്പിക്കുകയും കസവുള്ള പട്ടുകൊണ്ടു് ശരീരം മൂടുകയും മനോഹരമായ കുതിരവണ്ടിയിൽ കയററി ശവത്തെ സംസ്കാരസ്ഥലത്തേയ്ക്കു് ആനയിക്കുകയും

ചെയ്യുന്നു. നിരവധി വാദ്യക്കാരടങ്ങിയ ആഭാടപൂൎണ്ണമാ
യ ഒരു ഘോഷയാത്രയായിരിക്കും അതു്. ആനക്കൊമ്പു
കൾകൊണ്ടും ലോഹങ്ങൾകൊണ്ടും ഉണ്ടാക്കപ്പെട്ട പാത്ര
ങ്ങളും പട്ടുകളും അതിനെ വിലപിടിച്ച പലതും ശവ
ത്തോടൊപ്പം സംസ്കരിക്കപ്പെടുന്നു. ഇതെല്ലാംതന്നെ രാ
ഷ്ട്രത്തിൻെറ സമ്പത്തിനെ ധൂൎത്തടിക്കലാണു്."

രാജ്യമാസകലം പടൎന്നുപിടിച്ച ദാരിദ്ര്യം ഏററവും
വലിയ ഒരു ദോഷമാണെന്നും തന്നിമിത്തം ജനങ്ങൾക്കു്
വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്നും സ്വ
ൎഗ്ഗത്തിൽനിന്നുള്ള ഒരു ശാപമാണു് അതെന്നും മോട്ടി
അഭിപ്രായപ്പെടുന്നു. സാധാരണക്കാരൻെറ പ്രതിനിധി
യായ മോട്ടിയെ സംബന്ധിച്ചേടത്തോളം സ്വൎഗ്ഗമെന്ന
തു് പരമമായ ദിവ്യസൃഷ്ടിയാണു്. അതു മനുഷ്യനിൽ
അനിതരസാധാരണമായ സ്വാധീനശക്തി ചെലുത്തുന്നു.
അതിൻെറ അധീശത്വത്തെ വകവെച്ചുകൊടുക്കുകയും
അനുസരിക്കുകയും ചെയ്യേണ്ടതാണു്. അദ്ദേഹം പറയു
ന്നു:—"സ്വൎഗ്ഗീയമായ ഹൃദയം തീരുമാനിക്കുന്നതെല്ലാം
ശരിയായിരിക്കും. അതു നിഷേധിക്കുന്നതെല്ലാം തെററു
മാണു്." ഒരു തലനാരിഴപോലും സ്വൎഗ്ഗത്തിൻെറ സൃ
ഷ്ടിയാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. സൎവ്വജ്ഞനും
സൎവ്വശക്തനുമായ ആ അധിഷ്ഠാനമൂൎത്തി ലോകം മുഴുവൻ
നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെ കാണുകയും അറി
യുകയും ചെയ്യുന്നു. സൽക്കൎമ്മങ്ങൾക്കു പുണ്യവും ദുഷ്കൎമ്മ
ങ്ങൾക്കു ശിക്ഷയും നല്കുന്നു.

ജനങ്ങളുടെ ചിന്താഗതിയിൽനിന്നു് വളൎന്നുവന്ന

മോട്ടിയുടെ സിദ്ധാന്തങ്ങൾ അവക്കുവേണ്ടിയുള്ളതുതന്നെയായിരുന്നു. സവ്വജഗന്നിയന്താവും സവ്വശക്തനുമായ ഒരു ശാസകനേക്കാൾ വലുതായി മൂകലക്ഷണങ്ങൾക്കു യാതൊന്നുംതന്നെയില്ലല്ലോ. ലോകം മുഴുവൻ നിറഞ്ഞുകിടക്കുന്ന മനുഷ്യരാശിയുടെ നിയന്താവാണു് അതു്. മതപരമായ പ്രസ്തുത സിദ്ധാന്തത്തെ ആവിഷ്കരിച്ച മോട്ടി അന്ധനായ മതഭക്തനോ ഒരു പ്രത്യേക മതസ്ഥാപകനോ ആയിരുന്നില്ല. നേരേമറിച്ചു് ചൈനയിലെ പുരാതനമതത്തെ പുനരുദ്ധാരണംചെയ്കയാണു് അദ്ദേഹം ചെയ്തതു് കങ്ങ, ഫ്യൂവിനെപ്പോലെയും ലാവോട്ട്സേയേപ്പോലെയുമുള്ള ബുദ്ധിവാദികൾ അതിനെ സമുദായത്തിൽനിന്നു് നിരാകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ പ്രചരണങ്ങൾക്കെതിരായി മോട്ടി പ്രസ്തുതപുരാതനമതത്തെ നവീനമായ ഒരു ചട്ടക്കൂട്ടിലാക്കി ജനങ്ങളുടെ മുമ്പിൽവെച്ചു. അതിനുമുമ്പു് ആരുംതന്നെ അങ്ങിനെ ചെയ്തില്ല. മോട്ടി തന്റെ പ്രവത്തനത്തിൽ വിജയിച്ചിരുന്നു. മതത്തിന്റെ പേരിലാണു് അദ്ദേഹം തന്റെ സിദ്ധാന്തങ്ങളെ പ്രചരിപ്പിച്ചതു്. എന്നാൽ ഗുരു കങ്ങ് തികച്ചും മാനുഷികവും ലൗകികവുമായ അടിസ്ഥാനത്തിൽ തന്റെ സിദ്ധാന്തങ്ങളെ പ്രചരിപ്പിച്ചു.

മോട്ടിയുടെ തത്വശാസ്ത്രത്തിന്റെ മദ്ധ്യബിന്ദു സ്നേഹമായിരുന്നു. അതു പരമമായ സദാചാരവും വികാസയുക്തവും പ്രായോഗികമായി കങ്ങിന്റെ മനുഷ്യത്വത്തേക്കാൾ ഫലപ്രദവുമാണു്. കങ്ങിന്റെ അഭിപ്രായത്തിൽ മാനുഷികബന്ധങ്ങൾ ഒരുപോലെയുള്ളതല്ല. ഒരു വ്യക്തി

യുടെ അന്യരോടുള്ള മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു. സഹോദരനേയും അച്ഛനേയും സ്നേഹിക്കുന്നതു് വ്യത്യസ്ഥമായ രീതിയിലാണു്. സ്വന്തം അച്ഛനെ സ്നേഹിക്കുന്നതുപോലെ അയൽവക്കത്തുള്ള ഒരാളുടെ അച്ഛനെ സ്നേഹിക്കുക സാദ്ധ്യമല്ല. എന്നാൽ നാട്ടിൻപുറത്തുള്ള ജനങ്ങളുടെ ഇടയിൽനിന്നു വരുന്ന മോട്ടിക്കു് അവരുടെ പുരാതനമായ പാരമ്പര്യങ്ങളെപ്പററി നല്ലപോലെ അറിയാമായിരുന്നു. അതിനാൽ എല്ലാവരേയും ഒരുപോലെ സ്നേഹിക്കണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു. സാർവ്വലൌകികമായ പ്രസ്തുത സ്നേഹംമാത്രമേ അസ്വാസ്ഥ്യംനിറഞ്ഞ അന്നത്തെ ലോകത്തെ സമുദ്ധരിക്കുകയുള്ളുവെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ഓരോരുത്തരും അവനവനെ സ്നേഹിക്കുന്നതുപോലെ എല്ലാ മനുഷ്യരേയും സ്നേഹിക്കുകയാണെങ്കിൽ സമുദായത്തിലുള്ള എല്ലാ ക്ലേശങ്ങളും വിഷമങ്ങളും അവസാനിക്കുന്നതാണു്. മോട്ടി ഉന്നയിച്ച പ്രസ്തുത തത്വം കാലത്തിന്നു് ഏററവും യോജിച്ചതായിരുന്നു. തൻെറ അധീനത്തിലുണ്ടായിരുന്ന സർവ്വയുക്തിവാദങ്ങളുടേയും സഹായത്തോടുകൂടി അദ്ദേഹം അതു സ്ഥാപിക്കുവാൻ ശ്രമം നടത്തുകയും ചെയ്തു.

മോട്ടിയെപ്പോലെ സ്നേഹത്തിൻെറ പ്രവാചകനായ ഒരാളുടെ ഏററവും വലിയ ശത്രു വിദ്വേഷമായിരുന്നു. ഹിംസാധിഷ്ഠിതമായ വിദ്വേഷം! മനുഷ്യസമുദായത്തെ കൂട്ടത്തോടുകൂടി സംഹരിക്കുന്ന യുദ്ധത്തിലും വലിയ ഒരു ഹിംസ വേറെയില്ലല്ലോ. ചൈനീസ് ദാർശനികന്മാർ എല്ലാവരും യുദ്ധത്തിൻെറ വിരോധികളായിരുന്നുവെങ്കി

ലും മോട്ടി അതിനെ കൂടുതൽ ശക്തിമത്തായി എതിൎത്തു. അദ്ദേഹം യുദ്ധത്തിനെതിരായി മാത്രമായിരുന്നില്ല പ്രചാരണം നടത്തിയിരുന്നതു്. അതിൽനിന്നു് ഒരുപടികൂടി മുന്നോട്ടുപോയി. തൻെറ സിദ്ധാന്തങ്ങൾക്കു് പ്രായോഗികരൂപം നല്കുവാൻ അദ്ദേഹം ശ്രമിച്ചു. അങ്ങിനെ മോട്ടി തൻെറ അനുയായികളുടെ ഒരു സംഘടന സ്ഥാപിച്ചു. സൈന്യങ്ങളെപ്പോലെ അച്ചടക്കംതികഞ്ഞ ഒരു സംഘടനയായിരുന്നു അതു്. ആക്രമണപരമായ യുദ്ധങ്ങളെ തടുക്കുകയും അതിനു വിധേയരായവരെ രക്ഷിക്കുവാൻവേണ്ടി ആവശ്യമായി വരുന്നപക്ഷം മരിക്കുകയും ചെയ്വാൻ സന്നദ്ധതയുള്ള ഒരു സംഘമായിരുന്നു അതു്. ഒരിക്കൽ, ഒരു വലിയ സ്റ്റേററായ 'ച്യു' 'സാങ്ങ്' സ്റ്റേററിനെ ആക്രമിക്കുവാൻ ഒരുങ്ങുന്നുണ്ടെന്നു് മോട്ടിക്കു് വിവരം കിട്ടി. അങ്ങിനെ അദ്ദേഹം പത്തുദിവസം രാവും പകലും നടന്നു് ച്യു രാജാവിൻെറ അടുത്തുചെല്ലുകയും ആക്രമണസംരംഭത്തിൽനിന്നു് അദ്ദേഹത്തെ പിൻതിരിപ്പിക്കുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യുകയുംചെയ്തു. അതേ അവസരത്തിൽതന്നെ തൻെറ സമാധാനദൌത്യം പരാജയപ്പെട്ടേയ്ക്കുമോ എന്ന ആശങ്കയാൽ അദ്ദേഹം തൻെറ വിദഗ്ദ്ധന്മാരായ മുന്നൂറു ശിഷ്യന്മാരെ ആയുധങ്ങളോടുകൂടി ആക്രമണത്തെ എതിരിടുവാൻ ഒരുക്കിനിൎത്തുകയുംചെയ്തു. എന്നാൽ പ്രസ്തുത മുൻകരുതലുകളുടെ ആവശ്യം നേരിടുകയുണ്ടായില്ല.

സമരസന്നദ്ധവും ശാന്തിപ്രിയവുമായ മോ പ്രസ്ഥാനത്തിൻെറ പാരമ്പൎയ്യം ചൌ സാമ്രാജ്യത്തിൻെറ തകൎച്ച

വരെ നിലകൊണ്ടിരുന്നു. മോട്ടിയുടെ ജീവിതകാലത്തു് മനുഷ്യസമുദായത്തിൻെറ നന്മയ്ക്കുവേണ്ടി ജീവാർപ്പണം ചെയ്യുന്നതിനു് സന്നദ്ധരായ നിരവധി അനുയായികഠം അദ്ദേഹത്തിനുണ്ടായിരുന്നു. അതേ ആവേശത്തോടും അച്ചടക്കത്തോടുംകൂടി മോട്ടിയുടെ മരണാനന്തരവും പ്രസ്തുത സംഘടന നിലകൊണ്ടു. ജനങ്ങളിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ട ഒരു മഹാനായിരുന്നു അതിനെ നിയന്ത്രിച്ചിരുന്നതു്. അങ്ങിനെ സാമന്തകോയ്മകഠം തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്ന കാലത്തു് മോ പ്രസ്ഥാനം അഭിവൃദ്ധിപ്പെട്ടുവന്നു. സൈനികസംഘടനകഠംക്കുള്ള പദവി അവക്കുമുണ്ടായിരുന്നു. പ്രസ്തുത സംഘടന പരസ്യമായ ആക്രമണങ്ങളിൽ പങ്കെടുത്തിരുന്നില്ലെങ്കിലും ചൌ സാമ്രാജ്യത്തിനു് ഒരു ഭീഷണിയായി അതു് നിലകൊണ്ടു. എന്നാൽ കങ്ങ്പണ്ഡിതന്മാരെ ഏററവും അരിശംപിടിപ്പിച്ചതു് മോ പ്രസ്ഥാനത്തിൻെറ അയഥാസ്ഥിതിക സിദ്ധാന്തങ്ങളുടെ പ്രചരണമായിരുന്നു. അതിൻെറ നിഗൂഢപ്രവത്തനങ്ങളെപ്പററി അവർ അത്ര കാര്യമായി ചിന്തിച്ചില്ല. അങ്ങിനെ രണ്ടു പ്രസ്ഥാനങ്ങളും തമ്മിൽ ഭയങ്കരമായ ഒരു വടംവലി നടന്നു തീവ്രമായ വാദപ്രതിവാദങ്ങഠംകൊണ്ടും പ്രത്യയശാസ്ത്രപരമായ കുററാരോപണങ്ങഠംകൊണ്ടും തൃപ്തിപ്പെടാതെ മോ പ്രസ്ഥാനക്കാർ ആചാരശാസ്ത്രജ്ഞന്മാരെ ജ്ഞ അഥവാ ദുർബ്ബലന്മാർ എന്നും ആചാരശാസ്ത്രക്കാർ മോ പ്രസ്ഥാനക്കാരെ കുററവാളികഠം എന്നും വിളിച്ചുതുടങ്ങി. കങ്ങ്പ്രസ്ഥാനക്കാർ വളരെ സാവധാനത്തിൽമാത്രമേ തങ്ങളുടെ കാമനപ്പേരിനെ

അംഗീകരിച്ചുള്ളു. എന്നാൽ മോഹിസ്റ്റുകളാകട്ടെ അതിവേഗത്തിൽ അംഗീകരിച്ചു. അവർക്ക് തങ്ങളുടെ ഗുരുവിനെ വലിയ ബഹുമാനമായിരുന്നു. സമുദായത്തിലെ താണപടിയിൽനിന്നു് ഉയർന്നുപൊന്തിയ അദ്ദേഹം അവരുടെ ഗുരുവും പ്രവാചകനും പ്രതിനിധിയുമായിരുന്നു. മാത്രമല്ല ഒരു വലിയ തത്വശാസ്ത്രത്തിൻെറ മഹാനായ സ്ഥാപകനുംകൂടിയായിരുന്നു അദ്ദേഹം.

## ഇന്ദ്രിയസുഖലോലുപത

മോട്ടിയുടെ പേരിനോടൊന്നിച്ച് പറയപ്പെടുന്ന യാങ്ചു എന്ന മറെറാരു ദാർശനികനും അക്കാലത്ത് ജീവിച്ചിരുന്നു. അദ്ദേഹം ഒരു അഹംമന്യതാവാദിയായിരുന്നു. മോഹിസ്റ്റുകളും യാങ്ചു പ്രസ്ഥാനക്കാരും കങ്ങ്പണ്ഡിതന്മാരുടെ പൊതുശത്രുക്കളായിരുന്നുവെങ്കിലും അവർ രണ്ടുപേരുടേയും ആദർശങ്ങൾക്കു് മൗലികമായ വ്യത്യാസമുണ്ടായിരുന്നു. മോട്ടിയുടെ സാർവ്വലൌകികമായ സ്നേഹത്തിന്നു വിരുദ്ധമായി യാങ്ചു ആത്മസ്നേഹത്തേയും ഇന്ദ്രിയസുഖലോലുപതയേയും പ്രചരിപ്പിച്ചു. യാങ്ചു മാത്രമേ അത്തരത്തിലുള്ള ഒരു തത്വജ്ഞാനിയായിട്ടുണ്ടായിരുന്നുള്ളു. എന്നാൽ അക്കാലത്തെ ദർശനങ്ങളിൽപ്പെട്ട ടെയോയിസ്റ്റുകളോടായിരുന്നു അദ്ദേഹത്തിന്നു് ഏററവും അടുപ്പമുണ്ടായിരുന്നതു്. അവർ രണ്ടുകൂട്ടരുടേയും ജീവിതവീക്ഷണത്തിൽ സദാചാരത്തിന്നു് സ്ഥാനമുണ്ടായിരുന്നില്ല. മരണത്തെ വിധിവിഹിതമായി വിശ്വസിച്ചിരുന്ന അവർ ലൌകികകാര്യങ്ങളിൽനി

നു വിട്ടു ജീവിച്ചുപോന്നു. യാങ്ങ്ചു ഒരിക്കൽ ലാവോ ട്സേയുമായി കണ്ടിരുന്നുവെന്നു് പറയപ്പെടുന്നു. ടെയോയിസ്റ്റ് സ്ഥാപകന്റെ അഭിപ്രായങ്ങളോടുള്ള അടുപ്പത്തെയാണു് അതു കാണിക്കുന്നതു്. എന്നാൽ പ്രസ്തുത ഉപാഖ്യാനം അവർ സമകാലീനരായിരുന്നു എന്നുള്ളതിന്നുള്ള തെളിവല്ല. ബി. സി. 4-ാംനൂററാണ്ടിൽ വടക്കൻ സ്റ്റേററായ വീ യിൽ ഹ്യൂയി (370-319) രാജാവു് ഭരണം നടത്തുന്ന കാലത്തു് ജീവിച്ചിരുന്ന ആളായിരുന്നു യാങ്ങ്ചു എന്നു വിശ്വസിക്കുവാൻ ആധുനികചരിത്രകാരന്മാർ തെയ്യാറില്ല. അക്കാലത്തുണ്ടായിരുന്ന ദാശ്നികന്മാരേപ്പോലെ അദ്ദേഹവും പ്രസംഗപരമ്പരകഠം നടത്തി സഞ്ചരിച്ചിരുന്നുവത്രെ. പ്രസ്തുത പ്രസംഗങ്ങഠം ജനങ്ങളെ അത്യധികം ആകഷിച്ചിരുന്നുവെന്നു പറയപ്പെടുന്നു.

ഇത്തരം ചില വസ്തുതകഠംമാത്രമേ ചൈനീസ് എപ്പിക്യൂറിയൻ ഭൌതികവാദിയായ അദ്ദേഹത്തെപ്പററി നമുക്കറിവുള്ളു. അദ്ദേഹത്തിന്റെ ദശ്നമെന്നപേരിലറിയപ്പെടുന്നതു് ലീട്സു എന്ന ടെയോ ഗ്രന്ഥത്തിലെ ഒരദ്ധ്യായം മാത്രമാണു്. മാത്രമല്ല പ്രസ്തുത അദ്ധ്യായത്തെ വിശ്വാസയോഗ്യമായി കരുതാമോ എന്ന കാര്യത്തിലും സംശയമുണ്ടു്. യാങ്ങ്ചുവിന്റെ സിദ്ധാന്തങ്ങഠം മുഴുവൻ അതിലടങ്ങീട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അതുകൊണ്ടു് ഒരു കാര്യമാണു് നമുക്കു് ചെയ്യാൻ കഴിയുന്നതു്. ലഭ്യമായിട്ടുള്ള രേഖയുടെ അടിസ്ഥാനത്തിൽ യാങ്ങ്ചുവിന്റെ തത്വശാസ്ത്രമെന്തായിരുന്നുവെന്നു് പരിശോധിക്കുക. അ

ങ്ങിനെ പുരാതനചൈനീസ്ദശ്ശനങ്ങളിൽ അതിനുണ്ടായിരുന്ന സ്ഥാനത്തെ നിൎവ്വചിക്കുവാൻ കഴിയും.

യാങ്ങ്ചുവിൻെറ ദശ്ശനത്തിൻെറ സാരാംശം ഇതാണ്. ഈ ലോകത്തിൽ മനുഷ്യൻെറ ജീവിതകാലം പരിമിതമാകുന്നു. അതിൽ ഒരു വലിയ ഭാഗം ശിശുപ്രായമായും വാദ്ധക്യമായും ദീഘനിദ്രയായും കഴിഞ്ഞുപോകുന്നു. ബാക്കിയുള്ള കാലത്തെ ഏററവും ഫലപ്രദമായി ഉപയോഗപ്പെടുത്തണം. പേരും പെരുമയും പുറമേയ്ക്കുള്ളതു മാത്രമാണ്. ജീവിതത്തിന്നു സൌഖ്യവും സംതൃപ്തിയും നല്കുന്നതിന്നു ഇന്ദ്രിയസുഖാനുഭവങ്ങൾ മാത്രമേ പര്യാപ്തമായിട്ടുള്ളു. സുഖമായ ഭക്ഷണം കഴിക്കുകയും വിശേഷപ്പെട്ട ഉടുപ്പുകൾ ധരിക്കുകയും സംഗീതത്തേയും സൌന്ദൎയ്യത്തേയും ആസ്വദിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമേ മനസ്സിന്നു ആനന്ദം ലഭിക്കുകയുള്ളു. ജീവിതത്തിന്നു യഥാത്ഥത്തിൽ ഉത്തേജനം നല്കുന്നതു ഇവയാണ്. നമുക്ക് സുഖമായ ഭക്ഷണം കഴിക്കുക; ആനന്ദത്തോടുകൂടി ജീവിക്കുക; കണ്ണിനേയും ചെവിയേയും കുളൎപ്പിക്കുക; ഭൃത്യന്മാരേയും യുവതികളേയും സമ്പാദിക്കുക; സംഗീതവും മദ്യവും ആസ്വദിക്കുക; പകൽസമയം അപര്യാപ്തമാണെങ്കിൽ രാത്രികാലങ്ങളിലും ആനന്ദോത്സവം കൊണ്ടാടുക.

ജീവിതത്തെ സംബന്ധിച്ച തൻെറ അഭിപ്രായത്തെ വ്യക്തമാക്കുന്നതിന്നായി യാങ്ങ്ചു സന്തുഷ്ടരായ രണ്ടു ഭോഗാസക്തന്മാരുടെ കഥ പറയുന്നു. ചെങ്ങ് സ്റ്റേററിലെ സുപ്രസിദ്ധനായ ഒരമാത്യൻെറ സഹോദരന്മാരാണവർ. അദ്ദേഹം കങ്ങ്പ്രസ്ഥാനത്തിൽ അതിയാ

യി വിശ്വസിച്ചിരുന്ന ആളായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാർ അതിനു് നേരെ വിപരീതസ്വഭാവമുള്ളവരാണു്. ജ്യേഷ്ഠൻ വിനോദപ്രിയനും ഭയങ്കരകുടിയനുമാണു്. ആയാളുടെ ഗൃഹത്തിൽ ആയിരം വീപ്പകളിൽ വൈൻ നിറച്ചുവെച്ചിട്ടുണ്ടു്. മദ്യഗന്ധം വമിക്കുന്ന ബീജങ്ങളും സൂക്ഷിച്ചുവെച്ചിട്ടുണ്ടു്. അതിനാൽ പ്രസ്തുത ഗൃഹത്തിന്റെ നൂറടി അപ്പുറത്തുകൂടി പോകുന്ന യാത്രക്കാരെപ്പോലും മദ്യഗന്ധം സ്വാഗതം ചെയ്തിരുന്നു. അനുജനാകട്ടെ ഒരു വലിയ സ്ത്രീജിതനായിരുന്നു. ആയാൾ അതിസുന്ദരിയായ ഒരു യുവതിയുമായി രാവും പകലും ക്രീഡിച്ചുവന്നു. മദ്യപാനം മുറയ്ക്കു നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. സദാചാരനിരതനായ ടസൂചാൻ (അമാത്യൻ) തന്നിമിത്തം വളരെ അസ്വസ്ഥനായിത്തീൎന്നു. ഒരു ദിവസം ആയാൾ ശുന്റിയെടുത്തു് സഹോദരന്മാരെ ശാസിച്ചു. അപ്പോൾ അവർ വളരെ സൌമ്യഭാവത്തിൽ ആയാളോടു് ഇപ്രകാരം പറഞ്ഞു:—“മററുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടിയാണു് നിങ്ങൾ സഭ്യതയേയും സദാചാരത്തേയും വിലമതിക്കുന്നതു്. അങ്ങിനെ സ്വന്തം ഉയൎച്ചയ്ക്കുവേണ്ടി നിങ്ങൾ നിങ്ങളുടെ പ്രകൃതിയോടു് വലിയ ഹിംസയാണു് പ്രവൎത്തിക്കുന്നതു്. ഞങ്ങളെസംബന്ധിച്ചേടത്തോളം അതു മരണത്തെക്കാൾ ഭയാനകമാണു്. ഞങ്ങൾ ഇഹലോകത്തിലെ സുന്ദരവസ്തുക്കളെ തികച്ചും ആസ്വദിക്കുവാൻ ആഗ്രഹിക്കുന്നു. ഇന്നു നിലവിലുള്ള സൎവ്വസുഖങ്ങളും ഞങ്ങൾക്കനുഭവിക്കണം. വയർ നിറയെ തിന്നുകുടിച്ചു് കൂത്താടി

മദിക്കണം ഞങ്ങൾക്ക്. മദിരാക്ഷികളുമായി മതിവരുവോളം ക്രീഡിക്കണം. അശുഭകരങ്ങളായ കാര്യങ്ങളേയും ആപത്തുകളേയുംപററി ചിന്തിപ്പാൻ ഞങ്ങൾക്കു സമയമില്ല. അതുകൊണ്ട് നിങ്ങൾ ഞങ്ങളോട് വാദിക്കാൻ വരുന്നതും ഞങ്ങളെ ശല്യപ്പെടുത്തുന്നതും വഴിതെററിക്കാൻവേണ്ടിമാത്രമാണ്. ഭരണാധിപനായ നിങ്ങൾ പ്രശസ്തിയുടെ പ്രലോഭനങ്ങൾകൊണ്ട് അങ്ങിനെ പലരേയും വഴിതെററിക്കുന്നു. തികച്ചും ലജ്ജാവഹവും നിന്ദ്യവുമായ ഒരു പ്രവത്തിയാണതു്."

കങ്ങ് പണ്ഡിതന്മാരെ സംബന്ധിച്ചേടത്തോളം ഇത്തരം ഉപദേശങ്ങൾ ചെകിടത്ത് അടികൊള്ളുന്നതുപോലെയാണ്. എന്നാൽ അവരെ ഏററവുമധികം വേദനിപ്പിച്ചതു് കങ്ങ് ച്യൂ, ഷൻ, യ്യൂ മുതലായ പുരാതന രാജഋഷികൾ ചൌ രാജാവു് എന്നിവരെപ്പററി യാങ്ങ് ച്യൂവിൻെറ അസഭ്യമായ ഭാഷയിലുള്ള ശകാരമായിരുന്നു. ഇവർ നാലുപേരും മഠയന്മാരും പ്രശസ്തിക്കുവേണ്ടി ജീവിതം പാഴാക്കിയവരുമാണെന്നു് യാങ്ങ് ച്യൂ കുററപ്പെടുത്തുന്നു. പക്ഷേ എന്താണ് പ്രശസ്തിയെന്നാൽ എന്നു് അദ്ദേഹം ചോദിക്കുന്നു. നീർപോളപോലെ പൊട്ടിത്തകൻന്നുപോകുന്ന അതിനേക്കൊണ്ട് ആരാണ് സുഖമനുഭവിച്ചിട്ടുള്ളതു്? അവർ പ്രശംസിക്കുന്ന സദാചാരവും ഒരു വഞ്ചന മാത്രമാണ്. ബാഹ്യവും അനാവശ്യവും ഫലശൂന്യവുമാണ്. അങ്ങിനെ പ്രാചീനമായ എളിയ ജീവിതത്തെ അംഗീകരിക്കാത്ത യാങ്ങ് ച്യൂ ടെയോയിസ്റ്റ് സിദ്ധാന്തങ്ങളേയാണ് അനുവത്തിച്ചിരുന്നതെങ്കിലും ടെ

യോയിസത്തിൻെറ ധാൎമ്മികപ്രവണതയെ അതിലംഘിച്ചുകൊണ്ടു് പ്രകൃതിയെ സ്വാതന്ത്ര്യമായി വളൎത്തുകയും സമ്പൂൎണ്ണമായി തൃപ്തിപ്പെടുത്തുകയും ചെയ്യണമെന്ന ആശയത്തെ പ്രചരിപ്പിച്ചു. സമൃദ്ധവും ഇന്ദ്രിയസുഖലോലുപവുമായ ഒരു ജീവിതം നയിച്ച ലമ്പടനായ ഒരു കുലീനനായിരുന്നു യാങ്ങ്ചു. മോട്ടിയുടെ ത്യാഗനിഷ്ഠയേയും കൺഫ്യൂഷ്യവിൻെറ ധാൎമ്മികപ്രയത്നങ്ങളേയും അദ്ദേഹം കഠിനമായി എതിൎത്തു. അവർ തമ്മിൽ യോജിപ്പാൻ കഴിയാത്തതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. അതിനാൽ കൺഫ്യൂഷ്യവിൻെറ അനുയായികൾ യാങ്ങ്ചുവിനേയും മോട്ടിയേയും ഒരുപോലെ എതിൎത്തുവന്നിരുന്നു.

## ഒരു പൂമ്പാററയുടെ സ്വപ്നം

യാങ്ങ്ചു വിഷയാസക്തനായ ഒരു ദാൎശനികനാണെങ്കിൽ ടെയോയിസ്റ്റ് തത്വചിന്തകനായ ചാങ്ങ്ചൌ കാല്പനികനായ ഒരു രഹസ്യവാദിയാണു്. ബി. സി. 4-ാം നൂററാണ്ടിലായിരുന്നു അദ്ദേഹം ജീവിച്ചിരുന്നതു്. അദ്ദേഹം വിചിത്രമായ ഒരു പ്രസ്ഥാനത്തെ ആവിഷ്ക്കരിച്ചു. ഏററവും പ്രതിഭാസമ്പന്നനായ ഒരു വ്യക്തിയായിരുന്നു ചാങ്ങ്ചൌ. ഭാവനാസമ്പന്നനും ഹാസരസയുക്തനുമായ അദ്ദേഹം തൻെറ ആശയങ്ങളെ മനോഹരമായ ഉപമകൾകൊണ്ടും ഹൃദയസ്പൃക്കായ ഉപാഖ്യാനങ്ങൾകൊണ്ടും ആയിരുന്നു പ്രകാശിപ്പിച്ചിരുന്നതു്. അതാണു് അദ്ദേഹത്തെ അനശ്വരനാക്കിത്തീൎത്തതും. തന്നിമിത്തം അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി വളരെ

യൊന്നും അറിയുവാൻ കഴിയുന്നില്ലെങ്കിലും മററു ദാർശനികന്മാരെ അപേക്ഷിച്ച് ചാങ്ങ് ചൌവിനോട്ട് നമുക്ക് കൂടുതൽ അടുപ്പം തോന്നിപ്പോകുന്നു. അദ്ദേഹമെഴുതിയ ഓരോ വരിയും അത്യാകർഷകവും ഹൃദയസ്പൃശിയുമാണ്.

ഒരു വലിയ കാഥികനായിരുന്ന ചാങ്ങ് ചൌ നിരവധി സരസകഥകളുടെ കേന്ദ്രവുംകൂടിയായിരുന്നു. വശ്യഭാവാത്മകമായ അദ്ദേഹത്തിൻെറ ജീവിതം അതിന് സാക്ഷ്യം വഹിക്കുന്നു. ഒരു കഥയിൽ ഇങ്ങിനെ പറയുന്നു:— ചാങ്ങ് ചൌ പോ നദിയിൽ മത്സ്യം പിടിക്കുകയാണ്. അപ്പോൾ ച്യൂ രാജാവിൻെറ രണ്ടു സന്ദേശവാഹകന്മാർ അവിടെ വരുന്നു. അദ്ദേഹത്തെ പ്രധാനമന്ത്രിയായി നിശ്ചയിച്ചുകൊണ്ടുള്ള സന്ദേശവുമായിട്ടാണ് അവർ വന്നിട്ടുള്ളത്. പക്ഷേ ചാങ്ങ് ചൌ അത് സ്വീകരിച്ചില്ല. ചളിയിൽ പുരണ്ട് ഉള്ളിലോട്ട് തല വലിച്ച് കഴിഞ്ഞുകൂടുന്ന ഒരു ആമയായി ജീവിക്കുന്നതാണ് രാജകൊട്ടാരത്തിൽവെച്ചിട്ടുള്ള സ്വർണ്ണക്കൂട്ടിൽ ചത്ത ഒരു ആമയായി ജീവിക്കുന്നതിനേക്കാൾ ഭേദമെന്ന് അദ്ദേഹം അവരോട്ട് പറഞ്ഞയച്ചു. ചാങ്ങ് ചൌ ഗർജ്ജിച്ചു:—"നിങ്ങൾ ഉടനെ പോകണം. ഞാൻ എൻെറ തല ചളിയിൽ പൂഴ്ത്തുവാൻ പോകയാണ്."

ചാങ്ങ് ചൌതന്നെ പറഞ്ഞിട്ടുള്ള ഒരു കഥയാണ് ഏററവും രസകരമായിട്ടുള്ളത്. അദ്ദേഹം പറയുന്നു:—"ഒരിക്കൽ ഞാൻ ഒരു പൂമ്പാററയായി അങ്ങുമിങ്ങും പറന്നു കളിക്കുന്ന ഒരു സ്വപ്നം കാണുകയുണ്ടായി.

ഒരു പൂമ്പാററയുടെ ആനന്ദമെന്തെന്നു മാത്രമായിരുന്നു എനിക്കപ്പോഠം ബോധമുണ്ടായിരുന്നതു്. ഞാൻ ചാങ്ങ്ചൌ ആണെന്ന വിചാരമേ ഉണ്ടായിരുന്നില്ല. പെട്ടെന്നു് ഞാൻ ഉണൎന്നു. അപ്പോഠം ഞാനുണ്ടു് അവിടെ. എൻെറ എല്ലാ ലക്ഷണങ്ങളും തികഞ്ഞ ഞാൻതന്നെ. അപ്പോഠം ഒരു പൂമ്പാററയാണെന്നു് സ്വപ്നം കാണുന്ന ഞാൻ മനുഷ്യനാണോ എന്നു് എനിക്കു് അറിവുണ്ടായിരുന്നില്ല. മാത്രമല്ല ഒരു മനുഷ്യനാണെന്നു് സ്വപ്നം കാണുന്ന ഒരു പൂമ്പാററയാണോ ഞാൻ എന്നും എനിക്കറിവുണ്ടായിരുന്നില്ല."

സ്വപ്നങ്ങളെ സംബന്ധിച്ചു് ചാങ്ങ്ചൌവിന്നു് വളരെയധികം പറയുവാനുണ്ടായിരുന്നു. അദ്ദേഹം എഴുതുന്നു:—"രാത്രിസമയത്തു് ഒരു വിരുന്നുസല്ക്കാരത്തെക്കുറിച്ചു് സ്വപ്നംകാണുന്ന ആഠം പിറേറന്നു രാവിലെ കഠിനമായി ദുഃഖിക്കുകയും വിലപിക്കുകയും ചെയ്യുമെന്നു് പറയപ്പെടുന്നു. ദുഃഖിക്കുകയും വിലപിക്കുകയും ചെയ്യുന്നതായി സ്വപ്നം കാണുന്ന ഒരാഠം രാവിലെ നായാട്ടിന്നു പോകുമത്രെ. എന്നാൽ ഒരു മനുഷ്യൻ സ്വപ്നം കാണുമ്പോഠം താൻ സ്വപ്നംകാണുകയാണെന്ന ബോധം ആയാഠക്കുണ്ടായിരിക്കുകയില്ല. പ്രസ്തുത അവസരത്തിൽ ഒരു സ്വപ്നത്തെപ്പററി വിഭാവനംചെയ്യുവാനും ആയാഠക്കു സാദ്ധ്യമല്ല. ഉണൎന്നതിനുശേഷംമാത്രമേ അതൊരു സ്വപ്നമായിരുന്നുവെന്നു് ആയാഠം അറിയുന്നുള്ളു. ക്രമേണ മഹത്തായ ഉണൎച്ച ഉണ്ടാവുന്നു. അപ്പോഠംമാത്രമാണു് ജീ

വിതമെന്നതു് ഒരു വലിയ സ്വപ്നമായിരുന്നു എന്നു് നാം അറിയുന്നതു്."

ജീവിതം ഒരു സ്വപ്നത്തെപ്പോലെ ക്ഷണഭംഗുരമാണെങ്കിൽ മരണവും അപ്രകാരംതന്നെയാണു്. നാം അത്യധികം സൂക്ഷ്മതയോടുകൂടി അവയെ അപഗ്രഥനംചെയ്തുനോക്കുകയാണെങ്കിൽ മഹത്തായ ഒരു പരിണാമത്തിൻെറ വകഭേദങ്ങളാണെന്നു് കാണുവാൻ കഴിയും. ജീവിതവും മരണവും പകലിനേയും രാത്രിയേയുംപോലെ വസന്തത്തേയും ശരത്തിനേയുംപോലെയാണെന്നു് മനസ്സിലാക്കാൻ സാധിക്കും. ചാങ്ങ്ചൌ എഴുതുന്നു:—"നാം ഈ ലോകത്തിലേയ്ക്കു വരുന്നതു് നമുക്കിവിടെ ജനിക്കാനുള്ള സന്ദഭം ഉണ്ടായിട്ടുള്ളതുകൊണ്ടാണു്. നാം ഇവിടെനിന്നു പോകുന്നതു് പ്രാകൃതികനിയമങ്ങൾക്കു് തികച്ചും വിധേയരായിട്ടുള്ളതുകൊണ്ടാണു്." അതുകൊണ്ടു് മരണം ദുഃഖകാരണമല്ലാത്തതുപോലെ ജനനം സന്തോഷകാരണവുമല്ല. ഈ തത്വം വേണ്ടതുപോലെ ഗ്രഹിച്ച ചാങ്ങ്ചൌ തൻെറ ഭാര്യ മരിച്ചപ്പോൾ ദുഃഖിക്കുകയോ വിലപിക്കുകയോ ചെയ്തില്ല. അദ്ദേഹം നിലത്തിരുന്നു് ഒരു തകരപ്പാത്രത്തിന്മേൽ കൊട്ടുകയും പാടുകയും ചെയ്തു് വളരെനേരം കഴിച്ചുകൂട്ടി. അദ്ദേഹത്തിൻെറ മരണസമയം ആസന്നമായപ്പോൾ ശിഷ്യരോടു് പറഞ്ഞതു് തനിക്കുവേണ്ടി ആഡംബരപൂണ്ണമായ ഒരു സംസ്കാരച്ചടങ്ങു് നിവ്വഹിക്കേണ്ടതില്ല എന്നാണു്. അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—"എനിക്കുള്ള ശവപ്പെട്ടി ആകാശവും ഭൂമിയുമാണു്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയാണു് അതിൻെറ രാജ

കീയമുദ്രകഠം. ലോകത്തിലുള്ള സവ്വസൃഷ്ടിവിശേഷങ്ങളും കൂടി എന്നെ ശവക്കുഴിയിലേയ്ക്കു് ആനയിച്ചുകൊള്ളും; അങ്ങിനെ എൻെറ സംസ്കാരച്ചടങ്ങു് ഭംഗിയായി നിവ്വഹിക്കപ്പെട്ടുമെന്നു വിശ്വസിക്കുന്നു." പിന്നീടദ്ദേഹം ശിഷ്യന്മാരുടെ ചോദ്യത്തിനു് ഇപ്രകാരം മറുപടി നല്കി:— "നിങ്ങഠം പറയുന്നതു് ശവം മറവുചെയ്തില്ലെങ്കിൽ അതു കാക്കയും കഴുകനും കൊത്തിവലിക്കുമെന്നാണു്. അതിലെന്താണു് ദോഷമുള്ളതു്. ഭൂമിയുടെ ഉപരിതലത്തിൽ ഞാൻ കഴുകന്മാക്കു് ഭക്ഷണമായിക്കൊള്ളും. അന്തർഭാഗത്തു് എറുമ്പുകളുടേയും ചിവീടുകളുടേയും ആഹാരമായിത്തീരും. അതുകൊണ്ടു് അവയുടെ അർഹമായ ഭക്ഷണത്തെ നിങ്ങഠം എന്തിനു തട്ടിയെടുക്കുന്നു?"

ചചാങ്ങു് ചൌവിനേയും തലയോടിനേയുംപ്പററി രസകരമായ ഒരു കഥയുണ്ടു്. അതാണു് ഈ അവസരത്തിൽ ഓമ്മവരുന്നതു്. അതിപ്രകാരമാണു്. ഒരിക്കൽ ചചാങ്ങ് ചൌ ചു സ്റ്റേററിൻെറ തെക്കൻദിക്കുകളിൽ സഞ്ചരിക്കുകയായിരുന്നു. നിരത്തിൻെറ വക്കത്തു് അദ്ദേഹം ഒരു തലയോടു കിടക്കുന്നതു കണ്ടു. തൻെറ കയ്യിലുണ്ടായിരുന്ന വടികൊണ്ടു് അതിന്മേൽ ഒരടികൊടുത്തതിനുശേഷം അദ്ദേഹം പറഞ്ഞു:—"ഒരുകാലത്തു് എന്തെല്ലാം ആഗ്രഹങ്ങളുള്ള ഒരു മനുഷ്യനായിരുന്നിരിക്കണം നീ! വിധി നിന്നെ ഇവിടെ എത്തിച്ചു. ഒരുപക്ഷെ സ്വന്തം രാജ്യത്തെ രക്ഷിക്കാൻവേണ്ടി വെമ്പിയിരുന്ന രാഷ്ട്രീയപ്രവത്തകനായ നിനക്കു് ഖഡ്ഗത്തിൻെറ ആഘാതമേററു് ഇവിടെ കിടക്കേണ്ടിവന്നതായിരിക്കാം. അങ്ങിനെ ഒരു ദുഷ്പേർ

തന്റെ കുടുംബത്തിന്നു് ദുഷ്കീർത്തി വരുത്തിവെച്ചിട്ടുണ്ടായിരിക്കണം. അല്ലെങ്കിൽ വിശപ്പും തണുപ്പും സഹിക്കാൻ വയ്യാതെ വഴിയിൽ കിടന്നു മരിച്ച ഭിക്ഷക്കാരനായിരിക്കുമോ ഇതു്? അഥവാ വാർദ്ധക്യംകൊണ്ടു് ഈ സ്ഥിതിയിൽ എത്തിച്ചേർന്നതോ?” ഇത്രയും പറഞ്ഞു് അദ്ദേഹം ആ തലയോടു് കയ്യിലെടുത്തുകൊണ്ടുപോയി. ഉറങ്ങാൻ കിടന്നപ്പോൾ ഒരു തലയണപോലെ അതിനെ തലയ്ക്കുവെച്ചു. അർദ്ധരാത്രിസമയത്തു് തലയോടിനെക്കുറിച്ചു് അദ്ദേഹം സ്വപ്നംകണ്ടു. അവർതമ്മിൽ സംഭാഷണം നടന്നതായി അദ്ദേഹം പറയുന്നു. മരിച്ചവരുടെ സന്തുഷ്ടിയെപ്പറ്റി തലയോടു് ചാങ്ങ്ചൌവിനോടു പറയുകയുണ്ടായത്രെ. പക്ഷെ അദ്ദേഹത്തിന്നു് അതു ബോദ്ധ്യമായില്ല. തലയോടിന്നു് പുനർജ്ജീവനംചെയ്തു് സ്വന്തം ഗൃഹത്തേയും സ്നേഹിതന്മാരേയും സന്ദർശിക്കുവാൻ സാധിക്കുമോ എന്നു് അദ്ദേഹത്തിന്നു് അറിയേണ്ടതുണ്ടായിരുന്നു. ആ സമയത്തു് അതു തന്റെ കണ്ണുകൾ തുറക്കുകയും പുരികം ഇളക്കുകയും ചെയ്തുകൊണ്ടു് ഇപ്രകാരം പറഞ്ഞു: — “ഒരു രാജാവിന്നുപോലും അലഭ്യമായ ആനന്ദത്തെ കളഞ്ഞുകളിച്ചു് ഞാൻ വീണ്ടും ക്ലേശങ്ങളുടേയും കഷ്ടപ്പാടുകളുടേയും നശ്വരതയുടേയും ലോകത്തിലേയ്ക്കു് ഇറങ്ങിവരുന്നതെന്തിനാണു്?”

മനുഷ്യരാശിക്കുണ്ടാകുന്ന ക്ലേശങ്ങളെപ്പറ്റി ചാങ്ങ്ചൌ പറയുന്നുണ്ടു്. മനുഷ്യൻ ശരിയായ മാർഗ്ഗത്തിൽക്കൂടിയല്ല യാത്രചെയ്യുന്നതു്. ബോധപൂർവ്വം അക്ഷോഭ്യവും അകർമ്മണ്യവും നിശ്ചലവുമായ ജീവിതം നയിച്ചു്

ടെയോമാൎഗ്ഗത്തെ അനുവൎത്തിക്കണം. അങ്ങിനെ പ്രാകൃതികമായ സാഹചൎയ്യങ്ങളുമായി ഇണങ്ങിച്ചേൎന്നു ജീവിക്കുവാൻ മനുഷ്യനു് സാധിക്കണം. ആചാരങ്ങളുടേയും സദാചാരത്തിൻേറയും അങ്ങിനെ കൃത്രിമമായ പലതിൻേറയും പിന്നാലെ പേരിനും പെരുമയ്ക്കുംവേണ്ടി ഓടിനടക്കുന്ന മനുഷ്യൻ പരിഷ്കൃതനാണെന്നു് അഭിമാനിക്കുന്നുണ്ടെങ്കിലും യഥാൎത്ഥത്തിൽ ഫലം നേരെ വിപരീതമായിട്ടാണു് കാണപ്പെടുന്നതു്. മാത്രമല്ല, സ്വയം സംതൃപ്തിയും സൌഖ്യവും നേടുവാൻ കഴിയാത്ത അവൻ താൻ ശരിയാണെന്നു കരുതുന്നതെല്ലാം അന്യരുടെ മേൽ വെച്ചുകെട്ടുവാനും പാടുപെടുന്നു. അങ്ങിനെ അവൻ കാളയുടെ മൂക്കുകയർ കുതിരയുടെ കഴുത്തിൽ കെട്ടുകയാണു്. താറാവുകളുടെ കാലിനു നീളം കൂട്ടുകയും അരയന്നങ്ങളുടെ കാലിൻേറ നീളം കുറയ്ക്കുകയുംചെയ്തു് അവയുടെ വലുപ്പം സമീകൃതമാക്കിത്തീൎക്കുവാൻവേണ്ടി അവൻ ശ്രമിക്കുന്നു. വഴിതെറ്റി വന്നുചേൎന്ന ഒരു ജലപക്ഷിയെ വൈൻ, മാംസം, വേദോച്ചാരണങ്ങൾ എന്നിവകൊണ്ടു് സംഹരിച്ച ലൂവിലെ രാജകുമാരൻേറ കഥയാണു് ഇതെല്ലാം കാണുമ്പോൾ ഓൎമ്മവരിക. ജലപക്ഷിയുടെ യഥാൎത്ഥപ്രകൃതിയെന്തെന്നു് മനസ്സിലാക്കാൻ രാജകുമാരനു് സാധിക്കാത്തതുകൊണ്ടു് വന്നുചേൎന്ന ഒരബദ്ധമായിരുന്നു അതു്; തന്നെപ്പോലെത്തന്നെയാണു് പക്ഷിയെന്നു് ആ വിഡ്ഢി കരുതി. പക്ഷിയുടെ പ്രകൃതിയ്ക്കനുസരിച്ചായിരുന്നില്ല അതിനോടു് പെരുമാറിയതു്. അഗാധമായ കാടുകളിൽ ചേക്കയിരിക്കുകയും വിശാലമായ സമതലങ്ങൾക്കുമീതെ

പാറക്കുകയും നദിയിലും സമുദ്രത്തിലും നീന്തിക്കളിക്കുക യും മത്സ്യംതിന്നു ജീവിക്കുകയും സ്വതന്ത്രമായി വിഹരി ക്കുകയും ചെയ്യുന്ന ഒരു പ്രകൃതിയാണു് അതിനുള്ളതു്. മനുഷ്യന്റെ ശബ്ദംകേട്ടു് പരിഭ്രാന്തമായിത്തീൎന്ന ആ പ ക്ഷിക്കു് അങ്ങിനെയൊരു അത്യാഹിതം സംഭവിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

അതിനാൽ മനുഷ്യനു് യഥാൎത്ഥസുഖം വേണമെ ങ്കിൽ അവന്റെ പ്രകൃതിയെ സ്വതന്ത്രമായി വികസിപ്പി ക്കണമെന്നു ചാങ്ങ് ചൌ പറയുന്നു. ബുദ്ധിയുടെയോ അറിവിന്റേയോ പ്രവൎത്തനങ്ങൾ അതിനൊരു തടസ്ഥ മായിക്കൂടാ. 'നിങ്ങളുടെ ആന്തരികപ്രവണതകളെ പരി പാലിക്കുകയും ബാഹ്യമായവയെ അവഗണിക്കുകയും ചെ യ്യുക. കൂടുതൽ അറിവു് ഒരു ശാപമാണു്'' എന്നിങ്ങി നെയാണു് അദ്ദേഹം പറയുന്നതു്. വീണ്ടും അദ്ദേഹം പ റയുന്നു:—''ടെയോ സിദ്ധാന്തത്തിന്റെ സാരാംശം യാ തൊന്നുംതന്നെ കാണുകയോ കേൾക്കുകയോ ചെയ്യുകയോ ചെയ്യാതിരിക്കലാണു്. സൎവ്വത്ര നിശ്ചലതയും പരിശുദ്ധി യും കളിയാടണം. ശരീരത്തേയോ ഇന്ദ്രിയങ്ങളേയോ ക്ഷീണിപ്പിക്കരുതു്. അങ്ങിനെ വളരെക്കാലത്തോളം നി ങ്ങൾക്കു ജീവിച്ചിരിക്കാം. കണ്ണുകൾ യാതൊന്നും കാണാ തേയും ചെവികൾ യാതൊന്നും കേൾക്കാതേയും മനസ്സു് യാതൊന്നിനെപ്പററിയും ചിന്തിക്കാതേയും ഇരിക്കുകയാ ണെങ്കിൽ ആത്മാവു് ശരീരത്തെ സുരക്ഷിതമായി നില നിൎത്തുകയും അങ്ങിനെ ദീൎഘായുഷ്മാന്മാരായി മനുഷ്യൎക്കു ജീവിക്കുവാൻ സാധിക്കുകയും ചെയ്യുന്നു.''

'മഞ്ഞചക്രവൎത്തിയും പവിഴവും' എന്ന രൂപകത്തിൽ അകൎമ്മണ്യതയിലൂടെയുള്ള ആത്മപ്രത്യപ്പ്ണത്തെപ്പററി പറയുന്നുണ്ടു്. ഒരിക്കൽ ചക്രവൎത്തി വടക്കുഭാഗത്തുള്ള ചെന്തടാകത്തിലേയ്ക്കു യാത്രചെയ്യുകയും കുൻലുൻ പൎവ്വതത്തിന്മേൽ കയറുകയും ചെയ്തു. മടക്കയാത്രയിൽ അദ്ദേഹത്തിൻെറ മാന്ത്രികപ്പവിഴം എവിടേയോ വീണുപോയി. ബുദ്ധിയെ അതു തിരഞ്ഞുകണ്ടുപിടിക്കുന്നതിനായി അദ്ദേഹം നിയോഗിച്ചു. പക്ഷെ ഫലമുണ്ടായില്ല. പിന്നീടു് കാഴ്ചയെ നിയോഗിച്ചു. എന്നിട്ടും ഫലമുണ്ടായില്ല. അതിൽപിന്നെ വാണിയെ നിയോഗിച്ചു. അപ്പോഴും ഫലമുണ്ടായില്ല. ഒടുവിൽ അഭാവത്തെ നിയോഗിച്ചു. അഭാവം അതിനെ കണ്ടുപിടിക്കുകയും ചെയ്തു. ചക്രവൎത്തി പറഞ്ഞു:—"ആശ്ചര്യംതന്നെ! അഭാവത്തിനുമാത്രമേ അതിനെ കണ്ടുപിടിക്കുവാൻ കഴിഞ്ഞുള്ളു."

മേൽ പ്രസ്താവിച്ച കഥ വ്യക്തമാക്കുന്നതു് കങ്ങ് പ്രസ്ഥാനവുമായുള്ള ചാങ്ങ് ചൌവിൻെറ അഭിപ്രായഭിന്നതയേയാണു്. അഭാവത്തിൻെറ പ്രവാചകനായ ചാങ്ങ് ചൌവിൻെറ ദൃഷ്ടിയിൽ മാസ്റ്റർ കങ്ങ് സാമൂഹ്യവും സദാചാരപരവുമായ പരിഷ്ക്കരണങ്ങൾക്കുവേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന ഒരു ദേഹം മാത്രമാണു്. അതിനാൽ തുളച്ചുകയറുന്ന പരിഹാസശരങ്ങളാൽ അദ്ദേഹം കങ്ങ് ഫ്യൂവിനെ ആക്രമിച്ചു. അദ്ദേഹം ചിലപ്പോൾ നിൎമ്മിക്കാറുണ്ടായിരുന്ന കല്പിതകഥകളിൽ ജ്ഞ ദൎശനസ്ഥാപകനെ ടയോയിസ്റ്റു് ദൎശനത്തിൽനിന്നു് മതം മാറിയ ഒരാളായി

ചിത്രീകരിച്ചിരുന്നു. ടയോയിസ്റ്റ് ഭാഷയിലാണ് കങ് ഫ്യൂ സംസാരിച്ചിരുന്നതെന്ന് അദ്ദേഹം സ്ഥാപിക്കുവാൻ ശ്രമിച്ചു. മററുചില സന്ദർഭങ്ങളിൽ ടെയോയിസ്ററുകൾ പിടിച്ച് പുറം തള്ളിയ കങ് ഫ്യൂവിൻെറ തനിനിറം എന്തെന്ന് വ്യക്തമാക്കുവാൻ ശ്രമിച്ചു. ഒരിക്കൽ കങ് ഫ്യൂ ലെയോടാനെ സന്ദർശിക്കുകയും തൻെറ കൃതികൾ ചൌ രാജധാനിയിൽ സമർപ്പിക്കുന്നതിന്ന് അദ്ദേഹത്തിൻെറ ശുപാർശി ആവശ്യപ്പെടുകയും ചെയ്തതായി പറയപ്പെടുന്നു. അപ്പോൾ എന്തെല്ലാമാണ് പ്രസ്തുത കൃതികളെന്ന് ലെയോടാൻ അന്വേഷിച്ചു. കങ് ഫ്യൂ തൻെറ നീണ്ട ലേഖനങ്ങൾ എടുത്ത് വായിക്കുവാൻ തുടങ്ങി. കുറേ കഴിഞ്ഞപ്പോൾ അക്ഷമനായ ലെയോടാൻ ഇങ്ങിനെ പറഞ്ഞു:—"നിർത്തുക. അതിൻെറ ചുരുക്കമെന്തെന്ന് പറഞ്ഞാൽ മതി." കങ് ഫ്യൂ അഭിമാനപൂർവ്വം പറഞ്ഞു:—"മനുഷ്യത്വത്തേയും സദാചാരത്തേയും കുറിച്ചുള്ളതാണ് അത്." വായാടിയായ ആ പണ്ഡിതമന്യൻ വീണ്ടും ദീർഘമായ ഒരു വിശദീകരണത്തിന്ന് തുനിഞ്ഞപ്പോൾ ലെയോടാൻ അദ്ദേഹത്തെ തടഞ്ഞ് ഇപ്രകാരം പറഞ്ഞു:—"ഭൂമിയും സ്വർഗ്ഗവും അവയുടെ സത്തയെ നിലനിർത്തിക്കൊണ്ടുവരുന്നതെങ്ങിനെ എന്ന് നിങ്ങൾ ആദ്യമായി പഠിക്കണം. അപ്രകാരം സൂര്യചന്ദ്രന്മാർ വെളിച്ചത്തെ പ്രസരണംചെയ്യുന്നതും നക്ഷത്രങ്ങൾ പ്രകാശമാനമായിരിക്കുന്നതും മൃഗങ്ങളും പക്ഷികളും അവയുടെ വംശത്തെ നിലനിർത്തുന്നതും വൃക്ഷങ്ങളും സസ്യങ്ങളും വളർന്നു വികസിക്കുന്നതും എങ്ങിനേയാണെന്ന് മനസ്സിലാ

ക്കുവാൻ ശ്രമിക്കണം. അതായതു് സഭ്യനായ മനുഷ്യൻ പ്രകൃതിമാൎഗ്ഗത്തെ ആരായുകയും പ്രകൃതിരഹസ്യങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുകയും ആണു് ചെയ്യേണ്ടതു്. എല്ലാററിലും കൊണ്ടുപോയി തലയിടുന്നതു് ശരിയല്ല. അതുകൊണ്ടു് മനുഷ്യത്വത്തേയും സദാചാരത്തേയും ചെണ്ടമുട്ടി പരസ്യപ്പെടുത്തുന്നതു് കേവലം ബാലിശമാണു്. മഹാശയ, നിങ്ങൾ മനുഷ്യപ്രകൃതിയുടെ കെട്ടുകൾ അഴിക്കുകയാണു് ചെയ്യുന്നതു്."

അപ്രകാരം ച്വാങ്ങ്ചൌ മാസ്റ്റർ കങ്ങിനെപ്പററി കെട്ടിച്ചമച്ച പല കഥകളും പറയുന്നുണ്ടു്. തസ്കരപ്രമാണിയായ ചീയുടെ കഥയിൽ കങ്ങിനെ വളരെ അധികം അധിക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. ഇവിടെ സമൎത്ഥനായ കാഥികൻ സുപ്രസിദ്ധ തസ്കരനായ ചീയും അദ്ദേഹത്തിന്റെ ആൾക്കാരും മനുഷ്യഹൃദയത്തെ വേവിച്ചുതിന്നുന്നതായി കണ്ടുകൊണ്ടു് കങ്ങ് ച്യൂ അവിടെ വരുന്നതായി പറയുന്നു. ലൂവിൽനിന്നു് ഒരാൾ വന്നിട്ടുണ്ടെന്നു് കേട്ടപ്പോൾ സ്വൈരംകൊല്ലിയായ ആ മനുഷ്യനോടു് തസ്കരപ്രമാണിക്കു് കലശലായ കോപം തോന്നി. ആയാളുടെ കണ്ണുകളിൽനിന്നു് തീപ്പൊരി പാറി. തൊപ്പി അഴിച്ചു് ദൂരെ എറിഞ്ഞുകൊണ്ടു് ചീ ഗൎജ്ജിച്ചു:—"അവന്റെ ഹൃദയം നാളത്തെ പ്രാതലിന്നുള്ളതാണു്." പിറേറദിവസം മാസ്റ്റർ കങ്ങിനെ ആയാളുടെ മുമ്പിൽക്കൊണ്ടുപോയി നിൎത്തി. തസ്കരൻ അദ്ദേഹത്തോടു് ഇപ്രകാരം പറയുന്നു:..."നിങ്ങളുടെ നീളൻകുപ്പായവും കുടുങ്ങിയ അരപ്പട്ടയും വലിയ കേമനാണെന്ന

നാട്യവും മറവും വെറും പുറംപൂച്ചാണ്. അതുകൊണ്ടാണ് ലോകത്തിലെ രാജാക്കന്മാരുടെ കണ്ണിൽ പൊടിയിട്ട് നിങ്ങൾ ധനാർജ്ജനം ചെയ്യുന്നതും പേരും പെരുമയും നേടുന്നതും. അതു മാത്രമാണ് നിങ്ങളുടെ ജീവിതലക്ഷ്യം. നിങ്ങളേക്കാൾ വലിയ ഒരു തസ്കരൻ വേറെയുണ്ടോ എന്നു സംശയമാണ്. ജനങ്ങൾ എന്നെ തസ്കരനായ ചി എന്നു വിളിക്കുന്നതിനുപകരം നിങ്ങളെ തസ്കരനായ കങ് എന്നു വിളിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്നാണ് ഞാൻ അത്ഭുതപ്പെടുന്നത്." തസ്കരപ്രമാണിയുടെ മുമ്പിൽ ഭയപാരവശ്യത്തോടുകൂടിയാണ് കങ്ങ് ച്യൂ നിന്നിരുന്നതെന്ന് ചാങ്ങ് ചൌ പറയുന്നു. ഏററവും ആദരവോടും ഭക്തിയോടുംകൂടി അദ്ദേഹം തസ്കരനെ അഭിവാദ്യംചെയ്തു. അദ്ദേഹം മുന്നോട്ടു കുനിഞ്ഞപ്പോൾ തസ്കരന്റെ ആസനത്തെ സ്പർശിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പിന്നീട് കുറെ പിന്നോക്കം മാറി തസ്കരന്റെ കാല്ക്കൽ രണ്ടു തവണ സാഷ്ടാംഗപ്രമാണംചെയ്തു. കങ്ങ് ച്യൂ അത്യധികം ഭയവിഹ്വലനായിട്ടുണ്ടായിരുന്നുവെന്ന് ചാങ്ങ് ചൌ പറയുന്നു. തസ്കരന്റെ മുമ്പിൽനിന്ന് ഒരു വിധത്തിൽ രക്ഷപ്പെട്ട് പടിവാതില്ക്കൽ എത്തിയ അദ്ദേഹം തന്റെ വണ്ടിയിൽ കയറിയിരുന്നു. അപ്പോഴും കങ്ങ് ച്യൂവിന്റെ കൈകൾ ശക്തിയായി വിറയ്ക്കുന്നുണ്ടായിരുന്നു. മൂന്നു തവണ കടിഞ്ഞാൺ അദ്ദേഹത്തിന്റെ കയ്യിൽനിന്ന് വിണുപോയത്രേ. അദ്ദേഹത്തിന്റെ കണ്ണുകൾ ഇരുട്ടടഞ്ഞിരുന്നു. മുഖം വിളർത്തിരുന്നു. വണ്ടിയുടെ ചാരുപടിയിലേയ്ക്ക് തല ചാ

യ്ച്ച് അദ്ദേഹം ശ്വാസം കഴിച്ചു. കങ്ങ്ചൃൂവിനെപ്പ റ്റി ഇത്രയും ദുരുപദിഷ്ടമായ ഒരു വിവരണം വേറെയു ണ്ടോ എന്നു സംശയമാണ്.

## മററു ദശ്നശാഖകഠം

മേൽ പ്രസ്താവിച്ച വസ്തുകളിൽനിന്നു് മാസ്റ്റർ ക ങ്ങിൻെറ പ്രസ്ഥാനമാണെന്നു പറയപ്പെടുന്ന ഈ ദശ്നം അന്നത്തെ ചൈനയിലെ വിവിധചിന്താഗതികളെ പ്ര തിനിധീകരിക്കുന്ന ദശ്നങ്ങളിൽ ഒന്നുമാത്രമായിരുന്നു വെന്നു് മനസ്സിലാവുന്നു. ചൌവിലെ ഡ്യൂക്കും മാസ്റ്റർ കങ്ങ് ചൃൂവുംകൂടി പുരാതന ചൈനീസ്സംസ്കാരത്തി ൻെറ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച ഒരു പ്രസ്ഥാന മാണതു്. എന്നാൽ അനവരതം നടന്നുകൊണ്ടിരുന്ന യു ദ്ധങ്ങഠംകാരണമായി ചൌ സാമ്രാജ്യത്തിൻെറ അധീ ശത്വത്തിനു് കോട്ടംതട്ടിയപ്പോഠം ഈ ദശ്നത്തേയും അ തു ബാധിക്കാതിരുന്നില്ല. ടെയോയിസ്ററുകഠം, മോഹി സ്ററുകഠം, പിന്നീടുണ്ടായ ലീഗലിസ്ററുകഠം എന്നി ങ്ങിനെയുള്ള അതിൻെറ എതിരാളികഠംക്കുപുറമേ വേറേ യും പല പ്രസ്ഥാനക്കാരും ആവിർഭവിച്ചു. അവരെല്ലാംത ന്നെ പ്രധാനശാഖകളിൽനിന്നു് പൊട്ടിപ്പുറപ്പെട്ടവരും ചൈനീസ്ബുദ്ധിജീവിതത്തിനു് തങ്ങളാൽ കഴിയുന്ന സംഭാവന നല്കിയവരുമായിരുന്നു.

ഉദാഹരണമായി 'നാമപ്രസ്ഥാനക്കാർ' അറിവു സമ്പാദിക്കുകയും പ്രകൃതിയിലെ പ്രതിഭാസങ്ങളെ മന

സ്സിലാക്കുകയും ചെയ്യണമെന്ന സിദ്ധാന്തത്തെ പ്രചരിപ്പിച്ചു. അതിൻെറ നായകന്മാർ വാദകലയിൽ അതിനിപുണന്മാരായിരുന്നു. തന്നിമിത്തം അവർ താർക്കികമായ കുറെ ജടിലപ്രശ്നങ്ങളെ ഉന്നയിച്ചു. 'അണ്ഡത്തിന്നു് തൂവലുകൾ ഉണ്ടു്', 'തീയ്യിനു് ചൂടില്ല', 'പറക്കുന്ന പക്ഷിയുടെ നിഴൽ നീങ്ങുന്നില്ല', 'വെളുത്ത നായയുടെ നിറം കറുപ്പാണു്' എന്നിങ്ങനെയുള്ള അന്ധാളിപ്പിക്കുന്ന പ്രശ്നങ്ങളായിരുന്നു അക്കാലത്തു സർവ്വസാധാരണമായി പ്രചാരത്തിലുണ്ടായിരുന്നതു്.

ഈ പ്രസ്ഥാനത്തിൽ പ്രസിദ്ധരായ രണ്ടു ദാർശനികന്മാർ ഉണ്ടായിരുന്നു. അതിൽ ഒരാളുടെ പേർ ഹുയിഷി എന്നാണു്. ബി. സി. നാലാം നൂററാണ്ടിലായിരുന്നു ആയാൾ ജീവിച്ചിരുന്നതു്. മറെറാരാൾ ബി. സി. നാലും മൂന്നും നൂററാണ്ടുകളിൽ ജീവിച്ചിരുന്ന കങ്ങ് സുൻലങ്ങ് എന്ന മനുഷ്യനായിരുന്നു. രണ്ടുപേരും താർക്കികന്മാരായിരുന്നു. ആദ്യത്തെ ആൾ യഥാർത്ഥവസ്തുക്കളുടെ ആപേക്ഷികത്വത്തെ തെളിയിപ്പാൻവേണ്ടി ശ്രമിച്ചു. രണ്ടാമത്തെ ആളാകട്ടെ നാമങ്ങളുടെ പരമസത്തയെക്കുറിച്ചു പ്രതിപാദിച്ചു. ഹുയിഷി ചാങ്ങ്ചൌവിൻെറ ഒരു സുഹൃത്തും അദ്ദേഹവുമായി പലപ്പോഴും വാദപ്രതിവാദത്തിൽ ഏർപ്പെട്ട ആളുമായിരുന്നു. ഒടുവിൽ ആയാൾ വീയിലെ പ്രധാനമന്ത്രിയായി. അഞ്ചു വണ്ടികളിൽ നിറച്ചുവെക്കുവാൻ പര്യാപ്തമായ ഗ്രന്ഥങ്ങൾ ആയാൾ രചിച്ചിട്ടുണ്ടത്രെ. അന്യതാർക്കികനായ കങ്ങ് സുൻലങ്ങ് 'വെള്ളക്കുതിരയെപ്പററിയുള്ള 'സംവാദം' എന്നൊരു ഗ്രന്ഥം

എഴുതിയിരുന്നു. അതിൽ 'വെള്ളക്കുതിര ഒരു കുതിരയല്ല' എന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ പ്രയത്നിച്ചതായി കാണുന്നു. ഇതിൻെറ പിന്നിൽ ഒരു കഥയുണ്ട്. ഒരിക്കൽ കങ്ങ് സുൻലങ്ങ് ഒരു സ്റ്റേററിൻെറ അതിത്തിമുറിച്ചു കടക്കുകയായിരുന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന കാവല്ക്കാരൻ ആയാളെ തടഞ്ഞു് കുതിരകളെ ആ വഴിക്കു കൊണ്ടുപോയിക്കൂടെന്നാണു് നിയമമെന്നു പറഞ്ഞു:—ഇതുകേട്ടു് ആ ദാശ്നികസഞ്ചാരി മറുപടി പറഞ്ഞു:—"എന്നാൽ എൻെറ കുതിര വെളുത്തതാണു്. വെള്ളക്കുതിര ഒരു കുതിരയല്ല." ഇത്രയും പറഞ്ഞു് ആയാൾ കുതിരയോടിച്ചു് തൻെറ വഴിക്കുപോയി. കാവല്ക്കാരൻ പകച്ചുനിന്നുപോയി. അവനു് യാതൊന്നും മനസ്സിലായില്ല.

താക്കികന്മാരായ പ്രസ്തുത ദാശ്നികന്മാരുടെ ഇടയിൽനിന്നു് ഒരുക്കൂട്ടം കുതാക്കികന്മാരും ഉണ്ടായി. അവരെ 'വികടദാശ്നികന്മാർ' എന്നു വിളിച്ചുവന്നു. പ്രേരണയും പ്രലോഭനവും നല്കി മനുഷ്യനെ പാട്ടിൽപിടിക്കുവാൻ രാഷ്ട്രീയപ്രവത്തകന്മാരായ അവക്കു വളരെ സാമത്ഥ്യമുണ്ടായിരുന്നു. ബി. സി. നാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന വാങ്ങ്സുവാണു് ഈ പ്രസ്ഥാനത്തിൻെറ ജനയിതാവു്. 'പ്രേതഘട്ടം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു മലഞ്ചെരുവിലായിരുന്നു ആയാൾ താമസിച്ചിരുന്നതും ഉപദേശങ്ങൾ നല്കിയിരുന്നതും. ഈ പ്രസ്ഥാനത്തിൽ സുൻചിങ്ങ്, ചാങ്ങ്യി എന്നിങ്ങിനെ സുപ്രസിദ്ധരായ രണ്ടു ദാശ്നികന്മാരുണ്ടായിരുന്നു. അവർ പ്രേ

തഘട്ടത്തിൽ ഒന്നിച്ചാണ് വിദ്യാഭ്യസനം ചെയ്തത്. പഠിപ്പുകഴിഞ്ഞു രണ്ടുപേരും ഭാഗ്യപരീക്ഷയ്ക്കിറങ്ങി. സുൻ ചിങ്ങ് കൂടുതൽ ഭാഗ്യവാനായിരുന്നു. കുറച്ചുദിവസം അലഞ്ഞുതിരിഞ്ഞതിനുശേഷം ആയാൾ ചിൻ വിരുദ്ധ രാഷ്ട്രസംഘടനയുടെ പ്രസിഡണ്ടായിത്തീർന്നു. ചി, ച്യൂയെൻ, ഹാൻ, വി, ചെയോ എന്നീ ആറു സ്റ്റേറ്റുകൾ ഓരോന്നും ആയാൾക്കു പ്രത്യേകമായി ചാൻസലർ പദവി നല്കി.

എന്നാൽ ചാങ്ങ്ഐ വളരെ കഷ്ടപ്പെട്ടു. അയാൾ കളവുകുററം ചുമത്തി പിടിക്കപ്പെടുകയും ചുവിൽ വെച്ച് അടിശിക്ഷയ്ക്ക് പാത്രമായിത്തീരുകയും ചെയ്തു. സഹപാഠിയോട് സഹായമഭ്യർത്ഥിച്ചുപോയ ആയാളെ സുൻചിങ്ങ് മടക്കിഅയച്ചു. ഒടുവിൽ ഘോരമായ നിരാശയാൽ നീറിനീറിക്കൊണ്ട് ആയാൾ വീട്ടിലെത്തിച്ചേരുകയും ഭാര്യയോട് ഇങ്ങിനെ പറയുകയും ചെയ്തു:— "വരേണ്ടതെല്ലാം വന്നുകഴിഞ്ഞു. ഏതായാലും ഒന്നുകൂടി പരീക്ഷിച്ചുനോക്കുകതന്നെ. എൻെറ നാവിനു് കേടുണ്ടാകാതിരുന്നാൽ മതി. എന്നാൽ എല്ലാം ശരിയായിക്കൊള്ളും." അങ്ങിനെ ആയാൾ വീണ്ടും ഭാഗ്യപരീക്ഷയ്ക്കിറങ്ങി. ഇക്കുറി ഭാഗ്യലക്ഷ്മി പ്രസാദിച്ചു. ചിൻ രാജാവിൻെറ മൈത്രിസമ്പാദിക്കുവാൻ ആയാൾക്കു കഴിഞ്ഞു. അതും തൻെറ നാവിൻെറ സഹായത്തോടുകൂടി. ഒരു ചിൻ സംയുക്തമുന്നണി കെട്ടിപ്പടുക്കുവാൻ ആയാൾ രാജാവിനെ പ്രേരിപ്പിച്ചു. സുൻ ചിങ്ങിൻെറ സംയുക്തമുന്നണിയ്ക്കെതിരായിരുന്നു അതു്. സുൻചിങ്ങ്

മുന്നണിയുടെ അക്രമങ്ങൾ അത്രമാത്രം വദ്ധിച്ചിരുന്നു. ചാങ്ങ് ഐയുടെ അശ്രാന്തപരിശ്രമത്താൽ മുന്നണി രൂപവൽക്കരിക്കപ്പെട്ടു. സുശക്തമായ ഒരു സൈനികസംഘടനയും ഉണ്ടായി. അങ്ങിനെ സുൻചിങ്ങ് ഫെഡറേഷനു് എതിരായി യുദ്ധപ്രഖ്യാപനം ചെയ്യുവാൻ അവർ തെയ്യാറായി. സുൻചിങ്ങ് ഫെഡറേഷൻ അധികം താമസിയാതെ ഛിന്നഭിന്നമായിപ്പോവുകയും ചെയ്തു. അപ്രകാരം കാററു് തിരിഞ്ഞുവീശുകയും ചാങ്ങ്ഐ സർവ്വാധിപതിയായിത്തീരുകയും ചെയ്തു. അക്കാലത്തെ പണ്ഡിതന്മാരുടെ ജീവിതത്തിൻെറ നല്ല ഒരു മാതൃകയായിരുന്നു അതു്.

ബി. സി. അഞ്ചും ആറും നൂററാണ്ടുകളിലായി ജീവിച്ച സുൻവു എന്ന സുപ്രസിദ്ധനായ ഒരു സൈന്യനായകൻ സമരതന്ത്രത്തെ മുൻനിത്തി ഒരു നവീനപ്രസ്ഥാനം ആരംഭിച്ചു. പതിമൂന്നു് അദ്ധ്യായങ്ങളുള്ള ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചതായി പറയപ്പെടുന്നു. സമരതന്ത്രങ്ങളുടെ തത്വശാസ്ത്രമായിരുന്നു അതു്. വളരെക്കാലം മുമ്പുള്ളതാണെങ്കിൽക്കൂടി സൈനികതന്ത്രങ്ങളെക്കുറിച്ചുള്ള ആധികൃതമായ ഒരു ഗ്രന്ഥമെന്ന നിലയ്ക്കു് അതിന്നു് ഇന്നും ഒരു പുതുമയുണ്ടു്. ഗ്രന്ഥകത്താവിനെക്കുറിച്ചു് ഒരു കഥ പ്രചാരത്തിലുണ്ടു്. വു രാജാവു് അന്തഃപുരത്തിലെ 180 സ്ത്രീകളെ തിരഞ്ഞെടുത്തു് ഒരു സൈന്യവിഭാഗത്തെയുണ്ടാക്കുവാൻവേണ്ടി അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. അങ്ങിനെ പരേഡ്ഗ്രൗണ്ടിൽവെച്ചു് പ്രസ്തുത യുവതികൾ ക്യാപ്ററനെ നിസ്സാരമായി ഗണിച്ചു് പൊട്ടിച്ചിരിച്ചുവ

ത്രെ. സുൻവു അച്ചടക്കത്തിൻെറ കാൎയ്യത്തിൽ അത്യന്തം കണിശമുള്ള ഒരാളായിരുന്നു. രാജാവിനു് ഏററവും പ്രിയപ്പെട്ട രണ്ടു വെപ്പാട്ടികളായിരുന്നു അദ്ദേഹത്തിൻെറ കല്പനകളെ ധിക്കരിക്കുവാൻ ഒരുങ്ങിയതു്. അവരുടെ ശിരച്ഛേദനം ചെയ്യപ്പെട്ടു. അതിൽപ്പിന്നെ അദ്ദേഹത്തിൻെറ കല്പനകൾ ആരും ധിക്കരിച്ചില്ല. ഒരു സൈന്യനായകനെന്ന നിലയ്ക്കു് അദ്ദേഹം വളരെ പ്രശസ്തനായിത്തീരുകയും ചെയ്തു.

അവസാനമായി ടെയോയിസ്ററു ദൎശനത്തിൽനിന്നു് ജന്മമെടുത്ത യിൻയാങ്ങ് പ്രസ്ഥാനത്തെപ്പററിയും കൂടി പറഞ്ഞു് അവസാനിപ്പിക്കാം. അതിനു് അങ്ങിനേയൊരു പേരുവരാനുള്ള കാരണം പ്രസ്തുത പ്രസ്ഥാനക്കാർ യിൻ (സ്ത്രീ) ൻേറയും യാൻ (പുരുഷൻ) ൻേറയും അസ്തിത്വത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ടായിരുന്നു. അവ രണ്ടും രണ്ടു ലൌകികതത്വങ്ങളാണു്. അവയുടെ പ്രതികരണങ്ങൾകൊണ്ടു് സൃഷ്ടിയുണ്ടാകുന്നു. യിൻയാൻ പ്രസ്ഥാനക്കാരെ പഞ്ചഭൂതപ്രസ്ഥാനക്കാർ എന്നും പറയാറുണ്ടു്. ഭൂമി, വൃക്ഷം, ലോഹം, അഗ്നി, ജലം എന്നീ പഞ്ചഭൂതങ്ങളിൽപ്പെട്ട ഏതെങ്കിലും ഒന്നിൻെറ സ്വാധീനശക്തിയായിരിക്കും ചരിത്രത്തിൻെറ ഓരോ കാലഘട്ടങ്ങളേയും നിയന്ത്രിക്കുന്നതെന്ന അതിവിചിത്രമായ ഒരു സിദ്ധാന്തത്തെയാണു് അവർ പ്രചരിപ്പിച്ചിരുന്നതു്. പ്രസ്തുത സിദ്ധാന്തമനുസരിച്ചു് മേൽപ്രസ്താവിച്ച ഏജൻസികൾ ഒന്നു് മറെറാന്നിനെ ഉല്പാദിപ്പിക്കുകയും പ്രാമാണികമായിത്തീരുകയും ചെയ്തുകൊണ്ടു് അനന്തമായി ചക്ര

ണനം ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങിനെ ഒരു പ്രത്യേക കാലഘട്ടത്തിൽ പ്രാമാണികമായി വർത്തിച്ച ലോഹം തൻെറ സ്ഥാനം അഗ്നിക്കു വിട്ടുകൊടുക്കുന്നു. അഗ്നി ജലത്തിനും ജലം ഭൂമിക്കും ഭൂമി വൃക്ഷത്തിന്നും വൃക്ഷം ലോഹത്തിന്നും യഥാക്രമം തങ്ങളുടെ സ്ഥാനങ്ങൾ ഒഴിഞ്ഞുകൊടുക്കുന്നു. ചുരുക്കത്തിൽ ഈ പ്രസ്ഥാനക്കാരാണു് ചൈനക്കാരുടെ പ്രകൃത്യാതീതമായ ചിന്താഗതികളെ സമന്വയംചെയ്യുകയും ഏകീകരിക്കുകയും ചെയ്തതു്. അങ്ങിനെ കേവലമായ ഒരു ചിന്താഗതിയെ വളർത്തിക്കൊണ്ടുവരുവാൻ അവർ പ്രയത്നിച്ചു. അങ്ങിനെ രഹസ്യാത്മകങ്ങളായ ദിവ്യപ്രഭാവം, അംഗലക്ഷണശാസ്ത്രം, ഫെങ്ങ്ഷുയി (ശകുനശാസ്ത്രം) എന്നിവയിലുള്ള വിശ്വാസത്തേയും വിശ്വത്തെക്കുറിച്ചുള്ള കൃത്രിമമായ ശാസ്ത്രജ്ഞാനത്തേയും തത്വശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ നോക്കിക്കാണുന്നതിനുള്ള ഒരു പ്രേരണ അവർ ചൈനീസ് ജനതയ്ക്കു നല്കി. മാത്രമല്ല ചൈനയിലെ പുരാതനമായ അന്ധവിശ്വാസങ്ങളെ മുഴുവൻ സമന്വയാത്മകമായ രൂപത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചതും അവരാണു്.

# നാലാം അദ്ധ്യായം

## മഹാനായ മെങ്ങ്കോ

സാമന്തകോയ്മകൾതമ്മിൽ യുദ്ധം നടന്നിരുന്ന കാലം രാഷ്ട്രീയക്കുഴപ്പങ്ങൾ നിറഞ്ഞ ഒന്നായിരുന്നു. മാത്രമല്ല ബൌദ്ധികമായ വിവിധപ്രവർത്തനങ്ങളും അക്കാല

ത്തു നടക്കുകയുണ്ടായി. ഏതാണ്ടു് നൂറോളം ദർശനപ്രസ്ഥാനങ്ങൾ അക്കാലത്തു് ആവിർഭവിക്കുകയും ഓരോന്നും അവയുടെ മേധാവിത്തത്തിനുവേണ്ടി അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുകയും ചെയ്തു. തീപ്പൊരി പറക്കുന്ന വിമർശനങ്ങളും പ്രതിഭാസമ്പന്നരായ ചിന്തകന്മാരും തികഞ്ഞ പണ്ഡിതന്മാരും സർവ്വത്ര വ്യാപ്തമായിരുന്ന ഒരു കാലമായിരുന്നു അതു്. എന്നാൽ അവരുടെ ഇടയിൽ സമുന്നതനായി നിലകൊണ്ടിരുന്നതു് മെങ്ങ്കോവായിരുന്നു. അദ്ദേഹത്തിൻെറ വശ്യവചസ്സും ധാർമ്മികസ്ഥൈര്യവും അഗാധവിശ്വാസവും സർവ്വരേയും ആകർഷിച്ചു. മാസ്റ്റർ കുങ്ങിൻെറ രാഷ്ട്രീയവും നൈതികവുമായ സിദ്ധാന്തങ്ങൾക്കു് അദ്ദേഹം ഒരു നവജീവൻ നല്കി. അതേ അവസരത്തിൽതന്നെ വൈധർമ്മ്യതയുള്ള മററു ദാർശനിക സിദ്ധാന്തങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തു. കുങ്ങ് സിദ്ധാന്തത്തിനു് അദ്ദേഹം വിശാലരൂപം നല്കുകയും അതിനെ പരിപൂർണ്ണതയിലെത്തിക്കുകയും ചെയ്തു. ജൂ ദർശനത്തിനു് ഒരു വലിയ സംഭാവനയാണു് മെങ്ങ്കോ നല്കിയിട്ടുള്ളതു്. മഹത്തായ പ്രസ്തുത പാരമ്പര്യത്തെ നിലനിർത്തുന്നതിന്നായി അദ്ദേഹം ഉന്നയിച്ച വാദഗതികൾ കുങ്ങ് പണ്ഡിതന്മാരിൽവെച്ചു് അഗ്രഗണ്യനെന്ന പേർ അദ്ദേഹത്തിനു സമ്പാദിച്ചുകൊടുക്കുകയും രണ്ടാം കുങ്ങ് എന്ന പേരിൽ അദ്ദേഹം പിന്നീടു് പ്രശസ്തനായിത്തീരുകയും ചെയ്തു.

മെങ്ങ്കോ മാസ്റ്റർ മെങ്ങ് (മെൻഷിയസ്) എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. ബി. സി. നാലാം

നൂററാണ്ടിൽ അദ്ദേഹം ജീവിച്ചു. കൊല്ലം തിട്ടമായി പറയുവാൻ സാദ്ധ്യമല്ല. ഏററവും വിശ്വാസയോഗ്യമായിട്ടുള്ളതാണെന്നു കരുതപ്പെടുന്ന ഒരു രേഖയിൽ കാണുന്നതു് മെങ്ങ്കോ 84വയസ്സുവരെ ജീവിച്ചിരുന്നു എന്നാണു്. ബി. സി. 372മുതൽ 289വരെയായിരുന്നു അദ്ദേഹത്തിൻെറ ജീവിതകാലം. ഒരു ചെറിയ സ്റ്റേററായ സോവുവിലാണു് അദ്ദേഹം ജനിച്ചതു്. ലൂവിൽപ്പെട്ട ഒന്നായിരുന്നു അതു്. അദ്ദേഹത്തിൻെറ പൂർവ്വികന്മാർ മെങ്ങ് വംശജരായിരുന്നുവെന്നു പറയപ്പെടുന്നു. അതിലെ ചില അംഗങ്ങൾ കങ്ങ്ഫ്യൂവൊന്നിച്ചു് ആചാരശാസ്ത്രം പഠിക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ കാലക്രമേണ പ്രസ്തുതവംശത്തിനു് അധഃപതനം സംഭവിക്കുകയും അങ്ങിനെ അവർ സാധാരണക്കാരുടെ ഇടയിൽ എണ്ണപ്പെടുവാൻ തുടങ്ങുകയും ചെയ്തു. അവരുടെ ഇടയിലാണു് കോ വളർന്നുവന്നതു്.

മെങ്ങ്കോവിൻെറ പിതാവു് പുത്രനെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ കാര്യമായി ശ്രദ്ധിച്ചിരുന്നില്ലെന്നു കാണുന്നു. കോവിനു മൂന്നു വയസ്സുള്ളപ്പോൾ ആയാൾ നിര്യാതനായി. എന്നാൽ കോവിൻെറ മാതാവു് ചരിത്രപ്രസിദ്ധിയാർജ്ജിച്ച ഒരു സ്ത്രീയായിരുന്നു. അങ്ങിനെ മാതാവിൽനിന്നു് പാരമ്പര്യമനുസരിച്ചു് കിട്ടിയ ചില ഗുണങ്ങളാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. അപ്രസിദ്ധമായിരുന്ന അദ്ദേഹത്തിൻെറ നിരവധി കവനതല്ലജങ്ങൾ നൂററാണ്ടുകാലങ്ങളിലെ പരിശ്രമഫലമായി കണ്ടെടുത്തിട്ടുണ്ടു്. അതിൽ അദ്ദേഹം വളർന്നുവന്നി

സാഹചര്യങ്ങളേയും മററും പററി പ്രതിപാദിക്കുന്നുണ്ടു്. അതിലൊന്നിൽ അമ്മ മൂന്നുതവണയാണു് മകനുവേണ്ടി നല്ലൊരു സാഹചര്യം സൃഷ്ടിക്കുവാൻ വാസസ്ഥലം മാററിയതെന്നു കാണുന്നു. അവർ ആദ്യകാലത്തു് ഒരു ശ്മശാനത്തിനടുത്തായിരുന്നു താമസിച്ചിരുന്നതു്. അവിടെ കാണപ്പെട്ടിരുന്ന സംസ്കാരച്ചടങ്ങുകളും ദുഃഖാചരണവും മററും കുട്ടിയെ പ്രഭാവിതനാക്കിത്തീർക്കുകയും അവൻ ചടങ്ങുകളെ ഏററവും ഗൌരവതരമായി അനുകരിക്കുകയും ചെയ്തു. അതു തൻെറ കുട്ടിക്കു പററിയ പരിതഃസ്ഥിതിയല്ലെന്നു മാതാവു കണ്ടു. അങ്ങിനെ അവർ ഒരു കച്ചവടകേന്ദ്രത്തിലേയ്ക്കു് മാറിത്താമസിച്ചു. അവിടെവെച്ചു് അധികം താമസിയാതെ കോ ഒരു നടന്നുവില്പനക്കാരനായിത്തീർന്നു. വിലപേശലും സാധനങ്ങൾ വില്പനയുമായി അങ്ങിനെ കഴിഞ്ഞുകൂടി. രാവും പകലും അതല്ലാതെ മററു ഉപാധികളുണ്ടായിരുന്നില്ല. അമ്മ പിന്നേയും സ്ഥലമാററം ചെയ്തു. ഇക്കുറി ഒരു സ്കൂളിന്നടുത്താണു് അവർ താമസിച്ചതു്. അവിടെനിന്നു മൃദുലഹൃദയനായ കുട്ടി പ്രശസ്തരായ പണ്ഡിതന്മാരെ അനുകരിച്ചു് അവരെപ്പോലെ ജീവിക്കുവാൻ തുടങ്ങി. അവരേപ്പോലെ തലകുനിക്കുവാനും തർക്കിവാദ്യം ചെയ്യുവാനും മററും അവൻ തുടങ്ങി. ഒരു ചെറിയ കുട്ടിയിൽ ഇത്തരം പ്രവൃത്തികൾ കാണുക എന്നതു് അത്യാശ്ചര്യകരമായ ഒരു സംഗതിയായിരുന്നു.

മെങ്ങ്കോവിൻെറ ബാല്യകാലത്തെക്കുറിച്ചു് ഒരു കഥയുംകൂടിയുണ്ടു്. ഒരിക്കൽ ഒരു കശാപ്പുകാരൻ ഒരു പ

ന്നിയെ കൊല്ലുന്നതായി കുട്ടി കണ്ടു. എന്തിനാണതു് എ ന്നു് അവൻ അമ്മയോടന്വേഷിച്ചു. 'നിനക്കു തിന്നുവാൻ വേണ്ടി' അമ്മ മറുപടി പറഞ്ഞു. എന്നാൽ അല്പനേര ത്തെ ആലോചനയ്ക്കുശേഷം താൻ പറഞ്ഞതു് അബദ്ധ മായിപ്പോയെന്നു് ആ മാതാവിന്നു തോന്നി. അവർ ആ ലോചിക്കുവാൻ തുടങ്ങി:—"ഞാൻ ഈ കുട്ടിയെ ഗർഭ ണ്ടായിരുന്നപ്പോൾ വേണ്ടതുപോലെ വിരിക്കാത്ത ഒരു പായയിൽ ഇരിക്കുകയോ അനുചിതമാർഗ്ഗത്തിൽക്കൂടി ലഭി ച്ച മാംസം ഭക്ഷിക്കുകയോ ചെയ്തിരുന്നില്ല. അങ്ങിനെ അവൻ ജനിക്കുന്നതിന്നുമുമ്പുതന്നെ ഞാൻ അവനുവേ ണ്ട വിദ്യാഭ്യാസം നല്കുവാൻ ആരംഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവൻെറ ബുദ്ധി വികസിക്കാൻ തുടങ്ങിയ അവസരത്തിൽ ഞാൻ അവനോടു് യാഥാർത്ഥ്യം തുറന്നു പറയുന്നില്ല. തന്നിമിത്തം അവൻ സത്യസന്ധനായി ത്തീരുന്നില്ലെങ്കിൽ അതു് എൻെറ കുറ്റമാണു്." ഇപ്ര കാരം ചിന്തിച്ച അവർ പുറത്തുപോയി ഒരു പോക്കിനെ കൊണ്ടുവന്നു് കുട്ടിക്കുകൊടുത്തു.

മെങ്ങ്കോ കുറച്ചു വലുതായപ്പോൾ ടസ്സൂസുവിൻെറ ഒരു ശിഷ്യനോടൊന്നിച്ചു് വിദ്യാഭ്യാസം ചെയ്തുതുടങ്ങി; കൺഫ്യൂഷ്യസ് പ്രസ്ഥാനത്തോടു് ബന്ധപ്പെട്ട ഒരു വിദ്യാലയമാ യിരുന്നു അതു്. ആദ്യത്തിൽ അവൻ സ്ഥിരോത്സാഹി യായ ഒരു വിദ്യാർത്ഥിയായിരുന്നില്ല. ഒരു ദിവസം മെങ്ങ് പദ്യം ചൊല്ലിക്കൊണ്ടിരിക്കുന്നതിന്നിടയിൽ പെട്ടെന്നു നിർത്തി. അവൻെറ അമ്മ അപ്പോൾ സമീപത്തിരുന്നു് നെയ്യുന്നുണ്ടായിരുന്നു. പെട്ടെന്നു് അവർ പേനക്കത്തി

ഴുടുത്തു പാവു് മുറിച്ചുകളഞ്ഞു. അത്ഭുതസ്തബ്ധനായ കോ അവരോടു് അതിനുള്ള കാരണമെന്തെന്നന്വേഷിച്ചു. അവർ പറഞ്ഞു:—"നിൻെറ പഠിപ്പിലുള്ള അശ്രദ്ധപോലത്തന്നെയാണു് എനിക്കുണ്ടാവുന്ന നോട്ടക്കുറവുകളും." രണ്ടുപേരും പ്രവൎത്തി മുഴുമിപ്പിച്ചില്ല. പകുതിവെച്ചു നിൎത്തുകയാണുണ്ടായതു്. ഈ പാഠം മെങ്ങ്കോവിന്നു ജീവിതാവസാനംവരെ ഓൎമ്മയുണ്ടായിരുന്നു. അങ്ങിനെയാണു് അദ്ദേഹം ഏററവും പരിശ്രമശീലനായ ഒരു വിദ്യാൎത്ഥിയായിത്തീൎന്നതു്. കാലക്രമേണ പാണ്ഡിത്യത്തിലും അദ്ദേഹം അഗ്രിമസ്ഥാനം നേടി.

മെങ്ങ്കോവിൻെറ വിവാഹജീവിതത്തെപ്പററി അധികമൊന്നും അറിയുന്നില്ല. എന്നാൽ അദ്ദേഹം വളരെ രസകരവും വിചിത്രവുമായ ഒരു കാരണത്തിനുവേണ്ടി വിവാഹമോചനത്തിന്നു ശ്രമിച്ചതായി അറിയുന്നു. സ്വകാര്യമുറിയിൽവെച്ചു് ഭാര്യയെ അൎദ്ധനഗ്നയായി അദ്ദേഹം കണ്ടുവത്രെ. ഇതു് സഭ്യതയ്ക്കു ചേൎന്നതല്ലെന്ന ശക്തിയായ തൻെറ അഭിപ്രായം അദ്ദേഹം പ്രകടിപ്പിച്ചു. അങ്ങിനെ അവരെ ഉപേക്ഷിക്കുവാൻ മെങ്ങ്കോ ഒരുങ്ങി. എന്നാൽ മകൻെറ അവിവേകത്തെ തടഞ്ഞുകൊണ്ടു് അമ്മ അദ്ദേഹത്തെ ഇപ്രകാരം ഉപദേശിച്ചു:—"സഭ്യതയുടെ നിയമമനുസരിച്ചു് ഒരു പുരുഷൻ തൻെറ ശബ്ദമുയൎത്തുന്നതു പ്രസംഗപീഠത്തിൽനിന്നുകൊണ്ടാണു്. ആ സമയത്തു് ആയാൾ അത്യന്തം ശ്രദ്ധാലുവായിരിക്കും. മററുള്ളവരുടെ കുററങ്ങൾ കണ്ടുപിടിക്കുന്ന ഒരാൾക്കു് അവനവൻെറ കാൎയ്യത്തിൽ പ്രത്യേകം മനസ്സിരുത്തേണ്ടിവരു

നു. നീ സ്വയം മര്യാദയില്ലാതെ പെരുമാറി. അതിനു ഭാര്യയെ കുററം പറയുകയും ചെയ്യുന്നു. എന്തിനാണ് നീ സ്വകാര്യമുറിയിൽ പോയതു്? അതു ശരിയായ ഒരു പ്രവൃത്തിയാണോ?'' അമ്മയുടെ ന്യായവാദങ്ങളെ അനുസരണശീലനായ മകൻ അംഗീകരിച്ചു. പിന്നീടു് കുഴപ്പമൊന്നും ഉണ്ടായില്ല.

## നന്മചെയ്യുന്നതിന്നു് ശക്തി സംഭരിക്കുക!

മേൽ പ്രസ്താവിച്ചതരത്തിലുള്ള ചുരുക്കം ചില സംഭവങ്ങളല്ലാതെ മെങ്ങ്കോവിൻെറ ജീവിതത്തെപ്പററി യാതൊന്നുംതന്നെ ലഭിക്കുന്നില്ല. അക്കാലത്തു് അദ്ദേഹം ഒരുങ്ങുകയായിരിക്കണം. ഒരു നേതാവു് അദ്ദേഹത്തിനുള്ളിൽ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. കങ്ങ്ഫ്യൂവിൻെറ സിദ്ധാന്തങ്ങളെ അദ്ദേഹം വിപുലമായി അദ്ധ്യയനംചെയ്യുകയും അതിൽ ഗവേഷണങ്ങൾ നടത്തുകയും ചെയ്തു. നാല്പതാമത്തെ വയസ്സിൽ ഒരു മഹാപണ്ഡിതനെന്ന ഖ്യാതിയോടുകൂടി അദ്ദേഹം രംഗപ്രവേശംചെയ്തു. അന്നു് അദ്ദേഹത്തിന്നു് കുറെ ശിഷ്യന്മാരും ഉണ്ടായിരുന്നു. പിന്നീടു് ഇരുപതുകൊല്ലക്കാലത്തോളം സജീവമായി പൊതുപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടു. ഫ്യൂ, വീ, ലിയാങ്ങ്, ടെൻസങ്ങ്, ചീ മുതലായ സ്ഥലങ്ങൾ അദ്ദേഹം സന്ദൎശിക്കുകയും അവിടങ്ങളിൽ താമസിക്കുകയും ചെയ്തിരുന്നു. മെങ്ങ്കോ പോയ സ്ഥലങ്ങളിലെല്ലാംതന്നെ അദ്ദേഹത്തെ ഏററവും ആദരവോടുകൂടിയാണു് അവിടങ്ങളിലെ ഭരണാധികാരികൾ സ്വാഗതംചെയ്തതു്. അദ്ദേഹ

ത്തിൻെറ സർവ്വസൌകര്യങ്ങളും അവർ അന്വേഷിച്ചിരുന്നു. രാജകീയമായ ധാടിയോടുകൂടിയാണ് അദ്ദേഹം അവിടങ്ങളിൽ താമസിച്ചിരുന്നതു്. അദ്ദേഹത്തിൻെറ സേവനങ്ങൾക്ക് മികച്ച പ്രതിഫലം നല്കപ്പെട്ടു. വിശേഷപ്പെട്ട സമ്മാനങ്ങളും സ്വർണ്ണനാണ്യങ്ങളും അദ്ദേഹം രാജാക്കന്മാരിൽനിന്നു് ഒരു സ്നേഹചിഹ്നമെന്ന നിലയ്ക്കു് സ്വീകരിച്ചു. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ബഹുമാന്യമായി കരുതപ്പെടുകയും അനുവർത്തിക്കപ്പെടുകയും ചെയ്തു. രാജാക്കന്മാരുടെയെല്ലാം ഉപദേഷ്ടാവു് എന്ന നിലയിൽ മെങ്ങ്കോ ആഡംബരപൂർവ്വം യാത്രചെയ്തുവന്നു. മാസ്റ്റർ കങ്ങിനെ സംബന്ധിച്ചേടത്തോളം പ്രസ്തുത ജീവിതം അഭികാമ്യമായി കരുതപ്പെട്ടിരുന്നില്ല. നൂറുകണക്കിൽ ശിഷ്യന്മാരോടുകൂടി മെങ്ങ്കോ ദീർഘമായ വണ്ടിയിൽ കയറി യാത്രചെയ്തു. അദ്ദേഹത്തിൻെറ മാതാവു മരിച്ചപ്പോൾ ഏററവും ആഡംബരപൂർണ്ണമായ ഒരു സംസ്കാരമാണു് നടത്തപ്പെട്ടതു്. അതു് ലൂവിൽ വലിയൊരു കോളിളക്കമുണ്ടാക്കി. പല സ്ഥലങ്ങളിൽനിന്നും നിശിതമായ വിമർശനങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

മെങ്ങ്കോവുമായി ബന്ധപ്പെട്ട രാജകുമാരന്മാരിൽ ടെങ്ങിലെ ഡ്യൂക്കായ വെൻ ആയിരുന്നു ഏററവും വിശ്രുതൻ. പത്തു് ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ഒരു ചെറിയ നാട്ടുരാജ്യമായിരുന്നു ടെങ്ങ്. മെങ്ങ്കോവിൻെറ ജനനസ്ഥലമായ സോവിനടുത്ത പ്രദേശമായിരുന്നു അതു്. വെൻ രാജകുമാരൻ സിംഹാസനാരൂഢനാ

യിത്തീരുന്നതിനുമുമ്പുതന്നെ മെങ്ങ്കോവിനെ സന്ദശിക്കുകയും അദ്ദേഹത്തിൻെറ ഉപദേശങ്ങൾ കേൾക്കുകയും ചെയ്തിരുന്നു. ആദ്യമുണ്ടായ കൂടിക്കാഴ്ചയിൽതന്നെ മെങ്ങ്കോവിനെപ്പററി ഏററവും വലിയ ഒരഭിപ്രായമാണ് വെൻ രാജകുമാരനുണ്ടായതു്. മനുഷ്യപ്രകൃതിയുടെ നന്മയേയും പുരാതന ഋഷിരാജാക്കന്മാരേയും കുറിച്ചു് മെങ്ങ്കോ പറഞ്ഞ അഭിപ്രായങ്ങൾ വളരെ ആദരണീയങ്ങളാണെന്നു് രാജകുമാരനു തോന്നി. ടെയോവിൻെറ അഖണ്ഡതയേപ്പററിയുള്ള വിശദീകരണമാണു് രാജകുമാരനെ ഏററവുമധികം ആകഷിച്ചതു്. ടെങ്ങ് ഒരു ചെറിയ സ്റ്റേററാണെങ്കിലും ഒരു നല്ല ശാസകൻെറ കീഴിൽ പ്രശസ്തമായിത്തീരുന്നതാണെന്നു് മെങ്ങ്കോ അനുഗ്രഹിച്ചതായി പറയപ്പെടുന്നു. അതിനാൽ പിതാവിൻെറ മരണാനന്തരം സിഹാസനാരൂഢനായ വെൻ രാജകുമാരൻ തൻെറ ഉപദേഷ്ടാവായ ജൻയുവിനെ ഒരു മാതൃകാഗവമ്മേണ്ടിനു് ആവശ്യമായ കായ്യങ്ങൾ ഏതെല്ലാമാണെന്നു് ഗ്രഹിച്ചുവരുന്നതിന്നായി മെങ്ങ്കോവിൻെറ അടുക്കലേയ്ക്കയച്ചു.

ടെങ്ങ് പ്രതിനിധി അവിടെ ചെന്നു് വിവരം പറഞ്ഞപ്പോൾ മെങ്ങ്കോ ഇങ്ങിനെ പറഞ്ഞു:—"പിതാവിൻെറ സംസ്കാരാദിക്രിയകൾ ഏററവും ഭംഗിയായി നടത്തുക എന്നതാണു് ഒരു മനുഷ്യൻ ഒന്നാമതായി ചെയ്യേണ്ടതു്." ഇത്രയും പറഞ്ഞതിനുശേഷം അദ്ദേഹം സെങ്ങ് സാങ്ങിൻെറ അനപത്യതാസിദ്ധാന്തത്തെ വിശദീകരിച്ചു. ഒന്നാമതായി ചെയ്യേണ്ടതു് മൂന്നുകൊല്ലക്കാലത്ത

ദുഃഖാചരണമാണെന്നും അദ്ദേഹം വെൻ രാജകുമാരനെ ഉപദേശിച്ചു. പരുക്കൻ ഉടുപ്പുകൾ ധരിക്കുകയും ദരിദ്രന്മാരുടെ ഭക്ഷണം കഴിക്കുകയും ചെയ്തുകൊണ്ടുവേണം മൂന്നുകൊല്ലക്കാലം ജീവിക്കുവാൻ. എന്നാൽ ഈ ഉപദേശത്തിൻെറ പ്രാധാന്യത്തെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നത് വെൻ രാജകുമാരനെ സംബന്ധിച്ചേടത്തോളം ഏററവും ദുഷ്കരമായ ഒരു പ്രവൃത്തിയായിരുന്നു. അതിനാൽ ജൻയു വീണ്ടും മാസ്റ്റർ മെങ്ങിനെ ചെന്നുകണ്ടു. എന്നാൽ അദ്ദേഹം തൻെറ അഭിപ്രായത്തെ ഒന്നുകൂടി സ്ഥിരീകരിക്കുകയും മാസ്റ്റർ കങ്ങിൻെറ ഉദ്ധരണങ്ങൾകൊണ്ട് അതിനെ സമർത്ഥിക്കുകയുംചെയ്തു. ഒരു രാജാവും പ്രജകളും തമ്മിലുള്ള ബന്ധം കാററും പുല്ലുകളും തമ്മിലുള്ള ബന്ധത്തോട് തുല്യമാണെന്ന കങ്ങിൻെറ അഭിപ്രായത്തെ അദ്ദേഹം ഉദ്ധരിച്ചു. കാററ് അടിക്കുന്ന ഭാഗത്തേയ്ക്ക് പുല്ലുകൾ ചായുമല്ലൊ. അതിനാൽ എല്ലാ ഉത്തരവാദിത്തങ്ങളും നിക്ഷിപ്തമായിട്ടുള്ളത് രാജാവിലാണ്. ജാൻയു ചെന്ന് വിവരം പറഞ്ഞപ്പോൾ ഡ്യൂക്കിന് സമ്മതമായി. അഞ്ചുമാസക്കാലത്തോളം രാജാവ് ഏകാന്തമായ ജീവിതം നയിച്ചു. പുറത്തേയ്ക്ക് വരികയോ കൂടിക്കാഴ്ച അനുവദിക്കുകയോ ചെയ്തിരുന്നില്ല. അങ്ങിനെ പിതൃഭക്തനായ അദ്ദേഹത്തിൻെറ പ്രശസ്തി നാടെങ്ങും പരന്നു. ആചാരക്രമമനുസരിച്ച കാലത്തിനുശേഷം മൃതദേഹം സംസ്കരിക്കപ്പെട്ടു. രാജ്യത്തിൻെറ നാനാഭാഗത്തുനിന്നും ജനങ്ങൾ അതു കാണുവാൻ ഒത്തുചേർന്നു. രാജാവിൻെറ മരണത്തിൽ ആത്മാർത്ഥമായി

ദുഃഖിച്ചിരുന്ന പലരും രാജകുമാരന്റെ ദുഃഖാചരണവും പിതൃഭക്തിയും കണ്ടു് അതീവ സന്തുഷ്ടരായി. അങ്ങിനെ ടെങ്ങ് ഡ്യൂക്കിലൂടെ മെങ്ങ്കോ സംസ്കാരാദികമ്മങ്ങൾക്കുള്ള പ്രാധാന്യത്തെ വ്യക്തമാക്കുകയും തദ്വാരാ കൂടുതൽ പ്രശസ്തിയാജ്ജിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം അനുഗ്രഹിച്ചപ്രകാരം ടെങ്ങ് അഭിവൃദ്ധിപ്പെടുകയുണ്ടായില്ല.

ചില കൊല്ലങ്ങൾക്കുശേഷം രാജാവിന്റെ ഒരു മാന്യാതിഥി എന്ന നിലയ്ക്കു് മാസ്റ്റർ മെങ്ങ്കോ ടെങ്ങ് രാജധാനി സന്ദശിക്കുകയുണ്ടായി. ച്യൂ, ചി എന്നീ വലിയ സ്റ്റേറ്റുകൾക്കിടയിൽ കിടന്നിരുന്ന ടെങ്ങിന്റെ സ്ഥിതി പൂച്ചയുടേയും പാമ്പിന്റേയും നടുവിൽപ്പെട്ട എലിയെപ്പോലെയായിരുന്നു. അങ്ങിനേയുള്ള സ്ഥിതിയിൽ മാസ്റ്റർ മെങ്ങ്കോ നിദ്ദേശിച്ച ദീഘകാലപദ്ധതികൾ താല്ക്കാലികമായ ആപത്തുകളെ അഭിമുഖീകരിക്കുവാൻ പയ്യാപ്തമായില്ല. ആ അവസരത്തിലാണു് ചീയിലെ ഡ്യൂക്ക് ടെങ്ങ് അതിത്തിയിൽ കോട്ടകൾ കെട്ടുന്നുണ്ടെന്ന വിവരം വെൻ രാജകുമാരൻ അറിഞ്ഞതു്. ആയാൾ ഒരു വലിയ ആപത്തിനെ അഭിമുഖീകരിക്കുവാൻ പോകയായിരുന്നു. മാസ്റ്റർ മെങ്ങിനു് അസ്പഷ്ടമായ താഴെപറയുന്ന ഉപദേശം മാത്രമേ നല്കാനുണ്ടായിരുന്നുള്ളു—"നിങ്ങൾ നന്മ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ പിൻതുടച്ചക്കാരിൽ ആരെങ്കിലും രാജപദവിനേടി പ്രശസ്തരായിത്തീന്നുകൊള്ളും. ഒരു രാജാവു് മാതൃക കാണിച്ചുകൊടുക്കണം. അതിനെ പിൻതുടച്ചക്കാർ അനുവത്തിച്ചുകൊള്ളും. എല്ലാററിന്റേയും അവസാനതീരുമാനം ചെയ്യേ

ണ്ടതു് സ്വർഗ്ഗലോകത്തിൽവെച്ചാണു്. നിങ്ങൾക്കു് എന്താണു് ചെയ്യാൻ കഴിയുക? നന്മചെയ്യുന്നതിന്നു് ആവശ്യമായ ശക്തി സംഭരിക്കുക! അതുമാത്രം മതി.''

## ഭൗതികനേട്ടങ്ങൾക്കു് പ്രഥമസ്ഥാനം

ടെങ്ങിലെ ഡ്യൂക്കുമായി ഉണ്ടായിരുന്ന അത്ര അടുപ്പം മെങ്ങ്കോവിന്നു് മററു രാജാക്കന്മാരോടുണ്ടായിരുന്നില്ല. ലിയാങ്ങ് സ്റ്റേററിലെ ഹ്വി രാജാവുമായുണ്ടായ ആദ്യത്തെ കൂടിക്കാഴ്ചയിൽതന്നെ പണ്ഡിതന്മാക്കും രാജാക്കന്മാക്കും വഴി രണ്ടാണെന്നു് മെങ്ങ്കോവിന്നു് വ്യക്തമായി. തൻെറ ഭരണകാലത്തുതന്നെ രാജ്യത്തിന്നുണ്ടായ നിരവധി ഉത്ഥാനപതനങ്ങൾക്കു് സാക്ഷ്യംവഹിച്ചിട്ടുള്ള വൃദ്ധനായ രാജാവു് അന്യസ്റ്റേററുകളുടെ ഉപദ്രവങ്ങൾ വളരെയധികം സഹിച്ചിട്ടുള്ള ഒരാളായിരുന്നു. അദ്ദേഹത്തിൻെറ രാജ്യത്തിൻെറ പല ഭാഗങ്ങളും ശത്രുക്കൾ കീഴടക്കി. മാത്രമല്ല തൻെറ സീമന്തപുത്രനെ അവർ വധിക്കുകയുംചെയ്തു. അതുകൊണ്ടു് സ്വാഭാവികമായി അദ്ദേഹം ശാക്തികരാജതന്ത്രത്തിൽ വിശ്വസിച്ചിരുന്നു. തൻെറ രാജ്യത്തിൻെറ സൈനികശക്തി വർദ്ധിപ്പിച്ചു് ശത്രുക്കളോടു് പകരം ചോദിക്കണമെന്നായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നതു്. അതിനാൽ സോവിലെ മഹാപണ്ഡിതനെ അദ്ദേഹം ഉത്സാഹപൂർവ്വം സ്വീകരിക്കുകയും തൻെറ രാജ്യത്തിൻെറ ഭൗതികനേട്ടങ്ങൾക്കു് ആവശ്യമായ ഉപദേശങ്ങൾ നല്കുവാൻ അഭ്യർത്ഥിക്കുകയും ചെ

ത്തു. എന്നാൽ മെങ്ങ്കോവിന്നു് ഭൌതികനേട്ടങ്ങളെപ്പററി യാതൊരു ശ്രദ്ധയുമുണ്ടായിരുന്നില്ല. ഏററവും നിരാശാജനകമായ ഒരു മറുപടിയാണു് രാജാവിന്നു് ലഭിച്ചതു്. മെങ്ങ്കോ പറഞ്ഞു:—"നിങ്ങൾ എന്തിനാണു് ഭൌതികനേട്ടങ്ങളെപ്പററി സംസാരിക്കുന്നതു്? ഭൌതികനേട്ടങ്ങളെപ്പററി ചിന്തിക്കുന്നവൎക്കു് ഒരു വലിയ ആപത്തു് നേരിടുന്നതാണു്. രാജാവു് രാജ്യത്തിൻെറ നേട്ടങ്ങൾക്കുവേണ്ടി ആഗ്രഹിക്കുന്നു. മന്ത്രിമാർ അവരുടെ കുടുംബങ്ങളെ നന്നാക്കുവാൻ ശ്രമിക്കുന്നു. ചെറിയ ഉദ്യോഗസ്ഥന്മാരും സാധാരണക്കാരും വ്യക്തിപരമായ സ്വാൎത്ഥതാല്പൎയ്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു. അങ്ങിനെ ഉയൎന്നവരും താഴ്ന്നവരും തമ്മിൽ അവരവരുടെ താല്പൎയ്യങ്ങൾക്കുവേണ്ടി സമരം നടത്തുകയും അതു് രാജ്യത്തെ ആപല്ക്കരമായ ഒരു സ്ഥിതിയിലേക്കു് നയിക്കുകയും ചെയ്യുന്നതാണു്. അതുകൊണ്ടു് അല്ലയോ രാജാവേ, സ്നേഹത്തേയും സദാചാരത്തേയുംപററി പരാമൎശിച്ചാലും! അതു രണ്ടുമാണു് ഏററവും വിശിഷ്ടമായിട്ടുള്ളതു്. ഭൌതികനേട്ടങ്ങൾ നിസ്സാരങ്ങളത്രെ."

മേൽപറഞ്ഞ അഭിപ്രായം ജ്ഞദൎശനസിദ്ധാന്തമാണു്. ഇതിൽനിന്നു് വളരെ വ്യത്യസ്ഥമായ ഒരഭിപ്രായമായിരുന്നു അന്നത്തെ സാമന്തപ്രഭുക്കന്മാൎക്കുണ്ടായിരുന്നതു്. നൈതികവും രാഷ്ട്രീയവുമായ മഹൽതത്വങ്ങളെ അപേക്ഷിച്ചു് പ്രായോഗികവും സുഗമവുമായ കാൎയ്യങ്ങളിലായിരുന്നു അവർ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നതു്. താൻ തൻെറ ജീവിതം മുഴുവനും രാജ്യത്തിൻെറ നേട്ട

ങ്ങൾക്കായി ഉപയോഗിച്ചുവെന്നും അയൽപക്കത്തുള്ള ഏതു രാജാവിനെക്കാളും കൂടുതൽ നന്നായി ഭരണം നടത്തിയെന്നും ഹ്വി രാജാവു് മെങ്ങ്കോവിനോടു് പറഞ്ഞു. അപ്പോൾ അദ്ദേഹം ഒരു ഉപമകൊണ്ടു് രാജാവിനു് കാര്യം മനസ്സിലാക്കിക്കൊടുപ്പാൻ ശ്രമിച്ചു. യുദ്ധത്തെക്കുറിച്ചുള്ളതായിരുന്നു പ്രസ്തുത ഉപമ. അതിനാൽ രാജാവിനു് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചു. മെങ്ങ്കോ പറഞ്ഞു:—"യുദ്ധകാഹളം മുഴക്കിയശേഷം രണ്ടു അണികളിലേയും ഭടന്മാർ തമ്മിൽ പൊരുതുവാൻ തുടങ്ങി എന്നു വിചാരിക്കുക. ആ സമയത്തു് നിങ്ങളുടെ അണിയിൽനിന്നു് യുദ്ധം ചെയ്യുന്ന ഭടന്മാർ അവരുടെ ആയുധങ്ങൾ വലിച്ചെറിഞ്ഞു് പിന്നാക്കം മാറുന്നു. ഒരു വിഭാഗം അമ്പതടി പിന്നാക്കം മാറുന്നു. മറേറവിഭാഗം നൂറടി പിന്നോക്കം മാറുന്നു. അപ്പോൾ അമ്പതടി പിന്നാക്കം മാറിയവർക്കു് നൂറടി പിന്നാക്കം മാറിയവരെ പരിഹസിക്കുവാൻ അർഹതയുണ്ടെന്നു് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?"

രാജാവു്:—ഇല്ല. അവരും പിന്നോക്കം ഓടിയവരാണല്ലോ.

മെങ്ങ്കോ:—അല്ലയോ മഹാരാജാവേ, ഈ തത്വം അറിയുന്ന നിങ്ങൾ അയൽപ്രദേശങ്ങൾകൂടി പിടിച്ചടക്കി മററു രാജാക്കന്മാരേക്കാൾ കേമനായിത്തീരണമെന്നു് ആശിക്കുന്നതു് ശരിയാണോ?

മററൊരവസരത്തിൽ മെങ്ങ്കോ ഹ്വി രാജാവിനെ നേരിട്ടു് വിമർശിക്കുകയുണ്ടായി. താൻ മെങ്ങ്കോവിൻെറ

ഉപദേശങ്ങൾ ശ്രദ്ധയോടുകൂടി കേൾക്കാമെന്നു് രാജാവു് സമ്മതിച്ചപ്പോൾ അദ്ദേഹം ഇങ്ങിനെ ചോദിച്ചു:—"ഒരു മനുഷ്യനെ ഗദകൊണ്ടു് അടിച്ചുകൊല്ലുന്നതും വാളുകൊണ്ടു വെട്ടിക്കൊല്ലുന്നതും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?"

രാജാവു്:—യാതൊരു വ്യത്യാസവുമില്ല.

മെങ്ങ്കോ:—ഒരാളെ വാളുകൊണ്ടു് വെട്ടിക്കൊല്ലുന്നതും ദുർഭരണംകൊണ്ടു കൊല്ലുന്നതും തമ്മിൽ അന്തരമുണ്ടോ?

രാജാവു്:—ഒരിക്കലും ഇല്ല.

മെങ്ങ്കോ:—അല്ലയോ രാജാവേ, നിങ്ങളുടെ പാചകശാലയിൽ ഭക്ഷണത്തിനു പാറിയ ഒന്നാന്താം മാംസം ധാരാളമുണ്ടു്. നിങ്ങളുടെ കുതിരപ്പന്തിയിൽ തടിച്ചുകൊഴുത്ത കുതിരകളാണു് നില്ക്കുന്നതു്. എന്നാൽ രാജ്യത്തുള്ള സാധാരണക്കാർ പട്ടിണികിടന്നു പൊരിയുന്നു. മൃഗങ്ങളെക്കൊണ്ടു് മനുഷ്യരെ തീറ്റുന്ന ഒരു ഏൎപ്പാടാണിതു്. മനുഷ്യർ അന്യോന്യം പിടിച്ചുതിന്നുന്ന മൃഗങ്ങളെക്കൂടി വെറുക്കാറുണ്ടു്. അതുകൊണ്ടു് ജനങ്ങളുടെ രക്ഷിതാവായ ഒരു രാജാവു് മൃഗങ്ങളെക്കൊണ്ടു് മനുഷ്യരെ തീറ്റുവാൻ പാടില്ലാത്തതാണു്. രക്ഷിതാവു് എന്ന നിലയ്ക്കു രാജാവു് ഒരിക്കലും തന്റെ കൎത്തവ്യത്തെ വിസ്മരിച്ചുകൂടാ.

ഒരു കൊല്ലം കഴിഞ്ഞു് മെങ്ങ്കോ വീണ്ടും ഹ്വീരാജാവിന്റെ രാജ്യം സന്ദൎശിച്ചു. അപ്പോഴേയ്ക്കും രാജാവു്

മരിച്ചുപോയിരുന്നു. അദ്ദേഹത്തിൻെറ പുത്രനായ സിയാങ്ങ് ആയിരുന്നു രാജ്യം ഭരിച്ചിരുന്നതു്. മെങ്ങ്കോവിന്നു് ആയാളെ സംബന്ധിച്ചേടത്തോളം നല്ല ഒരഭിപ്രായമായിരുന്നില്ല ഉണ്ടായിരുന്നതു്. ഒന്നാമത്തെ കൂടിക്കാഴ്ചയ്ക്കുശേഷം മെങ്ങ് തൻെറ സ്നേഹിതന്മാരോടു് ഇപ്രകാരം പറഞ്ഞു:—"ആയാളെ ദൂരത്തുനിന്നു കണ്ടപ്പോൾ തന്നെ ഒരു രാജാവാണു് എന്നു് എനിക്കു തോന്നിയില്ല. അടുത്തുചെന്നപ്പോൾ ബഹുമാനിക്കത്തക്ക യാതൊരു ഗുണവും എനിക്കു് ആയാളിൽ കാണുവാൻ സാധിച്ചില്ല." മാസ്റ്റർ മെങ്ങ് വളരെ നിരാശനായി. അങ്ങിനെ അദ്ദേഹം ഉടൻതന്നെ സ്റ്റേറ്റിൽനിന്നു പോകുകയും ചെയ്തു.

## ചീ തലസ്ഥാനത്തിൽ

മെങ്ങ്കോവിൻെറ രാഷ്ട്രീയജീവിതത്തിൽ അധികഭാഗവും ചീ തലസ്ഥാനത്തിലാണു് കഴിച്ചുകൂട്ടിയതു്. സാഹിത്യകുശലനായ സുവാൻ രാജാവായിരുന്നു അന്നു് അവിടെ രാജ്യം ഭരിച്ചിരുന്നതു്. അദ്ദേഹം തൻെറ ദർബാറിൽ സുപ്രസിദ്ധരായ പണ്ഡിതന്മാരെ നിശ്ചയിച്ചിരുന്നു. അവർക്കു താമസിക്കുവാൻ മണിമാളികകൾ പണിചെയ്യിച്ചുകൊടുത്തു. തലസ്ഥാനനഗരിയുടെ പശ്ചിമകവാടത്തിൻെറ താഴെയായിരുന്നു അതു്. അദ്ദേഹം അവർക്കു വിലപിടിച്ച സമ്മാനങ്ങളും ബഹുമാന്യപദവികളും നല്കിയിരുന്നു. പക്ഷെ അവരെക്കൊണ്ടു യാതൊരു പ്രവൃത്തിയും എടുപ്പിച്ചിരുന്നില്ല. രാജാവിനെ രാഷ്ട്രീയകാര്യങ്ങളിൽ ഉപദേശിക്കുകമാത്രമായിരുന്നു അവർക്കുള്ള ജോ

ലി. അതോടൊപ്പംതന്നെ അവരുടെ ദാശനികസിദ്ധാന്തങ്ങളെപ്പററി ചച്ചചെയ്യുന്നതിന്നും അവയെ പ്രചരിപ്പിക്കുന്നതിന്നും അവക്ക് സൌകര്യമുണ്ടായിരുന്നു. അങ്ങിനെ യുദ്ധങ്ങൾ നടന്നിരുന്ന കാലത്തു് ചി ഒരു വലിയ വിദ്യാകേന്ദ്രമായിത്തീൎന്നു. അവിടെ നിരവധി പണ്ഡിതന്മാരും ദാശനികന്മാരും താമസിച്ചുവന്നു.

മാസ്റ്റർ മെങ്ങ് രണ്ടുതവണ ചി സന്ദശിച്ചിട്ടുണ്ടു്. അപ്പോഴെല്ലാം സുയാൻ രാജാവു് അദ്ദേഹത്തെ ഏററവും ബഹുമാനപൂവ്വം സ്വീകരിച്ചിട്ടുമുണ്ടു്. എന്നാൽ ചി തലസ്ഥാനത്തിൽ താമസിക്കുന്ന മററു കലാകാരന്മാരായ രാജതന്ത്രജ്ഞന്മാരെപ്പോലെയായിരുന്നില്ല അദ്ദേഹം. രാജസദസ്സിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. എന്നാൽ അദ്ദേഹത്തിന്നു് ഒരു പ്രത്യേകവകുപ്പുണ്ടായിരുന്നില്ല. പൊതുക്കത്തിൽ അവിടെ ഏററവും ഉയൎന്ന ഒരു സ്ഥാനമായിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്നതു് എന്നുമാത്രം നമുക്കറിയുവാൻ കഴിയുന്നുണ്ടു്. രാജാവിന്നു് ഏററവും പ്രിയനായ ഒരു വ്യക്തിയായിരുന്നു മെങ്ങ്കോ. ഒരിക്കൽ ടെങ്ങിലേയ്ക്കു് വിശ്വസ്ഥനായ ഒരു രാജകീയ ഉദ്യോഗസ്ഥനൊന്നിച്ചു് തന്റെ സൌഹൃദമറിയിക്കുവാൻവേണ്ടി രാജാവു് അദ്ദേഹത്തെ അയയ്ക്കുകയുണ്ടായി. ചിയും യെന്നും തമ്മിൽ യുദ്ധം നടന്നിരുന്ന അവസരത്തിൽ അദ്ദേഹത്തോടു് രാഷ്ട്രീയമായ പല പ്രധാനകാര്യങ്ങളും ആലോചിക്കുകയുണ്ടായിട്ടുണ്ടു്. അങ്ങിനെ അനിഷേദ്ധ്യവും അധൃഷ്യവുമായ ഒരു പദവിയെയാണു് അദ്ദേഹത്തിന്നു് ചി ദർബാറിൽ ഉണ്ടായിരുന്നതു്.

ചീ രാജാവിന്നു് പല ദുബ്ബലതകളുമുണ്ടായിരുന്നു. സൌന്ദയ്യത്തോടും ധനത്തോടും അദ്ദേഹത്തിന്നു് വലിയ ഭ്രമമാണു്. നായാട്ടു്, സംഗീതം മുതലായവയിൽ രാജാവു് അത്യന്തം താല്പയ്യം പ്രദശിപ്പിച്ചു. തൻെറ ദൌർബ്ബല്യങ്ങളെപ്പററി രാജാവിന്നു് അറിയുകയും ചെയ്യാമായിരുന്നു. അവയിൽനിന്നു് അദ്ദേഹത്തെ വിമുക്തനാക്കുവാൻവേണ്ടി മെങ്ങ് വളരെ പരിശ്രമിക്കുകയുണ്ടായി. ജനങ്ങളുമായി ഒത്തിണങ്ങി ജീവിക്കുന്നതായാൽമാത്രമെ പ്രസ്തുത സുഖങ്ങൾ ഒരു രാജാവിന്നു് അനുഭവിക്കുവാൻ അഹതയുള്ളുവെന്നു് മെങ്ങ്കോ ഉപദേശിച്ചു. രാജാവിന്നുണ്ടായിരുന്ന ജീവകാരുണ്യത്തെപ്പററി മെങ്ങ് അദ്ദേഹത്തെ അത്യന്തം നയവൈദഗ്ദ്ധ്യത്തോടുകൂടി പ്രശംസിച്ചു. അങ്ങിനെ രാജാവിൻെറ മാനസികാവസ്ഥയെ നല്ലപോലെ ഗ്രഹിച്ച മെങ്ങ് അദ്ദേഹത്തെ ഒരു നല്ലമനുഷ്യനാക്കിത്തീക്കുന്നതിന്നുവേണ്ടി തന്നാലാവുന്നതെല്ലാം ചെയ്തുനോക്കി. എന്നാൽ ഒരിക്കൽ മെങ്ങ് അദ്ദേഹത്തോടു് കയക്കുകതന്നെ ചെയ്തു. മെങ്ങ് ചോദിച്ചു:— "അങ്ങയുടെ ഒരു മന്ത്രി തൻെറ ഭായ്യയേയും കുട്ടികളേയും ഒരു സ്നേഹിതൻെറ രക്ഷയിൽ ഏല്പിച്ചു് ചൂവിലേയ്ക്കു പോകുകയും ആയാൾ തിരിച്ചുവന്നപ്പോൾ തൻെറ ഭായ്യയും കുട്ടികളും ഏററവും അവശസ്ഥിതിയിലാണെന്നു് കാണുകയും ചെയ്യുകയാണെങ്കിൽ തൻെറ സ്നേഹിതനോടു് എങ്ങിനെയാണു് പെരുമാറേണ്ടതു്?"

രാജാവു്:—സ്നേഹിതനെ തീച്ചയായും ഉപേക്ഷിക്കണം.

മെങ്ങ്കോ:— അങ്ങയുടെ പ്രധാന ന്യായാധിപതിക്ക് തന്റെ കർത്തവ്യങ്ങൾ ശരിക്കു കൊണ്ടുനടത്തുവാൻ സാധിക്കുകയില്ലെങ്കിൽ എന്തുചെയ്യണം?

രാജാവ്:— അയാളെ പിരിച്ചുവിടണം.

മെങ്ങ്കോ:— അങ്ങയുടെ രാജ്യാതിർത്തിക്കുള്ളിൽ ഒരു നല്ല ഭരണം ഇല്ലെങ്കിൽ എന്താണു് ചെയ്യേണ്ടതു്?

ഇതു കേട്ടപ്പോൾ രാജാവ് അസ്വസ്ഥനായിത്തീൎന്നു. അദ്ദേഹം വിഷയംമാററുവാൻ ശ്രമിച്ചു. ഇപ്രകാരം തന്നെ സുയാൻ രാജാവും മാസ്റ്റർ മെങ്ങും തമ്മിലുള്ള അടുത്ത ബന്ധത്തെ സ്പർശിക്കുന്ന മറെറാരു രസകരമായ സംഭവംകൂടി ഉണ്ടായിട്ടുണ്ട്. അതു് ഇങ്ങിനെയാണു് സംഭവിച്ചതു്. ഒരിക്കൽ മാസ്റ്റർ മെങ്ങ് ദർബാറിലേയ്ക്കു പോകുന്ന അവസരത്തിൽ അദ്ദേഹത്തിനു് രാജാവിൽനിന്നു് ഒരു സന്ദേശം ലഭിച്ചു. രാജാവിനു് അല്പം ജലദോഷമാണെന്നും അതുകൊണ്ട് മെങ്ങ്കോവിനെ വന്നുകാണുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ലെന്നും മെങ്ങ്കോ രാജാവിനെ ചെന്നുകാണണമെന്നും ആയിരുന്നു പ്രസ്തുത സന്ദേശം. മാസ്റ്റർ മെങ്ങ് ഇതു കണ്ടപ്പോൾ അസന്തുഷ്ടനായിത്തീൎന്നു. തനിക്കും ദേഹസുഖമില്ലാത്തതുകൊണ്ടു രാജാവിനെ ചെന്നുകാണുന്നതിനു് സൌകര്യമില്ലെന്നു് അദ്ദേഹം മറുപടി അയയ്ക്കുകയും ചെയ്തു. പിറേറദിവസം മെങ്ങ്കോ ഒരു സ്നേഹിതന്റെ ഗൃഹത്തിലേയ്ക്കു് സൌഹൃദസന്ദർശനത്തിനു പോയി. എന്നാൽ അദ്ദേഹം വീട്ടിൽനിന്നു് ഇറങ്ങിയ ഉടൻതന്നെ രാജാവിന്റെ സന്ദേശവാ

ഹകൻ ഒരു വൈദ്യനോടൊന്നിച്ചു് അവിടെ എത്തിച്ചേ ന്നു മെങ്ങ്കോവിൻെറ മരുമകൻ അവരെ സ്വീകരിച്ചു. എന്താണു പറയേണ്ടതെന്നു് അറിയാതെ ആയാറം കുഴ ങ്ങി. ഒടുവിൽ മെങ്ങ്കോവിന്നു് അന്നുരാവിലെ കുറേ സുഖമായിട്ടുണ്ടെന്നും അദ്ദേഹം രാജധാനിയിലേയ്ക്കു പോ യിട്ടുണ്ടെന്നും ആയാറം പറഞ്ഞയച്ചു. ഉടൻതന്നെ ആ യാറം ചിലരെ മെങ്ങ്കോവിൻെറ അടുക്കലേയ്ക്കു് അയ യ്ക്കുകയും രാജാവിനെ ചെന്നുകാണണമെന്നു് അറിയിക്കു കയും ചെയ്തു. എന്നാൽ ഇതു കേട്ടിട്ടുപോലും മെങ്ങിന്നു് കുലുക്കമുണ്ടായില്ല. അദ്ദേഹം അന്നുരാത്രി സ്നേഹിതൻെറ വീട്ടിൽ താമസിച്ചു.

ചീയിൽ കുറേ കൊല്ലങ്ങറം കഴിച്ചുകൂട്ടിയശേഷം മെ ങ്ങ് അവിടംവിടുവാൻ തീച്ച്പ്പെടുത്തി. ഈ വിവരം അറിഞ്ഞ രാജാവ് അദ്ദേഹത്തെ ചെന്നുകണ്ടു. പിന്നീട്ട് ഒരു ഉദ്യോഗസ്ഥനെ അയച്ചു് അദ്ദേഹത്തോടു് അവിടെ ത്തന്നെ താമസിക്കുന്നതിന്നു് അഭ്യത്ഥിച്ചു. മാസ്റ്റർ മെ ങ്ങ് തൻെറ അഭിപ്രായം മാററുകയുണ്ടായില്ല. തലസ്ഥാ നനഗരി വിട്ടതിന്നുശേഷം അദ്ദേഹമൊന്നിച്ചു പോയ രാ ജദൂതനോട്ടു് സംസാരിക്കാൻപോലും മെങ്ങ് കൂട്ടാക്കിയി ല്ല. എന്നാൽ മെങ്ങിന്നു് അവിടം വിടാൻ നന്ന മടിയു ണ്ടായിരുന്നുതാനും. അന്നുണ്ടായിരുന്ന രാജാക്കന്മാരിൽ വെച്ചു് ഏററവും നല്ല ഒരാളായിരുന്നു സുയാൻ. മെങ്ങ് കോ മൂന്നുദിവസത്തോളം ചീ അതിത്തിയിലുള്ള ഒരു പ ട്ടണത്തിൽ കഴിച്ചുകൂട്ടി. രാജാവു് വീണ്ടും തന്നെ വിളി ക്കുമെന്ന പ്രതീക്ഷയോടുകൂടിയായിരുന്നു അദ്ദേഹം അവി

ടെ താമസിച്ചതു് പക്ഷെ അതുണ്ടായില്ല. ഒടുവിൽ ചീ യിൽനിന്നു് അദ്ദേഹം തന്റെ സ്വദേശത്തേയ്ക്കു തിരിച്ചു.

മാസ്റ്റർ മെങ്ങിന്റെ ജീവിതം പല കാര്യങ്ങളിലും കങ്ങിന്റേതിനോടു സാദൃശ്യമുള്ളതായിരുന്നു. അദ്ദേഹം ജീവിതത്തിന്റെ നല്ലകാലംമുഴുവൻ തന്റെ സിദ്ധാന്ത ങ്ങളെ പ്രായോഗികമാക്കിത്തീർക്കുവാൻ സന്നദ്ധതയുള്ള ഒരു രാജർഷിയേയും അന്വേഷിച്ചുകൊണ്ടുനടന്നു. പ ക്ഷെ അങ്ങിനെ ബുദ്ധിമാനായ ഒരു രാജാവിനെ കാണു വാൻ കഴിഞ്ഞതുമില്ല. അതുകൊണ്ടു് ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ സ്വന്തം സിദ്ധാന്തങ്ങളെ പഠിപ്പിക്കു ക എന്നതുകൊണ്ടുമാത്രം അദ്ദേഹത്തിന്നു് സംതൃപ്തനാ കേണ്ടിവന്നു. ഒരു കാര്യത്തിൽ അദ്ദേഹം മാസ്റ്റർ കങ്ങി നേക്കാൾ ഭാഗ്യവാനായിരുന്നു. സൈ്വരമായ ഒരു സ്വ കാര്യജീവിതം നയിക്കുവാൻ സാധിച്ചിരുന്നു അദ്ദേഹത്തി ന്നു്. കങ്ങ്ഫ്യൂവിന്നു യാത്രയിൽ പല ആപത്തുകളും നേരിട്ടിരുന്നു. അതു് അദ്ദേഹത്തിന്നു വേണ്ടിവന്നില്ല. പക്ഷെ തന്റെ ആദർശങ്ങളെ പ്രായോഗികമാക്കിത്തീർക്കു വാൻ മെങ്ങ്കോവിന്നു കഴിഞ്ഞില്ല. കങ്ങ്ഫ്യൂവിന്നു് കു റെയൊക്കെ അതു സാദ്ധ്യമായി. മെങ്ങ്കോ ഒരു രാജ്യ തന്ത്രജ്ഞനെന്നതിനേക്കാൾ കൂടുതലായി ഒരു പണ്ഡിത നായിരുന്നു. അദ്ദേഹത്തിന്നു രാജ്യതന്ത്രത്തെപ്പററി വള രെ ഭംഗിയായി പ്രസംഗിക്കാൻ കഴിയുമായിരുന്നുവെങ്കി ലും പ്രായോഗികമതയായ ഒരു ഭരണകർത്താവാകുവാൻ കഴിഞ്ഞില്ല. കങ്ങ്ഫ്യൂവിന്നു് അതു സാധിച്ചു. അദ്ദേ

ഹം ലൂവിൽ ഒരു ഭരണാധികാരിയും രാജ്യതന്ത്രജ്ഞനുമായി വളരെ കാലം കഴിച്ചുകൂട്ടി.

ജീവിതാവസാനകാലത്തെ 20 കൊല്ലങ്ങഠം മെങ്ങ്കോ കഴിച്ചുകൂട്ടിയതു സ്വദേശമായ സോവിലായിരുന്നു. ഇക്കാലത്ത് അദ്ദേഹം തൻെറ സിദ്ധാന്തങ്ങളെ പഠിപ്പിക്കുകയും ലിപി ബദ്ധമാക്കുകയും ചെയ്തു. ഏഴുപുസ്തകങ്ങളാണു് അദ്ദേഹമെഴുതീട്ടുള്ളതു്. രാജാക്കന്മാർ, അമാത്യന്മാർ, സ്നേഹിതന്മാർ, അനുയായികഠം എന്നിവരോടു് ഒന്നിച്ചു കഴിച്ചുകൂട്ടിയ കാലത്തെ അദ്ദേഹം അവയിൽ അനുസ്മരിക്കുന്നു. ശിഷ്യന്മാർ അവയെ വിനോദം, വിജ്ഞാനം, യുക്തിവാദം എന്നിവയുടെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചെഴുതി. 'മെങ്ങ്സുവിൻെറ കൃതികഠം' എന്ന പേരിൽ അറിയപ്പെടുന്ന ഗ്രന്ഥം ഈ പ്രസ്ഥാനത്തിൻെറ പ്രധാനപ്പെട്ട നാലു പ്രാമാണികഗ്രന്ഥങ്ങളിൽ ഒന്നാണു്. പ്രമാണപത്രിക, മഹത്തായ വിദ്യ, മദ്ധ്യമപ്രമാണം എന്നിവയാണു് മററു മൂന്നു ഗ്രന്ഥങ്ങഠം. ഇവയോടു താരതമ്യപ്പെടുത്തിനോക്കിയാൽ മെങ്ങ്കോവിൻെറ കൃതികഠം എന്ന പുസ്തകം കൂടുതൽ വിശേഷപ്പെട്ടതും ആകഷ്കമായ ശൈലിയിൽ എഴുതപ്പെട്ടതുമാണു്.

## മെങ്ങ്കോ വാദിക്കുവാൻ ആഗ്രഹിച്ചില്ല

വിവിധ ദശ്നശാഖകഠം വളന്നു് വികസിച്ചിട്ടുണ്ടായിരുന്ന ഒരു കാലത്താണു് മെങ്ങ്കോ ജീവിച്ചിരുന്നതെന്നു് മുമ്പു പ്രസ്താവിച്ചുവല്ലൊ. അതുകൊണ്ടു് രാജാക്കന്മാക്കും ശാസകന്മാക്കും തൻെറ സിദ്ധാന്തങ്ങളെ ഉപദേ

ശിച്ചുകൊടുക്കുന്നതിന്നും പുറമെ എതിരാളികളായ ദാശ്നികന്മാരുടെ സിദ്ധാന്തങ്ങളെ ഖണ്ഡിക്കുക എന്ന പ്രവൃത്തിയുംകൂടി അദ്ദേഹത്തിന്നു് ചേയ്യേണ്ടതുണ്ടായിരുന്നു. തൻെറ കാലത്തു് സവ്വവ്യാപകമായിത്തീന്നിരുന്ന അയാഥാസ്ഥിക ദശ്നസിദ്ധാന്തങ്ങളെക്കണ്ടു് അത്യധികം അസ്വസ്ഥനായിത്തീന്ന മെങ്ങ്കോ കങ്ങ് പ്രസ്ഥാനത്തെ രക്ഷിക്കേണ്ടതു് തൻെറ ഒഴിച്ചുകൂടാത്ത ഒരു കത്തവ്യമാണെന്നു് കരുതുകയും അതിനുവേണ്ടി അശ്രാന്തം യത്നിക്കുകയും ചെയ്തു. ഒരിക്കൽ ഒരു ശിഷ്യൻ ചോദിച്ച ചോദ്യത്തിന്നു് അദ്ദേഹം നല്കിയ സമാധാനം ഈ ആശയത്തെ തികച്ചും വ്യക്തമാക്കുന്നുണ്ടു്. ശിഷ്യൻ ഇങ്ങിനെ ചോദിച്ചു:—"ഗുരുദേവരെ, അങ്ങ് വാദപ്രതിവാദത്തിന്നു് അഭിരുചിയുള്ള ഒരാളാണെന്നു് ജനങ്ങൾ പറയുന്നു. അതു ശരിയാണോ?"

മെങ്ങ്കോ:—തീച്ചയായും! ഞാൻ വാദപ്രതിവാദത്തെ ഇഷ്ടപ്പെടുന്നതെന്തുകൊണ്ടാണു്? അതില്ലാതെ എനിക്കെങ്ങിനെ എൻെറ ആദശ്ങ്ങളെ രക്ഷിക്കുവാൻ കഴിയും?

മെങ്ങ്കോ പറഞ്ഞതു് യഥാത്ഥമായിരുന്നു. ചൈനീസ് ചിന്താഗതിയിൽ അത്യധികം സ്വാധീനത ചെലുത്തിയിരുന്ന മററു ദശ്നസിദ്ധാന്തങ്ങളെ എതിക്കുകയല്ലാതെ അദ്ദേഹത്തിന്നു് മറെറാരു പോംവഴിയും ഉണ്ടായിരുന്നില്ല.

മെങ്ങ്കോ പ്രധാനമായി എതിത്തതു് യാങ്ങ് ചുവിൻേറയു മോട്ടിസുടേയും ദശ്നങ്ങളെ ആയിരുന്നു. അവ

രണ്ടും പരസ്പരവിരുദ്ധങ്ങളുമായിരുന്നു. എങ്കിലും ജ്ഞപ്ര സ്ഥാനത്തിൻെറ സന്തതികളായിരുന്നു അവ. ജനങ്ങളുടെ ഇടയിൽ അത്യധികം സ്വാധീനത ചെലുത്തിയിരുന്ന ഈ രണ്ടു ദർശനശാഖകളും കൺഫ്യൂഷ്യൻ പ്രസ്ഥാനക്കാരെ സംബന്ധിച്ചേടത്തോളം അത്യന്തം ആപൽക്കാരികളായിരുന്നു. മെങ്ങ്കോവിൻെറ അഭിപ്രായത്തിൽ ലോകത്തിൻെറ നന്മയ്ക്കുവേണ്ടി ഒരു തലനാരിഴപോലും പറിച്ചെടുക്കുവാൻ തെയ്യാറില്ലാത്ത ഒരാളായിരുന്നു യാങ്ങ് ചൂ. എന്നാൽ മോട്ടിയാകട്ടെ ശരീരത്തെ വല്ലാതെ പീഡിപ്പിച്ച് ലോകത്തിനുവേണ്ടി ജീവിക്കുന്ന ആളാണു്. രണ്ടുപേരും തീവ്രവാദികളായിരുന്നു. അതിനാൽ യഥാർത്ഥമാർഗ്ഗം കണ്ടുപിടിക്കാൻ അവക്കു കഴിഞ്ഞില്ല. ലക്ഷ്യം പ്രാപിക്കുവാനും സാധിച്ചില്ല. മെങ്ങ്കോ പറയുന്നു:—“യാങ്ങ് ചുവിൻേറയും മോട്ടിയുടേയും ദർശനങ്ങളുടെ പ്രചാരത്തെ തടയുകയും മാസ്റ്റർ കങ്ങിൻെറ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുകയും ചെയ്യാതിരിക്കുന്നപക്ഷം അവ ജനങ്ങളെ വഴിപിഴപ്പിക്കുകയും മനുഷ്യത്വവും സഭ്യതയും ലോകത്തിൽനിന്നു് തിരോഭവിക്കുകയും ചെയ്യുന്നതാണു്. പ്രസ്തുത മാർഗ്ഗം അടഞ്ഞുകഴിഞ്ഞാൽ മനുഷ്യരെ മൃഗങ്ങൾ നയിക്കുന്നതും നിയന്ത്രിക്കുന്നതുമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിത്തീരും.”

അപ്രകാരം യാങ്ങ്ചുവിൻേറയും മോട്ടിയുടേയും ദുഷിച്ച പ്രചരണത്തെ എതിർത്ത മെങ്ങ്കോ പുരാതന ഋഷികളുടെ മാർഗ്ഗത്തെ അവലംബിക്കുവാൻ ജനങ്ങളോടു് ആഹ്വാനംചെയ്തു. മാസ്റ്റർ കങ്ങിനെപ്പോലെ മനുഷ്യ

ഹൃദയത്തെ പരിവൎത്തനം ചെയ്യിക്കലായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. അങ്ങിനെ മനുഷ്യൻ ഒരിക്കലും നേർമാൎഗ്ഗത്തിൽനിന്നു് വ്യതിചലിക്കരുതു്. മാസ്റ്റർ മെങ്ങ് വീണ്ടും പറയുന്നു:—"ഞാൻ വാദപ്രതിവാദം ചെയ്യുന്നതു് എനിക്ക് ഇഷ്ടമായിട്ടാണെന്നു് കരുതുന്നുണ്ടോ? ഒരിക്കലും അല്ല. അതല്ലാതെ മാറ്റമാൎഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ടാണു് ഞാൻ അങ്ങിനെ ചെയ്യുന്നതു്. യാങ്ങ്ചുവിന്റേയും മോട്ടിയുടേയും സിദ്ധാന്തങ്ങൾക്കെതിരായി ശബ്ദമുയൎത്തുന്ന ആൎക്കുംതന്നെ പുരാതനഋഷിമാരുടെ പിൻഗാമികളാണെന്നു് അവകാശപ്പെടുവാൻ അൎഹതയുണ്ടു്."

യാങ്ങ്ചുവിന്റേയും മോട്ടിയുടേയും പിൻതുടൎച്ചക്കാരുമായി മാസ്റ്റർ മെങ്ങിനു് അടുത്ത സമ്പൎക്കം ഉണ്ടായിരുന്നില്ല എന്നാണു് കാണുന്നതു്. ഈ വിഷയത്തിൽ ഒരു ചെറിയ സംഭവംമാത്രമാണു് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതു്. അദ്ദേഹം ഒരിക്കൽ മോഹിസ്റ്റായ യിച്ചി എന്ന ഒരാളെ നിശിതമായി വിമൎശിക്കുകയുണ്ടായിട്ടുണ്ടു്. മെങ്ങ്കോവിന്റെ വൎദ്ധിച്ചുവരുന്ന പ്രശസ്തിയിൽ ഈൎഷ്യാലുവായ യിച്ചി അദ്ദേഹത്തോടു് വാദപ്രതിവാദത്തിനൊരുങ്ങി. മെങ്ങ് അതിനു തെയ്യാറായില്ലെങ്കിലും യിച്ചിയുമായി ഒരു സംഭാഷണം നടത്തുന്നതിന്നു് വിരോധമില്ലെന്നു് അറിയിച്ചു. അതും തന്റെ ഒരു ശിഷ്യൻ വഴിയായിമാത്രം നടത്തുവാനാണു് അദ്ദേഹം ആഗ്രഹിച്ചതു്. സ്നേഹത്തിന്നു് വൈധൎമ്മ്യമില്ലെന്ന മോഹിസ്റ്റിന്റെ വാദത്തെ മെങ്ങ്കോ നിഷേധിച്ചു. ഒരു രക്ഷിതാവിന്റെ

യോ ബന്ധുവിൻേറയോ സ്നേഹത്തെപ്പററി അറിയുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരാളാണ് യിച്ചി എന്നാദ്ദേഹം കുററപ്പെടുത്തി. മെങ്ങ് ഇങ്ങിനെ ചോദിച്ചു:—"സഹോദരപുത്രനേയും അയൽവാസിയുടെ പുത്രനേയും ഒരേമാതിരിയാണ് താൻ സ്നേഹിക്കുന്നതെന്നു യിച്ചി പറയുവാൻ ധൈര്യപ്പെടുന്നുണ്ടോ?"

അടുത്ത കുടുംബബന്ധത്തെപ്പോലും പരിത്യജിച്ച മോഹിസ്ററുകൾ അച്ഛനില്ലാത്തവരാണ് എന്നു മെങ്ങ്കോ ആക്ഷേപിച്ചു. യാങ്ങ്ചുവിൻെറ അനുയായികൾ നാഥനില്ലാത്തവരാണെന്ന് അദ്ദേഹം പറഞ്ഞു. കാരണം അവർ സ്വാത്ഥികളായിരുന്നു. ഒരു രാജാവിനേയോ അച്ഛനേയോ അംഗീകരിക്കാത്തവർ തികച്ചും മൃഗീയരാണ് എന്ന തൻെറ സ്വന്തമായ ഒരു വാദഗതി അദ്ദേഹം ഉന്നയിക്കുകയുണ്ടായി.

## സന്യാസിയും താറാവും

ടെയോയിസ്റ്റ്പ്രസ്ഥാനത്തിൽപ്പെട്ട സന്യാസികളേയും കൃഷിക്കാരേയും മാസ്റ്റർ മെങ്ങ് ന്യായമായി വിമർശിച്ചു. രാജ്യമാസകലം ഭയങ്കരദാരിദ്ര്യത്തിൽ മുങ്ങിക്കിടക്കുമ്പോൾ ചെൻചുങ്ങ് എന്ന ഒരു താപസൻ എങ്ങിനെ ജീവിതം നയിച്ചു എന്നതിനേക്കുറിച്ച് അദ്ദേഹം പറയുന്നു. ഒരു പുരാതനകുടുംബത്തിലെ അംഗവും ധനവാനായ ഒരു മന്ത്രിയുടെ അനുജനും ആയ ആയാൾ ഏകാന്തമായ ജീവിതമാണിഷ്ടപ്പെട്ടത്. ഒരുദിവസം ചെൻചുങ്ങ് ജ്യേഷ്ഠൻെറ ഗൃഹത്തിൽ പോയി. ഒരു താറാവിൻെറ

ശബ്ദം കേട്ടിട്ട് ആയാൾക്ക് അത്യധികം അസ്വാസ്ഥ്യ മുണ്ടായി. പുരികം ചുളിച്ചുകൊണ്ട് ആയാൾ പരുഷമായ ശബ്ദമുണ്ടാക്കുന്ന ആ ജീവിയെ അവിടെ വളർത്തുന്നതെന്തിനാണെന്നന്വേഷിച്ചു. എന്നാൽ ഉടൻതന്നെ ചെൻചുങ്ങ് അറിയാതെ ആയാളുടെ മാതാവ് താറാവിനെ കൊല്ലുകയും സന്യസിച്ചുപോയ തൻെറ മകന്ന് ഒന്നാന്തരം ഒരു വിരുന്നുസല്ക്കാരം നല്കുകയുംചെയ്തു. അപ്പോഴേയ്ക്കും ആയാളുടെ ജ്യേഷ്ഠനും അവിടെ എത്തിച്ചേർന്നു. താറാവിൻെറ മാംസം വളരെ രുചിയോടുകൂടി ഭക്ഷിക്കുന്ന സസ്യഭുക്കായ തൻെറ അനുജനോടു പരുഷശബ്ദമുണ്ടാക്കിയിരുന്ന താറാവിനേയാണ് ആയാൾ തിന്നുന്നതെന്ന് ജ്യേഷ്ഠൻ പറഞ്ഞു. ഇതു കേട്ടപ്പോൾ പരിശുദ്ധനായ ആ സന്യാസി അത്യന്തം ക്ഷുഭിതനായിത്തീരുകയും സ്വാദോടുകൂടി ഭക്ഷിച്ച പദാർത്ഥങ്ങളെല്ലാം ഛർദ്ദിക്കുവാൻ തുടങ്ങുകയും ചെയ്തു. ജ്യേഷ്ഠൻ അവിടെ ഇല്ലായിരുന്നുവെങ്കിൽ ചെൻചുങ്ങ് യാതൊരെതിർപ്പുംകൂടാതെ മാംസംമുഴുവൻ ഭക്ഷിക്കുമായിരുന്നു എന്നു മെങ്ങ്കോ പറയുന്നു.

## മാസ്റ്റർ സൂവിൻെറ വിഷമങ്ങൾ

മെങ്ങ്കോവിൻെറ എതിർപ്പിന്നു പിന്നീട് പാത്രീഭവിച്ചതു് ദക്ഷിണാത്യന്മാരായ ഒരുകൂട്ടം ദാർശനികന്മാരാണ്. സാമന്തനാഗരീകത്വത്തിൻെറ ചെയ്തികൾക്ക് ഉപശാന്തിയെന്നോണം എളിയ ജീവിതം നയിക്കണമെന്ന് അവർ സിദ്ധാന്തിച്ചു. മഹാനായ ഷെൻനങ്ങ് കൃ

പ്രവൃത്തിയുടെ അനുയായികളാണെന്നു് അവകാശപ്പെട്ടിരുന്ന അവർ നാട്ടിൻപുറത്തു കൃഷിപ്രവൃത്തിയിൽ ഏർപ്പെട്ടുകൊണ്ടു് ജീവിതം നയിച്ചു. നഗരങ്ങളിൽ പായനെയ്ത്തും ചെരുപ്പുനിർമ്മാണവുമാണു് അവർ ജീവിതവൃത്തിയായി അംഗീകരിച്ചതു്. അങ്ങിനെയുള്ള ഒരു സംഘത്തിന്റെ നേതാവായ സൂസിങ്ങ് എന്ന ഒരു മനുഷ്യനുണ്ടായിരുന്നു. ആയാൾ ടെങ്ങ് സ്റ്റേറ്റിൽ വരികയുണ്ടായി. മാസ്റ്റർ മെങ്ങ്കോവിനു് അവിടെ രാജകൊട്ടാരത്തിനടുത്തു് മനോഹരമായ ഒരു ഹർമ്മ്യം ഉണ്ടായിരുന്നു. ഒരു ദിവസം സൂസിങ്ങിന്റെ പുതിയ ഒരു അനുയായി മെങ്ങ്കോവിനെ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ ഡ്യൂക്കിനേപ്പററി സൂസിങ്ങിനുണ്ടായിരുന്ന അഭിപ്രായം ആയാൾ മെങ്ങ്കോവിനു വിവരിച്ചുകൊടുത്തു:—

"ടെങ്ങ് രാജാവു് ഒരു നല്ല ഭരണാധിപനാണെന്നതിനു സംശയമില്ല. എന്നാൽ യഥാർത്ഥമാർഗ്ഗമെന്തെന്നു് അദ്ദേഹം അറിഞ്ഞിട്ടില്ല. ബുദ്ധിമാനായ ഒരു ശാസകൻ ജനങ്ങളോടൊപ്പം വയലിൽ വേലചെയ്യുന്നതാണു്. അവരോടൊപ്പമിരുന്നു ഭക്ഷണം കഴിക്കുകയും ചെയ്യും. രാവിലെയും വൈകുന്നേരവും സ്വയം പാകംചെയ്ത ഭക്ഷണം മാത്രമേ അദ്ദേഹം കഴിക്കുകയുള്ളു. അതേ അവസരത്തിൽ തന്നെ ഭരണകാര്യങ്ങൾ നിർവ്വിഘ്നം നടത്തിക്കൊണ്ടുപോകയും ചെയ്യും. എന്നാൽ ടെങ്ങ്ശാസകനു് പത്തായങ്ങളും ധാന്യയാകളും ഖജാനയുമുണ്ടു്. ജനങ്ങളെ അടിച്ചമർത്തിക്കൊണ്ടാണു് അദ്ദേഹം സ്വന്തം നന്മയ്ക്കുവേണ്ടി പ്രയത്നിക്കുന്നതു്. അങ്ങിനെയിരിക്കെ ഒരു നല്ല രാജാവെ

ന്ന പേർ അദ്ദേഹത്തിന്നു് എങ്ങിനെയാണു ലഭിക്കുക?

മെങ്ങ്കോ:—മാസ്റ്റർ സൂ താൻതന്നെ കൃഷിചെയ്തുണ്ടാക്കിയ ധാന്യങ്ങളാണു് ഭക്ഷിക്കുന്നതെന്നു് ഞാൻ കരുതുന്നു.

ശിഷ്യൻ:—അതെ.

മെങ്ങ്കോ:—തനിക്കാവശ്യമായ വസ്ത്രങ്ങൾ അദ്ദേഹംതന്നെയാണോ നെയ്യാറുള്ളതു്?

ശിഷ്യൻ:—അല്ല. അദ്ദേഹം രോമത്തുണികൾ മാത്രമെ ധരിക്കാറുള്ളു.

മെങ്ങ്കോ:—മാസ്റ്റർ സൂവിന്നു് തൊപ്പിയുണ്ടോ?

ശിഷ്യൻ:—ഉണ്ടു്.

മെങ്ങ്കോ:—എങ്ങിനെയുള്ള തൊപ്പിയാണതു്?

ശിഷ്യൻ:—ഒരു സാധാരണതൊപ്പി മാത്രമാണതു്.

മെങ്ങ്കോ:—അതു് അദ്ദേഹം സ്വയമായി നിർമ്മിക്കുന്നതാണോ?

ശിഷ്യൻ:—അല്ല. ധാന്യങ്ങൾ പകരംകൊടുത്തു വാങ്ങുന്നതാണു്.

മെങ്ങ്കോ:—അദ്ദേഹം അതു് സ്വന്തമായി നിർമ്മിക്കുവാൻ ശ്രമിക്കാത്തതിന്നു് കാരണമെന്തു്?

ശിഷ്യൻ:—കൃഷിപ്രവൃത്തിക്കു് തടസ്ഥമുണ്ടാകുമെന്നു് കരുതിയാണു് അങ്ങിനെ ചെയ്യാത്തതു്.

മെങ്ങ്കോ:—മാസ്റ്റർ സൂ ഭക്ഷണം പാകംചെയ്യുന്നതിന്നു് പാത്രങ്ങളും നിലം ഉഴുന്നതിന്നു് ഇരുമ്പു കലപ്പയും ഉപയോഗിക്കാറുണ്ടോ?

ശിഷ്യൻ:—ഉണ്ടു്.

മെങ്ങ്കോ:—അദ്ദേഹം സ്വയമായി നിമ്മിക്കുന്നതാണോ അവയെല്ലാം?

ശിഷ്യൻ:—അല്ല, ധാന്യങ്ങൾ പകരംകൊടുത്തു് വാങ്ങുന്നതാണു്.

മെങ്ങ്കോ:—ശരി, കുശവനും കൊല്ലനും ഉണ്ടാക്കിയ വസ്തുക്കൾക്കുപകരം ധാന്യങ്ങൾ കൊടുക്കുന്നതുകൊണ്ടു് അവക്കു് ഉപദ്രവമെന്നും ഇല്ലെങ്കിൽ ധാന്യം കൊടുത്തു് പാത്രങ്ങളും ഇരുമ്പുസാധനങ്ങളും വാങ്ങുന്നതുകൊണ്ടു് കൃഷിക്കാരനു് എന്തുദോഷമാണു് സംഭവിക്കുക? അതിനും പുറമെ മാസ്റ്റർ സൂ പാത്രനിമ്മാണവും ഇരുമ്പുകൊണ്ടുള്ള പ്രവത്തിയും പഠിച്ചു് സ്വന്തം ആവശ്യത്തിനുവേണ്ട വസ്തുക്കൾ നിമ്മിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു്? നൂറുകണക്കിലുള്ള കൈവേലക്കാരെ കഷ്ടത്തിലാക്കുവാൻ ശ്രമിക്കുന്നതു് ശരിയാണോ? മാസ്റ്റർ സൂ ഇങ്ങിനെ വിഷമിക്കുന്നതെന്തിനാണു്?

ശിഷ്യൻ:—കൃഷിപ്രവത്തിയോടൊപ്പം മററു പ്രവത്തികൾ വിജയകരമായി കൊണ്ടുനടത്തുക സാദ്ധ്യമല്ല.

മെങ്ങ്കോ:—അപ്പോൾ ഒരു സ്റ്റേററുഗവമ്മേണ്ടിനെ മാത്രമാണോ കൃഷിപ്രവത്തിയുമായി ബന്ധപ്പെടുത്തുവാൻ ശ്രമിക്കുന്നതു്? അതു് ഒരിക്കലും ശരിയല്ല. വലിയവരും ചെറിയവരും ആയ മനുഷ്യക്കു് അവരവക്കു പററിയ പ്രവത്തികൾ ചെയ്തു് ജീവിക്കുവാൻ സൌകര്യമുള്ളവിധത്തിലാണു് സമുദായത്തിൻെറ ഘടന. ഓരോ മ

നഷ്യരും മററുള്ളവരുടെ അദ്ധ്വാനഫലങ്ങഠം അനുഭവി ക്കേണ്ടതായി വരും. നേരേമറിച്ച് തനിക്കാവശ്യമായ എല്ലാവസ്തുക്കളും അവനവൻതന്നെ ഉണ്ടാക്കണമെന്ന ഒരു സ്ഥിതി വന്നുചേരുകയാണെങ്കിൽ അതു് ഭയാനക മായ കുഴപ്പങ്ങഠം സൃഷ്ടിക്കുകമാത്രമെ ചെയ്യുകയുള്ളു. "ചിലർ മനസ്സുകൊണ്ടു് അദ്ധ്വാനിക്കുന്നു. മററുള്ളവർ ദേഹംകൊണ്ടും" എന്ന ഒരു ചൊല്ലുണ്ടു്. മനസ്സുകൊ ണ്ടു് അദ്ധ്വാനിക്കുന്നവർ മററുള്ളവരെ ഭരിക്കുന്നു. ദേഹാ ദ്ധ്വാനം ചെയ്യുന്നവർ മററുള്ളവരാൽ ഭരിക്കപ്പെടുന്നു. ഭരിക്കപ്പെടുന്നവർ ഭക്ഷണം ഉല്പാദിപ്പിക്കുന്നു. ഭരിക്കുന്ന വർ മററവരുടെ അദ്ധ്വാനഫലത്തെ അനുഭവിക്കുന്നു. ലോകംമുഴുവൻ അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണിതു്." സാമന്തപ്രഭുത്വത്തിൻെറ വർഗ്ഗസിദ്ധാന്തമാണു് മേൽ പ്ര സ്താവിച്ചതു്. കണ്ഫ്യൂഷ്യസും മെങ്കോവും അവരുടെ സിദ്ധാന്തങ്ങളെ ആവിഷ്കരിച്ചതു് ഇതിൻെറ അടിസ്ഥാ നത്തിലായിരുന്നു.

## മുങ്ങിമരിക്കുന്ന സഹോദരിയെ രക്ഷിച്ച കൈകഠം

എല്ലാ എതിപ്പുകളേയും അതിജീവിച്ച വാദവിദ ഗ്ദ്ധനായ മാസ്റ്റർ മെങ്ങ് വിജയശ്രീലാളിതനായിത്തീൎന്നു. എതിരാളികഠംക്ക് വാഗ്മിയായ അദ്ദേഹം ചുട്ട മറുപടി കഠം നല്കി. ചിലർ ഉത്തരംമുട്ടി പിൻവാങ്ങി. മററുചി ലർ അദ്ദേഹത്തിൻെറ അനുയായികളായിത്തീൎന്നു. ഒരി ക്കൽമാത്രം ഒരു വിവാദത്തിൽ ഏൎപ്പെട്ട അദ്ദേഹത്തി

ന്നു് പരാജയം നേരിട്ടതായി പറയപ്പെടുന്നു. ഷൻയുകൻ എന്നുപേരായ പ്രസിദ്ധ താക്കികനുമായി ഏററുമുട്ടിയപ്പോഴാണതു് സംഭവിച്ചതു്. അവരുടെ സംഭാഷണത്തെ മാസ്റ്റർ മെങ്ങിൻെറ കൃതിയിൽ താഴെ പറയുംപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

താക്കികൻ:—സ്ത്രീപുരുഷന്മാർ സാധനങ്ങൾ കൈമാറുമ്പോൾ അന്യോന്യം കൈകൾ സ്പശിച്ചുകൂടാ എന്നു പറയുന്നതു് സഭ്യതയുടെ നിയമമാണോ?

മെങ്ങ്കോ:—തീച്ചയായും അതെ.

താക്കികൻ:—ഒരാളുടെ സഹോദരി മുങ്ങിച്ചാവുകയാണെങ്കിൽ ആയാൾ തൻെറ കൈകൾകൊണ്ടു് അവളെ രക്ഷിക്കണമോ?

മെങ്ങ്കോ:—തീച്ചയായും വേണം: സ്വന്തം സഹോദരിയെ രക്ഷിക്കാത്തവൻ മനുഷ്യത്വമില്ലാത്തവനും മൃഗതുല്യനുമാണു്. സ്ത്രീപുരുഷന്മാർ പരസ്പരം കൈകൾ സ്പശിച്ചുപോകരുതെന്നു് ഒരു പൊതുവായ നിയമമുണ്ടു്. എന്നാൽ മുങ്ങിമരിക്കുന്ന സഹോദരിയുടെ കൈപിടിച്ചു് കരയ്ക്കുകയററുന്നതു് അടിയന്തരഘട്ടത്തിൽ ചെയ്യപ്പെടുന്ന ഒരു പ്രവത്തിയാണല്ലോ.

മേല്പറഞ്ഞ മറുപടി ഒരു ഒഴികഴിവു് മാത്രമെ ആയിട്ടുള്ളു. മെങ്ങ്കോവിൻെറ യുക്തിവാദത്തിന്നു് വീണ്ടും ക്ഷതം സംഭവിച്ചു.

ഷൻയുകൻ:—ലോകംമുഴുവൻ നിങ്ങളുടെ മുമ്പാകെ മുങ്ങി മരിക്കുകയാണു്. അപ്പോൾ നിങ്ങൾ എന്തുകൊ

ണ്ടാണു് സ്വന്തം കൈകളെക്കൊണ്ടു് അതിനെ രക്ഷപ്പെടുത്താത്തതു്?

മാസ്റ്റർ മെങ്ങ്കോവിനു് മറുപടി പറയാനുണ്ടായില്ല. എന്നാലും വിട്ടില്ല. അദ്ദേഹം ഇങ്ങിനെ പറയുകമാത്രംചെയ്തു:—“മുങ്ങിമരിക്കുന്ന ലോകത്തെ രക്ഷപ്പെടുത്തേണ്ടതു് ടൌ ദർശനമാണു്. മുങ്ങിമരിക്കുന്ന സഹോദരിയെ കൈകളും. ലോകത്തെ എൻെറ കൈകൾകൊണ്ടു് രക്ഷപ്പെടുത്തുവാൻ കഴിയുമെന്നാണോ നിങ്ങൾ കരുതുന്നതു്?

# അഞ്ചാം അദ്ധ്യായം

## മനുഷ്യപ്രകൃതിയിൽ നൈസർഗ്ഗികമായുള്ള നന്മ

മെങ്ങ്കോ തൻെറ കാലത്തെ ഏററവും വലിയ ധിഷണാശാലിയായിരുന്നു. അദ്ദേഹം കങ്ങ് ഫ്യൂവിനെപ്പോലെ സദാചാരപാഠങ്ങളും ആദർശപരമായ ഗവൺമെണ്ടിൻെറ നേട്ടങ്ങളും എന്തെന്നു് പഠിപ്പിച്ചു. ടസൂസ്സ്വിൻേറയും സെങ്ങ്സാൻേറയും അനുയായിയായ അദ്ദേഹം ജു പ്രസ്ഥാനത്തിൻെറ ഒരു നേതൃനായകനായി വർത്തിക്കുകയും ഭാവിതലമുറകൾക്ക് രാഷ്ട്രീയവും നൈതികവുമായ സിദ്ധാന്തങ്ങളുടെ ക്രമാനുഗതമായ ഒരുപദ്ധതി ആവിഷ്ക്കരിച്ചുകൊടുക്കുകയും ചെയ്തു. രാജാക്കന്മാരും സാധാരണക്കാരുമായിട്ടുള്ള സംഭാഷണങ്ങളിൽക്കൂടിയാണു് അദ്ദേ

ഹം ഇതു നിർവ്വഹിച്ചതു്. മനുഷ്യപ്രകൃതിയേയും രാഷ്ട്രീയസാമ്പത്തികനീതിയേയും കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പ്രത്യേകിച്ചും പരിഗണനാർഹങ്ങളാണു്. ജനങ്ങളുടെ ജീവിതത്തോതിനെപ്പററി പരിഗണിക്കുകയാണു് ഗവമ്മേണ്ടിന്റെ, സർവ്വപ്രഥമമായ കർത്തവ്യമെന്നു് ഒന്നാമതായി ഉൽഘോഷിച്ച ഈ പ്രസ്ഥാനത്തിലെ ഏകതത്വചിന്തകനും അദ്ദേഹമായിരുന്നു. സാധാരണക്കാരനു് അത്യധികം വിഷമതകൾ അനുഭവിക്കേണ്ടിവന്നിരുന്ന കുഴപ്പംപിടിച്ച ഒരു കാലത്തായിരുന്നു മെങ്ങ്കോ ജീവിച്ചിരുന്നതു്. മനുഷ്യന്റെ സർവ്വ കഴിവുകളും ഉപയോഗപ്പെടുത്തി ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കണമെന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു. ആദർശപരമായ പ്രസ്തുത രാഷ്ട്രത്തിൽ മനുഷ്യസമുദായത്തിന്നു് സുഖത്തോടും സംതൃപ്തിയോടുംകൂടി കഴിഞ്ഞുകൂടുവാൻ സാധിക്കുന്നതാണു്. എന്നാൽ കങ്ങ് പ്രസ്ഥാനത്തോടുള്ള അനിതരസാധാരണമായ ഭക്തിനിമിത്തം മെങ്ങ്കോ ഒരു നല്ല ഭരണത്തെ ആശ്രയിച്ചുനില്ക്കുന്ന ഒരു നല്ല ഭരണകൂടത്തിന്നുവേണ്ടി വാദിച്ചു. അങ്ങിനെ ഭരണാധിപന്മാർ സദാചാരനിരതന്മാരായിത്തീരണമെന്നു് അദ്ദേഹത്തിനു് നിർബ്ബന്ധമുണ്ടായിരുന്നു. മാത്രമല്ല മാസ്റ്റർ മെങ്ങിന്റെ ഉപദേശങ്ങളിൽ നീതിശാസ്ത്രത്തിന്നും ഒരു വമ്പിച്ച പ്രാധാന്യമുണ്ടായിരുന്നു. അദ്ദേഹം ഒരടികൂടി മുന്നോട്ടു പോകുകയും തന്റെ നൈതികസിദ്ധാന്തങ്ങൾക്കു് മനഃശാസ്ത്രപരമായ ഒരു പശ്ചാത്തലം കണ്ടുപിടിക്കുവാൻ ശ്രമിക്കുകയുമുണ്ടായി. പ്രസ്തുത പരിശ്രമത്തിലാണു് മനുഷ്യപ്രകൃതി

യിലുള്ള നൈസർഗ്ഗികമായ നന്മയെ കണ്ടുപിടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതു്. അതാണു് ചൈനീസ് ചിന്താഗതിയിലേയ്ക്കു് അദ്ദേഹം നല്കിയ മഹത്തായ സംഭാവന.

മാസ്റ്റർ മെങ്ങിന്റെ സിദ്ധാന്തങ്ങളെപ്പററി പ്രതിപാദിക്കുന്നതിനു മുമ്പായി ഒരു ചുരുങ്ങിയ വിശദീകരണം ആവശ്യമാണു്. ബഹുമുഖമായ ബൌദ്ധികപ്രവൎത്തനങ്ങൾ നടന്നുവന്ന സാമന്തകോയ്മകൾതമ്മിൽ യുദ്ധം നടന്നിരുന്നകാലത്തു് ജീവിച്ച മനുഷ്യൻ ബൌദ്ധികമായി വളരെയധികം വികസിച്ചിട്ടുണ്ടായിരുന്നു എന്നു മാത്രമല്ല വിശാലമായ വിശ്വത്തിന്റെ നിഗൂഢാത്മകതയെത്തെ സ്ത്രീപുരുഷബന്ധത്തിന്റെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുകകൂടി ചെയ്തു. കൂടാതെ തന്നിലുള്ള സൂക്ഷ്മജഗത്തിനെപ്പററി അറിയുന്നതിനും അവൻ അത്യന്തം താല്പര്യം പ്രകടിപ്പിച്ചു. അതിനാൽ അന്നു താഴെ പറയുന്ന പ്രധാനപ്രശ്നങ്ങൾ ആവിർഭവിച്ചിരുന്നു. മനുഷ്യപ്രകൃതി എന്തായിരുന്നു? അതു വിശിഷ്ടമായിരുന്നുവോ? ആണെങ്കിൽ പ്രസ്തുത വൈശിഷ്ട്യം ജനനസമയത്തു് ദേവലോകത്തിൽനിന്നു് ലഭിച്ചതായിരിക്കുമോ? അല്ലെങ്കിൽ അതു സ്വതസ്സിദ്ധമായിത്തന്നെ ഉദ്ഭവിച്ചതായിരുന്നുവോ?

മേല്പറഞ്ഞ പ്രശ്നങ്ങൾക്കു മറുപടിയായി നിരവധി സിദ്ധാന്തങ്ങൾ ഉന്നയിക്കപ്പെട്ടുകയുണ്ടായി. മാസ്റ്റർ കയോവിന്റെ പ്രസ്ഥാനക്കാർ മനുഷ്യപ്രകൃതി നല്ലതുമല്ല ചീത്തയുമല്ല എന്നു സിദ്ധാന്തിച്ചു. മറെറാരു പ്രസ്ഥാ

നക്കാർ പരിതസ്ഥിതികളെ അവലംബിച്ചു നില്ക്കുന്നതാണ് അതെന്നും അതിനെ നല്ലതും ചീത്തയും ആക്കിത്തീർക്കുവാൻ കഴിയുമെന്നും സമർത്ഥിച്ചു. വേറെയൊരു പ്രസ്ഥാനക്കാർ പറയുന്നതു് ചില മനുഷ്യരുടെ നൈസർഗ്ഗികമായ പ്രകൃതി നല്ലതാണെന്നും ചിലരുടേതു് ചീത്തയാണെന്നും ആണ്. ഈ സിദ്ധാന്തത്തിന്നു് ഉപോൽബലമായി ചരിത്രപരമായ പല തെളിവുകളും അവർ ഹാജരാക്കി. ഒരു ഋഷിരാജാവിന്നു് ദുഷ്ടനായ ഒരച്ഛൻ ഉണ്ടായിരുന്നതും കൊള്ളരുതാത്ത ഒരു ശാസകന്റെ അമ്മാവൻ ഒരു താപസനായിരുന്നതും മററും.

എന്നാൽ ഇത്തരം എല്ലാ വാദഗതികളേയും നിഷേധിച്ചുകൊണ്ടാണ് മെൻ‌ഗ്‌കോ മനുഷ്യപ്രകൃതി വിശിഷ്ടമായിരുന്നു എന്നു് സിദ്ധാന്തിച്ചതു്. അദ്ദേഹം പറഞ്ഞു:—"മനുഷ്യന്റെ സഹജമായ അനുഭൂതികളെമാത്രം എടുത്തുനോക്കിയാൽ മതി മനുഷ്യപ്രകൃതി വിശിഷ്ടമായിരുന്നു എന്നു തെളിയിക്കുവാൻ. മററൊരുവിധത്തിൽ പറയുകയാണെങ്കിൽ മനുഷ്യപ്രകൃതി നല്ലതാണെന്നു പറയുവാൻ കാരണം അനുഭൂതികളാൽ അതു് നയിക്കപ്പെടുകയാണെങ്കിൽ മനുഷ്യൻ നന്മമാത്രമേ ചെയ്യൂ എന്നതുകൊണ്ടാണ്. നേരേമറിച്ചു മനുഷ്യൻ നന്മ ചെയ്യുന്നില്ലെങ്കിൽ അതിനു് അവന്റെ ജന്മവാസനകളെ പഴിച്ചിട്ടു് കാര്യമില്ല. നന്മചെയ്യാനുള്ള മൌലികപ്രേരണ അവനു നഷ്ടപ്പെട്ടിട്ടുണ്ടു് എന്നു മാത്രമേ കരുതാവൂ. അന്വേഷണബുദ്ധിയുണ്ടെങ്കിൽ യാഥാർത്ഥ്യമെന്തെന്നു് അറിയുവാൻ കഴിയും, ഇല്ലെങ്കിൽ അതു സാധിക്കുകയുമില്ല."

ഈ വിഷയത്തെക്കുറിച്ച് മെങ്ങ്കോവിന്നുണ്ടായിരു ന്ന അഭിപ്രായങ്ങളെ ഒന്നുകൂടി വിശദീകരിക്കുന്നതിന്നാ യി അദ്ദേഹവും മാസ്റ്റർ കയോവും തമ്മിൽ നടന്ന ഒരു സംഭാഷണത്തെ താഴെ ഉദ്ധരിക്കാം.

മാസ്റ്റർ കയോ:—നമ്മുടെ പ്രകൃതി ചഞ്ചലമായ ജല ത്തെപ്പോലെയാണ്. കിഴക്കോട്ടു തിരിച്ചുവിട്ടാൽ അത് അങ്ങോട്ട് ഒഴുകുന്നു. പടിഞ്ഞാറോട്ടു തിരിച്ചാൽ അവി ടേയ്ക്കും ഒഴുകുന്നു. അതിനാൽ വെള്ളത്തിനു കിഴക്കെന്നോ പടിഞ്ഞാറെന്നോ ഉള്ള വ്യത്യാസമില്ലാത്തതുപോലെയാ ണ് മനുഷ്യപ്രകൃതിക്കു നല്ലതെന്നോ ചീത്തയെന്നോ ഉള്ള വ്യത്യാസമില്ലാത്തത്.

മെങ്ങ്കോ:—വെള്ളം കിഴക്കോട്ടും പടിഞ്ഞാട്ടും ഒരുപോലെ ഒഴുകുമെന്നുള്ളത് ശരിതന്നെ. എന്നാൽ അ തു മേല്പോട്ടും കീഴ്പോട്ടും ഒരുപോലെ പ്രവഹിക്കുമോ? വെള്ളം കീഴ്പോട്ടേയ്ക്കു മാത്രമേ ഒഴുകുകയുള്ളുവെന്ന് അ നിഷേദ്ധ്യമായ ഒരു നിയമമാണ്. അപ്രകാരംതന്നെയാ ണ് മനുഷ്യപ്രകൃതി നന്മയെ ആശ്ലേഷിച്ചുനില്ക്കുന്നു എ ന്നുള്ളതും. മുകളിലോട്ട് ഒഴുകുന്ന വെള്ളമില്ല. അപ്രകാ രംതന്നെ തിന്മയിലേയ്ക്കു പോകണമെന്ന് ആഗ്രഹിക്കു ന്ന മനുഷ്യനുമില്ല. എന്നാൽ വെള്ളത്തിൽ ശക്തിയായി ആഘാതമേല്പിക്കുകയാണെങ്കിൽ അതിൻെറ കുറേഭാഗ ങ്ങൾ നിങ്ങളുടെ തലയ്ക്കുമീതെ പൊന്തിയെന്നുവരാം. പക്ഷെ അതാണോ വെള്ളത്തിൻെറ പ്രകൃതി? അല്ലെ ങ്കിൽ ബാഹ്യമായ ഒരു ശക്തിയല്ലേ അതിനെ മേല്പോട്ടു

പൊന്തിക്കുന്നതു്? അപ്രകാരംതന്നെ മനുഷ്യനു് നന്മ ചെയ്യുവാൻ ഒരു ബാഹ്യപ്രേരണ തടസ്ഥമായി നില്ക്കുന്ന പക്ഷം അവന്റെ പ്രകൃതിയും അതിനനുസരിച്ചു പ്രവത്തിക്കും.

മനുഷ്യപ്രകൃതിയെ ബാഹ്യജീവിതവുമായി ബന്ധിച്ചുകൂടാത്തതാണു്. മനുഷ്യൻ വികാരങ്ങളുടേയും ഭൌതികസുഖങ്ങളുടേയും അടിമയാണു് എന്നുള്ളതല്ല പ്രശ്നം. ബുദ്ധിയുടേയും സദാചാരത്തിന്റേയും മണ്ഡലത്തിലേയ്ക്കു് അവനെ ഉയത്ത്വാൻ കഴിയുമോ എന്നുള്ളതാണു്.

മററൊരവസരത്തിൽ മാസ്റ്റർ കയോ ജീവിതവും പ്രകൃതിയും ഒന്നാണെന്നു വാദിക്കുകയുണ്ടായി. അപ്പോൾ മെങ്ങ്കോ ചോദിച്ചു:—"വെളുപ്പ് വെളുപ്പാണു് എന്നു പറയുന്നതുപോലെയാണോ നിങ്ങൾ ജീവിതം പ്രകൃതിയാണു് എന്നു പറയുന്നതു്?"

മാസ്റ്റർ കയോ:—അതെ.

മെങ്ങ്കോ:—ഒരു വെള്ളത്തൂവലിന്റെ വെളുപ്പും സ്നോവിന്റെ വെളുപ്പും ഒരുപോലെയാണോ? സ്നോവിന്റെ വെളുപ്പും വെള്ളക്കുതിരയുടെ വെളുപ്പും ഒരുപോലെയാണോ?

മാസ്റ്റർ കയോ:—അതെ.

മെങ്ങ്കോ:—എന്നാൽ ഒരു നായയുടെ പ്രകൃതിയും ഒരു കാളയുടെ പ്രകൃതിയും ഒരുപോലെയായിരിക്കണം. കാളയുടെ പ്രകൃതിക്കും മനുഷ്യന്റെ പ്രകൃതിക്കും തമ്മിൽ വ്യത്യാസമുണ്ടാവാൻ പാടില്ല.

## മനോഹരമായ ഒരു വനം

മനുഷ്യപ്രകൃതി ദുഷിച്ചുപോകുന്നതിനെ മനോഹരമായ ഒരു വനത്തെ വെട്ടി നശിപ്പിക്കുന്നതിനോടു മെങ്കോ ഉപമിച്ചിരിക്കുന്നു. അദ്ദേഹം പറഞ്ഞു:—"ഒരു മലയിൽ മനോഹരമായ വൃക്ഷങ്ങൾ തഴച്ചുവളൎന്നുനില്ക്കുന്നുണ്ടായിരുന്നു. എന്നാൽ ഒരു നഗരനിൎമ്മാണത്തിനുവേണ്ടി മരങ്ങൾ മുഴുവൻ വെട്ടിമുറിച്ചു. അങ്ങിനെ അതിൻെറ മനോഹാരിത നഷ്ടപ്പെട്ടു. എങ്കിലും രാത്രിയിലും പകലുമുള്ള വായുവേററു് കുററികൾ അമച്ചുവന്നു മഴയും മഞ്ഞും തട്ടി തളിരുകളും ഇലകളും വളൎന്നുതുടങ്ങി. എന്നാൽ കന്നുകാലികൾ വന്നു് അവയെല്ലാം തിന്നു. അങ്ങിനെ ആ മല മരുഭൂമിപോലെയായിത്തീൎന്നു. അതു കണ്ട ജനങ്ങൾ ആ മലയിൽ വൃക്ഷങ്ങൾ ഉണ്ടായിരുന്നതായില്ലെന്നു ധരിച്ചു. മലയുടെ പ്രകൃതി അതാണെന്നു് അവർ തെററിദ്ധരിച്ചു. എന്നാൽ വാസ്തവം അതാണോ? അപ്രകാരംതന്നെയാണു് മനുഷ്യപ്രകൃതിയും. മനുഷ്യത്വവും സഭ്യതയുമില്ലാത്ത മനുഷ്യർ എങ്ങിനെയാണു് ഉണ്ടാവുക? മരങ്ങൾ മഴുകൊണ്ടു് വെട്ടിമുറിക്കപ്പെട്ടതുപോലെത്തന്നെ മനുഷ്യനു് അവൻെറ യഥാൎത്ഥമനസ്സ് നഷ്ടപ്പെട്ടുപോകുന്നു. രാവും പകലും ആഘാതമേററുകൊണ്ടിരിക്കുന്ന മനസ്സിന്നു് എങ്ങിനെ നന്നായിത്തീരാൻ കഴിയും? എങ്കിലും പ്രാകൃതികമായ ജീവിതം നയിക്കുന്നതുകൊണ്ടു് മനുഷ്യൻെറ മനസ്സിൽ സമുദായത്തിൻെറ നന്മയ്ക്കു് ഉപയുക്തമായ വികാരങ്ങളും വിചാരങ്ങളും ഉ

ണ്ടായിത്തീരുന്നു. എന്നാൽ പ്രകൃതിവിരുദ്ധമായ പ്രവൎത്തനങ്ങളിൽ ഏർപ്പെടുമ്പോൾ വിശിഷ്ടമായ പ്രസ്തുത അനുഭൂതികൾ തടയപ്പെടുന്നു. അങ്ങിനെ ഇടയ്ക്കിടെ തടസ്ഥപ്പെട്ടുകൊണ്ടിരിക്കുന്നതുകൊണ്ടു് അവ ഗതിമുട്ടി നശിച്ചുപോകുന്നു. പ്രാകൃതികജീവിതത്തിൻെറ ഉത്തേജനത്തിനു് അവയെ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നില്ല. അപ്രകാരം മനുഷ്യൻ ഒടുവിൽ മൃഗങ്ങളിൽനിന്നും പക്ഷികളിൽനിന്നും വളരെയൊന്നും വ്യത്യസ്ഥനല്ലാത്ത ഒരു ജീവിയായി പരിണമിക്കുന്നു. അങ്ങിനെയുള്ള മനുഷ്യനെ കാണുന്ന ആളുകൾ അവനു നൈസൎഗ്ഗികഗുണങ്ങൾ തീരെ ഉണ്ടായിരുന്നില്ലെന്നും അവൻെറ പ്രകൃതിയാണു് അതെന്നും തെററിദ്ധരിക്കുന്നു. എന്നാൽ ഇതു യഥാൎത്ഥമാണോ? സാഹചര്യങ്ങൾ അനുവദിക്കപ്പെടുകയാണെങ്കിൽ നന്നായിത്തീരാത്ത മനുഷ്യനില്ല. സാഹചര്യങ്ങളുടെ അഭാവം മനുഷ്യനെ ദുഷിപ്പിക്കുമെന്നതിനും സംശയമില്ല. മാസ്റ്റർ കങ്ങ് ഒരിക്കൽ പറയുകയുണ്ടായി:—“നല്ലവണ്ണം മുറുകെ പിടിച്ചാൽ നിങ്ങൾക്കതിനെ നിലനിർത്താം. അയച്ചുവിട്ടാൽ അതു പൊയ്പ്പോവുകയും ചെയ്യും. അതു വരുന്നതും പോകുന്നതും സമയക്രമമില്ലാതെയാണു്. അതു് എവിടെയാണു് സ്ഥിതിചെയ്യുന്നതെന്നു് ആൎക്കും അറിഞ്ഞുകൂടാ.” മനുഷ്യഹൃദയത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ മേൽചേൎത്ത പ്രവചനം എത്രമാത്രം യഥാൎത്ഥമാണു്!

മാസ്റ്റർ മെങ്ങിൻെറ മേൽചേൎത്ത അഭിപ്രായം വ്യക്തമാക്കുന്നതു് മൌലികമായി മനുഷ്യപ്രകൃതി നല്ലതാ

ണ്ടെന്നും എന്നാൽ മനുഷ്യൻെറ നശീകരണസ്വഭാവമാ
ണ് അതിനെ ദൂഷിപ്പിക്കുന്നതെന്നുമാണല്ലോ. ജീവിത
ത്തോടുള്ള പരുക്കൻമട്ടിലുള്ള അവൻെറ സമീപനമാണ്
എല്ലാകുഴപ്പങ്ങളും സൃഷ്ടിക്കുന്നതു്. നല്ലതും ചീത്തയുമാ
യ നിയന്ത്രണത്തെ ആസ്പദിച്ചാണ് അതിൻെറ നന്മതി
ന്മകൾ നിലകൊള്ളുന്നതു്. മനുഷ്യൻെറ ഹൃദയത്തിൽ
മൌലികമായി നിലകൊള്ളുന്ന എല്ലാ നന്മകളേയും അ
വനു് നിലനിൎത്തുവാൻകഴിയും. എന്നാൽ അശ്രദ്ധയും
അലസതയുംനിമിത്തം അവ നശിച്ചുപോകുകയും ചെ
യ്യുന്നു.

## മനുഷ്യൻെറ നാലംഗങ്ങൾ

മനുഷ്യനെ അഭിമുഖീകരിച്ചിട്ടുള്ള ഏററവും വലി
യ പ്രശ്നം അവൻെറ സഹജമായ അനുഭൂതികളെ എങ്ങി
നെ വളൎത്തുകയും സംരക്ഷിക്കുകയും ചെയ്യണമെന്നുള്ളതാ
ണ്. മാസ്റ്റർ മെങ്ങിൻെറ അഭിപ്രായത്തിൽ പ്രസ്തുത
അനുഭൂതികൾ സഹാനുഭൂതി, സഹതാപം, വിനയം, ധ
ൎമ്മാധൎമ്മബോധം എന്നിവയാകുന്നു. സ്വാഭാവികമായ
തുകൊണ്ടു് പ്രസ്തുത അനുഭൂതികൾ എല്ലാ മനുഷ്യൎക്കും ഒരു
പോലെയായിരിക്കും. സഹാനുഭൂതിയുടെ കാര്യമെടുക്കാം.
ഒരു കുട്ടി കിണററിൽവീഴുവാൻ തുടങ്ങുന്നതു് കാണു
മ്പോൾ ഈ അനുഭൂതി ഒരാളിൽ ഉദയംചെയ്യുന്നു. പ്ര
തികരണം സ്വാഭാവികമായിത്തന്നെ ഉണ്ടായിത്തീരുന്നു.
കുട്ടിയുടെ നിലവിളികേട്ടു് സഹിക്കാൻവയ്യാതെ ആയി
ട്ടോ രക്ഷിതാക്കന്മാരുടെ അനുമോദനം നേടണമെന്ന

ആഗ്രഹത്താലോ ഉണ്ടായിത്തീരുന്ന ഒരു വികാരമല്ല അതു്. എന്നാൽ ജന്മസിദ്ധമായി മനുഷ്യനിൽ കുടികൊള്ളുന്ന ഒന്നാണു്. അതായതു് അന്യരുടെ കഷ്ടപ്പാടുകൾ കാണുവാൻ സാധിക്കാത്ത ഒരു മനസ്സ് മനുഷ്യനിൽ ഉണ്ടു്. പ്രസ്തുത സഹാനുഭൂതി എന്ന വികാരവും മേൽ പ്രസ്താവിച്ച മററു വികാരങ്ങളുമാണു് മനുഷ്യനെ മററു ജീവികളിൽനിന്നു് വേർതിരിക്കുന്നതു്.

അതിനാൽ മൃഗങ്ങളിൽനിന്നും പക്ഷികളിൽനിന്നും വ്യത്യസ്ഥനായി ജീവിക്കുന്നതിന്നു് മനുഷ്യൻ തന്റെ വിശിഷ്ടാനുഭൂതികളെ വളത്തിക്കൊണ്ടുവരണം. അങ്ങിനെ അവ സൽഗുണങ്ങളായി പരിണമിക്കുന്നു. യഥാത്ഥത്തിൽ അവയെ ആജ്ജിക്കുന്നതിന്നു് അത്ര വലിയ വിഷമങ്ങളൊന്നുമില്ല. കാരണം മററു ജീവികൾക്കില്ലാത്ത പല ആനുകൂല്യങ്ങളും മനുഷ്യനു നൈസർഗ്ഗികമായി ലഭിച്ചിട്ടുണ്ടു്. അങ്ങിനെ മനുഷ്യനു് പൂണ്ണനായിത്തീരുവാൻ കഴിയും. ഓരോരുത്തരിലും ഓരോ താപസൻ കുടികൊള്ളുന്നുണ്ടു്. അടിസ്ഥാനപരമായി നോക്കുമ്പോൾ എല്ലാ മനുഷ്യരുടേയും പ്രകൃതി ഒരുപോലെയാണല്ലൊ. അതുകൊണ്ടു് മെങ്ങ്കോ പറയുന്നു:—“നമ്മളും സന്യാസികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ‘യെയോ’, ‘ഷൻ’ മുതലായ പുരാതന രാജഋഷികളുടെ മഹത്തായ മാഗ്ഗത്തെ പിൻതുടരുകയാണെങ്കിൽ നമുക്കും അപ്രകാരത്തിലായിത്തീരുവാൻ കഴിയും. നിങ്ങൾ യെയോവിന്റെ ഉടുപ്പുകൾ ധരിക്കുകയും അദ്ദേഹം പറഞ്ഞ വാക്കുകൾ പറയുകയും അദ്ദേഹം ചെയ്ത പ്രവത്തികൾ

ചെയ്യുകയും ചെയ്യുകയാണെങ്കിൽ നിങ്ങറംക്കും ഒരു യെയോ ആയിത്തീരാം."

അതിനാൽ യെയോവിൻെറയും ഷൻെറയും മഹത്വത്തെ ആജ്ഞിക്കുന്ന കാര്യത്തിൽ നാം പരാജയപ്പെടുകയാണെങ്കിൽ നമുക്ക് നമ്മെത്തന്നെ കുററപ്പെടുത്തേണ്ടിവരും. ഗ്രഹങ്ങളുടെ തെററാണ് അതെന്നു പറഞ്ഞുകൂടാ. പ്രസ്തുത സഹജാവബോധങ്ങളെ പൂണ്ണമായും വികസിപ്പിക്കേണ്ടതു നമ്മുടെ കത്തവ്യമാണ്. അവയിൽനിന്നാണ് നാലു മഹത്തായ മാനുഷികഗുണങ്ങറം ജനമെടുക്കുന്നതു്. അവ ജെൻ (മനുഷ്യത്വം) യീ (സദാചാരം) ലീ (സഭ്യത) ചീ (ജ്ഞാനം) എന്നിവയാണ്. കുറേക്കൂടി വിശദീകരിച്ചു പറയുന്നപക്ഷം സഹാനുഭൂതിയിൽനിന്നു മനുഷ്യത്വവും സഹതാപത്തിൽനിന്നു് സദാചാരവും വിനയത്തിൽനിന്നു് സഭ്യതയും ധമ്മാധമ്മബോധത്തിൽനിന്നു ജ്ഞാനവും ഉണ്ടാകുന്നു. മെങ്ങ്കോ പറയുന്നു:—"മനുഷ്യജീവിതത്തിൻെറ നാലു് അംഗങ്ങളാണിവ. ശരീരത്തിലുള്ള നാലു അവയവങ്ങറംപോലെതന്നെ."

ഈ ഗുണങ്ങറം നമ്മളിൽ പ്രവത്തിപ്പിക്കേണ്ടതു് പുറമേനിന്നായിരിക്കണം. എന്നാൽ അവ നമ്മുടെ അസ്തിത്വത്തിൻെറതന്നെ ഒരു ഭാഗമാണെന്ന കാര്യം വിസ്മരിച്ചുകൂടാത്തതുമാണ്. മനുഷ്യപ്രകൃതിയിൽ പരമ്പരയായി നിലകൊള്ളുന്ന അവ നമ്മുടെ പെരുമാററത്തിലും പ്രവത്തിയിലും പ്രതിഫലിച്ചു കാണപ്പെടുന്നു. വേണ്ടതുപോലെ വികസിപ്പിക്കുന്നപക്ഷം അവ നമ്മുടെ മന

സ്സിൽ വേരൂന്നിപ്പിടിച്ചു് വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യും. മനുഷ്യന്റെ പ്രശാന്തമായ മുഖഭാവവും അത്ഭുതകരമായ സഹനശക്തിയും പരപ്രേരണ കൂടാതെയുള്ള സേവനസന്നദ്ധതയും മററും കാണിക്കുന്നതു് പ്രസ്തുത ഗുണങ്ങൾ അവന്റെ മനസ്സിൽ നിലകൊള്ളുന്നുണ്ടു് എന്നതാണു്.

മാസ്റ്റർ മെങ്ങിന്റെ നീതിശാസ്ത്രത്തിൽ മേല്പറഞ്ഞ നാലു വിശിഷ്ടഗുണങ്ങൾക്കും തുല്യപദവി നല്കപ്പെട്ടിട്ടില്ല എന്നു ചിലർ പറയാറുണ്ടു്. അദ്ദേഹം ജ്ഞാനത്തെപ്പററി അപൂർവ്വം അവസരങ്ങളിൽ മാത്രമെ സംസാരിച്ചിട്ടുള്ളു. വിദ്യാഭ്യാസം, അറിവു് എന്നീ അർത്ഥങ്ങളാണു് അതിനു് അദ്ദേഹം കല്പിച്ചിട്ടുള്ളതു്. ലീ (സഭ്യത) എന്നതു് കങ്ങ് പ്രസ്ഥാനത്തിൽ അതിപ്രധാനമായ ഒരു പാഠ്യവിഷയമാണു്. എന്നാൽ മെങ്ങ്കോ അതിന്നു് മനുഷ്യത്വം, സദാചാരം എന്നീ വിഷയങ്ങൾക്കു് താഴെയുള്ള ഒരു പദവിമാത്രമെ കൊടുത്തിട്ടുള്ളു. അവ രണ്ടുമാണു് സർവ്വശ്രേഷ്ഠമായ ഗുണങ്ങൾ എന്നദ്ദേഹം പറയുന്നു. മനുഷ്യസമുദായത്തിന്റെ മുഴുവൻ പര്യായപദമെന്നോണം ഉപയോഗിക്കാവുന്ന മനുഷ്യത്വമാണു് മനുഷ്യപ്രകൃതിയുടെ മദ്ധ്യഭാഗമായി വർത്തിക്കുന്നതെന്നു് അദ്ദേഹം പറയുന്നു. അതിന്റെ ബാഹ്യമായ വിശദീകരണമാണു് സദാചാരം. മനുഷ്യന്റെ ശാന്തമായ നിവാസകേന്ദ്രമാണു് മനുഷ്യത്വമെന്നു് മെങ്ങ് പറയുന്നു. സദാചാരമാണു് അതിലേയ്ക്കുള്ള യഥാർത്ഥമാർഗ്ഗം. പ്രസ്തുത ശാന്തമായ നിവാസകേന്ദ്രത്തേയും അതിലേയ്ക്കുള്ള യഥാർത്ഥമാ

ഗ്ഗത്തേയും അറിയാതെ ജീവിക്കുന്നവർ എത്രമാത്രം മൂഢ രാണെന്നു് അദ്ദേഹം ചോദിക്കുന്നു.

## ചീയിലെ നാണംകെട്ട മനുഷ്യൻ

മനുഷ്യത്വത്തേയും സദാചാരത്തേയും അനുവർത്തിക്കാതെ ജീവിക്കുന്ന ഒരാളുടെ മൌലികമായ മാനസിക ഗുണങ്ങൾ നശിച്ചുപോകുന്നു എന്നാണു് മെങ്ങ് കോവിൻെറ അഭിപ്രായം. അങ്ങിനെ അവൻ ചീത്തയായ ബാഹ്യപ്രേരണകൾക്ക് വശംവദനായിത്തീരുകയും ആന്തരികമായ ദോഷങ്ങൾ അവനെ കീഴടക്കുകയും ചെയ്യുന്നു. പ്രസ്തുത മനുഷ്യൻ നേരും നെറിയും കെട്ടവനായി അനീതിപരമായ മാൎഗ്ഗങ്ങളെ പിൻതുടന്നു ജീവിക്കുന്നു. ദുഷിച്ച വികാരങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി എന്തു ചെയ്യാനും അവൻ മടിക്കുകയില്ല. അങ്ങിനെയാണു് മനുഷ്യൻ അധഃപതിക്കുന്നതു്. ഈ തരത്തിലുള്ള ഒരു നാണംകെട്ട മനുഷ്യൻെറ കഥ മെങ്ങ് പറയുന്നു.

“ചീയിലെ ഒരു ചെറുനഗരത്തിൽ ഒരു മനുഷ്യൻ തൻെറ പത്നിയോടും ഉപപത്നിയോടുംകൂടി താമസിച്ചിരുന്നു. ദിനംപ്രതി രാവിലെ ആയാൾ വീട്ടിൽനിന്നിറങ്ങും. പിന്നെ മടങ്ങിവരുന്നതു് രാത്രിയിലാണു്. മദ്യത്തിൻേറയും മാംസത്തിൻേറയും മണം അയാളിൽ നിന്നു് ബഹിൎഗ്ഗമിക്കാറുണ്ടായിരുന്നു. എവിടെനിന്നാണു് ഭക്ഷണംകഴിച്ചതെന്നു ചോദിച്ചാൽ താൻ ധനികരും പ്രഭുക്കളും അടങ്ങിയ ഒരു വിരുന്നിൽ പങ്കുകൊണ്ടിട്ടാണു് വരുന്നതെന്നു് പറയുക പതിവായിരുന്നു. എന്നാൽ അ

ല്ലും മാന്യതയുള്ള ആരുംതന്നെ അതുവരെ ആയാളെ സന്ദർശിക്കുവാൻ വന്നിരുന്നതുമില്ല. ഒടുവിൽ ആയാളുടെ ഭാര്യക്ക് ബലമായ സംശയമുണ്ടായി. അവൾ അയാളെ രഹസ്യമായി പിൻതുടരുവാൻ തീരുമാനിച്ചു. അങ്ങിനെ ഒരു ദിവസം രാവിലെ ഭാര്യ ഭർത്താവിനെ പിൻതുടൎന്നു. ആയാൾ പട്ടണം മുഴുവൻ നടന്നുവെങ്കിലും ആരും തന്നെ വഴിയിൽവെച്ച് ആയാളോട്ട് സംസാരിക്കുന്നതായി കണ്ടില്ല. തന്നിമിത്തം അവളുടെ സംശയം കൂടുതൽ ബലവത്തരമായിത്തീൎന്നു. ഒടുവിൽ ആയാൾ ഒരു ശ്മശാനത്തിൽ ചെന്നെത്തി. ഇതുകൂടി കണ്ടപ്പോൾ ഭാര്യക്ക് എത്രമാത്രം ദുഃഖം തോന്നിയിരിയ്ക്കണമെന്നു് ഊഹിയ്ക്കുകയാണു് ഭേദം. ശവം മറവുചെയ്യുന്ന സ്ഥലത്തു് ചെയ്യപ്പെടുന്ന സംസ്കാരകൎമ്മങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള ഭക്ഷണപദാൎത്ഥങ്ങൾ അവിടെ കിടപ്പുണ്ടായിരുന്നു. അതു് പെറുക്കിത്തിന്നുവാൻ തുടങ്ങി ആയാൾ. അങ്ങിനെ ഓരോ ശവക്കുഴിക്കും അടുത്തുള്ള ഭക്ഷണസാധനങ്ങൾ പെറുക്കിത്തിന്നു് ആയാൾ വയറുനിറച്ചു. ഇതെല്ലാം കണ്ടുനിന്നിരുന്ന ഭാൎയ്യയ്ക്കു് സഹിച്ചില്ല. അവൾ വീട്ടിലേയ്ക്കോടി സപത്നിയോട്ട് വിവരമെല്ലാം പറഞ്ഞു. ഭൎത്താവിൻെറ നാണംകെട്ട പ്രവൎത്തിയിൽ അത്യന്തം ലജ്ജിതകളായിത്തീൎന്ന ഭാൎയ്യമാർ നെഞ്ചത്തടിച്ചു് നിലവിളിക്കുവാൻ തുടങ്ങി. രാത്രിയായപ്പോൾ ആയാൾ വലിയ ഗമയിൽ വീട്ടിലെത്തിച്ചേൎന്നു. എന്നാൽ നടന്ന സംഭവങ്ങളൊന്നും അറിയുകയുണ്ടായില്ല.”

മാസ്റ്റർ മെങ്ങ് പറയുന്നു:—“ഒരു മാന്യൻെറ ദൃഷ്ടി

യിൽ മനുഷ്യർ സമ്പത്തും പദവിയും വിജയവും ലാഭവും നേടുന്ന മാർഗ്ഗം മിക്കവാറും ന്യായസമ്മതമായിരിക്കുകയില്ല. നാണംകെട്ട പ്രവൎത്തികൾ ചെയ്തു പതിമാരെ ലജ്ജിപ്പിക്കാതിരിക്കുകയാണു് ഒരു മനുഷ്യൻ ചെയ്യേണ്ടതു്."

## പിഞ്ചുപൈതലിൻെറ മനസ്സ്

ചീയിലെ നാണംകെട്ട മനുഷ്യൻെറ കഥ കേൾക്കുന്ന ആരുംതന്നെ നമ്മളിൽ അന്തൎലീനമായ നന്മയെ എങ്ങിനെ സംരക്ഷിക്കുവാൻ സാധിക്കും എന്ന ചോദ്യം ചോദിച്ചുപോകും. ഈ ചോദ്യത്തിന്നു് ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോഴാണു് മെങ്ങ്കോവിൻെറ താഴെ പറയുന്ന ഒരു പ്രധാനവചനം ഓൎമ്മവരിക:—"ഒരു പിഞ്ചുപൈതലിൻെറ മനസ്സിന്നു് സമാനമായിരിക്കും ഒരു മാന്യപുരുഷൻെറ ഹൃദയം." ഒരു പിഞ്ചുകുട്ടിയുടെ ഹൃദയം മനുഷ്യപ്രകൃതിയിലുള്ള നന്മയുടെ പ്രതീകവും ഉറവിടവുമാണു്. അപ്രകാരത്തിലുള്ള മനസ്ഥിതിയെയാണു് നാം നിലനിൎത്തിക്കൊണ്ടുവരേണ്ടതു്. നാം വളൎത്തുന്ന നായ്ക്കളോ കോഴികളോ നഷ്ടപ്പെടുമ്പോൾ അവയെ തിരഞ്ഞുകണ്ടുപിടിക്കുന്നതിന്നു് നമ്മൾ അത്യധികം ഔത്സുക്യം കാണിക്കാറുണ്ടു്. എന്നാൽ പ്രകൃതിദത്തമായ നമ്മിലുള്ള നന്മയെ ആരായുന്നതിന്നു് ആരുംതന്നെ തെയ്യാറാവുന്നില്ല. ജീവിതത്തിലെ ഭാഗ്യംകെട്ട ഒരു സ്ഥിതിവിശേഷമാണിതു്. പ്രസ്തുത അവഗണനയേയും അജ്ഞതയേയും മുമ്പിൽവെച്ചുകൊണ്ടാണു് മാസ്റ്റർ മെങ്ങ് നമ്മോടു്

പ്രകൃതിദത്തമായ നന്മയെ ആരായുവാൻ ഉപദേശിക്കു ന്നതു്.

ഒന്നാമതായി മനുഷ്യൻ നന്നായിത്തീരുവാൻ ആ ഗ്രഹിക്കുകയും പിന്നീടു് അതിനുവേണ്ടി പ്രവർത്തിക്കുകയും വേണം. മനുഷ്യത്വമെന്ന വിശിഷ്ടഗുണത്തെ നമ്മളിൽ വളർത്തിക്കൊണ്ടുവരണമെങ്കിൽ അശ്രാന്തവും അവധാന പൂർവ്വകവുമായ പരിശ്രമം ആവശ്യമാണു്. മുകളിൽ പ്രസ്താ വിച്ചതുപോലെ മനുഷ്യത്വമെന്ന വിശിഷ്ടഗുണത്തിന്റെ ബീജം എല്ലാ മനുഷ്യരുടേയും ഹൃദയത്തിൽ സ്ഥിതിചെ യ്യുന്നുണ്ടു്. എന്നാൽ മഹത്തായ പരിശ്രമം ഇല്ലെങ്കിൽ അതു് വളരുന്നതല്ല. വയലിൽ ധാന്യങ്ങൾ കൃഷിചെ യ്തെടുക്കുവാൻ നാം എന്തെല്ലാം ചെയ്യുന്നുണ്ടോ അപ്രകാ രംതന്നെ മനുഷ്യത്വത്തിന്റെ വളർച്ചയുടെ കാര്യത്തിലും പ്രയത്നിക്കേണ്ടതുണ്ടു്. ധാന്യച്ചെടികൾക്കു് മഴയും കാ റ്റും സൂര്യോഷ്ണവും ആവശ്യമാണു്. ഇവ ലഭിച്ചിട്ടില്ലെ ങ്കിൽ നല്ല വിത്തുകൾപോലും നശിച്ചുപോകും. മനുഷ്യ ത്വത്തിന്റെ കാര്യവും അപ്രകാരംതന്നെയാണു്.

അതിനാൽ നമ്മളിൽ അന്തർലീനമായിട്ടുള്ള നല്ല അനുഭൂതികളെ വികസിപ്പിക്കുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം. അതിനു് അ ത്യധികം ശ്രദ്ധയും സഹിഷ്ണുതയും ആവശ്യമാണു്. ധാ ന്യച്ചെടികൾ ഒരുദിവസംകൊണ്ടു് വളർന്നു് ഫലംതരുന്നി ല്ല. അതിന്നു് കുറേക്കാലം പിടിക്കും. അപ്രകാരംതന്നേയാ ണു് മനുഷ്യപ്രകൃതിയും. അതിന്റെ പുരോഗതിക്കു് അ സാമയികമായ വേഗത കൂട്ടുകയാണെങ്കിൽ ഗുണത്തിനു

പകരം ദോഷമായിരിക്കും ഫലം. വളച്ച്യ്ക്കുപകരം നാശമായിരിക്കും സംഭവിക്കുക.

സങ്ങിലെ ഒരു മാന്യൻ തൻെറ കൃഷിയിടങ്ങറം സന്ദശിച്ചപ്പോറം മൂപ്പെത്താത്ത ധാന്യച്ചെടികഠം വളച്ച് കുറഞ്ഞുനില്ക്കുന്നതുകണ്ടു. അവയുടെ വളച്ച്യെ ത്വരിതപ്പെടുത്തുന്നതിന്നുവേണ്ടി ആയാഠം ഇളം ഓലകളുടെ നാമ്പുകഠം മുഴവൻ നുള്ളികളഞ്ഞു. അങ്ങിനെ ആയാളുടെ ശരീരത്തിൽ മുഴവൻ ഓലത്തുമ്പുകളും മണ്ണും പററിയിരുന്നു. വീട്ടിൽ മടങ്ങിയെത്തിയ ആയാഠം പറഞ്ഞു:— "നെൽച്ചെടികളുടെ ത്വരിതമായ വളച്ച്യ്ക്കുവേണ്ടി പാടുപെടുകയായിരുന്നു ഞാൻ ഇത്രനേരവും." ഇതുകേട്ട് ആയാളുടെ മകൻ വയലിലേയ്ക്കോടി. അവിടെ ആയാഠം കണ്ടത്് നെൽച്ചെടികളുടെ തല മുഴവൻ നുള്ളിയിട്ടതാണ്.

ഈ കഥയെ മുൻനിത്തി മാസ്റ്റർ മെങ്ങ് പറയുന്നു:—"ഈ ലോകത്തിൽ സ്വന്തം നെൽച്ചെടികളുടെ ത്വരിതമായ വളച്ച്യ്ക്കുവേണ്ടി പരിശ്രമിക്കാത്ത ആളുകഠം വളരെ കുറച്ചുമാത്രമേയുള്ളു. സ്വന്തം മാനസികവികാസത്തിന്നുവേണ്ടി പരിശ്രമിക്കാത്തവർ വയലിലുള്ള കള പറിച്ചുകളയുവാൻ കൂട്ടാക്കാത്ത കൃഷിക്കാരേപ്പോലെയാണ്. എന്നാൽ പ്രകൃതിവിരുദ്ധമായ മാറ്ഗ്ഗങ്ങളെ അവലംബിച്ച് മാനസികവികാസത്തെ ത്വരിതപ്പെടുത്തുവാൻ ശ്രമിക്കുന്നവരാകട്ടെ കളയാണെന്നു ധരിച്ച് നെൽച്ചെടികളെ പറിച്ചുകളയുന്ന മൂഢന്മാരാണ്. അതുകൊ

ണ്ടു് ലാഭമില്ലെന്നു മാത്രമല്ല വമ്പിച്ച നഷ്ടം പററുകകൂടി ചെയ്യുന്നു.

മനുഷ്യപ്രകൃതിയുടെ നിർമ്മാണത്തിന്നു സഹായകമായിട്ടുള്ള മറെറാരു പ്രധാനസംഗതിയാണു് സാഹചര്യം. ഒരു നല്ല സാഹചര്യം അനുഗ്രഹമാണു്. ചീത്ത സാഹചര്യമാകട്ടെ ശാപവും. മാസ്റ്റർ മെങ്ങിൻെറ അഭിപ്രായത്തെ താഴെ കൊടുക്കാം:—"ഒരു വയലിൽ ബാർലി വിത്തു പാകുന്നു. സാധാരണ ബാർലി കൃഷിചെയ്യുന്ന വയലാണതു്. വിത്തു പാകിയതു് കാലത്തുമാണു്. അതു നല്ലപോലെ തഴച്ചുവളൎന്നു് മദ്ധ്യവേനൽ ആയപ്പോഴേയ്ക്കും മൂത്തുപഴുക്കുന്നു. എന്നാൽ എല്ലാഭാഗത്തും ഒരുപോലെ വിളഞ്ഞിരുന്നില്ല. കുറേസ്ഥലത്തു് നന്നായിരുന്നു. മററു സ്ഥലങ്ങളിൽ വളരെ മോശമായിരുന്നു. കാരണം നന്നായ സ്ഥലങ്ങളിലെ മണ്ണു് ഫലഭൂയിഷ്ഠമായിരുന്നു. മോശമായതു ചരൽപ്രദേശവുമാണു്. മഴയും വെയിലും മഞ്ഞും എല്ലാം അവയ്ക്കു് ഒരുപോലെ ലഭിച്ചു. കൃഷിചെയ്യുന്നതിലും വ്യത്യാസമുണ്ടായിരുന്നില്ല." അപ്രകാരംതന്നെയാണു് നല്ലകാലങ്ങളിൽ എല്ലാ കുട്ടികളും നന്നായിട്ടും ചീത്തകാലങ്ങളിൽ ചീത്തയായിട്ടും കണ്ടുവരുന്നതു്. എന്നാൽ ഓരോ കാലത്തും അവരുടെ പ്രാകൃതികമായ ശക്തികൾക്കു വൈവിദ്ധ്യം സംഭവിക്കുന്നതുകൊണ്ടല്ല ഇതു്. പക്ഷേ പരിതസ്ഥിതികളുടെ മാററങ്ങളാണു് അവരെ അങ്ങിനെ വാൎത്തുവിടുന്നതു്.

മനുഷ്യൻെറ പ്രാകൃതികമായ വളൎച്ചയിൽ സാഹചര്യങ്ങൾക്കുള്ള സ്വാധീനശക്തിയുടെ കാര്യത്തിൽ മെ

ങ്ങ്കോ വിശേഷിച്ചും വികാരക്ഷമനായിരുന്നു. ഇതിൽ ലേശംപോലും അത്ഭുതപ്പെടാനില്ല. അദ്ദേഹത്തിൻെറ മാതാവു് ഇക്കാര്യത്തിൽ അത്യധികം നിഷ്ക്കർഷ കാണിച്ചിരുന്നുവെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അവർ മൂന്നുതവണ തൻെറ പുത്രനു് ഏററവും നല്ല സാഹചര്യങ്ങഠം നല്കണമെന്ന ഉദ്ദേശത്തോടുകൂടി സ്ഥലം മാറി താമസിച്ചിട്ടുണ്ടു്. അതിനും പുറമേ മെങ്ങ്കോ ഒരിക്കൽ ഇങ്ങിനെ പറയുകയുണ്ടായിട്ടുണ്ടു്:—"സാഹചര്യങ്ങളുടെ ധാർമ്മികസ്വഭാവമാണു് മനുഷ്യനിൽ നന്മയെ സൃഷ്ടിക്കുന്നതു്. ധാർമ്മികമായ സാഹചര്യങ്ങളിൽ മുഴുകി ജീവിക്കാത്ത ഒരാളെ എങ്ങിനെ ബുദ്ധിമാനായി ഗണിക്കാം?"

ഈ വീക്ഷണത്തിൽക്കൂടി നോക്കിയിട്ടാണു് താൻ കണ്ട മിക്ക രാജാക്കന്മാരും ബുദ്ധിഹീനന്മാരാണെന്നു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. എന്തെന്നാൽ അവർ കുടിലരും പുറംപൂച്ചുകാരും ആയ മനുഷ്യരുടെ സാഹചര്യം മാത്രമേ ഇഷ്ടപ്പെട്ടിരുന്നുള്ളു. പത്തുദിവസത്തെ തണുപ്പേററുനില്ക്കുന്ന ഒരു ചെടിക്കു് അതു് എത്രതന്നെ സുശക്തമായിരുന്നാലും ഒരു ദിവസത്തെ ചൂടുതട്ടിയതുകൊണ്ടുമാത്രം രക്ഷപ്പെടുക സാദ്ധ്യമല്ല. അതിനാൽ സ്വാഭാവികമായിത്തന്നെ വഴിപിഴച്ച ഉദ്യോഗസ്ഥന്മാരോടൊപ്പം ജീവിക്കുന്ന ശാസകന്മാർ ഒന്നോ രണ്ടോ ദിവസത്തെ ജ്ഞാനോപദേശം കേഠക്കുന്നതുകൊണ്ടു് നന്നായിത്തീരുവാൻ പോകുന്നില്ല. മാസ്റ്റർ മെങ്ങ് ഒരിക്കൽ ഇങ്ങിനെ പറഞ്ഞു:—"ഞാൻ വളരെ കുറച്ചു സന്ദർഭങ്ങളിൽ മാത്രമേ രാജാവിനെ സന്ദർശിക്കാറുള്ളു. എൻെറ സന്ദർശനം കഴി

ഞ്ഞ ഉടനെ കുടിലന്മാരായ സേവകന്മാർ അദ്ദേഹത്തെ ചെന്നുകാണുന്നു. അങ്ങിനെ അവർ അദ്ദേഹത്തെ ശൈത്യത്തിൽ വളരുന്ന സസ്യത്തെപ്പോലെ ആക്കിത്തീക്കുന്നു. ഞാൻ വിചാരിച്ചാൽ ചില ഗുണങ്ങളെല്ലാം അദ്ദേഹത്തെക്കൊണ്ടു് ചെയ്യിക്കുവാൻ കഴിയും. പക്ഷെ അതുകൊണ്ടു് യാതൊരു ഫലവുമില്ല."

ഇതിൽനിന്നു മനസ്സിലാക്കേണ്ടതു് ശാസകന്മാർ ഗുണസമ്പന്നന്മാരായ ആളുകളുടെ സാഹചര്യത്തിൽ ജീവിക്കണമെന്നു് മെങ്ങ്കോവിന്നു നിഷ്കൎഷയുണ്ടായിരുന്നു എന്നാണല്ലൊ. ഈ ആശയത്തെ സമൎത്ഥിക്കുന്നതിന്നായി അദ്ദേഹം ഏററവും നല്ല ഒരു ഉപമ നമ്മുടെ മുമ്പിൽ വെയ്ക്കുന്നു. ഒരു വിദേശഭാഷ പഠിക്കുന്നതിനെപ്പററിയാണതു്. ഇക്കാലത്തുപോലും പ്രസ്തുത നിൎദ്ദേശത്തിന്നു് ഒരു പുതുമയുണ്ടു്. അന്നത്തെ ചൈന വിവിധ സ്റ്റേററുകളായി വിഭജിക്കപ്പെട്ടിരുന്നു. ഓരോ സ്റ്റേററിലും വിഭിന്ന ഭാഷകളാണു് സംസാരിച്ചുവന്നതു്. ഈ ഭാഷകൾക്കുതമ്മിൽ വളരെയധികം അന്തരമുണ്ടായിരുന്നുതാനും. അതിനാൽ വടക്കുഭാഗത്തുള്ള ചീ സ്റ്റേററുകാൎക്കു് തെക്കന്മാരായ ചൂ സ്റ്റേററുകാരേപ്പററി യാതൊന്നും അറിഞ്ഞിരുന്നില്ല. അങ്ങിനെ ഓരോ സ്റ്റേററും പരസ്പരം അജ്ഞതയിൽ ജീവിച്ചുവന്നു.

മാസ്റ്റർ മെങ്ങ് പറയുന്നു:—"ചൂവിൽനിന്നു് ഒരു രാജഭൃതനെ ചീയിലേയ്ക്കു് അയയ്ക്കുകയാണെന്നു വിചാരിക്കുക. ചീയിൽവന്നു് ആയാൾ സകുടുംബം താമസമാക്കുന്നു. ആയാളുടെ പുത്രനു് ചീയിലെ ഭാഷ പഠിക്കണമെ

ന്നു് ആഗ്രഹമുണ്ടു്. അപ്പോഠം ആരേയാണു പഠിപ്പിക്കു വാൻ നിശ്ചയിക്കേണ്ടതു് എന്ന പ്രശ്നമുത്ഭവിക്കുന്നു. ചീ യിലുള്ള ഒരാഠം വേണമോ അതോ ചൂവിൽനിന്നു് ഒരാ ളെ കൊണ്ടുവരണമോ എന്നതാണു് പ്രശ്നം. വേണ്ടതു് ചീയിലുള്ള ഒരാഠംതന്നെയായിരിക്കണമെന്നതിന്നു രണ്ടു പക്ഷമില്ല. എന്നാൽ അതുകൊണ്ടുമാത്രമായില്ല. ചീ ഭാഷ കുട്ടിയെ പഠിപ്പിക്കുന്ന അവസരത്തിൽ ചൂവിലുള്ള വരെല്ലാം അവരുടെ ഭാഷയിൽ അദ്ധ്യാപകനോടു സം സാരിച്ചുകൊണ്ടിരിക്കുന്നു. അങ്ങിനെയായാൽ കുട്ടിക്കു് ആ ഭാഷ പഠിക്കുക സാദ്ധ്യമല്ല. അച്ഛൻ എത്രതന്നെ നിർബ്ബന്ധിച്ചാലും ശരി. നേരേമറിച്ചു് ചീ ഭാഷമാത്രം സംസാരിക്കുന്നവരുടെ ഇടയിൽ കുറെ കൊല്ലം കുട്ടി ജീ വിക്കുകയാണെങ്കിൽ ആ ഭാഷയിൽ പ്രാവീണ്യം നേടു ന്നതിന്നു് അവന്നു പ്രയാസമുണ്ടായിരിക്കുകയില്ല. എത്ര തന്നെ ശ്രമിച്ചാലും അതു മറക്കുവാൻ അവന്നു സാദ്ധ്യ വുമല്ല.”

രാജാക്കന്മാരുടെ ധാർമ്മികനിലവാരമുയർത്തുവാൻ പ റ്റിയ ഒരു സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതിൻെറ അ നിവാര്യതയെ ചൂണ്ടിക്കാണിച്ചുകൊണ്ടാണു് മെങ്ങ്കോ പ്രസ്തുത ഉപമ അവതരിപ്പിച്ചതു്. ഒരു ഭാഷ പഠിക്കുന്ന തിന്നു് പ്രസ്തുത ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ ജീവിക്കുന്നതുപോലെ ഫലപ്രദമായ മറെറാരു മാർഗ്ഗമില്ല. അപ്രകാരംതന്നെ സൽഗ്ഗുണസമ്പന്നന്മാരായ ആളുകളു ടെ ഒന്നിച്ചു ജീവിച്ചാൽമാത്രമേ ശാസകൻ നല്ലവനാ യിത്തീരുകയുള്ളു. ചീത്ത ആളുകളാണു് ആയാളെ നിയ

ന്ത്രിക്കുന്നതെങ്കിൽ കാലക്രമേണ ആയാറം ദുഷിച്ചുപോകു കയും ചെയ്യും.

## ഒരു രാജാവിൻെറ മൂന്നു നിക്ഷേപങ്ങറം

അപ്രകാരം നല്ല സാഹചര്യത്തിൽ ജീവിക്കുന്ന ഒരു രാജാവിനും മന്ത്രിമാക്കും മാത്രമേ ഒരു നല്ല ഗവമ്മേണ്ടി നെ നിമ്മിക്കുവാൻ കഴിയൂ. മാസ്റ്റർ മെങ്ങ് പ്രസ്തുത ഗ വമ്മേണ്ടിനെ 'മാനുഷികസക്കാർ' (Humane Government) എന്നാണു് വിളിച്ചതു്. കങ്ങ്ഫ്യൂവിൻെറ സിദ്ധാന്ത ങ്ങളിൽ അധിഷ്ഠിതമായ പ്രസ്തുത ഗവമ്മേണ്ടിനു് മെ ങ്ങ്കോ മൌലികമായ തൻെറ ചില ആശയങ്ങളും സം ഭാവന ചെയ്കയുണ്ടായിട്ടുണ്ടു്. കങ്ങ്ഫ്യൂവിനു് ചൌ സാ മ്രാജ്യത്തോടുണ്ടായിരുന്ന മനോഭാവമല്ല മെങ്ങ്കോവിനു ണ്ടായിരുന്നതു് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാ ണു്. കങ്ങ്ഫ്യൂവിനു് 150 കൊല്ലങ്ങറംക്കുശേഷമായിരു ന്നുവല്ലോ മെങ്ങ്കോ ജീവിച്ചിരുന്നതു്. അക്കാലത്തു് സാമന്തമേധാവിത്തത്തിൻെറ അടിത്തറയ്ക്കു് ഇളക്കംത ട്ടിട്ടുണ്ടായിരുന്നു. അതിനാൽ ചൌ സാമ്രാത്തിൻെറ പു നരുത്ഥാനത്തിൽ മെങ്ങ്കോവിനു് അശേഷം താല്പര്യമു ണ്ടായിരുന്നില്ല. അക്കാലത്തുണ്ടായിരുന്ന പ്രധാനപ്പെട്ട ഏഴു സാമ്രാജ്യങ്ങളും ചെറുസ്റ്റേററുകളും ആദശപരമായ ഒരു ഗവമ്മേണ്ടു് കെട്ടിപ്പടുത്തിട്ടില്ലെങ്കിൽ അവയുടെ ഭാവി അപകടത്തിലായിത്തീരുമെന്നു് അദ്ദേഹം പരസ്യ മായി പ്രഖ്യാപിച്ചു. കങ്ങ്ഫ്യൂ ചൌ ആധിപത്യത്തെ നിലനിത്തുവാൻ ആഗ്രഹിച്ചു. എന്നാൽ മെങ്ങ്കോവി

ന്നു സാമന്തപ്രഭുത്വത്തെ നിലനിൎത്തുന്ന കാര്യത്തിൽ ഒട്ടുംതന്നെ താല്പര്യമുണ്ടായിരുന്നില്ല.

എല്ലാ ചൈനീസ്‌സ്റ്റേറ്റുകളും ഒന്നു് പുതുക്കിപ്പണിയുന്നതിന്നായി ഒരു സ്വൎഗ്ഗപുത്രൻെറ ആവശ്യം അനിവാൎയ്യമായിരുന്നു. മാസ്റ്റർ മെങ്ങ് പറഞ്ഞു:—"ഇന്നത്തെപ്പോലെ ഒരു പുതിയ സ്റ്റേററിൻെറ ആവിർഭാവത്തിന്നുള്ള സമയം എന്നും സമാഗതമാവുകയുണ്ടായിട്ടില്ല. ഇന്നത്തെപ്പോലെ ദുർഭരണംകൊണ്ടു് ജനങ്ങൾ ഇത്രയും കഷ്ടപ്പെടുന്ന ഒരു കാലമുണ്ടായിട്ടില്ല. വിശപ്പുള്ളവൎക്കു് ഭക്ഷണം കൊടുക്കുവാനും കഷ്ടപ്പെടുന്നവൎക്കു് സഹായം നൽകുവാനും വളരെ എളുപ്പമാണെന്നു് നമുക്കു് അറിയാമല്ലൊ. സാമ്രാജ്യത്വമേധാവിത്തത്തിൻെറ കല്പനകളെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനേക്കാൾ എളുപ്പത്തിൽ സൽഗുണങ്ങളെ പ്രചരിപ്പിക്കുവാൻ സാധിക്കും. അതിനാൽ ഇന്നു് രാജാവിൻെറ സുഖസൌകര്യങ്ങൾക്കു വേണ്ടിയുള്ള വസ്തുക്കളെല്ലാം ജനങ്ങളുടെ ജീവിതത്തോതു് നന്നാക്കിത്തീൎക്കുവാൻവേണ്ടി വിനിയോഗിക്കുന്ന പക്ഷം പട്ടിണിയ്ക്കും കഷ്ടപ്പാടിന്നും അറുതി വരുന്നതാണു്. പണ്ടുണ്ടായിരുന്നവർ ചെയ്തിരുന്ന പകുതി പരിശ്രമം കൊണ്ടു് ഇക്കാലത്തു് അതിലധികം ഫലം ലഭിക്കും. മനുഷ്യത്വമുള്ള ഒരു രാജാവിൻെറ സൽഭരണംകൊണ്ടു് ലോകമാകെ ഒരു പരിവൎത്തനം ഉണ്ടാക്കുവാൻ സാധിക്കും."

ഒരു വലിയ രാഷ്ട്രീയതത്വജ്ഞാനിയായ മെങ്ങ് കോ ആദൎശപരമായി കങ്ങ്ഫ്യൂവിനേക്കാൾ ധാർഢ്യവും

പുരോഗമനവാഞ്ഛയും ഉള്ള ഒരു വ്യക്തിയായിരുന്നു. മേൽപ്രസ്താവിച്ചപ്രകാരം അദ്ദേഹത്തിൻെറ പ്രധാനലക്ഷ്യം ജനങ്ങളുടെ ജീവിതത്തോത്തു് ഉയത്തലായിരുന്നു. അതിനു് കൃഷിപരിഷ്ക്കരണത്തേപ്പോലുള്ള പല നിദ്ദേശങ്ങളും അദ്ദേഹം സമപ്പിക്കുകയും ചെയ്തു. കുടിയായ്മപരിഷ്ക്കരണം, നികുതിയിളവു്, വാദ്ധക്യകാലത്തുള്ള പെൻഷൻ തുടങ്ങിയവ അതിൽ ഉൾപ്പെട്ടും. പട്ടിണിയുടേയും ദാരദ്ര്യത്തിൻേറയും ക്ലേശങ്ങൾകൊണ്ടു് ജീവിച്ചുവന്ന അദ്ദേഹത്തെ തൻെറ ചുററുപാടുമുള്ള ജനങ്ങളുടെ ദയനീയസ്ഥിതി കൂടുതൽ അസ്വസ്ഥനാക്കിത്തീത്തിട്ടുണ്ടായിരിക്കണം. തന്നിമിത്തമാണു് സാമ്പത്തികപരിഷ്ക്കരണത്തിന്നു് അടിസ്ഥാനപരമായി ആവശ്യമായിട്ടുള്ളതു് ഒരു നല്ല ഗവമ്മേണ്ടാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേന്നിട്ടുള്ളതു്. ജനങ്ങളുടെ ജീവിതനിലവാരമുയത്തുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണു് അതെന്നു് മെങ്ങ്കോ വിശ്വസിച്ചു.

അങ്ങിനെ മാസ്റ്റർ മെങ്ങ് വിഭാവനംചെയ്ത ആ നല്ല ഗവമ്മേണ്ടിനെ ഒരു യാഥാത്ഥ്യമാക്കിത്തീക്കുകയെന്നതു് വളരെ പ്രയാസമുള്ള ഒരു കാര്യമായിരുന്നില്ല. അതിനു് ഒന്നാമതായി ചെയ്യാനുള്ളതു് പ്രാപ്തന്മാരും സൽഗ്ഗുണസമ്പന്നന്മാരും ആയ ആളുകളെ ഭരണത്തിൻെറ സാരഥ്യം ഏല്പിക്കലാണു്. രണ്ടാമതായി സാധനങ്ങളുടെ വില നിയന്ത്രിക്കലാണു്. മൂന്നാമതായി ചുങ്കങ്ങളും ശുല്ക്കങ്ങളും അവസാനിപ്പിച്ചു് സഞ്ചാരസൌകര്യങ്ങൾ വദ്ധിപ്പിക്കണം. നാലാമതായി കൃഷിയുല്പന്നങ്ങൾ വ

ഭിപ്പിക്കുവാൻവേണ്ട നടവടികഠം എടുക്കുകയും കൃഷികരു ടെ നികുതിഭാരം കുറയ്ക്കുകയും വേണം. അഞ്ചാമതായി കച്ചവടക്കാരെ ബാധിക്കുന്ന വിവിധങ്ങളായ നികുതിക ളും പിഴകളും നിൎത്തൽചെയ്യണം.

ആദ്യംപറഞ്ഞതൊഴിച്ചുള്ള മേൽപ്രസ്താവിച്ച എ ല്ലാ നടവടികളും കൃഷിക്കാരുടേയും വ്യാപാരികളുടേയും നികുതിഭാരത്തെ കുറയ്ക്കുന്നതിന്നും അവരുടെ ജീവിതനില വാരം ഉയൎത്തുന്നതിന്നും സഹായകമായിട്ടുള്ളതാകുന്നു. തന്നിമിത്തമാണു് രാജാക്കന്മാർ അവരുടെ ആഡംബര പൂൎണ്ണമായ ജീവിതത്തോതു് കഴിയുന്നതും കുറയ്ക്കണമെ ന്നു് മെങ്ങ്കോ നിൎദ്ദേശിച്ചതു്. ഉദ്യാനനിൎമ്മാണം, മൃ ഗയാവിനോദം എന്നിത്യാദി കാര്യങ്ങഠംക്കുവേണ്ടി നിൎബ്ബ ന്ധത്തൊഴിൽ ചെയ്യിക്കുന്ന സമ്പ്രദായം അന്നു നിലവി ലുണ്ടായിരുന്നു. അതിന്നു വഴങ്ങാത്തവരോട് രാജകീയ ഉദ്യോഗസ്ഥന്മാർ ഏററവും പൈശാചികമായിട്ടാണു് പെരുമാറിയിരുന്നതു്. താൻ നിൎദ്ദേശിച്ച പരിഷ്ക്കരണ ങ്ങഠം നടപ്പിലാക്കുകയാണെങ്കിൽ ഒരു രാജാവിന്നു് ത ൻെറ ജനങ്ങളുടെ നില മെച്ചപ്പെടുത്തുവാൻ കഴിയുമെ ന്നു മാത്രമല്ല പുറമേയുള്ള രാജ്യങ്ങളിലെ ജനങ്ങളെ ആ കൎഷിക്കുവാൻകൂടി സാധിക്കുന്നതാണെന്നു് മെങ്ങ്കോ വിശ്വസിച്ചു. അങ്ങിനെ പ്രസ്തുത രാജാവിനെ സകല ജ നങ്ങളും ഒരു പിതാവിനേപ്പോലെ കരുതുവാൻ തുടങ്ങും. തൻെറ അനുയായികളായി ഒരു വമ്പിച്ച ജനസംഖ്യ ഉ ണ്ടാവുക എന്നുള്ളതാണു് ഒരു രാജാവിൻെറ മൂന്നു നി ക്ഷേപങ്ങളിൽ ഒന്നു്. മറേറതു രണ്ടെണ്ണം നല്ലനിലങ്ങ

ളും ആദർശപരമായ ഗവൎമ്മേണ്ടുമാണു്. ഇതുകൊണ്ടുമാത്രമെ ഒരു രാജ്യത്തിന്നു് സമ്പന്നവും സുശക്തവുമായിത്തീരുവാൻ കഴിയൂ. അങ്ങിനെ വിജയശ്രീലാളിതമായ ആ രാജ്യം സാമ്രാജ്യദുൎമ്മോഹമില്ലാത്തതും മററുരാജ്യങ്ങൾക്കെല്ലാം ഒരു മാതൃകയായി വൎത്തിക്കുന്നതും ആയിത്തീരുന്നതാണു്.

മാസ്റ്റർ മെങ്ങ് മറെറാരു സന്ദൎഭത്തിൽ ഗവൎമ്മേണ്ടിൻെറ കൎത്തവ്യങ്ങളെ ചൂണ്ടിക്കാണിച്ച അവസരത്തിൽ പൊതുജനസഹായത്തോടുകൂടി നടത്തുന്ന ശിശുവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നു് നിൎദ്ദേശിച്ചിട്ടുണ്ടു്. ചൈനയിലെ ഭൂരിപക്ഷം ജനതയായ കൃഷികരെ പ്രത്യേകമായും ഉദ്ദേശിച്ചു് മാസ്റ്റർ മെങ്ങ് ലിയാങ്ങിലെ ഹ്വി രാജാവിനോടു് പറയുന്നു:—"യുദ്ധം, നിൎബ്ബന്ധത്തൊഴിൽ മുതലായവകൊണ്ടു് കൃഷിപ്രവൎത്തിക്കുള്ള കാലം തടസ്ഥപ്പെടാതിരിക്കുന്നപക്ഷം ഇന്നുള്ളതിലധികം ധാന്യങ്ങൾ ഉല്പാദിപ്പിക്കുവാൻ കൃഷികൎക്കു് സാധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. തടാകങ്ങളിലും കുളങ്ങളിലും വലവീശി മത്സ്യംപിടിച്ചുവരുന്ന ഇന്നത്തെ സമ്പ്രദായം അവസാനിപ്പിക്കുകയാണെങ്കിൽ നമ്മുടെ ഭക്ഷണത്തിന്നു് പൎയ്യാപ്തമായ മത്സ്യങ്ങൾ ലഭിക്കുമെന്ന കാൎയ്യത്തിൽ എനിക്കു സംശയമില്ല. കാടുകളിലെ മരങ്ങൾ ഇന്നത്തെപ്പോലെ വെട്ടി നശിപ്പിക്കാതിരിക്കുന്നപക്ഷം രാജ്യത്തിൻെറ ആവശ്യം നിൎവ്വഹിക്കാൻ പൎയ്യാപ്തമായ മരത്തരങ്ങൾ നമുക്കു കിട്ടും. അങ്ങിനെ ഭക്ഷണത്തിന്നു സുഭിക്ഷമായി ധാന്യങ്ങളും മത്സ്യങ്ങളും ലഭിക്കുകയും ആവശ്യത്തിന്നു മതിയായ മര

ത്തരങ്ങഠം കിട്ടുകയും ചെയ്യുകയാണെങ്കിൽ പിന്നെ ജന ങ്ങഠംക്കു കഷ്ടമുണ്ടാവുന്നതെങ്ങിനെ? സ്വന്തം പ്രജകഠം ക്കു് അങ്ങിനെ സുഖമായി ജീവിക്കുവാനുള്ള ഒരു മാർഗ്ഗ ത്തെ വെട്ടിത്തെളിയിക്കലാണു് ഒരു രാജാവിൻെറ പ്രഥ മവും പ്രധാനവുമായ കർത്തവ്യം.

"അമറാത്തിച്ചെടികഠം ധാരാളമായി കൃഷിചെയ്യു ന്നപക്ഷം അമ്പതിലധികം പ്രായമുള്ള ആളുകഠംക്കെല്ലാം പട്ടുവസ്ത്രങ്ങഠം ധരിക്കുവാൻ കഴിയും. കോഴികഠം, നാ യ്ക്കഠം, പന്നികഠം എന്നിവയെ ഓരോ ഗൃഹത്തിലും വള ർത്തുകയാണെങ്കിൽ എഴുപതുവയസ്സിന്നു മീതെയുള്ള എ ല്ലാവക്കും ദിവസേന മാംസം ലഭിക്കുന്നതാണു്. ഓരോ കുടുംബത്തിന്നും നൂറു് സെൻറ് സ്ഥലംവീതം നല്കുന്നപ ക്ഷം അതിൽ കൃഷിചെയ്തു് അവർ സുഖമായി ജീവിച്ചു കൊള്ളും. വിദ്യാലയങ്ങളിൽ കുട്ടികഠംക്കു് മക്കളുടേയും സഹോദരന്മാരുടേയും കർത്തവ്യങ്ങളെപ്പററി വേണ്ടതുപോ ലെ പഠിപ്പിക്കുകയാണെങ്കിൽ വൃദ്ധന്മാർ പണിയെടുക്കു ന്നതു് കാണേണ്ടിവരികയില്ല. വൃദ്ധജനങ്ങഠംക്കു് പട്ടു ടുക്കുവാനും മാംസം ഭക്ഷിക്കുവാനും വിശ്രമിക്കുവാനും സാ ധിക്കുന്ന ഒരു രാജ്യത്തിൽ, സാധാരണജനങ്ങഠംക്കും പട്ടി ണിയും കഷ്ടപ്പാടും കൂടാതെ ജീവിക്കുവാൻ കഴിയുന്ന ഒരു രാജ്യത്തിൽ, ഭരണം നടത്തുന്ന രാജാവു് ലോകപ്രശസ്ത നായിത്തീരുമെന്നതിന്നു് രണ്ടു പക്ഷമില്ല."

എന്നാൽ മെങ്ങ്കോവിൻെറ കാലത്തെ യഥാർത്ഥ സ്ഥിതിയെന്തായിരുന്നു? ജനങ്ങളുടെ ദയനീയസ്ഥിതിക്കു് കാരണഭൂതനായ രാജാവിനെ അദ്ദേഹം ധീരമായും നി

ശിതമായും വിമർശിച്ചു:—"നായ്ക്കളും പന്നികളും ഇന്നു മനുഷ്യരുടെ ഭക്ഷണം കഴിക്കുന്നു. ധൂർത്ത് അവസാനിപ്പിക്കേണ്ടതു് എങ്ങിനെയാണെന്നു് നിങ്ങൾക്കറിഞ്ഞുകൂടാ. ജനങ്ങൾ പട്ടിണിയായിട്ടു് പെരുവഴിയിൽകിടന്നു് മരിക്കുകയാണു്. എന്നിട്ടും പത്തായംതുറന്നു് അവരെ രക്ഷിക്കുവാൻ നിങ്ങൾക്കു് മനസ്സുവരുന്നില്ല. അവർ മരിച്ചുകൊണ്ടിരിക്കുമ്പോൾ അതു് തന്റെ കുററമല്ലെന്നും കാലദോഷമാണെന്നും പറഞ്ഞു് നിങ്ങൾ ആശ്വാസംകൊള്ളുന്നു. ഒരു മനുഷ്യനെ കത്തികൊണ്ടു് കുത്തി കൊലപ്പെടുത്തുകയും പിന്നീടു് അതെന്റെകുററമല്ല, കത്തിയാണു് അവനെ കൊന്നതു് എന്നുപറയുകയും ചെയ്യുന്നതുപോലെയുള്ള ഒരു ന്യായമാണിതു്. അല്ലയോ രാജാവെ, കൃഷിനാശത്തെക്കുറിച്ചു് ആക്ഷേപം പറയാതിരിക്കുക. ജനങ്ങളുടെ അത്യന്താപേക്ഷിതമായ ആവശ്യങ്ങൾ എന്തെന്നു കണ്ടറിഞ്ഞു് അവയെ പരിഹരിക്കുവാൻ ശ്രമിക്കുക."

## സ്വർഗ്ഗീയശാസനത്തിന്റെ തീട്ടൂരം

സാമന്തവാഴ്ചയുടേതായ അക്കാലത്തു് മെങ്ങ്കോ ഏററവും വലിയ ജനാധിപത്യവാദിയായിരുന്നു. അദ്ദേഹത്തിന്നു് തികച്ചും മൌലികമായ ഒരു രാഷ്ട്രീയതത്വശാസ്ത്രമുണ്ടായിരുന്നു. അതിന്റെ താർക്കികനിഗമനങ്ങൾ അദ്ദേഹത്തെ ജനങ്ങളുടെ ആളാക്കിത്തീർക്കുകയും ജനകീയപ്രസ്ഥാനത്തിന്റെ ജനയിതാവെന്ന പ്രശസ്തിക്കു് പാത്രീഭൂതനാക്കിത്തീർക്കുകയുംചെയ്തു. ഒരിക്കൽ അദ്ദേഹം അന്നത്തെ ലോകത്തെയാകമാനം ഞെട്ടിച്ചുകൊണ്ടു് ഇങ്ങി

നെ പ്രവചിച്ചു:—"ഒരു രാജ്യത്തിൽ സമുന്നതസ്ഥാനം നല്കപ്പെടേണ്ടതു് ജനങ്ങൾക്കാണു്. അടുത്ത സ്ഥാനം കൃഷിയ്ക്കായിരിക്കണം. രാജാവിന്നു് ഏററവും താഴ്ന്ന പദവി മാത്രമെ ഉണ്ടായിക്കൂട്ടൂ."

അസാധാരണമായ ഈ പ്രവചനം മെങ്ങ്കോവിൻെറ സമകാലീനരായ യാഥാസ്ഥിതികന്മാക്ക് അസഹനീയമായിരുന്നുവെങ്കിലും നൂററാണ്ടുകളെ അതിജീവിച്ചുകൊണ്ടു് അതു് ആധുനികകാലത്തുപോലും അധുനാതനമായ ഒരു സിദ്ധാന്തമായി വത്തിക്കുന്നു. മാസ്റ്റർ കങ്ങിൻെറ രാഷ്ട്രീയതത്വശാസ്ത്രം പഠിപ്പിക്കുന്നതു് രാജാവു് സവ്വശ്രേഷ്ഠനായി കരുതപ്പെടണമെന്നാണു്. അന്നത്തെ വഴക്കവും അതായിരുന്നു. എന്നാൽ മെങ്ങ്കോവിൻെറ പ്രവചനം അതിൻെറ മൌലികമായ ഒരു നിഷേധമായിരുന്നു. ഭരണകൂടത്തിൻെറ ദാർഢ്യത്തിന്നു് പ്രജകൾക്കു് രാജാവിൽ അനന്യസാധാരണമായ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണെന്നു് കങ്ങ് ച്യൂ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ സാധാരണ ജനങ്ങൾ, വിശേഷിച്ചും തൊഴിലാളികൾ, അവരുടെ യജമാനന്മാരെക്കാളധികം പ്രാധാന്യമഹിക്കുന്നവരാണെ" എന്ന മെങ്ങ്കോവിൻെറ അഭിപ്രായം അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. തൻെറ ഗുരുവിൻെറ കാലടിപ്പാടുകളെ പിൻതുടന്നുവന്ന മെങ്ങ്കോ അങ്ങിനെ അന്നത്തെ കാലത്തു് നിലവിലുണ്ടായിരുന്ന സാമന്തമേധാവിത്വസിദ്ധാന്തത്തിൽനിന്നു് അനതിദൂരം മുമ്പോട്ടു പോയി.

എന്നാൽ സാഹചര്യങ്ങളെ അവഗണിച്ചുകൊണ്ടു്

ഒറ്റപ്പെട്ടുനില്ക്കുന്ന ഒരു വിപ്ലവകാരിയായിരുന്നു മെങ്ങ്കോ എന്നതിന്നു് അർത്ഥമില്ല. തന്റെ നവീനപ്രജായത്തസിദ്ധാന്തങ്ങളെ പ്രതിഷ്ഠാപനംചെയ്യുന്നതിന്നുള്ള ഒരു പശ്ചാത്തലം കണ്ടുപിടിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന്നു് അത്യധികം താല്പര്യമുണ്ടായിരുന്നു. ചരിത്രത്തിന്റെ പുരാതനത്വം എന്ന ഗ്രന്ഥത്തിൽ 'സ്വർഗ്ഗശാസനത്തിന്റെ തീട്ടൂരം' എന്നപേരിൽ അദ്ദേഹം അതു് ആവിഷ്ക്കരിക്കുകയും ചെയ്തു. മാസ്റ്റർ കങ്ങ് സ്വയം അനുവദിച്ചിട്ടുള്ള ചൌ ജനതയുടെ രാഷ്ട്രീയമായ ഒരു അവകാശമായിരുന്നു അതു്. ഈ വിശ്വാസം മൌലികമായി നോക്കുമ്പോൾ സ്വർഗ്ഗശാസനത്തിലുള്ള ഒരു വിശ്വാസമായിരുന്നു. സൃഷ്ടിയെ മുഴുവനുംകൊള്ളുന്നതാണു് പ്രസ്തുത ശാസനം. സ്വർഗ്ഗത്തിന്നു് ഭൂമിയിലുള്ള വിവിധജീവികളേയും മനുഷ്യരേയും നേരിട്ടു ഭരിക്കുവാൻ സാധിക്കാത്തതുകൊണ്ടു് അതു് തന്റെ പ്രതിനിധിയായി ഒരു രാജാവിനെ നിശ്ചയിക്കുന്നു. പ്രസ്തുത രാജാവു് സ്വർഗ്ഗപുത്രൻ എന്ന പേരിലാണു് അറിയപ്പെടുന്നതു്. എന്നാൽ പിന്നീടു് സ്വന്തം സ്വാർത്ഥസിദ്ധിക്കുവേണ്ടി സ്വേച്ഛാധിപത്യം നടത്തുവാൻ ചില രാജാക്കന്മാർ തുനിയുമ്പോൾ അതു് സ്വർഗ്ഗശാസനത്തിന്റെ തീട്ടൂരത്തിന്നു് വിരുദ്ധമായി ഭവിക്കുന്നു. അപ്പോൾ അവർ സ്ഥാനമൊഴിയേണ്ടതും ഭരണം കാര്യക്ഷമമായി നടത്തുവാൻ മറ്റൊരാളെ ഏല്പിക്കേണ്ടതുമാകുന്നു. ഇതായിരുന്നു ചൌ ജനതയുടെ വിശ്വാസം. ധാർമ്മികമായ പ്രസ്തുത വിശ്വാസം ഷാങ്ങ്ശാസനകാലത്താണു് അവരിൽ വളർന്നുവന്നതു്.

സ്വർഗ്ഗശാസനത്തിന്റെ തീട്ടൂരം; എത്ര ആകർഷകമായ ഒരു വാക്യാംശമാണതു്! 'ജനങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ സ്വർഗ്ഗവും കാണുകയും കേൾക്കുകയും ചെയ്യുന്നു' എന്നു് പുരാതനമായ ഒരു ചരിത്രരേഖയിൽ പറഞ്ഞിട്ടുണ്ടു്. സമുന്നതശാസകനായ സ്വർഗ്ഗം സംസാരിക്കുന്നില്ല. എന്നാൽ അതിന്റെ കല്പനകൾ ചരിത്രപരമായ സംഭവങ്ങളിലും മനുഷ്യന്റെ കർമ്മങ്ങളിലും നിഴലിച്ചുകാണാവുന്നതാണു്. അതിനുംപുറമെ ഒരു ശാസകനോടു് സ്വർഗ്ഗത്തിനുള്ള അനുകൂലമോ പ്രതികൂലമോ ആയ ഭാവങ്ങൾ തികച്ചും വ്യക്തമാകുന്നുമുണ്ടു്. ജനങ്ങളുടെ ഇച്ഛാശക്തിയുടെ രൂപത്തിലാണു് അതു് പ്രകടിതമാകുന്നതു്. കൃഷിരാജാവായ ഷൻ എന്ന മഹാന്റെ കാര്യമെടുത്തുനോക്കുക. ഒരു താണകുടുംബത്തിൽജനിച്ച അദ്ദേഹം രാജാവായിത്തീൎന്നതു് ജനങ്ങളുടെ ആഗ്രഹമനുസരിച്ചായിരുന്നു. അങ്ങിനെ ജനങ്ങൾ അംഗീകരിച്ച ഷൻ രാജാവിനെ സ്വർഗ്ഗവും അംഗീകരിച്ചു. അതുകൊണ്ടു് ഭൂമിയിൽ സ്വർഗ്ഗത്തിന്റെ അഭിപ്രായപ്രകടനമാണു് ജനങ്ങളുടെ ആഗ്രഹമെന്നുപറയാം.

ശാസനാധികാരത്തെക്കുറിച്ചുള്ള മേൽപ്രസ്താവിച്ച നിഗമനം ഭരിക്കപ്പെടുന്നവരുടെ അംഗീകരണത്തിന്നു് വിധേയമാണെന്നു് മെങ്ങ്കോ സിദ്ധാന്തിക്കുന്നു. അങ്ങിനെ സ്വന്തം പ്രജകളുടെ വിശ്വാസത്തെ ആൎജ്ജിക്കാത്ത ഒരു ഭരണാധിപൻ സ്വർഗ്ഗശാസനത്തിന്റെ തീട്ടൂരത്തിന്നു് വിധേയനായിട്ടല്ല പ്രവൎത്തിക്കുന്നതു്. ചീയിലെ സുവാൻ രാജാവിനോടു് മെങ്ങ്കോ ഒരിക്കൽ ഈ വസ്തു

തയെ വെളിപ്പെടുത്തുകയുണ്ടായി. സൽഗുണരഹിതനും ധാമ്മികബോധം നശിച്ചവനും ആയ ഒരു ഭരണകത്താവു് ആയാറംക്ക് ദൈവീകമായി ലഭിച്ച ഭരണാധികാരത്തെ കളഞ്ഞുകുളിക്കുകയാണു് ചെയ്യുന്നതു് എന്നദ്ദേഹം പറഞ്ഞു. അപ്പോറം സ്വാഭാവികമായും ജനങ്ങറംക്ക് ആയാളെ മാററി തൽസ്ഥാനത്തു് യോഗ്യനായ മറെറാരാളെ പ്രതിഷ്ഠിക്കുവാൻ അവകാശമുണ്ടു്. അങ്ങിനെ ഷാങ്ങ് വംശത്തിലെ അവസാനത്തെ ആളും നീചനുമായിരുന്ന ചൌസിൻ എന്നുപേരായ ശാസകൻെറ ഉദാഹരണത്തെ ഉദ്ധരിച്ചുകൊണ്ടു് മെങ്ങ്കോ പറഞ്ഞു:—"സമുന്നതധാമ്മികസിദ്ധാന്തമായ മനുഷ്യത്വത്തെ വിഗണിച്ചു് പ്രവത്തിക്കുന്നവൻ നിന്ദ്യനാണു്. മാന്യമായി ജീവിക്കുവാൻ തെയ്യാറില്ലാത്ത ഒരുവൻ നീചനാണു്. നിന്ദ്യനും നീചനുമായ ഒരാറം സവ്വരാലും വെറുക്കപ്പെടുന്നു. അത്തരത്തിൽപ്പെട്ട ഒരാളായിരുന്നു ചൌസിൻ എന്ന ശാസകൻ. ജനങ്ങറം ആയാളെ വധിച്ചു. ചരിത്രത്തിൽ ആദ്യമായിട്ടാണു് ഇങ്ങിനെയൊരു സംഭവമുണ്ടാകുന്നതു്."

അങ്ങിനെ മാസ്റ്റർ മെങ്ങ് വിഭാവനംചെയ്യുന്ന കൊള്ളരുതാത്ത ഒരു രാജാവിനെ മാററുവാൻ ജനങ്ങറം മാത്രമല്ല മന്ത്രിമാരുംകൂടി ശ്രമിക്കേണ്ടതാണെന്നു് അദ്ദേഹം പറയുന്നു. ഒരു രാജാവു് തൻെറ കീഴിലുള്ളവരോടു് മനുഷ്യത്വത്തോടുകൂടി പെരുമാറുകയാണെങ്കിൽ ആയാളെ സവ്വവിധേനയും സഹായിക്കേണ്ടതു് പ്രജകളുടെ കത്തവ്യമാകുന്നു. മെങ്ങ്കോ തുടന്നു:—"എന്നാൽ ശാസകൻ പ്രജകളെ നായ്ക്കളെപ്പോലെയും കുതിരകളേപ്പോലെ

യുമാണു് കരുതുന്നതെങ്കിൽ ആയാളെ ഒരു ശാസകൻെറ നിലയിൽ ജനങ്ങാം കണക്കാക്കേണ്ടതില്ല. പ്രജകളെ പുല്ലുപോലെയും പുഴുക്കളേപ്പോലെയും കരുതുന്ന ശാസകനെ ജനങ്ങാം ഒരു ശത്രുവായി കരുതേണ്ടതാണു്." വളരെ പ്രാവശ്യം താക്കീതു നൽകിയിട്ടും അന്യായങ്ങളും അഴിമതികളും തുടന്നുവരുന്ന ഒരു ശാസകനെ വധിക്കുവാൻ പോലും മന്ത്രിമാർ മടിക്കരുതെന്നു് മെങ്ങ്കോ ഉപദേശിക്കുന്നു. ചീയിലെ രാജാവിന്നു് പദഭ്രംശം സംഭവിച്ചതിന്നു് മേൽപ്രസ്താവിച്ച നിർദ്ദേശം പ്രേരകമായിട്ടുണ്ടെന്നു് വിശ്വസിക്കുന്നതിൽ തെററുണ്ടെന്നു് തോന്നുന്നില്ല.

അന്നത്തെ രാജാക്കന്മാർക്കുണ്ടായിരുന്ന ഏററവും വലിയ ദോഷം യുദ്ധാസക്തിയായിരുന്നു. മെങ്ങ്കോവിൻെറ ഉറച്ച അഭിപ്രായമാണിതു്. അദ്ദേഹത്തെപ്പോലുള്ള എല്ലാ ദാശനികന്മാരും യുദ്ധത്തെ അതികഠിനമായി വെറുത്തു. ലിയാങ്ങിലെ ഹ്വി രാജാവു് ജനങ്ങളേയും തൻെറ പുത്രനേപ്പോലും യുദ്ധക്കളത്തിലേയ്ക്കു് അയച്ചതിനെ അദ്ദേഹം കഠിനമായി പ്രതിഷേധിച്ചിട്ടുണ്ടു്. സൈനികവ്യൂഹങ്ങാം രചിക്കുകയും യുദ്ധം നടത്തുകയും ചെയ്യുന്ന സൈന്യാധിപന്മാർ കുററവാളികളാണെന്നു് അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു. ജാൻചൃ എന്ന ഒരു മന്ത്രി ജനങ്ങളിൽനിന്നു് അന്യായമായി നികുതി പിരിച്ചെടുത്തതിന്നു് കൺഡ്ഫ്യൂ ആയാളെ അധിക്ഷേപിച്ചതിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് മാസ്റ്റർ മെങ്ങ് പറഞ്ഞു:—"അങ്ങിനെ ഉത്തമമമായി രാജ്യഭരണം നിർവ്വഹിക്കാത്ത ഒരു ശാസകനെ സമ്പന്നനാക്കിത്തീർക്കുവാൻവേ

ങ്ങി പ്രയത്നിച്ച ആളുകളെ മാസ്റ്റർ മെങ്ങ് ആക്ഷേപിച്ചിട്ടുണ്ട്. അപ്പോഠം അന്യായമായി അങ്ങിനത്തെ ശാസകന്മാർക്കുവേണ്ടി യുദ്ധം നടത്തുന്ന സൈന്യാധിപന്മാരും തികച്ചും ആക്ഷേപാഹ്വരാകുന്നു. നിലത്തിന്മേലാണ് തക്കമെങ്കിൽ ഭൂമി മുഴുവൻ ശവങ്ങഠംകൊണ്ട് നിറയുകയായി. നഗരമാണ് തക്കൊരണമെങ്കിൽ തെരുവുകളിലെങ്ങും ശവങ്ങഠം നിറഞ്ഞുകിടക്കുന്നതു കാണാം. അതുകൊണ്ട് നമ്മുടെ കാലിനുതാഴെയുള്ള മണ്ണാണ് ഇത്രയധികം കൊലപാതകത്തിന്നു് കാരണമാക്കുന്നതെന്നു് മനസ്സിലാവുന്നു. ഭയങ്കരമായ ഒരു കുററമാണിതു്. മരണശിക്ഷപോലും ഈ കുററത്തിന്നു് അധികമാവുന്നതല്ല. അതിനാൽ ഞാൻ പറയുന്നതു് യുദ്ധം ഒരു വ്യവസായമായി അംഗീകരിച്ചവർക്കു് ഏററവും കടുത്ത ശിക്ഷ നൽകണമെന്നാണു്. പിന്നീട്ട് സാമന്തമേധാവികളെ അംഗീകരിക്കുന്നവരേയാണു് ശിക്ഷിക്കേണ്ടതു്. അവസാനമായി രാജാക്കന്മാരുടെ നിലനില്പിന്നുവേണ്ടി ജനങ്ങളെക്കൊണ്ട് വയലുകളിൽ പ്രവത്തി എടുപ്പിക്കുന്നവരെ ശിക്ഷിക്കേണ്ടതാണു്."

അങ്ങിനെ അന്നു് സവ്വസാധാരണമായിരുന്ന നിർദ്ദയമായ കൂട്ടക്കൊലകളെ മാസ്റ്റർ മെങ്ങ് നിശിതമായി വിമശിച്ചു. 200കൊല്ലങ്ങഠംക്കുമുമ്പു ലോകത്തിലെ ഒന്നാമത്തെ സമാധാനസമ്മേളനം വിളിച്ചുകൂട്ടിയ സിയാങ്ങ് ഷൂവിനെപ്പോലെ മാസ്റ്റർ മെങ്ങ് സമാധാനസ്ഥാപനത്തിന്നുവേണ്ടി അനവരതം പ്രയത്നിച്ചു. പക്ഷേ ആ ശ്രമങ്ങഠം ഫലിക്കുകയുണ്ടായില്ല. അതു സ്വാഭാവികമായി

രുന്നുതാനും. അദ്ദേഹത്തിൻെറ മരണത്തിനുശേഷം ബി. സി. 289-ൽ സ്ഥിതി കൂടുതൽ വഷളായിത്തീന്നു. രക്തദാഹവും നിർദ്ദയത്വവുമുള്ള ഒരു പുതിയ നൂററാണ്ടു് പുരോഗമിച്ചുകൊണ്ടിരിക്കുകയായിരുന്നു. തൻെറ അനുയായികളുടെ ഹൃദയത്തിൽ ജനാധിപത്യവ്യവസ്ഥയുടേയും ക്ഷേമരാഷ്ട്രത്തിൻേറയും ആദശങ്ങളെ വളത്തിക്കൊണ്ടുവരുന്നതിനു് മെങ്ങ്കോ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നു. അങ്ങിനെ മാസ്റ്റർ കങ്ങിനുശേഷം പുരാതനചൈനയുടെ ദാശനികപാരമ്പര്യത്തെ മനുഷ്യസമുദായത്തിനു സംഭാവനചെയ്യുന്ന കാര്യത്തിൽ മെങ്ങ്കോ അതിപ്രധാനമായ ഒരു പങ്കാണു് നിവ്വഹിച്ചിട്ടുള്ളതു്.

# ആറാം അദ്ധ്യായം

## ലാൻലിങ്ങിലെ ന്യായാധിപനായ മാസ്റ്റർ സുൻ

മെങ്ങ്കോവിൻെറ മരണശേഷം കങ്ങ് പ്രസ്ഥാനത്തെ നയിച്ചതു് സുൻചിങ്ങ് എന്ന ദാശനികനായിരുന്നു. ടെയോ പ്രസ്ഥാനത്തിൻെറ ഒരു നെടുനായകനായിരുന്നു അദ്ദേഹം. സുൻചിങ്ങ് വടക്കൻ സ്റ്റേററായ ചെയോവിൽ ജനിച്ചു. ജൂ പരമ്പരയുടെ കേന്ദ്രസ്ഥാനമായ ലൂവിൽനിന്നു് വളരെ ദൂരെ. അദ്ദേഹത്തിൻെറ ജനനം ഏതുകാലത്തായിരുന്നുവെന്നു് തിട്ടപ്പെടുത്തി പറയുക സാദ്ധ്യമല്ല. ചില വിദ്വാന്മാർ പറയുന്നതു് ബി. സി.

340നും 289നും ഇടയിലായിരുന്നു എന്നാണ്. അപ്ര കാരംതന്നെ അദ്ദേഹത്തിൻെറ ജീവിതത്തെപ്പറ്റിച്ചും അ ധികമൊന്നും അറിയുന്നില്ല. മെങ്ങ്കോവിനെപ്പോലെ ത്തന്നെ ആദ്യത്തെ അമ്പതുകൊല്ലക്കാലത്തെ അദ്ദേഹ ത്തിൻെറ ജീവിതം തീരെ അജ്ഞാതമാണ്. ഒരു പക്ഷേ അദ്ധ്യയനം ചെയ്യുന്ന കാലമായിരിക്കണം അതു്. അങ്ങി നെ ഏകാന്തതയിൽനിന്നു പുറത്തുവന്ന് അദ്ദേഹം ചീ യിലേയ്ക്കു യാത്രചെയ്യുന്നു. ബുദ്ധിജീവികളുടെ ഏററവും വലിയ കേന്ദ്രമായിരുന്നു ചീ. ചീയിലെ പണ്ഡിതന്മാ രിൽനിന്നു് കൂടുതൽ ജ്ഞാനം സമ്പാദിക്കുന്നതിന്നാണ് അദ്ദേഹം അങ്ങോട്ടു പോയതെന്നു പറയപ്പെടുന്നു. അ വിടെവെച്ചു് സുൻചിങ്ങ് പ്രശസ്തനായിത്തീരുകയും വി ദ്വാന്മാർപോലും അദ്ദേഹത്തെ ബഹുമാനിക്കാൻ തുടങ്ങു കയും ചെയ്തു. തൽഫലമായി ക്ഷേത്രത്തിൽ നടന്ന മൂന്നു മഹൽയജ്ഞങ്ങൾക്ക് അദ്ദേഹം പൌരോഹിത്യം വഹി ച്ചു. പിന്നീടു ശാസകൻെറ പട്ടാളഭരണത്തോടു് വിയോ ജിക്കയാൽ മിക്ക ദാർശനികന്മാരും ചീയിൽനിന്നു പോയി. സുൻചിങ്ങും അങ്ങിനെ ചീ വിട്ടു. അദ്ദേഹം പിന്നീടു് ചിൻ സ്റ്റേററിലേയ്ക്കാണു പോയതു്. അവിടെ രാജാവടക്കം വളരെ പേർ അദ്ദേഹത്തിൻെറ ഉപദേശങ്ങൾ കേൾക്കാ റുണ്ടായിരുന്നു. പക്ഷെ തനിക്കവിടെ പ്രത്യേക പരിഗ ണനയൊന്നും ലഭിക്കാതിരുന്നതുകൊണ്ടു് അദ്ദേഹം സ്വ രാജ്യമായ ചെയോവിലേയ്ക്കുതന്നെ തിരിച്ചുപോയി.

ഒരിക്കൽ സുൻചിങ്ങ് ചെയോവിലെ രാജാവായ സിയോചെങ്ങുമായി കൂടിക്കാഴ്ച നടത്തിക്കൊണ്ടിരിക്കുക

യായിരുന്നു. അവിടെ സർവ്വസൈന്യാധിപനും ഉണ്ടായിരുന്നു. പട്ടാളകാര്യങ്ങളെക്കുറിച്ച് സർവ്വസൈന്യാധിപനും സുൻചിങ്ങും തമ്മിൽ ഒരു വാദപ്രതിവാദം നടന്നു. പട്ടാളതന്ത്രങ്ങളെക്കുറിച്ചുള്ള സൈന്യാധിപൻെറ അഭിപ്രായങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് സുൻചിങ്ങ് പട്ടാളപരമായ വിജയം നേടുന്നതിന്നു് ഒന്നാമതായി ജനങ്ങളുടെ സഹകരണം സമ്പാദിക്കുകയാണു് വേണ്ടതെന്നു് വാദിച്ചു. ജനങ്ങളാണു് സമർത്ഥന്മാരായ പട്ടാളക്കാരാവുന്നതു്. അതുകൊണ്ടു് കൂടതന്ത്രങ്ങളുടെ മാർഗ്ഗമുപേക്ഷിച്ചു് മനുഷ്യത്വത്തിൻേറയും നീതിയുടേയും മാർഗ്ഗത്തെ അവലംബിക്കുന്നതായാൽ ഉദ്ദേശം സഫലമാവുമെന്നു് അദ്ദേഹം പറഞ്ഞു. തൻെറ വാദത്തിൻെറ സാരാംശം രാജാവിനേയും സർവ്വസൈന്യാധിപനേയും പറഞ്ഞുമനസ്സിലാക്കുവാൻ അദ്ദേഹത്തിന്നു വിഷമമുണ്ടായില്ല. അങ്ങിനെ അവർ രണ്ടുപേരും ശ്രദ്ധാപൂർവ്വം കേട്ടിരിക്കുകയും അദ്ദേഹം പറഞ്ഞതെല്ലാം തലകുലുക്കി സമ്മതിക്കുകയും ചെയ്തു.

ഏതായാലും ഈ സ്റ്റെയിററുകളിൽ ഒന്നുംതന്നെ സുൻചിങ്ങ് വലിയ ഉദ്യോഗങ്ങൾ വഹിച്ചിരുന്നില്ലെന്നു കാണുന്നു. ജീവിതത്തിൻെറ അവസാനകാലത്തു് ലഭിച്ച ഒരു ചെറിയ ജോലികൊണ്ടു് അദ്ദേഹം തൃപ്തിപ്പെട്ടു. ചൂ ഗവർമ്മേണ്ടിൻെറ കീഴിൽ വളരെ കാലത്തോളം അദ്ദേഹം ലാൻലിങ്ങിലെ ന്യായാധിപനായി ജോലി നോക്കി. ലൂ സ്റ്റേററിൽനിന്നു പിടിച്ചടക്കിയ ഒരു നഗരമായിരുന്നു അതു്. അവിടെ അദ്ദേഹത്തിന്നു യുവാക്കളായ കുറേ ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ പലരും പിന്നീടു്

പ്രസിദ്ധരായ ദാർശനികന്മാരായിത്തീൎന്നു. മാസ്റ്റർ സുൻ പേരുകേട്ട ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിൻെറ പ്രശസ്തി ലിൻലാണ്ടിൽ വളരെ കാലത്തോളം നിലനിന്നു.

സുൻചിങ്ങിൻെറ പ്രശസ്തിക്കു് കാരണമായിത്തീൎന്നതു് അദ്ദേഹമെഴുതിയ 33 ലേഖനങ്ങളാണു്. ഗദ്യത്തിൽ നല്ലപോലെ എഴുതുവാൻ കഴിയുന്ന ഒരാളാണു് അദ്ദേഹമെന്നു് അവ തെളിയിച്ചു. മാത്രമല്ല വ്യക്തമായി ചിന്തിക്കാൻ കഴിയുന്ന ആളും ഈ ദർശനത്തിൻെറ പ്രശംസകനുമായിരുന്നു അദ്ദേഹം.

## മഹാന്മാരായ ദുർബ്ബലന്മാർ

നൂറുകണക്കിൽ ദർശനശാഖകൾ തഴച്ചുവളൎന്നുവന്നിരുന്ന ഒരു കാലത്തായിരുന്നു സുൻചിങ്ങ് ജീവിച്ചതു്. തന്നിമിത്തം മെങ്ങ്കോവിനെപ്പോലെ സ്വന്തം ദാർശനികസിദ്ധാന്തങ്ങളെ പഠിപ്പിക്കുന്നതിന്നായി അദ്ദേഹത്തിന്നു മററു ദർശനശാഖകളെ ഖണ്ഡിക്കേണ്ടതായി വന്നു. 'പന്ത്രണ്ടു ഗുരുദേവന്മാൎക്കെതിരായി' എന്ന ഒരു ലേഖനത്തിൽ സമകാലികരായ ടെയോയിസ്ററുകൾ, മോഹിസ്ററുകൾ, ലീഗലിസ്ററുകൾ എന്നീ ദാർശനികന്മാരേയും കങ്ങ് പ്രസ്ഥാനത്തിൽപ്പെട്ട സൂസേ, മെങ്ങ്കോ എന്നിവരേയും അദ്ദേഹം വിമർശിച്ചു. ഗുരു കങ്ങിൻെറ അടുത്ത ശിഷ്യരായ സൂചാങ്ങ്, സൂസിയ, സുയു എന്നിവരെപ്പോലും അദ്ദേഹം വെറുതെ വിട്ടില്ല. എന്നാൽ ശത്രുമിത്രഭേദമെന്യേയുള്ള പ്രസ്തുത എതിൎപ്പുമൂലം അദ്ദേഹ

ത്തിൻെറ പ്രശസ്തിക്കു നാശം സംഭവിച്ചു. മാത്രമല്ല ഭാവിതലമുറ സ്സുസേ, മെങ്ങ്കോ എന്നിവരെ മാത്രമാണു് മഹത്തായ പാരമ്പര്യത്തിൻെറ പിൻതുടച്ചക്കാരായി അംഗീകരിച്ചതു്. അങ്ങിനെ കങ്ങ് പ്രസ്ഥാനത്തിൽ വളൎന്നുവന്ന അഭിപ്രായവ്യത്യാസങ്ങറം ഉഗ്രതരമായിത്തീരുകയും സമാന്തവാഴ്ചയുടെ അവസാനത്തോടുകൂടി അവ വിഭിന്നദശ്നശാഖകളായി രൂപാന്തരപ്പെട്ടു കലഹിക്കുവാൻ തുടങ്ങുകയും ചെയ്തു.

നിശിതവിമൎശകനായ സുൻചിങ്ങ് തൻെറ എതിരാളികളെ തെററായ മാഗ്ഗത്തിൽക്കൂടിപ്പോകുന്നവരാണെന്നു സ്ഥാപിക്കുവാൻ കഠിനമായി യത്നിച്ചു. അങ്ങിനെ സംസ്കാരശൂന്യനായ ഒരാളാണു് മോട്ടിയെന്നു് അദ്ദേഹം സ്ഥാപിച്ചു. ചാങ്ങ്ചൌ പ്രകൃതിയെ ആരാധിച്ചിരുന്നുവെങ്കിലും മനുഷ്യനെ അവഗണിച്ചിരുന്നു. ഹ്വിഷി നാമങ്ങളുടെ പിന്നാലെ ഓടിനടന്നതുകൊണ്ടു് യാഥാത്ഥ്യങ്ങളെ വിസ്മരിച്ചു. അങ്ങിനെ മൂർച്ചയേറിയ വിമശനശരവുമായിട്ടാണു് അദ്ദേഹം എതിരാളികളെ അഭിമുഖീകരിച്ചതു്. എതിരാളികളെല്ലാംതന്നെ സങ്കുചിതമനസ്കന്മാരാണെന്നും കങ്ങ്പ്രസ്ഥാനംമാത്രമേ വിശാലവീക്ഷണത്തെ വെച്ചുപുലത്തുന്നുള്ളുവെന്നും സുൻചിങ്ങ് സമത്ഥിച്ചു. അദ്ദേഹം പറഞ്ഞു:—"ഭാഗികമായ ജ്ഞാനം മാത്രമുള്ളവർ ടെയോപ്രസ്ഥാനത്തിൻെറ ഒരു വശത്തെ മാത്രമേ കാണുന്നുള്ളു. അതിൻെറ സമ്പൂൎണ്ണരൂപത്തെ ദശിക്കുവാൻ അവൎക്കു സാധിക്കുന്നില്ല. അതിനാൽ തങ്ങറം എല്ലാം ധരിച്ചുകഴിഞ്ഞിട്ടുണ്ടെന്നു് അവർ

അഭിമാനിക്കുന്നു. വിഭ്രാന്തരായ അവർ അന്യരേയും വഴിപിഴപ്പിക്കുന്നു. അജ്ഞതയും പക്ഷപാതിത്വവുമാണു് ദൌൎഭാഗ്യകരമായ ഈ സ്ഥിതിവിശേഷത്തെ സൃഷ്ടിച്ചതു്."

സുൻചിങ്ങിൻെറ അഭിപ്രായത്തിൽ മാസ്റ്റർ കങ്ങ് മാത്രമേ മനുഷ്യനും ബുദ്ധിമാനുമായി ഉണ്ടായിട്ടുള്ളു. അദ്ദേഹം ഒരു ഋഷിയും ചൌവിലെ ഡ്യൂക്കിനേപ്പോലെ സൽഗുണസമ്പന്നനുമായിരുന്നു. പുരാതന ഋഷിരാജാക്കന്മാരുടെ ഇടയിൽ അദ്ദേഹത്തിന്നു് മഹത്തായ ഒരു സ്ഥാനമുണ്ടു്. കങ്ങ്പ്രസ്ഥാനം മാത്രമാണു് മഹത്തായ ഒരു വഴിയെ വെട്ടിത്തെളിയിച്ചിട്ടുള്ളതു്. മാത്രമല്ല പ്രായോഗികമായ ജീവിതസിദ്ധാന്തങ്ങളേയും അതു് ആവിഷ്കരിച്ചു. എന്നാൽ നിൎഭാഗ്യവശാൽ അദ്ദേഹത്തിൻെറ പിൻതുടച്ചക്കാരിൽ മിക്കവരും അദ്ദേഹത്തെ അനുവൎത്തിച്ചില്ല. അവരെ പൊതുവിൽ മൂന്നു വിഭാഗമാക്കിത്തിരിക്കാമെന്നു സുൻചിങ്ങ് പറയുന്നു. ഒന്നു് വികൃതന്മാരായ ജ്ഞകളാണു്. അവർ പൊങ്ങച്ചം പറയുകയും വികൃതമായ ആശയങ്ങളെ പ്രചരിപ്പിച്ചു് കാലയാപനംചെയ്യുകയും ചെയ്യുന്നു. രണ്ടാമത്തേതു് യഥാൎത്ഥ ജ്ഞകളാണു്. ടെയോ സിദ്ധാന്തങ്ങളെ അവർ അനുവൎത്തിക്കുന്നു. എങ്കിലും അതിൽ പൂൎണ്ണത നേടുവാൻ അവൎക്കു സാധിച്ചിട്ടില്ല. ഒടുവിലായി മഹാന്മാരായ ജ്ഞ കളാണു്. അവർ സ്വഭാവശുദ്ധിയുള്ളവരും യഥാൎത്ഥമാൎഗ്ഗത്തെക്കുറിച്ചു് സമ്പൂൎണ്ണജ്ഞാനം നേടിയവരും കാൎയ്യങ്ങറം ഭംഗിയായി കൊണ്ടുനടത്തുവാൻ സാധിക്കുന്നവരും ലോകത്തിൻെറ നന്മയ്ക്കുവേണ്ടി

THE KOTTAYAM PUBLIC ... KOTTAYAM

പ്രവൎത്തിക്കുന്നവരുമാണ്. ഒടുവിൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ആളാണ് താനെന്ന് മാസ്റ്റർ സുൻ സ്വയം അഭിമാനിക്കുന്നു.

ഒരിക്കൽ ചിൻ സ്റ്റേററിലെ ചെയോ രാജാവ് അദ്ദേഹത്തോട് ജൂ കളെക്കൊണ്ട് സമുദായത്തിന്ന് എന്തു ഗുണമാണുള്ളതെന്ന് അന്വേഷിക്കുകയുണ്ടായി. മാസ്റ്റർ സുൻ ഉടൻതന്നെ തൻെറ പ്രവൎത്തനങ്ങളുടെ ഒരു വിശദീകരണം നൽകി. അങ്ങിനെ ഒരു മഹാനായ ജൂ വിൻെറ പല ഗുണങ്ങളേയും അദ്ദേഹം രാജാവിന്ന് പറഞ്ഞുകൊടുത്തു. മാസ്റ്റർ സുൻ പിന്നീട് താൻ പറഞ്ഞതിനെ ഒന്നുകൂടി വിവരിച്ചു:—"മഹാനായ ഒരു ജൂവേ ഉയൎന്ന പദവിയിൽ നിശ്ചയിക്കുകയാണെങ്കിൽ രാജാവിന്നു വേണ്ട എല്ലാഗുണങ്ങളും അയാളിൽ കാണുവാൻ കഴിയും. താണപദവിയാണ് ആയാൾക്ക് ലഭിക്കുന്നതെങ്കിൽ രാഷ്ട്രത്തിൻെറ വിശ്വസ്ഥനായ ഒരു സഹചരനും രാജാവിൻെറ അനുസരണശീലമുള്ള ഒരു ഉദ്യോഗസ്ഥനും ആയി ആയാൾ ജീവിക്കും. ആയാൾ ഒരു ചെറിയ കുടിലിൽ ചെന്ന് താമസിക്കുന്നതായാൽപോലും സൎവ്വജനങ്ങളും ആയാളെ മാനിക്കുകയും യഥാൎത്ഥമാൎഗ്ഗദശിയായി അംഗീകരിക്കുകയും ചെയ്യും. അതുകൊണ്ട് ഒരു മഹാനായ ജൂ ഏതു് നിലയിലിരുന്നാലും ആയാൾ ജനങ്ങളുടെ കണ്ണിലുണ്ണിയും ഭരണകൂടത്തിൻെറ ആരാദ്ധ്യനും ആയിരിക്കുന്നതാണ്. ഒരു ഭരണാധിപനാണെങ്കിൽ തൻെറ രാജ്യത്തെ ഏററവും നല്ലനിലയിൽ ആയാൾ ഭരി

ക്കം. രാജ്യം മുഴുവൻ ഏകകുടുംബമാണെന്ന ഭാവനയേ ആയാൾക്കുണ്ടാവുകയുള്ളു."

അങ്ങിനെ ഈ പ്രസ്ഥാനത്തിന്റെ നേതൃനായകനായി വർത്തിച്ച സുൻചിങ്ങ് പൌരോഹിത്യം ജീവിതമാർഗ്ഗമായെടുത്ത കങ്ങ് പ്രസ്ഥാനക്കാരെ പരിഹാസസൂചകമായി മഹാന്മാരായ ദുർബ്ബലന്മാർ എന്നു വിളിച്ചുവന്നു.

## ദർശനത്തിൽനിന്നു് വേർപെട്ട മതം

പൊതുവിൽ നോക്കിയാൽ മാസ്റ്റർ മെങ്ങിന്റെയും സുൻചിങ്ങിന്റെയും സിദ്ധാന്തങ്ങൾക്കു തമ്മിൽ പുറമേയ്ക്കു കാണുന്നവിധത്തിലുള്ള അകൽച്ചയില്ല. നേരേ മറിച്ചു് അവരുടെ അഭിപ്രായവ്യത്യാസം പ്രധാനമായും സ്ഥിതിചെയ്യുന്നതു് വ്യാഖ്യാനത്തിലും തീരുമാനങ്ങളിലുമാണു്. ചുരുക്കത്തിൽ മാസ്റ്റർ മെങ്ങ് ഈ ദർശനത്തിന്റെ ആദർശാത്മകതത്വത്തെ പ്രതിപാദനം ചെയ്യുന്നു. മനുഷ്യത്വത്തിന്റേയും ധാർമ്മികനീതിയുടേയും സമുന്നതമായ ആദർശങ്ങളെ അദ്ദേഹം അതിനുവേണ്ടി ഉന്നയിക്കുന്നു. എന്നാൽ മാസ്റ്റർ സുൻ ഈ ദർശനത്തിന്റെ പ്രായോഗികവശങ്ങളെപ്പററിയാണു് പ്രതിപാദിക്കുന്നതു്. സംഗീതം, അനുഷ്ഠാനം എന്നിവയ്ക്കു് അദ്ദേഹം പ്രാമാണ്യം നല്കുന്നു. എന്നാൽ അങ്ങിനെ ചെയ്യുന്നതിന്നു് മാസ്റ്റർ കങ്ങിനെപ്പോലെ സുൻചിങ്ങിന്നു് തന്റെ ആദർശങ്ങൾക്കു ചരിത്രപരമായ ഒരു ന്യായീകരണം നല്കേണ്ടിവന്നു. മാത്രമല്ല തന്റെ പ്രവചനങ്ങളെ ഒരു നവീനതാർക്കികാടിസ്ഥാന

ത്തിൽ പ്രതിഷ്ഠിക്കേണ്ടതായും വന്നു. അതിനു കാരണം അക്കാലത്തു് ദാശ്നികമായ വാദപ്രതിവാദങ്ങളിൽ യുക്തിചിന്തയ്ക്കു് ഒരു പ്രധാനസ്ഥാനം ഉണ്ടായിരുന്നു എന്നുള്ളതുകൊണ്ടാണു്. അപ്രകാരം മനുഷ്യൻ ഒരു സാമൂഹ്യജിവിയാണെന്നു് അംഗീകരിക്കുന്നതോടൊപ്പംതന്നെ അവൻ സ്വപരിശ്രമത്താൽ സ്വന്തം പുരോഗതിക്കുവേണ്ടി പ്രയത്നിക്കണമെന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. അങ്ങിനെ സമുദായത്തിൻെറ പുരോഗതിയിലും മനുഷ്യനു് മഹത്തായ ഒരു പങ്കു വഹിക്കാനുണ്ടു്. മനുഷ്യൻെറ മോചനം സ്ഥിതിചെയ്യുന്നതു് അവനിൽത്തന്നെയാണെന്നു സുൻചിങ്ങ് പറയുന്നു. മതസ്ഥന്മാർ പറയുന്നതുപോലെ സ്വൎഗ്ഗത്തിലോ മറേറാ അല്ല. മാസ്റ്റർ സുൻചിങ്ങിന്നു് മതത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. സ്വൎഗ്ഗത്തിൻെറ പ്രവൎത്തനങ്ങളെ അദ്ദേഹം അംഗീകരിച്ചതുമില്ല. മനുഷ്യൻ സ്വപരിശ്രമംകൊണ്ടു മാത്രമേ നന്നായിത്തീരുകയുള്ളുവെന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു.

ചരിത്രപരമായി പറയുകയാണെങ്കിൽ ചൈന ജനതയുടെ മതവിശ്വാസം മനുഷ്യൻെറ മേൽ ആധിപത്യം നടത്തുന്ന സ്വൎഗ്ഗത്തിൻെറ ശക്തിയെ അംഗീകരിക്കുവാൻ അവരെ പ്രേരിപ്പിച്ചു. ആ വിശ്വാസത്തിന്നു് 200 കൊല്ലത്തിനുള്ളിൽ, അതായതു് കങ്ഫ്യൂചെ തൊട്ടു് സുൻചിങ്ങ്‌വരെയുള്ള കാലഘട്ടത്തിൽ, വമ്പിച്ച ഇളക്കം സംഭവിച്ചിട്ടുണ്ടായിരുന്നു. കങ്ഫ്യൂചെ ഒരു മതവിശ്വാസിയായിരുന്നില്ലെന്നു നമുക്കറിയാമല്ലൊ. അദ്ദേഹം സ്വൎഗ്ഗ

ത്തിന്റെ നിശ്ചയങ്ങളേയും പ്രാതിനിദ്ധ്യത്തേയുംപററി ചിലപ്പോഴെല്ലാം പറയാറുണ്ടായിരുന്നുവെങ്കിലും താൻ ഒരു മതവിശ്വാസിയാണെന്നു് ഒരിക്കലും പരസ്യമായി പ്രഖ്യാപിച്ചിട്ടില്ല. മാസ്റ്റർ മെങ്ങിനെ സംബന്ധിച്ചേട ത്തോളം തന്റെ രാഷ്ട്രീയസിദ്ധാന്തങ്ങളെ രൂപവൽക്കരി ക്കവാൻവേണ്ടിമാത്രം അദ്ദേഹം സ്വർഗ്ഗശാസനത്തിന്റെ തീട്ടൂരത്തെ അംഗീകരിച്ചു. സുൻചിങ്ങാകട്ടെ സർവ്വശക്ത വും പരിപൂർണ്ണവുമായിരുന്ന സ്വർഗ്ഗത്തിന്റെ വ്യക്തിത്വ ത്തെ തീരെ നിഷേധിക്കുകയും മനുഷ്യജീവിതത്തിൽ അ തിനുള്ള സ്വാധീനതയെ ചോദ്യംചെയ്യുകയും ചെയ്തു.

ഇത്തരം മാററങ്ങൾക്കെല്ലാം കാരണഭൂതമായി വ ർത്തിച്ചതു് അന്നത്തെ വിവിധദാർശനികാഭിരുചികളാണു്. യുദ്ധംനടന്നുകൊണ്ടിരുന്ന പ്രസ്തുതകാലത്തു് ജീവിച്ചിരുന്ന മനുഷ്യരുടെ ചിന്താഗതി വിഭ്രാന്തമായിത്തീരുകയും വി ശ്വത്തേയും മനുഷ്യജീവിതത്തേയും കുറിച്ചുണ്ടായിരുന്ന ധാരണകളിൽ അങ്ങിനെ മൌലികമായ വ്യതിയാനം സംഭവിക്കുകയും ചെയ്തു. അതു് സ്വാഭാവികവുമായിരുന്നു. അവിരാമമായ യുദ്ധം ജീവനും സ്വത്തിനും വമ്പിച്ച നാ ശമുണ്ടാക്കുകയും സാധാരണക്കാർക്കു് അസഹനീയമായ യാതനകൾ വരുത്തിവെയ്ക്കുകയും ചെയ്തിരുന്നു. ഇതുകണ്ടു ചിന്താശീലരായ ആളുകളെല്ലാംതന്നെ ലോകത്തിൽ നീ തി നിലനില്ക്കുന്നുണ്ടോ എന്നു് സംശയിച്ചുപോകുന്നു. ന ല്ലവർക്കും ചീത്തവർക്കും ഒരുപോലെ കഷ്ടപ്പാടുകൾ അനുഭ വിക്കേണ്ടിവരുന്ന ഒരുകാലത്തു് മനുഷ്യരിൽ നിരാശയും ചിന്താകുഴപ്പവും ഉണ്ടായിത്തീരുന്നതിൽ അത്ഭുതപ്പെടു

വാനില്ല. അതുകൊണ്ടു് സ്വൎഗ്ഗം മഹത്തായ ദൈവശക്തി യുടെ പ്രതിരൂപമാണെങ്കിൽ മനുഷ്യസമുദായത്തെ ഇത്ത രത്തിലുള്ള ദുരന്തയാതനകളിൽനിന്നു് രക്ഷിക്കുവാൻ അ തു് എന്തുകൊണ്ടു് മുന്നോട്ടുവരുന്നില്ല എന്ന ഒരു ചോ ദ്യം പലരുടെ മനസ്സിലും ആവിൎഭവിക്കുന്നു. അല്ലെങ്കിൽ മനുഷ്യജീവിതത്തിൽ സ്വൎഗ്ഗത്തിനുണ്ടെന്നു് പറയപ്പെട്ടു ന്ന സ്വാധീനശക്തി നിരൎത്ഥകമായ ഒരു സങ്കല്പമായിരി ക്കുമോ എന്നു് പലരും സംശയിച്ചുപോകുന്നു.

മതത്തിൻെറ പ്രേരകശക്തി മന്ദീഭവിച്ചകാലത്തു് ജീവിച്ച സുൻചിങ്ങ് ഒരു തികഞ്ഞ അജ്ഞേയവാദിയാ യിത്തീൎന്നു. ഇക്കാൎയ്യത്തിൽ യാഥാസ്ഥിതികന്മാരോടുള്ളതി നേക്കാൾ അദ്ദേഹത്തിനു് അടുപ്പമുണ്ടായിരുന്നതു് പു രോഗമനവാദികളോടായിരുന്നു. സുൻചിങ്ങ് ലാവോട്ടു് സയെപ്പോലെ സ്വൎഗ്ഗമെന്നതു് പ്രകൃതിയുടെ അഖണ്ഡമാ യ നിയമങ്ങളാണെന്നു് വിശ്വസിച്ചു. നക്ഷത്രങ്ങളുടെ ഗ തിവിഗതികളെപ്പോലുള്ള എല്ലാ മാററങ്ങളും തൽഫല മായിട്ടാണു് ഉണ്ടാകുന്നതു്. സൂൎയ്യചന്ദ്രന്മാരുടെ ഗതിയും കാലങ്ങളിലുണ്ടാകുന്ന മാററങ്ങളും പ്രസ്തുത മഹാനിയമ ത്തിൻെറ പ്രവൎത്തനമാണു്. മാസ്റ്റർ സുൻ പറയുന്നു:— "പ്രസ്തുത മാററങ്ങളുടെ പരിണാമത്തെ നമുക്കറിയുവാൻ കഴിയുന്നുണ്ടു്. എന്നാൽ അജ്ഞാതമായ അവയുടെ മൂ ലകാരണത്തെ അറിയുന്നില്ല. ഒരു ഋഷി അതിനെ സ്വ ൎഗ്ഗത്തിൻെറ പ്രവൎത്തനമായി കരുതുന്നു. കാരണം കണ്ടുപി ടിക്കുവാൻ ശ്രമിക്കുന്നതുമില്ല." മാസ്റ്റർ സുൻചിങ്ങി ൻെറ അഭിപ്രായത്തിൽ പ്രകൃതിയുടെ വിചിത്രമായ ഈ

പ്രതിഭാസവും മനുഷ്യന്റെ കർമ്മങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നാണ്. അത്ഭുതകരമായ പ്രസ്തുത മാററങ്ങൾ തിന്മകളെ സൂചിപ്പിക്കുന്നതുമല്ല. നക്ഷത്രങ്ങളുടെ പതനവും വൃക്ഷങ്ങൾ പൊളിയുമ്പോളുണ്ടാകുന്ന ശബ്ദവും മററും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും പരിണാമഭേദത്താൽ സംഭവിക്കുന്ന പ്രകൃതികോപത്തിന്റെ അനന്തരഫലങ്ങളാണ്. സ്ത്രീപുരുഷവികാരങ്ങളാണ്. മാസ്റ്റർ സുൻ വീണ്ടും പറയുന്നു:—"ഇവയെല്ലാം അസാധാരണസംഭവങ്ങളാകുന്നു. അവ കാണുമ്പോൾ നമുക്കത്ഭുതം തോന്നിയേക്കാം. എന്നാൽ അവയെ ഒരിക്കലും ഭയപ്പെടേണ്ടതില്ല. മനുഷ്യനിൽ അസാധാരണത്വം കാണുന്നുണ്ടെങ്കിൽമാത്രമെ നമുക്കു ഭയപ്പെടേണ്ടതുള്ളു."

മനുഷ്യൻ മാത്രമാണ് അവന്റെ ഭാഗ്യത്തിന്നും ഭാഗ്യദോഷത്തിന്നും ഉത്തരവാദിയായിട്ടുള്ളതെന്നും സ്വർഗ്ഗത്തിന്നു് അതിൽ യാതൊരു പങ്കുമില്ലെന്നും സുൻചിങ്ങ് വിശ്വസിച്ചിരുന്നു. അദ്ദേഹം പറയുന്നു:—"ജീവിതം ശരിയായ മാർഗ്ഗത്തിലൂടെ നയിക്കുന്നപക്ഷം സ്വർഗ്ഗത്തിന്നു് ഭാഗ്യദോഷങ്ങളെ നമ്മുടെ മേൽ വെച്ചുകെട്ടുക സാദ്ധ്യമല്ല. അതിവർഷവും അനാവർഷവും കാരണമായി ക്ഷാമം ഉണ്ടാവുന്നതല്ല. കഠിനമായ തണുപ്പിനോ ചൂടിനോ ക്ലേശങ്ങളെ ഉണ്ടാക്കിത്തീർക്കുക സാദ്ധ്യമല്ല. പ്രകൃതിക്കതീതമായ ശക്തികൾക്കു അത്യാഹിതങ്ങളെ വരുത്തിവെക്കുന്നതിന്നു് കഴിവുണ്ടായിരിക്കുകയില്ല." എന്നാൽ മനുഷ്യൻ അവന്റെ കർത്തവ്യങ്ങളെ വിസ്മരിക്കുകയും യഥാർത്ഥജീവിതമാർഗ്ഗത്തെ അനുവർത്തിക്കാതിരിക്കുകയും ചെ

യുന്നപക്ഷം സ്വൎഗ്ഗത്തിനുപോലും അവനെ രക്ഷിക്കുക സാദ്ധ്യമല്ല. അതിനു് അവനെത്തന്നേയാണു് കുററപ്പെടുത്തേണ്ടതു്.

സുൻചിങ്ങ് യാഥാസ്ഥിതികസിദ്ധാന്തത്തിന്റെ പ്രവാചകനായിരുന്നുവെങ്കിലും പ്രസ്തുത സിദ്ധാന്തം ചൈനീസ്ചിന്താഗതിയിൽ വളൎത്തിക്കൊണ്ടുവന്ന അന്ധവിശ്വാസങ്ങളെ ദൂരീകരിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചു. പ്രാൎത്ഥനയെ അദ്ദേഹം ചോദ്യം ചെയ്തു. ജനങ്ങൾ മഴപെയ്യുവാൻവേണ്ടി എന്തിനാണു് പ്രാൎത്ഥിക്കുന്നതു്? ജനങ്ങൾ പ്രാൎത്ഥിച്ചുവെങ്കിലും ഇല്ലെങ്കിലും മഴ പെയ്യാതിരിക്കുകയില്ല. ഭാവിഫലങ്ങളെപ്പററി പറയുന്നതിനേയും സാമുദ്രികാലക്ഷണങ്ങൾ പറയുന്നതിനേയും അദ്ദേഹം കപടമായി കരുതി. ഈശ്വരത്വം ലഭിച്ചതുകൊണ്ടു് തനിക്കു് യാതൊരു ഗുണവും ഉണ്ടാവുകയില്ലെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. കങ്ങ് ച്യൂവിനെപ്പോലെ മനുഷ്യന്റെ കൎമ്മങ്ങളാണു് അവന്റെ വിധിയെ നിയന്ത്രിക്കുന്നതെന്നു് അദ്ദേഹം വിശ്വസിച്ചു. ഭാവനയുടെ സന്താനങ്ങളാണു് അലൌകികശക്തികളെന്നു് അദ്ദേഹം കരുതി. അന്നത്തെ കാലത്തു് ദോഷനിവാരണത്തിന്നായി നടന്നിരുന്ന കൎമ്മങ്ങളും ബലികളും മററും കേവലം ബാലിശങ്ങളാണെന്നു് അദ്ദേഹം വിശ്വസിച്ചു. ജനങ്ങളുടെ അന്ധവിശ്വാസങ്ങളായിരുന്നു അവ. മൃഗബലികൊണ്ടു് യാതൊരു നേട്ടവും ഉണ്ടാവുകയില്ലെന്നും രോഗമറിയാതെയുള്ള ചികിത്സയാണു് അതെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

നിലാവത്തുമാത്രം നടക്കുന്ന ഭീരുവായ ഒരു മനുഷ്യ ന്റെ കഥ സുൻചിങ്ങ് പറയുന്നു. ആയാളുടെ മനസ്സ് യക്ഷികഥകൾ കേട്ടുകേട്ട് കലുഷിതമായിത്തീർന്നിട്ടുണ്ടാ യിരുന്നു. ഭൂതപ്രേതാദികൾ സഞ്ചരിക്കുന്ന ഒരു ലോക ത്തിൽ താൻ യാത്രചെയ്തുവെന്നു് ആയാൾ പലപ്പോഴും പറയാറുണ്ടു്. ഒരിക്കൽ തന്റെ നിഴൽ കണ്ടപ്പോൾ അ തൊരു ഭൂതമാണെന്നു് ആയാൾ കരുതി. പാറിപ്പറന്ന ആയാളുടെ മുടിയുടെ നിഴൽ കണ്ടപ്പോൾ ഒരു കാട്ടുദേവ തയാണു് അതെന്നു് ആയാൾ വിശ്വസിച്ചു. അങ്ങിനെ സ്വന്തം മനസ്സിന്റെ സൃഷ്ടികളെക്കണ്ടു് ഭയപ്പെട്ട ആ യാൾ ജീവരക്ഷാർത്ഥം ഓടുവാൻ തുടങ്ങിയത്രെ. എന്നാൽ വീട്ടിൽ എത്തുന്നതിന്നു മുമ്പായി ആയാൾ ശ്വാസം പി ഴച്ചു് മരിച്ചുപോയി. ഏററവും നിർഭാഗ്യകരമായ ഒരു സം ഭവമായിരുന്നു അതെന്നു് സുൻചിങ്ങ് പറയുന്നു.

അപ്രകാരം അന്ധവിശ്വാസങ്ങളേയും മിഥ്യാസങ്ക ല്പങ്ങളേയും അസ്തിത്വരഹിതമാണെന്നു തെളിയിപ്പാൻ ശ്രമിച്ച സുൻചിങ്ങിന്നു് മതത്തെ തത്വശാസ്ത്രത്തിൽനി ന്നു വേർപെടുത്തുവാൻ കഴിഞ്ഞു. കങ്ങ്ച്യൂവാണു് ആ ദ്യമായി ഈ സംരംഭം തുടങ്ങിവെച്ചതു്. ഏററവും മഹ ത്തായ ഒരു പ്രയത്നമായിരുന്നു അതു്. നിരവധി നൂററാ ണ്ടുകളോളം ചൈനീസ് ചിന്താഗതിയെ വളർത്തിക്കൊ ണ്ടുവരുന്നതിന്നു് അതു സഹായകമായിത്തീൎന്നു. എന്നാൽ അതിന്നു ചില പ്രതികരണങ്ങളും ഉണ്ടായി. മതത്തിന്നു ഭൂഗർഭത്തിൽചെന്നു് അഭയംപ്രാപിക്കേണ്ടിവന്നു. പിന്നീ ടതു് ഒരിക്കലും ചൈനീസ് ബുദ്ധിജീവികളെ നിയന്ത്രി

ച്ചിട്ടില്ല. ചില അസ്ഥിരചിത്തന്മാർമാത്രം അതിനെ ആരാധിച്ചു. പുരാതനന്മാരെ ആരാധിച്ചിരുന്ന സമ്പ്രദായം അന്നും നിലകൊണ്ടിരുന്നു. എന്നാൽ അതു കൂടുതലായി സാമൂഹ്യമായ ഒരു പശ്ചാത്തലത്തിലായിരുന്നു. മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരും തമ്മിൽ ഒരു കുടുംബബന്ധം സ്ഥാപിക്കുന്നതുപോലെയായിരുന്നു അതു്. മതത്തിന്നു് അതിൽ പങ്കുണ്ടായിരുന്നില്ല. അങ്ങിനെ പണ്ഡിതലോകത്തിൽനിന്നു മതവിശ്വാസം വിലോപമായിക്കൊണ്ടിരുന്നപ്പോൾ നിരക്ഷരരായ സാധാരണക്കാരുടെ ഇടയിൽ അന്ധവിശ്വാസങ്ങൾ വളൎന്നുകൊണ്ടിരുന്നു. അവർ അതുമായി താദാത്മ്യം പ്രാപിച്ചു. എന്നാൽ ബൌദ്ധികവും ആത്മീയവുമായ ജീവിതത്തിന്നു പ്രചോദനം കൊടുക്കുന്ന ഒരു ശക്തിയെന്നനിലയ്ക്കുള്ള മതം എന്നോ നശിച്ചു മണ്ണടിഞ്ഞുകഴിഞ്ഞിരുന്നു. പിന്നീടു് ബുദ്ധസിദ്ധാന്തങ്ങളുടെ വെളിച്ചത്തിലുള്ള അതിൻെറ നവോത്ഥാനവും അത്രമാത്രം ഉത്തേജജനകവും ദീൎഘകാലീനവുമായിരുന്നില്ല. സുൻചിങ്ങിൻെറ കാലത്തു ചൈനീസ്ജനതയുടെ ആത്മീയവിശ്വാസം നശിച്ചുകഴിഞ്ഞിരുന്നു, പിന്നീടതു തലപൊക്കുകയുണ്ടായിട്ടില്ല.

## മനുഷ്യപ്രകൃതി ദോഷയുക്തമാണു്

സുൻചിങ്ങിൻെറ മറെറാരു വിചിത്രമായ സിദ്ധാന്തം മനുഷ്യപ്രകൃതി ദോഷയുക്തമായതാണെന്നാണു്. ഇവിടെയാണു് അദ്ദേഹം മെങ്ങ്കോവുമായി വിയോജിക്കുന്നതു്. മനുഷ്യപ്രകൃതിയുടെ മൌലികമായ നന്മയെ

മെങ്ങ്കോ അംഗീകരിക്കുന്നു. പിന്നീടുണ്ടായ നിരവധി പണ്ഡിതന്മാർ പ്രസ്തുത രണ്ടു മഹാന്മാരുടെ അഭിപ്രായങ്ങളെ മുൻനിർത്തി വാദപ്രതിവാദം ചെയ്തിട്ടുണ്ട്. വളരെ ലേഖനങ്ങളും ഈ വിഷയത്തെപ്പററി എഴുതപ്പെട്ടിട്ടുണ്ട്. പ്രത്യയശാസ്ത്രപരമായ ആ സമരം പന്ത്രണ്ടാം നൂററാണ്ടിൽ ഏററവുമധികം ശക്തിപ്പെടുകയും മെങ്ങ്കോവിൻെറ പക്ഷക്കാർ ജയിക്കുകയും ചെയ്തു. പിന്നീടവർ എതിരാളിയായ പ്രസ്തുത തത്വജ്ഞാനിയെ കണ്ഫ് പ്രസ്ഥാനത്തിൽ അതുവരെ അദ്ദേഹത്തിന്നുണ്ടായിരുന്ന സ്ഥാനത്തിൽനിന്നു് പിടിച്ചിറക്കി. വിധിവൈപരീത്യം നോക്കുക! അതുവരെ ആ പ്രസ്ഥാനത്തിൻെറ നെടുംതൂണായി വർത്തിച്ചിരുന്ന സുൻചിങ്ങിനെ സ്വന്തം കക്ഷിയിൽപ്പെട്ട ആളുകൾതന്നെ പുറംതള്ളുകയും കണ്ഫ് പ്രസ്ഥാനത്തിൻെറ ശത്രുവായി പ്രഖ്യാപിക്കുകയും ചെയ്തു.

മാസ്റ്റർ സുൻ മനുഷ്യപ്രകൃതിയുടെ തിന്മയെ ചൂണ്ടിക്കാണിച്ചതിന്നു പിന്നിൽ രസകരമായ ഒരു ചരിത്രമുണ്ട്. അദ്ദേഹത്തിൻെറ കാലത്തു സ്വന്തം ചുററുപാടുകളിൽ നടന്നുകൊണ്ടിരുന്ന നിർഭാഗ്യകരമായ സംഭവങ്ങളാണു് ഇങ്ങിനെ ഒരഭിപ്രായം രൂപവൽക്കരിക്കാൻ അദ്ദേഹത്തിന്നു പ്രേരണ നല്കിയതെന്നു പറയപ്പെടുന്നു. വഞ്ചനയും കാപട്യവും കൊലയും നടന്നിരുന്ന ഒരു കാലത്തു് ജീവിച്ചിരുന്ന മാസ്റ്റർ സുൻചിങ്ങ് അങ്ങിനെയൊരു അഭിപ്രായം വെച്ചുപുലർത്തിയതിൽ അത്ഭുതപ്പെടുവാനില്ല. മനുഷ്യൻ ധനത്തിൻെറയും ലൈംഗികസുഖഭോഗങ്ങളുടേയും പിന്നാലെയാണു് പോകുന്നതെന്നു സുൻചിങ്ങ്

പായുന്നു. അതു് ഏറെക്കുറെ വാസ്തവമാണുതാനും. തന്റെ മുമ്പിൽ തുറിച്ചുനോക്കിനില്ക്കുന്ന പ്രസ്തുത യാഥാത്ഥ്യങ്ങൾക്കുനേരേ കണ്ണടയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അങ്ങിനെ മനുഷ്യപ്രകൃതി ദോഷയുക്തമാണെന്നും ഗുണപൌഷ്ക്കല്യത്തെ അതിൽ വളത്തിക്കൊണ്ടുവരുന്നതാണു് മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കത്തവ്യമെന്നും അദ്ദേഹം പ്രഖ്യാപനംചെയ്തു. ഇതിനെപ്പററി അദ്ദേഹം താഴെപറയുംപ്രകാരമെഴുതി:—

"മനുഷ്യപ്രകൃതിയുടെ കാര്യമെടുത്തുനോക്കാം. ജനനാൽത്തന്നെ മനുഷ്യനു ധനത്തോടുള്ള ആഗ്രഹം ഉണ്ടാകുന്നുണ്ടു്. പ്രസ്തുത ആഗ്രഹത്തിന്നു വശംവദനായിത്തീരുമ്പോൾ തമ്മിൽത്തമ്മിലുള്ള കലഹവും വിദ്വേഷവും പരസ്പരവിശ്വാസമില്ലായ്മയും അസഹിഷ്ണുതയും ഉണ്ടായിത്തീരുന്നു. ജനനാൽത്തന്നെ മനുഷ്യൻ ഈഷ്യാലുവും വിദ്വേഷമുള്ളവനുമാണു്. ഇവയ്ക്കു വശംവദനാകുമ്പോൾ കൊലപാതകം, വഞ്ചന മുതലായ പൈശാചികകൃത്യങ്ങൾ നടത്തുവാൻ അവൻ മടിക്കാറില്ല. ജനനാൽത്തന്നെ മനുഷ്യൻ കണ്ണിന്റെയും കാതിന്റെയും സുഖങ്ങളെ ആശിക്കുന്നവനും രൂപസൌന്ദര്യത്തേയും മനോഹരമായ ശബ്ദത്തേയും ഇഷ്ടപ്പെടുന്നവനും ആകുന്നു. പ്രസ്തുത വികാരങ്ങൾക്കു വശംവദനായിത്തീരുമ്പോൾ സംസ്കാരത്തിന്നും യുക്തിക്കും വിരുദ്ധമായതും അനിയന്ത്രിതവും ആയ പ്രവത്തികൾ ചെയ്വാൻ തുടങ്ങുന്നു. അങ്ങിനെ മനുഷ്യൻ അവന്റെ പ്രകൃതിക്കു് അടിമപ്പെടുകയും വികാരങ്ങളുടെ കയ്യിൽ ഒരു പാവയായിത്തീരുകയും ചെയ്യു

മ്പോഴാണു് കലഹവും വെറുപ്പും യുദ്ധവും സഹകരണമില്ലായ്മയും എല്ലാം ഉണ്ടാകുന്നതു്. അപ്രകാരം അവന്റെ ജീവിതം അനിയന്ത്രിതമായ ഹിംസയിൽ അധിഷ്ഠിതമായിത്തീരുന്നു.”

പിന്നീടദ്ദേഹം മനുഷ്യപ്രകൃതിയെ മനസ്സിലാക്കാത്തതിന്നു മെങ്ങ്കോവിനെ കുററപ്പെടുത്തി. സജാതീയവും ആൎജ്ജിതവുമായ ഭാവങ്ങളെ മെങ്ങ്കോ തിരിച്ചറിഞ്ഞിട്ടില്ലെന്നു് അദ്ദേഹം പറഞ്ഞു. സുൻചിങ്ങ് എഴുതുന്നു:—“സ്വൎഗ്ഗത്തിൽനിന്നു് മൂലപ്രകൃതികൾ ലഭിക്കുന്നതെന്താണെന്നു മനസ്സിലാക്കുക സാദ്ധ്യമല്ല. അതിനുവേണ്ടി പ്രവൎത്തിക്കുവാനും കഴിയുകയില്ല. അതുകൊണ്ടു് ഋഷിരാജാക്കന്മാർ ആവിഷ്കരിച്ച അനുഷ്ഠാനപദ്ധതികളേയും നൈതികസിദ്ധാന്തങ്ങളേയും അനുവൎത്തിക്കുകയും അതിനുവേണ്ടി പ്രവൎത്തിക്കുകയുമാണു് മനുഷ്യൻ ചെയ്യേണ്ടതു്. അപ്രകാരം ചെയ്യുന്നപക്ഷം മാത്രമേ ധാൎമ്മികമായ പരിപൂൎണ്ണത്വം ലഭിക്കുകയുള്ളു.” ദോഷയുക്തമായ മനുഷ്യന്റെ സ്വന്തം പ്രകൃതിയാണു് സ്വൎഗ്ഗമെന്നു സുൻചിങ്ങ് വിശ്വസിച്ചു. അദ്ദേഹം അങ്ങിനെ പറഞ്ഞതു് സ്വൎഗ്ഗത്തെ ഏതുരൂപത്തിൽ വിഭാവനംചെയ്തിട്ടാണെന്നു മനസ്സിലാക്കുവാൻ പ്രയാസം. മനുഷ്യരൂപത്തിലുള്ള ദൈവത്തേയോ അതോ പ്രകൃതിനിയമത്തേയോ അദ്ദേഹം ഉദ്ദേശിച്ചിരുന്നതെന്നു പറയുവാൻ സാധിക്കുന്നില്ല. രണ്ടായാലും ശരി ഈശ്വരനിന്ദ ചെയ്തുവെന്ന കുററത്തിന്നു് അദ്ദേഹം പാത്രീഭൂതനാകുന്നുണ്ടു്. അതിനാൽ യാഥാസ്ഥിതികന്മാർ അദ്ദേഹത്തെ ഒടുവിൽ പുറംതള്ളിയതിൽ അ

ത്തുതപ്പെടാനില്ല. അവർ സ്വർഗ്ഗത്തിലും മനുഷ്യന്റെ മൌലികമായ നന്മയിലും വിശ്വസിച്ചിരുന്നവരായിരുന്നു.

എന്നാൽ യാതൊരു കാരണവുംകൂടാതെയല്ല മാസ്റ്റർ സൂൻ അങ്ങിനെ പറഞ്ഞിട്ടുള്ളതു്. ധാർമ്മികോപദേശങ്ങൾകൊണ്ടു് ആഗ്രഹങ്ങളെ നിയന്ത്രിക്കണമെന്നു് അദ്ദേഹം ആശിച്ചിരുന്നു. പൈതൃകമായി ദോഷയുക്തമാണെങ്കിലും മനുഷ്യപ്രകൃതിയെ നന്നാക്കിത്തീർക്കാമെന്നദ്ദേഹം വിശ്വസിച്ചു. മനുഷ്യൻ ഭാഗ്യവശാൽ ബുദ്ധിശാലിയാണു്. പ്രസ്തുത ബുദ്ധിയുടെ സഹായത്തോടുകൂടി അവന്റെ സങ്കുചിതത്വത്തെ വിവേകപൂർണ്ണവും പരിശുദ്ധവുമായ വ്യക്തിത്വമാക്കി രൂപാന്തരപ്പെടുത്തുവാൻ മനുഷ്യനു് കഴിയും. അതിന്നു് നിരന്തരമായ പരിശീലനം മാത്രമെ വേണ്ടു. അതിനാൽ മാസ്റ്റർ സുൻചിങ്ങിന്റെ അഭിപ്രായത്തിൽ നൈതികമായ അനുഷ്ഠാനക്രമങ്ങളെ പരിശീലിയ്ക്കുന്നതാണു് ഏററവും പ്രധാനമായിട്ടുള്ളതു്. അങ്ങിനെ ചെയ്യുന്നതുകൊണ്ടുമാത്രമെ മനുഷ്യനു് സൽഗ്ഗുണസമ്പന്നനായിത്തീരുവാൻ കഴിയൂ. അപ്രകാരം മനുഷ്യന്റെ ധാർമ്മികനിലവാരം ഉയരുന്നു.

## ദൈനംദിനജീവിതമാകുന്ന കവിത

മേൽ പ്രസ്താവിച്ച വസ്തുതകളിൽനിന്നു് മെങ്ങ്കോവും സുൻചിങ്ങും വ്യത്യസ്ഥമാർഗ്ഗങ്ങളിൽക്കൂടിയാണു് പ്രയാണംചെയ്യുന്നതെങ്കിലും ധാർമ്മികമായ സമ്പൂർണ്ണതയെന്ന ലക്ഷ്യത്തിലാണു് അവർ രണ്ടുപേരും എത്തിച്ചേരുന്നതെന്നു് നമുക്കു് മനസ്സിലാക്കുവാൻ കഴിയുന്നുണ്ടു്. മാ

സ്റ്റർ കങ്ങിൻെറ ലക്ഷ്യവും അതുതന്നെയായിരുന്നു. എ ന്നാൽ നമ്മുടെ രണ്ടു ദാർശിനികന്മാരും ലക്ഷ്യത്തിലെത്തു ന്നതിന്നു് ഒരേമാർഗ്ഗമല്ല സ്വീകരിച്ചിരുന്നതു്. മാസ്റ്റർ സുൻചിങ്ങിനെ സംബന്ധിച്ചേടത്തോളം ഏററവും എ ളുപ്പമാർഗ്ഗം പുരാതനമാർഗ്ഗമായ അനുഷ്ഠാനത്തിൻേറയും സംഗീതത്തിൻേറയും മാർഗ്ഗമായിരുന്നു. അതു സമർത്ഥിക്കു വാൻവേണ്ടിയായിരുന്നു അദ്ദേഹം തൻെറ ദാർശനികസി ദ്ധാന്തങ്ങളെ ഉപയോഗപ്പെടുത്തിയതു്.

ചൈനീസ് ജീവിതത്തിൽ വമ്പിച്ച സ്വാധീനത ചെലുത്തിയ ആചാരക്രമത്തിൻെറ ഉത്ഭവത്തിൻേറയും പരിണാമത്തിൻേയും ചരിത്രം രാജ്യത്തിൻെറ ചരിത്ര ത്തോളംതന്നെ പഴക്കമുള്ളതാകുന്നു. സുൻചിങ്ങ് അ തിനെ എങ്ങിനെയായിരുന്നു വ്യാഖ്യാനിച്ചിരുന്നതെന്നു മാത്രം ഇവിടെ പ്രസ്താവിക്കാം. ഒന്നാമതായി മാസ്റ്റർ മെ ങ്ങ്കോവും അദ്ദേഹത്തിൻെറ കൂട്ടുകാരും മനുഷ്യത്വത്തി ൻെറ ആന്തരികചൈതന്യത്തിൻെറ വളർച്ചയായിട്ടാണു് ആചാരക്രമത്തെ കണ്ടിട്ടുള്ളതെന്നു് ഇവിടെ ചൂണ്ടിക്കാ ണിച്ചുകൊള്ളട്ടെ. എന്നാൽ സുൻചിങ്ങാകട്ടെ നേരെ മറിച്ചു് മനുഷ്യപ്രകൃതിയുടെ അടിസ്ഥാനതത്വത്തിൽ വ മ്പിച്ച പ്രതികരണം സൃഷ്ടിക്കുന്ന സുശക്തമായ ഒരു മാർഗ്ഗ മായിട്ടാണു് ആചാരക്രമത്തെ അംഗീകരിച്ചിട്ടുള്ളതു്. അനുഷ്ഠാനപദ്ധതികളുടെ സുന്ദരവും കൃത്രിമവുമായ സ്വാ ധീനശക്തി വികസിതമായിത്തീരുമ്പോൾ മനുഷ്യപ്രകൃ തിയുടെ പരുപരുത്ത വശങ്ങൾ മിനുപ്പുള്ളതായിത്തീരുക യും അങ്ങിനെ ക്ഷേമസമ്പൂർണ്ണവും നിയന്ത്രിതവുമായ ഒരു

സമുദായം സൃഷ്ടിക്കപ്പെട്ടുകയും ചെയ്യുമെന്നു് അദ്ദേഹം വിശ്വസിച്ചു.

അപ്രകാരം മാസ്റ്റർ സുന്നിൻെറ സിദ്ധാന്തങ്ങളുടെ മനഃശാസ്ത്രപരമായ പശ്ചാത്തലത്തിൽ നാം എത്തിച്ചേരുന്നു. മനുഷ്യനോടൊപ്പം ജനിക്കുന്ന ഇച്ഛകളാണു് ആവശ്യങ്ങളെ സൃഷ്ടിക്കുന്നതെന്നു് അദ്ദേഹം പറയുന്നു. അതൃപ്തമായ ആവശ്യങ്ങൾ ഭിന്നിപ്പും അവ്യവസ്ഥയും ഉണ്ടാക്കുന്നു. അവയാണു് ഈ ലോകത്തിലുള്ള എല്ലാ കുഴപ്പങ്ങൾക്കും കാരണമായിട്ടുള്ളതു്. അതിനാൽ ഹീനവും അതൃപ്തവുമായ മനുഷ്യൻെറ ഇച്ഛകളെ എങ്ങിനെയാണു് ശരിയായി നിയന്ത്രിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യേണ്ടതു് എന്നുള്ളതാണു് പ്രശ്നം. സമ്പൂർണ്ണതയുള്ള സ്വഭാവരൂപവല്ക്കരണത്തിന്നു് ഫലപ്രദമായ ഏതുമാർഗ്ഗമംഗീകരിക്കണം? സാമൂഹ്യവും ധാർമ്മികവുമായ ചടങ്ങുകളിൽ അനുവർത്തിക്കപ്പെട്ടുന്ന സഭ്യതയുടെ നിയമങ്ങളെ അനുഷ്ഠിക്കുന്നതുകൊണ്ടു് അതു സാദ്ധ്യമല്ല. മാസ്റ്റർ സുൻ പറയുന്നു:—"മനുഷ്യൻെറ ഇച്ഛകളെ നിയന്ത്രിക്കേണ്ടതിൻെറ ആവശ്യകതയിൽനിന്നാണു് ആചാരക്രമം ജന്മമെട്ടുക്കുന്നതു്." അതിനുംപുറമെ ആചാരക്രമത്തിന്നു് ചരിത്രപരമായ ന്യായീകരണമുണ്ടെന്നു് അദ്ദേഹം വിശ്വസിക്കുന്നു. കാരണം പുരാതനകാലത്തുണ്ടായിരുന്ന ബുദ്ധിമാന്മാരാണു് അതിനെ ആവിഷ്ക്കരിച്ചതു്. രാജാക്കന്മാരും പണ്ഡിതന്മാരും അതിനെ പരിശീലിക്കുകയും ചെയ്തിട്ടുണ്ടു്. അതിനാൽ കാലത്തിന്നു് എത്രതന്നെ മാററങ്ങൾ സംഭവിച്ചുകൊണ്ടിരുന്നാലുംശരി, ആചാരക്രമം അതി

ന്നു് കാലാനുസൃതം മാററമുണ്ടാകുന്നുണ്ടെങ്കിൽകൂടി, അതിന്റെ മൌലികമായ ഉദ്ദേശത്തിൽനിന്നു് അതായതു് ദോഷയുക്തമായ മനുഷ്യപ്രകൃതിയെ നിയന്ത്രിക്കുക എന്ന പ്രവൎത്തിയിൽനിന്നു് അണുപോലും വ്യതിചലിക്കുന്നില്ല.

മാസ്റ്റർ സുൻ ആചാരക്രമത്തിന്റെ മാഹാത്മ്യത്തെ ഇങ്ങിനെ പുകഴ്ത്തി:—"ആചാരക്രമം പരിശുദ്ധവും പരിപൂൎണ്ണവുമാണു്. അതിന്റെ ആചരണംകൊണ്ടു് ആകാശവും ഭൂമിയും സ്വൎഗ്ഗീയസുഖംനിറഞ്ഞതായി തോന്നുന്നു. സൂൎയ്യചന്ദ്രന്മാരുടെ പ്രകാശം ഹൃദയസ്പൃക്കായും ഋതുക്കളുടെ ചംക്രമണം ഉല്ലാസപ്രദമായും നക്ഷത്രങ്ങളുടെ ഗതിവിഗതികൾ മനോമോഹകമായും തോന്നുന്നു. നദികളും അരുവികളും അവിരാമം ഒഴുകിക്കൊണ്ടിരിക്കുന്നു. വിവിധ ജീവജാലങ്ങൾ ക്ഷേമമായി ജീവിക്കുന്നു. സ്നേഹവും വെറുപ്പും പരിമിതിയിൽ വൎത്തിക്കുന്നു. സന്തോഷവും സന്താപവും അതിരുകവിയുന്നില്ല. സമുദായത്തിന്റെ താണപടിയിൽ അച്ചടക്കം പരിപാലിക്കപ്പെടുന്നു. ഉയൎന്നപടിയിൽ പ്രകാശമാനമായ ബുദ്ധിചാതുര്യം കളിയാടുന്നു. ജീവികളിൽ അവിരാമമായ പരിവൎത്തനം ഉണ്ടാകുന്നുണ്ടെങ്കിൽകൂടി തീരെ കുഴപ്പങ്ങൾ ഇല്ലാതെയാണു്. സൃഷ്ടിയിലുള്ള ഐക്യം നിലകൊള്ളുന്നില്ലെങ്കിൽ അതു് നികത്താനാവാത്ത ഒരു നഷ്ടമാകുമല്ലൊ." ആലങ്കാരികമായ മേൽചേൎത്ത വിവരണം സുൻചിങ്ങിനെ ഒരു കവിയുടെ സ്ഥാനത്തേയ്ക്കു് ഉയൎത്തുന്നു. യഥാൎത്ഥത്തിൽ അദ്ദേഹം ഒരു കവിയായിരുന്നുതാനും.

സുൻചിങ്ങിൻെറ കവിതാവാസന അദ്ദേഹത്തെ മോട്ടിയിൽനിന്നു വളരെ വിഭിന്നനാക്കിത്തീർത്തു. ഭാവനാസമ്പന്നനായിരുന്നു അദ്ദേഹം. എന്നാൽ മോട്ടിയാകട്ടെ പ്രായോഗികവാദിയുമായിരുന്നു. ചൈനീസ് ദാർശനികന്മാരുടെ ഇടയിൽ ആദർശങ്ങളെ ഇത്രയും ലളിതമായി പറഞ്ഞിട്ടുള്ളവർ വേറെയുണ്ടെന്നു തോന്നുന്നില്ല. ദുഃഖാചരണം, മന്ത്രോച്ചാരണം മുതലായവയോടുള്ള തൻെറ അഗാധപ്രേമത്തെ സുൻചിങ്ങ് ന്യായീകരിച്ചു. വായനക്കാരുടെ ഹൃദയത്തോടാണ് അദ്ദേഹം സംസാരിച്ചതു്. മരിച്ചവരോടുള്ള സ്നേഹപ്രകടനമാണു പ്രസ്തുത കർമ്മങ്ങൾ എന്നു് അദ്ദേഹം അവരെ ഓർമ്മപ്പെടുത്തി. അനുസ്മരണങ്ങളുടേയും ഉദ്ദേശങ്ങളുടേയും ചിന്തകളുടേയും ആഗ്രഹങ്ങളുടേയും ബഹിസ്ഫുരണമാണതു്. ഈ വെളിച്ചത്തിലൂടെ നോക്കിയാൽ യജ്ഞങ്ങൾ സമുന്നതമായ സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും പ്രതീകമാണു്. സഭ്യതയുടേയും പരിശുദ്ധിയുടേയും പൂർണ്ണതയാണു്. മൂന്നുകൊല്ലത്തെ ദുഃഖാചരണംവഴിയായിട്ടാണു് മനുഷ്യൻ തൻെറ അഗാധവും ഹൃദയംഗമവുമായ വ്യസനത്തെ പ്രകാശിപ്പിക്കുന്നതു്.

അതിനാൽ പാവനമായ പ്രസ്തുത എല്ലാ ആചാരങ്ങളും വേണ്ടതുപോലെ കൊണ്ടുനടത്തണമെന്നു മാസ്റ്റർ സുൻ നിഷ്കർഷിക്കുന്നു. തന്നിമിത്തം മരണത്തിൻെറ പൈശാചികത്വം കുറയുകയും അതു് ഒരു പാവനാസ്മരണയായി നിലകൊള്ളുകയും ചെയ്യുന്നു. അങ്ങിനെ ദുഃഖത്തിന്നു ലോപം സംഭവിക്കുന്നു. മരിച്ചവരോടുള്ള ബഹുമാനം

ജീവിച്ചിരിക്കുന്നവരോടുള്ളതുപോലെ അവശേഷിക്കുന്നു. അങ്ങിനെ ആചാരക്രമത്തിൽ കലയും വികാരവും സമ്മേളിച്ച് ദൈനംദിനജീവിതത്തെ ഒരു കവിതയാക്കി രൂപാന്തരപ്പെടുത്തുന്നു. ഇതിനു സാഹചര്യമുണ്ടാക്കിക്കൊടുക്കേണ്ടതു് ശാസകൻെറ ചുമതലയാണു്. എന്നാൽ മാത്രമേ രാജ്യം സുശക്തമായിത്തീരുകയുള്ളു. പ്രശംസനീയമായ ആ പ്രവത്തിചെയ്യുന്ന ശാസകനെ എല്ലാവരും ബഹുമാനിക്കുകയും ചെയ്യും. ഈ ലോകത്തിൽ ലഭിക്കാവുന്ന എല്ലാ മാന്യതകളും ആയാറംക്കു ലഭിക്കുന്നതായിരിക്കും.

## ആനന്ദപ്രകടനം

കവിഹൃദയമുള്ള സുൻചിങ്ങിനെ സംബന്ധിച്ചേടത്തോളം സംഗീതം ആനന്ദവും പ്രചോദനവും നല്കുന്ന ഒന്നായിരുന്നു. ഇക്കാര്യത്തിൽ മാസ്റ്റർ കങ്ങിൻെറ അടുത്ത അനുയായിയാണു് അദ്ദേഹം. മാസ്റ്റർ കങ്ങ് സംഗീതപ്രിയനായിരുന്നു. മനുഷ്യജീവിതത്തിൽ വമ്പിച്ച സ്വാധീനത ചെലുത്തുവാൻ സംഗീതത്തിന്നു് സാധിക്കുമെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. തന്നിമിത്തം അദ്ദേഹം സംഗീതമഭ്യസിപ്പിക്കുകയും ചെയ്തു. ചൌ കലീനതചം വളത്തിക്കൊണ്ടുവന്ന ആറു കലകളിൽ ശാസ്ത്രീയസംഗീതത്തിന്നു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടായിരുന്നു. എന്നാൽ ചൌ യുഗത്തിനുശേഷം കങ്ങ് പ്രസ്ഥാനത്തിൽപ്പെട്ട വിദ്വാന്മാക്കിടയിൽപോലും അതിൻെറ പ്രാധാന്യം കുറയുകയാണുണ്ടായതു്. ശാസ്ത്രീയസംഗീതം അങ്ങിനെ ഭാവിതലമുറകറംക്കു നഷ്ടപ്പെടുകയും

ചെയ്തു. പുരാതനകാലങ്ങളിൽ ഉണ്ടായിരുന്ന സാമൂഹ്യ വിനോദങ്ങളിൽ സംഗീതം അതിപ്രധാനമായ ഒരു സ്ഥാനമാണു് അലങ്കരിച്ചിരുന്നതു്. മാസ്റ്റർ സൂൻചിങ്ങിൻെറ കാലത്തിനുശേഷം അതു അപ്രതിഭമായിത്തീരുകയും ചെയ്തു.

മാസ്റ്റർ കങ്ങിൻെറ കാലടികളെ പിൻതുടൎന്നുവന്ന സൂൻചിങ്ങ് മനുഷ്യൻെറ വികാരങ്ങളെ തട്ടിയുണൎത്തുവാൻ പര്യാപ്തമായ സംഗീതം പഠിപ്പിച്ചുവന്നിരുന്നു. സമുദായത്തിന്നു് അതു് അത്യന്താപേക്ഷിതമായിരുന്നുതാനും. ആചാരക്രമത്തോടൊപ്പം പഠിപ്പിച്ചുവന്ന സംഗീതം സുശക്തമായ ഒരു സംസ്കാരവിശേഷത്തെ സൃഷ്ടിക്കുകയും മനുഷ്യസ്വഭാവത്തെ രൂപാന്തരംചെയ്യുന്നതിന്നു സഹായകമായിത്തീരുകയും ചെയ്തു. വിശിഷ്ടമായ സംഗീതം ആനന്ദത്തോടു് അന്തർമുഖമായി ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന അഭിപ്രായമാണു് സൂൻചിങ്ങിന്നുണ്ടായിരുന്നതു് അങ്ങിനെ അതു മനുഷ്യഹൃദയത്തിൽ നന്മയെ വളൎത്തുകയും തിന്മയുടെ പ്രേരണയിൽനിന്നു് അതിനെ രക്ഷിക്കുകയും ചെയ്യുന്നു. മാസ്റ്റർ സൂൻ എഴുതുന്നു:— "സംഗീതം ആനന്ദത്തിൻെറ ബഹിസ്ഫുരണമാണു്. മാനുഷികവികാരങ്ങളുടെ അനിയന്ത്രിതമായ പ്രവാഹമാണതു്. ആനന്ദരഹിതനായി മനുഷ്യനു് ജീവിക്കുക സാദ്ധ്യമല്ല. പ്രസ്തുത ആനന്ദം സ്വാഭാവികമായി ശ്രുതിമധുരമായ സ്വരമായി ബഹിൎഗ്ഗമനം ചെയ്യുകയും മാനുഷികപ്രവൎത്തനങ്ങളിൽ അതിൻെറ പ്രതിഫലനം കാണപ്പെടുകയും ചെയ്യുന്നു. ഈ ബഹിസ്ഫുരണത്തെ വേണ്ടുംവണ്ണം

നിയന്ത്രിച്ചിട്ടില്ലെങ്കിൽ അനിവാര്യമായ അസംതൃപ്തിയായിരിക്കും ഫലം. ഇതു കണ്ടറിഞ്ഞ പുരാതനരാജാക്കന്മാർ സ്വരക്രമത്തെ ആവിഷ്കരിക്കുകയും അങ്ങിനെ ആനന്ദപ്രകടനത്തിന്നുള്ള ഒരു അവസരം സൃഷ്ടിക്കുകയും ചെയ്തു. അപ്രകാരം മുഖസംഗീതവും വാദ്യസംഗീതവും മനുഷ്യഹൃദയത്തിൽ സദ്വിചാരങ്ങളെ വളൎത്തുകയും ദുർവിചാരങ്ങൾക്ക് സ്ഥാനമനുവദിക്കാതിരിക്കുകയും ചെയ്തു"

പുരാതനക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും നാട്ടിൻപുറങ്ങളിലും നടന്നുവന്നിരുന്ന സംഗീതസദസ്സുകൾ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ പരിശുദ്ധവിചാരങ്ങളേയും സ്നേഹഭാവത്തേയും അനുസരണശീലത്തേയും ഉല്പാദിപ്പിച്ചിരുന്നു. അങ്ങിനെ സംഗീതം ക്ഷേമത്തേയും സൌഖ്യത്തേയും വളൎത്തി. വമ്പിച്ച മാററങ്ങൾ ഉണ്ടാക്കിത്തീൎത്തു. സംഗീതം മനുഷ്യരിൽ ചെലുത്തുന്ന സ്വാധീനശക്തി അനന്യസാധാരണമാണ്. ഒരു രാജാവിനേപ്പോലെ അതു ജനങ്ങളെ ഭരിക്കുന്നു. വിശിഷ്ടസംഗീതം ജനങ്ങളെ അച്ചടക്കമുള്ളവരും ആനന്ദചിത്തരും ആക്കിത്തീൎക്കുന്നു. എന്നാൽ പരുഷമായ സംഗീതമാകട്ടെ ആപല്കരമായിട്ടുള്ളതും ജനങ്ങളെ അധ:പതിപ്പിക്കുന്നതുമാണ്. തന്നിമിത്തമായിരുന്നു പുരാതനന്മാർ സംഗീതരചനയിൽ അത്യധികം ശ്രദ്ധപതിപ്പിച്ചിരുന്നതു്.

ചൈനയിൽ അന്നു പ്രചാരത്തിലുണ്ടായിരുന്ന പല സംഗീതയന്ത്രങ്ങളെപ്പററിയുംകൂടി മാസ്റ്റർ സുൻ പറയുന്നുണ്ട്. സംഗീതത്തിൻെറ സദാചാരപരമായ പ്രാധാ

ന്യത്തെപ്പററി അദ്ദേഹം പറയുന്നു:—"ഭേരിവാദ്യമാണ്" സംഗീതയന്ത്രങ്ങളിൽവെച്ച് രാജാവ്. ഘണ്ടകഠം ഉത്തമശാസകന്മാരാണ്. താളവാദ്യങ്ങഠം വിവേചനം ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. റീഡുകളുള്ള യന്ത്രങ്ങഠം കണ്ണിന്നാനന്ദകരമാണ്. ക്ലാരനററും ഫ്ളൂട്ടും പ്രസാരണം ചെയ്യുന്നവയാകുന്നു. ഓക്കെററിനയും ഓടക്കുഴലും മധുരതരമാണ്. സംഗീതം അതിൻെറ മാധുര്യത്തിൻെറ ഉച്ചകോടിയിലെത്തുമ്പോഠം നൃത്തം സ്വർഗ്ഗമാർഗ്ഗത്തിൻെറ പ്രതീകമായിത്തീരുന്നു."

മറെറാരു ഖണ്ഡികയിൽ താൻ ഒരു നൃത്തവിദഗ്ദ്ധനാണെന്നും അതിൽ തനിക്കഭിമാനമുണ്ടെന്നും സൂചിപ്പിച്ച് പറയുന്നു. നൃത്തകലയെപ്പററി അദ്ദേഹം എഴുതിട്ടുണ്ട്:—"നത്തകൻെറ കണ്ണുകഠം ഒരിക്കലും സ്വശരീരത്തെ നോക്കിക്കൂടാ. ആയാളുടെ കാതുകഠം താൻ ഉണ്ടാക്കുന്ന ചലനങ്ങളെ കേഠംക്കുകയും ചെയ്തുകൂടാ. തലകുനിക്കുകയും പൊന്തിക്കുകയും ചെയ്യുന്ന കാര്യത്തിൽ വളരെ ശ്രദ്ധിക്കണം. അപ്രകാരംതന്നെ ശരീരത്തെ വളയ്ക്കുകയും നിവത്തുകയും ചെയ്യുന്നതിലും മുമ്പോട്ടും പിന്നോട്ടും നീങ്ങുന്നതിലും മന്ദവും ദ്രുതവുമായ ഗതിയിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാററിന്നും അടക്കം ചിട്ടയും വേണം. പിന്നണിസംഗീതത്തിൻെറ താളത്തിൽനിന്ന് ആയാളുടെ അംഗവിക്ഷേപങ്ങഠം ഒരിക്കലും വ്യതിചലിക്കുവാൻ പാടില്ല. ഭേരിയുടേയും ഘണ്ടയുടേയും താളക്രമമനുസരിച്ച് നൃത്തംചെയ്യണം."

## സംസ്കാരത്തിൻെറ തത്വശാസ്ത്രം

സുൻചിങ്ങിൻെറ സിദ്ധാന്തങ്ങളെ പരിശോധിച്ചു നോക്കുകയാണെങ്കിൽ അദ്ദേഹം ഈ പണ്ഡിതന്മാരിൽവെച്ച് ഏററവുമധികം യാഥാസ്ഥിതികനാണെന്നു് മനസ്സിലാവുന്നതാണു്. മനുഷ്യസ്വഭാവത്തെ സംബന്ധിച്ച അഭിപ്രായവും മതത്തിലുള്ള അവിശ്വാസവും അദ്ദേഹം സ്വാഭാവികമായി ഒരു പാരമ്പര്യവാദിയായിരുന്നില്ലെന്നു് തെളിയിക്കുന്നു. ഒരു രാഷ്ട്രീയചിന്തകനെന്ന നിലയിൽ മാസ്റ്റർ കുങ്ങ് ആവിഷ്കരിച്ച സാമന്തസിദ്ധാന്തങ്ങളേയും സ്ഥാപനങ്ങളേയും അദ്ദേഹം പ്രോത്സാഹിപ്പിക്കുകയുണ്ടായില്ല. ധർമ്മശാസ്ത്രത്തിൽ മഹത്തായ ഒരു സത്യത്തിൻെറ ആവിഷ്കർത്താവായിരുന്നു അദ്ദേഹം. എന്നാൽ അതു് അതിഭൗതിക (*Metaphysical*) മായിരുന്നില്ല. അതിഭൗതികമായ ടെയോ സ്വർഗ്ഗത്തിൻെറ മാർഗ്ഗത്തെ പ്രതിനിധീകരിച്ചു. ധാർമ്മികമായ ടെയോ ആകട്ടെ മനുഷ്യൻെറ മാർഗ്ഗത്തെയാണു് പ്രതിപാദനംചെയ്തതു്. അതിനും പുറമെ സുശാസിതമായ ഒരു സമുദായത്തിൽ നിയമക്രമങ്ങൾ നിലനിൽത്തേണ്ടതിൻെറ ആവശ്യകത അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി. സ്വന്തം തീരുമാനങ്ങളുടെ വെളിച്ചത്തിൽ പ്രവർത്തിച്ചുവന്ന അദ്ദേഹം യാഥാസ്ഥിതികപ്രസ്ഥാനത്തിൽ പല വ്യതിയാനങ്ങളും വരുത്തി.

പുരാതനചൈനയിലെ അനിഷേദ്ധ്യനും ഏററവും മഹാനായ രാഷ്ട്രീയചിന്തകനുമായിരുന്ന മെങ്ങ്കോവിൻെറ പുരോഗമനപരമായ അഭിപ്രായങ്ങളോട്ട് താരത

മൃപ്പെട്ടത്തിനോക്കിയാൽ സുൻചിങ്ങിൻെറ സിദ്ധാന്ത ങ്ങഠം തികച്ചും പിൻതിരിപ്പനാണെന്നു് കാണാവുന്നതാ ണു്. തന്നിമിത്തമായിരുന്നിരിക്കണം സമകാലികരായ തത്വജ്ഞാനികഠം അദ്ദേഹത്തെ അധികൃതമായി അംഗീ കരിക്കാതിരുന്നതു്. എന്നാൽ യഥാൎത്ഥത്തിൽ അദ്ദേഹം ആ പദവിക്കു് അൎഹനായിരുന്നുതാനും. അദ്ദേഹത്തിൻെറ യാഥാസ്ഥിതികത്വവും അംഗീകൃതപ്രമാണങ്ങളിലുള്ള വി ശ്വാസവും നൈതികശാസനത്തോടുള്ള മമതയും അദ്ദേ ഹത്തിനു് കങ്ങ് പ്രസ്ഥാനത്തിൽ സൎവ്വമാന്യമായ ഒരു സ്ഥാനം നല്കീട്ടുണ്ടെന്നുള്ളതിന്നു് സംശയമില്ല. എന്നാൽ ആചാരക്രമങ്ങളിലും സംഗീതത്തിലും നൃത്തത്തിലും അ ദ്ദേഹത്തിന്നുണ്ടായിരുന്ന അനന്യസാധാരണമായ പ്രേമം അദ്ദേഹത്തെ മൃദുലഹൃദയനായ ഒരു കവിയും കലാകാരനു മാക്കിത്തീൎത്തു.

മെങ്ങ്കോവും സുൻചിങ്ങും കങ്ങ് പ്രസ്ഥാനത്തി ലെ രണ്ടു വ്യത്യസ്ഥവിഷയങ്ങളിലാണു് വിശേഷപ്രാമാ ണ്യം നേടിയതെന്നു് മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ ചാരശാസ്ത്രവും മാനുഷികവിജ്ഞാനവുമായിരുന്നു അവ. മാസ്റ്റർ കങ്ങിൻെറ ശിഷ്യരായിരുന്ന സെങ്ങ്സാന്നേയും സൂസേയുംപോലെ മാനുഷികസിദ്ധാന്തങ്ങളേയും ബന്ധ ങ്ങളേയുംപററി മാസ്റ്റർ മെങ്ങ് പ്രതിപാദിച്ചു. എന്നാൽ സൂ കങ്ങ് തുടങ്ങിയവരെയാണു് സുൻചിങ്ങ് അനുകരി ച്ചതു്. ആചാരശാസ്ത്രത്തേയും സംഗീതത്തേയും സുപ്ര ധാനമായി കരുതിയിരുന്നവരായിരുന്നു അവർ. ഈ രണ്ടു വിഷയങ്ങളും മാസ്റ്റർ കങ്ങ് ആവിഷ്കരിക്കുകയും വികസി

പ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. അവയുടെ പശ്ചാത്തല ത്തിലാണ് അദ്ദേഹം തൻെറ ധാർമ്മികവും രാഷ്ട്രീയവുമായ തത്വശാസ്ത്രത്തെ പടുത്തുയർത്തിയത്. അതുകൊണ്ട് മഹാനായ ഗുരുവിൻെറ വിശ്വസ്ഥനായ ഒരു അനുയായിയായിരുന്നു സുൻചിങ്ങ് എന്നുപറയുന്നതിൽ തെററില്ല.

കങ്ങ് പ്രസ്ഥാനത്തിലെ വിഭാഗങ്ങൾ പ്രത്യക്ഷമായി കാണപ്പെട്ടതുപോലെ അത്രമാത്രം വൈരുദ്ധ്യങ്ങൾ ഉള്ളതായിരുന്നില്ല. സദാചാരസിദ്ധാന്തങ്ങളായ മാനാപമാനങ്ങളേയും വിദ്യാഭ്യാസസിദ്ധാന്തമായ സ്വഭാവരൂപവല്ക്കരണത്തേയും രാഷ്ട്രീയസിദ്ധാന്തമായ രാജവാഴ്ചയേയും തർക്കശാസ്ത്രസിദ്ധാന്തമായ നാമത്തിൻെറ പ്രാധാന്യതയേയുംപററി അഭിപ്രായം പറയുന്നതിൽനിന്ന് പ്രസ്തുത വൈരുദ്ധ്യങ്ങൾ സുൻചിങ്ങിനെ വിലക്കുകയുണ്ടായില്ല. മനുഷ്യജീവിതത്തിൻെറ ബഹുമുഖമായ പ്രവർത്തനങ്ങളെ ഉൾക്കൊള്ളുന്ന വിശാലമായ ഒരു തത്വശാസ്ത്രമായിരുന്നു അദ്ദേഹം ആവിഷ്ക്കരിച്ചത്. തീക്ഷ്ണവും അനന്യസാധാരണവുമായ അദ്ദേഹത്തിൻെറ അപഗ്രഥനപാടവം അവ്യവസ്ഥിതവും വിച്ഛിന്നവുമായി കിടന്നിരുന്ന കങ്ങ് പ്രസ്ഥാനത്തിലെ ചിന്താതല്ലജങ്ങളെ സുസംഘടിതമായ ഒരു ആദർശസംഹിതയാക്കി രൂപാന്തരീകരണംചെയ്യുന്നതിന്ന് അദ്ദേഹത്തെ ഒട്ടേറെ സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിനുമുമ്പ് ആരുംതന്നെ ചെയ്യാത്ത ഒരു പ്രവർത്തിയായിരുന്നു അത്.

മാസ്റ്റർ സുൻ പ്രതിപാദനത്തിൽ അപഗ്രഥനപാട

വം കാണിച്ചതുപോലെത്തന്നെ ആശയസമന്വയത്തിലും അദ്ദേഹത്തിന്നു് വളരെ സാമത്ഥ്യമുണ്ടായിരുന്നു. ടെയോയിസ്റ്റുകൾ, തക്ശാസ്ത്രജ്ഞന്മാർ, ലീഗലിസ്റ്റുകൾ, മോഹിസ്റ്റുകൾ, എന്നിവരുടെ ദശനപ്രസ്ഥാനങ്ങളെ അദ്ദേഹം ഖണ്ഡിച്ചിട്ടുണ്ടു്. എന്നാൽ അടിസ്ഥാനപരമായി ഈ പ്രസ്ഥാനത്തിന്റെ ഒരു അനുയായി എന്നനിലയ്ക്കു് തന്റെ തത്വശാസ്ത്രത്തിന്റെ ഖജാനയിലേയ്ക്കു് നല്ലതും ഉപയോഗപ്രദവും ആയിത്തോന്നിയ ആശയങ്ങളെ സ്വീകരിക്കുവാൻ അദ്ദേഹം അശേഷം മടികാണിച്ചില്ല. അങ്ങിനെ അദ്ദേഹം പ്രസ്തുത തത്വശാസ്ത്രത്തിന്നു് 'സംസ്കാരത്തിന്റെ തത്വശാസ്ത്ര'മെന്ന പേർ നല്കി. സംസ്കാരത്തിൽനിന്നാണു് മൂല്യങ്ങൾ ആവിർഭവിക്കുന്നതെന്നും മനുഷ്യനു് ആജ്ജിക്കാൻ കഴിയുന്ന ഏററവും മഹത്തായ ഒന്നാണു് സംസ്കാരമെന്നും നമുക്കറിയാം. അപ്രകാരം സംസ്കാരത്തിന്റെ തത്വശാസ്ത്രത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിച്ച സുൻചിങ്ങ് മഹത്തായ ഒരു ജനസമുദായം സൎഗ്ഗാത്മകമായ ഒരു യുഗത്തിൽ നേടിയ ബൌദ്ധികമായ നേട്ടങ്ങളെയാണു് നമുക്കു കാണിച്ചുതരുന്നതു്. സുൻചിങ്ങിന്റെ തത്വശാസ്ത്രം ചൈനീസ് ജനതയുടെ മഹത്തായ പാരമ്പര്യത്തിന്റെ തത്വശാസ്ത്രമായിരുന്നു. അങ്ങിനെയൊരു തത്വശാസ്ത്രം രചിച്ച അദ്ദേഹത്തെ എത്ര പ്രശംസിച്ചാലും അധികമാവുന്നതല്ല.

# ഏഴാം അദ്ധ്യായം

## ന്യായവാദികളുടെ ആവിർഭാവം

മെങ്ങ്കോവിൻെറയും സുൻചിങ്ങിൻെറയും കാലത്ത് വടക്കൻ സ്റ്റേററുകളിൽ സുശക്തമായ ഒരു നവീന ചിന്താപ്രസ്ഥാനം വളൎന്നുവരികയും ആദൎശപരമായ സമരത്തിൽ അതു പ്രശസ്തമായ വിജയംനേടി സൎവ്വാധിപത്യം സ്ഥാപിക്കുകയും ചെയ്തു. ന്യായവാദികൾ താൎക്കികമായ കഴിവുകൾകൊണ്ടായിരുന്നില്ല തങ്ങളുടെ ആധിപത്യം സ്ഥാപിച്ചതു്. ഗവൎമ്മെണ്ടുകക്ഷിയുടെ കൂട്ടുപിടിച്ച അവർ രാഷ്ട്രീയശക്തികൊണ്ടാണു് ചൈനയെ മുഴുവൻ തങ്ങളുടെ വരുതിയിൻകീഴിലാക്കിയതു്. എന്നാൽ അവരുടെ വിജയത്തേയും കണ്ട് പ്രസ്ഥാനത്തിൻെറ ദയനീയമായ പരാജയത്തേയുംപററി പറയുന്നതിന്നുമുമ്പായി രാഷ്ട്രീയവും ദാൎശനികവുമായ രംഗങ്ങളിൽ ഈ പുതിയ പ്രസ്ഥാനത്തിന്നു സ്വാധീനത ലഭിക്കുവാൻ ഉണ്ടായ കാരണമെന്തെന്നു വിവരിക്കാം.

ചൈന ലോകം മൌലികമായി ഭരിക്കപ്പെട്ടിരുന്നതു് രണ്ടു വ്യത്യസ്ഥനിയന്ത്രണവ്യവസ്ഥകളാലായിരുന്നു. പ്രഭുവൎഗ്ഗത്തിന്നു മാൎഗ്ഗനിൎദ്ദേശം ചെയ്തിരുന്ന മതാചാരങ്ങളും ഗ്രാമീണരുടെ ജീവിതത്തെ നിയന്ത്രിച്ചുവന്നിരുന്ന സാമാന്യനിയമങ്ങളും ആയിരുന്നു അവ. കാലക്രമേണ വൎഗ്ഗസങ്കരം സംഭവിച്ചുകൊണ്ടിരുന്നതിനാൽ ഈ വ്യത്യസ്ഥത

കഠം മുമ്പുണ്ടായിരുന്നതിൽനിന്നു കുറഞ്ഞുതുടങ്ങി. ഉദാഹരണമായി മാസ്റ്റർ കങ്ങിനെ സംബന്ധിച്ചേടത്തോളം കുലീനതയുടെ ആദശ്ശങ്ങഠം മതാചാരങ്ങളിൽനിന്നു് ആവിർഭവിച്ചിട്ടുള്ളതായിരുന്നു. അതിനു് സാവ്വലൌകികത്വം സിദ്ധിക്കുകയും ജനങ്ങളുടെ ധമ്മശാസ്ത്രമായിത്തീരുകയും ചെയ്തു അതു്. വഗ്ഗവ്യത്യാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല അങ്ങിനെ സംഭവിച്ചതു്. അതേ അവസരത്തിൽതന്നെ സാധാരണക്കാരെ ഉദ്ദേശിച്ചുണ്ടാക്കപ്പെട്ട സാമാന്യനിയമങ്ങഠം ബുദ്ധിജീവികളാൽ സ്വാഗതം ചെയ്യപ്പെട്ടുകയും കുററങ്ങളെ തടയുന്നതിനുള്ള ഒരുപാധിയായി അവ അംഗീകരിക്കപ്പെട്ടുകയും ചെയ്തു. അതിനു കാരണം അന്നത്തെ പ്രഭുക്കന്മാർ വളരെയധികം ദുഷിച്ചുപോയിരുന്നതുകൊണ്ടു് സൌമ്യമായ ആചാരവ്യവസ്ഥകഠം അവരെ നിയന്ത്രിച്ചുനിത്തുന്നതിൽ അപര്യാപ്തമായിത്തീൎന്നതാണു്. അങ്ങിനെ പ്രഭുക്കളുടെ ഇടയിലുള്ള അവ്യവസ്ഥയേയും അച്ചടക്കമില്ലായ്മയേയും ദൂരീകരിക്കുന്നതിനു കടുത്ത നിയമങ്ങഠം ആവശ്യമാണെന്നു പല രാഷ്ട്രീയചിന്തകന്മാക്കും തോന്നി. അപ്രകാരം നിയമം ലംഘിക്കുന്ന ഏവക്കും പക്ഷഭേദമെന്യേ കഠിനശിക്ഷകഠം കൊടുക്കണമെന്ന ഒരു ചിന്താഗതി ഉടലെടുത്തു.

ന്യായവാദികഠം കശനമായ നിയമങ്ങളുടെ ആവിഷ്ക്കത്താക്കളും ശാസകന്മാരും ആയിരുന്നുവെങ്കിൽക്കൂടി അക്കാലത്തുണ്ടായിരുന്ന നിദ്ദയന്മാരായ രാഷ്ട്രീയനേതാക്കളിൽനിന്നു് ഒട്ടുംതന്നെ വിഭിന്നരായിരുന്നില്ല. നിയമവ്യവസ്ഥ നടപ്പാക്കുന്നതിലുള്ള നിഷ്ക്കഷ്യും കക്കശതയു

മാണ് അവരെ അങ്ങിനെയാക്കിത്തീത്തതു്. അമാനുഷികമായിരുന്നു അതു്. യുദ്ധത്തടവുകാർ, അടിമകഠം, തൊഴിലാളികഠം എന്നിങ്ങിനെയുള്ളവരോട്ട് ഏററവും പൈശാചികമായി പെരുമാറി. മാസ്റ്റർ കങ്ങിൻെറയും അനുയായികളുടെയും നൂററാണ്ടുകാലത്തെ ജനക്ഷേമകരങ്ങളായ പ്രവത്തനങ്ങഠം അതിനു മാററംവരുത്തിയില്ല. മൂക്കുമുറിക്കുക, കാലുവെട്ടുക, വൃഷണച്ഛേദംചെയ്യുക മുതലായ പൈശാചികകൃത്യങ്ങളായിരുന്നു ന്യായവാദികഠം നടത്തിവന്നിരുന്നതു്. എന്നാൽ എല്ലാ നിയമലംഘകന്മാരോടും അവർ ഒരുപോലെ പെരുമാറി. അതുകൊണ്ടു് അവർ എത്രതന്നെ ക്രൂരകൃത്യങ്ങഠം ചെയ്യുന്നുണ്ടായിരുന്നുവെങ്കിലും നിയമത്തിൻെറ ദൃഷ്ടിയിൽ എല്ലാവരും സമന്മാരാണെന്ന മഹത്തായ ആദശ്ത്തെ പരിപാലിച്ചിരുന്നു.

## ദാശ്നികന്മാരും ഭരണകത്താക്കളും

നിയമനിമ്മാതാക്കളും ഭരണകത്താക്കളുമാണു് ന്യായവാദപ്രസ്ഥാനത്തിൻെറ ജനയിതാക്കഠം. ബി. സി. ഏഴാം നൂററാണ്ടിൽപോലും നിയമത്തിൻെറ പ്രാധാന്യം മനസ്സിലാക്കപ്പെട്ടിരുന്നു. ചീയിലെ ഒരു മഹാമന്ത്രിയായിരുന്ന ക്വാൻചങ്ങ് എന്ന ആളാണു് നിയമവ്യവസ്ഥയെ ഒന്നാമതായി ആവിഷ്കരിച്ചതു്. പൂവ്വദേശത്തേയ്ക്കു വെച്ചു് ഏററവും സുശക്തവും ധനസമ്പന്നവുമായ ഒരു രാജ്യമാക്കി ചീയെ ഉയത്തിയ ക്വാൻചങ്ങ് അങ്ങിനെ ചെയ്തതു് ചീ അദ്ധ്വദീപിൽ സുഭിക്ഷമായി ലഭിച്ചിരുന്ന

ഉപ്പും ഇരുമ്പും ഗവർമ്മേണ്ടിൻെറ കുത്തകാധികാരത്തിൻ കീഴിലാക്കിയിട്ടായിരുന്നു. സുശക്തവും സമ്പന്നവുമായ ഒരു ഭരണകൂടത്തെ സൃഷ്ടിച്ച പ്രസ്തുത നയം അനന്തരമുണ്ടായ പല ഭരണകത്താക്കളും പിൻതുടരുകയുണ്ടായി. മതാചാരങ്ങളെ വിഗണിച്ചുവെന്നു് അദ്ദേഹത്തെ കൺഫ്യൂഷ്യൂ കുററപ്പെടുത്തിയിരുന്നുവെങ്കിലും ചൈനീസ്സ്റ്റേററുകളിൽ ഇടയ്ക്കിടെയുണ്ടായിക്കൊണ്ടിരുന്ന കാടന്മാരുടെ ആക്രമണത്തെ ഫലപ്രദമാംവണ്ണം തടഞ്ഞുനിത്തിയ അദ്ദേഹം ചൈനീസ്ജനതയ്ക്കു് ഒരു വമ്പിച്ച സേവനമാണു് നല്കിയതെന്നു് പറയാതിരിക്കാൻ വയ്യ.

കചാൻചങ്ങിനെപ്പോലെ പ്രവത്തനനിരതനായ ഒരു രാജ്യതന്ത്രജ്ഞൻ ഒരു എഴുത്തുകാരനായിത്തീരുക എന്നതു് അസംഭാവ്യമായിട്ടുള്ള കാര്യമാണു്. അതിനുംപുറമേ അന്നുണ്ടായിരുന്ന രാജ്യതന്ത്രജ്ഞന്മാർ തങ്ങളുടെ അഭിപ്രായങ്ങളെ ലിപിബദ്ധമാക്കുന്നതിനു താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. മാസ്റ്റർ കങ്ഫ്യൂപോലും അങ്ങിനെ ചെയ്തതായി കാണുന്നില്ല. അതിനാൽ കചാൻസു എന്ന പേരിൽ ചീയിലെ മഹാമന്ത്രി എഴുതിയതാണെന്നു പറയപ്പെടുന്ന പുസ്തകം നിശ്ചയമായും പിന്നീടുണ്ടായതും ചരിത്രപ്രാധാന്യമില്ലാത്തതും ആണെന്നുവേണം കരുതുവാൻ. പക്ഷെ ഏററവും മഹാനായ ഒരു ഭരണകത്താവായിരുന്നു കചാൻചങ്ങ് എന്നതിനു സംശയമില്ല. ന്യായവാദത്തിൻെറ ആത്മീയഗുരുവാണു് അദ്ദേഹമെന്നു പറയപ്പെടുന്നു.

ന്യായവാദികളുടെ മറെറാരു പ്രസിദ്ധനേതാവു്

ചെങ്ങിലെ പ്രധാനമന്ത്രിയായിരുന്ന സൂചാൻ ആയിരു ന്നു. ബി. സി. 536-ൽ ഒന്നാമതായി ചൈനീസ് നിയമസംഹിത എഴുതിയതു് അദ്ദേഹമാണു്. മഹാനായ അദ്ദേഹം കങ്ഫ്യൂവിൻെറ പ്രശംസയ്ക്കു് പാത്രീഭൂതനായിട്ടുണ്ടു്. രാജകലയുള്ള ഒരാൾ എന്നാണു് കങ്ഫ്യൂ അദ്ദേഹത്തെ വിളിച്ചതു്. അദ്ദേഹം മരിച്ചപ്പോൾ മാസ്റ്റർ കങ്ങ് കരഞ്ഞുവത്രെ. പുരാതനന്മാരുടെ ആദൎശങ്ങളെ അക്ഷരംപ്രതി അനുഷ്ഠിച്ച ഒരാളാണു് അദ്ദേഹമെന്നു് കങ്ങ് പ്രശംസിക്കുകയുണ്ടായി.

ന്യായവാദികളുടെ ആദ്യത്തെ ആചാര്യന്മാർ കചാങ്ങ്ചങ്ങും സൂച്ചാനും ആയിരുന്നുവെന്നു പറയുകയുണ്ടായല്ലോ. പിന്നീടു് ചെയോവിലെ ഷെൻടോ എന്ന പണ്ഡിതനും ഹാനിലെ ഷെൻപൂഹെ എന്ന മന്ത്രിയും വീയിൽ നിവസിച്ചിരുന്ന ഷാൻയാങ്ങ് എന്ന ആളും ആയിരുന്നു മഹാന്മാരായ നിയമനിൎമ്മാതാക്കളായിത്തീൎന്നതു്. മെങ്ങ്കോവിൻെറ സമകാലീനരായിരുന്ന അവർ ബി. സി. നാലാംനൂററാണ്ടിൽ ജീവിച്ചു. ഹാൻ, വീ, ചെയോ എന്നീ വടക്കൻസ്റ്റേററുകളിലാണു് അവർ ജീവിച്ചിരുന്നതു്. ഈ മൂന്നു സ്റ്റേററുകളും സുശക്തമായിരുന്ന സിൻസാമ്രാജ്യത്തിൽനിന്നു വേർപെട്ടതായിരുന്നു. ഈ സ്റ്റേററുകളിൽനിന്നു ന്യായവാദസിദ്ധാന്തങ്ങൾ വടക്കുപടിഞ്ഞാറുള്ള ചിൻ സ്റ്റേററിലേയ്ക്കു വ്യാപിച്ചു. അതവിടെ ഗവൎമ്മേണ്ടുഭരണത്തിൽ സുസ്ഥാപിതമായിത്തീരുകയും ചെയ്തു. വടക്കൻദേശത്തിലെ വരണ്ട കാലാവസ്ഥയിൽ അതു വളൎന്നുവരാനുണ്ടായ കാരണത്തെ അധികം ദൂരത്തൊ

ന്നും അംഗീകരിക്കേണ്ടതില്ല. തെക്കരുടെ സൌമ്യസ്വഭാവം ലാവോട്സേയുടേയും ചൃാൻങ്ങ്സേയുടേയും ഭാവാത്മകമായ പ്രകൃതിസിദ്ധാന്തങ്ങൾക്ക് അവിടെ തഴച്ചുവളരുവാൻ സഹായകമായിത്തീൎന്നു. മദ്ധ്യദേശത്തെ സമതലത്തിൽ നിവസിക്കുന്നവരാകട്ടെ കങ്ങ്ച്യൂവിൻെറ മാദ്ധ്യമികസിദ്ധാന്തങ്ങളോടാണ് കൂറുകാണിച്ചതു്. അതിനാൽ വടക്കൻദേശത്തിലെ പ്രായോഗികമതികളായ ജനങ്ങൾ നിയമത്തിൻെറ സിദ്ധാന്തത്തേയും പ്രയോഗത്തേയും അംഗീകരിക്കുകയാണുണ്ടായതു്.

ന്യായവാദത്തിന്നു് ശക്തിയുടേയും പരാക്രമത്തിൻേറയും സന്ദേശം ഒന്നാമതായി സംഭാവനചെയ്ത ആൾ ഷെൻടോ ആയിരുന്നുവെന്നു പറയപ്പെടുന്നു. ഷീ എന്ന ചൈനീസ്പദത്തിൻെറ വിവൎത്തനമാണതു്. മേഘങ്ങൾക്കിടയിൽക്കൂടി സഞ്ചരിക്കുന്ന അഗ്നിവ്യാള (Dragon) ത്തിൻേറയും ദിവസത്തിൽ ആയിരം നാഴികവീതം സഞ്ചരിക്കുന്ന ഏകശൃംഗി (Unicorn) യുടേയും ശക്തിയെ അഥവാ പരാക്രമത്തെ പ്രതിനിധീകരിക്കുന്ന ചൈനീസ്ഭാഷയിലുള്ള ഒരു പദമാണ് ഷീ എന്നതു്. ആ ശക്തിയില്ലെങ്കിൽ പ്രസ്തുത രണ്ടു ഭയങ്കരജന്തുക്കളും എറുമ്പിനേപ്പോലെയോ കീടാണുവേപ്പോലെയോ നിസ്സഹായരായിത്തീരുമായിരുന്നു. കുറേക്കൂടി വ്യക്തമായി പറയുകയാണെങ്കിൽ ഒരു ശാസകന്നു് ആയാളുടെ രാജ്യത്തുള്ള ജനങ്ങളെ ഭരിക്കുവാനുള്ള ആയുധമാണ് ശക്തി. അതിനാൽ ശക്തിയില്ലാത്ത ഒരു രാജാവും ഒരു സാധാരണക്കാ

രന്നും തമ്മിൽ വലിയ വ്യത്യാസമൊന്നുമുണ്ടായിരിക്കുക യില്ല. സ്വന്തം കല്പനകളെ അനുസരിപ്പിക്കുവാൻ ശക്തിയില്ലാത്ത ആയാറംക്കു ജനങ്ങളെ ഭരിക്കുവാൻ സാധിക്കുകയില്ല.

ന്യായവാദത്തിൻെറ രണ്ടാമത്തെ സിദ്ധാന്തം 'ഷു' അഥവാ പ്രായോഗികഭരണമാണു്. ഈ സിദ്ധാന്തം ആവിഷ്ക്കരിച്ചതു് ഷെൻപൂഹെ എന്ന ആചാര്യനായിരുന്നു. ഒരു ശാസകൻ പ്രജകളെ സ്വതാല്പര്യസിദ്ധിക്കുവേണ്ടി ഉപയോഗിക്കുന്നതിന്നു് അംഗീകരിക്കുന്ന ഭരണതന്ത്രം അഥവാ രാഷ്ട്രതന്ത്രമാണു് ഷു. പ്രസ്തുത രാഷ്ട്രീയതന്ത്രങ്ങറം ഫലപ്രദമായി നടപ്പിലാക്കുമ്പോറം ധാമ്മികമൂല്യങ്ങളെപ്പററി അത്ര ഗൌനിക്കാറില്ല. അതിനാൽ അവയിൽ ചിലവ നിർദ്ദയവും നിഷ്ഠൂരവുമായിട്ടുള്ളതാണു്. എങ്കിലും ഒരു നല്ലഗവമ്മേണ്ടിൻെ നിലനില്പിന്നു് അത്യന്താപേക്ഷിതമായിട്ടുള്ള നേട്ടങ്ങറം ഉണ്ടാവുന്നുണ്ടുതാനും. ഉദാഹരണമായി ചിൻ ഭരണകത്താവു് അതിനിർദ്ദയമായ ചില മാൎഗ്ഗങ്ങറം അവലംബിച്ചതുകൊണ്ടാണു് സ്വരാജ്യത്തിലെ ജനങ്ങളെ നിയന്ത്രിക്കുവാനും അയൽപക്കത്തുള്ള യുദ്ധക്കൊതിയരായ സ്റ്റേററുകളെ കീഴടക്കുവാനും അദ്ദേഹത്തിന്നു സാധിച്ചതു്. എന്നാൽ അതേ മാൎഗ്ഗങ്ങറം പിന്തുടൎന്നുകൊണ്ടുതന്നെയായിരുന്നു ഭരണകാര്യത്തിൽ സ്വേച്ഛാധിപത്യമനോഭാവം വളൎന്നുവന്നതും ജനങ്ങറംക്കു് അസഹനീയമായ അടിമത്തം അനുഭവിക്കേണ്ടിവന്നതും അന്യരാജ്യങ്ങളെ അടക്കിഭരിക്കാനുള്ള ആസക്തി ഉണ്ടായിത്തീൎന്നതും.

ന്യായവാദികളുടെ മൂന്നാമത്തെ സിദ്ധാന്തം 'ഫാ' എന്ന പേരിൽ അറിയപ്പെടുന്നതാകുന്നു. ഷാങ്ങ്പ്രഭു എന്ന പേരിൽ വിഖ്യാതനായിത്തീൎന്ന ഷാങ്ങ്യാങ്ങ് പ്രസ്തുത ആയുധമേന്തീട്ടാണു് ചിൻ സ്റ്റേററിൽ ശക്തിയും പ്രശസ്തിയും ആൎജ്ജിച്ചതു്. അദ്ദേഹം മന്ത്രിയായിരുന്ന കാലത്തു് വളൎന്നുവരുന്ന പ്രസ്തുത സ്റ്റേററിൽ നിരവധി പരിഷ്ക്കരണങ്ങൾ നടപ്പിലാക്കി. പിതൃസത്താത്മകമായ കുടുംബവ്യവസ്ഥയെ ഛിന്നഭിന്നമാക്കിത്തീൎത്തു് അദ്ദേഹം ജനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും ഗവൎമ്മേണ്ടിന്റെ ശക്തിയെ പ്രതിഷ്ഠിതമാക്കിത്തീൎക്കുകയും ചെയ്തു. കൃഷിക്കാൎക്കുണ്ടായിരുന്ന പ്രത്യേകാനുകൂല്യങ്ങളെ നിൎത്തൽ ചെയ്യുകയും തരിശുനിലങ്ങൾ കൃഷിചെയ്യിക്കുകയും ചെയ്തു് അദ്ദേഹം ഖജാനയിലെ പണം വൎദ്ധിപ്പിച്ചു. സമ്മാനങ്ങളും ശിക്ഷകളും നല്കി പട്ടാളസൎവ്വീസിനെ അദ്ദേഹം സുശക്തമാക്കിത്തീൎത്തു. സൎവ്വജനങ്ങളേയും ബാധിക്കുന്ന പുതിയ കുറെ നിയമങ്ങൾ നടപ്പിൽ വരുത്തിയതായിരുന്നു അദ്ദേഹം ആൎജ്ജിച്ച ഏററവും വലിയ നേട്ടം. പ്രസ്തുത നിയമങ്ങൾ നടപ്പിൽ വരുത്തിയതു് ഏററവും കണിശമായിട്ടായിരുന്നു. ആ അവസരത്തിൽ യുവരാജാവു് അച്ചടക്കമില്ലാതെ എന്തോ പ്രവൎത്തിച്ചപ്പോൾ അദ്ദേഹത്തിന്റെ അദ്ധ്യാപകനെ ചൂടുവെയ്ക്കുവാൻപോലും ഷാങ്ങ്യാങ്ങ് മടിച്ചില്ല. രണ്ടാമതും യുവരാജാവു് തെററു പ്രവൎത്തിച്ചപ്പോൾ നിസ്സഹായനായ അദ്ധ്യാപകന്റെ മൂക്കു മുറിച്ചു. അങ്ങിനെ അഞ്ചുകൊല്ലക്കാലത്തെ ഭരണംകൊണ്ടു് ചിൻ സ്റ്റേററിനെ ഏററവും ശക്തിയുള്ള ഒരു രാജ്യമാക്കിത്തീൎത്തു

അദ്ദേഹം. അയൽപക്കത്തുള്ള എല്ലാസ്റ്റേററുകളിലും വെച്ച് കൂടുതൽ വ്യവസ്ഥിതമായ ഒരു ഭരണക്രമമായിരുന്നു അവിടെയുണ്ടായിരുന്നത്. എന്നാൽ നിയമങ്ങൾ നടപ്പിൽ വരുത്തുമ്പോൾ അനുവത്തിച്ചുവന്ന കക്ശത്വം കാരണമായി ഷാങ്ങ്‌യാങ്ങിനു് നിരവധി ശത്രുക്കൾ ഉണ്ടായി. രാജാവിൻെറ മരണശേഷം യുവരാജാവു് സിംഹാസനാരൂഢനായ ഉടൻതന്നെ അദ്ദേഹത്തെ മന്ത്രിപദത്തിൽനിന്നു് പുറത്താക്കുകയും രാജ്യദ്രോഹകുററം ചുമത്തി വധശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. രഥചക്രങ്ങളുടെ അടിയിൽ കിടത്തി ഞെരിച്ചിട്ടാണു് അദ്ദേഹത്തെ വധിച്ചതു്.

വിജിഗീഷുവും നിർദ്ദയനും എന്നാൽ ബുദ്ധിമാനുമായ ആ രാജതന്ത്രജ്ഞൻ ഒരു രാഷ്ട്രീയഗ്രന്ഥം എഴുതീട്ടുണ്ടെന്നു് ഭാവിതലമുറകൾ വിശ്വസിച്ചു. അദ്ദേഹം സ്വന്തമായി അങ്ങിനെയൊരു ഗ്രന്ഥം എഴുതുവാൻ സാദ്ധ്യതയില്ലെങ്കിൽക്കൂടി 'ഷാങ്ങ് പ്രഭുവിൻെറ ഗ്രന്ഥം' എന്നപേരിൽ അറിയപ്പെടുന്ന പുസ്തകത്തിൽ അദ്ദേഹത്തിൻെറ അഭിപ്രായങ്ങളേയും നയങ്ങളേയും വിവരിച്ചിട്ടുണ്ട്. രാഷ്ട്രീയമായ ആകാംക്ഷകളെക്കുറിച്ച് ഹൃദയസ്പൃക്കായ ഒരു വിവരണം പ്രസ്തുത പുസ്തകത്തിൽ നല്കിയതായി കാണുന്നു. കേന്ദ്രീകൃതമായ പട്ടാളഭരണം അന്യരാജ്യങ്ങളെ കീഴടക്കിഭരിക്കുന്നതിനു് അത്യന്താപേക്ഷിതമാണെന്നു് അതിൽ സമത്ഥിക്കുന്നുണ്ട്. ഈ ലക്ഷ്യം സാധിക്കുവാൻ ജനങ്ങൾ നല്ല കഷികരും നല്ല പട്ടാളക്കാരും ആയിത്തീരണമെന്നു് അദ്ദേഹം പറയുന്നു. സമാധാനകാലത്തു് വ്യ

മ്പിച്ച തോതിൽ കൃഷിയുല്പന്നങ്ങൾ ഉണ്ടാക്കുകയും യുദ്ധം ആരംഭിച്ചാൽ സൈനികസേവനം നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ചൈനീസ് രാഷ്ട്രീയചിന്താമണ്ഡലത്തിലേയ്ക്കു് ഷാങ്ങ് യാങ്ങ് ചെയ്ത ഏററവും വലിയ സംഭാവന നിയമത്തിൻെറ ദൃഷ്ടിയിൽ എല്ലാവരും സമന്മാരാണെന്ന സിദ്ധാന്തമാണ്. സൈദ്ധാന്തികമായും പ്രായോഗികമായും ഇതു് അദ്ദേഹം നടപ്പിൽവരുത്തി. പ്രത്യേകാനുകൂല്യങ്ങൾ ആക്കുംതന്നെ നൽകപ്പെട്ടിരുന്നില്ല. ബന്ധുക്കളേയും മിത്രങ്ങളേയും എല്ലാം സമമായിട്ടാണ് അദ്ദേഹം കരുതിയതു്. അങ്ങിനെ ചിൻ സ്റ്റേററിൻെറ രാഷ്ട്രീയാഭിലാഷങ്ങളെ വളർത്തിക്കൊണ്ടുവന്നതോടൊപ്പംതന്നെ അദ്ദേഹം ന്യായവാദത്തിന്നു് മററുള്ള എല്ലാ ദർശനശാഖകളേയും കീഴടക്കുന്നതിന്നുള്ള ശക്തിയെ പ്രദാനംചെയ്തു.

## ന്യായവാദസിദ്ധാന്തങ്ങളുടെ സമന്വയം

ന്യായവാദദർശനത്തിൻെറ ഉപജ്ഞാതാക്കളായ രണ്ടു സുപ്രസിദ്ധദാർശനികന്മാർ കങ്ങ് പണ്ഡിതനായ സുൻചിങ്ങിൻെറ ശിഷ്യരായിരുന്നു എന്നതാണ് ഏററവും വിചിത്രമായ ഒരു സംഗതി. ലാൻലിങ്ങിലെ മജിസ്ട്രേട്ടായിരുന്നകാലത്തു് സുൻചിങ്ങിന്നു് രണ്ടു ശിഷ്യന്മാരുണ്ടായിരുന്നു. ഹാൻഫിയും ലീസ്സെയും. ആദ്യത്തെ ആൾ ഒരു ന്യായവാദസൈദ്ധാന്തികനായിത്തീൻ. രണ്ടാമത്തെ ആൾ ഒരു ഭരണകർത്താവും. കങ്ങ്പ്രസ്ഥാനത്തിൽ നിന്നു് ന്യായവാദദാർശനികന്മാർ ഉണ്ടാവുക എന്നതു് അ

സംഭാവ്യമായിത്തോന്നിയേക്കാമെങ്കിലും മാസ്റ്റർ സുന്നി ൻെറ പ്രാമാണികതാബോധം ശിഷ്യന്മാരുടെ ഇടയിൽ കൂടുതൽ അധികാരപ്രമത്തരായ ആളുകളെ സൃഷ്ടിക്കുവാൻ പര്യാപ്തമായിരുന്നു. സുശക്തമായ ഒരു ഭരണകൂടത്തെ സൃഷ്ടിക്കുന്നതിന്നു് കാര്യക്ഷമമായ നിയമക്രമങ്ങളിലൂടെ പ്രവത്തിക്കുന്നതാണു് മതാചാരങ്ങളേയും സംഗീതത്തേയും ആശ്രയിച്ചുനില്ക്കുന്നതിനേക്കാൾ ഫലപ്രദമായിട്ടുള്ളതെന്നു് അവരിൽ ചിലക്കു തോന്നി. അതിനുംപുറമെ മനുഷ്യപ്രകൃതിയെ സംബന്ധിച്ചുള്ള മാസ്റ്റർ സുന്നിൻെറ അഭിപ്രായം, മനുഷ്യരുടെ കുററംചെയ്യാനുള്ള ആന്തരിക ചോദനങ്ങളെ നിയമത്തിൻെറ ശക്തികൊണ്ടു് അമത്തുകയല്ലാതെ മററു മാർഗ്ഗങ്ങളില്ലെന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ അദ്ദേഹത്തിൻെറ ശിഷ്യന്മാക്കു് മനശ്ശാസ്ത്രപരമായ ഒരു പശ്ചാത്തലമായിട്ടുണ്ടായിരിക്കണം.

ഹാൻഫി ശാക്തികരാജ്യതന്ത്രത്തിൻെറ സമത്ഥനായ ഒരു പ്രവാചകനായിരുന്നു. ഹാൻസ്റ്റേററിലെ ഒരു കുലീനകുലജാതനായിരുന്നു അദ്ദേഹം. സ്വാഭാവികമായി എല്ലാം തുച്ഛമായിക്കണ്ടിരുന്ന അദ്ദേഹം തൻെറ ആദശങ്ങളെ എഴുതുവാനും പ്രചരിപ്പിക്കുവാനും തുടങ്ങി. 'വിവിക്തമായ രോഷം' 'അഞ്ചു ക്ഷുദ്രജീവികൾ' എന്നീ അദ്ദേഹത്തിൻെറ രണ്ടു ലേഖനങ്ങൾ ചിൻ സ്റ്റേററിലെ യുവരാജാവായ ചെങ്ങ് വായിക്കുകയും ആയാൾക്കു് തൽകത്താവിനെ അറിയുന്നതിന്നു് ഔത്സുക്യമുണ്ടാവുകയും ചെയ്തു. ചിൻ രാജസഭയിലെ ഒരു ഉദ്യോഗസ്ഥനും ഹാൻഫിയുടെ സഹപാഠിയുമായ-ലീസ്സെ അതു് ഹാൻഫിയുടെ ലേഖ

ന്തങ്ങളാണെന്നു് യുവരാജാവിനെ അറിയിച്ചു. പിന്നീടു് ഹാൻരാജാവു് ഹാൻഫിയെ ചിൻ സ്റ്റേററിലേയ്ക്കു് ഒരു സൌഹാർദ്ദസന്ദർശനത്തിന്നയച്ചപ്പോൾ അദ്ദേഹത്തിന്നവിടെ ഹൃദയംഗമമായ ഒരു സ്വീകരണമാണു് ലഭിച്ചതു്. രാജാവിന്നു് ഹാൻഫിയോടുള്ള ബഹുമാനം കണ്ടപ്പോൾ ലീസ്സെ ഉൾപ്പെടേയുള്ള ഉദ്യോഗസ്ഥന്മാർക്കെല്ലാം ഈർഷ്യ തോന്നി. അവർ ചെങ്ങ് രാജാവിനോടു് അദ്ദേഹത്തെപ്പററി പല നുണകളും പറഞ്ഞു. അങ്ങിനെ ബഹുമാന്യനായ ആ സന്ദർശകനെ വഞ്ചനക്കാർ ചുമത്തി തടവിലിടുകയും ചെയ്തു. അവിടെവെച്ചു് തൻെറ സഹപാഠിയിൽനിന്നു് ഹാൻഫിക്കു് ഒരു വിഷപ്പൊതിയും ആത്മഹത്യചെയ്യാനുള്ള കല്പനയും ലഭിച്ചു. അങ്ങിനെ തടവിൽവെച്ചു് ദയനീയമായി മരിച്ച ആ മനുഷ്യൻെറ ദാർശനികാഭിപ്രായങ്ങളെ സുശക്തമായ ചിൻ സ്റ്റേററിലെ ഭാവി തലമുറ ആദരിക്കുകയും പഠിക്കുകയും ചെയ്തുവന്നു.

ബി. സി. നാലും മൂന്നും നൂററാണ്ടുകളിലെ ന്യായവാദസിദ്ധാന്തങ്ങളുടെ സമന്വയമാണു് ഹാൻഫിയുടെ ഗ്രന്ഥത്തിൽ നാം കാണുന്നതു്. ഷെൻടോവിൻെറ ഏകശാസനാധികാരപ്രമാണത്തേയും ഷാങ്ങ്യാങ്ങിൻെറ സുശക്തമായ ഭരണകൂടത്തേയും ഹാൻഫി വിവരിച്ചിട്ടുണ്ടെങ്കിലും ഷെൻപൂഹേയുടെ ഭരണതന്ത്രത്തോടാണു് അദ്ദേഹം കൂടുതൽ ആകൃഷ്ടനായിരുന്നതു്. 'ചെങ്കോൽ പിടിക്കുന്ന കല' എന്നാണു് അദ്ദേഹം അതിനെ സംബോധന ചെയ്തതു്. രാജാവും മന്ത്രിമാരും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് വിവരിച്ച കൂട്ടത്തിൽ രാജാവിനെ സ

ർവ്വാധീശനായും രാജാവിൻെറ ശക്തിയെ അനപേക്ഷമായും അംഗീകരിച്ചിരുന്ന ഹാൻഫി ഒരു ഭരണാധിപന്നു് രണ്ടു വിഷയങ്ങളിൽ നിശിതമായ നിയന്ത്രണാധികാരം ഉണ്ടായിരിക്കണമെന്നു് നിർദ്ദേശിക്കുകയുണ്ടായി. പ്രശംസാപാടവവും അനുശാസനവുമാണു് അവ. ഒന്നാമത്തേതുകൊണ്ടു് ശാസകന്നു് ഉദ്യോഗസ്ഥന്മാരുടെ പരിപൂർണ്ണമായ പിൻതുണ ലഭിക്കുന്നു. രണ്ടാമത്തേതു് അച്ചടക്കലംഘനം ചെയ്യുന്നവരെ കഠിനമായി ശിക്ഷിക്കുവാനുള്ളതാണു്.

ഒരു യഥാർത്ഥന്യായവാദിയായ ഹാൻഫി നിയമത്തിൻെറ ദൃഷ്ടിയിൽ ഏററവും താഴ്ന്നവനും ഏററവും ഉയർന്നവനും ഒരുപോലെയായിരിക്കണമെന്നു വാദിച്ചു. അദ്ദേഹം പറഞ്ഞു:—"മന്ത്രിമാർ തെററുചെയ്യുന്നതായാൽപ്പോലും അവൎക്കു് അതിന്നു് ശിക്ഷ ലഭിക്കുകതന്നെ വേണം. സാധാരണക്കാർ നന്മചെയ്യുകയാണെങ്കിൽ അവൎക്കതിനുള്ള പ്രതിഫലം തികച്ചും നൽകുകയും വേണം." എന്നാൽ ഹാൻഫിയുടെ അഭിപ്രായത്തിൽ നിയമത്തിന്നതീതനായി വർത്തിക്കുന്ന ഒരു വ്യക്തിയുണ്ടു്. രാജാവാണു് അതു്. നിയമനിർമ്മാണം ചെയ്യുന്നതു് അദ്ദേഹമാണു്. നിയമത്തെ നടപ്പിലാക്കാനുള്ള അധികാരവും അദ്ദേഹത്തിന്നു മാത്രമേയുള്ളു. അങ്ങിനെ തൻെറ രാഷ്ട്രീയസിദ്ധാന്തങ്ങളിൽ ഏകാധികാരശാസനത്തിന്നുവേണ്ടിയായിരുന്നു ഹാൻഫി നിലകൊണ്ടിരുന്നതു്. പ്രസ്തുത ശാസനം നിയമത്തെ അനുവർത്തിക്കുന്ന ഒരു ഭരണകൂടത്തിൽ അധിഷ്ഠിതമായിരിക്കണം. അതിൻെറ സുശക്തമായ നിലനി

ല്പിന്നു് സൈന്യശക്തി ആവശ്യമാണു്. അങ്ങിനെ ഏക ശാസനാധികാരമുള്ള ഒരു കേന്ദ്രീകൃതഭരണകൂടമാണു് ആദർശപരമായ ഒരു ഭരണകൂടമായി അദ്ദേഹം വിഭാവനം ചെയ്തതു്. നിയമത്തിന്നു് പരമാധികാരമുണ്ടായിരിക്കണം അവിടെ. സർവ്വാധീശശക്തികഠംകൊണ്ടു് യുദ്ധത്തേയും അവ്യവസ്ഥയേയും ഇല്ലാതാക്കാൻ കഴിയുമെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു.

## കങ്ങ്പണ്ഡിതന്മാർ തീച്ചൂളയിൽ

ഒരു ന്യായവാദിയായ തത്വശാസ്ത്രജ്ഞനും കങ്ങ്പണ്ഡിതനും തമ്മിലുള്ള വ്യത്യാസം ചീ സർവ്വകലാശാലയിലെ മൂന്നു അദ്ധ്യാപകന്മാർ തമ്മിൽ നടന്നതായി പറയപ്പെടുന്ന സംഭാഷണത്തിൽനിന്നു് വ്യക്തമാകുന്നുണ്ടു്.

ടീൻപീൻ ഒന്നാംതരം ഒരു പ്രാസംഗികനാണു്. സ്വർഗ്ഗത്തിൽനിന്നുവന്ന പ്രാസംഗികൻ എന്നാണു് ജനങ്ങഠം ആയാളെ വിളിക്കാറുള്ളതു്. ഒരു ദിവസം അയാഠം പ്രാചീന ചൈനീസ്ചരിത്രം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ അവസരത്തിൽ ഇങ്ങിനെ പറഞ്ഞു:—"യെയോവിൻെറ കാലം സമാധാനത്തിൻെറ കാലമായിരുന്നു." അയാഠം പറയുന്നതുകേട്ടിട്ടു് സങ്ങ്സിങ്ങ് പറഞ്ഞു:—"ഋഷിരാജാക്കന്മാരുടെ ഭരണമായിരുന്നില്ലേ അതിനു കാരണം?"

അടുത്തുനിന്നിരുന്ന പെങ്ങ്മെങ്ങ് പറഞ്ഞു:—"അല്ല, ഋഷികഠം നിർമ്മിച്ച നിയമങ്ങളായിരുന്നു അതിന്ന കാരണം. ഋഷികളായിരുന്നില്ല."

മേൽപ്പറഞ്ഞ മൂന്നുപേരും ന്യായവാദികളോ കങ്ങ്പ്രസ്ഥാനത്തിൽ പെട്ടവരോ ആയിരുന്നില്ല. എങ്കിലും പെങ്ങ്മെങ്ങിൻേറയും സങ്ങ്സിങ്ങിൻേറയും വാക്കുകൾ രണ്ടു വ്യത്യസ്ത രാഷ്ട്രീയചിന്താഗതികളെ സൂചിപ്പിക്കുന്നു. കങ്ങ്പ്രസ്ഥാനക്കാർ ശാസകൻെറ വ്യക്തിത്വത്തിൻെറ സ്വാധീനതയ്ക്കാണു് പ്രാമാണ്യം നല്കുന്നതു്. എന്നാൽ ന്യായവാദികളാകട്ടെ സുശക്തവും കാര്യക്ഷമവുമായ നിയമങ്ങൾകൊണ്ടുമാത്രമെ ഒരു രാജ്യത്തെ നല്ലനിലയിൽ ഭരിക്കുവാൻ സാധിക്കുകയുള്ളുവെന്നു് വിശ്വസിച്ചു. പ്രസ്തുത നിയമങ്ങൾ ഒരിക്കൽ നടപ്പിൽ വരുത്തിക്കഴിഞ്ഞാൽപിന്നെ രാജാവിൻേറയൊ ശാസകൻേറയൊ സഹായമില്ലാതെത്തന്നെ അവ പ്രവർത്തിച്ചുകൊണ്ടിരിക്കും. ഈ സമ്പ്രദായത്തിന്നു് ഒരു വലിയ മെച്ചമുണ്ടു്. ഋഷിരാജാക്കന്മാർ വളരെ ദുർല്ലഭമായിട്ടെ ഉണ്ടാകാറുള്ളു. എന്നാൽ നിയമങ്ങൾ ഒരിക്കൽ നടപ്പിലായാൽപിന്നെ അവയെ അനുസരിക്കുന്ന എത്ര മോശക്കാരനായ രാജാവിന്നും നിർവ്വിഘ്നം ഭരണം നടത്തിക്കൊണ്ടുപോകാം. അതിനുംപുറമെ നിയമങ്ങൾ വ്യക്തിത്വസിദ്ധാന്തത്തിനെതിരാണു്. അതിനാൽ ഭരണകാര്യങ്ങളിൽ വ്യക്തികളുടെ കൈകടത്തലിന്നു് വളരെ ഭേദമുണ്ടാവും.

തന്നിമിത്തമായിരുന്നു ന്യായവാദികൾ കങ്ങ്പണ്ഡിതന്മാരുടെ ചരിത്രത്തിൻെറ പരിണാമരാഹിത്യസിദ്ധാന്തത്തെ അംഗീകരിക്കാതിരുന്നതു്. കങ്ങ്പണ്ഡിതന്മാരുടെ പാരമ്പര്യ്യാധീശത്വസിദ്ധാന്തത്തേയും അവർ അംഗീകരിച്ചില്ല. സാമൂഹ്യമായ പരിവർത്തനങ്ങൾ സം

ഭവിച്ചുകൊണ്ടിരിക്കുന്നേടത്തോളംകാലം സാഹമാൎയ്യങ്ങളു ടേയും ചുററുപാടുകളുടേയും വെളിച്ചത്തിലായിരിക്കണം രാജ്യകാൎയ്യങ്ങളെ നിയന്ത്രിക്കേണ്ടതെന്നു് അവർ വാദിച്ചു. പഴകി ജീൎണ്ണിച്ച ഒരു യുഗത്തിലെ അപ്രായോഗികസിദ്ധാ ന്തങ്ങളെ വെച്ചുപുലൎത്തിപ്പോരുകയും ദുൎബ്ബലമായ നിഗമ നങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നതിന്നുപകരം ഭൂത കാലവുമായിട്ടുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിച്ചു് വൎത്തമാനകാലത്തു് ജീവിക്കുവാനാണു് ന്യായവാദികൾ ആഹ്വാനംചെയ്യുന്നതു്. ആധുനികഭരണകൂടം പുരാത നകാലത്തുണ്ടായിരുന്ന അപരിഷ്കൃതരുടെ കുടുംബജീവിത ത്തിൻെറ മാതൃകയിൽ നടത്തുന്നതു് ശരിയായിരിക്കുകയി ല്ല. കുടുംബത്തിലെ കാരണവൻെറ ചുമതലകളും ഒരു ശാ സകൻെറ ചുമതലകളും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. അതിന്നുംപുറമെ കുടുംബത്തിൽ കാണപ്പെടുന്ന സ്നേഹം, സഹിഷ്ണുത മുതലായ ഗുണങ്ങളെ ഒരു ഭരണകൂടത്തിൽ നിലനിൎത്തുക സാദ്ധ്യവുമല്ല.

അതുകൊണ്ടു് എല്ലാ ജനങ്ങൾക്കും ഒരുപോലെയുള്ള നിയമങ്ങൾ ബാധകമായിരിക്കണം എന്നു് ന്യായവാദി കൾ സിദ്ധാന്തിക്കുന്നു. അങ്ങിനെ പ്രത്യേകാനുകൂല്യ ങ്ങൾ അനുഭവിച്ചുവരുന്ന പ്രഭുവൎഗ്ഗവുമായി അവൎക്കു് ഏ ററുമുട്ടേണ്ടിവരുന്നു. തന്നിമിത്തമാണു് ഷാങ്ങ് പ്രഭുവി ന്നു് കുററംചെയ്ത രാജകുമാരനെ ശിക്ഷിക്കേണ്ടിവന്നതു്. അതു് അദ്ദേഹത്തിൻെറ നാശത്തിന്നു് കാരണമായിത്തീ രുകയും ചെയ്തു. എന്നാൽ നിൎഭയനായ ആ മഹാമന്ത്രി വിതച്ച ന്യായവാദത്തിൻെറ വിത്തു് ചീൻ ഭൂമിയിൽ മുള

ച്ചുവേർ പിടിച്ചു. തൽഫലമായി അധികംതാമസിയാതെ പ്രസ്തുത സ്റ്റേററിൽ ഒരു ഏകാധിപത്യശാസനവ്യവസ്ഥ ഉടലെടുക്കുകയും അതു് പ്രഭുവർഗ്ഗത്തിൻെറ രാഷ്ട്രീയവും സാമൂഹ്യവുമായ പ്രത്യേകാധികാരങ്ങളെ പിഴുതെറിയുകയും ചെയ്തു.

ന്യായവാദികൾ അവരുടെ സാമന്തവിരുദ്ധപ്രക്ഷോഭത്തിന്നിടയിൽ പുരാതനമായ നീതിശാസ്ത്രം, ആചാരശാസ്ത്രം, ചരിത്രം, സാഹിത്യം എന്നിവയെല്ലാം അടക്കമുള്ള സർവ്വപ്രസ്ഥാനങ്ങളേയും സമ്പ്രദായങ്ങളേയും വെറുത്തു. മാസ്റ്റർ കങ്ങിന്നു് അത്യന്തം പ്രിയംകരങ്ങളായിരുന്നു അവ. ന്യായവാദികളുടെ അഭിപ്രായത്തിൽ അക്കാലത്തു് 10 തിന്മകളായിരുന്നു ഉണ്ടായിരുന്നതു്. അപത്യതാസിദ്ധാന്തം, സാഹോദര്യഭാവം, കാവ്യം, സംഗീതം, ആചാരം എന്നിവയെ എല്ലാം അവർ അതിൽ ഉൾപ്പെടുത്തി. ഇവയെല്ലാംതന്നെ അപ്രായോഗികമോ ജനങ്ങൾക്കു് കൊള്ളരുതാത്തതോ ആണെന്നു് അവർ വിധിച്ചു. കൂടുതൽ ഭക്ഷ്യോല്പാദനം ചെയ്യുകയും ധീരധീരം പടപൊരുതുകയുമാണു് ജനങ്ങളുടെ പ്രവൃത്തി എന്നവർ സിദ്ധാന്തിച്ചു.

അങ്ങിനെ കങ്ങ് പണ്ഡിതന്മാർ തീച്ചൂളയിൽ പെട്ടുപോയി. എല്ലാ പ്രസ്ഥാനങ്ങളോടും പ്രതികാരബുദ്ധിയുണ്ടായിരുന്നുവെങ്കിലും ന്യായവാദികൾ പ്രത്യേകമായി എതിർത്തതു് ജു അനുയായികളെയായിരുന്നു. വ്യവസായികൾ, ശില്പികൾ, കലാകാരന്മാർ എന്നിങ്ങിനേയുള്ളവരായിരുന്നു അവരിൽ അധികവും. മടിയന്മാരായ പത്ത

വർഗ്ഗക്കാരുടെ ഇടയിൽപ്പെട്ടവരും നശിപ്പിക്കപ്പെടേണ്ടവരും ആണെന്ന് അവരെന്നു് വിധിക്കപ്പെട്ടു. കണ്ഫ്യൂഷൻ പണ്ഡിതന്മാർ മുഖസ്തുതിപാഠകന്മാരും അന്യരെ ആശ്രയിച്ചുകഴിയുന്നവരും അനാവശ്യമായി സംസാരിച്ചു് അന്യരുടെ സമയത്തെ ദൂഷണം ചെയ്യുന്നവരും ആണെന്നു് കുററപ്പെടുത്തി. അതിനുംപുറമെ സമുദായത്തിന്നു് ആപൽക്കാരികളാണു് അവർ. രാജ്യത്തിൻെറ വിഭവങ്ങൾ അനുഭവിച്ചു് ജീവിക്കുന്ന അവർ രാജ്യത്തിൻെറ നന്മയ്ക്കുവേണ്ടി യാതൊന്നുംതന്നെ ചെയ്യുന്നില്ലെന്നു മാത്രമല്ല ഉച്ചത്തിൽ വാദകോലാഹലം മുഴക്കി ആളുകളെ തെററിദ്ധരിപ്പിക്കുകയുംകൂടി ചെയ്യുന്നു. അതിനാൽ ഹാൻഫിയുടെ 'വിവികതരോഷ' പ്രസ്ഥാനം അവരെ കുതാർക്കികന്മാരും മടിയന്മാരുമാണെന്നു് കുററപ്പെടുത്തി

## കാലഘട്ടത്തിൻെറ അവസാനം

ബുദ്ധിജീവികൾ തമ്മിൽ വലിയ കച്ചപ്പാടോടുകൂടി സമരം അങ്ങിനെ നടന്നുകൊണ്ടിരിക്കുമ്പോൾ രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരങ്ങൾ മൂത്തു് ഒരു ഭയങ്കരയുദ്ധത്തിനുള്ളകളം ഒരുങ്ങിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ആ യുദ്ധം വളരെ വ്യാഴവട്ടങ്ങളോളം നീണ്ടുനില്ക്കുകയും ഒടുവിൽ വടക്കുപടിഞ്ഞാറൻ സ്റ്റേററും പിന്നാണിപ്രദേശവുമായ ചിൻ വിജയിക്കുകയും ചെയ്തു. അങ്ങിനെ അതു് രാഷ്ട്രീയവും സൈനികവുമായ അധൃഷ്യശക്തിയുടെ സഹായത്തോടുകൂടി ചൈനയെ മുഴുവൻ ഏകീകരിച്ചു. ഭൂമിശാസ്ത്രപരമായി കുറ്റപ്പെട്ടുകിടക്കുന്ന ചിൻ രാജ്യത്തെ ചൈനീസ് ഫെഡറേ

ഷനിൽ അവസാനത്തെ രാജ്യമായിട്ടാണു് ചേർത്തതു്. എന്നാൽ മററു രാജ്യങ്ങളെ അപേക്ഷിച്ചു് നാഗരീകത്വം കുറഞ്ഞതായിരുന്നുവെങ്കിലും പാരമ്പൎയ്യത്തിന്റേയും പ്രതിബന്ധങ്ങളുടേയും ബന്ധനത്തിൽനിന്നു് അതു് മുക്തമായിരുന്നു. അങ്ങിനെ ന്യായവാദികളുടെ ഏകശാസനസമ്പ്രദായത്തോടു് മററു രാജ്യങ്ങളെ അപേക്ഷിച്ചു് കൂടുതൽ ആനുകൂല്യമുള്ളതായിരുന്നു അതു്. അതുകൊണ്ടാണു് ഷാങ്ങ് പ്രഭുവിന്റെ കാലത്തു് ചിൻ സ്റ്റേററിൽ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സാധിച്ചതും ആക്രമണമനോഭാവം വളൎത്തുന്ന നിയമങ്ങൾക്കു് പ്രാബല്യം ലഭിച്ചതും. അധികം താമസിക്കാതെ ബി. സി. മൂന്നാം നൂററാണ്ടിൽ ചിൻ സ്റ്റേററിനു് സുശക്തമായ ഒരു സൈന്യമുള്ളതായി നാം കാണുന്നു. കാൎയ്യക്ഷമമായ ഒരു ഭരണകൂടമായിരുന്നു അതിനെ നിയന്ത്രിച്ചിരുന്നതു്. അങ്ങിനെ ആ സൈന്യം വായുവേഗത്തിൽ മദ്ധ്യഭാഗത്തെ സമതലങ്ങളിലൂടെ മാൎച്ചു്ചെയ്തു് ശത്രുരാജ്യങ്ങളുടെ തലസ്ഥാനനഗരങ്ങളെ പിടിച്ചടക്കുവാൻവേണ്ടി ഉന്മത്തമായി പോരാടുന്നതു് നാം കാണുന്നു. ഒടുവിൽ ബി. സി. 221ൽ ചിൻ സ്റ്റേററിന്റെ ആഗ്രഹം സഫലമായിത്തീരുന്നു. ഹാൻ, ചെയോ, ചീ, വീ, ചൂ, യെൻ എന്നീ രാജ്യങ്ങൾ ചിൻ സ്റ്റേററിന്റെ മേൽക്കോയ്മയെ അംഗീകരിക്കുന്നു. ബി. സി. 256-ൽ ചൌ സ്റ്റേററിലെ അവസാനത്തെ രാജാവു് തന്റെ ത്യാഗങ്ങൾ നിഷ്ഫലമായി പരിണമിക്കുകയാണെന്നു കണ്ടു. അധികംതാമസിയാതെ അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു. അങ്ങിനെ ചൌ സ്റ്റേററും ചിൻ മേൽ

ക്രോയ്മയെ അംഗീകരിച്ചു. ചൌവിന്റെ പതനത്തോടു കൂടി അതിന്റെ അധികാരശക്തിയുടെ പ്രതീകമായ ഫ്യൂഡലിസവും ഔദ്യോഗികമായി അവസാനിക്കുന്നതായിട്ടാണു് നാം കാണുന്നതു്. അങ്ങിനെ ചൈനയിലെ ഒന്നാമത്തെ ചക്രവർത്തിയായ ചെങ്ങ് രാജാവു് സ്ഥാനാരോഹണം ചെയ്തതുതൊട്ടു് ചൈനീസ് ചരിത്രത്തിൽ ഒരു നവീനയുഗം ആവിർഭവിക്കുന്നു.

ചരിത്രപ്രധാനമായ പ്രസ്തുത വിജയത്തിന്നു കാരണഭൂതൻ ചിൻസ്റ്റേററിലെ പ്രധാനമന്ത്രിയും രാജതന്ത്രജ്ഞനും ഹാൻഫിയുടെ സഹപാഠിയും ആയ ലീസ്സേ ആയിരുന്നു. അദ്ദേഹം ഒരു പണ്ഡിതനായിരുന്നില്ലെങ്കിലും സമർത്ഥനായ ഒരു ഭരണകർത്താവായിരുന്നു. ഒരു തികഞ്ഞ യാഥാർത്ഥ്യവാദിയും അക്ഷോഭ്യനും ദീർഘദർശിയും നിർഭയനമായിരുന്നു ലീസ്സേ. ഷാങ്ങ് പ്രഭുവിന്നുശേഷം ചിൻസ്റ്റേററിനെ ഭരിച്ച ഏററവും വലിയ രാജ്യതന്ത്രജ്ഞൻ ലീസ്സേ ആയിരുന്നു. ഗുണമായാലും ശരി ദോഷമായാലും ശരി, അദ്ദേഹത്തിന്നുണ്ടായിരുന്ന സ്വാധീനശക്തി മറെറാരു ഭരണാധിപനും ഉണ്ടായിട്ടില്ല. ഒന്നാമത്തെ ചക്രവർത്തിയുടെ സഹായത്തോടുകൂടി ലീസ്സേ ചൈനീസ് സമുദായത്തിൽ അടിസ്ഥാനപരമായ പല മാററങ്ങളും ഉണ്ടാക്കി. തൽഫലമായി നവീനസാമ്രാജ്യത്തിൽനിന്നു ഫ്യൂഡലിസം വേരോടെ പിഴുതെറിയപ്പെട്ടു.

ഫ്യൂഡൽവ്യവസ്ഥയ്ക്കെതിരായി ലീസ്സേ നടപ്പിൽ വരുത്തിയ പദ്ധതികളിൽ കാര്യക്ഷമമായ ഒരു സൈന്യ

ത്തിൻെറ സഹായത്തോടുകൂടി നടത്തുന്ന സുശക്തമായ ഒരു കേന്ദ്രഗവമ്മേണ്ടു സ്ഥാപിക്കൽ, പ്രഭുത്വവാഴ്ചയുടെ സ്ഥാനത്തു് പരിശീലനംസിദ്ധിച്ച ഒരു സ്വേച്ഛാധിപത്യത്തെ നടപ്പിലാക്കൽ, അളവുകളും തൂക്കങ്ങളും വാഹനങ്ങളും റോഡുകളും പ്രമാണീകരിക്കൽ മുതലായവ ഉൾപ്പെട്ടിരുന്നു. എന്നാൽ ഏററവും പ്രധാനമായതു് സാമ്രാജ്യവിഭജനമായിരുന്നു. അർദ്ധസ്വതന്ത്രപ്രദേശങ്ങളായിട്ടല്ല വിഭജിക്കപ്പെട്ടതു്. സുവ്യക്തമായ ഭരണഘടകങ്ങളായിട്ടായിരുന്നു. ഓരോ ഘടകവും കേന്ദ്രം നിശ്ചയിക്കുന്ന പരമ്പരാഗതനല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ഭരിച്ചു. രാജ്യത്തെ അറുപത്താറു സൈന്യമേഖലകളായിത്തിരിച്ചു. അവയിൽ ഓരോന്നും നിരവധി ചെറുഘടകങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു. അങ്ങിനെ ഭരണഘടകങ്ങളുടെ പ്രസ്തുത സ്ഥാപനങ്ങൾ ചൗ വ്യവസ്ഥയിൽനിന്നുള്ള അടിസ്ഥാനപരമായ ഒരു വ്യതിയാനമായിരുന്നു. പ്രഭുവർഗ്ഗത്തിനുണ്ടായിരുന്ന ഭൂമിയുടമാവകാശത്തെ നിശ്ശേഷം നിർത്തലാക്കിയതോടുകൂടി ഫ്യൂഡൽവ്യവസ്ഥ നിർജ്ജീവമായിത്തീന്നു. അങ്ങിനെ ഒരു ലക്ഷത്തിഇരുപതിനായിരം ചൈനീസ്പ്രഭുക്കന്മാർ അവരുടെ ഭൂമിമുഴുവൻ ഗവമ്മേണ്ടിന്നു വിട്ടുകൊടുത്തു. മാത്രമല്ല അവരുടെ സ്വകാര്യാവശ്യങ്ങൾക്കായി കൈവശംവെച്ചിരുന്ന എല്ലാ ആയുധങ്ങളും പിടിച്ചെടുക്കുകയും ചക്രവർത്തിയുടെ ആയുധപ്പുരയിൽ കൊണ്ടുവന്നു നിറയ്ക്കുകയും ചെയ്തു. അങ്ങിനെ പുരാതനചൈനയിലെ ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥ അതിനു കിട്ടിയ അവസാനത്തെ അടിയിൽനിന്നു പിന്നീടൊരിക്കലും തലപൊന്തിക്കുകയുണ്ടായില്ല.

## മാരകമായ ഒരു വിരുന്നുസല്ക്കാരം

ലിസ്സേയുടെ പ്രേരണയോടുകൂടി ഒന്നാമത്തെ ചൈനീസ്ചക്രവത്തി ഭൂതകാലത്തിൻെറ നേട്ടങ്ങളെ നശിപ്പിച്ചുകൊണ്ടിരുന്നപ്പോഴും അദ്ദേഹമൊന്നിച്ച് 'മഹത്തായ വിദ്യ' പഠിച്ച എഴുപതു പണ്ഡിതന്മാർ ഉണ്ടായിരുന്നു. അവക്ക പോഷി അഥവാ ആസ്ഥാനവിദ്വാന്മാർ എന്ന സ്ഥാനപ്പേരു് നല്കി. പ്രസ്തുത വിദ്വാന്മാരെ തൻെറ സദസ്സിൽ നിശ്ചയിച്ചതു് സംസ്കാരത്തിൻെറ വെളിച്ചം കെടാതെ കത്തിച്ചുകൊണ്ടിരിക്കുന്നതിന്നായിരുന്നു. ഗ്രേറവുകളുടെ വിലയനം അതിന്നു് ഒരു വലിയ ഭീഷണിയായി നിലകൊണ്ടിരുന്നു. ലിസ്സേയുടെ വ്യക്തിപരമായ വിജയം ന്യായവാദത്തിൻെറ വിജയമായിരുന്നുവെങ്കിലും മററു ദശ്നശാഖകളേയും വളരുന്നതിന്നു് അദ്ദേഹം അനുവദിച്ചു. ചിൻ സാമ്രാജ്യത്തിൽ അവ വളന്നുവരാൻ തുടങ്ങുകയും ചെയ്തു. അതിനു കാരണം ഷൻയൂഹേ എന്ന ഒരു കണ്ട് പണ്ഡിതൻെറ പുരാതനചൈനീസ്സംസ്കാരം അധഃപതിച്ചുപോയതിലുള്ള പ്രതിഷേധമായിരുന്നു. ഈ പ്രതിഷേധം വളരെ കുഴപ്പങ്ങൾക്ക കാരണമാക്കി.

അതിങ്ങിനെയാണു് സംഭവിച്ചതു്. താൻ ചക്രവത്തിയായതിൻെറ 34-ാമത്തെ കൊല്ലം അതായതു് ബി. സി. 213-ൽ തലസ്ഥാനമായ സീൻയാങ്ങിൽവെച്ച ചക്രവത്തി ഒരു വിരുന്നുസല്ക്കാരം നടത്തി. ഭേദപ്പെട്ട എല്ലാവരേയും അതിനു ക്ഷണിച്ചിരുന്നു. അന്നുതന്നെയായിരുന്നു ച്ക്രവത്തിയുടെ ജന്മദിനവും. ആസ്ഥാനവിദ്വാ

ന്മാർ എഴുപതുപേരും ചക്രവർത്തിക്കു ദീർഘായുസ്സ നേരുന്നതിന്നായി മുന്നോട്ടുവന്നു. ഇത്തരം ആഘോഷങ്ങൾ നടക്കുമ്പോൾ ധാരാളമായി അനുമോദനപ്രസംഗങ്ങൾ ചെയ്യുക എന്നതു് അന്നത്തെ ഒരു പതിവായിരുന്നു. അങ്ങിനെ പ്രസംഗം ചെയ്തവരിൽ ഒരു ദർബാറി ചക്രവത്തിയുടെ വമ്പിച്ച നേട്ടങ്ങളിൽ അദ്ദേഹത്തെ അനുമോദിച്ചു. വിശേഷിച്ചും അവ്യവസ്ഥിതമായിരുന്ന ഫ്യൂഡൽ സ്റ്റേറ്റുകളെ സുസംഘടിതവും സുശക്തവുമായ സൈനികമേഖലകളാക്കി രൂപാന്തരപ്പെടുത്തി കേന്ദ്രഗവമ്മേണ്ടിന്റെ കീഴിലാക്കിയതിന്നു് അദ്ദേഹത്തെ അഭിനന്ദിച്ചു. ആയാൾ ഒടുവിൽ ഇങ്ങിനെ പറഞ്ഞു:—"ഈ നേട്ടത്തിന്റെ മധുരഫലം അനുഭവിക്കുവാൻ പോകുന്നതു് ഭാവി തലമുറകളാണു്. പുരാതനന്മാക്കു് അങ്ങു ചെയ്തതുപോലെ ഒരു മഹൽകൃത്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല."

ഇതുകേട്ടപ്പോൾ ചക്രവത്തിക്കു വളരെ സന്തോഷമായി. എന്നാൽ ആസ്ഥാനവിദ്വാന്മാരിൽ ഒരാളായ ഷൻയുഹേ ദർബാറിയുടെ പ്രസംഗത്തിൽ പ്രതിഷേധം രേഖപ്പെടുത്തുന്നതിന്നായി മുമ്പോട്ടുവന്നു. രാജാവിനെ സംബോധനചെയ്തുകൊണ്ടു് ആയാൾ പറഞ്ഞു:—"ഷാങ്ങ്‌വംശവും ചൌ വംശവും ഒരു സഹസ്രാബ്ദകാലത്തോളം രാജ്യഭരണം നടത്തി. അന്നത്തെ രാജാക്കന്മാർ അവരുടെ മക്കൾക്കും സഹോദരന്മാക്കും പ്രധാനമന്ത്രിമാക്കും ഭൂമിയും സ്വത്തും നല്കിയിരുന്നതു് രാജാവിനെ സഹായിച്ചിരുന്നു എന്നതുകൊണ്ടാണെന്നു് ഇവിടെ ഒരു ദർബ്ബാറി പറയുന്നതു കേട്ടു. ഇന്നു് അങ്ങു് ഈ ലോക

ത്തിലുള്ള എല്ലാ വസ്തുക്കളും ഉപലഭ്യമാണു്. എന്നാൽ അങ്ങയുടെ മക്കളും സഹോദരന്മാരും സാധാരണക്കാരേപ്പോലെ കഴിയുന്നു. സംഗതിവശാൽ ഇനിയും വല്ല യുദ്ധവും ഉണ്ടാവുകയാണെങ്കിൽ പ്രജകളായ ഞങ്ങൾക്കു് രക്ഷാമാൎഗ്ഗങ്ങളില്ലാതെ അങ്ങയോട്ടു് വന്നു് സഹായമഭ്യൎത്ഥിക്കുന്നതിന്നു് എങ്ങിനെ സാധിക്കും? ദീൎഘകാലത്തേയ്ക്കു നിലനില്ക്കേണ്ടതായ എല്ലാംതന്നെ പുരാതനസമ്പ്രദായങ്ങളനുസരിച്ചല്ലാതെ ചെയ്യുന്നതു് അങ്ങയുടെ വിനീതദാസൻ ഇതിലകത്തു കേൾക്കുകപോലും ചെയ്തിട്ടില്ല."

ചക്രവൎത്തി ഈ വിമൎശനത്തെ തൻെറ ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ വെച്ചു. ഒന്നാമത്തെ കൌൺസിലറായ ലീസ്സേ അതിന്നു താഴെപറയുംപ്രകാരം വിധി നല്കി.

"അഞ്ചു ചക്രവൎത്തികൾ ഒരുപോലെ പ്രവൎത്തിക്കുകയില്ല. മൂന്നു വംശങ്ങളുടെ പ്രവൎത്തികൾ ഒന്നായിരിക്കുകയുമില്ല. കാരണം കാലാനുസൃതം ഗവൎമ്മേണ്ടിൻെറ രൂപങ്ങൾക്കു് മാററമുണ്ടായിക്കൊണ്ടിരിക്കുന്നു. പുരാതനകാലത്തുണ്ടായിരുന്ന സാമന്തപ്രഭുക്കന്മാർ അനവരതം പരസ്പരം യുദ്ധം നടത്തിക്കൊണ്ടിരുന്നു. പ്രതിഭാസമ്പന്നന്മാരായ ആളുകളുടെ സേവനം ആവശ്യമായിരുന്നതുകൊണ്ടു് അവർ വിദ്വാന്മാരെ പ്രോത്സാഹിപ്പിച്ചുവന്നു. ഇന്നു് രാജ്യങ്ങളെല്ലാം ഏകീകരിക്കപ്പെട്ടിരിക്കുകയാണു്. ഒരു സൎവ്വാധിപതിയുടെ നിയമങ്ങളാണു് ഇന്നു് ഭരണം നടത്തു

ന്നതു്. സാധാരണക്കാർ കൃഷിപ്രവൃത്തിയിലും വ്യവസായവദ്ധനയിലും താല്പര്യം പ്രകടിപ്പിക്കണം. ബുദ്ധിജീവികൾ നിയമനിർമ്മാതാക്കളും ഭരണകർത്താക്കളുമായി മാറണം. ഇന്നത്തെ പണ്ഡിതന്മാർ ഭൂതകാലചരിത്രത്തെ പഠിക്കുന്നതു് വർത്തമാനത്തിൻെറ മുഖത്തു കരിവാരിത്തേയ്ക്കുവാനാണു്. അവർ യുവാക്കളുടെ മനസ്സിൽ അവിശ്വാസവും അവ്യവസ്ഥയും ഉണ്ടാക്കിത്തീക്കുന്നു...........

"അതുകൊണ്ടു് അങ്ങയുടെ വിനീതദാസൻ അഭിപ്രായപ്പെടുന്നതു് ചിൻ സ്റ്റേററിലൊഴികെ ബാക്കിയുള്ള എല്ലാ ചരിത്രരേഖകളും നശിപ്പിച്ചുകളയണമെന്നാണു്. സാഹിത്യം, ചരിത്രം, തത്വശാസ്ത്രം എന്നീ വിഷയങ്ങളെ അധികരിച്ചു് എഴുതപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും നശിപ്പിക്കുവാൻ ഉദ്യോഗസ്ഥന്മാക്കു" ഉടൻതന്നെ കല്പനകൊടുക്കേണ്ടതാണു്. ആസ്ഥാനവിദ്വാന്മാരുടെ ഗ്രന്ഥശാലയെമാത്രം അതിൽനിന്നു് ഒഴിവാക്കണം. കവിത ചൊല്ലുകയോ ചരിത്രപരമായ വാദപ്രതിവാദങ്ങൾ നടത്തുകയോ ചെയ്യുന്നവരെ കഠിനമായി ശിക്ഷിക്കണം. പുരാതനന്മാരുടെ പേരിൽ ഇന്നത്തെ ഗവമ്മേണ്ടിനെ വിമശിക്കുന്നവരെ അവരുടെ കുടുംബാംഗങ്ങളോടൊപ്പം വധിക്കണം. വൈദ്യം, ജ്യോതിഷം, കൃഷിശാസ്ത്രം, ഉദ്യാനശാസ്ത്രം എന്നീ വിഷയങ്ങളെപ്പററി എഴുതപ്പെട്ട പുസ്തകങ്ങൾമാത്രമേ സൂക്ഷിക്കുവാൻ പാടുള്ളു. വിദ്യാത്ഥികൾക്കു നിയമം പഠിക്കുന്നതിനുള്ള സൌകര്യങ്ങൾ പ്രദാനം ചെയ്യണം."

ലിസ്സേയുടെ മേൽപ്പറഞ്ഞ വിധിന്യായം രാജാവ് അംഗീകരിച്ചു.

## വമ്പിച്ച കലാപം

അങ്ങിനെ ആ രാജകല്പന വളരെ കണിശമായി നടപ്പിൽ വരുത്തി. ന്യായവാദികളുടെ ഭരണസമ്പ്രദായത്തിൻെറ ഏററവും നല്ല ഒരു മാതൃകയായിരുന്നു അതു്. തൽഫലമായി അക്കാലത്തെ ബൌദ്ധികപ്രവൎത്തനങ്ങൾക്ക് ഒരു വിരാമമമിട്ടു. പുരാതനകാവ്യങ്ങൾ, പുരാതനചരിത്രം എന്നീ ഗ്രന്ഥങ്ങൾ പിടിച്ചെടുക്കപ്പെട്ടതു് അധികവും കങ്ങ് പണ്ഡിതന്മാരിൽനിന്നായിരുന്നു. അവരെ പ്രത്യേകമായി സൂക്ഷിച്ചുവന്നു. മററു ദാൎശനികരേയും വെറുതെ വിട്ടില്ല. അങ്ങിനെ പിന്നീടവൎക്ക് തലപൊക്കുവാനും സാധിച്ചില്ല. പുരാതനചരിത്രം ഒന്നാമതായി പഠിക്കേണ്ടതു് ഉദ്യോഗസ്ഥന്മാരായിരിക്കണമെന്നു് മാസ്റ്റർ കങ്ങ് അഭിപ്രായപ്പെട്ടിരുന്നു. രാജശാസനം പ്രസ്തുത അഭിപ്രായത്തെ പാടെ നിരാകരിച്ചു. അധികം താമസിയാതെ നവീനചിന്താഗതികൾ ഉടലെടുത്തുതുടങ്ങി. പക്ഷെ അവയ്ക്കു പ്രചാരം ലഭിച്ചില്ല. അപ്രകാരം ഏകശാസനാധികാരം ചിന്താസ്വാതന്ത്ര്യത്തേയും പരിപൂൎണ്ണമായി നിഹനിച്ചു.

അത്രമാത്രമായിരുന്നില്ല. നിയമവിരുദ്ധമായ പുസ്തകങ്ങൾ കൎശനമായി പിടിച്ചെടുക്കപ്പെടുകയും പണ്ഡിതന്മാരെ ജീവനോടെ കുഴിച്ചുമൂടുകയും ചെയ്തുതുടങ്ങി. ഗ

ഗവർമ്മേണ്ടിലേയ്ക്കു് സ്വന്തം സമ്പാദ്യങ്ങൾ വിട്ടുകൊടുപ്പാൻ വിസമ്മതിച്ച പണ്ഡിതന്മാരോടു് വളരെ കഠിനമായി പെരുമാറി. രാജകീയജ്യോത്സ്യന്മാരുടെ വാക്കുകേട്ടു് കോപിഷ്ഠനായ ചക്രവർത്തി നിരവധിപേരുടെ തലവെട്ടിയിരുന്നുവത്രെ. സുമാർ 460 കൺഫ്യൂഷ്യൻ പണ്ഡിതന്മാരെ വധിച്ചിട്ടുണ്ടായിരിക്കണമെന്നാണു് പറയപ്പെടുന്നതു്. അതു് പ്രസ്തുത രാജകീയകല്പന പാസ്സാക്കിയതിന്റെ ഒരു കൊല്ലത്തിനുള്ളിലായിരുന്നു. അങ്ങിനെ ചൈനീസ്ബുദ്ധിജീവികളോടു് അവർണ്ണനീയമായ പൈശാചികകൃത്യങ്ങൾ കാണിച്ചു. പുസ്തകങ്ങൾ ചുട്ടുകളഞ്ഞതുനിമിത്തം ചൈനീസ്സാഹിത്യത്തിന്റെ ചരിത്രത്തിൽ ഒരു വമ്പിച്ച വിടവു് ഉണ്ടായിത്തീരുകയും ചെയ്തു.

എന്നാൽ സ്ഥിതി കൂടുതൽ വഷളായിത്തീരുന്നതിനുള്ള സാദ്ധ്യതകൾ ധാരാളമുണ്ടായിരുന്നു. ചിൻ സാമ്രാജ്യം അധികകാലം നീണ്ടുനില്ക്കുന്ന ലക്ഷണമല്ല ഉണ്ടായിരുന്നതു്. അങ്ങിനെ രാജകീയഗ്രന്ഥശാലയിൽ സൂക്ഷിക്കപ്പെട്ട നിരോധിക്കപ്പെട്ട പുസ്തകങ്ങൾ ഒരു കാലത്തു് വെളിച്ചം കാണുകയും തദ്വാരാ വിദ്യാഭ്യാസത്തിന്നു് കൂടുതൽ പ്രാധാന്യം നല്കപ്പെടുകയും ചെയ്യുന്ന ഒരു കാലം ആസന്നമായിരിക്കുകയായിരുന്നു. ബി. സി. 206-ൽ ചിൻ സാമ്രാജ്യത്തിന്റെ തകർച്ചയോടുകൂടി വമ്പിച്ച കലാപങ്ങൾ ഉടലെടുത്തു. സീൻയാങ്ങിലെ രാജകൊട്ടാരങ്ങൾ അഗ്നിക്കിരയാക്കപ്പെട്ടു. പ്രക്ഷോഭകാരികളായ സൈന്യങ്ങളാണു് ഇതു ചെയ്തതു്. മൂന്നുമാസത്തോളം ഭയാനക

മായ കൂട്ടക്കൊലകളും അരാജകത്വവും രാജ്യമെങ്ങും നടമാടി. ചൈനയിലെ അമൂല്യമായ പ്രാചീനഗ്രന്ഥങ്ങൾ മുഴുവൻ തീയ്യിലിട്ടു ചുട്ടുകളഞ്ഞു. ചൈനയുടെ സമ്പന്നമായ സാംസ്കാരികപാരമ്പര്യത്തിന്നു നേരിട്ട ഈ അത്യാഹിതം എല്ലാ നഷ്ടങ്ങളിലുംവെച്ച് ഏററവും വമ്പിച്ച നഷ്ടമായിരുന്നു.

# എട്ടാം അദ്ധ്യായം

## വിദ്യാഭ്യാസം പുനർജ്ജീവിക്കുന്നു

ഭാവിതലമുറകളുടെ ഭാഗ്യമെന്നുതന്നെ പറയട്ടെ, ചിൻ ഭരണത്തിൻകീഴിൽ ഭയങ്കരയാതനകൾ സഹിക്കേണ്ടിവന്ന ചൈനീസ്സംസ്കാരം സർവ്വത്ര നശിക്കുകയുണ്ടായില്ല. ചിൻ പണ്ഡിതന്മാരുടെ നവോത്ഥാനത്തോടുകൂടി ഉടലെടുത്ത ഹാൻ വംശക്കാർ ഒരിക്കൽക്കൂടി ശക്തിപ്പെട്ടുവന്നു. ചൌ യുഗത്തിൽ തങ്ങൾ ആർജ്ജിച്ചിരുന്ന ശക്തിയും പ്രതാപവും പുനസ്ഥാപിക്കുവാൻവേണ്ടി ഈ പ്രസ്ഥാനക്കാർ കൊണ്ടുപിടിച്ചു ശ്രമിക്കാൻതുടങ്ങി. നിരവധി ജയാപജയങ്ങൾക്കുശേഷം കുറേകാലത്തോളം നീണ്ടുനിന്ന ആ സമരം വിജയിക്കുകയും അങ്ങിനെ മാസ്റ്റർ കങ്ങിൻെറ യാഥാസ്ഥിതികസിദ്ധാന്തങ്ങൾ പുതിയ സ്റ്റേററിൻെറ ഭരണത്തിന്ന് അടിസ്ഥാനമിടുകയും ചെയ്തു.

ഹാൻ യുഗത്തിലെ ആദ്യകാലങ്ങളിൽ ഇതു് അത്ര യ്ക്കുമാത്രം പ്രോത്സാഹജനകമായിരുന്നില്ല. ബി. സി. 206 മുതൽ 195വരെ ഭരിച്ച ല്യൂപേങ്ങ് എന്നുപേരായ ചക്രവത്തി താഴ്ന്ന കുലത്തിൽ ജനിച്ചവനായിരുന്നു. മാ ത്രമല്ല ആയാൾക്ക് വിദ്യാഭ്യാസവുമുണ്ടായിരുന്നില്ല. ജൂ കളുടെ ആചാരസമ്പ്രദായങ്ങളും മററും ആയാൾക്കിഷ്ടമാ യിരുന്നില്ല. അവരോടു് ആയാൾക്ക് അതിയായ വെറു പ്പുണ്ടായിരുന്നുവെന്നു് പറയപ്പെടുന്നു. പുരാതനവിദ്യക ളെക്കുറിച്ചു് ഒരിക്കൽ ആയാൾ ഇങ്ങിനെ പറഞ്ഞു:— "ഞാൻ കുതിരപ്പുറത്തിരുന്നിട്ടാണു് സാമ്രാജ്യം കീഴടക്കി യതു്. അതിനെ ഭരിക്കുവാനും അങ്ങിനെത്തന്നേയാണു് നിശ്ചയിച്ചിരിക്കുന്നതു്."

എന്നാൽ ജൂ കളുടെ ഭാഗ്യംകൊണ്ടു് കുതിരപ്പുറത്തി രിക്കുന്ന ഏതൊരു രാജാവിന്നും സാമ്രാജ്യത്തെ ഭരിക്കുവാൻ വളരെക്കാലം കഴിഞ്ഞിട്ടില്ല. അങ്ങിനെ സൈനികനായ ആ രാജാവിന്നു് പ്രസ്തുത ബുദ്ധിജീവികൾ ഉപയോഗമു ള്ളവരാണെന്നു് ക്ഷണത്തിൽ മനസ്സിലായി. വിദ്യാഹീ നന്മാരും സംസ്കാരശൂന്യരുമായ സൈനികോദ്യോഗസ്ഥ ന്മാരുടേയും നിയമസഭാസാമാജികന്മാരുടേയും നെറികെട്ട പെരുമാററമാണു് ചക്രവത്തിക്ക് ബോധോദയം ഉണ്ടാ ക്കിയതു്. അങ്ങിനെ ആചാരശാസ്ത്രത്തിൽ ഏററവുമ ധികം പാണ്ഡിത്യമുള്ളവരായി കണ്ട് പണ്ഡിന്മാരെ കണ്ടു ക്കാക്കി. ചിൻ സാമ്രാജ്യത്തിൽ ഒരു ആസ്ഥാനവിദ്വാനാ യിരുന്ന ഷൂസൻടങ്ങ് രാജസഭയ്ക്കു് ഒരു പ്രത്യേക ആചാ രക്രമം നിർമ്മിക്കുന്നതിന്നു് നിശ്ചയിക്കപ്പെട്ടു. അദ്ദേഹം

അതു് വളരെ സന്തോഷത്തോടും ഏററവും ചാതുൎയ്യത്തോടുംകൂടി നിൎവ്വഹിക്കുകയും ചെയ്തു. ചടങ്ങുകൾ പൂൎത്തിയാക്കപ്പെട്ടതോടുകൂടി എല്ലാം വളരെ ചിട്ടയിലും ക്രമത്തിലുമായി. ല്യൂ പേങ്ങിന്നു് വളരെ സന്തോഷമായി. ആയാൾ ആഹ്ലാദപൂൎവ്വം ഇങ്ങിനെ പറഞ്ഞു:—"ഒരു ചക്രവൎത്തിയെന്നാൽ എന്താണെന്നു് ഇപ്പോഴാണു് എനിക്കു മനസ്സിലായതു്."

ഇതു് കങ്ങ്പ്രസ്ഥാനത്തിൻെറ ഒരു വഴിത്തിരിയലായിരുന്നു എന്നുവേണം കരുതുക. ആചാരശാസ്ത്രപണ്ഡിതന്മാൎക്കു് രാജസഭയിൽ മാന്യമായ ഒരു സ്ഥാനം ലഭിച്ചു. ഷൃസൻടങ്ങ് ചെയ്ത വിലയേറിയ സേവനത്തിന്നു് പ്രതിഫലമായി അദ്ദേഹത്തെ രാജകീയ ആചാരപുരോഹിതനായി നിശ്ചയിച്ചു. അദ്ദേഹത്തെ ഈ പ്രവൃത്തി ചെയ്യുന്നതിന്നു സഹായിച്ച മററു പണ്ഡിതന്മാൎക്കും രാജസഭയിൽ നല്ല പദവികൾ നല്കി. അതോടൊപ്പംതന്നെ രാജാവിൻെറ പണ്ഡിതന്മാരോടുള്ള മനോഭാവത്തിന്നു് കാൎയ്യമായ പരിവൎത്തനമുണ്ടായി. ബി. സി. 195-ൽ മരിക്കുന്നതിന്നു മുമ്പായി കങ്ങ് ഫ്യൂവിൻെറ സമാധി സന്ദൎശിക്കുവാൻ അദ്ദേഹം ലൂവിലേയ്ക്കു പോയി. അവിടെ ഒരു കാളയെ ബലി നല്കുകയും ചെയ്തു. മാത്രമല്ല ഒരു പന്നി, ഒരു ആടു് എന്നിവയേയും മഹാനായ ഋഷിയുടെ സ്മരണയ്ക്കുവേണ്ടി ബലിയൎപ്പിച്ചു.

എന്നിട്ടും ചൌ ഗ്രന്ഥങ്ങളുടെമേലുണ്ടായിരുന്ന നിരോധം പിൻവലിക്കുവാൻ ചക്രവൎത്തി കൂട്ടാക്കിയില്ല.

ബി. സി. 191-വരെ അതു തുടൎന്നു. പുതിയ ചക്രവൎത്തിയുടെ സ്ഥാനാരോഹണത്തോടുകൂടി നഷ്ടപ്പെട്ട ഗ്രന്ഥങ്ങളെല്ലാം വീണ്ടെടുക്കുവാൻവേണ്ടിയുള്ള പരിശ്രമം ആരംഭിച്ചു. ഗവൎമ്മേണ്ടിന്റെ സഹായത്തോടുകൂടി നിരവധി പുരാതനഗ്രന്ഥങ്ങൾ പണ്ഡിതന്മാർ തിരഞ്ഞുപിടിച്ചു. അവയെ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങിനെ അവയെ എല്ലാം ശേഖരിച്ചു് രാജകീയഗ്രന്ഥശാലയിൽ നിക്ഷേപിച്ചു. അങ്ങിനെയാണു് പുരാതനകാവ്യസംഗ്രഹം, പുരാതനചരിത്രം, വസന്തവും ശരത്തും എന്നീ പുസ്തകങ്ങളെല്ലാം വെളിക്കുവന്നതു്. പരിവൎത്തനപുരാണം എന്ന പുസ്തകം അനുമാനശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയതായിരുന്നതുകൊണ്ടു് അതിനെ നിരോധിച്ചിരുന്നില്ല. ഇവ നാലെണ്ണത്തിനും പുറമെ ആചാരശാസ്ത്രസംഗ്രഹം എന്ന പുസ്തകവും കണ്ടുപിടിക്കപ്പെട്ടു. അങ്ങിനെ അഞ്ചു പുരാതനഗ്രന്ഥങ്ങളായിരുന്നു മുഖ്യമായി ഉണ്ടായിരുന്നതു്. കങ്ങ് സാഹിത്യത്തിൽ നഷ്ടപ്പെട്ടിരുന്നതു് പുരാതനസംഗീതം എന്ന ഗ്രന്ഥം മാത്രമായിരുന്നു. മാസ്റ്റർ സൂനിന്റെ അമൂല്യമായ ഒരു കൃതിയായിരുന്നു അതു്.

പ്രസ്തുത പുരാതനഗ്രന്ഥങ്ങൾ കണ്ടുപിടിക്കുവാൻ നടന്ന പരിശ്രമങ്ങൾ തികച്ചും പ്രശംസാവഹമായിരുന്നു. പുരാതനചരിത്രഗ്രന്ഥം വളരെക്കാലത്തോളം ലഭിച്ചിരുന്നില്ല. ഫൂഷെങ്ങ് എന്നുപേരായ ഒരു ആസ്ഥാനവിദ്വാന്റെ കഠിനമായ പ്രയത്നഫലമായിട്ടായിരുന്നു അതു് ഭാവിതലമുറക്കു് ലഭിച്ചതു്. ബി. സി. 213-ൽ പുസ്തകങ്ങ

ളൂടെ നിരോധവും പിടിച്ചെടുക്കലും ആരംഭിച്ചപ്പോ൪ ഫൂഷെങ്ങ് എന്ന പണ്ഡിതൻ മുളയലകുകളിൽ എഴുത പ്പെട്ട പ്രസ്തുത ഗ്രന്ഥത്തെ തൻെറ ഗൃഹത്തിൻെറ ഭിത്തി ക൪ക്കുള്ളിൽ ഒളിപ്പിച്ചുവെയ്ക്കുകയും പിന്നീട് ജീവരക്ഷാ ത്ഥം ഓടിപ്പോകുകയും ചെയ്തു. സുമാർ അരനൂററാണ്ടുകാല ത്തോളം ഗ്രന്ഥം അവിടെ ഇരുന്നു. ഹാൻചക്രവത്തിയാ യ വെൻ രാജാവിൻെറ കാലംവരെ അതായതു് ബി. സി. 157വരെ. അപ്പോഴേയ്ക്കും ഫൂഷെങ്ങിനു് 90വയസ്സ കഴി ഞ്ഞിരുന്നു. അദ്ദേഹം ഗ്രന്ഥത്തെ അവിടെനിന്നു് എടു ത്തുകൊണ്ടുവന്നു. മുളയലകുക൪ പലതും നാശമായിട്ടുണ്ടാ യിരുന്നുവെങ്കിലും ഫൂഷെങ്ങ് അവയെ ക്രമപ്പെടുത്തി 29 അദ്ധ്യായങ്ങളുള്ള ഒരു ഗ്രന്ഥമാക്കിത്തീത്തു. നശിച്ചുപോ യ ഭാഗങ്ങളെല്ലാം ഫൂഷെങ്ങ് ഓമ്മയിൽനിന്നു് എഴുതി ച്ചേത്തു് പുസ്തകത്തെ പൂത്തിയാക്കി എന്നാണു് പറയുന്ന തു്. പുരാതനചരിത്രത്തിൻെറ നിലനില്പിനുവേണ്ടി അ ദ്ദേഹം ചെയ്ത ഏററവും മഹത്തരമായ ഒരു ത്യാഗമായിരു ന്നു അതു്.

എന്നാൽ ബി. സി. 140 മുതൽ 87 വരെ ജീവി ച്ച വൂ ചക്രവത്തിയുടെ കാലത്തു പുരാതനഗ്രന്ഥങ്ങ൪ കണ്ടുപിടിക്കാൻവേണ്ടി നടത്തിയ പരിശ്രമമാണു് ഏററ വും ഫലപ്രദമായതു്. അന്നു് ലൂവിലെ കങ്ങ് രാജകുമാ രൻ കങ്ങ് കുടുംബത്തിൽപ്പെട്ട ഒരു പുരാതനഗൃഹത്തെ തനിക്കു രാജധാനി പണിയുന്നതിനുവേണ്ടി പൊളിച്ചു നീക്കിക്കൊണ്ടിരുന്നപ്പോ൪ ചുമരിൻെറ പൊത്തുക൪ക്കി ടയിൽനിന്നു് നിരവധി മുളയലകുക൪ കണ്ടെടുക്കുകയു

ണ്ടായി. പുരാതനചരിത്രമായിരുന്നു അത്. വസന്തവും ശരത്തും, പ്രമാണപത്രിക, അപത്യതാപുരാണം എന്നീ ഗ്രന്ഥങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അവയെല്ലാം തന്നെ മാസ്റ്റർ കങ്ങിന്റെ കാലത്തു പ്രചാരത്തിലുണ്ടായിരുന്ന പുരാതനലിപിയിൽ എഴുതപ്പെട്ടതായിരുന്നു. ഹാൻ കാലത്തെ ജനങ്ങൾക്ക് അതു വായിപ്പാൻ കഴിഞ്ഞിരുന്നില്ല. അങ്ങിനെ കങ്ഫ്യൂവിന്റെ ഒരു അനുയായിയും സുപ്രസിദ്ധ പണ്ഡിതനും ആയിരുന്ന കങ് അൻകുവോവിന്റെ അടുക്കലേയ്ക്കു പ്രസ്തുത ഗ്രന്ഥങ്ങളെ അയച്ചു. നവീനലിപിയിൽ എഴുതി പുനഃപ്രസിദ്ധീകരണം ചെയ്യുന്നതിന്നുവേണ്ടിയായിരുന്നു അത്. അൻകുവോ അതു പൂർത്തിയാക്കുകയും ചെയ്തു. ബി. സി. 97_ൽ 46 ഭാഗങ്ങളായി എഴുതിയിരുന്ന മഹത്തായ ആ ചരിത്രഗ്രന്ഥത്തെ അൻകുവോ ചക്രവർത്തിക്കു സമർപ്പിച്ചു. അപ്രകാരം നിരവധി ക്ലേശങ്ങൾക്കുശേഷം ചൈനീസ്ജനതയ്ക്ക് ഈ പുരാതനഗ്രന്ഥങ്ങളെല്ലാം ലഭിച്ചു.

## അഞ്ചു പുരാതന ഗ്രന്ഥങ്ങളും കങ് പണ്ഡിതന്മാരും

കങ് പണ്ഡിതന്മാർ അവരുടെ സാഹിത്യപരമ്പരയ്ക്കു നേരിട്ട അനിഷ്ടങ്ങളെ ഇല്ലായ്മചെയ്യുവാൻവേണ്ടി പരിശ്രമിച്ചതോടൊപ്പംതന്നെ യാഥാസ്ഥിതികപ്രസ്ഥാനത്തിൽപ്പെട്ട എല്ലാ പണ്ഡിതന്മാരേയും അംഗീകരിക്കുന്നതിന്നു് ഒരു രാഷ്ട്രീയസമരം ആരംഭിക്കുകകൂടി ചെയ്തു. ഷൂസൻടങ്ങിന്റെ പ്രവർത്തനം അനുകൂലമായ ഒരു രാഷ്ട്രീ

യാന്തരീക്ഷത്തെ സൃഷ്ടിച്ചതായി അവക്ക് കാണാൻ കഴി ഞ്ഞില്ല. ചിൻ അക്രമികളുമായി ബന്ധപ്പെട്ട ന്യായവാ ദത്തിൻെറ മരണമണി മുഴങ്ങിക്കഴിഞ്ഞിരുന്നു. മോഹി സം പല അജ്ഞാതമായ കാരണങ്ങൾകൊണ്ടും ഊർജ്ജ സ്വലമായ ഒരു തത്വശാസ്ത്രമായി വളന്നുമില്ല. എ ന്നാൽ ഈ പ്രസ്ഥാനത്തിൻെറ എതിരാളിയായ ടെയോ യിസം ഹാൻ യുഗം ആവിർഭവിച്ച് കാച്ചകഴിഞ്ഞപ്പോഴേ യ്ക്കും ഭരണകൂടത്തിൽപ്പോലും വമ്പിച്ച സ്വാധീനതയുള്ള ഒരു പ്രസ്ഥാനമായി വളന്നുകഴിഞ്ഞിരുന്നു. മന്ത്രിമാക്കമാ ത്രമായിരുന്നില്ല ടെയോയിസത്തോടു കൂറുണ്ടായിരുന്നതു്. ചക്രവത്തിമാർപോലും പ്രസ്തുത പ്രസ്ഥാനത്തെ ആരാധി ക്കുകയും യാതൊന്നിലും താല്പര്യമില്ലാതെയുള്ള ഒരു നയം അംഗീകരിക്കുകയും ചെയ്തു. ടെയോയിസ്റ്റ് നിഗൂഢാത്മക ത്വത്തെ അവർ ജീവിതപ്രമാണമായെടുത്തു. ടൊ എന്നു പേരായ ഒരു രാജ്ഞിയായിരുന്നു ടെയോയിസ്റ്റ് പ്രസ്ഥാ നത്തിൻെറ വലിയ ആരാധക. അവരുടെ ഭത്താവായ വെൻ പ്രഭുവും മകനായ ചിങ്ങും പൌത്രനായ വൂവും ടെയോയിസത്തിൽ അത്യധികം വിശ്വാസമുള്ളവരായി രുന്നു. ബി. സി. 135-ൽ അവരുടെ മരണാനന്തരം മാ ത്രമാണ് രാജസദസ്സിൽ ടെയോയിസത്തിന്നുള്ള പ്രാമാ ണ്യം അല്പം കുറഞ്ഞതു്. പിന്നീടും നിരവധി ചക്രവത്തി മാർ, മഹാനായ വൂ കൂടി, കങ്ങ് സിദ്ധാന്തങ്ങളെ ബ ഹുമാനിച്ചിരുന്നുവെങ്കിലും ടെയോയിസ്റ്റ് നിഗൂഢാത്മക ത്വത്തിൽ വളരെ വിശ്വാസമുള്ളവരായിരുന്നു.

എന്നാൽ ഒടുവിൽ ടെയോയിസ്റ്റ് മാന്ത്രികവിദ്യയു

ടെ പ്രവചനങ്ങളെല്ലാം നിഷ്ഫലമായിട്ടാണ് പരിണമി ച്ചതു്. അതിൻെറ ജീവിതരസവും അനുഗ്രഹങ്ങളുമെല്ലാം വ്യാമോഹങ്ങളാണെന്നു വ്യക്തമായി. മറുവശത്തു് കങ്ങ് പണ്ഡിതന്മാരും ദേവരുടെ ദിവ്യതകളെ പ്രകടിപ്പിച്ചിരു ന്നു. അതിൻെറ രഹസ്യം ടെയോയിസ്ററുകളുടേതിനെ അപേക്ഷിച്ചു് സാധാരണക്കാരെ സംബന്ധിച്ചേടത്തോ ളം കൂടുതൽ ജ്ഞാതവ്യങ്ങളായിരുന്നു. രാജാവിന്നു് ദീർഘാ യുസ്സ് നേരുകയായിരുന്നില്ല അവർ ചെയ്തിരുന്നതു്. സൽ ഭരണത്തിന്നു ദീർഘായുസ്സ് നേരുകയായിരുന്നു. ഈ ദൃഷ്ടി യിൽക്കൂടി നോക്കിയാൽ മാസ്റ്റർ കങ്ങിൻെറ ഫ്യൂഡൽ സിദ്ധാന്തങ്ങൾ ആയിരുന്നു ചൌ ഗവമ്മേണ്ടിനെ നില നിൎത്തിയിരുന്ന രാഷ്ട്രീയവ്യവസ്ഥയെന്നു കാണുവാൻ ക ഴിയും. അതാണു് ഹാൻ വംശത്തിന്നു് കേന്ദ്രീകൃതമായ ഒരു സ്വേച്ഛാധിപത്യഭരണം സ്ഥാപിക്കുന്നതിന്നു സഹാ യിച്ചതു്. സാമ്രാട്ടിൻെറ സഹായികളായി സാമന്തപ്ര ഭുക്കൾക്കു രാജസദസ്സിൽ പ്രധാനമായ ഒരു സ്ഥാനം അ നുവദിക്കപ്പെട്ടതു് ഇതിനുള്ള ഒരു ഉദാഹരണമാണു്. അ പ്രകാരംതന്നെ ചൌ രാജവംശത്തിന്നു നേരിട്ട അനൎത്ഥ ങ്ങളെ പരിഹരിക്കുന്നതിന്നുവേണ്ടി മാസ്റ്റർ കങ്ങ് പരി ശ്രമിച്ചതുപോലെ പുതിയ രാജവംശത്തെ നിലനിൎത്തുന്ന തിന്നായി അദ്ദേഹത്തിൻെറ അനുയായികളും പ്രയത്നി ച്ചുവന്നു. ചുരുക്കത്തിൽ ടെയോയിസ്റ്റ് നിഗൂഢാത്മകത്വം ചക്രവൎത്തിയായ വൂവിനെ സ്വാധീനിച്ചതുപോലെത്ത ന്നെ കങ്ങ് സിദ്ധാന്തങ്ങളും അദ്ദേഹത്തെ ആകൎഷിക്കുക യുണ്ടായി. രസതന്ത്രം, മാന്ത്രികവിദ്യ, വിഷയസുഖം എ

ന്നിവയിൽ താല്പര്യം കാണിച്ച ചക്രവർത്തി കങ്ങ് പണ്ഡിതന്മാരെ രാജസദസ്സിൽ നിലനിൎത്തുന്ന കാര്യത്തിൽ യാതൊരു വിരോധവും കണ്ടില്ല. സാമ്രാജ്യത്തിന്റെ നിലനില്പിന്നു് അത്യന്താപേക്ഷിതമായ രാഷ്ട്രീയകാര്യങ്ങൾ നോക്കിക്കൊണ്ടു നടത്തുന്നതിന്നു് അദ്ദേഹം അവരുടെ സഹായം തേടി.

ബി. സി. 141-ൽ പുറപ്പെടുവിച്ച ഒരു രാജകല്പന മുതൽക്കാണു് ഹാൻ രാജ്യഭരണത്തിൽ കങ്ങ് പണ്ഡിതന്മാൎക്കുള്ള പങ്കു് ഒന്നാമതായി വെളിപ്പെട്ടതു്. അതനുസരിച്ചു് കങ്ങ് പ്രസ്ഥാനക്കാരല്ലാത്ത പണ്ഡിതന്മാരെയെല്ലാം പുറത്താക്കി. വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം വഹിച്ചിരുന്ന ആസ്ഥാനവിദ്വൽസമിതിയിൽ അങ്ങിനെ കങ്ങ് പണ്ഡിതന്മാർ മാത്രമേയുണ്ടായിരുന്നുള്ളു. അപ്രകാരം കങ്ങ് പണ്ഡിതന്മാൎക്കു വിദ്യാഭ്യാസത്തിന്റെ നേതൃത്വം നല്കിയ പ്രസ്തുത രാജകീയവിളംബരം ഈ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അതിമഹത്തായ ഒന്നായിരുന്നു. എന്നാൽ ഈ ശാസനത്തെ അതിന്റെ അനുകൂലികൾ വളരെ ഉത്സാഹപൂൎവ്വം രാജസഭയിൽ നടപ്പിലാക്കുവാൻ ശ്രമിച്ചുവെങ്കിലും ടൌയാ അനുഭാവിയായിരുന്ന ഡ്വാഗർടൊ രാജ്ഞി അതിനെ എതിൎത്തു. അങ്ങിനെ ഡ്വാഗർടൊവും കങ്ങ് പണ്ഡിതന്മാരും തമ്മിൽ കലഹമാരംഭിച്ചു. മാത്രമല്ല അവർതമ്മിൽ മൂത്തു് ഒരു സമരം തന്നെ നടന്നു. രണ്ടുഭാഗത്തും നിരവധിപേർ കൊല്ലപ്പെട്ടു. എന്നാൽ ഈ അനുയായികളുടെ ഭാഗ്യംകൊണ്ടു് വൃദ്ധയായ രാജ്ഞി അധികകാലം ജീവിച്ചില്ല. ബി. സി. 136ൽ

അതായതു് രാജ്ഞി മരിച്ചതിന്റെ ഒരു കൊല്ലംമുമ്പുതന്നെ കണ്ടു് സിദ്ധാന്തത്തെ മറെറാരു രാജകീയവിളംബരംമൂലം ഔദ്യോഗികമായി അംഗീകരിച്ചു.

ആസ്ഥാനവിദ്വൽസമിതിയിൽനിന്നു് മററു ദാശ്നികന്മാരെ പുറത്താക്കിയ ഉടൻതന്നെ ഈ പണ്ഡിതന്മാർ അഞ്ചുവിഭാഗമായി പിരിഞ്ഞു. ഓരോ വിഭാഗവും ഓരോ പുരാണഗ്രന്ഥത്തിൽ പ്രാവീണ്യം സമ്പാദിച്ചുവന്നു. പരിവത്തനപുരാണം, പുരാതനകാവ്യം, പുരാതനചരിത്രം, ആചാരശാസ്ത്രം, വസന്തവും ശരത്തും എന്നിവയായിരുന്നു അഞ്ചു പുരാണങ്ങൾ. പിന്നീടു് ബി. സി. 124-ൽ കണ്ടു് പണ്ഡിതന്മാർ രാജസഭയിൽ മറെറാരു നവീനപ്രസ്ഥാനം അവതരിപ്പിച്ചു. ഹാൻ സ്റ്റേററിന്റെ തലസ്ഥാനമായ ചാങ്ങ്യനിൽ ഒന്നാമത്തെ ചൈനീസ് സവ്വകലാശാല സ്ഥാപിച്ചതായിരുന്നു അതു്. മഹാന്മാരായ പുരാതനഭരണകത്താക്കളുടെ സമുന്നതമായ ആദശങ്ങളെ പ്രചരിപ്പിക്കകയും ധാമ്മികവും ബൌദ്ധികവുമായി സാമ്രാജ്യത്തെ ഉയത്തുകയും ചെയ്യുന്നതിന്നുവേണ്ടിയായിരുന്നു അതു്. ആദ്യത്തെ പ്രാവശ്യം അഞ്ചു പുരാണങ്ങൾ പഠിക്കുന്നതിന്നു് അമ്പതു വിദ്യാത്ഥികളെ മാത്രമേ എടുക്കകയുണ്ടായുള്ളു. എന്നാൽ ആ സവ്വകലാശാല അങ്ങിനെ വളന്നുവളന്നു് ബി. സി. ഒന്നാം നൂററാണ്ടായപ്പോഴേയ്ക്കും അതിൽ 3000 വിദ്യാത്ഥികൾ ഉണ്ടായിരുന്നു. അതു പിന്നേയും വദ്ധിച്ചുവന്നു. അപ്രകാരം ക്രിസ്താബ്ദം രണ്ടാം നൂററാണ്ടിൽ പ്രസ്തുത സവ്വകലാശാലയിൽ മുപ്പതിനായിരം വിദ്യാത്ഥികൾ പഠിച്ചുവന്നിരുന്നു. ഇത്രയ

ധികം വിദ്യാൎത്ഥികളുള്ള ഒരു സൎവ്വകലാശാല ലോകത്തിലെവിടെയും ഉണ്ടായിട്ടില്ല. അതോടൊപ്പംതന്നെ സമീപസ്ഥമായ ജില്ലകളിലെല്ലാം നിരവധി സ്ക്കൂളുകളും തുറക്കപ്പെട്ടു. അവയിലും കങ്ങ് ശാസ്ത്രഗ്രന്ഥങ്ങളാണ് പഠിപ്പിച്ചിരുന്നത്. അങ്ങിനെ വിദ്യാഭ്യാസത്തിൻെറ കടിഞ്ഞാൺ മുറുകെപ്പിടിച്ച കങ്ങ് പണ്ഡിതന്മാർ ചൈനീസ് ബുദ്ധിജീവികളുടെ നേതൃത്വം വഹിക്കുകയും ഈ നിലയിൽ അവർ കുറേക്കാലം തുടൎന്നുപോകുകയും ചെയ്തു.

മററൊരു പ്രധാനപരിപാടിയായി അവർ നടപ്പിലാക്കിയതു് പരീക്ഷാസമ്പ്രദായമായിരുന്നു. കങ്ങ് ശാസ്ത്രങ്ങളിൽ ഒരു പരീക്ഷ നിശ്ചയിക്കപ്പെട്ടു. ഹാൻ ഗവൎമ്മേണ്ടിൻെറ കാലത്താണ് ഇതും നടപ്പിലാക്കിയതു്. വിപുലമായ സാമ്രാജ്യത്തിൻെറ ഭരണം കാൎയ്യക്ഷമമായി കൊണ്ടുനടത്തുന്നതിന്നായി പ്രാപ്തരും ഉത്തമന്മാരും ആയ ഉദ്യോഗസ്ഥന്മാരെ ഗവൎമ്മേണ്ടിന്നു് ആവശ്യമായിവന്നു. അക്കാലത്തു് സിവിൽ വകുപ്പിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥന്മാൎക്ക് ആവശ്യമായി കരുതപ്പെട്ട രണ്ടു പ്രധാന യോഗ്യതകൾ വിദ്യാഭ്യാസവും സദാചാരവുമായിരുന്നു. വിദ്യാഭ്യാസത്തിൻെറ കാൎയ്യം നിൎബ്ബന്ധമായിരുന്നു. കാരണം ഉദ്യോഗസ്ഥന്മാർ രാജകല്പനകൾ വായിക്കുന്നതിന്നു് സമൎത്ഥരായിരിക്കണമല്ലൊ. തന്നിമിത്തം കങ്ങ്പ്രസ്ഥാനത്തിൽപ്പെട്ടവരും നല്ല വിദ്യാഭ്യാസം ലഭിച്ചവരും ആയവരെ മാത്രമെ ഉദ്യോഗസ്ഥന്മാരായി എടുക്കുകയുണ്ടായുള്ളു. അപ്രകാരം പരമ്പരാഗതമായ കുലീനവൎഗ്ഗത്തിൻെറ സ്ഥാനത്തു് ഒരു പുതിയ വൎഗ്ഗക്കാർ വളൎന്നുവന്നു. പണ്ഡി

തന്മാരായ ഉദ്യോഗസ്ഥന്മാരായിരുന്നു അതു്. സാമ്രാജ്യം മുഴുവനും എല്ലാ പ്രധാനസ്ഥാനങ്ങളിലും പ്രവർത്തിച്ചുവന്നിരുന്നതു് അവരായിരുന്നു.

ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ കങ്ങ്പണ്ഡിതന്മാർ വളരെ ശ്രദ്ധ പതിപ്പിച്ചുവന്നു. അവരുടെ ആശയമുള്ളവരെ മാത്രമെ എടുത്തിരുന്നുള്ളു. അങ്ങിനെ ഉദ്യോഗസ്ഥന്മാൎക്കു് അവശ്യം ആവശ്യമായ വിദ്യാഭ്യാസം കങ്ങ്സിദ്ധാന്തങ്ങളുടെ പഠനം മാത്രമായി രൂപാന്തരപ്പെടുത്തുവാൻ അവൎക്കു പ്രയാസമുണ്ടായില്ല. വൂചക്രവൎത്തിയുടെ കാലത്തു് പാസ്സാക്കപ്പെട്ട വിദ്യാഭ്യാസനിയമമാണു് അവരുടെ ഒന്നാമത്തെ വിജയത്തേക്കുറിക്കുന്നതു്. ആസ്ഥാനവിദ്വാന്മാരുടെ അടുത്തു് ഒരു കൊല്ലമെങ്കിലും പഠിക്കുന്ന സൎവ്വകലാശാലാ വിദ്യാൎത്ഥി മാത്രമെ ഗവൎമ്മേണ്ടുദ്യോഗത്തിന്നു് അൎഹനായിത്തീരുന്നുള്ളു എന്നു് അതിൽ വ്യവസ്ഥ ചെയ്തിരുന്നു. അവർ ഏതെങ്കിലും ഒരു പുരാണവിഷയത്തിലുള്ള പരീക്ഷ പാസ്സാവുകയും വേണം. ഈ നിർബ്ബന്ധംമൂലം ചൈനയിൽ വളരെ തലമുറകളോളം നീണ്ടുനിന്ന പരീക്ഷാസമ്പ്രദായം ഏററവുമധികം വ്യവസ്ഥിതവും പരിഷ്കൃതവുമായിത്തീൎന്നു. ലോകത്തിലെ ഒന്നാമത്തെ പരീക്ഷാസമ്പ്രദായമായിരുന്നു ഇതു്. പരീക്ഷ പാസ്സായവൎക്കു് ഡിപ്ലോമകളും ഡിഗ്രികളും നൽകിവന്നു. അങ്ങിനെ കങ്ങ്പണ്ഡിതന്മാർ രാജ്യത്തിലെ ഉദ്യോഗസ്ഥമേധാവികളായിത്തീൎന്നു. അതോടൊപ്പംതന്നെ ചൈനയിലെ ബുദ്ധിജീവിതത്തെ അവർ കണിശമായി നിയന്ത്രിച്ചുവരികയും ചെയ്തു.

## കലാപങ്ങളുടേയും അശുഭങ്ങളുടേയും ശാസ്ത്രം

വിജയപ്രദമായ മേൽപ്രസ്താവിച്ച എല്ലാ പരിണാമങ്ങറംക്കും കാരണഭൂതൻ ഹാൻ പണ്ഡിതന്മാരിൽ അദ്വിതീയനായിരുന്ന ടങ്ങ്ചങ്ങ്ഷു (ബി. സി. 179? 104?)വാണെന്നു് പറയപ്പെടുന്നു. ബുദ്ധിജീവികളുടെ പ്രതിനിധിയെന്ന നിലയ്ക്കു് രാജസഭയിൽ അദ്ദേഹം കങ്ങ് സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായ ഒരു നവീനവിദ്യാഭ്യാസപദ്ധതി ആവിഷ്ക്കരിക്കേണ്ടതിൻെറ ആവശ്യകതയേക്കുറിച്ചു് മൂന്നുതവണ ശക്തിയായി ഉൽബോധിപ്പിക്കുകയുണ്ടായി. അങ്ങിനെ കങ്ങ്പണ്ഡിതന്മാരുടെ പ്രധാനമായ ആവശ്യം അംഗീകരിക്കപ്പെട്ടതായി നാം കാണുന്നു. എന്നാൽ ഹാൻ യുഗത്തിൻെറ ആരംഭികകാലത്തു് ടങ്ങ്ചങ്ങ്ഷു ആവിഷ്ക്കരിക്കുകയും രൂപം നൽകുകയും ചെയ്തിട്ടുള്ള കങ്ങ് സിദ്ധാന്തങ്ങറം മാസ്റ്റർ കങ്ങിൻെറ സിദ്ധാന്തങ്ങളിൽനിന്നു് വളരെ വ്യത്യസ്ഥമായിട്ടുള്ളതായിരുന്നുവെന്നു് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. നിർഭാഗ്യവശാൽ കങ്ങ് പ്രസ്ഥാനത്തിൻെറ ഭാഗ്യതാരം അന്നുതൊട്ടു് മങ്ങുവാൻ തുടങ്ങുകയും അതിനു് വർണ്ണഭേദങ്ങറം സംഭവിച്ചുതുടങ്ങുകയും ചെയ്തു.

ഒരു മഹാപണ്ഡിതനായിരുന്ന ടങ്ങ്ചങ്ങ്ഷു അദ്ദേഹത്തിൻെറ വിദ്യാത്ഥികളുടെ ഇടയിൽ ബഹുമാന്യനായി വത്തിച്ചിരിക്കണം എന്നാണു് സ്വാഭാവികമായി നാം പ്രതീക്ഷിക്കുക. അദ്ദേഹം വിദ്യാത്ഥികളുടെ മുമ്പിൽ നിന്നല്ല പ്രസംഗിച്ചിരുന്നതു്. ഒരു കർട്ടൻെറ പിന്നിൽ

നിന്നുകൊണ്ടായിരുന്നു. അതേ അവസരത്തിൽത്തന്നെ വിദ്യാർത്ഥികൾക്കു് തികഞ്ഞ അച്ചടക്കവും ശ്രദ്ധയും ഉണ്ടാകണമെന്നു് അദ്ദേഹത്തിനു് നിഷ്ക്കർഷയുമുണ്ടായിരുന്നു. ചുരുക്കത്തിൽ വിദ്യാർത്ഥികളെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തെപ്പററി നല്ല ഒരഭിപ്രായമായിരുന്നില്ല. പുതുതായി ചേരുന്നവർ പഴയവരുടെ സഹായത്തോടുകൂടിയാണു് പഠിച്ചുവന്നിരുന്നതു്. ഗുരുമുഖത്തുനിന്നു് പഠിക്കുക എന്നതു് അത്ര എളുപ്പമായിരുന്നില്ല. ടങ്ങ് അച്ചടക്കത്തിൻെറ കാര്യത്തിൽ വളരെ കണിശക്കാരനായിരുന്നുവെന്നു് പറഞ്ഞുവല്ലോ. അപ്രകാരംതന്നെ അദ്ദേഹം സ്വാദ്ധ്യായത്തിൻെറ കാര്യത്തിലും അതീവ താല്പര്യം കാണിച്ചു. ഒരിക്കൽ സ്വാദ്ധ്യായത്തിൽ മുഴുകിയ അദ്ദേഹത്തിനു് മൂന്നുകൊല്ലക്കാലത്തേയ്ക്കു് സ്വന്തം തോട്ടം സന്ദർശിപ്പാൻപോലും അവസരമുണ്ടായില്ലത്രെ.

മഹാനായ പ്രസ്തുത പണ്ഡിതൻെറ സിദ്ധാന്തങ്ങൾ യാഥാസ്ഥിതികത്വത്തിൻേറയും ആധുനികത്വത്തിൻേറയും സമ്മോഹനമായ ഒരു സമ്മേളനമായിരുന്നു. ടങ്ങ്ദർശനഗ്രന്ഥമായ 'വസന്തശരൽക്കാലങ്ങളിലെ മിഹികാബാഹുല്യം' (*Copious dene in Spring and Autumn*) എന്ന പുസ്തകത്തിൽ യിൻയാങ്ങ് പ്രസ്ഥാനക്കാരുടെ പ്രകൃത്യാതീതസിദ്ധാന്തങ്ങളുടെ പ്രതിദ്ധ്വനി ധാരാളമായി കാണാവുന്നതാണു്. വസന്തവും ശരത്തും എന്ന മാസ്റ്റർ കങ്ങിൻെറ കൃതിയെ സംബന്ധിച്ച പരിഷ്കൃതമായ ശൈലിയിലുള്ള ഒരു വിശദീകരണമാണു് മിഹികാബാഹുല്യമെന്നതു്. വിചിത്രമായ അതിൻെറ വർണ്ണനയിൽ പലേ

ടത്തും മഴ പെയ്യുവാനും നില്ക്കുവാനും വേണ്ടിയുള്ള പ്രാത്ഥനകൾ അടങ്ങിയിരിക്കുന്നതായി കാണാം.

നീതിശാസ്ത്രത്തിൽ മനുഷ്യത്വം, ധാമ്മികത്വം, സഭ്യത, ജ്ഞാനം, ആത്മാത്ഥത എന്നീ അഞ്ചു ഗുണങ്ങളെപ്പററി ടങ്ങ്ചങ്ങ്ഷു പ്രസ്താവിച്ചിരിക്കുന്നു. രാഷ്ട്രവിജ്ഞാനീയത്തിൽ ശാസകനും പ്രജകളും തമ്മിലുള്ള അവിച്ഛിന്നമായ ബന്ധത്തെപ്പററിയാണു് അദ്ദേഹം പ്രതിപാദിച്ചിട്ടുള്ളതു്. ഇതിലെല്ലാംതന്നെ, അദ്ദേഹം ഏകശാസനാധിഷ്ഠിതമായ ഒരു ഭരണക്രമത്തിന്റെ ആവശ്യകതയെ ന്യായീകരിച്ചതായി കാണാം. അങ്ങിനെ തികച്ചും യാഥാസ്ഥിതികസിദ്ധാന്തങ്ങളെ അദ്ദേഹം ഉന്നയിച്ചു. പ്രകൃതിയുടെ പ്രതിഭാസങ്ങളും മനുഷ്യന്റെ കമ്മങ്ങളും തമ്മിലുള്ള ബന്ധത്തിൽ ലൌകികമായ അഭ്യൂഹങ്ങളിൽ, അദ്ദേഹത്തിന്നു് വിശ്വാസമുണ്ടായിരുന്നതുകൊണ്ടു് കങ്ങ് പാരമ്പയ്യത്തിൽനിന്നു അകന്ന ഒരാളായിരുന്നു അദ്ദേഹമെന്നും പറയാം. അതിഭൌതികമായ പ്രസ്തുത പ്രശ്നങ്ങളിൽ തലയിടുവാൻ മാസ്റ്റർ കങ്ങ് ആഗ്രഹിച്ചില്ല. മാസ്റ്റർ സുൻ അവ വെറും വ്യാമോഹങ്ങളാണെന്നു് പരസ്യമായി പ്രഖ്യാപിച്ചു. മാസ്റ്റർ ടങ്ങ് ആകട്ടെ പുരാതനമായ പ്രസ്തുത അന്ധവിശ്വാസങ്ങളെ തന്റെ ദശനത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കുകയാണുണ്ടായതു്.

ടങ്ങ്ദശനത്തിന്റെ സാരാംശം താഴെ പറയുംപ്രകാരമാണു്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അവിച്ഛിന്നമായ ബന്ധവും സാമൂഹ്യവും ജാഗതവുമായ നിയമങ്ങൾ തമ്മിലുള്ള വമ്പിച്ച സാദൃശ്യവും കാരണമായി ന

ന്മയേയൊ തിന്മയേയൊ പ്രതിനിധീകരിക്കുന്നതും പൂർണ്ണതയിൽ എത്തിയതും ആയ ഏതു മാനുഷികകർമ്മവും സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള പരസ്പരസമ്മേളനത്തിൽനിന്നുണ്ടാകുന്ന വിശ്വവ്യാപിയായ ചലനത്തിൻെറ കേന്ദ്രത്തിലേയ്ക്കു പ്രവഹിക്കുകയും അങ്ങിനെ അതു് പ്രകൃതിയുടെ വിചിത്രമായ ഒരു പ്രതിഭാസമായി പ്രത്യക്ഷീഭവിക്കുകയും ചെയ്യുന്നു. മനുഷ്യൻെറ ചീത്തയായ കർമ്മങ്ങൾ അഗ്നിബാധ, അതിവൃഷ്ടി, അനാവൃഷ്ടി, ഭൂകമ്പം തുടങ്ങിയ പ്രകൃതികോപങ്ങൾകൊണ്ടുണ്ടാകുന്ന നാശങ്ങൾക്കും വാൽനക്ഷത്രങ്ങൾ, ഗ്രഹണം, സ്ത്രീകൾക്കു ശ്മശ്രുക്കൾ ഉണ്ടാവൽ മുതലായ അശുഭങ്ങൾക്കും കാരണമായിത്തീരുന്നു. അശാസ്ത്രീയമായ പ്രസ്തുത വിശ്വാസങ്ങളേയാണു് മാസ്റ്റർ ടങ്ങ് കലാപങ്ങളുടേയും അശുഭങ്ങളുടേയും ശാസ്ത്രമെന്നു വിളിച്ചതു്.

എന്നാൽ ഈ ശാസ്ത്രസിദ്ധാന്തത്തെ ഉന്നയിച്ചതുകൊണ്ടുമാത്രം തൃപ്തിപ്പെടാത്ത മാസ്റ്റർ ടങ്ങ് ഒരടികൂടി മുന്നോട്ടു പോയി. ഇതു് രാഷ്ട്രീയകാര്യങ്ങൾക്കും ബാധകമാണെന്നു് അദ്ദേഹം സമർത്ഥിച്ചു. അനിഷേദ്ധ്യമായ അധീശത്വമുള്ള ഭരണാധിപൻ, സ്വർഗ്ഗം ഭൂമിയിലേയ്ക്കു് അയയ്ക്കുവാൻ പററിയതാണെന്നു കരുതുന്ന അത്ഭുതശക്തികളെ പ്രാപിക്കുവാൻവേണ്ടി പ്രയത്നംചെയ്യുവാൻ തികച്ചും ബാദ്ധ്യസ്ഥനാണു്. അവയെ പ്രാപിച്ചുകഴിഞ്ഞാൽപിന്നെ ശാസകൻ തൻെറ മാർഗ്ഗത്തെ സംശുദ്ധമാക്കിത്തീർക്കണമെന്നു മാസ്റ്റർ ടങ്ങ് പറയുന്നു. എന്നാൽ ദുഷ്പ്രവൃത്തികളിൽ ഏർപ്പെട്ടു് മഹത്തായ പ്രസ്തുത ശക്തികളെ അവ

ഗണിക്കുകയാണെങ്കിൽ ആയാറം സ്വയം അധഃപ്പതിക്കു മെന്നു മാത്രമല്ല തന്റെ സാമ്രാജ്യത്തെ ഛിന്നഭിന്നമാക്കിത്തീക്കുകയുംകൂടി ചെയ്യും.

ഒരു ഏകാധിപതിയുടെ മനോഭാവമുള്ള മാസ്റ്റർ ടങ്ങ്ചങ്ങ്ഷൂവിന്നു് ഏകാധിപത്യശാസനത്തെ നിയന്ത്രിക്കുവാൻ പര്യാപ്തമായ ഒരത്ഭുതവ്യവസ്ഥയെ ആസൂത്രണംചെയ്യാൻ കഴിഞ്ഞില്ല. തന്റെ ആശയങ്ങളെപ്പററി പ്രതിപാദിച്ചിരുന്ന അദ്ദേഹത്തിന്റെ മനസ്സിൽ ഈ വിചാരമുണ്ടായിരുന്നുവോ എന്നു പറയുക സാദ്ധ്യമല്ല. ഒരിക്കൽ അദ്ദേഹം, വസന്തവും ശരത്തും എന്ന ഗ്രന്ഥം ജനങ്ങളെ ശാസകനോടും ശാസകനെ സ്വർഗ്ഗത്തോടും കൂറുള്ളവരാക്കിത്തീക്കുക എന്ന ഉദ്ദേശത്തോടുകൂടി രചിക്കപ്പെട്ടിട്ടുള്ളതായിരുന്നു എന്നു് പഠിപ്പിക്കുകയുണ്ടായി. ഒരു പക്ഷെ അദ്ദേഹത്തിന്റെ കാലത്തു് നിലവിലുണ്ടായിരുന്ന ചില വിശ്വാസങ്ങളെ പ്രതിനിധീകരിച്ചു് പറഞ്ഞതാവാം ഇതെന്നു് ഊഹിക്കുന്നതിൽ തെററില്ല. എന്നാൽ ഒരു കാര്യം നമുക്കു വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നുണ്ടു്. അക്കാലത്തെ ജനങ്ങറം മനശ്ചാഞ്ചല്യം ഉള്ളവരായിരുന്നു. ചക്രവത്തിതൊട്ടു് സാധാരണക്കാരൻവരെയുള്ള എല്ലാവരും. അന്ധവിശ്വാസങ്ങറം സവ്വത്ര കാണാമായിരുന്നു. അതിനാൽ കാലത്തിന്റെ ധമ്മത്തിൽ നിന്നു് കങ്ങ്പണ്ഡിതന്മാർ വ്യത്യസ്ഥരായിരുന്നില്ല. പക്ഷെ ടങ്ങ് ചങ്ങ്ഷൂവിന്റെ ഉദ്ദേശം എന്തുതന്നെ ആയിരുന്നാലും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ പിന്നീടുണ്ടായ പണ്ഡിതന്മാർ സ്വാഗതംചെയ്തു. ഭരണകൂടത്തി

ലുള്ള വൈകല്യങ്ങളെ ദൂരീകരിക്കുവാൻ ഫലപ്രദമായിട്ടു ള്ള ഒരായുധമാണു് അവയെന്നു് അവർ കരുതി. ചക്രവർത്തിക്കു് അനിഷേദ്ധ്യമായ അധീശത്വമുണ്ടായിരുന്നതു കൊണ്ടു് അദ്ദേഹത്തെ നിയന്ത്രിക്കുവാൻ സ്വർഗ്ഗശാസനത്തിനെങ്കിലും കഴിയുമാറാകണമെന്നു് അവർ ആശിച്ചിരുന്നു. സ്വർഗ്ഗം സർവ്വാന്തര്യാമിയാണു്. അതിൻെറ പ്രതികരണങ്ങൾ പ്രകൃതിയുടെ ക്രമവൈരുദ്ധ്യത്തിൽ മാത്രമേ ദർശിക്കപ്പെടുവാൻ കഴിയൂ. അങ്ങിനെ അസാധാരണമായി എന്തെങ്കിലും സംഭവിച്ചാൽ ഉടൻതന്നെ പണ്ഡിതന്മാർ അതു സ്വർഗ്ഗത്തിൻെറ പ്രതികരണമാണെന്നു ചക്രവർത്തിയെ ഓർമ്മപ്പെടുത്തിവന്നു. അല്പം ചില അവസരങ്ങളിൽമാത്രം അവരുടെ ശ്രമം ഫലപ്രദമായിത്തീർന്നിട്ടുമുണ്ടു്.

## രണ്ടു രാജകീയ സമ്മേളനങ്ങൾ

കങ്ങ് പ്രസ്ഥാനത്തിന്നു ലഭിച്ച വമ്പിച്ച സ്വാഗതം അതിൻെറ അനിയന്ത്രിതമായ വളർച്ചയ്ക്കു കാരണമാക്കിത്തീർത്തുകൊണ്ടു് ആവിർഭവിച്ച നവീനതത്വശാസ്ത്രം നിശിതമായ ഒരു മത്സരത്തെ കങ്ങ് പണ്ഡിതന്മാരുടെ ഇടയിൽത്തന്നെ അഴിച്ചുവിടുകയുണ്ടായി. പുരാണഗ്രന്ഥങ്ങളുടെ വ്യാഖ്യാനത്തിൻെറ കാര്യത്തിലായിരുന്നു ഈ മത്സരം ആവിർഭവിച്ചതു്. പുതുതായി കണ്ടുപിടിക്കപ്പെട്ട ചില പുരാണഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും ഔദ്യോഗികമായി അംഗീകരിക്കപ്പെടേണ്ടതാണെന്നു് ഒരു വിഭാഗം വാദിച്ചു. അത്തരം വ്യാഖ്യാനങ്ങളിൽ വസന്തവും ശര

ത്തും എന്ന കൃതിയെക്കുറിച്ചു കങ്ങ്യാങ്ങ്കോ, കുലിയാങ്ങ്ചി, സോച്യുമിങ്ങ് എന്നീ മൂന്നുപേരുടെ വ്യാഖ്യാനങ്ങളും ഉൾപ്പെട്ടിരുന്നു. യുദ്ധകാലത്തു് ഉണ്ടായതായിരുന്നു അവയെല്ലാം.

ഹാൻ കാലം ഏതാണ്ടു് മുഴുവനും നിലനിന്ന പ്രസ്തുത വാദപ്രതിവാദങ്ങളെ അപ്പടി ഇവിടെ വിവരിക്കുക സാദ്ധ്യമല്ല. ഹാൻ യുഗത്തിൻെറ ആരംഭത്തിൽ മേൽപ്രസ്താവിച്ച വ്യാഖ്യാനങ്ങളിൽ കങ്ങ് യാങ്ങിൻെറ വ്യാഖ്യാനംമാത്രമെ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരുന്നുള്ളു. വൂ ചക്രവർത്തിയായിരുന്നു അന്നു് ഭരണംനടത്തിയിരുന്നതു്. ഒരു കങ്ങ്യാങ്ങ്വാദിയായ ടങ്ങ്ചങ്ങ്ഷുവിൻെറ സ്വാധീനശക്തി മൂദ്ധന്യദശയിൽ എത്തിച്ചേൎന്നിട്ടുണ്ടായിരുന്നു അന്നു്. എന്നാൽ അധികകാലം കഴിയുന്നതിന്നുമുമ്പു് പണ്ഡിതന്മാരുടെ ഇടയിൽ കുലിയാങ്ങിൻെറ വ്യാഖ്യാനത്തിന്നു് പ്രാധാന്യം സിദ്ധിച്ചുവന്നു. അങ്ങിനെ ബി. സി. 73 മുതൽ 49 വരെ വാണ സുവാൻ ചക്രവർത്തിയുടെ കാലത്തു് അതിന്നു് ഔദ്യോഗികപദവി ലഭിച്ചു. പിന്നീടു് ഒരു തലമുറ കഴിഞ്ഞതിനുശേഷം എയി, പിങ്ങ് എന്നീ ചക്രവർത്തിമാരുടെ കാലത്തു് സോ വ്യാഖ്യാനത്തിന്നു് പ്രാധാന്യം ലഭിക്കുവാൻവേണ്ടിയുള്ള ഒരു പ്രക്ഷോഭം ആരംഭിക്കുകയും വളരെ കാലത്തെ പരിശ്രമഫലമായി അതു് വിജയിക്കുകയും ചെയ്തു. എങ്കിലും മൂന്നു വ്യാഖ്യാനങ്ങളുടേയും പ്രാധാന്യത്തെപ്പററി മൂന്നു വിഭാഗങ്ങളായി പിരിഞ്ഞു് വളരെ നൂററാണ്ടുകളോളം പണ്ഡിതന്മാർതമ്മിൽ വാദപ്രതിവാദം നടത്തിക്കൊണ്ടിരു

ന്നു. ഇന്നുവരെ അതിലേതാണു് വിശിഷ്ടമായിട്ടുള്ളതെന്നു് തീരുമാനിക്കപ്പെട്ടിട്ടില്ല.

പണ്ഡിതന്മാർതമ്മിലുള്ള പ്രസ്തുത അഭിപ്രായവ്യത്യാസത്തിന്നു് ഒരു തീരുമാനമുണ്ടാക്കുന്നതിന്നായി ബി. സി. 51ലും എ. ഡി. 79ലും രണ്ടു രാജകീയസമ്മേളനങ്ങൾ നടക്കുകയുണ്ടായി. ഒന്നാമത്തെ സമ്മേളനം നടന്നതു് സുവാൻ ചക്രവർത്തിയുടെ കാലത്താണു്. സാമ്രാജ്യത്തിലെ 22 മഹാപണ്ഡിതന്മാർ അതിൽ പങ്കുകൊണ്ടു. മൂന്നുകൊല്ലക്കാലത്തോളം പ്രസ്തുത സദസ്സിൽ വാദപ്രതിവാദങ്ങൾ നീണ്ടുനിന്നു. ഒടുവിൽ രാജധാനിയിൽവെച്ചു് അവസാനമായി ചേർന്ന യോഗത്തിൽ മൂന്നുകൊല്ലം നടന്ന വാദപ്രതിവാദത്തിൻെറ റിപ്പോർട്ടു് ചക്രവർത്തിക്കു സമർപ്പിക്കുകയും തീരുമാനമെടുക്കുവാൻ അദ്ദേഹത്തെ ഭാരമേല്പിക്കുകയുംചെയ്തു. അങ്ങിനെ രാജാവു് കുലിയാങ്ങ് വിഭാഗത്തെ അനുകൂലിച്ചു. 120 കൊല്ലങ്ങൾക്കുശേഷം അതേപ്രകാരത്തിലുള്ള മറെറാരു സമ്മേളനംകൂടി നടക്കുകയുണ്ടായി. ചാങ്ങ് ചക്രവർത്തിയുടെ അരമനയിൽവെച്ചാണു് അതു നടന്നതു്. അതിൽ കങ്ങ്യാങ്ങ്വിഭാഗക്കാരുംസോ വിഭാഗക്കാരുംതമ്മിൽ ഒരു ഭയങ്കര സമരംതന്നെ നടന്നു. എന്നാൽ ഇത്തരം അഭിപ്രായഭിന്നതകൾ ഉണ്ടായിരുന്നിട്ടുപോലും കങ്ങ് പുരാണങ്ങൾക്കു് ഔദ്യോഗികമായ ഒരു വിശദീകരണം നല്കുന്ന കാര്യത്തിൽ എല്ലാ പണ്ഡിതന്മാരും യോജിക്കുകയുണ്ടായി. അവരുടെ മഹത്തായ പ്രവർത്തനങ്ങളെ വാൻകു എന്ന ഒരു ചരിത്രകാരൻ സംഗ്രഹിച്ചിട്ടുണ്ടു്. സമ്മേളനനടവടികളെക്കുറിച്ചു്

അദ്ദേഹം തെയ്യാറാക്കിയ ഗ്രന്ഥത്തിൽനിന്നു് ഹാൻ കാലത്തുണ്ടായിരുന്ന ജ്ഞ സിദ്ധാന്തങ്ങളെ പഠിക്കുവാൻ ഭാവി തലമുറകൾക്കു് കഴിഞ്ഞു.

## പഴയ ലിപികൾ പുതിയവയ്ക്കു് വിരുദ്ധം

മേൽപ്പറഞ്ഞ കഥ രണ്ടു പണ്ഡിതവിഭാഗങ്ങൾതമ്മിൽ പഴയ ലിപിക്കും പുതിയ ലിപിക്കുംവേണ്ടി നടത്തപ്പെട്ട ഭയങ്കരസമരത്തിൻെറ ഒരു വശം മാത്രമാണു്. പുതിയ ലിപിക്കുവേണ്ടി വാദിച്ചിരുന്നവർ ഹാൻകാലത്തു് കണ്ഫ്യൂഷ്യൻ പുരാണങ്ങൾ പഠിപ്പിച്ചിരുന്ന പ്രൊഫസർമാരായിരുന്നു. അവർ പുതിയ ലിപിയിലാണു് പഠിപ്പിച്ചിരുന്നതു്. അവരുടെ പ്രവത്തനത്തിന്നു് ഗവമ്മേണ്ടു പിൻതുണയുണ്ടായിരുന്നു. കാരണം ആസ്ഥാനവിദ്വത്സദസ്സിലെ അംഗങ്ങളായിരുന്നു അവർ. ചിങ്ങ് ചക്രവത്തിയുടെ കാലംതൊട്ടു് ആരംഭിച്ച സദസ്സായിരുന്നു അതു്. അദ്ധ്യാപകന്മാരിൽനിന്നു് വിദ്യാത്ഥികളിലേയ്ക്കു് മാറിക്കൊണ്ടായിരുന്നു പ്രസ്തുത സദസ്സ് നിലനിന്നുവന്നതു്. അങ്ങിനെ ക്രിസ്ത്വബ്ദം ഒന്നാം നൂററാണ്ടിൽ അവരുടെ അധീശത്വം ചോദ്യം ചെയ്യപ്പെട്ടു. അക്കാലത്തെ ഏററവും മഹാനായ ഒരു പണ്ഡിതനായിരുന്ന ലിയൂസിൻ ആണു് അതു ചെയ്തതു്.

ലിയൂസിയാങ്ങിൻെറ പുത്രനും ഒരു കലിയാങ്ങ് പണ്ഡിതനും രാജധാനിയിൽവെച്ചുനടന്ന വിദ്വൽപരിഷത്തിൽ ഒരു പ്രധാന പങ്കുവഹിച്ച ആളും ആയ ലിയൂസിനെ രാജകീയഗ്രന്ഥപ്പുരയിലെ ഗ്രന്ഥങ്ങളുടെ ഒരു നാമാ

വലി തെയ്യാറാക്കുവാൻ ഏല്പിച്ചു. അദ്ദേഹത്തിൻെറ പിതാവു് തുടങ്ങിവെച്ച പ്രവൃത്തിയായിരുന്നു അതു്. അദ്ദേഹം ആ പ്രവൃത്തി പ്രശംസനീയമാംവണ്ണം നിൎവ്വഹിക്കുകയും ചെയ്തു. ഇന്നും പുരാതനഗ്രന്ഥങ്ങളെപ്പററി അറിയുന്നതിന്നുള്ള ഒരു ഉത്തമനാമാവലിയായി അതു് അവശേഷിക്കുന്നു. ആ പ്രവൃത്തി നടത്തിക്കൊണ്ടിരുന്നപ്പോൾ ഒരു പുരാതന കങ്ങ്ഗൃഹം പൊളിച്ച അവസരത്തിൽ കിട്ടിയ കുറെ പുരാതനഗ്രന്ഥങ്ങൾ ഒരു സ്ഥലത്തു് സൂക്ഷിച്ചിരിക്കുന്നതായി അദ്ദേഹം കണ്ടു. കങ്ങ്‌രാജകുമാരൻ വൂ ചക്രവൎത്തിക്കു് സമ്മാനിച്ചതായിരുന്നു അതു്. പ്രസ്തുത ഗ്രന്ഥങ്ങൾ പുരാതനലിപിയിൽ എഴുതപ്പെട്ടിരുന്നതും വൂ ചക്രവൎത്തിയുടെ കാലത്തു് ജീവിച്ചിരുന്ന ബഹുഭൂരിപക്ഷം പണ്ഡിതന്മാൎക്കും വായിപ്പാൻ കഴിയാത്തതും ആയിരുന്നു. വിശേഷജ്ഞന്മാരെ വരുത്തീട്ടാണു് അവയെ വായിപ്പിച്ചതു്. കങ്ങ്‌രാജകുമാരനെപ്പോലെത്തന്നെ ഗ്രന്ഥപ്പുരയിൽ പ്രവൎത്തിച്ചുവന്ന ലിയൂസിനും കുറെ പുരാതനഗ്രന്ഥങ്ങൾ കണ്ടുപിടിക്കുകയുണ്ടായി. അവയും പഴയ ലിപിയിൽ എഴുതപ്പെട്ടവയായിരുന്നു. മുമ്പുണ്ടായിരുന്നവരുടെ ദൃഷ്ടിയിൽപ്പെടാതെ അങ്ങിനെ കിടക്കുകയായിരുന്നു അവ. ചൌ ആചാരശാസ്ത്രം എന്ന അതിലെ ഒരു മഹൽഗ്രന്ഥം മഹാനായ ചൌ ഡ്യൂക്ക് എഴുതിയതാണെന്നു് പറയപ്പെടുന്നു. പക്ഷേ യുദ്ധകാലത്തു് എഴുതപ്പെട്ടതാണു് അതു് എന്നു് പലരും വിശ്വസിക്കുന്നു. അക്കാലത്താണു് ലിയൂസിന്നു് ഒന്നാമതായി സോ വ്യാഖ്യാനം വായിപ്പാൻ സംഗതിവന്നതു്. അതിൽപ്പിന്നെ അ

ദ്ദേഹത്തിൻെറ പ്രവൎത്തനരംഗം അതായിത്തീരുകയും ചെയ്തു.

തൻെറ കണ്ടുപിടുത്തത്തിൽ അത്യധികം സന്തോഷിച്ച ലിയൂസിൻ ആസ്ഥാനവിദ്വാന്മാരെ വിവരമറിയിച്ചു. അവർ പ്രസ്തുത ഗ്രന്ഥങ്ങളെ ഔദ്യോഗികമായി ഏറെറടുക്കുമെന്ന വിശ്വാസത്തോടുകൂടിയാണ് അദ്ദേഹം അങ്ങിനെ ചെയ്തതു്. എന്നാൽ അഹംഭാവികളായ പ്രൊഫസർമാർ തങ്ങളുടെ അധികാരത്തിൽ കൈകടത്തുവാനുള്ള ഒരു ശ്രമമാണിതെന്നു് ധരിച്ചു് പ്രസ്തുത പുരാതന കൃതികളെ സ്വീകരിയ്ക്കുവാൻ കൂട്ടാക്കിയില്ല. മാത്രമല്ല ലിയൂസിൻ സ്വന്തം സ്വാൎത്ഥതാല്പൎയ്യത്തെ മുൻനിറുത്തിയാണു് അവയെ ഉപയോഗിയ്ക്കുന്നതെന്നു് അദ്ദേഹത്തെ കുറപ്പെടുത്തുകയും ചെയ്തു. അങ്ങിനെ ആരംഭിച്ച ഭയങ്കരമായ മത്സരത്തിൽ ലിയൂസിൻ മററു പണ്ഡിതന്മാരോടെല്ലാം ഏകനായി എതിൎത്തുനിന്നു. ഒടുവിൽ വികാരങ്ങൾക്കു് ചൂടുപിടിക്കുവാൻ തുടങ്ങിയപ്പോൾ ആസ്ഥാനവിദ്വാന്മാരുടെ സുശക്തന്മാരായ സഹായികളിൽനിന്നു് ദേഹോപദ്രവമേൽക്കേണ്ടിവരുമെന്നുകണ്ട ലിയൂസിൻ രാജസദസ്സിലെ ഉദ്യോഗം രാജികൊടുത്തു.

എന്നാൽ വിദ്വാന്മാർ തമ്മിൽ നടന്ന ആ വഴക്കു് ചില രാഷ്ട്രീയസംഭവവികാസങ്ങളുമായി ബന്ധപ്പെടാതിരുന്നില്ല. ടോ രാജ്ഞിയുടെ കുടുംബത്തിൽപ്പെട്ട വാങ്ങ് മാങ്ങ് എന്ന സുശക്തനായ ഒരു മനുഷ്യൻ ഹാൻ സിംഹാസനം കരസ്ഥമാക്കി. ലിയൂസിനെ ആയാൾ തൻെറ മന്ത്രിയാക്കി നിശ്ചയിച്ചു. അപ്രകാരം അധികാരത്തിൽ

ഷാണ ലിയൂസിൻ താൻ കണ്ടുപിടിച്ച പുരാതനഗ്രന്ഥ ങ്ങൾക്ക് ഔദ്യോഗികാംഗീകരണം നല്കി. പക്ഷേ ഈ വിജയം അധികകാലം നിലനില്ക്കുകയുണ്ടായില്ല. വാങ്ങ് മാങ്ങിൻെറ ഭരണം എ. ഡി. 23_ൽ തകൎന്നു. അതേ കൊല്ലംതന്നെ ലിയൂസിൻ മരിക്കുകയും ചെയ്തു. ഒരു ചീ ത്തപ്പേരോടുകൂടിയാണ് അദ്ദേഹം മരിച്ചതു്. അതിനു കാരണം വാങ്ങ്മാങ്ങ് ഭരണത്തോടു് അദ്ദേഹത്തിന്നുണ്ടാ യിരുന്ന ബന്ധമായിരുന്നു.

ലിയൂസിൻെറ മരണം കണ്ട് പ്രസ്ഥാനത്തിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള മത്സരം അവസാനിപ്പിക്കു കയുണ്ടായില്ല. മാത്രമല്ല ഹാൻവംശശാസനത്തിൻെറ അ വസാനകാലമായപ്പോഴെയ്ക്കും അതു് ഉഗ്രരൂപം കൈക്കൊ ള്ളുകയാണുണ്ടായതു്. അങ്ങിനെ അതു് നീണ്ടുനിന്നേട ത്തോളംകാലം വിടവു് വൎദ്ധിച്ചുകൊണ്ടേയിരുന്നു. മാസ്റ്റർ കങ്ങിൻെറ സിദ്ധാന്തങ്ങളേയും അദ്ദേഹത്തിൻെറ വ്യക്തി വൈശിഷ്ട്യത്തേയുംകുറിച്ചുള്ള അവരുടെ അഭിപ്രായവ്യ ത്യാസങ്ങൾ ശക്തിപ്പെട്ടുവന്നു. പുതിയ ലിപികൾക്കുവേ ണ്ടി വാദിച്ചിരുന്നവർ മാസ്റ്റർ കങ്ങിനെ ഒരു കിരീടം വെ യ്ക്കാത്ത രാജാവായും ലോകോദ്ധാരകനായും നവീനലോകക്ര മത്തെ സൃഷ്ടിക്കുവാൻവേണ്ടി തൂലിക എടുത്ത ആളായും കരുതിവന്നു. പഴയ ലിപികൾക്കുവേണ്ടി വാദിച്ചിരുന്നവ രാകട്ടെ അദ്ദേഹം ഒരു ഋഷിപണ്ഡിതനും പുരാതനതത്വ ങ്ങളെ ഭാവിതലമുറയ്ക്കു് വ്യാഖ്യാനിച്ചുകൊടുത്ത ആളും ആയി കരുതി. ആദ്യത്തെ അഭിപ്രായത്തിന്നു് ഹാൻ യുഗത്തിൽ പ്രാബല്യം കിട്ടാതെപോയതിൽ അത്ഭുതപ്പെ

ട്ടുവാനില്ല. കണ്ട് സിദ്ധാന്തങ്ങളെ കുട്ടിക്കാലത്ത് തുടങ്ങിയതു് ടങ്ങ്ചങ്ങ്ഷൂവിൻെറ കാലംതൊട്ടായിരുന്നു. പിന്നീട്ടു് കാലത്തിനുണ്ടായിക്കൊണ്ടിരുന്ന പരിവർത്തനങ്ങൾ അതിനു് കൂടുതൽ പ്രോത്സാഹനം നല്കി. ഹാൻ യുഗത്തിലെ പല എഴുത്തുകാരും കണ്ട്സിദ്ധാന്തങ്ങൾ പുരാതനസാഹിത്യത്തിനുള്ള പൂരകമാണെന്നു് വിശ്വസിച്ചിരുന്നു. അക്കാലത്തു് സംശയാസ്പദമായ നിരവധി രചനകൾ ഉണ്ടായിരുന്നു. അതിൽ സമുന്നതമായ ഒരു സ്ഥാനമായിരുന്നു മാസ്റ്റർ കണ്ടിനുണ്ടായിരുന്നതു്. ഭാവിതലമുറകൾക്കുവേണ്ടിയുള്ള ജീവിതസിദ്ധാന്തങ്ങളെ ആവിഷ്ക്കരിച്ച ആളും ദിവ്യനും ശ്യാമരാജാവിൻെറ പുത്രനും അമാനുഷികശക്തികൾ ഉള്ള ആളും ഭാവിയെപ്പററി പ്രവചിക്കുവാൻകഴിയുന്ന വ്യക്തിയും ആയിരുന്നു അദ്ദേഹമെന്നു് ചിത്രീകരിക്കപ്പെട്ടിരുന്നു. മാസ്റ്റർ കണ്ട് സ്വയം വെറുത്തിരുന്ന ദിവ്യത്വത്തെ അദ്ദേഹത്തിൽ ആരോപിച്ചു് ആളുകൾ ആ മഹാനെ ചീത്തപ്പെടുത്തുവാൻ ശ്രമിച്ചു. അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെ ഒരു മതമാക്കിത്തീർക്കുവാൻ അവർ പരിശ്രമിച്ചു. എന്നാൽ പഴയ ലിപിക്കുവേണ്ടി വാദിച്ചിരുന്നവർ അത്തരം ചിന്താഗതികൾ നിരർത്ഥകങ്ങളാണെന്നു് പറഞ്ഞു് അവയെ തള്ളിക്കളഞ്ഞു.

പുതിയ ലിപിക്കുവേണ്ടി വാദിച്ചിരുന്നവരുടെ അയുക്തികമായ ഈ നിലപാടായിരുന്നിരിക്കണം ഹാൻശാസനത്തിൻെറ ഉത്തരാർദ്ധത്തിൽ അവരുടെ ശക്തിയെ ക്ഷയിപ്പിച്ചതു്. ലിയൂസിന്നുശേഷം ഉണ്ടായ എഴുത്തുകാ

രെയെല്ലാംതന്നെ പഴയ കാലത്തെ അവിശ്വസനീയമാം വണ്ണം ചിത്രീകരിച്ചുതുടങ്ങി. ലിയൂസിൻെറ സമകാലീനനായിരുന്ന യാങ്ങ്സിയങ്ങ് (ബി. സി. 53–എ. ഡി. 18) 'സ്ത്രീപുരുഷ' സിദ്ധാന്തത്തിന്നെതിരായി സമരം നയിച്ചു. അതു് കണ്ട് തത്വങ്ങളെ മലീമസമാക്കിത്തീൎത്തു. മെങ്ങ്കോവും സുൻചിങ്ങും തമ്മിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങളെ തീൎക്കുന്നതിന്നായി അദ്ദേഹം ഒരു മദ്ധ്യമമാൎഗ്ഗം സ്വീകരിച്ചുവെന്നു് പറയപ്പെടുന്നു. അതായതു് മനുഷ്യപ്രകൃതി തികച്ചും നല്ലതോ തികച്ചും ചീത്തയോ അല്ല എന്ന അഭിപ്രായമായിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്നതു്. നന്മയുടേയും തിന്മയുടേയും ഒരു സങ്കലനമാണു് അതു്. സാഹചൎയ്യങ്ങൾക്കനുസരിച്ചാണു് അതു് നല്ലതോ ചീത്തയോ ആയിത്തീരുന്നതു്. അതിനുംപുറമെ ലോകപണ്ഡിതനെന്ന പ്രശസ്തിയാൎജ്ജിച്ച മായങ്ങിൻെറ അപാരമായ വിദ്വത്തും അദ്ദേഹത്തെ അത്യധികം ആകൎഷിക്കുകയുണ്ടായി. മായങ്ങിന്നു് നിരവധി ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ ഒരാളായിരുന്നു ചെങ്ങ്സുവാൻ. (എ. ഡി. 127—200) പിന്നീടു് ഒരു വലിയ വിദ്വാനായിത്തീൎന്നു. അദ്ദേഹത്തിൻെറ ഗൃഹത്തിലുണ്ടായിരുന്ന വേലക്കാരികൾപോലും പുരാതനകാവ്യങ്ങളെ ഉദ്ധരിച്ചുകൊണ്ടു് സംഭാഷണം നടത്തിയിരുന്നതായി പറയപ്പെടുന്നു. ചെങ്ങ്സുവാൻ പഴയ ലിപിക്കുവേണ്ടി നിലകൊണ്ടിരുന്ന ഒരാളായിരുന്നു. ഒരു സമന്വയവാദിയും ആയിരുന്നു അദ്ദേഹം. ആസ്ഥാനവിദ്വാന്മാരെപ്പോലെ ഒരു പ്രത്യേകകക്ഷിയിൽപ്പെടാതെ അദ്ദേഹം കങ്ങ്സി

ദ്ധാന്തങ്ങാം മുഴുവൻ പഠിച്ചു. ഓരോന്നിനെക്കുറിച്ചും വ്യാഖ്യാനങ്ങാം എഴുതുകയും ചെയ്തു. ഉദാരമനസ്കനും വിശാലഹൃദയനുമായിരുന്ന അദ്ദേഹം പഴയതും പുതിയതും നല്ലതാണെന്നു് വാദിച്ചു. അങ്ങിനെ കങ്ങ്പ്രസ്ഥാനക്കാർ തമ്മിൽ നൂററാണ്ടുകളായി നടന്നിരുന്ന വടംവലി തല്ക്കാലത്തേയ്ക്കു് അവസാനിക്കുകതന്നെ ചെയ്തു.

## യുക്തിവാദത്തിൻെറ ആഹ്വാനം

അക്കാലത്താണു് ഹാൻയുഗത്തിലെ ഏററവും വലിയ ചിന്തകനായിരുന്ന വാങ്ങ്ചങ്ങ് ജീവിച്ചിരുന്നതു്. പേരും പെരുമയും ആജ്ജിച്ച അദ്ദേഹത്തിൻെറ സമകാലീനരായിരുന്ന പണ്ഡിതന്മാരെപ്പോലെ ആഭാടപൂണ്ണമായ ഒരു ജീവിതം നയിക്കാതെ വാങ്ങ് ഏററവും നിരാഡംബരനായി ജീവിച്ചുവന്നു. അദ്ദേഹം തന്നെപ്പററി ഇങ്ങിനെ എഴുതി:—"ഞാൻ ദരിദ്രനും ഒരു വീടുപോലും ഇല്ലാത്തവനും ആണെങ്കിലും എൻെറ മനസ്സ് രാജാക്കന്മാർ, പ്രഭുക്കന്മാർ എന്നിവരുടേതിനേക്കാാം സ്വതന്ത്രമാകുന്നു. മണിഹമ്മ്യങ്ങളിൽ സുഖഭോഗമനുഭവിച്ചു് കഴിയുന്ന അവരുടെ ജീവിതത്തേക്കാാം എൻെറ ജീവിതം കൂടുതൽ സംതൃപ്തമാണു്. നശീകരണാത്മകമായ ചിന്തകാം ഒരിക്കലും എന്നെ അലട്ടാറില്ല. ദരിദ്രനായി ജീവിച്ചുവരുന്ന എൻെറ ആദശ്ങ്ങാം ഇതുവരെ ക്ഷയോന്മുഖമായിത്തീന്നിട്ടില്ല. പുരാതന സഹിത്യപഠനമാണു് എൻെറ ഭോഗസുഖം. വിചിത്രമായ കഥകാം എന്നെ സംബന്ധിച്ചേടത്തോളം മനോരഞ്ജകമായിട്ടുള്ളതാകുന്നു. ഏകാന്തതയിൽ

ജീവിച്ച് അസത്യത്തിൻെറ പ്രചരണത്തെ തടയുവാനും സത്യത്തെ ആവിഷ്ക്കരിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു.''

സത്യത്തെ ആവിഷ്ക്കരിക്കുന്ന സംരംഭത്തിൽ ഏൎപ്പെട്ട വാങ്ങ്ചങ്ങ് നിരവധി പുസ്തകങ്ങൾ എഴുതീട്ടുണ്ട്. അവയിൽ ഏററവും പ്രധാനമായതു് 'ഗുണദോഷനിരൂപണം' (*Animadversion*) എന്ന പുസ്തകമാണ്. ശൈലിയിലും ഉള്ളടക്കത്തിലും മികച്ചുനില്ക്കുന്ന പ്രസ്തുത ഗ്രന്ഥം അക്കാലത്തെ അലങ്കാരയുക്തമായ ഭാഷാശൈലിയിൽ നിന്നുള്ള ഒരു വ്യതിയാനമായിരുന്നു. അയുക്തികചിന്തകളോടുള്ള ഒരു വെല്ലുവിളിയും ആയിരുന്നു അതു്. ഹാൻയുഗത്തിൽ ഏററവുമധികം പ്രാബല്യം നേടിയിരുന്നതു് യുക്തിരഹിതമായ ചിന്താഗതികളായിരുന്നു എന്നതു് പ്രത്യേകം പ്രസ്താവ്യമാണ്. ഈ പുസ്തകത്തിൽ കൃത്രിമമായ എല്ലാററിനേയും ശക്തിയായി വിമൎശിച്ചിട്ടുണ്ട്. സൂക്ഷ്മനിരീക്ഷകനും അന്വേഷണബുദ്ധിയുമായ വാങ്ങ്ചങ്ങ് അത്ഭുതസിദ്ധികളേയും പ്രകൃതികോപങ്ങളേയും പ്രേതലോകത്തേയും ദിവ്യചമത്ക്കാരത്തേയും മററും കുറിച്ചുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെ ഖണ്ഡിച്ചു. എന്നാൽ അദ്ദേഹം ഏററവുമധികം വിമൎശിച്ചതു് കങ്ങ് പണ്ഡിതന്മാരുടെ അമാനുഷതാസിദ്ധാന്തത്തെയായിരുന്നു. മാനുഷികകാൎയ്യങ്ങളെ പ്രകൃതിയുടെ പ്രവണതകളുമായി ബന്ധപ്പെടുത്താതെ തൻെറ കാലത്തുണ്ടായിരുന്ന ഖഗോളശാസ്ത്രജ്ഞാനത്തിൻെറ വെളിച്ചത്തിൽ അദ്ദേഹം വ്യാഖ്യാനിച്ചു. അങ്ങിനെ ആറുമാസത്തിലൊരിക്കൽ ഒരു ചന്ദ്രഗ്രഹണം ഉണ്ടാവുമെന്നും നാല്പത്തിഒന്നോ നാല്പത്തിരണ്ടോ

മാസങ്ങൾ കൂടുമ്പോൾ ഒരു സൂര്യഗ്രഹണം ഉണ്ടാവുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അവ സ്ഥിരമായി സംഭവിച്ചുകൊണ്ടിരിക്കുന്നതാണെന്നും രാഷ്ട്രീയപ്രവൎത്തനങ്ങളുമായി അവയ്ക്കു ബന്ധമില്ലെന്നും വാങ്ചങ് സിദ്ധാന്തിച്ചു. അപ്രകാരംതന്നെയാണു് പ്രകൃതികോപങ്ങളും നാശങ്ങളും ഉണ്ടായിത്തീരുന്നതു്. ടങ്ചങ്ഷൂ അവയെപ്പററി വളരെയധികം പറഞ്ഞിട്ടുണ്ടായിരുന്നു.

മനുഷ്യനും സ്വൎഗ്ഗവും തമ്മിൽ ഹേതുവാദസിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന ടങ്ങിൻെറ അഭിപ്രായത്തോടു് വാങ്ചങ് യോജിച്ചില്ല. വായയോ ചെവിയോ ഇല്ലാത്ത സ്വൎഗ്ഗത്തിന്നു് മനുഷ്യൻെറ പ്രാൎത്ഥനകൾ കേൾക്കുവാനോ അതിനു മറുപടി പറയുവാനോ സാദ്ധ്യമല്ലെന്നു് അദ്ദേഹം വാദിച്ചു. വാങ് ഇങ്ങിനെ പറഞ്ഞു:—"ശരീരത്തിലുള്ള പേനുകൾ പോലെയാണു് സ്വൎഗ്ഗത്തിൻേറയും ഭൂമിയുടേയും ഇടയിലായി മനുഷ്യർ നിവസിക്കുന്നതു്. മനുഷ്യനു കേൾക്കുവാൻ സാധിക്കുന്ന ശബ്ദങ്ങൾ അവൻെറ ചെവിക്കടുത്തു ചെന്നിരുന്നാൽപോലും പേനുകൾക്കു കേൾക്കുവാൻ കഴിയുകയില്ല. എന്തുകൊണ്ടാണതു്? മനുഷ്യനും പേനും തമ്മിൽ ആകാരപരമായി വമ്പിച്ച വ്യത്യാസമുള്ളതാണു് അതിന്നു കാരണം. അതിനാൽ മനുഷ്യശബ്ദം അതിന്നു കേൾക്കുക സാദ്ധ്യമല്ല. അപ്രകാരംതന്നെ ഒരു കീടാണുവേപ്പോലുള്ള മനുഷ്യൻ എത്രയോ വിശാലമായ സ്വൎഗ്ഗത്തോടോ ഭൂമിയോടോ സംസാരിക്കുകയാണെങ്കിൽ അവയ്ക്കതു കേൾക്കുവാൻ സാധിക്കുകയോ അവൻെറ ഇച്ഛയെന്തെന്നറിയുവാൻ കഴിയുകയോ ചെയ്യുന്നതല്ല."

ഇതേ വാദഗതിയെ ഉന്നയിച്ചുകൊണ്ടു് വിശ്വത്തിൻെറ പിണ്ഡികയാണു് മനുഷ്യനെന്ന സിദ്ധാന്തത്തേയും അദ്ദേഹം എതിത്തു. പ്രസ്തുത സിദ്ധാന്തം തെററാണെന്നു് അദ്ദേഹം പറയുന്നു. മനുഷ്യശരീരത്തിൽ അരിച്ചുകൊണ്ടിരിക്കുന്ന ഒരു എറുമ്പിനേയോ പേനിനേയോപ്പോലെയാണു് വിശ്വശരീരത്തിൽ ജീവിച്ചുവരുന്ന മനുഷ്യൻ എന്നദ്ദേഹം പറയുന്നു. അങ്ങിനെ പ്രസ്തുത എറുമ്പോ പേനോ പിടയുകയോ തുള്ളുകയോ ചെയ്യുകയാണെങ്കിൽ അവയുടെ ചലനംകൊണ്ടു് അന്തരീക്ഷത്തിൽ യാതൊരു മാററവും ഉണ്ടാകുന്നതല്ല. അപ്രകാരംതന്നെ നശ്വരമായ മനുഷ്യൻെറ നിലനില്പിനോ അവൻെറ നിസ്സാരകമ്മത്തിനോ പ്രകൃതിയുടെ പ്രതിഭാസങ്ങളിൽ ഒരു പരിവത്തനം സൃഷ്ടിക്കുക സാദ്ധ്യമല്ല.

തൻെറ കാലത്തുണ്ടായിരുന്ന അബദ്ധമായ പല ധാരണകളേയും വിമശിക്കുന്ന കൂട്ടത്തിൽ വാങ്ങ്ചങ്ങ് പഴയ എഴുത്തുകാരുടെ അതിശയോക്തികളേയും തെററിദ്ധാരണകളേയും ഖണ്ഡിക്കുകയുണ്ടായി. നിഭയവും തുറന്നതുമായ വിമശനങ്ങൾവഴിയായി ചരിത്രത്തിലുണ്ടായിരുന്ന അസാധാരണങ്ങളും അടിസ്ഥാനരഹിതങ്ങളുമായ പല സംഭവങ്ങളേയും അദ്ദേഹം തിരുത്തിയെഴുതി. ടോയിസ്ററുകളുടെ ജീവിതത്തെ ദീഘിപ്പിക്കാമെന്ന അവിദഗ്ദ്ധസിദ്ധാന്തത്തെ അദ്ദേഹം എതിത്തു. പണ്ഡിതന്മാരെക്കുറിച്ചുള്ള ഹാൻഫിയുടെ ആക്ഷേപങ്ങൾ ബുദ്ധിശൂന്യമായിട്ടുള്ളതാണെന്നു് അദ്ദേഹം വെളിവാക്കി. വാങ്ങ് ചങ്ങ് ഒരു കങ്ങ് പണ്ഡിതനായിരുന്നുവെങ്കിലും കങ്ങ്

ഛൃവിൻെറ അഭിപ്രായങ്ങളിൽ പലേടത്തും കാണപ്പെട്ടിരുന്ന പരസ്പരവൈരുദ്ധ്യങ്ങളെ അദ്ദേഹം ചൂണ്ടിക്കാണിക്കാതിരുന്നില്ല. മാസ്റ്റർ മെങ്ങിനേയും അദ്ദേഹം വെറുതെ വിട്ടില്ല. അദ്ദേഹത്തിന്നും പല തെററുകളും പററീട്ടുണ്ടെന്നു തെളിയിച്ചു. അങ്ങിനെ വാങ്ങ്ചങ്ങിനെ സംബന്ധിച്ചേടത്തോളം ഏററവും മഹത്തായതു് സദാചാരമായിരുന്നു. അതിൻെറ അനിഷേദ്ധ്യമായ പദവിയെ തകിടംമറിക്കുവാനായി ഉന്നയിക്കപ്പെട്ടുന്ന വാദങ്ങളും യുക്തികളും, അവ എത്രതന്നെ സുശക്തമായിരുന്നാലും ശരി, അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം കേവലം നിരത്ഥകങ്ങളായിരുന്നു.

വാങ്ങ്ചങ്ങ് തൻെറ കാലത്തെ ഏററവും സുശക്തനായ ഒരു വിമർശകനായിരുന്നു. ചൈനീസ്ജനതയ്ക്കിടയിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെ ദൂരീകരിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിൻെറ ശ്രമം ഏറെക്കുറെ വിജയിച്ചു. ബുദ്ധിജീവികളുടെ ഇടയിൽ അദ്ദേഹത്തിന്നു നല്ലൊരു സ്ഥാനമാണു് ഉണ്ടായിരുന്നതു്. പഴയ ലിപിവാദക്കാർക്കു് അദ്ദേഹം മഹത്തായ സേവനങ്ങളാണു് അപ്പിച്ചതു്. കങ്ങ് ദർശനത്തിൻെറ ഒരു ഭാഗമായ സ്ത്രീപുരുഷതത്വശാസ്ത്രജ്ഞന്മാരെ — ഹാൻയുഗത്തിൻെറ ആരംഭത്തിൽ ഇവക്കു വളരെ പ്രാബല്യമുണ്ടായിരുന്നു — നിശ്ശേഷം പരാജയപ്പെട്ടുത്തിയതു് അദ്ദേഹമാണു്. അതിനാൽ ജ്ഞ സിദ്ധാന്തങ്ങളുടെ വികാസത്തിൽ അദ്ദേഹത്തിൻെറ കൃതികൾക്കു് മഹത്തായ ഒരു പങ്കുണ്ടു്. വികാരപ്രധാനമായ പുതിയ ലിപിസിദ്ധാന്തത്തിന്നെതിരായി മാസ്റ്റർ

ങ്ങിന്റെ സിദ്ധാന്തങ്ങളുടെ യഥാർത്ഥരൂപത്തെ നില നിർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ അദ്ദേഹം ഒരു വമ്പിച്ച സേവനമാണു് ചെയ്തതു്.

## മാസ്റ്റർ കങ്ങിന്നു് പ്രാമാണികത്വം ലഭിക്കുന്നു

കങ്ങ്ഫ്യൂവിന്റെ പ്രാമാണികത്വത്തെ ആരാധിക്കുന്നവയായിരുന്നു വാങ്ങ്ചങ്ങിന്റെ അഭിപ്രായമെങ്കിലും വളരെ നൂററാണ്ടുകൾ്ളോളം അതിനെ എതിർക്കുവാൻ ആരുംതന്നെ സന്നദ്ധരായില്ല. ക്രിസ്ത്വബ്ദം 59-ൽ കങ്ങ്സിദ്ധാന്തങ്ങളുടെ പുനഃപ്രചരണം ആരംഭിച്ചതു് മിങ്ങ് എന്ന ഒരു ഹാൻചക്രവത്തി ലൂവിലുള്ള കങ്ങ്ഫ്യൂവിന്റെ സമാധിയിൽ ബലിനടത്തുവാൻ കല്പിച്ചതുതൊട്ടായിരുന്നു. എല്ലാ പാഠശാലകളിലും കങ്ങ്സിദ്ധാന്തങ്ങൾ പഠിപ്പിക്കപ്പെട്ടുവാൻ തുടങ്ങി. അങ്ങിനെ വിദ്യാഭ്യാസപരിഷ്ക്കത്താവായ ഋഷി എന്ന ഒരു സ്ഥാനവുംകൂടി മാസ്റ്റർ കങ്ങിന്നു ലഭിച്ചു. അധികം താമസിയാതെ ചൂഫുവിലുണ്ടായിരുന്ന കങ്ങ്വസതി ഒരു തീത്ഥസ്ഥലമായി മാറി. രാജാക്കന്മാർ ഇടയ്ക്കിടെ അവിടം സന്ദശിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാംതന്നെ മാസ്റ്റർ കങ്ങിന്നുവേണ്ടി ബലികൾ നല്കപ്പെട്ടു. പിന്നീടു് അദ്ദേഹത്തിന്റെ 72 ശിഷ്യന്മാരുടെ പേരിലും ബലികൾ നല്കപ്പെട്ടുവാൻ തുടങ്ങി. ക്രിസ്ത്വബ്ദം 72-ൽ മതാചാരങ്ങളിൽ സംഗീതത്തിന്നു സ്ഥാനമനുവദിച്ചു. ചക്രവത്തിയായ മിങ്ങ് ലൂവിലുള്ള ക്ഷേത്രത്തിൽ ആരാധന നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്.

ഹാൻ ശാസനത്തിൻെറ തകൎച്ചയ്ക്കുശേഷം ചൈന യിൽ ധാൎമ്മികവും രാഷ്ട്രീയവുമായ അനിശ്ചിതാവസ്ഥ കുറേ കാലത്തോളം നീണ്ടുനിന്നു. തന്നിമിത്തം ബുദ്ധി ജീവികൾക്കിടയിൽ കങ്ങ് സിദ്ധാന്തങ്ങൾക്കുണ്ടായിരുന്ന സ്വാധീനം ഏറെക്കുറെ നഷ്ടപ്രായമായി. അവരിൽ കു റേപേർ ടോയിസവും മററുചിലർ ബുദ്ധമതവും സ്വീക രിച്ചു. എന്നാൽ കങ്ങ് പ്രസ്ഥാനത്തിൽ ഉൾപ്പെട്ടവരാ കട്ടെ അദ്ദേഹത്തിൻെറ പ്രാമാണികത്വത്തെ സ്ഥാപി ക്കാൻവേണ്ടി അത്യദ്ധ്വാനം ചെയ്തു. മററു സിദ്ധാന്തങ്ങളു മായി ശക്തിയായ ഏററുമുട്ടലുകൾ അവൎക്കു വേണ്ടിവന്നു. ടോയിസ്ററുകളുടേയും ബുദ്ധമതക്കാരുടേയും മാതൃകയിൽ കങ്ങ് പണ്ഡിതന്മാർ ഗുരുവിനെ ആരാധനചെയ്യുന്നതി ന്നായി ചില ധാൎമ്മികച്ചടങ്ങുകൾ ഏൎപ്പെടുത്തി. ക്രിസ്ത്വാ ബ്ദം 178-ൽ ആണു് ഇതു് ആരംഭിക്കപ്പെട്ടതു്. മാസ്ററർ കങ്ങിൻെറ സമാധിയിൽ അദ്ദേഹത്തിൻെറ ആകൃതിയി ലുള്ള ചില രൂപങ്ങൾ പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ക്രി സ്ത്വാബ്ദം 505 ആയപ്പോഴേയ്ക്കും പ്രതിമകൾ ഉണ്ടാക്ക പ്പെട്ടു. അക്കൊല്ലംതന്നെ തെക്കൻ ലിയാങ്ങ് സാമ്രാജ്യ ത്തിൻെറ തലസ്ഥാനമായ നാൻകിങ്ങിൽ മാസ്ററർ കങ്ങി ൻെറ പാവനസ്മരണയ്ക്കായി ഒരു ക്ഷേത്രം പണിചെയ്തു. അരനൂററാണ്ടിനുള്ളിൽ സാമ്രാജ്യത്തിലുള്ള എല്ലാ പ്രധാ നനഗരങ്ങളിലും കങ്ങ് ക്ഷേത്രങ്ങൾ പൊന്തിവന്നു. അ തോടൊപ്പംതന്നെ പൂജാവിധികൾക്കും ബലികൾക്കുമുള്ള ഒരു നിയമസംഹിതയും തെയ്യാറായി. ഏഴാം നൂററാ ണ്ടിൽ ടാങ്ങ് ശാസകന്മാർ ചൈനയെ പുനരേകീകരിച്ചു

പ്പോഠം കങ്ങ് മേധാവിത്തം സ്ഥാപിതമായിക്കഴിഞ്ഞിരുന്നു.

കങ്ങ് കുടുംബത്തിന്നു പ്രാധാന്യം നല്കിക്കൊണ്ടാണ് മാസ്റ്റർ കങ്ങിൻെറ പ്രാമാണികതത്തിന്നുവേണ്ടി പ്രയത്നം തുടങ്ങിയതു്. ക്രിസ്തബ്ദം ഒന്നാം നൂററാണ്ടിൽ മാസ്റ്റർ കങ്ങിന്നു ഡ്യൂക്ക് എന്ന ബഹുമതി നല്കപ്പെട്ടു. പിന്നീടു സംസ്കാരചക്രവത്തി എന്ന പദവി നല്കി. എട്ടാം നൂററാണ്ടിലാണ് അതു നല്കപ്പെട്ടതു്. അദ്ദേഹത്തിൻെറ പൂവ്വീകന്മാക്കും പല സ്ഥാനമാനങ്ങളും കൊടുക്കപ്പെട്ടു. അദ്ദേഹത്തിൻെറ അനുയായികളെ യഥാക്രമം പ്രഭുക്കന്മാരും രാജകുമാരന്മാരുമായി നിശ്ചയിച്ചു. കരമൊഴിവായ ഭൂമികളും പദവികളും സ്ഥാനമാനാദികളും ലഭിച്ച കങ്ങ് കുടുംബം ലോകത്തിൽവെച്ച് ഏററവും പുരാതനവും കുലീനവും ബൃഹത്തരവുമായിരുന്നു. അതിലെ അംഗങ്ങഠം പുരോഹിതന്മാരും പണ്ഡിതന്മാരും ഉദ്യോഗസ്ഥന്മാരുമായി വളരെ പ്രശസ്തിയോടുകൂടി ഏറെ നൂററാണ്ടുകളോളം ജിവിച്ചുപോന്നു.

എന്നാൽ മാസ്റ്റർ കങ്ങിനെ അനശ്വരനാക്കിത്തീത്തതു് അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങഠം കല്ലുകളിന്മേൽ കൊത്തിവെച്ചതാണു്. മഹാനായ ആ ഗുരുവിൻെറ പാവനസ്മരണയെ ഇന്നും അവ നിലനിത്തിക്കൊണ്ടുവരുന്നു. കങ്ങ് സിദ്ധാന്തങ്ങളെ എളുപ്പത്തിൽ ചീത്തയായിപ്പോകുന്ന മുളയലകുകളിന്മേൽ എഴുതിവെയ്ക്കുന്നതിന്നുപകരം എന്നും നിലനില്ക്കുന്ന കല്ലുകളിന്മേൽ കൊത്തിവെയ്ക്കു

വാൻ തീൎച്ചപ്പെടുത്തി. മുളയലകുകൾക്കുപുറമേ വിശേഷ പ്പെട്ട ചൎമ്മപത്രങ്ങളും കടലാസും ഹാൻയുഗത്തിനുശേഷം ചൈനയിൽ ഉപയോഗിക്കപ്പെട്ടിരുന്നു. കല്ലുകളിന്മേൽ കൊത്തിവെയ്ക്കുന്ന സംരംഭം ഒന്നാമതായി തുടങ്ങിയത്ു് ക്രിസ്ത്വബ്ദം രണ്ടാം നൂററാണ്ടിലായിരുന്നു. സായീയങ്ങ് എന്ന സുപ്രസിദ്ധനായ ഒരു പണ്ഡിതൻ കൊത്തുപണി യിൽ അതിവിദഗ്ദ്ധനായിരുന്നുവെന്നു പറയപ്പെടുന്നു. എന്നാൽ ദുഷ്കരമായ ഈ പ്രവൎത്തി സായീയങ്ങിനെ വി ഷാദാത്മകനാക്കിത്തീൎത്തു. അദ്ദേഹം ചുവന്ന മഷികൊ ണ്ടു മനോഹരമായ കയ്യക്ഷരത്തിൽ 45 വലിയ പലകക ളിൽ അഞ്ചു പുരാണഗ്രന്ഥങ്ങളും എഴുതിത്തീൎത്തുവെന്നാ ണു് പറയുന്നതു്. പ്രവൎത്തി മുഴുമിപ്പിച്ചതിനുശേഷം ഹാൻ തലസ്ഥാനനഗരിയിലുള്ള സൎക്കാർ കോളേജിൽ പ്രസ്തുത പലകകളെ സൂക്ഷിച്ചു. അവയുടെ ചില കഷ ണങ്ങൾ ഇന്നും ലഭിച്ചുവരുന്നുണ്ടു്.

അതിൽപ്പിന്നെ പുരാണഗ്രന്ഥങ്ങൾ കൊത്തിവെ യ്ക്കുന്ന പ്രവൎത്തി പല സ്ഥലങ്ങളിലും ആരംഭിച്ചു. അധി കം താമസിയാതെ ചൌ യുഗത്തിൽ ഉണ്ടായിരുന്ന എ ല്ലാ പുരാതനഗ്രന്ഥങ്ങളും കല്ലുകളിന്മേൽ കൊത്തിവെയ്ക്ക പ്പെടുവാൻ തുടങ്ങി. അവ ആകെ പതിമൂന്നെണ്ണമായി രുന്നു എന്നു പറയപ്പെടുന്നു. പ്രസ്തുത ശിലാഗ്രന്ഥങ്ങളുടെ ഭാഗങ്ങൾ, വിശേഷിച്ചു് ക്രിസ്ത്വബ്ദം 837-ൽ ടാങ്ങ് സാമ്രാജ്യത്തിന്റെ തലസ്ഥാനമായ ചാങ്ങ്യാനിൽ കൊ ത്തിയ ചില ശിലകളുടെ അവശിഷ്ടങ്ങൾ, ഇന്നും ലഭ്യ മാണു്.

ഒടുവിൽ മരംകൊണ്ടുള്ള ബ്ലോക്കുകളിൽനിന്നു് അച്ചടിയുടെ ആവിഷ്കാരം ഉണ്ടായതിന്നുശേഷം ഈ ക്ലാസ്സിക്കുകളുടെ ദുർവ്വിധി അവസാനിച്ചുവെന്നു പറയാം. ക്രിസ്താബ്ദം 953_ൽ ആണു് ഒന്നാമതായി അച്ചടിക്കപ്പെട്ട പ്രാമാണികഗ്രന്ഥങ്ങൾ പുറത്തുവന്നതു്. 21 കൊല്ലങ്ങൾ കൊണ്ടാണു് മഹത്തരമായ ആ പ്രവർത്തനം അവസാനിച്ചതു്. അതിനുശേഷം എണ്ണമററ പ്രസിദ്ധീകരണങ്ങൾ ഉണ്ടായി. അങ്ങിനെ ഒടുവിൽ കങ്ങ്ച്യൂവിൻെറ സിദ്ധാന്തങ്ങൾ നിരവധി ഗ്രന്ഥങ്ങളുടേയും നിരൂപണങ്ങളുടേയും വ്യാഖ്യാനങ്ങളുടേയും രൂപത്തിൽ പുറത്തുവരികയുണ്ടായി. ചൈനീസ്ഗ്രന്ഥാലയങ്ങളിലെ ഒരു പ്രധാന ഭാഗം അവ കരസ്ഥമാക്കുകയും ചെയ്തു.

## ഒമ്പതാം അദ്ധ്യായം

### പടിഞ്ഞാറൻ ലോകത്തിൽനിന്നൊരു വെളിച്ചം

ഹാൻ ശാസനത്തിൻെറ അന്ത്യകാലത്താണു് ഈ പ്രസ്ഥാനത്തിന്നു വമ്പിച്ച വളർച്ചയുണ്ടായതെന്നു പറഞ്ഞുവല്ലൊ. അക്കാലത്തുതന്നെ ചൈനീസ്ജനതയ്ക്കു് ഒരു നവീനജീവിതതത്വശാസ്ത്രവുമായി പരിചയപ്പെടുവാൻ അവസരം ലഭിച്ചു. കങ്ങ് പ്രസ്ഥാനത്തിൻെറ സുശക്തനായ ഒരെതിരാളിയായിരുന്നു അതു്. ബുദ്ധമതം ഹാൻ സാമ്രാജ്യത്തിൽ നിവസിക്കുന്ന ഒരാൾ സ്ഥാപിച്ചതായി

രുന്നില്ല. മാസ്റ്റർ കങ്ങിൻെറ സമകാലീനനായിരുന്ന ഗൌതമബുദ്ധൻ എന്ന ഇന്ത്യയിലെ ഒരു രാജകുമാരനായിരുന്നു അതിൻെറ സ്ഥാപകൻ. വടക്കേ ഇന്ത്യയിൽ നിന്നു് ആരംഭിച്ച പ്രസ്തുത മതം ബി. സി. മൂന്നാം നൂററാണ്ടായപ്പോഴേയ്ക്കും ഇന്ത്യയിൽ സാർവ്വത്രികമായി പടന്നുപിടിച്ചു. മാത്രമല്ല മദ്ധ്യേഷ്യയിലും അതിന്നു വമ്പിച്ച സ്വാധീനതയുണ്ടായിരുന്നു. അങ്ങിനെ വിദേശീയമായ പ്രസ്തുത മതത്തെപ്പററി ചൈനക്കാർ കേട്ടു. ടോയിസവും കങ്ങ്സിദ്ധാന്തങ്ങളും ചൈനക്കാരെ ആകർഷിച്ചതുപോലെ ഈ നവീനമതവും ആകർഷിച്ചു.

ഹാൻ ശാസനകാലത്തിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന മിങ്ങ് ചക്രവർത്തി കങ്ങ്സിദ്ധാന്തങ്ങളുടെ പ്രചരണാർത്ഥം ബലിദാനങ്ങളും ആചാരക്രമങ്ങളും സർവ്വത്ര നടപ്പിലാക്കിയെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അദ്ദേഹംതന്നെയാണു് ക്രിസ്ത്വബ്ദം ഒന്നാം നൂററാണ്ടിൽ ബുദ്ധമതത്തെ ചൈനയിൽ പ്രവേശിപ്പിച്ചതു്. അതിന്നു പോൽബലമായി ഒരു കഥയുണ്ടു്. സുവർണ്ണവർണ്ണത്തിലുള്ള ഒരു മനുഷ്യൻ പ്രകാശമാനമായ ഉടുപ്പുകളണിഞ്ഞുകൊണ്ടു് നില്ക്കുന്നതായി ചക്രവർത്തി സ്വപ്നം കണ്ടു. അങ്ങിനെ തൻെറ ഉപദേശകന്മാരുടെ അഭിപ്രായമനുസരിച്ചു് പ്രസ്തുത മനുഷ്യനേയും തേടി വിദൂരപശ്ചിമദേശങ്ങളിലേയ്ക്കു് ആളുകളെ അയച്ചു. പ്രസ്തുത പ്രദേശങ്ങൾ ഹാൻ ജനതയ്ക്കു പരിചയമായിട്ടു് അധികകാലം ആയിട്ടുണ്ടായിരുന്നില്ല. അപ്രകാരം ക്രിസ്ത്വബ്ദം 67-ൽ അയച്ചിരുന്ന ആളുകൾ മദ്ധ്യേഷ്യയിൽപോയി തിരിച്ചുവന്നു.

അവർ നിരവധി ബൌദ്ധവിഗ്രഹങ്ങളേയും സാഹിത്യ ങ്ങളേയും രണ്ടു് ഇന്ത്യൻ ബുദ്ധഭിക്ഷുക്കളേയും കൊണ്ടുവ ന്നിരുന്നു. ഹാൻ തലസ്ഥാനമായ ലോയാങ്ങിന്നു പുറത്തു ള്ള ശ്വേതാശ്വക്ഷേത്രത്തിലാണു് അവയെയെല്ലാം സൂ ക്ഷിച്ചതു്. അവിടെവെച്ചു് നാല്പത്തിരണ്ടദ്ധ്യായങ്ങളുള്ള ബൌദ്ധസൂത്രങ്ങൾ ചൈനീസ് ഭാഷയിലേയ്ക്കു വിവർത്ത നംചെയ്യപ്പെട്ടു. ഒന്നാമതായി ചൈനീസ് ഭാഷയിലേയ്ക്കു വിവർത്തനംചെയ്യപ്പെട്ട ബൌദ്ധഗ്രന്ഥമായിരുന്നു അതു്.

മഹത്തരമായ ഈ ആരംഭത്തിനുശേഷം ബുദ്ധമ തം ചൈനയിൽ സർവ്വത്ര വ്യാപിച്ചു. വിദേശീയരുടെ ആ ക്രമണംകൊണ്ടു് ചൈനയിലെ രാഷ്ട്രീയസ്ഥിതി അത്യ ധികം കുഴപ്പത്തിലായിത്തീരുകയും തദ്വാരാ കണ്ഫ്യൂഷ്യൻ പ ണ്ഡിതന്മാൎക്കു് ഭരണകാൎയ്യത്തിലുള്ള പ്രാധാന്യം നിലയ്ക്കു കയും ചെയ്ത അവസരത്തിലായിരുന്നു ബുദ്ധമതത്തിന്നും ശക്തിയായ പ്രചാരണം സിദ്ധിച്ചതു്. ക്രിസ്ത്വബ്ദം നാലും അഞ്ചും നൂററാണ്ടുകളിൽ വടക്കൻചൈനയിലും തെക്കൻ ചൈനയിലും ബുദ്ധമതത്തിന്നു് വമ്പിച്ച പ്രചാരമുണ്ടാ യി. അങ്ങിനെ ചൈനയിലെ ഒരു വമ്പിച്ച ജനവിഭാഗം വിദേശീയമായ പ്രസ്തുത മതത്തെ സ്വീകരിച്ചു. ഒരിക്കൽ വടക്കുപടിഞ്ഞാറൻ ചൈനയിലെ പത്തിൽ ഒമ്പതു ഭാ ഗം ജനങ്ങളും ബുദ്ധമതക്കാരായിരുന്നുവെന്നു് പറയപ്പെ ടുന്നു. ചിലർ ഭിക്ഷുക്കളായിത്തീൎന്നു ഫാഹിയാനെ (ക്രി സ്ത്വബ്ദം 5-ാം നൂററാണ്ടു്) പ്പോലെയുള്ള മററുചിലർ ഇ ന്ത്യയിലേയ്ക്കു് സാഹസികയാത്രകൾ ചെയ്യുകയും ബുദ്ധമ

ത്തിൻെറ യഥാത്ഥരൂപമെന്തെന്നു് അറിയുവാൻ ശ്രമിക്കുകയും ചെയ്തു.

ക്രിസ്ത്വബ്ദം 517-ൽ അതായതു് തെക്കൻ ലിയാങ്ങ് ശാസകനായ വൂ ചക്രവത്തി രാജ്യഭാരം ചെയ്യുമ്പോൾ ബുദ്ധസാഹിത്യസംഗ്രഹമായ ഒന്നാമത്തെ ത്രിപിടകം പ്രസിദ്ധീകൃതമായി. ബുദ്ധമതാനുകൂലിയായ ചക്രവത്തി ഭിക്ഷുജീവിതത്തെ ഇഷ്ടപ്പെട്ടിരുന്നു. അങ്ങിനെ അദ്ദേഹം രണ്ടുതവണ രാജധാനി വിട്ടിറങ്ങിപ്പോയി. ആ അവസരത്തിൽ ഭരണോപദേശകന്മാരാണു് അദ്ദേഹത്തെ വീണ്ടും രാജധാനിയിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയതു്. രാജാവിൻെറ ആവശ്യപ്രകാരം അവൎക്കു് വമ്പിച്ചൊരു തുക ചിലവാക്കേണ്ടിവരികയും ചെയ്തു. വളരെ കൊല്ലങ്ങൾക്കു ശേഷം വൂ ചക്രവത്തിക്കു് 86 വയസ്സു പ്രായമുള്ളപ്പോൾ ഒരു ലഹളത്തലവൻ അദ്ദേഹത്തെ ആക്രമിക്കുകയും അതിൽ അദ്ദേഹം മരിച്ചുപോകുകയും ചെയ്തു. നിർഭാഗ്യകരമായ ഇങ്ങിനെയൊരന്ത്യം അദ്ദേഹത്തിന്നുണ്ടായതു് ബുദ്ധമതപ്രചരണംകൊണ്ടായിരുന്നുവെന്നു് കങ്ഫ്യൂഷ്യൻപണ്ഡിതന്മാർ പ്രചാരവേല നടത്തി. അദ്ദേഹത്തിൻെറ ആദർശങ്ങളെ പിൻതുടരുന്ന എല്ലാ ഉദ്യോഗസ്ഥന്മാൎക്കും അതേസ്ഥിതി വന്നുചേരുമെന്നു് അവർ പറഞ്ഞുപരത്തി.

പ്രസ്തുത ഇരുണ്ട യുഗത്തിൽ ബുദ്ധമതത്തിന്നു് വമ്പിച്ച സ്വാധീനത ലഭിച്ചതിൻെറ കാരണത്തെപ്പററി ദൂരെയൊന്നും അന്വേഷിക്കേണ്ടതില്ല. സാംസാരികദുഃഖങ്ങളിൽനിന്നുള്ള മോചനത്തെപ്പററി പ്രതിവചിച്ചിരുന്ന ബുദ്ധമതം പടിഞ്ഞാറൻലോകത്തിൽനിന്നുള്ള ഒരു വെ

ളിച്ചമായിരുന്നു എന്നതിന്നു് സംശയമില്ല. നിരാശരായ എല്ലാവക്കും അതു് ആശയും സമാധാനവും നല്കി. 32 സ്വർഗ്ഗങ്ങളിലുള്ള ആഹ്ലാദപ്രദമായ ജീവിതത്തെപ്പററിയും അതു് പ്രസ്താവിച്ചിരുന്നു. മറെറാരു വിധത്തിൽ പറയുകയാണെങ്കിൽ യുദ്ധംകൊണ്ടു് അത്യധികം ക്ലേശമനുഭവിക്കുന്ന ലക്ഷക്കണക്കിലുള്ള ആളുകൾക്കു് അതു് ആശ നല്കി. അങ്ങിനെ മറെറാരു ലോകത്തോടുള്ള ബന്ധത്തെപ്പററി പറഞ്ഞു് ആളുകളെ ആകഷിക്കുവാൻ കങ്ഫ്യൂസിദ്ധാന്തങ്ങൾക്കു് സാധിച്ചില്ല. കങ്ഫ്യൂസ്പ്രസ്ഥാനത്തിൻെറ സമുന്നതമായ നൈതികവും രാഷ്ട്രീയവുമായ സിദ്ധാന്തങ്ങൾക്കു് കഷ്ടപ്പാടുകളും ക്ലേശങ്ങളും അനുഭവിച്ചുകൊണ്ടിരുന്ന അക്കാലത്തെ ജനങ്ങളുടെ ആത്മീയാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞില്ല. യാതനകൾ അനുഭവിക്കുന്ന മനുഷ്യസമുദായം അതിൻെറ ചിരപ്രതീക്ഷിതമായ സ്വർഗ്ഗസുഖം പ്രാപിക്കുമെന്ന ധാമ്മികമനോഭാവം സൃഷ്ടിക്കുവാൻ ബുദ്ധമതത്തിന്നുമാത്രമെ സാധിച്ചിട്ടുള്ളു.

## ബുദ്ധമതത്തോടുള്ള എതിപ്പു്

മേൽപ്പറഞ്ഞതു് ഒരു വശം മാത്രമാണു്. ചൈനയിലെ ദേശീയനാഗരീകത്വത്തിൻെറ പാരമ്പയ്യവുമായി ബന്ധമില്ലാത്ത ഒന്നായിരുന്നു ബുദ്ധമതമെന്നതു് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. വിദേശീയമായ പ്രസ്തുത മതത്തിൻെറ സാമൂഹ്യവിരുദ്ധമായ നിലപാടു് ജൂ പണ്ഡിതന്മാരെ അത്യധികം ചിന്താകുലരാക്കിത്തീത്തു. ബ്രഹ്മചര്യം, സന്യാസം, അംഗഛേദം മുതലായ അതിൻെറ സി

ദ്ധാന്തങ്ങൾ പ്രത്യേകിച്ചും. ബുദ്ധമതഭക്തന്മാർ അവരുടെ വിരലുകളും കൈകളും ശരീരവും മററും തീവെച്ച് കഠിനമായി പൊള്ളിക്കാറുണ്ടായിരുന്നുവെന്നു് ചരിത്രം രേഖപ്പെടുത്തുന്നു. അപ്പോഴെല്ലാം ബുദ്ധൻേറയും ബോധിസത്വന്മാരുടേയും പവിത്രനാമങ്ങൾ ഉച്ചരിക്കാറുണ്ടായിരുന്നുവെന്നു് പറയപ്പെടുന്നു. നിർവ്വാണം ലഭിക്കുന്നതിന്നുവേണ്ടിയായിരുന്നുവത്രെ ഇങ്ങിനെ ചെയ്തിരുന്നതു്. ചൈനക്കാക്കു് തീരെ പരിചയമില്ലാത്ത ഇത്തരം മാർഗ്ഗങ്ങൾ സ്വാഭാവികമായി യാഥാസ്ഥിതികരിൽ വലിയ വെറുപ്പുണ്ടാക്കിത്തീർത്തു. മാസ്റ്റർ സെങ്ങിൻെറ അപത്യതാസിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന അവർ ശരീരത്തെ പരിപാവനമായി കരുതുകയും അതു് മാതാപിതാക്കളുടെ അമൂല്യമായ ഒരു നിധിയാണെന്നു് വിശ്വസിക്കുകയും ചെയ്തിരുന്നു. അതിനാൽ അപരിഷ്കൃതമായ ഇത്തരം ആചാരങ്ങൾ കണ്ടു് അനുയായികളെ അത്യധികം പരിഭ്രാന്തരാക്കിത്തീർത്തതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. അവർ ഇതിനെതിരായി ശക്തിയായ പ്രതിഷേധസ്വരം മുഴക്കുകയുണ്ടായി.

ടാങ്ങ് ശാസനകാലത്തു ജീവിച്ചിരുന്ന ഒരു വലിയ കവിയും ലേഖകനുമായിരുന്ന ഹാൻയു (768—824) എന്ന മനുഷ്യനാണു് ഒന്നാമതായി ബുദ്ധമതത്തെ അതിശക്തിയായി എതിർത്തതു്. സാഹിത്യചക്രവർത്തി എന്ന പേരിലാണു് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. ഒരു കങ്ങ് പണ്ഡിതനായ ഹാൻയു മെങ്ങ്കോവിൻെറ ഒരു വലിയ ഭക്തനായിരുന്നു. മെങ്ങ്കോചാനു് രണ്ടാമത്തെ ഋഷി

യെന്നു സ്ഥാപിക്കുവാൻവേണ്ടി അദ്ദേഹം വമ്പിച്ച പരിശ്രമം നടത്തി. 'ടോവിന്റെ മൌലികതത്വത്തേപ്പററി' എന്ന സുപ്രസിദ്ധമായ ഒരു ലേഖനത്തിൽ ഹാൻയു ഇങ്ങിനെ എഴുതുന്നു:—"യോ എന്ന മഹാൻ ഷൻ എന്ന പണ്ഡിതന്നും, ഷൻ യുവിന്നും, യു ടാങ്ങിന്നും, ടാങ്ങ് വെൻവു എന്നിവർക്കും, ചൌ ഡ്യൂക്കിന്നും ഉപദേശിച്ചുകൊടുത്തിട്ടുള്ളതാണ് ടോ ദർശനം. അവർ അതിനെ മാസ്റ്റർ കങ്ങിന്നു് ഉപദേശിച്ചു. അദ്ദേഹം അതു മെങ്ങ്കോവിന്നു് ഉപദേശിച്ചു. മെങ്ങ്കോവിന്റെ മരണാനന്തരം ആ പാരമ്പര്യം അങ്ങിനെ അവസാനിക്കുകയും ചെയ്തു." ഈ അഭിപ്രായം കങ്ങ്ഫ്യൂവിനുശേഷമുണ്ടായ ഋഷി മെങ്ങ്കോവാണെന്നു സ്ഥാപിക്കുന്നുണ്ടല്ലൊ. അതിൽപ്പിന്നെ പണ്ഡിതന്മാൎക്കിടയിൽ മെങ്ങ്കോ വളരെ അധികം പ്രശസ്തിയാൎജ്ജിച്ചു. അദ്ദേഹത്തിന്റെ കൃതികൾ ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളായി കരുതപ്പെടുവാൻ തുടങ്ങുകയും ചെയ്തു.

ഹാൻയുവിന്റെ അഭിപ്രായത്തിൽ ടോ ദർശനത്തിന്നു് അധഃപതനം വന്നതിന്റെ മുഖ്യകാരണം ടോയിസ്ററുകളുടേയും ബുദ്ധമതക്കാരുടേയും അപഥസഞ്ചാരം കൊണ്ടാണെന്നാണ്. ലോകത്തിൽനിന്നും രാജ്യത്തിൽനിന്നും കുടുംബത്തിൽനിന്നും സമുദായത്തിന്റെ അനശ്വരമായ നന്മകളിൽനിന്നും അവർ വിട്ടുനില്ക്കുവാൻ തുടങ്ങി എന്നദ്ദേഹം ആക്ഷേപിക്കുന്നു. തന്നിമിത്തം പുത്രന്മാർ പിതാക്കളോടും പ്രജകൾ രാജാവിനോടും ജനങ്ങൾ സമുദായത്തോടുമുള്ള തങ്ങളുടെ കൎത്തവ്യങ്ങളെ തീരെ വി

സ്മരിച്ചു. പ്രസ്തുത ചീത്തപരിണാമങ്ങൾ കാരണമായി ഹാൻയു, മെങ്ങ്കോവിനുശേഷമുണ്ടായ ഏററവും വലിയ ടോ ദാൾശനികൻ, ബുദ്ധമതഗ്രന്ഥങ്ങൾ കത്തിക്കണമെന്നും വിഹാരങ്ങൾ മനുഷ്യവാസയോഗ്യമാക്കിത്തീക്കണമെന്നും ഭിക്ഷുക്കളും ഭിക്ഷുണികളും സാധാരണക്കാരെപ്പോലെ ജീവിക്കേണ്ടതാണെന്നും ആഹ്വാനംചെയ്തു. അദ്ദേഹം പറയുന്നു:—"അങ്ങിനെമാത്രമേ വിധവകളേയും അനാഥന്മാരേയും സംരക്ഷിക്കുവാനും രോഗികൾക്കു വൈദ്യസഹായം ചെയ്യുന്നതിന്നും സാധിക്കുകയുള്ളു." അപ്രകാരം വിദേശമതത്തിൻെറ ദുഷിച്ച സ്വാധീനത അവസാനിപ്പിച്ചുവെങ്കിൽമാത്രമേ മഹത്തായ ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളുവെന്നു് അദ്ദേഹം ഉൽബോധിപ്പിച്ചു.

ബുദ്ധമതത്തിൽ അക്കാലത്തുണ്ടായ അന്ധവിശ്വാസങ്ങളെ ഏകാകിയായി എതിത്ത ആളെന്ന നിലയ്ക്കാണു് ഹാൻയു പ്രധാനമായും അറിയപ്പെടുന്നതു്. ടാങ്ങ് ചക്രവത്തികളുടെ കാലത്താണു് പ്രസ്തുത ദോഷങ്ങൾ അതിൽ കടന്നുകൂടിയതു്. അവരിൽ മിക്കവരും ടോ ദശ്നത്തോടോ ബുദ്ധമതത്തോടോ പ്രത്യേകം ബന്ധപ്പെട്ടവരായിരുന്നു. 806-മുതൽ 820-വരെ ഭരണം നടത്തിയ സീൻ ചക്രവത്തിയുടെ കാലത്തു് അതിത്തിയിലുള്ള ഒരു നഗരത്തിൽനിന്നു് ടാങ്ങ് തലസ്ഥാനമായ ചാങ്ങ്യാനിലേയ്ക്കയച്ച ബുദ്ധൻെറ അംഗുലീയത്തിൻെറ അസ്ഥിക്കു് കൊട്ടാരത്തിൽവെച്ചു് വമ്പിച്ച ഒരു സ്വീകരണം നടത്തപ്പെട്ടതിനേത്തുടന്നാണു് വമ്പിച്ച പ്രക്ഷോഭം ഉണ്ടായതു്.

രാജകീയമായ ഈ സ്വീകരണത്തെ രാജസഭയിലെ മെമ്പറായിരുന്ന ഹാൻയു മാത്രമാണ് എതിർത്തതു്. സിംഹാസനത്തിന്നു കളങ്കം വരുത്തിവെയ്ക്കുന്ന ഒന്നാണതെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം ബുദ്ധമതം വിദേശീയമായ ഒരു ധർമ്മമാണെന്നു് ഓർമ്മപ്പെടുത്തി. പടിഞ്ഞാറുഭാഗത്തുള്ള ഒരു രാജ്യത്തിലെ അപരിഷ്കൃതനായ ഒരു മനുഷ്യനാണ് അതിൻെറ സ്ഥാപകനെന്നു് അദ്ദേഹം പറഞ്ഞു. ആയാൾ ചൈനീസ് ഭാഷ സംസാരിക്കുകയോ ചൈനക്കാരേപ്പോലെ വസ്ത്രധാരണം ചെയ്യുകയോ ചെയ്തിരുന്നില്ല. മഹത്തായ പിതൃപുത്രബന്ധത്തേയും രാജാവും പ്രജകളും തമ്മിലുള്ള വേഴ്ചയേയുംപററി ആയാൾക്കു യാതൊന്നും അറിവുണ്ടായിരുന്നില്ല. അങ്ങിനെയുള്ള ബുദ്ധൻെറ അംഗുലീയാസ്ഥിക്കു് ഇത്ര വമ്പിച്ച സ്വീകരണം നല്കിയതു് ചക്രവർത്തിയുടെ പദവിയ്ക്കു് ഒരു കളങ്കം വരുത്തിവെയ്ക്കുന്നുണ്ടു്. വിദേശീയമായ പ്രസ്തുത മതത്തെ ചൈനയിൽനിന്നു പിഴുതെറിയുവാൻ അദ്ദേഹം ചക്രവർത്തിയോടപേക്ഷിച്ചു. ഹാൻയു വീണ്ടും പറയുന്നു:—"അങ്ങിനെ ചെയ്യുന്നപക്ഷം എന്തെങ്കിലും അത്യാഹിതങ്ങൾ ഉണ്ടാക്കി അതിന്നു പ്രതികാരംചെയ്യുവാൻ ബുദ്ധനു് സാധിക്കുകയാണെങ്കിൽ അങ്ങയുടെ ദാസനായ ഞാൻ അതിനെ സധൈര്യം എതിരിടുവാൻ സന്നദ്ധനാണെന്നു സ്വർഗ്ഗത്തെ പിടിച്ചു് ആണയിടുന്നു."

എന്നാൽ വിദേശീയമായ ഒരു ദൈവത്തിൻെറ അമർഷത്തിന്നല്ല, പ്രത്യുത ചക്രവർത്തിയുടെ കോപത്തിന്നാണ് ഹാൻയുവിന്നു പാത്രീഭൂതനാകേണ്ടിവന്നതു്. അദ്ദേ

ഹം ഹാൻയുവിനെ മരണശിക്ഷയ്ക്കു വിധിച്ചു. എന്നാൽ പിന്നീട്ട് സഭാംഗങ്ങളുടെ അഭിപ്രായമനുസരിച്ച് ചോചൌവിലെ കാട്ടുകളിലേയ്ക്ക് അദ്ദേഹത്തെ നാട്ടുകടത്തി. പകൎച്ചവ്യാധിക്കാരും അജ്ഞരുമായ കാടന്മാരുടെ ഒന്നിച്ചു ജീവിതം നയിക്കുവാൻ അദ്ദേഹം നിൎബ്ബന്ധിതനായി. പ്രസ്തുത ജീവിതം ഹാൻയുവിൻെറ ഊൎജ്ജസ്വലതയ്ക്ക് ലേശംപോലും മാററമുണ്ടായില്ല. ഇവിടേയും അദ്ദേഹം മറെറാരു ഭയങ്കര ശത്രുവിന്നെതിരായി തൂലിക ചലിപ്പിച്ചു. അക്കാലത്തു നദിയിലുണ്ടായിരുന്ന ഒരു വലിയ മുതല കോഴികൾ, കന്നുകാലികൾ, മനുഷ്യർ എന്നിങ്ങിനെ കിട്ടിയതെല്ലാം പിടിച്ചുതിന്നുന്നുണ്ടായിരുന്നു. പ്രസ്തുത ഭയങ്കരജന്തുവിനെ വെല്ലുവിളിച്ചുകൊണ്ടു് ഹാൻയു സുപ്രസിദ്ധമായ തൻെറ അന്ത്യശാസനം എഴുതി. അദ്ദേഹത്തിൻെറ ശക്തിയായ പദങ്ങൾ മുതലയുടെ ദുഷ്കൃത്യങ്ങളെ അവസാനിപ്പിക്കുകയും അതു് എന്നെന്നേയ്ക്കുമായി അഗാധമായ സമുദ്രത്തിൽ ചെന്നൊളിക്കുകയും ചെയ്തു.

ഹാൻയു തൻെറ പ്രിയപ്പെട്ട വിശ്വാസങ്ങളെ ബലികൊടുപ്പാൻ ഒരിക്കലും സന്നദ്ധനാവുകയുണ്ടായില്ല. അദ്ദേഹം മരിച്ച് 20 കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷമാണ് മഹത്തായ ആ വിജയമുണ്ടായതു്. അതായതു് ടാങ്ങ് ചക്രവൎത്തിയായ വൂ സാമ്രാജ്യത്തിലുള്ള സൎവ്വവിദേശധൎമ്മസ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ടതാണെന്നു ക്രിസ്ത്വാബ്ദം 845-ൽ കല്പനകൊടുത്തു. തൽഫലമായി ബുദ്ധധൎമ്മസ്ഥാപനങ്ങളായ 4600 വിഹാരങ്ങൾ തകൎക്കപ്പെടുകയും 40000 ക്ഷേത്രങ്ങളും സ്തൂപങ്ങളും നശിപ്പി

ക്കപ്പെട്ടുകയും 2,65000 ബൌദ്ധന്മാക്ക് അവരുടെ ധാർമ്മികവിശ്വാസത്തെ ഉപേക്ഷിക്കേണ്ടിവരികയും ചെയ്തു. എന്നാൽ ഇതിനൊന്നുംതന്നെ ചൈനയിൽനിന്നു ബുദ്ധമതത്തെ നിഷ്കാസനംചെയ്വാൻ സാധിച്ചില്ല. നെസ്റ്റോറിയൻമതം, സോരോവാസ്റ്ററിയൻ മതം മുതലായ അന്യവിശ്വാസങ്ങൾപ്പോലെ അതു നശിക്കുകയുണ്ടായില്ല. ഇവയും ടാങ്ങ്ശാസനകാലത്തു പ്രചരിപ്പിക്കപ്പെട്ടതായിരുന്നു. എന്നാൽ വിദേശീയമതങ്ങളുമായി സമരം നടത്തുന്നതിന്നു പ്രേരണ നല്കിയിരുന്നതു് കങ്ങ്സിദ്ധാന്തങ്ങളായിരുന്നില്ല, ടോയിസം ആയിരുന്നു എന്നതു് ചരിത്രപരമായ ഒരു യാഥാത്ഥ്യമാണു്. വൂ ചക്രവത്തി ഒരു ടോയിസ്റ്റ് ആയിരുന്നതുകൊണ്ടാണു് അദ്ദേഹം ഇത്തരത്തിലുള്ള ഒരു കല്പന പുറപ്പെടുവിച്ചതു്.

## രണ്ടു സുഹൃത്തുക്കൾതമ്മിൽ ഒരു വലിയ വാദം

ഹാൻയു തൻെറ കാലത്തെ നിയമവിശാരദനും വാദവിചക്ഷണനും വിദേശീയസിദ്ധാന്തങ്ങളെ തീരെ നിഷിദ്ധമായി കരുതുന്നവനുമായ ഒരു മാതൃകാപണ്ഡിതനായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ സുഹൃത്തായ ല്യൂസങ്ങ്യുവാൻ (773_819) തികച്ചും യാഥാസ്ഥിതികനും എഴുത്തുകാരനും കവിയും ആയിരുന്നുവെങ്കിലും തീരെ വ്യത്യസ്ഥമായ ഒരു ആദശമാണു് വെച്ചുപുലത്തിയിരുന്നതു്. അവർ രണ്ടുപേരും വ്യക്തികളെന്ന നിലയിൽ ആത്മസുഹൃത്തുക്കൾ ആയിരുന്നു. എന്നാൽ ബൌദ്ധികനിഗമനങ്ങളിൽ വളരെ അന്തരമുണ്ടായിരുന്നുതാനും. ഹാൻ

 യുവിനെപ്പോലെ സുശക്തനായ ഒരു പോരാളിയായിരു ന്നില്ല ല്യൂസങ്ങ്യുവാൻ. അന്നത്തെ പണ്ഡിതന്മാക്കി ടയിൽ കണ്ടുവന്നിരുന്ന ദശ്നസമന്വയമനോഭാവവും ഒത്തുതീപ്പിനുള്ള സന്നദ്ധതയും അദ്ദേഹത്തിൽ കാണ പ്പെട്ടു. ടാങ്ങ് ശാസനകാലത്തു് ആരംഭിച്ച അതു് സ ങ്ങ് വംശശാസനത്തിൽ വികാസം പ്രാപിച്ചതായി കാ ണുന്നു. സമാഹൃതമായ ഈ മനോഭാവം ചൈനീസ് ചി ന്താഗതിയുടെ ഒരു സവിശേഷതയാണു്. അതിനെ ത ത്വശാസ്ത്രത്തോടു് ബന്ധപ്പെടുത്തുമ്പോൾ ഐകരൂപ്യ ത്തെ അല്ലെങ്കിലും സാദൃശ്യത്തെ അതു തികച്ചും പ്രതി ഫലിപ്പിക്കുന്നുണ്ടു്. ചൈനയിലെ മൂന്നു മഹൽസിദ്ധാ ന്തങ്ങളായ ജു, ടോ, ഫോ (ബുദ്ധദശ്നം) എന്നിവയുടെ അടിസ്ഥാനതത്വങ്ങളുടെ സാദൃശ്യത്തെ അതു് വെളി പ്പെടുത്തുന്നുണ്ടു്.

അന്ധവിശ്വാസങ്ങളെ എതിക്കുന്ന കായ്യത്തിൽ ര ണ്ടു സുഹൃത്തുക്കളും വളരെ യോജിപ്പിലായിരുന്നു. തൻെറ പണ്ഡിതസുഹൃത്തിനേപ്പോലെ ല്യൂസങ്ങ്യുവാൻ മുണ്ഡി തശിരസ്കരായ ഭിക്ഷുക്കളേയും അവരുടെ കറുത്ത ഉടുപ്പുക ളേയും കുടുംബജീവിതത്തോടുള്ള അവരുടെ വിരക്തിയേ യും അവരുടെ ആലസ്യത്തേയും കഠിനമായി വെറുത്തിരു ന്നു. എന്നാൽ ല്യൂ വിശാലഹൃദയമുള്ള ഒരാളായിരുന്നു. വിദേശീയമായ പ്രസ്തുത ധമ്മത്തിൻെറ ആന്തരികസൌ ന്ദയ്യത്തെ അദ്ദേഹത്തിനു് ദശിക്കുവാൻ കഴിഞ്ഞു. മാസ്റ്റർ കങ്ങിൻെറ സിദ്ധാന്തങ്ങളോടു് അതിന്നു് വളരെയേറെ സാദൃശ്യമുള്ളതായി അദ്ദേഹം കണ്ടു. ബുദ്ധമതം മിക്കവാ

റും മനുഷ്യപ്രകൃതിയുടെ ക്ഷേമത്തെ അനുകൂലിക്കുന്നുണ്ടെ ന്നും ചൈനീസ് പുരാണങ്ങളിലെ സിദ്ധാന്തങ്ങളുമായി അതിന്നു് ഏറെക്കുറെ സാദൃശ്യമുണ്ടെന്നും അദ്ദേഹം വി ശ്വസിച്ചു. അതോടൊപ്പംതന്നെ ഹാൻയുവിൻെറ വിദ്വേ ഷപരമായ വിമർശനത്തെ അദ്ദേഹം എതിർക്കുകയും ചെ യ്തു. ഹാൻയു അപരിഷ്കൃതമെന്നാണു് അതിനെ വിളിച്ചി രുന്നതു്. ല്യൂ പറഞ്ഞു:—"ഈ വാദഗതി സ്വന്തം ദേശ ക്കാരായ അപരിഷ്കൃതരും മൂഢരുമായവരെ ഗുണസമ്പന്ന ന്മാരായി ചിത്രീകരിക്കുന്നതിന്നുമാത്രമെ ഉപകരിക്കുകയു ള്ളു. വിദേശീയരായ ഗുണസമ്പന്നന്മാരെ മൂഢന്മാരായി കാണിക്കുവാനും! എത്ര അപഹാസ്യമായ ഒരു ഏർപ്പാടാ ണിതു്!"

ബുദ്ധമതക്കാരായ സ്നേഹിതന്മാരിൽ ല്യൂ നിരവധി ഗുണങ്ങൾ ഉള്ളതായി കണ്ടു. അവരിൽ ചിലർ നല്ല പ ണ്ഡിതന്മാരും സഹിഷ്ണുതയുള്ളവരും വികാരങ്ങളെ നിയ ന്ത്രിക്കാൻ കഴിഞ്ഞിട്ടുള്ളവരുമാണു്. മതപ്രചാരകന്മാരായ ഭൂരിപക്ഷം ആളുകളും അനാഡംബരമായ ജീവിതം നയി ച്ചുവന്നു. കുന്നിൻെറ താഴ്‌വരകളിലും നദീതീരങ്ങളിലും ഇരുന്നു് ധ്യാനിക്കുവാനാണു് അവർ കൂടുതലായി ഇഷ്ട പ്പെട്ടതു്. അദ്ദേഹം പറയുന്നു:—"വർത്തമാനകാലത്തെ ബദ്ധപ്പാടുനിറഞ്ഞ ജീവിതവും പദവിക്കും സ്ഥാനത്തി ന്നുംവേണ്ടിയുള്ള സമരവും അവരെ പിൻതുടൎന്നു് സമാ ധാനപരമായ ജീവിതം നയിക്കുവാനാണു് എന്നെ പ്രേരി പ്പിക്കാറുള്ളതു്." ല്യൂസങ്ങ്‌യുവാൻ തൻെറ സമകാലീന രായിരുന്ന പണ്ഡിതന്മാരേപ്പോലെ സ്ഥാനമാനങ്ങൾക്കു

വേണ്ടി ക്ലേശിച്ചിരുന്ന ഒരാളായിരുന്നില്ല. കാലക്രമേണ കങ്ങ് പണ്ഡിതന്മാർപോലും ഏകാന്തവാസപ്രിയന്മാരായി മാറുകയാണുണ്ടായതു്.

## മനുഷ്യപ്രകൃതിയുടെ പുനഃസ്ഥാപനം

ല്യൂസങ്ങ്യുവാനേപ്പോലുള്ള അഗാധപണ്ഡിതന്മാരെ അത്യധികം ആകർഷിച്ച ബൌദ്ധസിദ്ധാന്തങ്ങൾക്കുള്ള വിശേഷത എന്തായിരുന്നുവെന്നു് ഈ അവസരത്തിൽ ആലോചിക്കേണ്ടതായിട്ടുണ്ടു്. അങ്ങിനെ ബുദ്ധമതത്തിൻെറ രണ്ടു വശങ്ങളെപ്പററി നമുക്ക് ചിന്തിക്കേണ്ടതായി വരുന്നു. ഒന്നാമത്തേതു് അതിൻെറ തത്വശാസ്ത്രപരമായ സിദ്ധാന്തങ്ങളാണു്. രണ്ടാമത്തേതു് അന്ധവിശ്വാസങ്ങളും. വാങ്ങ്ചങ്ങിനേപ്പോലുള്ള ചൈനീസ് ബുദ്ധിജീവികൾ വിദേശീയധർമ്മത്തിൻെറ ബാഹ്യവശങ്ങളെ മുറുകേപ്പിടിച്ചുകൊണ്ടു് ജീവിക്കുന്ന സ്വന്തം നാട്ടുകാരോടു് പൊരുതി. എന്നാൽ ഇതു് അതിൻെറ മഹത്തായ തത്വശാസ്ത്രത്തോടു് വിദ്വേഷമുണ്ടാക്കുവാൻമാത്രമേ സഹായിച്ചുള്ളു. ഹാൻയുവിനേപ്പോലുള്ള ബുദ്ധമതത്തിൻെറ വലിയ ശത്രുക്കൾക്കുപോലും അതിൻെറ തത്വശാസ്ത്രത്തെപ്പററി വളരെയൊന്നും ആക്ഷേപം പറയുവാനുണ്ടായിരുന്നില്ല എന്നതാണു് പരമാർത്ഥം. അദ്ദേഹം കാര്യമായി എതിർത്തു് അന്ധവിശ്വാസങ്ങളേയായിരുന്നു എന്നു് നാം കാണുന്നു. സാമൂഹ്യവിരുദ്ധമായ പ്രവണതകളേയും ഭിക്ഷുജീവിതത്തേയും അദ്ദേഹം എതിർത്തു. ബൌദ്ധചിന്താഗതിയെപ്പററി അദ്ദേഹത്തിനു് യാതൊരെതിർപ്പും ഉ

ള്ളതായി കാണുന്നില്ല. അതിനാൽ പന്നീടുണ്ടായ ചിന്തകന്മാർ ഹാൻയു അറിയാതെത്തന്നെ ബുദ്ധമതതത്വങ്ങളാൽ പ്രഭാവിതരായിത്തീന്നിരുന്നുവെന്നും മനുഷ്യപ്രകൃതിയെപ്പററി ബൌദ്ധരുടെ അഭിപ്രായങ്ങളാണു് അദ്ദേഹത്തിന്നുണ്ടായിരുന്നതെന്നും പറയുന്നു.

ഈ കടപ്പാടു് അധികമായി കാണുന്നതു് ഹാൻയുവിൻെറ ഒരു സുഹൃത്തായ ലീവോവിൻെറ ലേഖനങ്ങളിലാണു്. അദ്ദേഹം ക്രിസ്ത്വബ്ദം 844-ൽ മരിച്ചു. ഹാൻയുവിനേപ്പോലെ പ്രസ്തുത യുവാവും ടോ ദശനത്തിൻെറ ഒരനുയായി ആയിരുന്നു. 'മനുഷ്യപ്രകൃതിയുടെ പുനഃസ്ഥാപനം' എന്ന അദ്ദേഹത്തിൻെറ ഒരു ലേഖനത്തിൽ ടോവിൻെറ സംപ്രേക്ഷണമെന്ന ഹാൻയുവിൻെറ സിദ്ധാന്തത്തോടൊപ്പം സ്വവിശ്വാസമനുസരിച്ചു് അതിനുള്ള ഒരു പ്രേരകത്തെപ്പററിയും പറയുന്നുണ്ടു്. ഒരു ഋഷിയുടെ സഹജപ്രകൃതിയിലുള്ള സമുന്നതമായ ആത്മാൎത്ഥതയായി ടോവിനെ ചിത്രീകരിച്ച ലീവോ പറയുന്നു:—"അതിനെക്കുറിച്ചു് ആർ എന്നോടന്വേഷിച്ചാലും എനിക്കറിവുള്ളതു് ഞാൻ പറഞ്ഞുകൊടുക്കുക പതിവാണു്. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ലിപിബദ്ധമാക്കുവാൻ ആഗ്രഹിക്കുന്നു. തന്നിമിത്തം എൻെറകാലത്തു് തീരെ അപ്രസക്തമായി വൎത്തിക്കുന്ന ടോ സിദ്ധാന്തത്തിന്നു് ഭാവിയിൽ പ്രസക്തി ലഭിക്കുമെന്നാശിക്കുന്നു.

ഒരു പ്രസ്ഥാനകൎത്താവു് എന്നതിനേക്കാറം കൂടുതലായി ലീവോ ഒരു പരിഷ്കൎത്താവായിരുന്നു. ബുദ്ധദശനത്തേയോ ടോ ദശനത്തേയോ അദ്ദേഹം തീരെ നിഷേധി

ക്കുകയുണ്ടായില്ല. അവ രണ്ടിനേയും സമന്വയാത്മകമായ ഒരു മനോഭാവത്തോടുകൂടി വീക്ഷിച്ചു. അയഥാസ്ഥിതികങ്ങളായ പ്രസ്തുത രണ്ടു ദശനങ്ങളിലും പുതുതായി യാതൊന്നുമില്ലെന്നു് അദ്ദേഹം സിദ്ധാന്തിച്ചു. ഞ്ജ ദശനത്തിന്റെ പ്രകാരഭേദങ്ങൾ മാത്രമായിരുന്നു അവ. മനുഷ്യപ്രകൃതിയേയും ജീവിതത്തിന്റെ അനിശ്ചിതാവസ്ഥയേയും കുറിച്ചു് അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന പണ്ഡിതന്മാർക്കിടയിൽ വലിയ അഭിപ്രായവ്യത്യാസങ്ങൾ നിലകൊണ്ടിരുന്നു. ലാവോട്സേയുടേയും ബുദ്ധന്റേയും പക്ഷംപിടിച്ചു് അവർതമ്മിൽ ശക്തിയായ വാദപ്രതിവാദങ്ങൾ ഉണ്ടായി. കങ്ങ്പണ്ഡിതന്മാർ അവയെപ്പററി അവസാനവിധി പ്രസ്താവിച്ചിട്ടുണ്ടെന്നു് ലീവോ പറഞ്ഞു. തന്റെ വാദഗതിയെ സമർത്ഥിക്കുന്നതിന്നായി ബുദ്ധമതത്തിലേയും ടോ ദശനത്തിലേയും സാദൃശ്യമുള്ള ഉദ്ധരണികളെ കങ്ങ്സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം അപഗ്രഥനം ചെയ്തു. അങ്ങിനെ ലീവോ മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള എല്ലാ ആധുനികസിദ്ധാന്തങ്ങളേയും വിശകലനംചെയ്തു് ഒരു നിഗമനത്തിൽ എത്തിച്ചേരുന്നതിന്നു് ഉപയുക്തമായ ഒരു നവീനപ്രസ്ഥാനം ആവിഷ്ക്കരിച്ചു. അങ്ങിനെ മനുഷ്യപ്രകൃതിയും വിശ്വവും അനന്തരകാലത്തുണ്ടായ ദാശനികന്മാക്ക് അത്യധികം രോചകങ്ങളായ വിഷയങ്ങളായിത്തീന്നു.

ചൈനീസ്ചിന്താഗതികളെ കൂട്ടിയിണക്കുന്നതിന്നുള്ള ഒന്നാമത്തെ പരിശ്രമമായിരുന്നു അതു്. ലീവോ അങ്ങിനെ ഭാവിതലമുറകൾക്കു് സമന്വയമാഗ്ഗത്തെ വെ

ട്ടിത്തെളിയിച്ചുകാണിച്ചു. കൺഫ്യൂരാണങ്ങളിൽനിന്നു് ആത്മീയവും ധാർമ്മികവുമായ സംതൃപ്തി നേടുവാനാഗ്രഹിച്ച ബുദ്ധിജീവികൾക്കു് അതു് അത്യന്തം ആശ്വാസപ്രദമായിത്തോന്നി. മാത്രമല്ല ടോ ദാർശനികന്മാർക്ക് കൺഫ്യൂരാണങ്ങളായ പരിവർത്തനപുരാണം, മഹത്തായ വിദ്യ, മദ്ധ്യമമാർഗ്ഗം, മെങ്ദർശനം എന്നിവയിലെ മഹത്തായ ദാർശനികസിദ്ധാന്തങ്ങളെപ്പററി മനസ്സിലാക്കുന്നതിനും അതു് സഹായമായി. അങ്ങിനെ പണ്ഡിതലോകം സമ്പന്നമായ പ്രസ്തുത ദർശനത്തെ സമാദരിച്ചു. പ്രസ്തുത മനോഭാവം ബുദ്ധമതത്തിൻെറ അടിസ്ഥാനതത്വങ്ങളുടെ സഹായത്തോടുകൂടി ഒരു നവീനദർശനം കെട്ടിപ്പടുക്കുവാനുള്ള സന്നദ്ധതകൂടി കൺപണ്ഡിതന്മാരിൽ ഉണ്ടാക്കിത്തീർത്തു.

## ധ്യാനവും ആത്മദർശനവും

കാലക്രമേണ ചൈനീസ്മണ്ണിൽ വേർ പിടിച്ച ബുദ്ധമതത്തിന്നു് അതിൻെറ വളർച്ചയിൽ പല മാററങ്ങളും കാണപ്പെടുകയുണ്ടായി. ആരംഭികകാലങ്ങളിൽ ഇന്ത്യൻഭിക്ഷുക്കൾ അംഗീകരിച്ചിരുന്ന ബുദ്ധമതത്തിൽനിന്നു് വളരെ വ്യത്യസ്ഥമായ ഒരു മതമാണു് ചൈനയിൽ വളർന്നുവന്നതു്. അതിനുകാരണം ചൈനക്കാർ സ്വന്തം ദാർശനികസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ബുദ്ധമതതത്വങ്ങളെ വ്യാഖ്യാനിക്കുകയും വിശകലനംചെയ്യുകയും ചെയ്തതുകൊണ്ടായിരുന്നു. ചൈനീസ്ചിന്താഗതിയെ അക്കാലത്തു് ഏററവും ആകർഷിച്ചിരുന്ന ഛാൻ ദർശന

ത്തിന്നു് ഇതിൽ വലിയൊരു പങ്കുണ്ടു്. അതിനു് ആ പേർ വന്നതു് സംസ്കൃതത്തിലെ ധ്യാനം എന്ന പദത്തിൽ നിന്നാണെന്നു് പറയപ്പെടുന്നു. ചാൻ പ്രസ്ഥാനത്തിൽ പ്പെട്ട ബുദ്ധമതത്തിന്റെ സ്ഥാപകൻ സുപ്രസിദ്ധ ഇന്ത്യൻഭിക്ഷുവായ ബോധിധർമ്മൻ (ടാമോ എന്നാണു് ചൈനക്കാർ അദ്ദേഹത്തെ വിളിച്ചിരുന്നതു്) ആണെന്നു് പറയുന്നു. ലിയാങ്ങ്ശാസനകാലത്തു് വൂ ചക്രവർത്തി ഭരണം നടത്തിക്കൊണ്ടിരുന്ന അവസരത്തിലാണു് അദ്ദേഹം ചൈനയിലേയ്ക്കു വന്നതു്. ടാമോ ഒരു വലിയ നിയമപണ്ഡിതനായിരുന്നുവെന്നു് പറയപ്പെടുന്നു. ഒരിക്കൽ അദ്ദേഹം ഒരു മുളയിന്മേൽ ഇരുന്നു് വിശാലമായ യാങ്ങ്ടിസ് നദി കടക്കുകയുണ്ടായത്രെ. ടാമോവിന്റെ കൺപോളകളിൽനിന്നാണു് ചൈനക്കാർക്കു് ഏറാവും പ്രിയപ്പെട്ട ചായ ഉണ്ടായതെന്നു് മറെറാരു കഥയുമുണ്ടു്. ടാമോവിന്റെ സുപ്രസിദ്ധമായ ഒരു വചനം താഴെ കൊടുക്കുന്നു:– "നിങ്ങൾക്കു് ബുദ്ധനെ പുസ്തകങ്ങളിൽ കാണുവാൻ കഴിയുകയില്ല. നിങ്ങൾ സ്വന്തം ഹൃദയങ്ങളിലേയ്ക്കു നോക്കുക. അപ്പോൾ അദ്ദേഹത്തെ അവിടെ കാണാം." ചാൻദർശനത്തിന്റെ നാലു പ്രധാനതത്വങ്ങൾ താഴെ കൊടുക്കാം. 1) ധാർമ്മികഗ്രന്ഥങ്ങളിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കൽ 2) ലിഖിതവചനങ്ങളെ ആശ്രയിക്കാതിരിക്കൽ 3) ആത്മാവോടു് നേരിട്ടുള്ള ബന്ധം സ്ഥാപിക്കൽ 4) ബോധോദയം ഉണ്ടാകുവാനായി മനുഷ്യപ്രകൃതിയുടെ പ്രത്യേകതകളെ ആരാഞ്ഞറിയൽ.

ചാൻപ്രസ്ഥാനത്തിന്റെ ഐതിഹാസികമായ

പ്രാധാന്യത്തിന്നു പുറമേ അതു ചൈനയിലെ പൈതൃക പരമ്പരയെ ആസ്പദിച്ചാണു് നിലകൊണ്ടിരുന്നതു്. അ പ്രകാരംതന്നെ ധ്യാനനിഷ്ഠമായ വിദ്യയിൽ കൂടുതൽ താല്പര്യം പ്രകടിപ്പിച്ച അതു് ഇന്ത്യൻ ചിന്താഗതിയേക്കാറം ഏറെ ചൈനീസ് ചിന്താഗതിയേയാണു് പ്രതിനിധാനം ചെയ്തിരുന്നതു്. ക്ഷണികമായ ആത്മദർശനത്തിലുള്ള വിശ്വാസവും ബുദ്ധമതത്തിൻെറ അടിസ്ഥാനതത്വമായ പുനർജ്ജന്മത്തിലുള്ള അവിശ്വാസവും ബ്രഹ്മജ്ഞാനത്തേയും അനുഷ്ഠാനകർമ്മങ്ങളെയും കുറിച്ചുള്ള പൊതുവായ അവഗണനയും അതിൻെറ പ്രത്യേകതകളായിരുന്നു. കാലക്രമേണ ചൈനയിലെ ബുദ്ധമതം ഒരു ചിന്താപ്രസ്ഥാനമെന്ന നിലയ്ക്കു് മന്ത്രങ്ങറം, അനുഷ്ഠാനങ്ങറം, ധാർമ്മികച്ചടങ്ങുകറം, ദേവന്മാരേയും അസുരന്മാരേയും ആരാധിക്കൽ എന്നിങ്ങിനെയുള്ള എല്ലാ കെട്ടുപാടുകളിൽനിന്നും വിമുക്തമായിത്തീൎന്നു. മേൽ പ്രസ്താവിച്ച ചടങ്ങുകറം ചൈനീസു് ജീവിതത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വളൎത്തിക്കൊണ്ടുവരികയാണു് ചെയ്തതു്.

ചാൻ പ്രസ്ഥാനത്തിൻെറ വിവിധവശങ്ങളേയുംപറ്റി പ്രതിപാദിക്കുക എന്നതു് വിഷമമേറിയ ഒരു കൃത്യമായതുകൊണ്ടു് അതിനിവിടെ തുനിയുന്നില്ല. അതിൽ ദക്ഷിണപ്രസ്ഥാനമെന്നും ഉത്തരപ്രസ്ഥാനമെന്നും രണ്ടു വിഭാഗങ്ങറം ഉണ്ടായിരുന്നു. ആദ്യത്തേതു് കൂടുതൽ പ്രചലിതവും വികസിതവുമായിരുന്നു. അതിൻെറ സ്ഥാപകൻ ഹ്വിനെങ്ങ് എന്ന മനുഷ്യനായിരുന്നു എന്നു പറ

യപ്പെടുന്നു. ഒരു ചെറിയ കവിതയുടെ മേന്മയെ മുൻനിൎത്തി തിരഞ്ഞെടുക്കപ്പെട്ട ഒരു ദേഹമായിരുന്നു അദ്ദേഹം. അതിൽ അദ്ദേഹം ചാൻസിദ്ധാന്തങ്ങളെ സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഒരു അനുയായിയായി കരുതപ്പെടുന്ന ഷെൻസിയു മുമ്പുതന്നെ എഴുതിയ ചില വരികൾ താഴെ കൊടുക്കാം:—"ശരീരം ജ്ഞാനവൃക്ഷത്തിന്നു സദൃശമാണു്. മനസ്സ് ഒരു കണ്ണാടിക്കൂടുപോലെയാണു്. അതിനെ അനവരതം തുടച്ചുമിനുപ്പിച്ചുകൊണ്ടിരിക്കണം. അല്പംപോലും ചളിപററുവാൻ അനുവദിച്ചുകൂടാ."

എന്നാൽ ഹ്വിനെങ്ങ് അശിക്ഷിതനും സ്വന്തം പേര് എഴുതുവാൻപോലും അറിയാത്തവനും ആയ ഒരു ഭിക്ഷുവായിരുന്നുവെങ്കിലും മേൽച്ചേൎത്ത വരികളുടെ ഉള്ളടക്കത്തോടു് യോജിക്കുകയുണ്ടായില്ല. അദ്ദേഹം തനിക്ക് ആവേശം ലഭിച്ച ഒരു സന്ദൎഭത്തിൽ ഇപ്രകാരം പറയുകയുണ്ടായി:—"ജ്ഞാനവൃക്ഷം എന്ന ഒരു വസ്തുവില്ല. കണ്ണാടിക്കൂടുപോലുള്ള ഒന്നുണ്ടെന്നു പറയുന്നതും ശരിയല്ല. യഥാൎത്ഥമായ അസ്തിത്വമുള്ള യാതൊന്നുംതന്നെയില്ല. പിന്നെ എങ്ങിനെയാണു് അതിൽ ചളി പററുന്നതു്?"

ഈ കവിതാശകലം ആദ്യത്തേതിനെ അപേക്ഷിച്ചു് സമുന്നതാദൎശമുൾക്കൊള്ളുന്നതായിരുന്നു. യാഥാൎത്ഥ്യത്തെ അറിയുവാനുള്ള അഗാധമായ ഒരു പരിശ്രമമായിരുന്നു അതു്. പക്ഷെ ഇതു് ഔത്തരപ്രസ്ഥാനസ്ഥാപനത്തിൽനിന്നു ഷെൻസിയുവിനെ തടയുകയുണ്ടായില്ല. രണ്ടു പ്രസ്ഥാനങ്ങളും ഒപ്പം വളൎന്നുവന്നു. പരസ്പരം മത്സര

ത്തിൻേറയും പ്രോത്സാഹനത്തിൻേറയും വെളിച്ചത്തിൽ അവ വികസിച്ചുകൊണ്ടിരുന്നു.

അക്കാലത്തെ ബൌദ്ധപണ്ഡിതന്മാരിൽവെച്ചു് ഏററവും ശ്രേഷ്ഠൻ ഹ്വായൻ വിഭാഗത്തിൽപ്പെട്ട സങ്ങ്മി എന്ന മാന്യനായിരുന്നു. 780-മുതൽ 841-വരെയാണു് അദ്ദേഹം ജീവിച്ചതു്. സങ്ങ്മി ആരംഭികകാലത്തു ചാൻ പ്രസ്ഥാനത്തിൽ പരിശീലനം നേടിയിരുന്ന ഒരാളായിരുന്നു. അദ്ദേഹത്തിനു് പ്രസ്തുത പ്രസ്ഥാനത്തോടു് അത്യധികം ആദരവുമുണ്ടായിരുന്നു. ചാൻ പ്രസ്ഥാനത്തെക്കുറിച്ചു സങ്ങ്മി അമൂല്യങ്ങളായ പല ഗ്രന്ഥങ്ങളും എഴുതീട്ടുണ്ടു്. അതിനെ മററു ബൌദ്ധസമ്പ്രദായങ്ങളോടു് അദ്ദേഹം താരതമ്യപ്പെടുത്തി. മാത്രമല്ല മനുഷ്യൻെറ മൌലികതത്വത്തെക്കുറിച്ചു് അദ്ദേഹം അവഗാഢമായ പഠനം നടത്തീട്ടുണ്ടായിരുന്നു. പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ ഒരു ലേഖനത്തിൽ ടോ-ദർശനവും ജു ദർശനവും അപര്യാപ്തങ്ങളെന്നു് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അവയിലും സത്യത്തിൻെറ ചില കണികകളെല്ലാം ഉണ്ടെന്നു് സമ്മതിയ്ക്കുന്നുണ്ടു്. യഥാർത്ഥത്തിൽ ബുദ്ധധർമ്മത്തിൻെറ വീക്ഷണകോടിയിൽക്കൂടി ചൈനയിലെ മഹത്തായ മൂന്നു ദാർശനികപ്രസ്ഥാനങ്ങളെ അനശ്വരമാക്കിത്തീർക്കുകയാണു് സങ്ങ്മി ചെയ്തിട്ടുള്ളതു്. വൈകാരികമായ പ്രകൃതിയേയും ധ്യാനയുക്തമായ മനസ്സിനേയും വിശ്വത്തിൻെറ മൌലികതത്വത്തേയും കുറിച്ചാണു് അദ്ദേഹം കൂടുതലായി പറഞ്ഞിട്ടുള്ളതു്. പിന്നീടുണ്ടായ കങ്ങ്സൈദ്ധാന്തികന്മാർക്കു് ആശയാവിഷ്കരണ

ത്തിന്നു് അവ വളരെ സഹായകമായിത്തീൎന്നു. അങ്ങിനെ ടാങ്ങ്ശാസനകാലത്തുണ്ടായിരുന്ന ബൌദ്ധസിദ്ധാന്തങ്ങളെ സംഗ്രഹിച്ചതിന്നു പുറമെ സങ്ങ്മി ഒരു നവീന ജ്ഞദൎശനത്തിൻെറ അടിത്തറ പാകുകകൂടിചെയ്തു. സങ്ങ്കാലത്തും മിങ്ങ്കാലത്തുമാണു് അതു് വളൎന്നുവന്നതു്.

## വിശ്വംമുഴുവൻ മനുഷ്യൻെറ നിവാസസ്ഥാനമാണു്

ചൈനീസ് ദൎശനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ടോ ദൎശനം ലാവോട്ട്സെയുടേയും ചാങ്ങ്ചൌവിൻേറയും കാലത്തിന്നുശേഷമുണ്ടായ നൂററാണ്ടുകളിൽ നിരവധി പരിവൎത്തനങ്ങൾക്കു് വിധേയമായിത്തീൎന്നു. ചൌ ശാസനകാലത്തിന്നുശേഷം ടോ ദൎശനത്തിൻെറ തത്വശാസ്ത്രപരമായ വികാസം അധികമൊന്നും ഉണ്ടായിട്ടില്ലെന്നു വേണം പറയുവാൻ. ബി. സി. 122-ൽ മരിച്ച ഹചിനാൻെറ നേതൃത്വത്തിൽ അതിന്നു് കുറേയൊക്കെ വളൎച്ചയുണ്ടായി. എന്നാൽ അധികം താമസിയാതെ അലൌകികമായ സ്ത്രീപുരുഷദൎശനസിദ്ധാന്തങ്ങളുടെ കൂട്ടുപിടിച്ചു് അതു് മുന്നോട്ടു പോയിത്തുടങ്ങി. ജീവിതരസത്തെ ആരായുവാനും ഭൂതപ്രേതാദികളിലും ദിവ്യശക്തികളിലും അത്ഭുതസിദ്ധികളിലും വിശ്വസിക്കുവാനും തുടങ്ങിയ ടോ ദൎശനം ഒരു സംഘടിതമതത്തിൻെറ രൂപം കൈക്കൊണ്ടു. അങ്ങിനെ അതു് തത്വശാസ്ത്രത്തിൻെറ പദവിയിൽനിന്നു് താഴ്ന്നുതാഴുകയും ചെയ്തു.

ഒരു അംഗീകൃതമതമായതുകൊണ്ടു് ഹാൻ ശാസന കാലംവരെ ടോയിസത്തിന്നു് വളച്ച്യുണ്ടായില്ല. അക്കാലത്തു് ചാങ്ങ്ലിങ്ങ് എന്നുപേരായ ഒരു ആചാര്യനുണ്ടായിരുന്നു. ദീഘ്ലായുസ്സും അത്ഭുതസിദ്ധികളും അവകാശപ്പെട്ടിരുന്ന ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹം "അഞ്ചുപറ അരി" എന്ന ഒരു വിഭാഗത്തിൻെറ സ്ഥാപകനാണു്. രാഷ്ട്രീയക്കുഴപ്പങ്ങളും സാമൂഹ്യമായ അധഃപതനങ്ങളും ഉള്ള ഒരു കാലമായിരുന്നു അതു്. അങ്ങിനെ അദ്ദേഹം തൻെറ പ്രസ്ഥാനത്തിലേയ്ക്കു് ജനങ്ങളെ എളുപ്പത്തിൽ ആകഷിച്ചു. പുതുതായിച്ചേരുന്ന ഓരോ ആളും അഞ്ചുപറ അരി സംഭാവന ചെയ്യണമെന്നായിരുന്നു നിശ്ചയിച്ചിരുന്നതു്. പടിഞ്ഞാറൻ ചൈനയിൽനിന്നു് ആരംഭിച്ച ഈ പ്രസ്ഥാനം അല്പകാലംകൊണ്ടു് രാജ്യംമുഴുവൻ പരന്നു. പല സ്ഥലങ്ങളിലും അന്ധവിശ്വാസാധിഷ്ഠിതമായ മററു പ്രസ്ഥാനങ്ങളെ അതു് തന്നിൽ ലയിപ്പിക്കുകയും അങ്ങിനെ ടോ മതമായി നിലകൊള്ളുകയും ചെയ്തു. കാലക്രമേണ ചാങ്ങിൻെറ അനുയായികൾ ടോദശ്നത്തിൻെറ സ്വർഗ്ഗീയഗുരുഭൂതന്മാരായി അംഗീകരിക്കപ്പെടുകയും അവരെ രാജാക്കന്മാരും സാധാരണക്കാരും ഒരുപോലെ ആരാധിച്ചുവരികയും ചെയ്തു.

ലാവോട്ട്സേയ്ക്കു് പുതിയ മതവുമായി അല്പം മാത്രമെ ബന്ധമുണ്ടായിരുന്നുള്ളുവെങ്കിൽക്കൂടി അദ്ദേഹമെഴുതിയ 'പുരാതന ടോ ചരിത്രം' എന്നപേരിൽ അറിയപ്പെടുന്ന ഗ്രന്ഥം ടോ മതഗ്രന്ഥമായി അംഗീകരിക്കപ്പെട്ടു. ലാവോട്ട്സേയെ പ്രധാന ആചാര്യനായി കണക്കാക്കുകയും

ചെയ്തു. ഈ പ്രസ്ഥാനം കങ്ങ്പ്രസ്ഥാനത്തിനെതിരായി ശക്തിയായ നിലയിൽ വളൎന്നുവന്നു. എന്നാൽ കങ്ങ്പ്രസ്ഥാനക്കാൎക്ക് ഈ ദൎശനത്തെ ഒരു മതമാക്കുവാനോ കങ്ങ്ഫ്യൂവിനെ പ്രവാചകനാക്കുവാനോ സാധിച്ചില്ല. ടോയിസ്റ്റുകാൎക്ക് അതു സാധിച്ചു. ടോദൎശനം മതവും ലാവോട്ട്സേ പ്രവാചകനും ആയിത്തീൎന്നു. അങ്ങിനെ സങ്കലിതമായ ടോദൎശനസിദ്ധാന്തങ്ങൾ ഒരു വമ്പിച്ച കുഴപ്പത്തിന്നു് കാരണമായിത്തീൎന്നു. മതത്തേയും തത്വശാസ്ത്രത്തേയും വേർതിരിക്കുക അസാദ്ധ്യമായിത്തീൎന്നു.

എന്നാൽ ടോയിസം ഒരു തത്വശാസ്ത്രമെന്ന നിലക്കു് അധികകാലം നിലകൊണ്ടില്ല എന്നല്ല ഈ പറഞ്ഞതിൻെറ തല്പര്യം. വിമൎശകന്മാരേയും നിരൂപകന്മാരേയും അതിജീവിച്ചുകൊണ്ടു് അതു് നിലകൊള്ളുകതന്നെചെയ്തു. എ. ഡി. മൂന്നാംനൂററാണ്ടിലാണു് ഈ ദൎശനം ഏററവുമധികം അഭിവൃദ്ധിപ്രാപിച്ചതു്. 'ടോവിൻെറ പുരാതന ചരിത്രനിരൂപണം' എന്ന പുസ്തകത്തിൽ വാങ്ങ്പിയും 'ചാങ്ങ്സേ നിരൂപണം' എന്ന പുസ്തകത്തിൽ സിയാങ്ങ്സ്യൂവും പിന്നീടു് കോസിയാങ്ങും ടോ ദൎശനത്തെ ഏററവുമധികം വളൎത്തിക്കൊണ്ടുവന്നു. ഹോയനേപ്പോലെയും വാങ്ങ്പിയേപ്പോലെയുമുള്ള സുപ്രസിദ്ധരായ ദാൎശനികന്മാർ കങ്ങ്പ്രസ്ഥാനക്കാരുടെ അടിസ്ഥാനഗ്രന്ഥമായ പരിണാമചരിത്രത്തെ ടോ ദൎശനത്തിൻെറ വെളിച്ചത്തിൽ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുകയും അതിൽ അവൎക്ക് വിജയംലഭിക്കുകയും ചെയ്തു. ലാവോട്ട്സേയുടെ വ്യാഖ്യാതാവായ വങ്ങ്പി അങ്ങിനെ പരിണാമത്തെ

അടിസ്ഥാനമാക്കി ഒരു ടോ ദർശനഗ്രന്ഥമെഴുതി. എന്നാൽ ഹോയൻ പ്രമാണപത്രികയുടെ അടിസ്ഥാനത്തിലാണു് ഗ്രന്ഥനിർമ്മാണം ചെയ്തതു്. ലാവോട്സ്സേയുടേയും ചാങ്ങ്ചൌവിൻെറയും സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം അതിനെ വ്യാഖ്യാനിച്ചു. അങ്ങിനെ ജൂ ദർശനശാഖയേയും ടോ ദർശനശാഖയേയും സമന്വയം ചെയ്യാൻ അവർക്കു സാധിച്ചു. മാത്രമല്ല പിന്നീടുണ്ടായ കങ്ങ്പണ്ഡിതന്മാർ പോലും ടോ ദാർശനികന്മാരായ അവരുടെ വ്യാഖ്യാനങ്ങളെ അംഗീകരിക്കുകയുണ്ടായി.

എന്നാൽ പ്രസ്തുത രണ്ടു പ്രസ്ഥാനങ്ങളും തമ്മിലുള്ള മത്സരം അതുകൊണ്ടവസാനിച്ചില്ല. ധാർമ്മികവും സാമൂഹ്യവുമായ ആചാരങ്ങളെ അതിശക്തിയായി എതിർത്തുവന്നിരുന്ന ടോ പ്രസ്ഥാനക്കാരുടെ പ്രവർത്തികൾ ഇതിനൊരു തെളിവായിരുന്നു. ഒരു ഉദാഹരണം മാത്രം ഇവിടെ പറയാം. മൂന്നാം നൂററാണ്ടിൽ യുദ്ധംകൊണ്ടും അരാജകത്വംകൊണ്ടും അത്യധികം വിഷമിച്ചിരുന്ന ചൈനയിൽ വടക്കൻവിഭാഗത്തിൽപ്പെട്ട ഒരു ദാർശനികനുണ്ടായിരുന്നു. ഏഴു ഋഷിമാരിൽപ്പെട്ട ഒരാളാണു് താനെന്നു് ആയാൾ സ്വയം അവകാശപ്പെട്ടിരുന്നു. രാജകീയപദവിയിൽ കഴിഞ്ഞുകൂടിയിരുന്ന അദ്ദേഹവും കൂട്ടുകാരും ഏകാന്തജീവിതത്തേയാണു് ആദർശമായി അംഗീകരിച്ചിരുന്നതു്. അങ്ങിനെ കങ്ങ് സദാചാരനിയമങ്ങളായ സാമൂഹ്യസഭ്യത മുതലായവയെ ആക്ഷേപിക്കുകയും ചെയ്തിരുന്നു. രാജ്യത്തെ സേവിക്കുന്നതിനുപകരം അവർ മദ്യപാനത്തിലും സംഗീതത്തിലും കൂടുതൽ തല്പരരായി ജീവി

ക്കുകയും അങ്ങിനെ ജീവിതംമുഴവൻ അബോധാവസ്ഥ യിൽ കഴിച്ചുകൂട്ടുകയും ചെയ്തു. പ്രകൃതിയെ മാത്രമേ അ വർ ആരാധിച്ചിരുന്നുള്ളു. മലകളും മരങ്ങളുമാണു് അവ ക്കു് മാനസികപ്രചോദനം നല്കിയതു്. തന്നിമിത്തം മു ളംകൂട്ടത്തിലെ ഋഷിമാർ എന്നവക്കു് പേർ ലഭിച്ചു.

ഇവരിൽ യ്വാൻചി എന്നൊരാൾ വളരെ പ്രസി ദ്ധനായിത്തീൻ. ഇദ്ദേഹം അക്കാലത്തെ നൈതിക സാമൂഹ്യവ്യവസ്ഥകൾക്കു് എതിരായി ഒരു വലിയ സ മരം നടത്തി. അമ്മയുടെ മരണത്തിൽ ദുഃഖാചരണം ചെയ്യുന്നതിന്നുപകരം മദ്യപാനംചെയ്തു് കൂത്താടി ആ ഹ്ലാദിക്കുകയാണു് ചെയ്തതു്. കുലീനജീവിതരീതികളെ വെല്ലുവിളിച്ച അദ്ദേഹം ജനങ്ങളുടെ മുമ്പാകെ പാറിപ്പറ ന്ന മുടിയോടും അവ്യവസ്ഥിതമായ വസ്ത്രധാരണത്തോടും കൂടി പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. അക്കാലത്തെ പണ്ഡി തന്മാരുടെ ആഭാടപൂണ്ണമായ ജീവിതരീതിയോടു് അദ്ദേ ഹത്തിന്നു് അതികഠിനമായ അമഷമുണ്ടായിരുന്നു. അ വരുടെ ജീവിതത്തെ 'ബഹുമാന്യരുടെ ജീവിതം' എന്ന പരിഹാസപ്പേരിലാണു് അദ്ദേഹം തൻെറ ലേഖനങ്ങ ളിൽ വിവരിച്ചിരുന്നതു്. അഹംകാരവും സങ്കുചിതമന സ്കതയും യാഥാസ്ഥിതികത്വവും അവക്കുണ്ടായിത്തീരു ന്നതു് പ്രസ്തുത ജീവിതരീതികൊണ്ടാണെന്നു് അദ്ദേഹം സമത്ഥിച്ചു. യ്വാൻചി പറയുന്നു:—"എന്നാൽ നിങ്ങൾ ഉടുപ്പുകളിൽ പററിപ്പിടിച്ചിട്ടുള്ള ശീലപ്പേനുകളെപ്പററി എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ഉടുപ്പുകളുടെ ചുളിക ളിൽ അഭയം പ്രാപിക്കുകയും നൂലുകളോടു് ഒട്ടിപ്പിടിച്ചി

രിക്കുകയും ചെയ്യുന്ന അവ രങ്ങൾക്ക് നിവസിക്കുവാൻ പററിയ ഏററവും നല്ലൊരു സ്ഥാനത്തെയാണ് കണ്ടുപിടിച്ചിട്ടുള്ളത്. അവർ അധികമൊന്നും പുറത്തുസഞ്ചരിക്കാറില്ല. വളരെ നിയന്ത്രിതമായ ഒരു ജീവിതമാണ് തങ്ങളുടേതെന്ന് അഭിമാനിക്കുകയും ചെയ്യുന്നു. നഗരത്തിൽ അഗ്നിബാധയുണ്ടാവുകയും ഗൃഹങ്ങൾക്ക് തീപ്പിടിക്കുകയും ചെയ്യുമ്പോൾ അവയെല്ലാം നശിച്ചുപോകുന്നു. ഒരൊററ പേനിനുപോലും തീയ്യിൽനിന്നു രക്ഷപ്പെടുവാൻ കഴിയുകയില്ല. അതിനാൽ പ്രസ്തുത പേനുകളും ബഹുമാന്യരായ പണ്ഡിതന്മാരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? പേനുകളെപ്പോലെ ഇടുങ്ങിയ ഒരു പരിധിയിൽ കഴിഞ്ഞുകൂട്ടുന്നവരാണ് അവരും.''

പ്രസ്തുതവിഭാഗത്തിലെ പ്രശസ്തനായ മറെറാരു പണ്ഡിതൻ ല്യൂലിങ്ങ് (ക്രി. അ. 221-300) മദ്യത്തിന്റെ മാഹാത്മ്യത്തെപ്പററിയാണ് അധികം എഴുതിയിട്ടുള്ളത്. ഒരു മാനിനെ കെട്ടിയ വണ്ടിയിലായിരുന്നു അദ്ദേഹം സഞ്ചരിച്ചിരുന്നത്. അദ്ദേഹമൊന്നിച്ച് ഒരു ഭൃത്യൻ ഒരു കുടം മദ്യവും ചുമന്നുകൊണ്ട് നടന്നിരുന്നു. മറെറാരാൾ ഒരു കൈക്കോട്ടുമായി അദ്ദേഹത്തെ പിൻതുടന്നു. കുടിച്ചുകുടിച്ച് എവിടെയെങ്കിലും വീണുമരിക്കുകയാണെങ്കിൽ മാവുചെയ്യാൻവേണ്ടിയായിരുന്നു അത്. ല്യൂലിങ്ങാണ് നഗ്നതാപ്രസ്ഥാനത്തിന്റെ ഒന്നാമത്തെ പ്രവാചകൻ. അദ്ദേഹം തന്റെ മുറിയിൽ തീരെ നഗ്നനായിട്ടാണ് കഴിച്ചുകൂട്ടിയിരുന്നതെന്നു പറയുന്നു. സന്ദർശകന്മാർ ഇതുകണ്ട് അത്ഭുതപ്പെടുകയാണെങ്കിൽ അദ്ദേഹം

അവരോട് ഇങ്ങിനെ പറയാറുണ്ടത്രേ:—"ലോകം മുഴുവൻ എൻെറ നിവാസസ്ഥാനമാണ്. ഈ മുറി എൻെറ ഒരാവരണംമാത്രമാണ്. നിങ്ങൾ എന്തിന് അതിനുള്ളിലേയ്ക്കു കടന്നുവന്നു?"

ടോ ദാർശനികന്മാരുടെ നിലതെററിയ ഇത്തരം സ്വഭാവവിശേഷങ്ങൾ അവ്യവസ്ഥിതമായ ഒരു കാലത്തിൻെറ സന്തതികളായിരുന്നു. കാലംമാറിയതോടുകൂടി വിചിത്രമായ അവരുടെ സ്വഭാവങ്ങൾക്കും മാററമുണ്ടായി. അനന്തരകാലത്ത് ടോ ദർശനവും ജു ദർശനവും തമ്മിൽ വലിയ ഏററുമുട്ടലുകളൊന്നും ഉണ്ടായില്ല. ഒരു പുതിയ എതിരാളി—ബുദ്ധമതം—അവ രണ്ടിനേയും വെല്ലുവിളിച്ചു. അങ്ങിനെ ബുദ്ധമതവും ടോ ദർശനവും തമ്മിൽ ഒരു ഭയങ്കരസമരം നടന്നു. രണ്ടുംതമ്മിൽ പല കാര്യത്തിലും സാദൃശ്യമുണ്ടായിരുന്നുവെങ്കിലും വളരെ കാര്യങ്ങളിൽ ഭിന്നിപ്പും ഉണ്ടായിരുന്നു. അവ പല തത്വങ്ങളേയും പരസ്പരം കൈമാറുകയുമുണ്ടായി. ഭാഷകളും ആചാരസമ്പ്രദായങ്ങളും മററും മാറും. വളരെ നൂററാണ്ടുകളോളം നീണ്ടുനിന്ന പ്രസ്തുത സമരം ഒന്നിന് മറെറാന്നിൻെറ മേൽ ആധിപത്യം സ്ഥാപിക്കുന്നതിന്നുവേണ്ടിയായിരുന്നില്ല. ടാങ്ങ്ശാസനകാലത്ത് ടോയിസ്ററുകൾ പ്രബലന്മാരായിത്തീർന്നു. ടാങ്ങ് ചക്രവർത്തിമാരുടെ ഓമനപ്പേര് 'ലീ' എന്നായിരുന്നു. ലാവോട്സേയുടെ പേരിനെ അനുസ്മരിപ്പിക്കുന്ന ഒന്നായിരുന്നു അത്. അദ്ദേഹത്തെ അവർ ഒരു മഹാപുരുഷനായി ആരാധിച്ചുവന്നു. അങ്ങിനെ ടോ ആചാര്യൻ ബുദ്ധനേയും കൺഫ്യൂഷ്യസിനേയുംകാൾ മഹാനായി കരുതപ്പെട്ടു. ടോ മതം രാജകീയധർമ്മമായി അം

ഗീകരിക്കപ്പെട്ടു. ഒരു ചക്രവർത്തി രചിച്ച ടോ പുരാണ ത്തേയും അതിൻെറ വ്യാഖ്യാനത്തേയും കല്ലുകളിൽ കൊത്തിവെച്ചു. ടോ വിഹാരങ്ങൾ രാജ്യത്തിൻെറ നാനാഭാഗത്തും സ്ഥാപിച്ചു. അക്കാലത്തു് ജു ദാർശനികന്മാർക്കുണ്ടായിരുന്ന പ്രാമാണികതത്വത്തെ ടോ പ്രസ്ഥാനക്കാർ ചോദ്യംചെയ്തു. ടോ ദാർശനികന്മാരിൽ പലരും ആസ്ഥാനവിദ്വാന്മാരായിത്തീരുകയും ചെയ്തു.

എന്നാൽ രാജകീയമായ ഇത്തരം ആനുകൂല്യങ്ങൾ ഒന്നുംതന്നെ ടോ പ്രസ്ഥാനത്തിൻെറ ആദ്ധ്യാത്മികസിദ്ധാന്തങ്ങളെ തികച്ചും നിലനിർത്തുന്നതിന്നു പര്യാപ്തമായില്ല. കാലക്രമേണ അതു് വികൃതരൂപം കൈക്കൊണ്ടു. ബുദ്ധമതത്തിന്നു് പ്രാബല്യം സിദ്ധിച്ചതോടുകൂടി ടോ മതം അധഃപതിക്കുവാൻ തുടങ്ങി. സങ്ങ്ശാസനകാലത്തു് രണ്ടു പ്രസ്ഥാനങ്ങൾക്കും പദച്യുതി സംഭവിക്കുകയും കങ്ങ്പ്രസ്ഥാനത്തിന്നു പ്രാമാണ്യം ലഭിക്കുകയും ചെയ്തു. കങ്ങ്പ്രസ്ഥാനക്കാർ മേൽപ്പറഞ്ഞ രണ്ടു പ്രസ്ഥാനങ്ങളുടേയും അടിസ്ഥാനതത്വങ്ങളെ തിരഞ്ഞെടുത്തു് ഒരു നവീനതത്വശാസ്ത്രം രചിച്ചു. അങ്ങിനെ ആവിർഭവിച്ച നവീന ജു തത്വശാസ്ത്രം ടോ ദർശനത്തേയും ബൌദ്ധദർശനത്തേയും സമന്വയം ചെയ്യുകയും അവയുടെ ദാർശനികമായ പ്രാധാന്യത്തെ വെളിപ്പെടുത്തുകയും ചെയ്തു. അപ്രകാരം നിരവധി ഉത്ഥാനപതനങ്ങൾക്കുശേഷം കങ്ങ്പ്രസ്ഥാനംമാത്രം ചൈനയിൽ പ്രബലപ്പെട്ടുവന്നു. അതുമാത്രമായിരുന്നു ചൈനയിൽവെച്ചു് ഏററവും മഹത്തായ ദർശനസമ്പ്രദായം. കാലക്രമേണ മററു പ്രസ്ഥാനങ്ങളെല്ലാം അദൃശ്യമായിത്തീൎന്നു.

# പത്താം അദ്ധ്യായം

## സങ്ങ്ദാർശനികന്മാർക്ക് പ്രശംസ

ചൌകാലത്തും സങ്ങ്കാലത്തും ഉണ്ടായ ദർശനങ്ങളിലും അവയുടെ നേട്ടങ്ങളിലും വളരെ വ്യക്തമായ ഒരു വ്യത്യസ്ഥത കാണുവാൻ കഴിയും. ആരംഭികകാലങ്ങളിൽ ചൈനീസ്ബുദ്ധിജീവികൾ അവരുടെ വർണ്ണശബളിതമായ നിരവധി പ്രസ്ഥാനങ്ങളോടുകൂടി രംഗത്ത് പ്രത്യക്ഷപ്പെട്ടു. സങ്ങ്പണ്ഡിതന്മാർ അവയെ കൂടുതൽ സമ്പൂർണ്ണവും വ്യക്തവുമായ ഒരു ദാർശനികസമ്പ്രദായമാക്കിത്തീർക്കകയും അതു് സുമാർ എഴുനൂറുകൊല്ലത്തോളം ചൈനയിലെ ബുദ്ധിജീവികളെ നിയന്ത്രിച്ചുകൊണ്ടിരിക്കുകയും ചെയ്തു. കങ്ങ്പണ്ഡിതന്മാരുടെ നിരന്തരപരിശ്രമം ഹേതുവായിട്ടാണ് മഹത്തായ പ്രസ്തുത ഫലം കൈവന്നതു്. അവർ ബുദ്ധദർശനത്തിലും ടോ ദർശനത്തിലും നല്ല പാണ്ഡിത്യമുള്ളവരായിരുന്നു. അങ്ങിനെ യാഥാസ്ഥിതികസമ്പ്രദായത്തിലുള്ള നീതിശാസ്ത്രത്തേയും രാഷ്ട്രവിജ്ഞാനീയത്തേയും സൃഷ്ടിനിയമമീമാംസയുടേയും അതിഭൌതികശാസ്ത്രത്തിൻേറയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തുവാൻ അവർക്കു കഴിഞ്ഞു. കങ്ങ്പുരാണങ്ങളിൽ അതീവ പാണ്ഡിത്യമുണ്ടായിരുന്ന പ്രസ്തുത പണ്ഡിതന്മാരുടെ പക്കൽ സാമഗ്രികൾ വളരെ കുറവായിരുന്നുവെങ്കിലും വിശ്വത്തിൻെറ മൌലികതത്വസിദ്ധാന്തത്തേയും മനുഷ്യപ്രകൃതിയുടെ സി

ദ്ധാന്തത്തേയും അവർ ആവിഷ്ക്കരിക്കുകതന്നെ ചെയ്തു. അതിനാൽ ഒരു ചിന്താസമ്പ്രദായത്തെ രൂപപ്പെടുത്തുകയും ചൈനീസ് ജനതയുടെ അന്വേഷണബുദ്ധിയെ സംതൃപ്തമാക്കിത്തീർക്കുകയും ചെയ്ത സങ്ദാർശനികന്മാർ തികച്ചും പ്രശംസാർഹരാണ്. ആധുനികപാശ്ചാത്യസിദ്ധാന്തങ്ങൾ ചൈനയിൽ പ്രചലിതമായിത്തീരുന്നതുവരെ സങ്ദാർശനികന്മാരുടെ സിദ്ധാന്തങ്ങളാണ് അവിടെ നിലകൊണ്ടിരുന്നത്.

## പ്രശാന്തമായ പ്രഭ വീശുന്ന ഗുഹ

നവീനമായ പ്രസ്തുത ദർശനത്തെക്കുറിച്ച് പറയുന്നതിനുമുമ്പായി അതിന്റെ ജനയിതാക്കളായ മഹാന്മാർ ആരെല്ലാമായിരുവെന്ന് നമുക്ക് പരിശോധിച്ചുനോക്കാം. ഒന്നാമതായി ഷാവോയങ് (1011—17) എന്ന മഹാനെപ്പററി പറയാം. ലോയാങിനടുത്തുള്ള പ്രശാന്തമായ ഗഹ്വരത്തിൽ ജീവിച്ചിരുന്ന അദ്ദേഹം ഒരു ദരിദ്രനായിരുന്നുവെങ്കിലും സംതൃപ്തനായിരുന്നു. ലോകജീവിതത്തിൽനിന്ന് വിട്ട് ഏകാന്തവാസംചെയ്തിരുന്ന അദ്ദേഹിന്ന് സ്നേഹിതന്മാരാണ് ഒരു ചെറിയകുടിലും അതിനോടനുബന്ധിച്ച ഒരു തോട്ടവും സംഭാവനചെയ്തത്. ഷാവോനെ സംബന്ധിച്ചേടത്തോളം ജീവിതം ഒട്ടുംതന്നെ ക്ലേശഭൂയിഷ്ഠമായ ഒന്നായിരുന്നില്ല. ദരിദ്രനായ ഒരു തത്വചിന്തകന്റെ മാതൃകാപരമായ ഒരു വാസസ്ഥാനമായിരുന്നു അത്. സ്വന്തം തോട്ടത്തിലുണ്ടായ പഴങ്ങളും ഫലങ്ങളും ഭക്ഷിക്കുകയും രണ്ടോ മൂന്നോ കപ്പ് വൈൻ കുടിക്കുകയും

ചെയ്തുകൊണ്ടാണ് അദ്ദേഹം ജീവിതം നയിച്ചിരുന്നതു്. ആദ്ധ്യാത്മികശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ചുള്ള ചിന്തയും പുസ്തകപാരായണവും മററും മാത്രമായിരുന്നു ഷാവോവിന്റെ ഐഹികജീവിതം.

ഷാവോയങ്ങിന്നു് നിരവധി സ്നേഹിതന്മാർ ഉണ്ടായിരുന്നുവെന്നു് പറയപ്പെടുന്നു. രാഷ്ട്രീയപ്രവത്തകന്മാരും സാമൂഹ്യപരിഷ്കത്താക്കളും ധാമ്മികപ്രചാരകന്മാരും മററുമായിരുന്നു അവരിൽ പലരും. മററുചിലർ അഗാധപാണ്ഡിത്യമുള്ള തത്വചിന്തകന്മാരും വിചിത്രമായ വിശ്വത്തെ വ്യാഖ്യാനിച്ചിരുന്നവരും ആയിരുന്നുവത്രെ. കവികളും, ലേഖകന്മാരും, ചരിത്രകാരന്മാരും, തത്വചിന്തകന്മാരും, രാജനീതിജ്ഞന്മാരും ആയിരുന്നു അദ്ദേഹത്തിന്റെ അനുയായികൾ. അവരിൽ രണ്ടുപേക്കു് രാജസഭയിൽ സമുന്നതമായ സ്ഥാനം ഉണ്ടായിരുന്നുതാനും. എന്നാൽ കാലംവളരെ ചീത്തയായിരുന്നതുകൊണ്ടു് അവർ പ്രവൃത്തിയുപേക്ഷിച്ചു് ലോയാങ്ങിലേയ്ക്കുപോയി. കെയ്ഫെങ്ങ് എന്നുപേരായ സങ്ങ് തലസ്ഥാനത്തിൽനിന്നു് അല്പം ദൂരെയായിരുന്നു ലോയാങ്ങ്. വാങ്ങ്ആൻഷി എന്നുപേരായ ഒരു സാമൂഹ്യപരിഷ്കത്താവിന്റെ പ്രേരണയോടുകൂടി രാജാവു് അംഗീകരിച്ച ഒരു പുതിയ നയത്തിന്റെ യാതനകളിൽനിന്നു രക്ഷപ്പെടുന്നതിനുവേണ്ടിയായിരുന്നു അവർ ഉദ്യോഗമുപേക്ഷിച്ചതു്. ഷാവോയങ്ങിന്റെ ഒരു സുഹൃത്തായ സുമാകചാങ്ങ് ഒരിക്കൽ യാഥാസ്ഥിതികവിരോധപ്രസ്ഥാനം നയിക്കുകയുണ്ടായി. രാഷ്ട്രീയവും സാഹിത്യപരവുമായ എതിപ്പുകൾ അക്കാര്യ

ത്തിൽ അദ്ദേഹത്തിന്നുണ്ടായി. വാങ്ങ്ആൻഷി ഒരു സാമൂഹ്യപരിഷ്കർത്താവെന്നതിന്നുപുറമെ പുരാതന സാഹിത്യങ്ങളിൽ പാണ്ഡിത്യമുള്ള ഒരു വിദ്വാനും കൂടിയായിരുന്നു. അതിനാൽ അന്നു കാണപ്പെട്ടിരുന്ന മത്സരം കേവലം കങ്ങ്പ്രസ്ഥാനത്തിലെ രണ്ടുവിഭാഗക്കാർ തമ്മിലുള്ള ഒരു മത്സരമായിരുന്നു. അതിൽ ഒരു വിഭാഗം ഭരണകൂടം പിടിച്ചടക്കി. അങ്ങിനെ രണ്ടുവിഭാഗക്കാരും തമ്മിൽ ഭരണാധികാരത്തിന്നും പുരാണങ്ങളുടെ തങ്ങൾക്കനുകൂലമായ വ്യാഖ്യാനത്തിന്നുംവേണ്ടി പൊരുതി.

രാഷ്ട്രീയനേതാവും ചരിത്രകാരനുമായിരുന്ന സുമാകപാങ്ങിന്നു പുറമേ ഷാവോവിൻെറ ഗൃഹ സന്ദർശിച്ചിരുന്നവരിൽ പല പണ്ഡിതന്മാരും ഉൾപ്പെട്ടിരുന്നു. അവരിൽ ചാങ്ങ്സായ് (1020-76) വളരെ പ്രധാനനായിരുന്നു. അദ്ദേഹം പരിണാമപുരാണത്തെ അധികരിച്ചുകൊണ്ട് പൊതുപ്രസംഗങ്ങൾ നടത്തി. ഭയാനകമായിട്ടുള്ള ഒരു നരിത്തോലിന്മേലായിരുന്നു അദ്ദേഹം ഇരിക്കാറുണ്ടായിരുന്നത്. പിന്നീട് ചെങ്ങ് സഹോദരന്മാരാണ്. ചെങ്ങ്ഹോ ബുദ്ധിമാനും സുമുഖനുമായിരുന്നു. ചെങ്ങ്ഐ ഊർജ്ജ്വസ്വലനും പരിശ്രമശീലനുമായിരുന്നു. രണ്ടു സഹോദരന്മാരും തത്വശാസ്ത്രത്തിൻെറ അഗാധതലങ്ങളിലേയ്ക്കു് ഇറങ്ങിച്ചെന്നിട്ടുണ്ടായിരുന്നു. അങ്ങിനെ ഷാവോവിൻെറ വസതി ബുദ്ധിജീവികളെക്കൊണ്ട് നിറഞ്ഞിരുന്നു. ദർശനത്തെ അംഗീകരിച്ചുകൊണ്ടുള്ള വാദപ്രതിവാദങ്ങളും ചോദ്യോത്തരങ്ങളും അവിടുത്തെ അന്തരീക്ഷത്തെ മുഖരിതമാക്കിത്തീർത്തു. അന്നു് അവിടെ സ

മ്മേളിച്ചിരുന്നവരാണ് നവീന ജ്ഞ ദശ്നത്തിൻെറ സ്ഥാപകന്മാരായിത്തീന്നതു്.

## പരമാത്മസ്വരൂപം

ഷാവോവിൻെറ വിഭാഗത്തിൽപ്പെടാത്ത ഏകദാശ്നികൻ ചൌട്ടുനി (1017-75) യായിരുന്നു. ഒരു സൃഷ്ടിനിയമമീമാംസകനായിരുന്ന അദ്ദേഹം ദശ്നത്തിൻെറ വികാസത്തിന്നു് വലിയ സംഭാവനകൾ നല്കീട്ടുണ്ടു്. എന്നാൽ ചൌ ഷാവോപ്രസ്ഥാനക്കാരനായിരുന്നില്ലെന്നു് പറയുന്നതും ശരിയല്ല. ചെങ്ങ്സഹോദരന്മാരുടെ ഗുരുവായിരുന്നു അദ്ദേഹം. ഷാവോവിനേക്കാൾ ആറുവയസ്സ് കുറവായിരുന്നുവെങ്കിലും നവീനദശ്നസ്ഥാപകനെന്നപേർ ലഭിച്ചതു് ചൌവിന്നാണ്. അദ്ദേഹം ഷാവോവിൻേറയും ചാങ്ങ്സായിയുടേയും കൂട്ടുപിടിച്ചു് ഒരു ഐക്യമുന്നണി സൃഷ്ടിക്കുകയും ദശ്നത്തിൻെറ വികാസത്തിന്നുവേണ്ടി നിരവധി സേവനങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.

ജ്ഞ ദശ്നത്തിൽ പരമാത്മസ്വരൂപത്തെ അവതരിപ്പിച്ച ആളെന്ന നിലയ്ക്കാണ് ചൌട്ടുനി സുപ്രസിദ്ധനായിത്തീന്നിട്ടുള്ളതു്. ടോയിസ്റ്റുകളുടെ ഒരു മൌലികസിദ്ധാന്തമാണതു്. പ്രസ്തുത ആലേഖം ഒന്നാമതായി കണ്ടുപിടിച്ചതു് ചെൻടുവാൻ ആണെന്നു പറയപ്പെടുന്നു. പത്താം നൂററാണ്ടിൽ ജീവിച്ചിരുന്ന സുപ്രസിദ്ധനായ ഒരു ടോയിസ്റ്റ് ദാശ്നികനായിരുന്നു അദ്ദേഹം. അതു് വളരെ കൈമാററങ്ങൾക്കുശേഷം ദാശ്നികനായ

ചൊവിന്റെ കയ്യിൽ കിട്ടി. അദ്ദേഹം അതിനു് ചില ഭേദഗതികളെല്ലാം വരുത്തി തന്റെ സൃഷ്ടിനിയമമീമാംസയ്ക്കനുഗുണമായി പൊതുജനസമക്ഷം അവതരിപ്പിച്ചു. പരമാത്മസ്വരൂപത്തിന്റെ വ്യാഖ്യാനം എന്ന സുപ്രസിദ്ധമായ ഒരു ലേഖനത്തിൽകൂടിയാണു് അദ്ദേഹം അതു സാധിച്ചതു്. ഈ ലേഖനം അദ്ദേഹത്തിന്റെ ശിഷ്യരായ ചെങ്ങ്സഹോദരന്മാർ പഠിച്ചു. അവർ അതു് തങ്ങളുടെ വിദ്യാർത്ഥികൾക്കു് പഠിപ്പിക്കുകയും ചെയ്തു. ഒടുവിൽ അതു് ചൂസി (1130-1200) യുടെ കയ്യിൽ കിട്ടി. അദ്ദേഹത്തിന്റെ കാലത്താണു് സങ്ങ് തത്വശാസ്ത്രം അതിന്റെ പരമമായ വികാസം പ്രാപിച്ചതു്.

മൗലികത്വം എന്തുതന്നെ ആയിരുന്നാലും ശരി, മാസ്റ്റർ ചൌ വിവരിച്ചിട്ടുള്ള പരമാത്മസ്വരൂപം അതിന്റെ രൂപത്തിലും ഉദ്ദേശത്തിലും ഒരു യാഥാസ്ഥിതികസിദ്ധാന്തമായിരുന്നു എന്നതിന്നു് സംശയമില്ല. പരിണാമപുരാണം മൗലികമായി നോക്കിയാൽ ആനുമാനികകൃതിയായ ഒരു കണ്ഫ്യൂഷ്യൻ സാഹിത്യമാണു്. അതു് ജു ദർശനത്തേയും ടോ ദർശനത്തേയും കൂട്ടിച്ചേർക്കുന്ന ഒരു കണ്ണിയുമാണു്. അതിനാൽ പരമാത്മാവു് എന്ന പദം പരിണാമപുരാണത്തിലെ സുപ്രസിദ്ധമായ ഒരു വരിയിൽനിന്നാണു് എടുത്തിട്ടുള്ളതു്. മറുതത്വങ്ങൾ [അതായതു് മാസ്റ്റർ ചൊവിന്റെ സൃഷ്ടിനിയമമീമാംസ ]സ്ത്രീപുരുഷദർശനത്തിന്റേയും അഞ്ചു മൂലതത്വങ്ങളുടേയും അടിസ്ഥാനത്തിൽ നിലകൊള്ളുന്ന ടങ്ങ്ചങ്ങ്ഷൂ മുതലായ ഹാൻ

തത്വശാസ്ത്രജ്ഞന്മാരാണു് കണ്ട് ദർശനത്തിൽ അതു കൂട്ടിച്ചേർത്തതെന്നു് മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

മാസ്റ്റർ ചൌവിന്റെ വ്യാഖ്യാനം നവീനതത്വശാസ്ത്രത്തെപ്പററി പഠിക്കുവാനുള്ള നല്ലൊരു ശാസ്ത്രീയഗ്രന്ഥമാണു്. വളരെ ശ്രദ്ധാപൂർവ്വം പഠിക്കേണ്ടതായ ഒന്നാണതു്. സർഗ്ഗാത്മകമായ ഒരു പരിണാമനിയമത്തിന്റെ സിദ്ധാന്തവുമായി രംഗപ്രവേശം ചെയ്യുന്ന അതിനെ മിക്ക പണ്ഡിതന്മാരും അംഗീകരിച്ചിട്ടുണ്ടു്. അതു് ഇപ്രകാരം ആരംഭിക്കുന്നു.

“പരമമായതാണു് ആ ആത്മസ്വരൂപം! അതു ചലിക്കുന്നു. അങ്ങിനെ പുരുഷൻ ആവിർഭവിക്കുന്നു. ചലനം അതിന്റെ പരിധിവരെ എത്തിയാൽ അതിന്നു് നിശ്ചലത്വം സംഭവിക്കുന്നു. പ്രസ്തുത നിശ്ചലത്വത്തിൽ നിന്നു് സ്ത്രീയുണ്ടാവുന്നു. നിശ്ചലത്വം അതിന്റെ പരിധിവരെ എത്തുമ്പോൾ വീണ്ടും ചലനം ആരംഭിക്കുകയായി. അങ്ങിനെ ചലനവും നിശ്ചലത്വവും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുകയും ഒന്നു് മറേറതിന്റെ കാരണമായി വർത്തിക്കുകയും ചെയ്യുന്നു. സ്ത്രീപുരുഷവ്യത്യാസം നിർണ്ണയിക്കപ്പെടുകയും അങ്ങിനെ രണ്ടു രൂപങ്ങൾ, പുരുഷനും സ്ത്രീയും, ആവിർഭവിക്കുകയും ചെയ്യുന്നു.

“പുരുഷസൃഷ്ടിയും അതിനെത്തുടർന്നു് ഉണ്ടാകുന്ന സ്ത്രീയോടുള്ള അവന്റെ സമാഗമവും കാരണമായി ജലം, അഗ്നി, വൃക്ഷം, ലോഹം, ഭൂമി എന്നീ അഞ്ചു മൂലതത്വങ്ങൾ ഉണ്ടാവുന്നു. ഇവ സുവ്യവസ്ഥിതവും ക്ഷേമപൂർണ്ണ

വുമായി സമ്മേളിക്കുകയും തദ്വാരാ നാലുകാലങ്ങൾ ഉണ്ടായിത്തീരുകയും ചെയ്യുന്നു.

"പരമാത്മാവിന്റെ യഥാൎത്ഥരൂപവും രണ്ടു രൂപങ്ങളുടേയും അഞ്ചു മൂലതത്വങ്ങളുടേയും സാരസംഗ്രഹവും തമ്മിൽ വിചിത്രമായവിധത്തിലാണു് സമ്മേളിച്ചിരിക്കുന്നതു്. അങ്ങിനെ പ്രസ്തുത ഏകീകരണം അനശ്വരമായി നിലകൊള്ളുന്നു. പുംസ്തത്വം പുരുഷനായിത്തീരുകയും സ്ത്രീതത്വം സ്ത്രീയായിത്തീരുകയും ചെയ്യുന്നു. സ്ത്രീപുരുഷന്മാരുടെ സമ്മേളനംകൊണ്ടു വിവിധവസ്തുക്കളും ഉണ്ടായിത്തീരുന്നു. നിൎമ്മാണവും പുനൎനിൎമ്മാണവും അങ്ങിനെ അനന്തമായി നടന്നുകൊണ്ടിരിക്കുന്നു. രൂപഭേദങ്ങൾ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നു."

മാസ്റ്റർ ചൌവിന്റെ വ്യാഖ്യാനത്തിന്റെ രണ്ടാം ഭാഗത്തിൽ അദ്ദേഹത്തിന്റെ നൈതികസിദ്ധാന്തങ്ങളെപ്പററിയാണു് പ്രതിപാദനം ചെയ്തിട്ടുള്ളതു്. മനുഷ്യൻ എല്ലാ സൃഷ്ടികളിലുംവെച്ചു് ശ്രേഷ്ഠനാണെന്നു് അതിൽ പറയുന്നു. ഋഷിമാർ മനുഷ്യരിൽവെച്ചു് ശ്രേഷ്ഠന്മാരാണു്. അതിങ്ങിനെ തുടരുന്നു:—

"മനുഷ്യവൎഗ്ഗത്തിനു ലഭ്യമായിട്ടുള്ള ഈ ലിംഗഭേദം മാത്രമാണു് പരിപൂൎണ്ണതയെ പ്രാപിക്കുന്നതു്. ബുദ്ധിപരമായി ഏററവും ഉയൎന്ന ജീവിയാണു് മനുഷ്യൻ. മനുഷ്യന്റെ ഭൌതികശരീരം ഉണ്ടായതിനുശേഷം അവന്റെ ബുദ്ധിയും മനസ്സും രൂപമെടുക്കുന്നു. മനുഷ്യപ്രകൃതിയുടെ അഞ്ചു മൂലതത്വങ്ങൾ അവന്റെ ബാഹ്യപ്രതിഭാസങ്ങ

ളിൽ പ്രതികരണം സൃഷ്ടിക്കുന്നു. അങ്ങിനെ നന്മതിന്മകൾതമ്മിലുള്ള വ്യത്യാസം പ്രകടമായിത്തീരുന്നു. വിവിധപ്രതിഭാസങ്ങളെ പ്രതിനിധീകരിക്കുന്ന ദേവന്റെ സ്വഭാവം വെളിപ്പെടുന്നു.

"ഋഷിമാർ ക്രമീകൃതവും യഥാർത്ഥവുമായ മാർഗ്ഗത്തെ അവലംബിച്ചു ജീവിക്കുന്നു. മനുഷ്യത്വം, സദാചാരം എന്നീ രണ്ടു ഗുണങ്ങളാണു് അവർക്കതിന്നു് പ്രേരണ നല്കുന്നതു്. അതിന്നു് ഏകാഗ്രതയെ അവർ സ്വീകരിക്കുന്നു. അങ്ങിനെ മനുഷ്യവർഗ്ഗത്തിൽ അവർ ശ്രേഷ്ഠത്വം പ്രാപിക്കുന്നു."

പിന്നീടു് ധാർമ്മികവും ഭൗതികവുമായ ലോകങ്ങൾ തമ്മിലുള്ള ബന്ധത്തെപ്പററിയാണു് അതിൽ പറയുന്നതു്. വിശ്വവുമായി ഋഷികൾക്കുള്ള സമ്പർക്കത്തേപ്പററിയും അതിൽ വ്യക്തമാക്കുന്നുണ്ടു്.

"അങ്ങിനെ ഋഷിമാർ സ്വാഭാവികമായി സ്വർഗ്ഗത്തോടും ഭൂമിയോടും സമ്പർക്കം സ്ഥാപിച്ചിട്ടുള്ളവരാണു്. സൂര്യചന്ദ്രന്മാരുടെ സഹായത്താൽ അവർക്കു് ആത്മദർശനം സാധിക്കുന്നു. ഋതുക്കളെ അടിസ്ഥാനമാക്കി അവർ സുവ്യവസ്ഥിതമായ ഒരു ജീവിതം നയിക്കുന്നു. സഹജീവികളെ നോക്കി ഭാഗധേയങ്ങൾ നിയന്ത്രിക്കുന്നു. അങ്ങിനെ ഋഷിയായ ഒരാൾക്കു് സമുന്നതമായ നിരവധി സൽഗുണങ്ങളെ വളർത്തിക്കൊണ്ടുവരുവാൻ കഴിയും. എന്നാൽ അതനുസരിക്കുവാൻ കൂട്ടാക്കാതെ ജീവിക്കുന്ന ഒരാൾ ദോഷയുക്തനായി ഭവിക്കുകയും ചെയ്യും."

ചുരുക്കത്തിൽ മാസ്റ്റർ ചൌ പരിണാമപുരാണ ത്തിൽ പ്രസ്താവിച്ച തത്വങ്ങളുടെ തുടർച്ചയായിട്ടാണു് തന്റെ ഗ്രന്ഥമെഴുതീട്ടുള്ളതു്. അതിന്റെ രത്നച്ചുരുക്കം മുകളിൽ കൊടുത്തിട്ടുണ്ടല്ലൊ.

## സംഖ്യകളുടെ മാന്ത്രികത്വം

ഷാവോയങ്ങിന്റെ ജീവിതത്തെ നാം ഒരു സിംഹാവലോകനം ചെയ്യു. നവീന ജ്ഞ ദർശനത്തിന്റെ രണ്ടാമത്തെ പ്രവാചകനായിരുന്ന അദ്ദേഹമെന്നു് നാം കാണുകയും ചെയ്യു. തന്റെ സമകാലീനന്മാരെപ്പോലെ ഷാവോവും യാഥാസ്ഥിതികസിദ്ധാന്തങ്ങളേയാണു് കൂടുതൽ ഇഷ്ടപ്പെട്ടതു്. ബുദ്ധമതത്തിന്റേയും ടോ ദർശനത്തിന്റേയും കല്പനാലോകത്തിൽ കുറേക്കാലം സഞ്ചരിച്ചതിന്നു ശേഷമാണു് അദ്ദേഹം ഇങ്ങോട്ടു മടങ്ങിയതു്. പരിണാമപുരാണത്തിൽ പ്രാവീണ്യം നേടുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഒരു നല്ല എഴുത്തുകാരനും കവിയുമായിരുന്ന അദ്ദേഹം 'ഈ' നദിയുടെ പ്രകൃതിസൌന്ദര്യത്തെക്കുറിച്ചു് കുറേ കവിതകൾ നിർമ്മിച്ചിട്ടുണ്ടു്. ഒരു മുക്കുവനും മരംവെട്ടുകാരനും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലാണു് അതു് എഴുതീട്ടുള്ളതു്. ദാർശനികമായ വാദപ്രതിവാദങ്ങളാണു് അതിന്റെ ഉള്ളടക്കം. സൃഷ്ടിനിയമമീമാംസയുടെ കാലനിർണ്ണയത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ ഒരു വ്യാഖ്യാനംകൂടിയായിരുന്നു അതു്. അങ്ങിനെ അദ്ദേഹത്തിന്റെ പ്രശസ്തി ഉച്ചകോടിയിൽ എത്തിച്ചേർന്നു. പ്രകൃതിയുടെ പ്രതിഭാസങ്ങളെക്കുറിച്ചുള്ള ഒരു പഠ

നം എന്നതായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തെ കൃതി. അതാണു് അദ്ദേഹത്തിന്റെ കൃതികളിൽവെച്ചു് ഏററവും ശ്രേഷ്ഠമായി കരുതപ്പെടുന്നതു്. മാനുഷികകാര്യങ്ങളിൽ സംഖ്യാസിദ്ധാന്തത്തിന്റെ പ്രാധാന്യത്തെ അദ്ദേഹം അതിൽ ആവിഷ്കരിച്ചിരിക്കുന്നു.

പരിണാമത്തെ അധിഷ്ഠിതമാക്കിയിട്ടുള്ള ഷാവോവിന്റെ തത്വശാസ്ത്രം എട്ടു ത്രയാക്ഷരസംയുക്ത ഉച്ചാരണങ്ങൾകൊണ്ടു് ആരംഭിക്കപ്പെട്ടിട്ടുള്ളതാണു്. ഫൂഷിയാൽ ആവിഷ്കൃതമായ പ്രസ്ഥാനമാണിതു്. പുരാതനകാലത്തെ കാല്പനികന്മാരായ ചക്രവത്തിമാരിൽപ്പെട്ട ഒരാളായിരുന്നു അദ്ദേഹം. പിന്നീടു് വെൻ രാജാവു് ത്രയാക്ഷരസംയുക്ത ഉച്ചാരണങ്ങൾക്കു് വ്യവസ്ഥിതമായ ഒരു രൂപം നല്കി. അദ്ദേഹം ചൌ വംശത്തിന്റെ സ്ഥാപകനായിരുന്നു. അതു് അതിഭൌതികശാസ്ത്രത്തിന്നും നിഗൂഢാത്മകവാദത്തിന്നും അടിത്തറ പാകി. പരിണാമപുരാണത്തിൽ ഇതു വ്യക്തമാക്കുന്നുണ്ടു്. അതിൽപിന്നെ ആരംഭിക ചൌ ശാസനകാലത്തു് പ്രസ്തുത രഹസ്യാത്മകമായ പ്രതീകങ്ങൾക്കുണ്ടായ വികാസം പരിവത്തനത്തിന്റെ മൂശയിൽക്കൂടി കടന്നുപോയി പരിണാമമെന്ന പേർ സമ്പാദിച്ചു. അങ്ങിനെ അതു് ആകെ 64 ഷഡാംഗങ്ങളുള്ള ഒന്നായിത്തീന്നു. ഇതിൽനിന്നാണു് ഷാവോയങ്ങ് തന്റെ സംഖ്യാസിദ്ധാന്തത്തെ ആവിഷ്കരിച്ചതു്. ഇക്കാര്യത്തിൽ ചൌടൃനിയേക്കാൾ അദ്ദേഹം പിന്നോട്ടു പോകുകയും ആദ്ധ്യാത്മികലോകത്തിൽ എത്തിച്ചേരുകയും ചെയ്തു. പരമാത്മസ്വരൂപവ്യാഖ്യാനം രൂപപഠനമാണെ

ന്നു നാം കണ്ടു. എന്നാൽ സൃഷ്ടിനിയമമീമാംസയുടെ കാലനിർണ്ണയശാസ്ത്രമാകട്ടെ സംഖ്യയേയും രൂപത്തേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു പഠനവും അങ്ങിനെ പരിണാമത്തിൻെറ മൌലികമായ ആശയവുമാകുന്നു.

ഷഡ്ഡാംഗലേഖനത്തെ വ്യവസ്ഥിതമാക്കിത്തീർത്തു് ഫൂഷിയുടെ മൌലികസമ്പ്രദായംവരെ പിന്നോക്കം പോയിട്ടാണു് താൻ നിർവ്വഹിച്ചതെന്നു ഷാവോയങ്ങ് അവകാശപ്പെടുന്നു. അങ്ങിനെ അദ്ദേഹം ആദിമസൂച്യചിത്രത്തെ ആവിഷ്ക്കരിച്ചു. വെൻ രാജാവു് തൻെറ നിഗൂഢാത്മകതത്വസിദ്ധാന്തത്തെ ഉപയോഗിപ്പാൻ ഒരു പ്രത്യേകസമ്പ്രദായം കണ്ടുപിടിച്ചതുപോലെത്തന്നെ ഒരു വലിയ ഗണിതശാസ്ത്രജ്ഞനായ ഫൂഷി തൻെറ സൂച്യചിത്രത്തിൽ കൂടുതൽ പുരോഗമിക്കപ്പെട്ട സംഖ്യാശാസ്ത്രക്രമത്തേയാണു് അംഗീകരിച്ചിരുന്നതു്. ചില പാശ്ചാത്യവിദ്വാന്മാർ ഷാവോ അവതരിപ്പിച്ച ഫൂഷിയുടെ സംഖ്യാശാസ്ത്രക്രമത്തെ ജർമ്മൻ ദാർശനികനായ ലൈബ്നിററ്സിൻെറ ബിനറി ഗണിതക്രമത്തോടു് സാദൃശ്യമുള്ളതാണെന്നു പറയുന്നു. അതിലെ ആദ്യത്തെ 0 തൊട്ടു് 7 വരെയുള്ള എട്ടു സംഖ്യകൾ ചൈനീസ്ക്രമത്തിലെ എട്ടു സംയുക്തത്രയാക്ഷരങ്ങളോടു് സാദൃശ്യമുള്ളതാകുന്നു. ലൈബ്നിററ്സിൻെറ കണ്ടുപിടുത്തത്തിൻെറ അടിസ്ഥാനത്തിൽ ഷാവോവിൻെറ സിദ്ധാന്തങ്ങളെ പഠിക്കുന്നതു് വളരെ രസകരമായിരിക്കും. അപ്പോൾ അവ രണ്ടും എത്രമാത്രം അടുപ്പമുള്ളതാണെന്നു കാണുവാൻ കഴിയും.

ഷാവോ ആവിഷ്ക്കരിച്ച ആദിമസൂച്യചിത്രം 64 ഷഡാംഗലേഖങ്ങളോടും പുംസ്ത്വലേഖത്തോടുംകൂടി വൃത്താകൃതിയിൽ ഏററവും മുകളിൽ സ്ഥിതിചെയ്യുന്നതാണു്. സ്ത്രീത്വലേഖം ഏററവും താഴെയും സ്ഥിതിചെയ്യുന്നു. ബാക്കിയുള്ള 62 ഷഡാംഗലേഖങ്ങൾ ഗ്രന്ഥകർത്താവു് നിശ്ചയിച്ച സ്ഥാനങ്ങളിൽ നിലകൊള്ളുന്നു. ഈ സൂച്യചിത്രം അതിപ്രധാനമായ ഒന്നായി കരുതപ്പെടുന്നു. വിവിധജീവികളുടെ സൃഷ്ടിയും വികാസവും അധഃപതനവും മരണവും കുറിക്കുന്ന ജീവിതചക്രത്തിന്നു് ഒരു പൂരകമാണു് അതു്. ഇതു് പുഷ്പങ്ങൾക്കും ബാധകമാണു്. പുംസ്ത്വപ്രധാനമായ ഉഷ്ണകാലത്തു് പൂക്കൾ വിരിയുന്നു. സ്ത്രീത്വപ്രധാനമായ ശൈത്യകാലത്തു് അവ കൊഴിഞ്ഞുപോകുന്നു. അതായതു് ഉഷ്ണകാലം പുരുഷത്വത്തേയും ശൈത്യകാലം സ്ത്രീത്വത്തേയും പ്രതിനിധാനംചെയ്യുന്നു.

മേൽച്ചേർത്ത നിയമത്തേക്കാൾ ഷാവോവിൻെറ സൂച്യചിത്രത്തെ വിശ്വത്തിൻെറ കാലനിർണ്ണയശാസ്ത്രത്തോടു ബന്ധപ്പെടുത്തിനോക്കുമ്പോഴാണു് കൂടുതൽ രസകരമായ പല യാഥാർത്ഥ്യങ്ങളും നമുക്കു കാണുവാൻ കഴിയുന്നതു്. അങ്ങിനെ വിശ്വത്തിൽ ജീവിതം ആരംഭിച്ചിട്ടു് 1,29000 കൊല്ലങ്ങൾ ആയിട്ടുണ്ടെന്നു് അദ്ദേഹം കണക്കാക്കുന്നു. ഈ കാലത്തെ 10800 കൊല്ലങ്ങളുള്ള പന്ത്രണ്ടു ഭാഗങ്ങളാക്കിത്തിരിക്കാം. ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട ആരംഭികവർഷങ്ങൾ വിശ്വത്തിൻെറ ഉത്ഭവത്തിന്നു് സാക്ഷ്യംവഹിക്കുന്നവയാണു്. മൂന്നാമത്തെ വിഭാഗം ആരംഭിച്ചതോടെയാണു് അതായതു് 27000 കൊല്ല

ങ്ങൾക്കുശേഷമാണ് മനുഷ്യരടക്കമുള്ള വിവിധ ജീവജാല ങ്ങളുടേയും ഉൽപ്പത്തിയുണ്ടായതു്. മനുഷ്യൻ ജനിച്ചിട്ടു് 37000 കൊല്ലങ്ങൾക്കുശേഷം അതായതു് ആറാമത്തെ യുഗത്തിലാണു് ഷാവോവിൻെറ ഗണിതപ്രകാരം ചൈനീസ്ജനതയുടെ ചരിത്രത്തിൽ സുവൎണ്ണയുഗം ആരംഭിക്കുന്നതു്. യോവിൻേറയും ഷൻേറയും ഭരണകാലമായിരുന്നു അതു്. അന്നത്തെ കാലം ഏഴാമത്തെ യുഗമാണെന്നു് അദ്ദേഹം പറയുന്നു. അതായതു് ലോകം സൃഷ്ടമായിട്ടു് 69000 വൎഷങ്ങൾ കഴിഞ്ഞുവെന്നൎത്ഥം. ഇക്കാലംമുഴുവൻ പുംസ്ത്വപ്രാധാന്യമുള്ള കാലമാണു്. ഇതു് അവസാനിക്കുവാൻ 60000 കൊല്ലങ്ങൾകൂടി കഴിയേണ്ടിവരുമെന്നു് അദ്ദേഹം പറയുന്നു. പിന്നീടു് സ്ത്രീത്വപ്രധാനമായ കാലം ആവിൎഭവിക്കുകയായി. ഷാവോ ഒരു ശുഭപ്രതീക്ഷകനായിരുന്നു. നാശം സൃഷ്ടിയുടെ മുന്നോടിയാണെന്നു് അദ്ദേഹം വിശ്വസിച്ചു. ജനനമരണങ്ങളും വികാസാധഃപതനങ്ങളും ഒന്നു് മറെറാന്നിൻെറ പൂരകമായി വൎത്തിക്കുമെന്നു് അദ്ദേഹം സിദ്ധാന്തിച്ചു.

## മനുഷ്യനും സ്വൎഗ്ഗവും തമ്മിലുള്ള ഐക്യം

പരമാത്മാവു് എന്ന പദം ഒന്നാമതായി ഉപയോഗിച്ചതു് ചൌട്ടുനിയായിരുന്നു. അതു് അക്കാലത്തെ ദാൎശനികന്മാരുടെ വാദപ്രതിവാദത്തിന്നുള്ള ഒരു പ്രധാനവിഷയമായിത്തീരുകയും ചെയ്തു. എന്നാൽ യഥാൎത്ഥത്തിൽ പരമാത്മാവു് എന്താണെന്നു മനസ്സിലാക്കുവാൻ പ്രസ്തുത ചിന്തകന്മാർ ആരുംതന്നെ ശ്രമിച്ചതായി കാണുന്നില്ല.

ഷ്വാവോയങ്ങിൻെറ കൃതികളിൽ ടോ അഥവാ മനസ്സ് അല്ലെങ്കിൽ പ്രകൃതി: എന്നതിനേയാണ് പരമാത്മാവാ യി വ്യവഹരിക്കുന്നത്. സങ്കാലത്തെ മൂന്നാമത്തെ വലിയ ദാശനികനായിരുന്ന ചാങ്ങ്സായ് അതു് അന്ത രീക്ഷമാണെന്നു വിശ്വസിച്ചു. നിരാകാരമാണെങ്കിലും പ്രസ്തുത അന്തരീക്ഷമാണ് ആകാരമുള്ള എല്ലാ വസ്തുക്ക ളേയും രൂപപ്പെടുത്തുന്നതെന്നു് ചാങ്ങ് പ്രഖ്യാപിച്ചു. അന്തരീക്ഷത്തിന്നു സംഘടിപ്പാനും വിഘടിപ്പാനുമുള്ള ശക്തിയുണ്ടു്. അതു് സംഘടിക്കുമ്പോൾ ഓരോ വസ്തുവി ന്നും രൂപം ലഭിക്കുന്നു. അങ്ങിനെ അതു ദൃശ്യമായിത്തീ രുന്നു. എന്നാൽ വിഘടിക്കുമ്പോൾ അതു് ആകാരരഹി തമായിത്തീരുകയും ശൂന്യമാവുകയും ചെയ്യുന്നു. അനന്ത മായ പ്രസ്തുത സംഘടനയിൽനിന്നും വിഘടനയിൽനി ന്നുമാണ് എണ്ണമററ വസ്തുക്കൾ ഉൽഭവിക്കുന്നതും നശി ച്ചുപോകുന്നതും.”

“സംഘടിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ അതു് താല്ക്കാലികമാണെന്നു് ആക്കാണ് പറയുവാൻ സാധിക്കു ക? ചാങ്ങ് ചോദിക്കുകയാണ്. “എന്നാൽ വിഘടനയെ കാണുമ്പോൾ അതു് രിക്തമാണെന്നു് പെട്ടെന്നു് അഭി പ്രായപ്പെടുന്നതു് ശരിയായിരിക്കുമോ? അതിനാൽ പ്രതി ഭാസങ്ങളെപ്പററി സൂക്ഷ്മമായി മനസ്സിലാക്കിയതിനുശേ ഷമെ ഒരു ഋഷി തൻെറ അഭിപ്രായം പറയുകയുള്ളൂ. അ ദ്ദേഹത്തിന്നു് വളച്ച്യുടേയും പതനത്തിൻേറയും കാരണ മറിയാം. എന്നാൽ അസ്തിത്വത്തിൻേറയും നാസ്തിത്വ ത്തിൻേറയും കാരണമറിഞ്ഞുകൂടാ.”

അന്തരീക്ഷത്തിന്നു് രണ്ടു പ്രകൃതികൾ ഉണ്ടു്. സ്ത്രീത്വത്തേയും പുംസ്ത്വത്തേയും അതു് ഉൾക്കൊള്ളുന്നു. ഉത്ഥാനപതനങ്ങളോടുകൂടി അവ നിലകൊള്ളുന്നു. അതിന്നു് നിശ്ചിതമായ ചില നിയമങ്ങളുമുണ്ടു്. ഈ രണ്ടു ശക്തികളുടെ പ്രവർത്തനംനിമിത്തം അന്തരീക്ഷത്തിന്നു് സദാ കർമ്മോന്മുഖമായിരിക്കേണ്ടിവരുന്നു. അതിന്നു് ഒരിക്കലും രിക്തതയിൽ കഴിച്ചുകൂട്ടേണ്ടിവരുന്നില്ല. തന്നിമിത്തം നിരവധി മാർഗ്ഗങ്ങളിലൂടെ അതിൻെറ സംഘടനയും വിഘടനവും നടന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും വസ്തുക്കളുടെ രൂപപ്പെടലിന്നു് നിശ്ചിതമായ ഒരു ക്രമവും ആകാരത്തിന്നു് നിശ്ചിതമായ ഒരു നിയമവും ഉണ്ടായിരിക്കുന്നതാണു്. സാർവ്വലൌകികമായ ഈ ക്രമത്തെപ്പററി ചാങ്ങ്സായ് അധികമൊന്നും വിവരിക്കുന്നില്ലെങ്കിലും അനന്തരകാലത്തുണ്ടായ ദാർശനികന്മാർ അതിനെ ആദ്ധ്യാത്മിക നിയമം എന്നുവിളിച്ചു.

ചാങ്ങ്സായിയുടെ മൌലികസിദ്ധാന്തങ്ങളാണു് മേല്പറഞ്ഞവ. ഇനി ഇതിനെല്ലാററിന്നും ഉപരിയായി മനുഷ്യനും സ്വർഗ്ഗവും തമ്മിൽ ഐക്യത്തിലാണു് വർത്തിക്കുന്നതെന്നു് അദ്ദേഹം പറയുന്നു. അന്തരീക്ഷം എല്ലാവസ്തുക്കളുടേയും സൃഷ്ടിക്കു് കാരണഭൂതമായി വർത്തിക്കുന്നതാണെന്നു് മുൻപു് പ്രസ്താവിച്ചുവല്ലോ. മനുഷ്യനും സ്വർഗ്ഗവും ഭൂമിയും വിവിധജീവജാലങ്ങളും അതിൽനിന്നുണ്ടാകുന്നു. അതിനാൽ മനുഷ്യർതമ്മിൽ മാത്രമല്ല മററുജീവികളും മനുഷ്യരും തമ്മിലും പല സാദൃശ്യങ്ങളും കാണുവാൻ കഴിയും. പ്രധാനമായി, നമ്മുടെ ശരീരം വിശ്വത്തിൻെറ

ശരീരമാകുന്നു. പ്രകൃതി വിശ്വപ്രകൃതിയാകുന്നു. അല്ലെങ്കിൽ ചാങ്ങ്സായ് പറയുന്നതുപോലെ, "ഭൂമിയും സ്വർഗ്ഗവും എൻെറ ശരീരത്തിൻെറ അംശമാണ്. ഭൂമിയുടേയും സ്വർഗ്ഗത്തിൻേറയും നിയന്താവാണ് എൻെറ പ്രകൃതി." അതിനാൽ "ഈ ലോകത്തിൽ കാണുന്ന സർവ്വവസ്തുക്കളോടും എനിക്കു സാഹോദര്യബന്ധമുണ്ട്. എല്ലാ പ്രകൃതികളും എൻെറ പ്രകൃതിയും ഒരേ മൂലവസ്തുവിൽനിന്നുത്ഭവിച്ചതാകുന്നു." സഹോദരന്മാരോട് വാത്സല്യമുള്ളത് രക്തബന്ധമുള്ളതുകൊണ്ടാണ്. അപ്രകാരംതന്നെ എല്ലാമനുഷ്യരും നമ്മുടെ സഹോദരന്മാരാണ്. രോഗിയും അനാഥനും ദരിദ്രനും എല്ലാംതന്നെ. ഈ സിദ്ധാന്തത്തേയാണ് മോട്ടി സ്വീകരിച്ചത്. ചാങ്ങ്സായ് ആത്മീയതത്വങ്ങളുടെ പഠനത്തിൽനിന്നു് ആവിഷ്കരിച്ച സിദ്ധാന്തമായിരുന്നു ഇത്. 'പാശ്ചാത്യശിലാലേഖനം' എന്ന തൻെറ സുപ്രസിദ്ധമായ ഗ്രന്ഥത്തിൽ അദ്ദേഹം ഇതിനെ വിവരിച്ചിരിക്കുന്നു.

## ബാഹ്യസത്തയും ആന്തരികസത്തയും

ചൌ, ഷാവോ, ചാങ്ങ് എന്നീ മൂന്നു മഹാരഥന്മാരുടെ കാലടിപ്പാടുകളെ പിൻതുടൎന്നുവന്നവരായിരുന്നു ചെങ്ങ് സഹോദരന്മാർ. അവർ നവീനജ്ഞ ദൎശനത്തെ സുവ്യവസ്ഥിതമാക്കിത്തീൎത്തു. പ്രസ്തുത രണ്ടു സഹോദരന്മാരും സങ്ങ് പ്രസ്ഥാനത്തിൽപ്പെട്ട ദാൎശനികന്മാരായിരുന്നു എന്നുള്ളതാണ് കൂടുതൽ രസകരമായിത്തോന്നുന്നത്. ചൌട്ടുനിയുടെ ശിഷ്യന്മാരും ചാങ്ങ്സായിയുടെ മരുമക്ക

ളുമായിരുന്നു അവർ. മാത്രമല്ല ഷാചോവിന്റെ കുടീരം അവർ ഇടയ്ക്കിടെ സന്ദർശിക്കാറുണ്ടായിരുന്നു. അവർ പ്രത്യേകിച്ചും ചെങ്ങ്ഇ നവീന ജ്ഞ ദശ്നത്തിന്റെ അന്തിമാചാര്യനായ ചൂസിയുടെ ആരാദ്ധ്യപുരുഷനായിരുന്നു.

ചെങ്ങ് സഹോദരന്മാരുടെ പേരുകൾ ഒന്നിച്ചു പറയാറുണ്ടെങ്കിലും അവരുടെ സ്വഭാവങ്ങൾക്കും ജീവിതരീതികൾക്കും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നു. മൂത്തസഹോദരനായ ഹാവോ ഔദ്യോഗികമായ ആർഭാടത്തോടുകൂടിയ ഒരു ജീവിതം നയിച്ചുവന്നു. അനുജനായ ഇ ആകട്ടെ ഏകാന്തപ്രിയനും പുസ്തകപാരായണത്തിൽ തല്പരനും ആയിരുന്നു. അദ്ദേഹം ഒരു ന്യായാധിപനായിട്ടാണു് ജീവിച്ചിരുന്നതു്. എങ്കിലും ഒരു പണ്ഡിതനെന്ന നിലയ്ക്കു് അദ്ദേഹത്തിന്റെ പ്രശസ്തി നാടെങ്ങും പരക്കുകയുണ്ടായി. അങ്ങിനെ ഒരിക്കൽ അദ്ദേഹത്തെ ഒരു രാജകുമാരന്റെ ഉപദേഷ്ടാവായി നിശ്ചയിച്ചു. ഇ യുടെ ദീർഘമായ ജീവിതം ഔദ്യോഗികകാര്യങ്ങളിലെന്നപോലെ തത്വശാസ്ത്രത്തിന്റെ കാര്യത്തിലും ഒരു വമ്പിച്ച വിജയമായിരുന്നു. ചെങ്ങ്സഹോദരന്മാരുടെ ബുദ്ധിപരമായ സമീപനങ്ങൾക്കും അഭിപ്രായങ്ങൾക്കും തമ്മിൽ വളരെ അന്തരമുണ്ടായിരുന്നതായി കാണുന്നു. നവീന ജ്ഞ ദർശനത്തിൽ രണ്ടു വിഭിന്നചിന്താഗതികളെ അവർ വളർത്തിക്കൊണ്ടു വന്നു. ദ്വൈതവാദമായ നിയമപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു് ചെങ്ങ്ഇ ആയിരുന്നു. അദ്വൈതസിദ്ധാന്തമായ മനഃപ്രസ്ഥാനത്തിന്റെ സ്ഥാപകൻ ചെങ്ങ് ഹാവോ ആയിരുന്നു.

ചെങ്ങ്സഹോദരന്മാർ നവീനദർശനത്തിന്നു നല്കിയ ഏററവും വലിയ സംഭാവന നിയമത്തിനുള്ള പ്രാധാന്യത്തെ അതിൽ ഉൾക്കൊള്ളിച്ചതായിരുന്നു. പ്രസ്തുത പദം മുമ്പുണ്ടായിരുന്ന എഴുത്തുകാർ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ടായിരുന്നുവെങ്കിലും പിന്നീടുണ്ടായ ചിന്തകന്മാരുടെ ശ്രദ്ധയെ അങ്ങോട്ടാകർഷിച്ചതു് ചെങ്ങ്സഹോദരന്മാരായിരുന്നു. ചെങ്ങ് ഇ യുടെ അഭിപ്രായത്തിൽ അന്തരീക്ഷത്തിൽനിന്നു് വിഭിന്നമായ അമൂർത്തവും ജാഗതവുമായ ഒരു തത്വമാണു് നിയമം. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ സചേതനമോ അചേതനമോ ആയ എല്ലാവസ്തുക്കളിലും ഒരു മൂലവസ്തു കുടികൊള്ളുന്നതുപോലെ ഒരു നിയാമകതത്വവും സ്ഥിതിചെയ്യുന്നുണ്ടു്. അതാണു് പ്രസ്തുത വസ്തുവിൻെറ അസ്തിത്വത്തിന്നു് നിദാനമയിട്ടുള്ളതു്. പ്രസ്തുത നിയമം സാർവ്വലൌകികവും സർവ്വവ്യാപിയുമായിട്ടുള്ളതാണു്. അതിനാൽ ഭൌതികപദാർത്ഥങ്ങളുടെ മൂലസത്തയായ അന്തരീക്ഷം പരിവർത്തനത്തിനോ നാശത്തിനോ വിധേയമായിത്തീരുമ്പോൾ അതിനു കാരണമായിത്തീരുന്ന പ്രസ്തുത നിയമം അപരിവർത്തിതവും അവിനാശിയുമായി നിലകൊള്ളുന്നു. അതായതു് അന്തരീക്ഷം ബാഹ്യസത്തയായും കാലദേശങ്ങൾക്കതീതമായി വർത്തിക്കുന്ന നിയമം ആന്തരികസത്തയായും നിലകൊള്ളുന്നു.

ഇതുവരെ രണ്ടു സഹോദരന്മാരുംതമ്മിൽ അഭിപ്രായവ്യത്യാസംകൂടാതെ മുന്നോട്ടുപോകുന്നുണ്ടു്. എന്നാൽ പരിണാമപുരാണത്തിൻെറ അനുബന്ധത്തിൽചേർത്ത ഒരു ഖണ്ഡികയെക്കുറിച്ചാണു് അവർതമ്മിൽ ഭിന്നാഭിപ്രായ

ങ്ങൾ ഉണ്ടാവുന്നതു്. അതിൽ ഇങ്ങിനെ പറയുന്നു:—"ആന്തരികസത്തയെന്നു പറയപ്പെടുന്നതു് നിയമവും ബാഹ്യസത്തയെന്നു പറയപ്പെടുന്നതു് ഉപകരണവുമാണു്." നിയമവും ഉപകരണവും തമ്മിൽ വ്യക്തമായ വ്യത്യാസം കാണുന്നതുകൊണ്ടു് അവരണ്ടും ഒന്നായിരിക്കുക സാദ്ധ്യമല്ല എന്നാണു് ചെങ്ങ് ഇ പറയുന്നതു്. എന്നാൽ ചെങ്ങ് ഹാവോ നേരേമറിച്ചാണു് അഭിപ്രായപ്പെടുന്നതു്. ഒന്നാമതായി അദ്ദേഹം നിയമത്തെ നിശ്ചിതമായ ഒരു ക്രമമായിട്ടല്ല കാണുന്നതു്. പ്രാകൃതികമായ ഒരു ഭാവവിശേഷമായിട്ടാണു്. അതിനാൽ അദ്ദേഹം എഴുതുന്നു:—"വിവിധപദാൎത്ഥങ്ങൾക്കും അവയുടേതായ നിയമങ്ങൾ ഉണ്ടു്. അതിനെ പിൻതുടരുക. എന്നാൽ നിങ്ങൾ ആഗ്രഹിക്കുന്നതു് എളുപ്പത്തിൽ ലഭിക്കും. അതിനെ എതിൎക്കുകയാണെങ്കിൽ നിങ്ങൾ വിഷമത്തിൽ അകപ്പെടുകയും ചെയ്യും." അദ്ദേഹം വീണ്ടും പറയുന്നു:—"ഉപകരണമാണു് നിയമം. നിയമം ഉപകരണവും. നിയമത്തെ കണ്ടുപിടിക്കുക എന്നുള്ളതാണു് പ്രധാനമായിട്ടുള്ളതു്. അതു് എപ്പോഴെന്നോ ആരെന്നോ ഉള്ള ചോദ്യം ഉൽഭവിക്കുന്നില്ല." നിയമവും ഉപകരണവും ഒന്നാണെന്നു വാദിച്ചുവന്നതുകൊണ്ടാണു് സങ്ങ്പ്രസ്ഥാനത്തിലെ അദ്വൈതവാദിയായി ഹാവോവിനെ കണക്കാക്കുന്നതു്. സങ്ങ്പ്രസ്ഥാനത്തിൻെറ പ്രധാന ചിന്താഗതിയെ പ്രതിനിധീകരിച്ചിരുന്നതു് അദ്ദേഹത്തിൻെറ അനുജനായ ചെങ്ങ് ഇ ആയിരുന്നു. അദ്ദേഹത്തെയാണു് പിന്നീടു് ചൂസി പിൻതുടൎന്നതു്.

## മഹത്തായ ഒരു സമന്വയം

ചെങ്ങ്സഹോദരന്മാക്ക് 100 കൊല്ലങ്ങൾക്കുശേഷമാണ് ചൂസി ജീവിച്ചത്. തന്നിമിത്തം തന്റെ പൂർവ്വീകന്മാരുടെ നേട്ടങ്ങളെയെല്ലാം വേണ്ടതുപോലെ ഉപയോഗിപ്പാൻ അദ്ദേഹത്തിന്നു് അവസരം ലഭിച്ചു. അവരുടെ സിദ്ധാന്തങ്ങളെ കുറേക്കൂടി സുവ്യക്തമായ ഒരു തലത്തിൽ വെച്ചുകൊണ്ടു് പരിശോധിപ്പാൻ അദ്ദേഹത്തിന്നു കഴിഞ്ഞു. മഹാനായ ഒരു പരിഷ്ക്കത്താവും പണ്ഡിതനുമായിരുന്ന ചൂസി പുരാതന ഋ സിദ്ധാന്തങ്ങളെ ചൌട്ടുനിയുടെ സൃഷ്ടിനിയമമീമാംസയും ഷാവോവിന്റെ സംഖ്യാസിദ്ധാന്തവും ചാങ്ങ്സായിയുടെ പദാത്ഥവിജ്ഞാനീയവും ചെങ്ങ്സഹോദരന്മാരുടെ നിയമശാസ്ത്രവും ആയി സമന്വയംചെയ്തു. തന്നിമിത്തം അദ്ദേഹത്തിന്റെ കാലത്തു് നവീന ജു ദശ്നം പരമമായ വികാസത്തെ പ്രാപിക്കുകയും ചെയ്തു.

ഭംഗിയുള്ള ശൈലിയോടും ആകഷ്ണീയമായ പദപ്രയോഗത്തോടുംകൂടി എഴുതുവാൻ സാധിച്ചിരുന്ന ഒരാളായിരുന്നു ചൂസി. അദ്ദേഹത്തിന്റെ മുഴുവൻ കൃതികൾ 62 വാല്യങ്ങൾ ഉണ്ടെന്നു പറയപ്പെടുന്നു. പുരാണങ്ങൾ, ചരിത്രം, തത്വശാസ്ത്രം, സാഹിത്യം എന്നിങ്ങിനെ സവ്വതും അതിൽ ഉൾപ്പെട്ടും. പുരാണങ്ങളുടെ രംഗത്തിൽ അദ്ദേഹത്തിന്നു മഹത്തായ ഒരു സ്ഥാനമുണ്ടെന്നതിന്നു സംശയമില്ല. പതിനാലാം നൂററാണ്ടുതൊട്ടു് സുമാർ 500 വഷങ്ങളോളംകാലം അദ്ദേഹത്തിന്റെ കങ്ങ്പുരാ

ണങ്ങൾക്കുള്ള വ്യാഖ്യാനങ്ങളും വിവരണങ്ങളും ഏററവും നല്ലവയായി ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരുന്നു. സിവിൽപരീക്ഷയ്ക്കു പഠിച്ചിരുന്ന എല്ലാ വിദ്യാർത്ഥികളും അവയായിരുന്നു പഠിച്ചിരുന്നതു്. കങ്ങ്പുരാണങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അനിതരസാധാരണമായ പാണ്ഡിത്യംമൂലം അദ്ദേഹത്തിൻെറ അഭിപ്രായങ്ങളുടെ വെളിച്ചത്തിലായിരുന്നു അവയെ പഠിച്ചിരുന്നതു്. അങ്ങിനെ കാലക്രമേണ ചൂ സിദ്ധാന്തങ്ങളും കങ്ങ്സിദ്ധാന്തങ്ങളും തമ്മിൽ താദാത്മ്യം പ്രാപിച്ചു.

മെങ്ങ്കോവിനും സുൻചിങ്ങിനും ശേഷം ചൈനീസ്ചിന്താഗതിയിൽ ഏററവുമധികം സ്വാധീനത ചെലുത്തിയ ആൾ ചൂസിയായിരുന്നു. അദ്ദേഹവും കൂട്ടുകാരുമാണു് പ്രമാണപത്രിക, മഹത്തായ വിദ്യ, മദ്ധ്യമാർഗ്ഗപ്രമാണം, മെങ്ങ് കൃതികൾ എന്നീ കങ്ങ്പ്രസ്ഥാനത്തിലെ നാലു മഹൽഗ്രന്ഥങ്ങൾക്കു പ്രശസ്തിയുണ്ടാക്കിക്കൊടുത്തതു്. അഞ്ചു പുരാണങ്ങൾക്കുശേഷം മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളാണു് ഇന്നും എണ്ണപ്പെടുന്നതു്. ഈ പൌരോഹിത്യത്തെ വ്യവസ്ഥപ്പെടുത്തുകയും മെങ്ങ്കോവിനു് രണ്ടാം ഋഷിയുടെ സ്ഥാനം നല്കുകയും മെങ്ങ്കോവിൻെറ എതിരാളിയായിരുന്ന സുൻചിങ്ങിനെ യാഥാസ്ഥിതിക പ്രസ്ഥാനത്തിൽനിന്നു് പുറംതള്ളുകയും ചെയ്തതു് അദ്ദേഹവും കൂട്ടുകാരുമായിരുന്നു. കങ്ങ്പ്രസ്ഥാനത്തിൻെറ രാഷ്ട്രീയവും നൈതികവുമായ സിദ്ധാന്തങ്ങൾക്കു് ആദ്ധ്യാത്മികമായ ഒരടിത്തറ പണിതുകൊടുത്തതും അദ്ദേഹവും അനുയായികളും ആയിരുന്നു.

ഒരു ദാൎശനികനെന്നനിലയിൽ, തന്റെ പൂൎവ്വിക ന്മാരുടെ സിദ്ധാന്തങ്ങളെ സമന്വയംചെയ്തു് സമ്പൂൎണ്ണ മായ ഒരു ചിന്താഗതിയെ ലൂസി ആവിഷ്കരിച്ചു. നൈ തികവും ആദ്ധ്യാത്മികവുമായ ചിന്താസമ്പ്രദായങ്ങൾ അതിൽ ഉൾക്കൊണ്ടിരുന്നു. വിശ്വത്തിൽ അന്തർലീന മായിക്കിടക്കുന്ന നിയമം, ആകാശം എന്നീ രണ്ടു ശക്തി കൾ ഉണ്ടെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. ചെങ്ങ്ഇയുടെ സിദ്ധാന്തങ്ങളുടെ ഒരാവൎത്തനമായിരുന്നു അതു്. പ്രകൃ തിയിൽ കാണുന്ന ഓരോ ഭൌതികപദാൎത്ഥത്തിലും, അ വ സചേതനമോ അചേതനമോ ആയിക്കൊള്ളട്ടെ, ഒരു നിയമക്രമം അന്തർലീനമായി കിടപ്പുണ്ടു്. അതാണു് പ്രസ്തുത പദാൎത്ഥത്തിന്നു് അസ്തിത്വം നല്കുന്നതു്. അതി ന്നു് ഒരു ഉപപ്രമേയമെന്നനിലയ്ക്കു് ചൂസി പറയുന്നതു് നിയമങ്ങളുടെ പ്രസ്തുതസമൂഹം അതിന്റേതായ ഒരു ലോ കത്തെ ആവിഷ്കരിക്കുകയും അങ്ങിനെ പരമാത്മാവി ന്റെ ഒരഭേദ്യഘടകമായി വൎത്തിക്കുകയും ചെയ്യുന്നു എ ന്നാണു്. അവസാനത്തേതായ ഇതാണു് എല്ലാ വസ്തുക്ക ളുടേയും അന്തിമമായ പൂൎണ്ണത. സ്വൎഗ്ഗത്തിന്റേയും മനു ഷ്യന്റേയും ഭൂമിയുടേയും വിശ്വവ്യാപിയായ നിയമവും അതാണു്. അതു് ആദ്ധ്യാത്മികലോകമാണു്, അഥവാ ആന്തരികസത്തയുടെ ലോകമാണു്. അദൃശ്യവും അവി ച്ഛിന്നവും അതീന്ദ്രിയവും എല്ലാററിനോടും ബന്ധപ്പെ ട്ടും സൎവ്വവ്യാപിയും ആയിരിക്കുന്നതും അതാകുന്നു. മറു വശത്തു് ഭൌതികലോകം സ്ഥിതിചെയ്യുന്നു. അല്ലെങ്കിൽ ബാഹ്യസത്തയുടെ ലോകം നിലകൊള്ളുന്നു. ദൃശ്യവും പ

രിച്ഛിന്നവും മൂൎത്തവും ആയ വിവിധവസ്തുക്കൾകൊണ്ടു നിറഞ്ഞ ലോകം! നിയമത്തിന്നു് കാരണഭൂതമായ ഇവ ആകാശത്തിൻെറ മൂൎത്തീകരണംകൊണ്ടു് ഉണ്ടായിട്ടുള്ള താകുന്നു. വിശ്വത്തിലെ സ്ത്രീത്വത്തിൻേറയും പുരുഷത്വത്തിൻേറയും നിരന്തരമായ പ്രതികരണംകൊണ്ടാണു് ആകാശത്തിന്നു് സ്ഥൂലരൂപം ലഭിക്കുന്നതു്. അതിനാൽ മനുഷ്യൻേറയും പദാൎത്ഥങ്ങളുടേയും ഉല്പത്തിസമയത്തു് അവ ഓരോന്നിൻെറയും സ്വാഭാവികത്വം നിലനില്ക്കുന്നതിന്നായി നിയമം അവയ്ക്കു ലഭിച്ചിട്ടുണ്ടായിരിക്കണമെന്നു് ചൂസി പറയുന്നു. സ്ഥൂലരൂപത്തെ നിലനിൎത്തുന്നതിന്നായി ആകാശവും സൃഷ്ടിയിൽ ഒരു പ്രധാനപങ്കു വഹിച്ചിട്ടുണ്ടായിരിക്കണം.

മററു വസ്തുക്കളെപ്പോലെ മനുഷ്യനും നിയമത്തിൻേറയും ആകാശത്തിൻേറയും ഒരു സങ്കലിതരൂപമാണു്. നിയമമെന്നതു് മനുഷ്യപ്രകൃതിയല്ലാതെ മറെറാന്നുമല്ല. എല്ലാ മനുഷ്യൎക്കും അതു് ഒരുപോലെയാണു്. എന്നാൽ അന്തരീക്ഷം വിവിധരൂപത്തിലും പ്രകാരത്തിലും മനുഷ്യനെ വിഭിന്നനാക്കിത്തീൎക്കുന്നു. ചൂസി ഒരു ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു:—“ആകാശത്തെ പ്രാപിക്കുന്ന ഒരാൾ ഒരു ഋഷിയായിത്തീരുമെന്നതിന്നു് രണ്ടുപക്ഷമില്ല. ശൈത്യവും സ്വച്ഛതയുമുള്ള വെള്ളത്തിൽ കിടക്കുന്ന പവിഴംപോലെയായിരിക്കും ആയാളുടെ പ്രകൃതി. എന്നാൽ കലുഷമായ ആകാശത്തെ പ്രാപിക്കുന്ന ഒരാൾ വിഡ്ഢിയും കൊള്ളരുതാത്തവനും ആയി ഭവിക്കും. ആയാളുടെ പ്രകൃതി ചളിവെള്ളത്തിൽ കിടക്കുന്ന പവിഴംപോലെയായി

രിക്കും.” അതിനാൽ മനുഷ്യപ്രകൃതിയാകുന്ന പവിഴത്തെ അതിന്റെ മൌലികസ്ഥാനത്ത് പ്രതിഷ്ഠിക്കലാണ് സ്വഭാവത്രുപവൽക്കരണം. അങ്ങിനെ നോക്കിയാൽ കൺഫ്യൂഷ്യസ്സിന്റെ ... 

പ്രസ്ഥാനത്തിന്റെ ധാർമ്മികതത്വങ്ങളിലായിരിക്കും നാം എത്തിച്ചേരുക.

ഈ പ്രശ്നത്തെ പരിഹരിക്കുന്നതിന്ന് നാം ഒന്നാമതായി ചെയ്യേണ്ടത് മനുഷ്യപ്രകൃതിയെ കലുഷിതമാക്കിത്തീർക്കുന്ന വസ്തുവെന്തെന്ന് കണ്ടുപിടിക്കുകയാണ്. ചൂസിയുടെ അഭിപ്രായം മനുഷ്യന്റെ ആഗ്രഹമാണ് അതെന്നാണ്. എല്ലാ തിന്മകൾക്കും മൂലസ്വരൂപമായി വർത്തിക്കുന്നത് അതാകുന്നു. ചൂസി പറയുന്നു:—“ഒരു മനുഷ്യൻ തന്റെ അധഃപതനത്തിന്നു കാരണം സ്വന്തം ആഗ്രഹങ്ങളാണെന്നു മനസ്സിലാക്കിയാൽപിന്നെ അവന്ന് യാതൊന്നും നേടേണ്ടതായിട്ടില്ല. മനുഷ്യന്റെ എല്ലാ കഴിവുകളേയും വിനിയോഗിക്കേണ്ടത് ഈ വിഷയത്തിലേയ്ക്കാണ്.”

ചെങ്ങ്ഇയെ പിൻതുടൎന്നുവന്ന ചൂസി മനുഷ്യപ്രകൃതിയാകുന്ന പവിഴത്തെ തേച്ചുമിനുക്കി അതിന്റെ പ്രഭാപൂരത്തെ നിലനിൎത്തുവാൻ ഒരാൾ രണ്ടുകാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ടെന്നു പറയുന്നു. ശ്രദ്ധാലുവായിരിക്കുകയും ജ്ഞാനാൎജ്ജനം ചെയ്യുകയുമാണത്. ആദ്യത്തെ പ്രവൃത്തി വളരെ എളുപ്പമുള്ളതാണ്. തേജോമയമായ ഒരാത്മചൈതന്യം നിലകൊള്ളുന്നുണ്ടെന്ന് സദാ വിചാരമുണ്ടായിക്കൊണ്ടിരുന്നാൽ മതി അതിന്ന്. മലിനമായ ആഗ്രഹങ്ങളെക്കൊണ്ട് അതിനെ മൂടാതിരിക്കുവാൻ പ്രത്യേ

കം ശ്രദ്ധിക്കേണ്ടതാണു്. രണ്ടാമത്തെ പ്രവൎത്തിയെ സ്വാധൂകരിക്കുവാൻ മഹത്തായ വിദ്യ എന്ന ഗ്രന്ഥത്തിൽനിന്നു് ഒരു ഖണ്ഡികയെ ഉദ്ധരിക്കുകയാണു് അദ്ദേഹം ചെയ്യുന്നതു്. അറിവിനെ വൎദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രമേ സ്വഭാവരൂപവൽക്കരണം സാധിക്കുകയുള്ളു എന്നതിൽ പറയുന്നു. വസ്തുക്കളേക്കുറിച്ചുള്ള സൂക്ഷ്മപഠനത്തിൽനിന്നാണു് അറിവു് ഉണ്ടായിത്തീരുന്നതു്. ഈ അഭിപ്രായത്തെ തന്റെ ആദ്ധ്യാത്മികസിദ്ധാന്തങ്ങളോടു് കൂട്ടിച്ചേൎത്ത ചൂസി പറയുന്നതു് പരിശുദ്ധമായ നിയമത്തെക്കുറിച്ചുള്ള അറിവാണു് യഥാൎത്ഥ അറിവു് എന്നാണു്. ബാഹ്യപ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളുടേയും കൎമ്മങ്ങളെ നിയന്ത്രിക്കുന്നതു് അതാണു്. ഈ അറിവു് സമ്പാദിക്കുവാൻ പററിയ ഏററവും ഉത്തമമായ മാൎഗ്ഗം ഓരോ വസ്തുവിലും ഉള്ള നിയമത്തെ പ്രത്യേകമായി പഠിക്കുവാൻ ശ്രമിക്കുകയാണു്. അങ്ങിനെ ചെയ്യുമ്പോൾ ചില അവസരങ്ങളിൽ നാം അന്ധകാരത്തിൽപ്പെട്ടുപോകുമെങ്കിലും ഉടൻതന്നെ വെളിച്ചം ലഭിക്കുന്നതായിരിക്കും.

അങ്ങിനെ ഒരു നൂററാണ്ടുകാലത്തിലധികം നടന്ന ബൌദ്ധികപ്രവൎത്തനങ്ങൾമൂലം ചൈനീസ്ജീവിതത്തെ അത്യധികം സ്വാധീനിച്ച സമ്പൂൎണ്ണമായ ഒരു ചിന്താഗതി ഉടലെടുത്തതായി നമ്മൾ കാണുന്നു. ചൂസി വിതയ്ക്കുവാനല്ല, പ്രത്യുത കൊയ്യുവാനാണു് കൂടുതൽ ഇഷ്ടപ്പെട്ടതു്. തത്വശാസ്ത്രത്തിന്റെ വയലിൽ ഉണ്ടായ സമ്പന്നമായ വിള കൊയ്യുവാനുള്ള സമയം അടുത്തപ്പോൾ അദ്ദേഹം അതു കൊയ്തെടുത്തു. മാനസികമായി കഠിനപ്രയ

ത്താംചെയ്തു് പൂർവ്വികന്മാർ ഉണ്ടാക്കിവെച്ച വിളയായിരുന്നു അതു്. കങ്ങ്പ്രസ്ഥാനത്തിൻെറ ഒരു തുടച്ചയെന്നോണം ഒരു നവീനതത്വശാസ്ത്രത്തെ പ്രചരിപ്പിക്കുക എന്ന സംഘടനാപരമായ ഒരു കൃത്യമാണു് ചൂസിക്കു ചെയ്യേണ്ടിയിരുന്നതു്. അദ്ദേഹം ആ പ്രവൃത്തിയിൽ വിജയിക്കുകയും ചെയ്തു. മാത്രമല്ല അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ എല്ലാവരും അധികൃതമായി അംഗീകരിക്കുകയും അനുവർത്തിക്കുകയും ചെയ്തുവന്നു.

ചൂസിയുടേയും അനുയായികളുടേയും അസാധാരണമായ സ്വാധീനതയെക്കുറിച്ചുകൂടി രണ്ടുവാക്കുപറഞ്ഞു് ഇതവസാനിപ്പിക്കാം. ജ്ഞദശ്നസിദ്ധാന്തങ്ങൾക്കു് നിശ്ചലത്വവും ഗതാനുഗതികത്വവും വന്നുചേന്നിരുന്ന ആപൽക്കരമായ ഒരു ഘട്ടത്തിലാണു് ചൂസിയും അനുയായികളും അതിനൊരു നവജീവനെ പ്രദാനംചെയ്തതു്. തന്നിമിത്തം സങ്ങ്കാലത്തു് ടോ ദശ്നത്തിന്നു് ഒരു നവോത്ഥാനമുണ്ടായി. രണ്ടാമതായി ടോ ദശ്നത്തിലേയും ബുദ്ധമതത്തിലേയും ഏററവും നല്ല തത്വങ്ങളെ ഉൾക്കൊള്ളിച്ച നവീനദശ്നം അതിൻെറ എതിപ്പുകളെയെല്ലാം അതിജീവിച്ചു. അങ്ങിനെ എതിരാളികളെ പിന്നീടൊരിക്കലും തലപൊക്കുവാൻ അനുവദിച്ചിട്ടില്ല. മൂന്നാമതായി യുക്തിവാദത്തിൻെറ അടിത്തറയിൽ കെട്ടിപ്പൊക്കിയ നവീന ജ്ഞദശ്നത്തിൽനിന്നു് കങ്ങ് പ്രസ്ഥാനത്തിൽ നിലകൊണ്ടിരുന്ന ചില ധാമ്മികച്ചടങ്ങുകൾകൂടി തിരോഭവിച്ചപ്പോൾ അതിന്നു് കൂടുതൽ സുദൃഢത ലഭിച്ചു. നവീന ജ്ഞയുക്തിവാദികൾ കങ്ങ്ച്ച്യൂവിന്നു് ഈശ്വരത്വം കല്പിക്കു

ന്നതിന്നും കങ്ങ്പ്രസ്ഥാനത്തെ ഒരു മതമാക്കിത്തീക്കുന്നതിന്നുംവേണ്ടിയുള്ള പരിശ്രമത്തെ ശക്തിയായി എതിത്തു. ഹാൻകാലത്തും ടാങ്ങ്കാലത്തും പ്രകടമായിരുന്ന ഒരു മനോഭാവമായിരുന്നു ഇതെന്നു് നാം മുമ്പു കണ്ടിട്ടുണ്ടല്ലോ. ഒടുവിലായി കങ്ങ്സിദ്ധാന്തങ്ങളെ മാനുഷീകരിക്കുവാൻവേണ്ടി നടന്ന പ്രസ്തുത പ്രയത്നം സ്വർഗ്ഗത്തേയും സ്വർഗ്ഗാധീശനേയുംകുറിച്ചുള്ള പുരാതനമായ അന്ധവിശ്വാസങ്ങളെ പാടെ വിപാടനംചെയ്യുന്നതിന്നും സമർത്ഥമായിത്തീന്നു. മതത്തെക്കുറിച്ചു് യാതൊരു വാദപ്രതിവാദത്തിലും ഏപ്പെടുവാൻ കൂട്ടാക്കാത്ത മാസ്റ്റർ കങ്ങിൻെറ ആദർശമനുസരിച്ചുള്ള ഒരു നിലപാടായിരുന്നു അതു്. പിന്നീടു് സൃഷ്ടിയുടെ വൈചിത്ര്യങ്ങൾ ആദ്ധ്യാത്മികമായി വ്യാഖ്യാനിക്കപ്പെട്ടു. അങ്ങിനെ മനുഷ്യനെ ഭരിക്കുവാൻ സവ്വശക്തനായ ഒരു ദൈവത്തിൻെറ ആവശ്യം ഇല്ലാതായിത്തീന്നു. അന്നത്തെ ചൈനീസ് ബുദ്ധിജീവികളുടെ മനോഭാവമായിരുന്നു ഇതു്. അവർ മാസ്റ്റർ കങ്ങിനെപ്പോലെ ഈശ്വരത്വമുള്ളവരായി ജീവിക്കുവാൻ ഇഷ്ടപ്പെട്ടില്ല. ജനങ്ങളുടെ അന്ധവിശ്വാസങ്ങളെ അവർ എതിക്കുകയും ചെയ്തു. അപ്രകാരം ചൈനീസ് പണ്ഡിതന്മാർ മതത്തോടും ഈശ്വരനോടും വൈമുഖ്യം പ്രദശിപ്പിച്ചുവന്നു. ഇന്നും അവർ പ്രസ്തുത നവീന ജ്ഞ ദശനത്തിൻെറ പാരമ്പയ്യമനുസരിച്ചു് നിരീശ്വരവാദികളായി ജീവിക്കുകയാണു്.

# പതിനൊന്നാം അദ്ധ്യായം

## തത്വശാസ്ത്രപരമായ ഒരു വാദപ്രതിവാദം

വടക്കൻ ക്യാങ്ങ്സിയിൽ ശ്രൂസ്ലെയിക്ക് പർവ്വതത്തിൻെറ ശിഖരത്തിൽ ഒരു ബുദ്ധവിഹാരമുണ്ട്. അവിടെവെച്ച് നവീനജ്ഞ ദർശനത്തിൻെറ രണ്ടു ശാഖകളിലെ നേതാക്കന്മാർ തമ്മിൽ ചരിത്രപ്രസിദ്ധമായ ഒരു വാദപ്രതിവാദം നടക്കുകയുണ്ടായി. 1175-ൽ വേനൽക്കാലത്താണ് അതു നടന്നതു്. ലൂചൃലിങ്ങ്, ലൂചൃയാൻ എന്നീ രണ്ടു സഹോദരന്മാരും ചൂസിയുമായിട്ടായിരുന്നു ഏററുമുട്ടിയതു്. ലൂ സഹോദരന്മാർ പ്രകാണ്ഡപണ്ഡിതന്മാരായിരുന്നു. രണ്ടുപേരും മന:പ്രസ്ഥാനക്കാരായ അദ്വൈതവാദികളായിരുന്നു. ലൂസൂചീൻ എന്ന ഒരാളാണ് പ്രസ്തുത യോഗം വിളിച്ചുകൂട്ടിയതു്. അദ്ദേഹം ചൂസിയെ കണ്ടു് സംസാരിക്കുകയും ശ്രൂസ്ലെയിക്ക് വിഹാരത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. അവിടെവെച്ചാണ് ലൂ സഹോദരന്മാരെ കണ്ടതു്. ലൂ സഹോദരന്മാരും ചൂസിയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെന്നു് ലൂസൂചീനിന്നു് അറിയാമായിരുന്നു. അതിനാൽ അവർതമ്മിൽ ഒരൊത്തുതീർപ്പ് സാധിക്കുന്നതിന്നുവേണ്ടിയായിരുന്നു അദ്ദേഹം യോഗം വിളിച്ചുകൂട്ടിയതു്.

മഹത്തായ ഒരു അവസരമായിരുന്നു അതു്. ചൂസി അതുല്യപ്രശസ്തിയോടുകൂടി വാഴുകയാണ്. അദ്ദേഹത്തി

ൻെറ എതിരാളികളായ ലൂ സഹോദരന്മാർ, പ്രത്യേകിച്ചും സ്യാങ്ങ്ഷാൻ (ലൂചുയുവാൻ) നിരങ്കുശനായ ഒരു യുവപണ്ഡിതനായിരുന്നു. യോഗാരംഭം സുഖകരമായ ഒന്നായിരുന്നില്ല. ലൂസൂചീൻ ലൂവിൻെറ കവിതയെപ്പററി അഭിപ്രായമാരാഞ്ഞതു് ഏററവും വിനയപൂർവ്വമായിരുന്നു. ജ്യേഷ്ഠനായ ലൂ അതിലെ ചില വരികൾ ചൊല്ലി. ആദ്യത്തെ നാലുവരികൾക്കുശേഷം പുരാതനഋഷികൾ മനസ്സിനെ മാത്രമാണു് സർവ്വപ്രധാനമായി അംഗീകരിച്ചിട്ടുള്ളതെന്നു് സമർത്ഥിക്കുന്ന വരികൾ ചൊല്ലിക്കേൾപ്പിച്ചു. ചൂസി ലൂസൂചീനിൻെറ മുഖത്തേക്കു നോക്കിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു:—"ലൂചുയുലിങ്ങ് അദ്ദേഹത്തിൻെറ സഹോദരൻെറ തോണിയിൽത്തന്നേയാണു് സഞ്ചരിക്കുന്നതു് എന്നു വ്യക്തമായി." ഉടൻതന്നെ അനുജനായ സ്യാങ്ങ്ഷാൻ താൻ ഒരു കവിത രചിച്ചിട്ടുണ്ടെന്നും ഗൂസ്ലെയിക്കിലേയ്ക്കു വരുന്നവഴിക്കാണു് അതു രചിച്ചതെന്നും പറഞ്ഞു. പിന്നീടദ്ദേഹം അതിലെ ചില വരികൾ ചൊല്ലുവാൻ തുടങ്ങി. അതിൻെറ ആശയം ഇപ്രകാരമായിരുന്നു:— "സരളവും സുഗമവുമായ പ്രവർത്തനം ശാശ്വതവും മഹത്തരവുമായി നിലകൊള്ളുന്നു. എന്നാൽ ഖണ്ഡശമായി തുടങ്ങിവെയ്ക്കുന്ന പ്രവർത്തികൾ അവസാനത്തിൽ മുങ്ങിപ്പോകുകയോ പാറിക്കളിക്കുകയോ മാത്രമെ ചെയ്യുന്നുള്ളു."

തന്നെക്കുറിച്ചുള്ള ഈ വിമർശനം കേട്ടപ്പോൾ ചൂസിയുടെ ഭാവം പകർന്നു. അങ്ങിനെ പ്രസ്തുത ദാർശനികന്മാർ തമ്മിൽ തീരെ അസുഖകരമായ ഒരു പരിചയപ്പെടലാണു് ആദ്യമായി ഉണ്ടായതു്.

പിറേറദിവസം യോഗം ആരംഭിച്ചപ്പോഠം ചൂസിയും ലൃ സഹോദരന്മാരും അവരവരുടെ അടിസ്ഥാനപ്രമാണങ്ങളെ സമത്ഥിക്കുന്ന നിരവധി ഉദ്ധരണികഠം അവതരിപ്പിച്ചു. ചൂസിയുടെ അഭിപ്രായങ്ങളെ എല്ലാം ലൃ സഹോദരന്മാർ ഖണ്ഡിച്ചു. അങ്ങിനെ അവരുടെ നിലപാടിൽനിന്നു് അണുപോലും ഇളകുവാൻ അവർ തെയ്യാറായില്ല. അങ്ങിനെ പ്രസ്തുത പ്രകാണ്ഡപണ്ഡിതന്മാർതമ്മിൽ നാവുകൊണ്ടു് ശക്തിയായ ഒരു സമരംതന്നെ നടന്നു. പ്രസ്തുത വാദപ്രതിവാദം അന്യോന്യമുള്ള പരിഹാസങ്ങഠം മാത്രമായിരുന്നില്ല. തത്വശാസ്ത്രത്തിൻെറ മൌലികസിദ്ധാന്തങ്ങളെക്കുറിച്ചുള്ള ഒരു ചച്ചയുംകൂടിയായിരുന്നു അതു്. രണ്ടുഭാഗക്കാരും തോൽവി സമ്മതിച്ചില്ല. ആക്കും വിജയം വരിപ്പാനും കഴിഞ്ഞില്ല. അങ്ങിനെ ആ വാക്സമരം അവസാനിക്കാത്തതായി കാണപ്പെട്ടു. കുറേ അധികം ശ്രോതാക്കളും അല്പം ചില പണ്ഡിതന്മാരും അവിടെ ഹാജരുണ്ടായിരുന്നു. എന്നാൽ വാദപ്രതിവാദത്തെ നിയന്ത്രിക്കുവാൻ ആരുമില്ലാതിരുന്നതുകൊണ്ടു് വിഷയത്തിൽനിന്നു് വ്യതിചലനം സംഭവിച്ചുകൊണ്ടിരുന്നു. വാദം ഒരുവിധം അവസാനിച്ചപ്പോഠം എതിരാളികളായ ദാർശനികന്മാർ സ്നേഹിതന്മാരായി പിരിഞ്ഞുപോയി. പക്ഷേ അവരുടെ അഭിപ്രായങ്ങഠം ഒരിക്കലും യോജിക്കുകയുണ്ടായില്ല.

അവരുടെ ദർശനങ്ങഠംക്കുതമ്മിൽ അടിസ്ഥാനപരമായ ഭിന്നതയുണ്ടായിരുന്നതുകൊണ്ടു് ഒരു ഒത്തുതീപ്പ്ു് സാദ്ധ്യമായിരുന്നില്ല. ലൃ സഹോദരന്മാർ ഏകലോകത്തി

ലാണു് വിശ്വസിച്ചിരുന്നതു്. ചൂസിയാകട്ടെ രണ്ടുലോകങ്ങളിലും. അതിനും പുറമെ ലൂ സഹോദരന്മാരുടെ ലോകം മൌലികമായ മനസ്സായിരുന്നു. 'വിശ്വം എന്റെ മനസ്സാണു്, എന്റെമനസ്സു് വിശ്വവുമാണു്" എന്നതാണു് അവരുടെ മുദ്രാവാക്യം. ധാർമ്മികമായ പരിപൂർണ്ണത്വം ലഭിക്കുന്നതിന്നു് മാനസികപ്രവർത്തനം മാത്രമാണു് ഏകമാർഗ്ഗം. മനസ്സു് എല്ലാ ഇന്ദ്രിയങ്ങളിലുംവെച്ചു് ശ്രേഷ്ഠതരമായതാകുന്നു. മനുഷ്യന്റെ മനസ്സു് അടിസ്ഥാനപരമായി നല്ലതായതുകൊണ്ടു് അതിന്റെ മൌലികത്വത്തെ നിലനിർത്തുവാൻ മനുഷ്യപ്രയത്നംകൊണ്ടു് സാധിക്കുമെന്നു് ചൂസിയെപ്പോലെ ലൂസിയാങ്ങ്ഷാനും വിശ്വസിച്ചിരുന്നു. എന്നാൽ മനസ്സിന്റെ മൌലികതയെ നിലനിർത്തേണ്ടതിന്നു് അംഗീകരിക്കേണ്ടതായ മാർഗ്ഗങ്ങളുടെ കാര്യത്തിൽ ചൂസിയുമായി അദ്ദേഹത്തിന്നു് അഭിപ്രായവ്യത്യാസമുണ്ടു്. ചൂസിയുടെ ഓരോ വസ്തുവേയും അപഗ്രഥിക്കുന്ന സിദ്ധാന്തത്തെ വിമർശിച്ചുകൊണ്ടു് അതു് ഖണ്ഡശമായ ഒരു പ്രവൃത്തിയാണെന്നു് അദ്ദേഹം സമർത്ഥിക്കുന്നു. അങ്ങിനെ ജ്ഞാനാർജ്ജനംചെയ്യുന്നതിന്നുള്ള കഠിനപ്രയത്നം തീരെ അപ്രായോഗികമാണു്. ഏകാഗ്രതകൊണ്ടു് മനസ്സിനെ നിയന്ത്രണാധീനമാക്കുന്ന ഏററവും സരളമായ ഒരു മാർഗ്ഗത്തെ സ്യാങ്ങ്ഷാൻ നിർദ്ദേശിച്ചിരിക്കുന്നു. ചിന്താശക്തിയും ബോധോദയവും അതിനെ പിൻതുടരുന്നു. ബുദ്ധമതത്തിലെ ചാൻ പ്രസ്ഥാനക്കാരുടെ ആശയമാണിതു്. ചാൻ പ്രസ്ഥാനക്കാരെപ്പോലെ ലൂസ്യാങ്ങ്ഷാൻ പുസ്തകജ്ഞാനത്തെ അധിക്ഷേപിച്ചു. പു

രാണജ്ഞാനത്തെപ്പോലും അദ്ദേഹം വെറുതെ വിട്ടില്ല. ഒരിക്കൽ ഒരാരം അറിവുനേടിക്കഴിഞ്ഞാൽപിന്നെ എല്ലാപുരാണങ്ങളും അതിൻെറ ഒരു ചെറിയ അംശമായി നിലകൊള്ളുന്നതാണു് എന്നദ്ദേഹം പ്രഖ്യാപിച്ചു. ഈ അഭിപ്രായം ചൂസിയിൽനിന്നു മാത്രമല്ല മാസ്റ്റർ കങ്ങിൽനിന്നുകൂടിയുള്ള ഒരു വമ്പിച്ച വിടവാങ്ങലായിരുന്നു. അതിനാൽ ലൂസ്യാങ്ങ്ഷാൻ ഒരു ചാൻപ്രസ്ഥാനക്കാരനായിരുന്നുവെന്നു് അദ്ദേഹത്തെ കുററപ്പെടുത്തിയതിൽ തെററില്ല. ഈ വിമർശനം വിദ്വേഷപരമാണെങ്കിലും ലൂസ്യാങ്ങ്ഷാൻ മറെറല്ലാപ്രസ്ഥാനത്തെക്കാളും കൂടുതലായി ആരാധിച്ചിരുന്നതു് ബുദ്ധസമ്പ്രദായത്തെ ആയിരുന്നുവെന്നതിന്നു് രണ്ടുപക്ഷമില്ല.

## ദിവ്യദർശനം

പന്ത്രണ്ടാം നൂററാണ്ടിനുശേഷം ചൂസിയുടേയും ലൂസഹോദരന്മാരുടേയും ദർശനങ്ങരം തമ്മിലുള്ള അഭിപ്രായഭിന്നതകരം കങ്ങ്പണ്ഡിതന്മാരെ സംബന്ധിച്ചേടത്തോളം ഗുരുതരമായ ഒരു പ്രശ്നമായിരുന്നു. ചൂസിയുടെ പുരാണങ്ങരംക്കുള്ള വ്യാഖ്യാനവും ആദ്ധ്യാത്മികനിഗമനങ്ങളും പൌരാണികസിദ്ധാന്തങ്ങളായി അംഗീകരിക്കപ്പെട്ടുകയും പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കപ്പെട്ടുകയും ചെയ്തിരുന്നു. എന്നാൽ ലൂസ്യാങ്ങ്ഷാൻെറ തത്വചിന്തകളും ഒരു വിഭാഗം പണ്ഡിതന്മാർ പഠിച്ചുവന്നു. അങ്ങിനെ വാങ്ങ് യാങ്ങ്മിങ്ങ് (1472-1529) എന്ന സുപ്രസിദ്ധനായ ഒരു ചിന്തകനുണ്ടായി. മിങ്ങ്ശാസനകാല

ത്തുണ്ടായ ഏററവും വലിയ പ്രതിഭാസമ്പന്നനായിരുന്നു അദ്ദേഹം. മനസ്സിന്റെ തത്വശാസ്ത്രം ഏററവും അധികം അഭിവൃദ്ധി പ്രാപിച്ചതു് അദ്ദേഹത്തിന്റെ കാലത്തായിരുന്നു. അങ്ങിനെ അതു ചൂസിയുടെ സിദ്ധാന്തങ്ങൾക്കു ശക്തിയായ ഒരു എതിരാളിയായി നിലകൊള്ളുകയും ചെയ്തു.

ചൂസിക്കുശേഷം ഉണ്ടായ ഏററവും മഹാനായ ഒരു ദാർശനികനായിരുന്നു വാങ്ങ്യാങ്ങ്മിങ്ങ്. അദ്ദേഹം ഒരു രാജതന്ത്രജ്ഞനും സേനാനായകനുംകൂടിയായിരുന്നു. ഒരു സൈനികോദ്യോഗസ്ഥനെന്ന നിലയിൽ അദ്ദേഹത്തിന്നു് ഏററവും പ്രശസ്തമായ വിജയമുണ്ടായതു് 1519-ൽ ആണു്. ചെൻഹോ രാജകുമാരൻ സിംഹാസനം കരസ്ഥമാക്കുവാൻവേണ്ടി ആരംഭിച്ച കലാപത്തെ അദ്ദേഹം അടിച്ചമർത്തി. രാജകുമാരന്റെ സൈന്യങ്ങളെ ഏററവും സമർത്ഥമായ രീതിയിൽ ആക്രമിച്ചുകീഴടക്കിയ വാങ്ങ്യാങ്ങ്മിങ്ങിന്റെ രണതന്ത്രവൈദഗ്ദ്ധ്യം അദ്ദേഹത്തെ പ്രശസ്തനാക്കിത്തീർത്തു. മാത്രമല്ല ആഭ്യന്തരമായ മററു പല കലാപങ്ങളും അദ്ദേഹം പ്രശംസനീയമാംവണ്ണം ഒതുക്കീട്ടുണ്ടു്. എന്നാൽ പ്രധാനമായും അദ്ദേഹം അറിയപ്പെടുന്നതു് ഒരു ദാർശനികനെന്ന നിലക്കാണു്. ഭാവിതലമുറ അദ്ദേഹത്തെ ആരാധിച്ചുവന്നതും അപ്രകാരമായിരുന്നു.

ചെറുപ്പംമുതല്ക്കുതന്നെ തത്വശാസ്ത്രവിഷയത്തിൽ തല്പരനായിരുന്ന വാങ്ങ്യാങ്ങ്മിങ്ങ് ബുദ്ധമതക്കാരും

ടോ ദാൎശനികന്മാരും മററുമായി പലപ്പോഴും ഏററുമുട്ടാറു ണ്ടായിരുന്നു. കുറേക്കാലം അദ്ദേഹം ഒരനിശ്ചിതാവസ്ഥ യിൽ കാലം കഴിച്ചു. പിന്നീടാണു് പുരാതനസിദ്ധാന്ത ങ്ങളിൽ വിശ്വസിക്കുവാൻ തുടങ്ങിയതു്. അങ്ങിനെ ടോ സിദ്ധാന്തങ്ങളുടെ പ്രചരണത്തിന്നായി അദ്ദേഹം പ്രവ ൎത്തിച്ചുവന്നു. മുപ്പതുവയസ്സു പ്രായമുള്ളപ്പോൾ ടോ സിദ്ധാ ന്തങ്ങളെപ്പററി അദ്ദേഹം പ്രസംഗപരമ്പരകൾ നടത്തി യിരുന്നു. അപ്പോഴേയ്ക്കും അദ്ദേഹം പാകത എത്തിയ ഒരു കണ്ഫ്യൂഷ്യൻ? — കങ്ങ്പണ്ഡിതനായിക്കഴിഞ്ഞിരുന്നു. എന്നാൽ അപ്പോ ഴും അദ്ദേഹത്തിന്നു ചില അവസരങ്ങളിൽ ഗുരുതരമായ സംശയങ്ങൾ നേരിട്ടുകൊണ്ടിരുന്നു. മാസ്റ്റർ ചൂസിയുടെ അപഗ്രഥനസമ്പ്രദായമാണു് അദ്ദേഹത്തെ ഏററവുമധി കം അമ്പരപ്പിച്ചതു്. അതിനെക്കുറിച്ചു് അദ്ദേഹം മുൻ പുതന്നെ തന്റെ ഒരു സ്നേഹിതനോടു് സംസാരിച്ചിട്ടു ണ്ടായിരുന്നു. അങ്ങിനെ അവർ രണ്ടുപേരുംകൂടി സന്യാ സജീവിതം നയിപ്പാൻ നിശ്ചയിച്ചു് ഗൃഹത്യാഗം ചെയ്തു. ചൂസിയുടെ സിദ്ധാന്തങ്ങളെ പ്രായോഗികമാക്കിത്തീൎക്ക ലായിരുന്നു അവരുടെ ഉദ്ദേശം. ബാഹ്യസത്തയെപ്പററി അപഗ്രഥനം നടത്തുവാൻ ആഗ്രഹിക്കുന്നവർ അറിവു വളൎത്തണമെന്നതായിരുന്നുവല്ലോ ചൂസിയുടെ സിദ്ധാ ന്തം. അങ്ങിനെമാത്രമേ ധാൎമ്മികമായ സമ്പൂൎണ്ണത്വം ലഭിക്കുകയുള്ളുവെന്നു് അദ്ദേഹം സമൎത്ഥിച്ചു. എന്നാൽ യാങ്ങ്മിങ്ങിനെ സംബന്ധിച്ചേടത്തോളം ആരംഭം എ ങ്ങിനെയായിരിക്കണം എന്നതായിരുന്നു പ്രശ്നം. മുളംകൂട്ട ത്തെ കേന്ദ്രബിന്ദുവാക്കി അപഗ്രഥനം ആരംഭിക്കുവാൻ

രണ്ടു സ്നേഹിതന്മാരുംകൂടി തീർച്ചയാക്കി. ഉടൻതന്നെ അവർ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. രാവും പകലും അവർ കഠിനമായി അദ്ധ്വാനിച്ചു. ചിന്തിച്ചുചിന്തിച്ച് തലപുകയുവാൻ തുടങ്ങി. പക്ഷെ ഫലം പ്രതീക്ഷിച്ചതുപോലെയായിരുന്നില്ല. അവരുടെ ശക്തി മുഴുവൻ ദ്രവ്യയം ചെയ്യപ്പെട്ടുകയും ശരീരം മുള്ളുകൊണ്ടു പിളരുകയും ചെയ്തുവെങ്കിലും ഹൃദയം മുളയെപ്പോലെ പൊള്ളയായി നിലകൊള്ളുകമാത്രമാണു് ചെയ്തതു്. ഒടുവിൽ, ഏഴുദിവസത്തെ കഠിനാദ്ധ്വാനംകൊണ്ടു് അത്യന്തം ക്ഷീണിച്ചുപരവശനായിത്തീർന്ന വാങ്ങ്യാങ്ങ്മിങ്ങ് ഒരു നെടുവീർപ്പോടുകൂടി ഇങ്ങിനെ പറഞ്ഞു:—"ഈ വഴിക്കു പോകുന്നപക്ഷം നമുക്കു് ഋഷികളായിത്തീരുക സാദ്ധ്യമല്ല. അതിനേക്കുറിച്ചു് ആശിപ്പാൻപോലും സാധിക്കുകയില്ല. കാരണം പരീക്ഷണം തുടരുന്നതിന്നു് നമ്മുടെ ശരീരത്തിന്നു തീരെ കെല്പില്ലാതായിരിക്കുന്നു."

പൂർണ്ണസിദ്ധിക്കുവേണ്ടിയുള്ള ആഗ്രഹം യാങ്ങ്മിങ്ങിനെ വീണ്ടും വളരെ കാലത്തോളം അലട്ടിക്കൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹത്തിൻെറ ജീവിതത്തിലെ ആസന്നമായ ഒരു ഘട്ടത്തിൽ ഒരു ദിവസം അദ്ദേഹത്തിന്നു പെട്ടെന്നൊരു ബോധോദയം അഥവാ ദിവ്യദർശനമുണ്ടായി. അക്കാലത്തു് അദ്ദേഹം വാറണ്ടിനെ ഭയന്നു് അജ്ഞാതവാസം ചെയ്യുകയായിരുന്നു. ലങ്ങ്ചാങ്ങ് എന്ന ഒരു മലംപ്രദേശത്തായിരുന്നു അദ്ദേഹം നിവസിച്ചിരുന്നതു്. തടവു ചാടിപ്പോകുന്നവർ താമസിക്കാറുള്ള കപിച്ചോ എന്ന ഒരു ഗുഹയിലാണു് താമസം. അദ്ദേഹത്തിൻെറ ഒ

ന്നിച്ചുണ്ടായിരുന്നതു് അല്പം അനുയായികൾ മാത്രമായി രുന്നു. അവരെല്ലാംതന്നെ രോഗംപിടിച്ചു് കിടക്കുകയുമാ യിരുന്നു. അതിനാൽ വിറകുവെട്ടലും വെള്ളംകൊണ്ടുവര ലും ഭക്ഷണം പാകംചെയ്യലും എല്ലാം ചെയ്തിരുന്നതു് അദ്ദേഹമായിരുന്നു. അക്കാലത്താണു് അത്ഭുതകരമായ ആ സംഭവമുണ്ടായതു്. ഒരു ദിവസം അദ്ധരാത്രിസമയ ത്തു് അദ്ദേഹം ഞെട്ടിയുണന്നു. പൂണ്ണസിദ്ധി പ്രാപിക്കു ന്നതിന്നു് ഉൽക്കടമായ ആഗ്രഹം അപ്പോഴും അദ്ദേഹ ത്തിൻെറ മനസ്സിൽ ഉണ്ടായിരുന്നു. പെട്ടെന്നു് ഒരു വെ ളിച്ചം തൻെറ മേൽ വീഴുന്നതായി അദ്ദേഹത്തിന്നു തോ ന്നി. അതിമഹത്തായ ഒരു ആവിഷ്കരണം സാധിക്കുന്ന അനഘനിമിഷമായിരുന്നു അതു്. അത്യധികം ആവേ ശചിത്തനായിത്തീന്ന അദ്ദേഹം കിടയ്ക്കയിൽനിന്നു് എ ഴുന്നേററു് അട്ടഹസിക്കുവാനും നൃത്തം ചവിട്ടുവാനും തുട ങ്ങി. ഇതുകണ്ട അദ്ദേഹത്തിൻെറ അനുയായികൾ അത്യ ധികം പരിഭ്രാന്തരായിത്തീന്നു. അവർ അദ്ദേഹത്തിൻെറ ചുററും വന്നുനിന്നു് പകച്ചുനോക്കിത്തുടങ്ങി. യാങ്ങ്മി ങ്ങ് അഭിമാനത്തോടുകൂടി ഇപ്രകാരം പറഞ്ഞു:—"എ ൻെറ പ്രകൃതിയേമാത്രം പരിശോധിച്ചാൽ മതിയായിരു ന്നു. ഞാൻ അനാവശ്യമായി പുറമേയുള്ള വസ്തുക്കളെ അപഗ്രഥനംചെയ്തുനോക്കുന്നതിന്നുവേണ്ടി വളരെ സമ യം ദുർവ്യയംചെയ്തു."

## അന്തർബ്ബോധമാണു്, അപഗ്രഥനമല്ല

വാങ്ങ്യാങ്ങ്മിങ്ങിൻെറ ആവിഷ്കരണം ധാമ്മിക ബോധത്തെ വളത്തുവാൻ അപഗ്രഥനമാഗ്ഗമാണു് എ

ററവും ഉത്തമമായ മാർഗ്ഗമെന്ന ധാരണയെ ഇല്ലാതാക്കി ത്തീർത്തു. മുളങ്കാട്ടിലെ അപഗ്രഥനം അദ്ദേഹത്തെ ഏററവുമധികം നിരാശപ്പെടുത്തിയതായി നാം കാണുന്നു. അങ്ങിനെ അദ്ദേഹം സ്വയം ആവിഷ്ക്കരിച്ച ഒരു സിദ്ധാന്തവുമായി രംഗപ്രവേശനം ചെയ്യുന്നതു് നാം കാണുന്നു. മനസ്സ് ഏററവും വലിയ നിയമനിർമ്മാതാവാണെന്നും വിശ്വതത്വങ്ങളുടെ അവിഭാജ്യമായ ഒരു ഘടകമാണു് അതെന്നും അദ്ദേഹം വാദിച്ചു. അതിനാൽ ഓരോ വസ്തുവിനേയും അപഗ്രഥനംചെയ്തുനോക്കുക എന്ന ക്ലേശകരമായ മാർഗ്ഗത്തെ അംഗീകരിക്കുന്നതിനുപകരം മനസ്സിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണു് അത്യന്താപേക്ഷിതമായിട്ടുള്ളതെന്നു് വാങ്ങ്യാങ്ങ്മിങ്ങ് പ്രഖ്യാപിച്ചു. മനസ്സിൽനിന്നു് വിഭിന്നമായ നിയമമോ വസ്തുവോ ഇല്ലെന്നു് അദ്ദേഹം വാദിച്ചു.

എന്നാൽ വിശ്വത്തിലുള്ള സർവ്വവസ്തുക്കളും മനസ്സിനെ ആശ്രയിച്ചാണു് നില്ക്കുന്നതെന്നു നമുക്കെങ്ങിനെ പറയുവാൻ കഴിയും? ഈ സംശയം അദ്ദേഹത്തിൻെറ ഒരു സ്നേഹിതൻ ഒരിക്കൽ പ്രകടിപ്പിക്കുകയുണ്ടായി. വിദൂരമായ ഒരു കുന്നിന്മേൽ നില്ക്കുന്ന മരങ്ങളേയും സസ്യങ്ങളേയും ആയാൾ ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—“മനസ്സിന്നു പുറമേയായും ആകാശത്തിന്നു താഴേയായും യാതൊന്നുമില്ലെന്നു താങ്കൾ പറയുന്നു. എന്നാൽ വിദൂരമായ ആ പർവ്വതത്തിന്മേൽ നില്ക്കുന്ന മരങ്ങളേയും സസ്യങ്ങളേയുംപററി എന്തു പറയുന്നു? അവ വളരുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കു

ന്നു. അവയും എന്റെ മനസ്സുമായി ഞാൻ യാതൊരു ബന്ധവും ഉള്ളതായി കാണുന്നില്ല.''

യാങ്ങ്മിങ്ങ് മറുപടി പറഞ്ഞു:—“പ്രസ്തുത വൃക്ഷങ്ങളുടെ അസ്തിത്വത്തെപ്പററി നിങ്ങഠം ചിന്തിക്കുന്നില്ലെങ്കിൽ അവ ഉള്ളതായി നിങ്ങഠംക്കു തോന്നുകയില്ല. എന്നാൽ നിങ്ങഠം അവയുടെ നേക്കു നോക്കുന്നു. അവയുടെ വണ്ണങ്ങഠം നിങ്ങളുടെ ദൃഷ്ടിയെ ഹഠാദാകഷിക്കുന്നു. ഇതിൽനിന്നു് മനസ്സിലാക്കേണ്ടതു് അവ നിങ്ങളുടെ മനസ്സുമായി ബന്ധപ്പെട്ടവയാണെന്നാണു്.”

ധാമ്മികമായ എല്ലാ ഉയച്ച്കഠംക്കും അത്യന്താപേക്ഷിതമായിട്ടുള്ളതു് അന്തർബോധപരമായ മനസ്സിന്റെ അറിവിനെ നേടുകയാണു് എന്നു് വാങ്ങ്യാങ്ങ്മിങ്ങ് സിദ്ധാന്തിച്ചു. മെങ്ങ്കൃതികളിൽനിന്നെടുത്ത ഒരു ഖണ്ഡികയുടെ ആശയമാണിതു്. ലൂസിയാങ്ങ്ഷാന്റെ മൌലികമനസ്സിനോടു് ഇതിന്നു് വളരെ സാദൃശ്യമുണ്ടു്. അന്തർബോധപരമായ പ്രസ്തുത വിശേഷസ്വഭാവം ദേവദത്തവും ഋഷികളിലും ദുഷ്ടന്മാരിലും കണ്ടുവരുന്നതുമാണു്. ഋഷിമാർ അതിനെ ഏററവും പരിശുദ്ധമായി വെയ്ക്കുന്നു. ദുഷ്ടന്മാർ സ്വാത്ഥതാല്പര്യങ്ങഠംക്കും ദുന്നടവടികഠംക്കുമായി അതിനെ ഉപയോഗപ്പെടുത്തുന്നു. എന്നാൽ എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ പ്രസ്തുത വാസന അന്തർലീനമായിക്കിടപ്പുണ്ടെന്നുള്ളതു് തീച്ച്യയാണു്. നന്മയേയും തിന്മയേയും തിരിച്ചറിവാൻ പ്രേരണ നൽകുന്നതു് അതാണു്. അതിനും പുറമെ അന്തർബോധപരമായ അറിവു് നഷ്ടപ്പെട്ടിട്ടുള്ള ആരുംതന്നെ അങ്ങിനെ ചെയ്യു

ന്നതു് അതിനെ ദുരുപയോഗം ചെയ്യുന്നതുകൊണ്ടോ അധാർമ്മികകാര്യങ്ങൾക്കു് ഉപയോഗിക്കുന്നതുകൊണ്ടോ ആണു്. എന്നാൽ മാനസികമായ പരിശീലനത്തിൽകൂടി പ്രസ്തുത നഷ്ടത്തെ പരിഹരിക്കുവാൻ ആക്കും സാധിക്കുമെന്നതിന്നു് രണ്ടുപക്ഷമില്ല.

അന്തർബോധപരമായ മനശ്ശക്തിയുടെ അസ്തിത്വത്തെ തെളിയിക്കുന്നതിന്നായി യാങ്ങ്മിങ്ങിൻെറ അനുയായികളായ പണ്ഡിതന്മാർ ഒരു കവർച്ചക്കാരനും പണ്ഡിതംമന്യനും തമ്മിൽ നടന്ന അസാധാരണമായ ഒരു സംഘട്ടനത്തിൻെറ കഥ പലപ്പോഴും പറയാറുണ്ടു്. പണ്ഡിതമ്മന്യൻ ഒരിക്കൽ വേനൽക്കാലത്തെ ഒരു രാത്രിയിൽ ഒരു കവർച്ചക്കാരനെ പിടിച്ചു. അവൻെറ അന്തർബോധപരമായ മനശ്ശക്തിയെ ഉണർത്തുന്നതിന്നായി ആയാൾ ശരിയെന്തെന്നും തെററു് എന്തെന്നും ഉപദേശിക്കുവാൻ തുടങ്ങി. ആയാൾ പറഞ്ഞു:—"നിൻെറ ആന്തരികമായ നന്മ ഇത്തരം നീചപ്രവൃത്തികൾ ചെയ്യരുതെന്നു് നിന്നോടു് ഉപദേശിക്കുമെന്നു് എനിക്കുറപ്പുണ്ടു്." എന്നാൽ കവർച്ചക്കാരൻ അതു വിശ്വസിച്ചില്ല. അവൻ പരിഹാസപൂർവ്വം ഇങ്ങിനെ പറഞ്ഞു:- "അല്ലയോ മാന്യരെ, എൻെറ സൽഭാവങ്ങൾ എവിടെയാണു് സ്ഥിതിചെയ്യുന്നതെന്നു് പറഞ്ഞുതന്നാലും." ആ സമയത്തു് കലശലായ ഉഷ്ണമുണ്ടായിരുന്നു. പണ്ഡിതൻ കവർച്ചക്കാരനോടു് മേൽക്കുപ്പായം അഴിച്ചുവെയ്ക്കുവാൻ പറഞ്ഞു. ആയാൾ അതനുസരിച്ചു. എന്നിട്ടും ഉഷ്ണം സഹിപ്പാൻ കഴിഞ്ഞിരുന്നില്ല. പ

ണ്ഡിതൻ വസ്ത്രംകൂടി അഴിച്ചുവെയ്ക്കുവാൻ അവനോട്ട് പറഞ്ഞു. എന്നാൽ കള്ളൻ അതിനു കൂട്ടാക്കിയല്ല. വസ്ത്രം അഴിച്ചുവെയ്ക്കുന്നതു് സഭ്യതയ്ക്കു് വിരുദ്ധമാണെന്നു് അവൻ പറഞ്ഞു. അപ്പോൾ വിജയപൂർവ്വം പണ്ഡിതൻ ഇങ്ങിനെ പറഞ്ഞു:—“അതാ, അവിടെത്തന്നെയാണു് നിൻെറ ആന്തരികമായ നന്മ സ്ഥിതിചെയ്യുന്നതു്.”

അസാധാരണമായ ഈ സംഭവം കള്ളനു് മാനസികപരിവർത്തനം ഉണ്ടാക്കീട്ടുണ്ടോ എന്നു പറയുന്നില്ല. മാത്രമല്ല ബോധാവസ്ഥയെ പ്രാപിക്കുന്നതിന്നു് അനുവർത്തിക്കേണ്ടതായ മാർഗ്ഗങ്ങളെപ്പററിയും അതിൽ പറയുന്നില്ല. യാങ്ങ്മിങ്ങിൻെറ പ്രസ്ഥാനക്കാർ വളരെ ശുഭപ്രതീക്ഷകന്മാരായിരുന്നു. ‘തെരുവുമുഴുവൻ ഋഷിമാരെക്കൊണ്ടു് നിറഞ്ഞിരിക്കുന്നു’ എന്ന അവരുടെ അഭിപ്രായം എല്ലാ മനുഷ്യർക്കും നന്നായിത്തീരാമെന്ന അവരുടെ വിശ്വാസത്തേയാണു് സൂചിപ്പിക്കുന്നതു്. മാസ്റ്റർ മെങ്ങ് ഒരിക്കൽ ‘നമുക്കെല്ലാവക്കും യാവോകളും ഷൻമാരും ആയിത്തീരുവാൻ സാധിക്കും’ എന്നു പറയുകയുണ്ടായിട്ടുണ്ടു്. എല്ലാ മനുഷ്യരിലും പരിപൂർണ്ണത പ്രാപിക്കുന്നതിന്നുള്ള സാദ്ധ്യത സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള വിശ്വാസം എത്രമാത്രം ആശ്വാസപ്രദമായിട്ടുള്ളതാണു്! എന്നാൽ എന്തുമാർഗ്ഗമാണു് അതിന്നു് അംഗീകരിയ്ക്കേണ്ടതു് എന്നുള്ളതാണു് പ്രശ്നം. ചൂസിയുടെ പാണ്ഡിത്യപ്രധാനമായ വിദ്യാഭ്യാസത്തിന്നു് പകരമായി യാങ്ങ്മിങ്ങ് അന്തർബോധാത്മകമായ അറിവു് നേടുന്നതിന്നാണു് ഉപദേശിച്ചതു്. അവഗാഹമായ ചിന്തനംകൊണ്ടുമാ

ത്രമേ അതു നേടുവാൻ സാധിക്കുകയുള്ളൂ. പ്രശാന്തമായ സാധനവും അവിരതമായ ആത്മനിയന്ത്രണവും ഒരതിന്നു് അത്യന്താപേക്ഷിതമാണു്. ഇവയെല്ലാംതന്നെ നല്ല ഉപദേശങ്ങൾ ആണെന്നതിന്നു സംശയമില്ല. പക്ഷെ പ്രായോഗികരംഗത്തിൽ കൊണ്ടുവരുവാൻ കഴിഞ്ഞാൽമാത്രമെ അവ ഫലപ്രദമായിത്തീരുകയുള്ളൂ.

## അറിവും കർമ്മവും തമ്മിലുള്ള ബന്ധം

മനഃപ്രസ്ഥാനത്തിൻെറ ജനയിതാവായ ലൂസിയാങ്ങ്ഷാൻെറ സിദ്ധാന്തങ്ങളെ വിശദീകരിച്ചുകൊണ്ടു് വാങ്ങ്യാങ്ങ്മിങ്ങ് അറിവും കർമ്മവും തമ്മിലുള്ള ഏകഭാവത്തെക്കുറിച്ചു വിശദീകരിക്കുകയും അങ്ങിനെ ഒരടി മുമ്പോട്ടുപോകുകയും ചെയ്തു. പ്രവൃത്തി അറിവുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നു് അദ്ദേഹം വിശ്വസിക്കുകയും നന്മചെയ്യാൻ നമുക്കു സാധിക്കാത്തതിന്നുള്ള കാരണം നന്മയെ തിരിച്ചറിയുവാൻ സാധിക്കാത്തതുകൊണ്ടാണെന്നു സമർത്ഥിക്കുകയും ചെയ്തു. അറിവുമാത്രം ഉണ്ടായതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അറിവിനെ നിത്യജീവിതത്തോടു ബന്ധപ്പെടുത്തുവാൻ കഴിയുന്നവർക്കുമാത്രമേ അന്തർബോധശക്തിയെ വികസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അതിൽമാത്രമാണു് പരമോന്നതമായ നന്മ സ്ഥിതിചെയ്യുന്നതു്.

അപത്യതാസിദ്ധാന്തം രക്ഷിതാക്കൾക്കും ഭ്രാതൃപ്രേമം സഹോദരന്മാർക്കും ബാധകമായിട്ടുള്ളതാണെന്നു് അറിഞ്ഞിട്ടുകൂടി ജനങ്ങൾ അതിനെ പ്രായോഗികമാക്കിത്തീ

ക്കാത്തതു് എന്തുകൊണ്ടാണെന്നു് ഒരിക്കൽ ശിഷ്യന്മാർ യാങ്ങ്മിങ്ങിനോടു ചോദിക്കുകയുണ്ടായി. ഇതിൻെറ അത്ഥം അറിവും കമ്മവും രണ്ടു വ്യത്യസ്ഥവസ്തുക്കളാണെന്നു് വിദ്യാത്ഥികഠം കരുതീട്ടുണ്ടായിരിക്കണം എന്നൂഹിക്കുന്നതിൽ തെററില്ല. യഥാത്ഥമായ ബോധമില്ലാത്തതുകൊണ്ടാണു് ജനങ്ങഠംക്കു് അത്തരം കാര്യങ്ങളിൽ പരാജയം സംഭവിക്കുന്നതെന്നു് യാങ്ങ്മിങ്ങ് അവരോടു പറയുകയുണ്ടായി. അദ്ദേഹം തുടന്നു:—"കമ്മത്തിന്നു് പ്രേരണനല്കുന്നതു് അറിവാണെന്നു ഞാൻ പറഞ്ഞുവല്ലൊ. പ്രസ്തുത പരിശീലനമാണു് അറിവിൻെറ അസ്തിത്വത്തെ സൂചിപ്പിക്കുന്നതു്. അറിയുവാൻ തുടങ്ങുക എന്നതു് കമ്മത്തിൻെറ ആരംഭമാണു്. ചെയ്യുക എന്നതു് അറിവിൻെറ പൂണ്ണതയെയാണു് കാണിക്കുന്നതു്. ഇച്ഛിതലക്ഷ്യത്തിൽ എത്തിച്ചേരുന്നതു് എങ്ങിനെയാണെന്നു് ഒരാഠം അറിയുമ്പോഠം, ആ അറിവുമാത്രമാണു് ആയാഠംക്കുള്ളതെങ്കിൽക്കൂടി, കമ്മവും അതിൽ അന്തർഭൂതമായി സ്ഥിതിചെയ്യുന്നുണ്ടു്. അപ്രകാരംതന്നെ കമ്മത്തെപ്പററിമാത്രം സംസാരിക്കുന്ന ഒരാഠം അതു ചെയ്യേണ്ട അറിവിനെ ദ്യോതിപ്പിക്കുകയാണു് ചെയ്യുന്നതു്."

അതേ സംഭാഷണമദ്ധ്യേ വാങ്ങ്യാങ്ങ്മിങ്ങ് മനുഷ്യക്കു് സൌന്ദര്യത്തോടുള്ള പ്രേമവും വൈരൂപ്യത്തോടുള്ള വെറുപ്പും ഒരു ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. സൌന്ദര്യത്തെ അംഗീകരിക്കുക എന്നതു് അറിവിനെ മാനിക്കുന്നതിൻെറ ലക്ഷണമാണെന്നു് അദ്ദേഹം വിശ്വസിച്ചു. സുന്ദരമായ ഒരു വസ്തുവോടുള്ള പ്രേമ

ത്തിൽ കർമ്മം അന്തർഭവിച്ചിട്ടുണ്ടു്. മനോഹരമായ ഒരു വസ്തുവെ കാണുന്ന ഒരാൾ പ്രഥമദൃഷ്ടത്തിൽതന്നെ അതിനോട്ടു് ആകൃഷ്ടനായിത്തീരുന്നു. സ്വാഭാവികമായ പ്രസ്തുത അനുഭൂതി അറിവിൻേറയും കർമ്മത്തിൻേറയും ഐക്യസ്വഭാവത്തേയാണു് കാണിക്കുന്നതു്. ആദ്യമായി കാണുന്ന ഒരു വസ്തുവിനോട്ടു് ആകൃഷ്ടമായിത്തീരുവാൻ മാനസികമായ നിർബ്ബന്ധം ആവശ്യമായി വരുന്നില്ല. അപ്രകാരംതന്നെയാണു് ദുർഗ്ഗന്ധത്തിൻെറ കാര്യവും. ദുർഗ്ഗന്ധം മൂക്കിൽ പ്രവേശിക്കുമ്പോൾ മററു യാതൊരു പ്രേരണയും കൂടാതെത്തന്നെ അതു് മനുഷ്യർക്കു വെറുപ്പുണ്ടാക്കിത്തീർക്കുന്നു. എന്നാൽ മൂക്കുകളടച്ചിട്ടുള്ള ഒരു മനുഷ്യനു് തൻെറ മുമ്പിലുള്ള ഒരു വിശിഷ്ടവസ്തുവിൻെറ സുഗന്ധത്തെ ആസ്വദിക്കുക സാദ്ധ്യമല്ല. ഒരു വസ്തു ദുർഗ്ഗന്ധപൂർണ്ണമാണെന്നു് അറിയാതിരിക്കുമ്പോൾ അതിനെ വെറുത്തുവെന്നു് വരില്ല. എന്നാൽ അറിയുമ്പോഴാണു് കർമ്മവും അതിന്നനുരൂപമായിത്തീരുന്നതു്.

വാങ്ങ്യാങ്ങ്മിങ്ങിൻെറ ചിന്താഗതിയുടെ ഒരു പ്രത്യേകത അതു് ബുദ്ധമതത്തിൻെറ നൈർമ്മല്യത്തെ പ്രകടിപ്പിക്കാറുണ്ടു് എന്നുള്ളതാണു്. ലൂസിയാങ്ങ്ഷാൻെറ ചിന്താഗതിയും അപ്രകാരമായിരുന്നു. ചാനിസ്റ്റ് ദർശനത്തിൻെറ അടിയൊഴുക്കുകൾ അദ്ദേഹത്തിൻെറ നിരവധി ആദ്ധ്യാത്മികപ്രവചനങ്ങളിൽ ദർശനീയമായിരുന്നു. എന്നാൽ അദ്ദേഹം ഒരു ബൌദ്ധദാർശനികനായിരുന്നു എന്നു പറയുന്നതു തെററാണു്. ലൂസിയാങ്ങ്ഷാൻെറ കാര്യത്തിലും അപ്രകാരം പറഞ്ഞുകൂടാ. രണ്ടുപേരുടേയും

ചിന്താഗതികളിൽ മാനുഷികതത്വത്തിന്നാണു് കൂടുതൽ പ്രാധാന്യമുള്ളതു്. പാരലൌകികവീക്ഷണഗതി നന്നെ ചുരുക്കമാണു്. ബൌദ്ധചിന്താഗതിയിൽ കണ്ടുവരുന്ന വൈരാഗ്യവും വിഷാദാത്മകതത്വവും അവരുടെ ചിന്താഗതിയിൽ കാണുക സാദ്ധ്യമല്ല. എന്നാൽ പ്രസ്തുത രണ്ടു ദാശ്നികന്മാരുടേയും സിദ്ധാന്തങ്ങൾ, അവയ്ക്കുതമ്മിൽ മൂന്നു നൂററാണ്ടുകൾ അന്തരമുണ്ടെങ്കിലും ജു പ്രസ്ഥാനത്തിൻെറ മഹത്തായ പാരമ്പര്യത്തെയാണു് പ്രതിനിധാനം ചെയ്യുന്നതെന്നു കാണുവാൻ കഴിയും. അവർ രണ്ടുപേരും പുരാണങ്ങളോടും പുരാതന ഋഷികളോടും അത്യധികം ആദരവുള്ളവരായിരുന്നു. മാത്രമല്ല, വാങ്ങ്യാങ്ങ്മിങ്ങിൻെറ കമ്മസിദ്ധാന്തം ടോ ദശനത്തിൻെറ അകമ്മണ്യസിദ്ധാന്തത്തിന്നു് കടകവിരുദ്ധവുമാണു്. ബുദ്ധമതത്തിൻെറ സഹിഷ്ണുതാസിദ്ധാന്തത്തിന്നും അതു് എതിരാണു്. യാങ്ങ്മിങ്ങ് കമ്മത്തെപ്പററി പ്രസംഗിക്കുകമാത്രമല്ല ചെയ്തതു്, പ്രായോഗികജീവിതത്തിൽ അതു് അനുഷ്ഠിക്കുകകൂടി ചെയ്തു. കങ്ങ്പ്രസ്ഥാനത്തിൽപ്പെട്ട ഏതൊരു ദാശ്നികനും കമ്മത്തേയും സിദ്ധാന്തങ്ങളേയും ഇങ്ങിനെ ഏകീകരിച്ചു് അനുഷ്ഠിക്കുകയുണ്ടായിട്ടില്ല. അദ്ദേഹം ഒരു യഥാത്ഥകമ്മയോഗിയായിരുന്നു. രാഷ്ട്രതന്ത്രത്തിലും സൈനികകാര്യങ്ങളിലും പാണ്ഡിത്യത്തിലും തത്വശാസ്ത്രപരമായ ആവിഷ്ക്കരണങ്ങളിലും അദ്ദേഹം അദ്വിതീയമായ വൈദഗ്ദ്ധ്യത്തെ പ്രദശിപ്പിക്കുകയുണ്ടായി.

യാങ്ങ്മിങ്ങ് ചൈനീസ്ചിന്താഗതിയിലേയ്ക്കു് അനശ്വരമായ ഒരു സംഭാവനയാണു് നല്കിയതു്. അദ്ദേഹ

ത്തിൻെറ ആദർശങ്ങൾ പിന്നീട് വികസിക്കുകയും ഇന്നു കൂടി ജനങ്ങളെ അത്യധികം ആകർഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അന്തർബോധാത്മകമായ ശക്തിയേയും ആന്തരികസ്വഭാവത്തുപവല്ക്കരണത്തേയുംകുറിച്ചുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ചൂസിയുടെ ശാസ്ത്രീയപര്യവേഷണങ്ങൾക്ക് പ്രേരണ നല്കുന്ന അപഗ്രഥനസിദ്ധാന്തത്തെ നിരുത്സാഹപ്പെടുത്തിയെങ്കിലും ചൂസിയുടെ അനുഭവൈകസിദ്ധാന്തത്തെ അപേക്ഷിച്ച് ശാസ്ത്രീയപര്യവേഷണങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നല്കിയത് അദ്ദേഹത്തിൻെറ വിശാലവീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ചിന്താഗതിയായിരുന്നു എന്നതിന്നു സംശയമില്ല. ആവിഷ്ക്കരണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും അത് ഇന്നും പ്രചോദനം നല്കുന്നുണ്ട് എന്നുവേണം പറയുവാൻ. അന്നത്തെ കങ്ങ്പണ്ഡിതന്മാർക്ക് ശാസ്ത്രീയമായ പര്യവേഷണങ്ങൾ നടത്തുന്നതിന്നു് പററിയ ഒരു സാഹചര്യമുണ്ടായിരുന്നില്ല. ശാസ്ത്രീയമനഃസ്ഥിതി വളർത്തിക്കൊണ്ടുവരുന്നതിന്നും അന്നു സാദ്ധ്യമല്ലായിരുന്നു. തന്നിമിത്തം മനുഷ്യനേയും സമുദായത്തേയുംകുറിച്ചുള്ള പര്യവേഷണങ്ങൾ നടത്തുവാൻ അവർ ഒരുങ്ങിയില്ല. പ്രത്യുത വിശ്വത്തിൻെറ പ്രതിഭാസങ്ങളെക്കുറിച്ചുള്ള വിശാലമായ പര്യവേഷണങ്ങളിലും മനുഷ്യപ്രകൃതിയുടെ അപഗ്രഥനത്തിലുമാണ് അവർ കൂടുതൽ ശ്രദ്ധ പതിപ്പിച്ചതു്. മററൊരു തരത്തിൽ പറയുകയാണെങ്കിൽ മാസ്റ്റർ കങ്ങും സങ്ങ് ദാർശനികന്മാരും പ്രവചിച്ച നൈതികശാസ്ത്രത്തേയും രാഷ്ട്രവിജ്ഞാനത്തേയും അവർ വീണ്ടും വ്യാഖ്യാനിക്കുകമാ

ത്രമാണു് ചെയ്തിട്ടുള്ളതു്. സ്വതന്ത്രവും നവീനവുമായ യാതൊന്നുംതന്നെ അവരിൽനിന്നു് പ്രതീക്ഷിക്കുവാൻ സാദ്ധ്യമായിരുന്നില്ല. എന്നാൽ വാങ്ങ്യാങ്ങ്മിങ്ങ് ആ കുട്ടെ കങ്ങ്പണ്ഡിതന്മാരുടെ പുസ്തകജ്ഞാനത്തിൽനിന്നു വിഭിന്നവും സരസവും സമ്പന്നവും വിഭവസമൃദ്ധവും ആയ മനസ്സിനെപ്പററി കൂലങ്കഷമായ ഒരു പഠനം നടത്തി. അങ്ങിനെ നവീന ജ്ഞ ദർശനത്തിന്റെ അന്തിമകാലഘട്ടത്തെ അദ്ദേഹം പ്രതിനിധീകരിക്കുന്നു. മനുഷ്യപ്രകൃതിയുടെ സമ്പൂർണ്ണതയിലേയ്ക്കു് മനുഷ്യരുടെ ശ്രദ്ധയെ ഒന്നാമതായി തിരിച്ചുവിട്ടതു് അദ്ദേഹമായിരുന്നു. അതേ അവസരത്തിൽതന്നെ വൈയ്യക്തികവും സാമൂഹ്യവുമായ സഭ്യത എന്തെന്നു് അവക്കു് നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്തു.

## വിരസമായ പാണ്ഡിത്യത്തിന്റെ കാലം

1529-ൽ വാങ്ങ്യാങ്ങ്മിങ്ങ് മരിച്ചു. പിന്നീടു് ചൈനയിലെ തത്വശാസ്ത്രം വളരെ കാലത്തോളം അതിന്റെ പൂർവ്വീകമഹത്വമുറംക്കൊള്ളാതെയാണു് നിലകൊണ്ടതു്. സങ്ങ്യുഗത്തിൽ ഉണ്ടായ അപ്രതീക്ഷിതവും അന്യാദൃശവുമായ ബൌദ്ധികവികാസം നിലച്ചുപോകുകയും ചൈനീസ്പണ്ഡിതന്മാർ വെറും പാണ്ഡിത്യത്തേയും സാങ്കേതികമായ വാദപ്രതിവാദങ്ങളേയും അവലംബിച്ചു് ജീവിക്കുവാൻ തുടങ്ങുകയും ചെയ്തു. തത്വശാസ്ത്രത്തെ സംബന്ധിച്ചേടത്തോളം ചൈനയുടെ ചരിത്രത്തിൽ ഏററവും വിരസമായ ഒരു കാലഘട്ടമായിരുന്നു

അതു്. നവീന ജ്ഞ ദർശനത്തിന്റെ ശത്രുക്കളും മിത്രങ്ങളും അവരവരുടെ ഗുരുക്കളെ അക്ഷരംപ്രതി പിൻതുടൎന്നുവന്നു അന്നു്. അങ്ങിനെ അങ്ങേഅററത്തെ അടിമമനസ്ഥിതി പ്രദശിപ്പിച്ചുവന്ന അവർ നിസ്സാരകാര്യങ്ങൾക്കവേണ്ടി പരസ്പരം കലഹിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

അതിലെല്ലാം ദയനീയമായിരുന്നതു് സാഹിത്യപരമായ പരീക്ഷയിൽ വിജയംനേടലാണു് ചൈനയിലെ സമുന്നതപദവിയെ പ്രാപിക്കുന്നതിന്നുള്ള ഉപാധിയായി കരുതപ്പെട്ടിരുന്നതു് എന്നുള്ളതാണു്. ഈ വ്യവസ്ഥ മിങ്ങ്‌യുഗംമുതല്ക്കു് ക്ഷയോന്മുഖമായി വരുവാൻ തുടങ്ങിയിരുന്നു. അങ്ങിനെ അതു് അഷ്ടപാദങ്ങൾ എന്നറിയപ്പെടുന്ന ഉപന്യാസമത്സരമായി മാറുകയും ചെയ്തു. എട്ടു പ്രധാനഭാഗങ്ങളാണു് പ്രസ്തുത ഉപന്യാസത്തിന്നു് ഉണ്ടായിരിക്കുക. ഓരോ ഭാഗവും വിഷയത്തിന്റെ ഓരോ വശത്തെ വിശദീകരിക്കുന്നു. അങ്ങിനെ വിശദീകരിക്കുന്നതു് കണ്ടു് പുരാണങ്ങളിൽനിന്നു് ഒരു ഉദ്ധരണം കൊടുത്തിട്ടുമായിരിക്കണം. അപ്രകാരം ഒരു ചട്ടക്കൂട്ടിന്നുള്ളിൽ ഒതുങ്ങിനില്ക്കുന്ന പ്രസ്തുത ഉപന്യാസം ചൂസിയുടേയും അദ്ദേഹത്തിന്റെ പിൻഗാമികളുടേയും ആശയങ്ങളെ വിവരിക്കുവാനും വിശദീകരിപ്പാനും സമത്ഥമായില്ല. തന്നിമിത്തം മൌലികവും കാല്പനികവുമായ ആശയങ്ങൾ അതിൽ ഉണ്ടായിരുന്നില്ലെന്നുതന്നെവേണം പറയുവാൻ. അങ്ങിനെ അഷ്ടപാദങ്ങളുടെ അടിസ്ഥാനത്തിൽ ഉപന്യാസനിമ്മാണം ചെയ്തിരുന്ന ചൈനീസ് ബുദ്ധിജീവികളുടെ ആശയങ്ങൾക്കും ചിന്താഗതികൾക്കും നിശ്ചലത്വം സംഭവിച്ചു. തൽ

ഫലമായി സ്വതന്ത്രചിന്തയേയും സാഹിത്യാഭിരുചിയേയും വെറുപ്പോടുകൂടി വീക്ഷിക്കുന്നവരും അസഹിഷ്ണുക്കളും സങ്കുചിതമനസ്കന്മാരും യാഥാസ്ഥിതികലോകത്തിൽനിന്നു് പുറത്തുകടക്കുവാൻ തെയ്യാറില്ലാത്തവരും ആയ ഒരു കൂട്ടം പണ്ഡിതന്മാർ ജന്മമെടുത്തു. അവരുടെ തീപ്പു് അവസാനതീപ്പായിത്തീരുകയും ചെയ്തു. പ്രതിഭാസമ്പന്നന്മാരായ ആളുകൾക്കു് യാതൊരു പ്രോത്സാഹനവും ലഭിക്കുകയുണ്ടായില്ല. അപ്രകാരം നവീന ജ്ഞ ദശ്നപ്രസ്ഥാനത്തിന്നു് ബുദ്ധിപരമായ ഒരു നിശ്ചലതിം സംഭവിച്ചു.

യഥാത്ഥത്തിൽ പ്രസ്തുത പരീക്ഷാസമ്പ്രദായം കണ്ഫ്യൂഷ്യസ് പ്രസ്ഥാനത്തിന്നു് വലിയ ആഘാതമേൽപ്പിക്കുകയാണു് ചെയ്തതു്. ചൈനീസ് ബുദ്ധിമണ്ഡലത്തിൽ കണ്ഫ്യൂഷ്യസിദ്ധാന്തങ്ങൾക്കു് അതു് പ്രാമാണ്യം ഉണ്ടാക്കിത്തീത്തുവെങ്കിലും മാസ്റ്റർ കങ്ങിന്റെ മൌലികമായ ജീവിതവീക്ഷണത്തെ അതു് തകത്തുകളഞ്ഞു. മാത്രമല്ല മാസ്റ്റർ കങ്ങിനെ ഒരു സ്വേച്ഛാധിപതിയും ഉദ്ധതനും ആയി അതു് ജനങ്ങളുടെ മുമ്പിൽ ചിത്രീകരിച്ചു. മാനുഷികമൂല്യങ്ങളേയും നന്മകളേയും അങ്ങേ അററത്തോളം വിലമതിച്ചിരുന്ന ഒരാളായിരുന്നു കങ്ങ് ച്യൂ എന്നതു് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. ഊജ്ജസ്വലമായ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ നിരവധി ആപത്തുകളെ അതിജീവിച്ചു. അവ ഒരിക്കലും വിരസമോ നിശ്ചലമോ ആയിരുന്നില്ല. മഹാനായ ഒരു വിദ്യാഭ്യാസപ്രവത്തകനായ മാസ്റ്റർ കങ്ങിന്നു് ഒടുവിൽ ഇങ്ങിനെ ഒരു ദുര്യോഗമാണു് ഉണ്ടായിത്തീന്നതു്. ജിജ്ഞാസുവും സന്മാഗ്ഗദശിയുമായിരുന്ന അദ്ദേഹം

അന്ധമായ ആരാധനയ്ക്കു് പാത്രീഭൂതനായി. അങ്ങിനെ അദ്ദേഹത്തിൻെറ പേരിൽ ബുദ്ധിഹീനമായ വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കപ്പെട്ടു. ബുദ്ധിപരമായ എല്ലാപ്രവത്തനങ്ങളിലും നിർബ്ബന്ധം ചെലുത്തുവാൻ തുടങ്ങി.

## ശാസ്ത്രീയമെന്നു് വിളിക്കപ്പെട്ട ഒരു നിരൂപണം

16-ാം നൂററാണ്ടുമുതൽ കങ്ങ്പുരാണങ്ങളുടെ നിരൂപണാത്മകമായ ഭാഷ്യങ്ങളിൽക്കൂടിയാണു് തത്വശാസ്ത്രം പുരോഗതി പ്രാപിച്ചുവന്നതു്. മിങ്ങ് പണ്ഡിതന്മാരും ചിങ്ങ് പണ്ഡിതന്മാരും തത്വശാസ്ത്രജ്ഞന്മാർ എന്ന നിലയ്ക്കു് അപ്രധാനരായിരുന്നുവെങ്കിലും നിരൂപകന്മാർ എന്ന നിലയ്ക്കു് വളരെ പ്രശസ്തരായിത്തീൎന്നു. കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരുന്ന അവർ പൂൎണ്ണപാണ്ഡിത്യം നേടുകയും മൂലനിരൂപണകലയെ വേണ്ടുംവണ്ണം സമീപിക്കുകയുംചെയ്തു. അവർ സൎവ്വവിജ്ഞാനകോശകാരന്മാരും നിഘണ്ടുനിൎമ്മാതാക്കളും കാവ്യസംഗ്രഹകന്മാരും ടീകാകാരന്മാരും ഭാഷാശാസ്ത്രജ്ഞന്മാരും ഭാഷ്യകാരന്മാരും ആയിരുന്നു. അങ്ങിനെ കഴിഞ്ഞ നൂററാണ്ടുകളിലെ പ്രയത്നഫലങ്ങളെയെല്ലാം അവർ സംഗ്രഹിച്ചു് സമ്പന്നമായ ഒരു സാഹിത്യത്തെ സൃഷ്ടിച്ചു. കങ്ങ് പ്രസ്ഥാനത്തിലേയും മററു ദാൎശനികപ്രസ്ഥാനങ്ങളിലേയും എണ്ണമററ പുരാണങ്ങളുടെ പ്രാമാണികതത്വത്തേയും സുബദ്ധതയേയും അവർ കൂലങ്കഷമായി പരിശോധന നടത്തി. അച്ചടിസൌകൎയ്യം വളരെ അധികം വൎദ്ധിച്ചിരുന്നതിനാൽ പുസ്തകങ്ങൾ ധാരാളമായി നിൎമ്മിക്കുന്നതിന്നു് വളരെ എളുപ്പമായിരുന്നു.

അങ്ങിനെ അവ സാർവ്വത്രികമായി വിതരണം ചെയ്യപ്പെട്ടു വാനും കഴിഞ്ഞു. അവർ ചെയ്ത ഏററവും വലിയൊരു സേവനമായിരുന്നു ഇതു്. അങ്ങിനെ ഭാവിതലമുറയ്ക്കു് വിശ്വാസയോഗ്യവും സുവിദിതവും ആയ മൂലഗ്രന്ഥാവലി അവർ കാഴ്ചവെച്ചു. അവയെ ഇന്നുപോലും അധികൃതഗ്രന്ഥങ്ങളായി വായിപ്പാൻ കഴിയുന്നുണ്ടു്.

ചിങ്ങ് പണ്ഡിതന്മാർ സങ്ങ് പണ്ഡിതന്മാരുടെ ആദ്ധ്യാത്മികമനോഭാവത്തെ ശക്തിയായി എതിർത്തു. ഹാൻ പ്രസ്ഥാനക്കാരാണു് തങ്ങളെന്നു് അവർ സ്വയം അംഗീകരിച്ചു. സങ്ങ് ചിന്തകന്മാർക്കു് മുമ്പുള്ള കാലമാണു് തങ്ങൾക്കു് പ്രചോദനംനല്കിയതെന്നു് സ്ഥാപിക്കുവാൻവേണ്ടി മാസ്റ്റർ കങ്ങിന്റെ അടുത്തകാലത്തുണ്ടായിരുന്ന ജ്ഞ ദശനത്തെ അവർ മൌലികമായ പ്രസ്ഥാനമായി പ്രഖ്യാപിച്ചു. പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭത്തിലുണ്ടായിരുന്ന ഒരു നിരൂപകൻ ഇങ്ങിനെ എഴുതുന്നു:—"ഹാൻ കാലത്തുണ്ടായിരുന്ന പുരാണങ്ങളാണു് അധികൃതമായി അനുവർത്തിക്കപ്പെടേണ്ടതു്. എന്തെന്നാൽ അവയ്ക്കു് ഋഷിമാരുമായി അടുത്ത ബന്ധമുണ്ടു്. മാത്രമല്ല ബുദ്ധമതത്തിനും ടോ മതത്തിനും മുമ്പുണ്ടായതാണു് അവ." അവരുടെ അഭിപ്രായത്തിൽ പ്രസ്തുത രണ്ടു മതങ്ങളുടേയും സിദ്ധാന്തങ്ങളാണു് സങ്ങ് ചിന്താഗതിയെ കലുഷിതമാക്കിത്തീർത്തതു്. അങ്ങിനെയാണു് അതു് അയഥാസ്ഥിതികമായിത്തീർന്നതു്.

അക്കാലത്താണു് ഒന്നാമതായി ചൈനയിൽ ചരിത്രനിരൂപണം ആരംഭിക്കപ്പെട്ടതു്. യൻയ്വാൻ

(1635—1704) എന്ന ആളാണ് അതിന്റെ സ്ഥാപകൻ. ഐതിഹാസികവും ചരിത്രപരവുമായ സാഹിത്യത്തെ പഠിക്കുവാൻവേണ്ടി ക്രമീകൃതമായ ഒരു ശാസ്ത്രീയപദ്ധതി അദ്ദേഹം തയ്യാറാക്കി. സങ്ങ്സാഹിത്യത്തിലുള്ള പരസ്പരവിരുദ്ധമായ വസ്തുതകളെ അവർ നിഷേധിച്ചിരുന്നു. പുരാതനഗ്രന്ഥങ്ങളെ നിരൂപണാത്മകവും അപഗ്രഥനപരവുമായി വീക്ഷിക്കുന്ന ശാസ്ത്രീയമായ ഒരു സമീപനസമ്പ്രദായമാണ് അവർ അംഗീകരിച്ചത്. എന്നാൽ പര്യവേഷണങ്ങൾ നടത്തി ശാസ്ത്രീയസത്യങ്ങളെ സ്ഥാപിക്കുവാൻ കഴിയാത്ത പ്രസ്തുത ചിങ്ങ് പണ്ഡിതന്മാർ സാമാന്യാനുമാനത്തെ അടിസ്ഥാനമാക്കിയുള്ള യുക്തിവാദത്തേയും ശാസ്ത്രീയമായ തെളിവുകളേയും ആസ്പദമാക്കിക്കൊണ്ട് കുറെക്കൂടി സമുന്നതമായ ഒരു നിരൂപണമാർഗ്ഗത്തെ അംഗീകരിച്ചു. അതിന്ന് ഒരു ചെറിയ ഉദാഹരണം പറയാം. അക്കാലത്ത് ജീവിച്ചിരുന്ന കുയെൻവൂ എന്ന സുപ്രസിദ്ധനായ ഒരു പണ്ഡിതൻ തർക്കത്തിലിരിക്കുന്ന ഒരു പുരാതനപദത്തിന്റെ ഉച്ചാരണത്തെ സമർത്ഥിക്കുന്നതിന്നുവേണ്ടി 160 തെളിവുകൾ ഉന്നയിക്കുകയുണ്ടായി. ഭാഷാപരമായി ഏററവും നിസ്സാരമായ ഒരു പ്രശ്നത്തിന്നുവേണ്ടി ഇത്രയും ക്ലേശകരമായ പ്രയത്നം നടന്നിരുന്നുവെന്നു കാണിക്കുന്നത് ചിങ്ങ് പാണ്ഡിത്യത്തിന്റെ പൂർണ്ണതയേയും ദൃഢതയേയുമാണ്.

അതിന്നുംപുറമെ പുരാതനഗ്രന്ഥങ്ങളെക്കുറിച്ചുള്ള ഇത്രയും വിപുലമായ പഠനം സമയത്തേയോ ശക്തിയേയോ ദുരുപയോഗം ചെയ്യലായിരുന്നില്ല. ഋഷികളുടെ വാ

കൃത്തങ്ങളെപ്പററിയുള്ള പൂർണ്ണമായ ബോധവും വ്യക്തമായ അറിവും അവരുടെ മനസ്സിനേയും ആദശ്ശങ്ങളേയും അറിയുന്നതിന്നു് അത്യന്താപേക്ഷിതമാണെന്നു് ഭാഷ്യകാരന്മാർ വാദിച്ചു. ചവിട്ടുപടികളുടെ പ്രവൎത്തിയാണു് അവ നിൎവ്വഹിക്കുന്നതു്. പ്രസ്തുത പണ്ഡിതന്മാർ ഒരുതരത്തിൽ മഹത്തായ ഒരു പ്രവൎത്തിയാണു് ചെയ്തിട്ടുള്ളതു്. കൎത്തൃപ്രധാനമായ ആശയങ്ങളേയും പരമ്പരയായ അധീശത്വത്തേയും മാററിനിൎത്തി സുപ്രധാനമായ നിരവധി പുരാതനഗ്രന്ഥങ്ങളെ വെളിക്കുകൊണ്ടുവരുവാൻ അവൎക്കു കഴിഞ്ഞു. പരിണാമപുരാണത്തിലെ ചൌ അനുഷ്ഠാനക്രമവും അപത്യതാശാസ്ത്രപുരാണത്തിലെ ദശപത്രങ്ങളും വളരെകാലത്തിനുശേഷമുണ്ടായതാണെന്നു് അവർ സ്ഥാപിച്ചു. ചൌ ഡ്യൂക്കിൻേറയും മാസ്റ്റർ കങ്ങിൻേറയും മാസ്റ്റർ സെങ്ങിൻേറയും കൃതികളായിരുന്നു അവയെന്നാണു് അതുവരെ വിശ്വസിക്കപ്പെട്ടിരുന്നതു്.

മൂലനിരൂപകന്മാരിൽവെച്ചു് ഏററവും പ്രസിദ്ധനായിരുന്നതു് തായ്ടങ്ങ്യ്വാൻ (1724—77) എന്ന പണ്ഡിതനായിരുന്നു. ചിങ്ങ് പാണ്ഡിത്യം തികച്ചും വികസിതമായതു് അദ്ദേഹത്തിലായിരുന്നു. അദ്ദേഹത്തിൻെറ കുട്ടിക്കാലത്തു് ഒരിക്കൽ അസാധാരണമായ ബുദ്ധിചാതുൎയ്യം പ്രകടിപ്പിച്ചിരുന്നതായി ഒരു കഥയുണ്ടു്. തായ്ക്കു് പത്തുവയസ്സ് പ്രായമായിരുന്നപ്പോഠം മഹത്തായ വിദ്യ എന്ന ഗ്രന്ഥത്തിലെ ആമുഖത്തിലുള്ള കങ്ങ്ഫ്യൂവിൻെറ വചനങ്ങളെ പുനർപ്രക്ഷേപണംചെയ്തതു് സെങ്ങ്സാൻ ആയിരുന്നുവെന്നും ബാക്കിയുള്ള പത്തു് അദ്ധ്യായങ്ങളും

സെങ്ങ്സാൻ പറഞ്ഞുകൊടുത്തതു് അദ്ദേഹത്തിൻെറ ശിഷ്യന്മാർ ലിപിബദ്ധമാക്കിത്തീർത്തതാണെന്നും ഗുരുനാഥൻ അദ്ദേഹത്തെ പഠിപ്പിക്കുകയായിരുന്നു. അപ്പോൾ കുട്ടി അദ്ധ്യാപകനോടു് ഇങ്ങിനെ ചോദിച്ചു:—"അതു് ശരിയാണെന്നു് എങ്ങിനെ വിശ്വസിക്കാം?"

അദ്ധ്യാപകൻ:—മാസ്റ്റർ ചൂസി അങ്ങിനെയാണു് പറയുന്നതു്.

കുട്ടി:—മാസ്റ്റർ ചൂ എപ്പോഴാണു് ജീവിച്ചിരുന്നതു്?

അദ്ധ്യാപകൻ:—സങ്ങ് ശാസനത്തിൻെറ കാലത്തു്.

കുട്ടി:—മാസ്റ്റർ കങ്ങും സെങ്ങ്സാനും ജീവിച്ചിരുന്നതെന്നായിരുന്നു?

അദ്ധ്യാപകൻ:—ചൌ ശാസനത്തിൻെറ കാലത്തു്.

കുട്ടി:—പ്രസ്തുത രണ്ടു ശാസനങ്ങളും എത്ര കൊല്ലങ്ങൾ ഇടവിട്ടിട്ടാണു് ഉണ്ടായിരുന്നതു്?

അദ്ധ്യാപകൻ:—രണ്ടായിരം കൊല്ലം.

കുട്ടി:—അപ്പോൾ ചൂസിയ്ക്കു് രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് നടന്നിരുന്ന സംഭവങ്ങളെപ്പററി എങ്ങിനെ അറിയുവാൻ കഴിഞ്ഞു?

അദ്ധ്യാപകനു യാതൊരു മറുപടിയും പറയുവാൻ കഴിഞ്ഞില്ല. അധികൃതമായ വിവരങ്ങളെമാത്രം ആസ്പദിച്ചു നില്ക്കുകയും നിരൂപണാത്മകമായ തെളിവുകളേയും താർക്കികമായ യുക്തിവാദത്തേയും അടിസ്ഥാനമാക്കി ചിന്തിക്കാതിരിക്കുകയും ചെയ്യുന്ന എല്ലാ പണ്ഡിതന്മാരുടേയും സ്ഥിതി ഇപ്രകാരംതന്നെ ആയിരിക്കുന്നതാണു്.

# പന്ത്രണ്ടാം അദ്ധ്യായം

## പുതിയ മദ്യം പഴയ കുപ്പികളിൽ

പത്തൊമ്പതാം നൂററാണ്ടിൻെറ അവസാനത്തിൽ നവീന ജ്ഞ ദർശനത്തോടുള്ള ചിങ്ങ്പ്രതികരണം ഒരു പുതിയ സ്ഥിതിവിശേഷത്തെ സൃഷ്ടിച്ചു. ചിങ്ങ്പണ്ഡിതന്മാർ അവരുടെ ആനുകൂല്യത്തെ മുൻപുതന്നെ പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുള്ള ഹാൻ സിദ്ധാന്തങ്ങളം, മായങ്ങും ചെങ്ങ്സുവാനും പ്രതിനിധീകരിക്കുന്ന പുരാതനമൂലഗ്രന്ഥപ്രസ്ഥാനത്തോട്ട് വളരെ അടുപ്പമുള്ളതായിരുന്നു. എന്നാൽ ചിങ്ങ്ശാസനകാലത്തിൻെറ അവസാനത്തിൽ ഉണ്ടായ നവീനബുദ്ധിജീവികഠം ടങ്ങ്ചങ്ങ്ഷൃവിൻെറ കാലത്തുള്ള ആരംഭികഹാൻയുഗത്തിലേയ്ക്കു മടങ്ങിപ്പോകുവാനാഗ്രഹിച്ചു. അക്കാലത്തു് പുരാതനഗ്രന്ഥങ്ങഠം മുഴുവൻ പുറത്തുവന്നിട്ടില്ലായിരുന്നു. ആസ്ഥാനവിദ്വൽസഭകളിൽ നവീനഗ്രന്ഥങ്ങളായിരുന്നു പഠിപ്പിക്കപ്പെട്ടിരുന്നതു്. അങ്ങിനെ രണ്ടു ഗ്രന്ഥപ്രസ്ഥാനക്കാരുംതമ്മിൽ വളരെ കാലത്തോളം ഒത്തുതീർപ്പില്ലാതെ സമരംചെയ്തുവന്നു. ഹാൻകാലത്താണു് ഇതു നടന്നതു്. ഒടുവിൽ ചെങ്ങ്സുവാനെപ്പോലുള്ള സമന്വയവാദികഠം നവീനഗ്രന്ഥങ്ങളിൽനിന്നു് ശ്രേഷ്ഠതരമെന്നു് കാണപ്പെട്ട എല്ലാ സിദ്ധാന്തങ്ങളേയുംഎടുത്തു് പുരാതനഗ്രന്ഥങ്ങളിൽ ഉഠംക്കൊള്ളിക്കുകയും അങ്ങിനെ പ്രസ്തുത വടംവലിയെ അവ

സാന്നിപ്പിക്കുകയും ചെയ്തു. തന്നിമിത്തം നവീനഗ്രന്ഥങ്ങളുടെ അടിച്ചുകയററം അവിടെ നില്ക്കുകയും എതിരാളികളെ എതിൎത്തുതോല്പിക്കുവാനുള്ള അവയുടെ സാമൎത്ഥ്യം ഇല്ലാതായിത്തീരുകയും ചെയ്തു.

അപ്രകാരം ദീൎഘകാലത്തോളം അവഗണിക്കപ്പെട്ടു കിടന്നിരുന്ന നവീനഗ്രന്ഥപ്രസ്ഥാനക്കാർ വീണ്ടും സമരകാഹളം മുഴക്കി മുന്നോട്ടുവന്നു. സ്വാഭാവികമായി നവീനപുരാണകാരന്മാർ ടങ്ങ്ചങ്ങ്ഷൂവിൻെറ പിന്നിൽ അണിനിരന്നു. അദ്ദേഹത്തിൻെറ കങ്ങ്യാങ്ങ് വ്യാഖ്യാനം വീണ്ടും വിപുലമായ പൎയ്യവേഷണത്തിന്നു വിധേയമായി. എന്നാൽ പ്രസ്തുത ചിങ്ങ് പണ്ഡിതന്മാർ ടങ്ങിനെപ്പോലെ ആയിരുന്നില്ല. അവർ രാഷ്ട്രീയപരിഷ്കരണവാദികഠം കൂടിയായിരുന്നു. മാസ്റ്റർ കങ്ങിൻെറ സിദ്ധാന്തങ്ങഠം അവരുടെ രാഷ്ട്രീയാഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്നതിന്നുള്ള സുശക്തമായ ഒരായുധമാണെന്നു് അവർ കണ്ടു. അവരെ സംബന്ധിച്ചേടത്തോളം മാസ്റ്റർ കങ്ങ് പുരാതന ആദൎശങ്ങളെ സംപ്രേക്ഷണംചെയ്തിരുന്ന ഒരാഠം മാത്രമായിരുന്നില്ല. കിരീടം വെയ്ക്കാത്ത ഒരു രാജാവും മനുഷ്യസമുദായത്തിൻെറ സംരക്ഷകനുമായിരുന്നു അദ്ദേഹം.

എന്നാൽ ഈ പ്രസ്ഥാനത്തിനു പിന്നിൽ പ്രേരണ ചെലുത്തിയിരുന്ന ശക്തി എന്തായിരുന്നു എന്നാണു് നോക്കേണ്ടതു്. ഇതിനു മറുപടി കണ്ടുപിടിക്കണമെങ്കിൽ പത്തൊമ്പതാം നൂററാണ്ടിൻെറ അവസാനകാലത്തു് ചൈനയിലെ രാഷ്ട്രീയസ്ഥിതി എന്തായിരുന്നുവെന്നു് മനസ്സിലാക്കണം. മഞ്ചുസാമ്രാജ്യത്തിൻെറ അധഃപതനകാലമാ

യിരുന്നു അതു്. അടിച്ചമർത്തപ്പെട്ട ചൈനീസ് ജനതയുടെ ആഭ്യന്തരകലാപവും വിദേശീയരുടെ കൈകടത്തലുകളുമാണു് അതിനു കാരണമാക്കിയതു്. ചിങ്ങ് ഭരണകാലത്തിന്റെ ആരംഭത്തിൽ ചൈനീസ് ബുദ്ധിജീവികൾ നിരുപദ്രവകരമായ പുരാണപഠനത്തിൽമാത്രം ഏർപ്പെട്ടു് ജീവിക്കുകയായിരുന്നു. മഞ്ചുഭരണാധിപന്മാരുടെ സംശയത്തിന്നും തദ്വാരാ ലഭിക്കാനിടയുള്ള ശിക്ഷയ്ക്കും പാത്രീഭൂതരാകരുതെന്നു കരുതിയാണു് അവർ അങ്ങിനെ ചെയ്തിരുന്നതു്. എന്നാൽ പിന്നീടു് അവരുടെ അനുയായികൾ വിദേശീയരായ സാമ്രാജ്യദുർമ്മോഹികൾ ആണു് തങ്ങളുടെ ഏററവും വലിയ ശത്രുക്കൾ എന്നു കണ്ടു. രാഷ്ട്രത്തിന്റെ നിലനില്പിന്നുതന്നെ അവർ ഒരു ഭീഷിണിയായിട്ടാണു് വർത്തിച്ചിരുന്നതു്. രാഷ്ട്രീയപരിഷ്കരണങ്ങൾ താൽക്കാലികമായ ഉപശാന്തികൾക്കുമാത്രമെ പര്യാപ്തമാവുകയുള്ളുവെന്നു് വ്യക്തമായി. കങ്ങ്സിദ്ധാന്തങ്ങളിൽ പരിപൂർണ്ണമായും അധിഷ്ഠിതമായിരുന്ന ചൈനയിലെ പണ്ഡിതന്മാർ അങ്ങിനെ രാഷ്ട്രത്തിന്റെ നിലനില്പിന്നു് പര്യാപ്തമായ ചില രാഷ്ട്രീയസിദ്ധാന്തങ്ങൾ ആവിഷ്കരിച്ചുതുടങ്ങി. മാസ്റ്റർ കങ്ങിന്റെ ആദർശങ്ങളാണു് അവയ്ക്കു് പ്രചോദനം നല്കിക്കൊണ്ടിരുന്നതു്.

ഈ പ്രസ്ഥാനത്തിന്റെ ജനയിതാവു് കാങ്ങ്‌യുവി (1858—1927) എന്ന ഒരു മാന്യനായിരുന്നു. വിചിത്രനായ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. താൻ ഒരു ഋഷിയാണെന്നു് അദ്ദേഹം സ്വയം അവകാശപ്പെട്ടു. അദ്ദേഹത്തിന്റെ നിരവധി പ്രവചനങ്ങൾ അതു തെളിയിക്കുന്നു

ണ്ടു്. മാസ്റ്റർ കങ്ങിൻെറ പ്രതിപുരുഷനാണു് താനെന്നു് അദ്ദേഹം വിശ്വസിച്ചുവന്നു. ഉല്പൂഷ്ചേരു് ഉവായ ആ യുവാവു് തൻെറ രാഷ്ട്രീയപരിപാടികഠം മാസ്റ്റർ കങ്ങിൻെറ പേരിലാണു് പൊതുജനസമക്ഷം അവതരിപ്പിച്ചതു്. കങ്ങ്ചൃ അദ്ദേഹത്തിൻെറ നയപരിപാടികളെ പുരാതന ഋഷിരാജാക്കന്മാരുടെ പേരിലാണല്ലോ അവതരിപ്പിച്ചതു്. അപ്രകാരംതന്നെ മാസ്റ്റർ കങ്ങിനെ ഒരു വലിയ സാമൂഹ്യപരിഷ്കൎത്താവായി കാങ്ങ്യുവി, ചിത്രീകരിച്ചു. ദീൎഘദശിയായ കങ്ങിൻെറ ആശയങ്ങളെയാണു് താൻ പിൻതുടരുന്നതെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. കാങ്ങ്യുവി പറയുന്നതു് മാസ്റ്റർ കങ്ങ് എഴുതിയതാണു് ആറു പുരാണങ്ങളും എന്നാണു്. അതൊരു പ്രചരണായുധമായിരുന്നു. യാവോവും ഷനും കങ്ങ്ചൃവിൻെറ കല്പനാസൃഷ്ടികഠം മാത്രമായിരുന്നിരിക്കണം. അങ്ങിനെയുള്ള രാജാക്കന്മാർ യഥാൎത്ഥത്തിൽ ഉണ്ടായിട്ടുണ്ടെന്നു് വിശ്വസിക്കുവാൻ അദ്ദേഹം തെയ്യാറായിരുന്നില്ല. എന്നാൽ തൻെറ കാൎയ്യത്തിൽ ഇതേ അഭിപ്രായം വെച്ചുപുലൎത്തുന്നതിന്നു് കാങ്ങ്യുവി തെയ്യാറുമായിരുന്നില്ല. ഏററവും വിചിത്രമായി തോന്നുകഅതാണു്.

ടങ്ങ്ചങ്ങ്ഷൂവിൻെറ കങ്ങ്ചൃവെ സംബന്ധിച്ച ചരിത്രസത്യങ്ങളെ ചോദ്യംചെയ്യുന്നതിന്നു് ഋഷിയായ തനിക്കുമാത്രമെ അവകാശമുള്ളുവെന്ന ഒരു ധാരണ അദ്ദേഹത്തിനുണ്ടായിരുന്നു. അതിനെ ന്യായീകരിക്കുവാൻ വേണ്ടി കാങ്ങ്യുവി ഉന്നയിക്കുന്ന വാദങ്ങഠം അടിസ്ഥാനരഹിതങ്ങളും ആക്ഷേപാൎഹങ്ങളുമായിരുന്നു. ഉദാഹര

ണമായി ചരിത്രപരമായ സർവ്വ തെളിവുകൾക്കുമെതിരായി ചൌ പുരാണങ്ങൾ ചിൻ വംശക്കാർ തീയിലിട്ടു നശിപ്പിച്ചിട്ടില്ലെന്നും അവയെ ഹാൻ പണ്ഡിതന്മാർക്കു നല്കുകയാണു ചെയ്തിട്ടുള്ളതെന്നും അദ്ദേഹം പറയുന്നു. ഇത്തരം വസ്തുതകൾ കാണിക്കുന്നതു് കാങ്ങ്യുവി ഒരു പണ്ഡിതനെന്നതിനേക്കാൾ കൂടുതലായി അഹങ്കാരിയായിരുന്നു എന്നതാണു്. തൻെറ രാഷ്ട്രീയാഭിലാഷങ്ങൾ നേടുന്നതിന്നായി ഈ ദർശനത്തെ ഒരുപകരണമാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. തന്നിമിത്തം മാസ്റ്റർ കുങ്ങ് പല വിശ്വാസവഞ്ചനകളും ചെയ്തിട്ടുള്ളതായി അദ്ദേഹം പറയുന്നു. താനാണു് ആ സ്ഥാനത്തെങ്കിൽ അപ്രകാരംതന്നെയാണു് ചെയ്യുക എന്നും അദ്ദേഹം പറയുന്നു. അതിനെ ന്യായീകരിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ ഇങ്ങിനെയെല്ലാമാണെങ്കിൽകൂടി സ്വതന്ത്രമായ ചിന്താഗതിയും നിർഭയമായ അഭിപ്രായപ്രകടനവുംമൂലം കാങ്ങ്യുവി പഴയ പാരമ്പര്യത്തെ വെല്ലുവിളിക്കുകയും യാഥാസ്ഥിതികത്വത്തിന്നു് ഒരു ഭീഷിണിയായിത്തീരുകയും ചെയ്തു. അദ്ദേഹം ഒന്നാംകിട വിമർശകനായിരുന്നില്ലെങ്കിൽകൂടി അന്ധവിശ്വാസങ്ങളിൽനിന്നു് ജനഹൃദയത്തെ പിടിച്ചുകലുക്കുവാൻ അദ്ദേഹത്തിന്നു് കഴിഞ്ഞു. ആധുനികചൈനയിലെ പണ്ഡിതന്മാർക്കു് ഒരു പ്രചോദനംനല്കിയതു് അദ്ദേഹമാണെന്നു് പറയാതിരിക്കാൻ നിവ്വാഹമില്ല.

## സങ്കല്പ സ്വർഗ്ഗലോകം

കാങ്ങ്യുവി ഒരു'സങ്കല്പ സ്വർഗ്ഗലോകത്തെപ്പററി വിഭാവനംചെയ്തിരുന്നു. അതിന്നു് അദ്ദേഹം നല്കിയ പേർ

'മഹത്തായ രാഷ്ട്രകുടുംബം' (*The Great Commonwealth*) എന്നാണു്. ആചാരസംഹിതയിൽനിന്നെടുത്ത ഒരു ഖണ്ഡികയിൽനിന്നാണു് ഈ പേർ സ്വീകരിച്ചതു്. ആദർശപരമായ ഒരു രാഷ്ട്രം സ്ഥാപിക്കുന്നതിന്നുള്ള പ്രചോദനം കാങ്ങ്യുവിന്നു് നല്കിയതു് പ്രസ്തുത ഖണ്ഡികയായിരുന്നു. അതിനെക്കുറിച്ചു് അദ്ദേഹം ഒരു വലിയ പുസ്തകമെഴുതീട്ടുണ്ടു്.

കാങ്ങ്യുവിയുടെ മഹത്തായ രാഷ്ട്രകുടുംബമെന്ന പുസ്തകത്തെപ്പററി പറയുന്നതിന്നുമുമ്പായി കങ്ങ്യാങ്ങ് വ്യാഖ്യാനത്തിലെ മൂന്നു യുഗങ്ങളുടെ അടിസ്ഥാനത്തിൽ സംഭവിക്കുന്ന ചരിത്രപരിണാമത്തെക്കുറിച്ചു് അദ്ദേഹത്തിന്നുണ്ടായിരുന്ന അഭിപ്രായമെന്തായിരുന്നുവെന്നു് വ്യക്തമാക്കാം. ഒന്നാമത്തേതു് ലോകാസ്വാസ്ഥ്യത്തിൻെറ യുഗമാണു്. മാസ്റ്റർ കങ്ങിൻെറ കാലമായിരുന്നു അതു്. അക്കാലത്തു് ശക്തികൊണ്ടോ സ്നേഹപൂർണ്ണമായ നിർബ്ബന്ധംകൊണ്ടോ ഭരണം നടത്തിവന്നു. രണ്ടാമത്തേതു് സമാധാനത്തെ പ്രാപിക്കുന്നതിന്നുവേണ്ടി മുന്നോട്ടുപോകുന്ന യുഗമാണു്. അക്കാലത്തു് ജനങ്ങൾ സുശിക്ഷിതരും രാജ്യകാര്യങ്ങളിൽ പങ്കെടുക്കുന്നവരുമായിരുന്നു. മൂന്നാമത്തേതു് മഹത്തായ സമാധാനത്തിൻെറ യുഗമാണു്. മനുഷ്യവികാസത്തിൻെറ അവസാനത്തെ ദശയുമാണതു്. ഇക്കാലത്തു് ലോകത്തിൽ സാർവ്വത്രികമായി ഐക്യം, ക്ഷേമം, സാഹോദര്യം മുതലായവ ഉണ്ടായിത്തീരുന്നതാണു്. കാങ്ങ്യുവി വീണ്ടും എഴുതുന്നു:—"ഭാവിയിൽ ഈ ഭൂമുഖത്തുള്ള വലുതും ചെറുതുമായ എല്ലാ രാജ്യങ്ങളും തമ്മിൽ

അടുത്ത സഹകരണവും വിശ്വാസവും ഉണ്ടായിരിക്കുമെന്നതിന്നു സംശയമില്ല. അങ്ങിനെ രാജ്യങ്ങളുടെ രാഷ്ട്രീയാതിർത്തികൾ ഇല്ലാതായിത്തീരുകയും വർഗ്ഗവ്യത്യാസങ്ങൾ തിരോഭവിക്കുകയും പാരമ്പര്യങ്ങൾക്കും സംസ്കാരങ്ങൾക്കും ഐകരൂപ്യം വരികയും ചെയ്യുന്നതാണു്. അപ്രകാരം ലോകം മുഴുവനും ശാന്തിയും സമാധാനവും നടമാടുന്നതായിരിക്കും. മാസ്റ്റർ കങ്ങ് എത്രയോ മുമ്പു് ദീർഘദർശനം ചെയ്തിട്ടുള്ള ഒരു വസ്തുതയാണിതു്."

പ്രസ്തുത മൂന്നു യുഗങ്ങളിലുംവെച്ചു് കാങ്ങ്‌യുവിയെ ഏററവുമധികം ആകർഷിച്ചതു് അവസാനത്തെ യുഗമാണു്. അതിൽ ഒരു ലോകഗവൺമെണ്ടു് ഉണ്ടായിത്തീരുമെന്നു് അദ്ദേഹം വിശ്വസിക്കുന്നു. ഐക്യം, സമത്വം, സാഹോദര്യം എന്നീ മൂന്നു മഹത്തായ ആദർശങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുന്നതായിരിക്കും അതു്. കാങ്ങ്‌യുവിൻെറ ലോകഗവൺമെണ്ടു് താഴെ പറയുംപ്രകാരമായിരിക്കും.

1) രാജ്യങ്ങളുടെ രാഷ്ട്രീയാതിർത്തികളെല്ലാം അവസാനിപ്പിക്കുകയും ഭരണസൌകര്യത്തിനുവേണ്ടി നിരവധി ചെറുഘടകങ്ങളായി വിഭജിക്കപ്പെട്ട ഒരു ലോകഗവൺമെണ്ടു് സ്ഥാപിക്കുകയും ചെയ്യുക.

2) കേന്ദ്രഗവൺമെണ്ടും യൂനിററുകളും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നതായിരിക്കും.

3) കുടുംബസമ്പ്രദായം അവസാനിപ്പിക്കപ്പെടുന്നതായിരിക്കും. സ്ത്രീപുരുഷന്മാർതമ്മിലുള്ള വിവാഹബന്ധം ഒരു കൊല്ലത്തിലധികംകാലം നിലനില്ക്കരുതു്.

4) സ്ത്രീകൾക്കു പ്രസവിക്കുന്നതിന്നായി സർവ്വത്ര ആസ്പത്രികൾ സ്ഥാപിക്കണം. കുട്ടികൾക്കുവേണ്ടി നേഴ്സറി സ്കൂളുകളും കിണ്ടർഗാർട്ടൻ സ്കൂളുകളും സ്ഥാപിക്കേണ്ടതാണു്.

5) മുതിർന്ന എല്ലാവർക്കും ഗവർമ്മേണ്ടു് കാർഷികവും വ്യവസായികവുമായ ഉല്പാദനപ്രവർത്തികൾ നല്കണം.

6) രോഗികളെ ആസ്പത്രികളിൽ കിടത്തി സൌജന്യമായി ചികിത്സിക്കണം. വൃദ്ധന്മാർക്കു് നിവസിക്കുവാൻ പ്രത്യേക ഏർപ്പാടുകൾ ഉണ്ടായിരിക്കണം.

7) മേൽപ്പറഞ്ഞ സ്ഥാപനങ്ങളെല്ലാം എല്ലാ ഭരണഘടകങ്ങളിലും ഏററവും നല്ലനിലയിൽ പ്രവർത്തിക്കണം. അങ്ങിനെ അവയിൽ നിവസിക്കുന്നവരുടെ പരിപൂർണ്ണമായ ക്ഷേമവും സൌഖ്യവുമായിരിക്കണം അവയുടെ ലക്ഷ്യം.

8) പ്രായപൂർത്തിവന്ന എല്ലാ സ്ത്രീപുരുഷന്മാരും അത്തരം സ്ഥാപനങ്ങളിൽ ഒരു നിശ്ചിതകാലംവരെ പ്രവർത്തിഎടുക്കണമെന്നു വ്യവസ്ഥയുണ്ടായിരിക്കണം.

9) പൊതുശയനാഗാരങ്ങളും ഭക്ഷണശാലകളും സ്ഥാപിക്കുകയും ഓരോരുത്തരും രാഷ്ട്രത്തിനുവേണ്ടി ചെയ്ത സേവനത്തിൻെറ തോതനുസരിച്ചു് അവയെ ഉപയോഗിക്കുന്നതിന്നു് അനുവദിക്കപ്പെടുകയും വേണം.

10) മടിയന്മാർക്കും ഉല്പാദനം ചെയ്യാത്തവർക്കുമായിരിക്കണം ഏററവും വലിയ ശിക്ഷകൾ നല്കേണ്ടതു്.

11) പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നവക്കും സമുദായസേവനമനുഷ്ഠിക്കുന്നവക്കും പ്രത്യേകമായി പാരിതോഷികങ്ങൾ നല്കേണ്ടതാണു്.

12) വളനിമ്മാണശാലയുടെ അടുത്തായിരിക്കണം ശ്മശാനങ്ങൾ നിമ്മിക്കുന്നതു്. അവിടെവെച്ചു് ശവദാഹം നടത്തണം.

മേൽ പ്രസ്താവിച്ച എല്ലാ നിദ്ദേശങ്ങളും പത്തൊമ്പതാം നൂററാണ്ടിൻെറ അവസാനത്തിൽ പാശ്ചാത്യദേശത്തുനിന്നു് ഇറക്കുമതിചെയ്ത അപരിപക്വമായ ചില ആശയങ്ങളുടെ പ്രതിദ്ധ്വനിയാണെന്നു് കാണാവുന്നതാണു്. പ്രസ്തുത വിചിത്രമായ നിദ്ദേശങ്ങളെപ്പററി മാസ്റ്റർ കങ്ങ് കേൾക്കുകയാണെങ്കിൽ അദ്ദേഹം വല്ലാതെ അമ്പരന്നുപോകുന്നതായിരിക്കും. കങ്ങ്പ്രസ്ഥാനത്തിൻെറ പേരിലാണു് അവ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു് എന്നുള്ളതാണു് ഏററവും ആശ്ചര്യകരമായിരിക്കുന്നതു്. എന്നാൽ അന്നും മാസ്റ്റർ കങ്ങിന്നു് ചൈനയിൽ വമ്പിച്ച സ്വാധീനശക്തിയുണ്ടായിരുന്നുവെന്നും തന്നിമിത്തമാണു് അദ്ദേഹത്തിൻെറ പേരിൽ ഇത്തരം നിദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതു് എന്നും വ്യക്തമാകുന്നുണ്ടു്. സ്വന്തം അഭിപ്രായങ്ങളെ മററുള്ളപേരിൽ അവതരിപ്പിക്കുന്നതിന്നുള്ള കാങ്ങ്യുവിൻെറ മനഃസ്ഥിതിയേയാണു് ഇതു കാണിക്കുന്നതു്. മാത്രമല്ല ചൈനീസ്ജീവിതത്തിൽ വമ്പിച്ച സ്വാധീനത ചെലുത്തിയ കങ്ങ്സിദ്ധാന്തങ്ങളുടെ മുദ്രകുത്തി തൻെറ രാഷ്ട്രീയാഭിലാഷങ്ങളെ കച്ചവടം ചെയ്യാനുള്ള ഒരു ശ്രമംകൂടിയായിരുന്നു അതു്.

പ്രത്യയശാസ്ത്രപരമായ ഇത്തരം ഒരുക്കത്തോടുകൂടിയാണു് കാങ്ങ്‌യുവി രാഷ്ട്രീയത്തിന്റെ ലോകത്തിലേയ്ക്കു് ഇറങ്ങിയതു്. നീല ഉടുപ്പിട്ട ഒരു പണ്ഡിതൻ മാത്രമായിരുന്നുവെങ്കിലും രാഷ്ട്രീയമായ പരിഷ്കരണങ്ങൾക്കുവേണ്ടി ശക്തിയായി വാദിച്ചിരുന്ന അദ്ദേഹം രാജാവിന്നു് പല നിവേദനങ്ങളും സമർപ്പിക്കുകയുണ്ടായി. എന്നാൽ അവയെല്ലാംതന്നെ അവഗണിക്കപ്പെടുകയും ചെയ്തു. എന്നാൽ 1898-ൽ കാങ്ങിന്റെ തുടർച്ചയായ പരിശ്രമങ്ങൾ യുവാവായ ക്വാങ്ങ്‌സു ചക്രവർത്തിയുടെ ദൃഷ്ടിയിൽപ്പെട്ടു. അങ്ങിനെ അദ്ദേഹത്തെ തന്റെ ഉപദേശകനായി നിശ്ചയിച്ചു. വൃദ്ധബുദ്ധനെന്ന പേരിൽ പ്രശസ്തയായിത്തീൎന്ന ഡോവാഗർ രാജ്ഞിയുടെ സുശക്തമായ സ്വാധീനതാവലയത്തിൽനിന്നു് രക്ഷപ്രാപിക്കുവാൻവേണ്ടിയാണു് ചക്രവർത്തി അങ്ങിനെ ചെയ്തതു്. ചക്രവർത്തിയുടെ ചെറിയമ്മയായിരുന്നു രാജ്ഞി. കാങ്ങ്‌യുവിന്റെ നവീനപ്രസ്ഥാനം ചക്രവർത്തി അംഗീകരിച്ചു. രാജ്യമാകെ നടമാടിയിരുന്ന നിരവധി അഴിമതികളും അക്രമങ്ങളും അവസാനിപ്പിക്കുന്നതിന്നായി അദ്ദേഹം വളരെ രാജശാസനങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ രാജസഭയിലുണ്ടായിരുന്ന യാഥാസ്ഥിതികമെമ്പർമാൎക്കു് ഇതു് ഒട്ടുംതന്നെ രുചിച്ചില്ല. അങ്ങിനെ പരിഭ്രാന്തരും നിരാശരുമായ അവർ ഡോവാഗർ രാജ്ഞിയുടെ പിന്നിൽ അണിനിരക്കുകയും ക്വാങ്ങ്‌സുവിന്റെ ഭരണത്തെ തകിടംമറിക്കുകയും ചെയ്തു. അങ്ങിനെ കാങ്ങ്‌യുവിന്റെ ഭരണപരിഷ്കാരങ്ങളെല്ലാം തകൎന്നുതരിപ്പണമായിപ്പോയി. കാങ്ങ്‌യു ജീവരക്ഷാ

ത്ഥം ഹോങ്കോങ്ങിലേയ്ക്കു് ഓടിപ്പോവുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിൻെറ അനുയായികളിൽ പലരും വൃദ്ധബുദ്ധൻെറ കഠിനമായ കോപത്തിന്നും പ്രതികാരത്തിന്നും പാത്രീഭൂതരായിത്തീൎന്നു.

## മാസ്റ്റർ കങ്ങിന്നു് ദിവ്യത്വം നല്കാനുള്ള പാഴ്വേല

1911-ൽ നടന്ന ചൈനീസ്‌വിപ്ലവം കാങ്ങ്‌യുവിയെ 1898-ലെ വിപ്ലവാചാര്യനും തകൎന്നുവീണ മഞ്ചുസാമ്രാജ്യത്തിൻെറ ഒരു വലിയ അനുകൂലിയും ആയിട്ടാണു് കണ്ടതു്. നവീന റിപ്പബ്ലിക്കു് സ്ഥാപിതമായതിന്നുശേഷം ആദ്യകാലങ്ങളിൽ രാഷ്ട്രമതത്തിൻെറ സ്ഥാപകനെന്ന നിലയ്ക്കു് കങ്ങ്‌ഫ്യൂവിനെ സ്ഥാനാരോഹണം ചെയ്യുവാൻവേണ്ടി കാങ്ങ്‌യു ഒരു വ്യൎത്ഥാശ്രമം നടത്തുകയുണ്ടായി. അക്കാലത്തെ രാഷ്ട്രീയസ്ഥിതികൾ ഈ ശ്രമത്തിന്നു ഒരിക്കലും തടസ്ഥമായിരുന്നില്ല. സൻയാററ്‌സനും അദ്ദേഹത്തിൻെറ കൂട്ടുകാരുംകൂടി സ്ഥാപിച്ച നവീനരാഷ്ട്രം ബാലാരിഷ്ടതകൾ ധാരാളമായി അനുഭവിക്കുന്നുണ്ടായിരുന്നു. എന്നാൽ യുവാൻഷിക്കായ് എന്ന യുദ്ധപ്രേമിയായ ഒരു മനുഷ്യനായിരുന്നു ഭരണത്തിൻെറ സാരഥ്യം വഹിച്ചിരുന്നതു് എന്നുള്ളതായിരുന്നു അത്യന്തം പരിതാപകരമായിരുന്നതു്. യുവാൻ മാസ്റ്റർ കങ്ങിൻെറ ആധിപത്യത്തെ വകവെച്ചുകൊടുക്കുന്നതിന്നു് വിസമ്മതിക്കുകയുണ്ടായില്ല. തന്നിമിത്തം പ്രസ്തുത പ്രസ്ഥാനം കാലോചിതമായിരുന്നു എന്നുവേണം പറയുവാൻ. പക്ഷെ സൎവ്വകലാ

ശാലാവിദ്യാഭ്യാസം നേടിയ ഒരുകൂട്ടം ബുദ്ധിജീവികളുടെ ശക്തിയായ എതിർപ്പിന്നു് അതു വിധേയമായിത്തീൻ്റു.

പ്രസ്ഥാനത്തിൻെറ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നതിന്നുമുമ്പായി ഒരു കാര്യം ഇവിടെ വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു. നിരവധി പാശ്ചാത്യപണ്ഡിതന്മാരും മിഷ്യനറിമാരും മുദ്രയടിച്ചതുപോലെ കൺഫ്യൂഷ്യൻ പ്രസ്ഥാനത്തിൻെറ യാഥാസ്ഥിതികസ്വഭാവം ഒരിക്കലും ഒരു മതമായി വളൻ്റിട്ടില്ല എന്നുള്ളതാണു് അതു്. കൺഫ്യൂഷ്യൻസിദ്ധാന്തങ്ങളെ നിങ്ങൾ ഒരു നൈതികപ്രസ്ഥാനം എന്നു വിളിച്ചുകൊള്ളുക. ആചാരാനുഷ്ഠാനസംഹിത ഒരു പ്രത്യേക ജീവിതമാൎഗ്ഗം, ഒരു തത്വശാസ്ത്രം, ചരിത്രം, സാഹിത്യം, സംസ്കാരം എന്നിവയെല്ലാം അതിൻെറ അംഗങ്ങളായിരുന്നു. പക്ഷെ, മതമെന്ന പേരിലോ ബോധത്തിലോ അതു് അറിയപ്പെട്ടിരുന്നില്ല. പുരാതനന്മാരെ ആരാധിക്കുക എന്നതു് ചൈനീസ്ജനതയുടെ ഒരു സ്വഭാവവിശേഷമായിരുന്നു. അപത്യതാസിദ്ധാന്തം അതിനെ പിൻതുടൎന്നു. ഇവ രണ്ടുമായിരുന്നു കൺഫ്യൂഷ്യൻപ്രസ്ഥാനത്തിൻെറ രണ്ടു നെടുംതൂണുകൾ. എന്നാൽ ഇതുകൊണ്ടു് കൺഫ്യൂഷ്യൻപ്രസ്ഥാനം ഒരിക്കലും ഒരു മതത്തിൻെറ രൂപം കൈക്കൊണ്ടിട്ടില്ല. മാസ്റ്റർ കങ്ങിൻെറ സമാധിസ്ഥലത്തു് മൃഗബലികൾ നടക്കാറുണ്ടെങ്കിലും അദ്ദേഹത്തിന്നു് ഈശ്വരത്വം കല്പിച്ചുകൊടുക്കുവാൻ ഇതുവരെ ആരുംതന്നെ ഒരുങ്ങീട്ടില്ല. ചുരുക്കത്തിൽ തനിയ്ക്കു ദിവ്യത്വമുള്ളതായി കൺഫ്യൂഷ്യസ് ഒരിക്കലും അവകാശപ്പെടുകയുണ്ടായിട്ടില്ലെന്നുള്ളതാണു് പരമാൎത്ഥം. അലൌകികവും കപടഭക്തിയുമാ

ക്കൊള്ളുന്നതുമായ ഒരു വിശ്വാസത്തെ അദ്ദേഹം പ്രവചിച്ചിട്ടുമില്ല. ഇതു വ്യക്തമാക്കുന്നതു് കങ്ങ്ഫ്യൂവിന്നു് മതവുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല എന്നുള്ളതാണു്. അതിനുംപുറമേ കങ്ങ്ഫ്യൂവിന്നു നിരവധി ബഹുമതികഠം ലഭിച്ചിട്ടുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പേരിൽ ഉള്ള ഒരു പൌരോഹിത്യസമ്പ്രദായം ആവിഷ്കരിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ടു് ഈ ദശ്നത്തെ ചൈനീസ്ജനത ഒരു മതമായി അംഗീകരിക്കുകയുണ്ടായില്ല. എല്ലാമതങ്ങഠംക്കും മൌലികമായ ചില സിദ്ധാന്തങ്ങഠം ഉണ്ടായിരിക്കും. എന്നാൽ എല്ലാ സിദ്ധാന്തസംഹിതകളും മതങ്ങളായിരിക്കുകയുമില്ല. കങ്ങ്പ്രസ്ഥാനത്തിന്നാകട്ടെ അങ്ങിനെയൊരു സിദ്ധാന്തസംഹിതയില്ല. ഇതു് മേൽ പ്രസ്താവിച്ച വിശ്വാസത്തെ കൂടുതൽ സുദൃഢമാക്കിത്തീക്കുകയാണു് ചെയ്യുന്നതു്.

എന്നാൽ പല പാശ്ചാത്യരാജ്യങ്ങളിലേയും രാഷ്ട്രമതം ക്രിസ്തുമതമാണല്ലോ. ഇതു മനസ്സിലാക്കിയ നിരവധി കങ്ങ്പ്രസ്ഥാനക്കാർ ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിൽ കങ്ങ്സിദ്ധാന്തങ്ങളെ ചൈനയിലെ രാഷ്ട്രമതമാക്കിത്തീക്കുവാൻവേണ്ടി കൊണ്ടുപിടിച്ച ഒരു ശ്രമം നടത്തുകയുണ്ടായി. അവരിൽ ഏററവും പ്രധാനിയായിരുന്നതു് ചെങ്ങ്ഹ്വാൻചാങ്ങ് എന്ന മനുഷ്യനായിരുന്നു. അദ്ദേഹം അമേരിക്കൻ യൂനിവേഴ്സിററിയിൽപോയി പഠിച്ച് മടങ്ങിവന്ന ഒരു മാന്യനാണു്. കൺഫ്യൂഷിയസ്സിന്റെ സാമ്പത്തികസിദ്ധാന്തങ്ങഠം (*Economic Principles of Confucius*) എന്ന പേരിൽ രണ്ടു വാല്യ

ങ്ങൾ ഉള്ള ഒരു നല്ല ഇംഗ്ലീഷ് പുസ്തകം അദ്ദേഹം എഴുതീട്ടുണ്ട്. ചെങ്ങ് കാങ്ങ്യുവിൻെറ അനുയായിയും കങ്ങ് സിദ്ധാന്തങ്ങളുടെ പ്രചാരകനും ആയിരുന്നു. അദ്ദേഹത്തിൻേറയും കൂട്ടുകാരുടേയും പരിശ്രമഫലമായി രാജ്യമാകെ കങ്ങ്സൊസൈററികൾ സ്ഥാപിതമാവുകയും കങ്ങ് സാഹിത്യങ്ങൾ പഠിക്കുന്നതിന്നുള്ള ഏപ്പാടുകൾ ചെയ്യപ്പെടുകയും ചെയ്തു. അങ്ങിനെ 1915-ൽ ഭരണഘടനാനിമ്മാണസഭ സമ്മേളിച്ചപ്പോൾ കാങ്ങ്വിഭാഗക്കാർ കങ്ങ്സിദ്ധാന്തങ്ങളെ രാഷ്ട്രമതമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു ഖണ്ഡിക ഭരണഘടനയിൽ ചേക്കണമെന്നു് ശക്തിയായി വാദിച്ചു. തന്നിമിത്തം ഒരു വമ്പിച്ച പ്രക്ഷോഭംതന്നെ ഉണ്ടായി. വിപ്ലവകാരികളുടെ ശക്തിയായ ഒരു സംഘവുമായി കങ്ങ്പ്രസ്ഥാനക്കാക്ക് ഏററുമുട്ടേണ്ടിവന്നു. യുവാൻഷിക്കായ് കങ്ങ്പ്രസ്ഥാനക്കാരുടെ അഭിപ്രായത്തെ സ്വാഗതംചെയ്തുവെങ്കിലും എതിരാളികളുടെ വമ്പിച്ച പിൻബലത്തെപ്പററി മനസ്സിലാക്കിയപ്പോൾ അക്കാര്യം തല്ക്കാലം നിത്തിവെയ്ക്കുകയായിരിക്കും നന്നായിരിക്കുക എന്നു് അദ്ദേഹത്തിന്നു തോന്നി. നിരവധി പ്രക്ഷോഭങ്ങൾക്കുശേഷം കരടുഭരണഘടനാസമിതി കങ്ങ്ച്യൂവിൻെറ സിദ്ധാന്തങ്ങൾക്കുള്ള ധാമ്മികമായ ഔന്നത്യത്തെ അംഗീകരിച്ചുകൊണ്ടുള്ള ഒരു ഒത്തുതീപ്പുപ്രമേയം പാസ്സാക്കി. എന്നാൽ രാഷ്ട്രമതമായി അതിനെ അംഗീകരിച്ചില്ല. ഏതായാലും പ്രസ്തുത ഭരണഘടന നടപ്പിൽ വരികയുണ്ടായില്ല. കങ്ങ്പ്രസ്ഥാനക്കാരുടെ ആഗ്രഹം സഫലമായതുമില്ല. അതു് അവസാനത്തിൽ തി

ന്നത്തി എഴുതുകയാണു് ചെയ്തതു്. മാസ്റ്റർ കങ്ങിന്നു് ദിവ്യത്വം നല്കാനുള്ള അവരുടെ പാഴ്വേല ഒരു വമ്പിച്ച പരാജയമായി പരിണമിച്ചു. ഒരു നവീനയുഗത്തിൻെറ പിറവിയുടെ ഘട്ടമായിരുന്നു അതു്.

## മാസ്റ്റർ കങ്ങും മക്കളും നശിക്കട്ടെ!

കങ്ങ് പ്രക്ഷോഭം ഭരണഘടനാനിർമ്മാതാക്കളുടെ ഇടയിൽ ശക്തിയായി നടന്നുകൊണ്ടിരുന്ന അവസരത്തിൽ നവീനറിപ്പബ്ലിക്കിൽ ഒരു പുതിയ വിപ്ലവപ്രസ്ഥാനം ശക്തിയായി വളൎന്നുകൊണ്ടിരുന്നു. ബുദ്ധിജീവികളുടെ ദ്ധസ്വരമായിരുന്നു അതിൽ പ്രതിദ്ധ്വനിച്ചിരുന്നതു്. രാജശാസനത്തിൻെറ അന്ത്യഘട്ടംമുതല്ക്കുതന്നെ കങ്ങ് സിദ്ധാന്തങ്ങളെ ആധാരമാക്കിക്കൊണ്ടുള്ള പുരാതനവിദ്യാഭ്യാസസമ്പ്രദായം പാശ്ചാത്യരാജ്യങ്ങളിൽനിന്നു വന്നുചേൎന്ന നവീനസമ്പ്രദായത്തിന്നു് വഴി മാറിക്കൊടുക്കുവാൻ തുടങ്ങിയിരുന്നു. കങ്ങ് പുരാണങ്ങളുടെ സ്ഥാനത്തു് ആധുനികവിഷയങ്ങളായ ഭൌതികശാസ്ത്രംമുതലായവ പഠിപ്പിക്കുവാൻ തുടങ്ങി. പഴയ കാലത്തുണ്ടായിരുന്ന യുവാക്കളെപ്പോലെ ആധുനികയുവാക്കൾ കങ്ങ് പുരാണങ്ങൾ ഉറക്കെ ഉരുവിട്ടുകൊണ്ടു് നടന്നിരുന്നില്ല. അതിനേക്കാൾ പ്രധാനമായ മറെറാരുകാൎയ്യംകൂടിയുണ്ടായി. മിങ്ങ് വംശക്കാരും ചിങ്ങ് വംശക്കാരും ഭരണം നടത്തിയിരുന്ന കാലത്തുണ്ടായിരുന്ന പരീക്ഷാസമ്പ്രദായങ്ങൾ അവസാനിപ്പിച്ചതായിരുന്നു അതു്. അങ്ങിനെ അഷ്ടപാദ ഉപന്യാസങ്ങൾ എഴുതിക്കൂട്ടുന്നതിന്നുവേണ്ടി പണ്ഡിതന്മാൎക്കു് അവ

രുടെ മേധാശക്തിയെ ദുരുപയോഗം ചെയ്യേണ്ടതായി വന്നില്ല. സ്വതന്ത്രമായ പ്രസ്തുത അന്തരീക്ഷത്തിൽ ഒരു പുതിയതരം ബുദ്ധിജീവികൾ വളൎന്നുവന്നു. അവർ പാശ്ചാത്യശാസ്ത്രപഠനത്തിൽ പരിശീലനം നേടിയവരും രാഷ്ട്രത്തിന്നു് ഒരു പുതിയ നേതൃത്വം നല്കുവാൻ ആഗ്രഹിച്ചിരുന്നവരുമായിരുന്നു. അങ്ങിനെ മദ്ധ്യകാലീനമായ ബന്ധനങ്ങൾ അറുത്തു് ചൈന ഒരു പുതിയ ലോകത്തിലേയ്ക്കു കടക്കുകയായിരുന്നു. നവീനവ്യവസ്ഥിതിക്കുവേണ്ടി ശക്തിപൂൎവ്വം വാദിക്കുകയും പ്രവൎത്തിക്കുകയും ചെയ്തുവന്ന പ്രസ്തുത ആധുനികയുവാക്കൾ പഴയതാണെന്നുതോന്നിയ എന്തിനേയും നിശിതമായി എതിൎത്തു. കൂട്ടത്തിൽ കങ്ങ്ച്ച്യൂവിനേയും അവർ വെറുതെ വിട്ടില്ല. ചുരുക്കത്തിൽ ചൈനീസ്ജീവിതത്തിലെ കാററും കോളും നിറഞ്ഞ ഒരു കാലഘട്ടമായിരുന്നു അതു്.

കങ്ങ്വിരുദ്ധപ്രസ്ഥാനത്തിൻെറ നെടുനായകനായിരുന്നതു് ചെൻട്ടസ്യൂ എന്ന ഒരു മനുഷ്യനായിരുന്നു. പെക്കിങ്ങിലെ ദേശീയസൎവ്വകലാശാലയിലെ ഒരു പ്രൊഫസർ ആയിരുന്നു അദ്ദേഹം. 'നവയുവാവു്' എന്ന ഒരു വാരികയുടെ പത്രാധിപരുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ സഹപ്രവൎത്തകനായിരുന്ന ഹുഷി ചൈനീസ് സാഹിത്യത്തിൽ നവീനമായ ചില പ്രവണതകളെ സൃഷ്ടിച്ചു. ചരിത്രപ്രധാനമായ ഒരു സംഭവമായിരുന്നു അതു്. തികച്ചും നാടനായ ഒരു ഭാഷയും സാഹിത്യവും ആവിഷ്കരിച്ച നവയുവവിഭാഗക്കാർ ചൈനീസ്ജനതയുടെ മനസ്സിനെ ഫ്യൂഡലിസത്തിൻെറ കെട്ടുപാടുകളിൽനിന്നു് വി

മോചിപ്പിക്കുവാൻവേണ്ടി അശ്രാന്തപരിശ്രമം നടത്തി. പാശ്ചാത്യരുടെ ശാസ്ത്രീയവും ജനാധിപത്യപരവുമായ ആശയങ്ങളാകുന്ന ആയുധമാണു് അതിന്നു് അവർ ഉപയോഗിച്ചതു്. 1911_ൽ നടന്ന വിപ്ലവം ജനാധിപത്യപരമായ ഒരു ഗവമ്മേണ്ടു് സ്ഥാപിക്കുന്നതിന്നു് സഹായകമായിത്തീൎന്നിട്ടുണ്ടെങ്കിൽ അതിനെത്തുടൎന്നു് 1917_ൽ ആരംഭിച്ച സാഹിത്യപരമായ വിപ്ലവം ചൈനീസ് ബുദ്ധിജീവിതത്തിൽ വമ്പിച്ച സ്വാധീനത ചെലുത്തുവാൻ പൎയ്യാപ്തമായിത്തീൎന്നിട്ടുണ്ടു്.

സാഹിത്യപ്രസ്ഥാനത്തിലെ പ്രസ്തുത വിപ്ലവകാരികളുടെ മാൎഗ്ഗത്തിൽ ഏററവും വലിയ ഒരു തടസ്ഥമായി നില്ക്കുന്നതു് കങ്ങ്യാഥാസ്ഥിതികത്വമാണെന്നു് മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. 2000 കൊല്ലങ്ങളായി അതു് ചൈനീസ് ജീവിതത്തിൽ സ്വാധീനത ചെലുത്തിക്കൊണ്ടിരിക്കുന്ന ഒന്നാണു്. ബി. സി. 136_ൽ വൂ ചക്രവൎത്തിയുടെ രാജകീയവിളംബരം മുതല്ക്കു്. കങ്ങ്ഫ്യൂവിൻെറ ചരിത്രപ്രസിദ്ധമായ പ്രസ്തുത സിദ്ധാന്തങ്ങൾക്കു് അതിൻേറതായ ദോഷങ്ങളും ഗുണങ്ങളും ഉണ്ടു്. ഒരു കാൎയ്യം സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ജ്ഞ ദൎശനത്തിൻെറ അവിരാമമായ പ്രസ്തുത പ്രവാഹം ഒരിക്കലും വാററിവരണ്ടുപോകുകയോ നിശ്ചലമായിത്തീരുകയോ ചെയ്തിട്ടില്ല. സങ്ങ്വംശജരും മിങ്ങ്വംശജരുമായ ചിന്തകന്മാരുടെ കയ്യിൽ എത്തിച്ചേൎന്ന അതു് പുനൎജ്ജന്മം കൈക്കൊണ്ടു. എന്നാൽ മിങ്ങ്ശാസനകാലത്തിൻെറ അവസാനത്തേതായ മൂന്നോ നാലോ നൂററാണ്ടുകളിൽ കങ്ങ്പ്രസ്ഥാന

ത്തിൽ നിരവധി പിൻതിരിപ്പൻശക്തികളും ഫ്യൂഡൽ ആദശ്ശങ്ങളും കടന്നുകൂടീട്ടുണ്ടെന്നു് പറയാതിരിക്കാൻ നിവ്വാഹമില്ല. അങ്ങിനെ അതിന്നു് വളരെ മാലിന്യങ്ങഠം വന്നുചേൻ. അതേ അവസരത്തിൽതന്നെ ചിങ്ങ്കാലത്തുണ്ടായിരുന്ന പുരാണപണ്ഡിതന്മാർ രാഷ്ട്രീയശിക്ഷകളിൽനിന്നു് രക്ഷപ്പെടുന്നതിന്നായി സാങ്കേതികവും ഭാഷാശാസ്ത്രപരവുമായ പഠനങ്ങളിൽമാത്രം മുഴുകി ജീവിച്ചുവന്നു. അങ്ങിനെ നിർദ്ദയന്മാരും സ്വാത്ഥികളുമായിരുന്ന മഞ്ചുസാമ്രാജ്യാധിപന്മാർ ഈ ദശ്നത്തെ സ്വന്തം സ്വാത്ഥതാല്പര്യങ്ങഠംക്കും ചൈനീസ്ജനതയെ അടിച്ചമത്തി ഭരിക്കുന്നതിന്നുംവേണ്ടി ഉപയോഗപ്പെടുത്തി. തന്നിമിത്തം കങ്ങ്ഫ്യൂവിൻെറ പേരിൽ വലിയ ചീത്തപ്പേരിന്നു് അവർ ഇടയാക്കിത്തീത്തു. കങ്ങ്പ്രസ്ഥാനം സാമ്രാജ്യദ്രോഹികഠംക്കും സ്വേച്ഛാധിപതികഠംക്കും യഥേഷ്ടം വിഹരിക്കുന്നതിന്നുള്ള ഒരു ഉപകരണമായിത്തീൻ. ആ വിഷം രാഷ്ട്രത്തിൻെറ ആത്മാവിന്നുകൂടി ബാധിച്ചു. ചൈനീസ് റിപ്പബ്ലിക്കിൻെറ ആരംഭികകാലത്തുണ്ടായിരുന്ന സ്ഥിതിവിശേഷമായിരുന്നു ഇതു്. അതിനാൽ നവയുവപ്രസ്ഥാനക്കാരുടെ ദൃഷ്ടിയിൽ കങ്ങ്പ്രസ്ഥാനക്കാർ പിൻതിരിപ്പന്മാരും യാഥാസ്ഥിതികന്മാരും ആയി കണ്ടതിൽ അത്ഭുതപ്പെടുവാനില്ല. അങ്ങിനെ കങ്ങ്വിരുദ്ധപ്രസ്ഥാനം അതിശക്തിയായി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.

വിരുദ്ധമുന്നണിയുടെ പ്രധാനവക്താവായ ചെൻട്ടൂസ്യൂ കങ്ങ്മതമെന്ന ആശയത്തെ ആദ്യമായി എതിത്തു. കങ്ങ്സിദ്ധാന്തങ്ങളിൽ ഒരു മതത്തിന്നുവേണ്ട യാതൊ

ന്ധംതന്നെയില്ലെന്നു് അദ്ദേഹം വാദിച്ചു. അതിനെ ഒരിക്കലും ഒരു രാഷ്ട്രമതമാക്കുക സാദ്ധ്യമല്ല. കൂടാതെ ഒരു നൈതികതത്വശാസ്ത്രമെന്ന നിലയ്ക്കു് ആധുനികജീവിതവുമായി ഇണങ്ങിച്ചേരുന്നതിന്നു് അതിൻെറ സിദ്ധാന്തങ്ങൾ അപര്യാപ്തമാണു്. ഭൌതികശാസ്ത്രത്തിൻെറയും പ്രജായത്തവ്യവസ്ഥയുടേയും നിഷേധമാണതു്. അതിനാൽ പഴകിജീർണ്ണിച്ച ഒരു തൊപ്പി ദൂരെ എറിയുന്നതുപോലെ അതിനെ ത്യജിക്കണം. ഈ സിദ്ധാന്തങ്ങളെ സാമ്രാജ്യതല്പരന്മാർ ഹികൾ സൈനികീകരണത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ടെന്നും വിരുദ്ധമുന്നണിക്കാർ ആക്ഷേപിച്ചു. അങ്ങിനെ ലോകമേധാവിത്തത്തിന്നും മാനുഷികസ്വാതന്ത്ര്യത്തെ തടയുന്നതിന്നുംവേണ്ടിയാണു് കൺഫ്യൂഷ്യൻ പ്രസ്ഥാനക്കാർ നിലകൊള്ളുന്നതെന്നു് അവർ കുററപ്പെടുത്തി. ചൈനീസ്സ്ത്രീകളുടെ അസ്വാതന്ത്ര്യത്തിന്നു കാരണം കൺഫ്യൂഷ്യൻ സിദ്ധാന്തങ്ങളിൽ ഒന്നായ സഭ്യതയാണെന്നു് അവർ പ്രഖ്യാപിച്ചു. അപ്രകാരം മാസ്റ്റർ കങ്ങ് തികച്ചും ഒരു ഫ്യൂഡലിസ്റ്റായിരുന്നുവെന്നു് അവർ സമർത്ഥിച്ചു. ചൈനീസ്സമുദായത്തിൽ അഴിമതികൾ വളർത്തിയതു് കങ്ങ് സിദ്ധാന്തങ്ങളാണു്. ചൈനയെ സുശക്തവും ആധുനികവുമായ ഒരു രാഷ്ട്രമായി വളൎന്നുവരുവാൻ അവ അനുവദിച്ചില്ല. അങ്ങിനെ കങ്ങ്ച്യൂവും മക്കളും നശിക്കട്ടെ എന്ന മുദ്രാവാക്യവുമായി അവർ മുന്നേറിക്കൊണ്ടിരുന്നു.

ചെൻട്ടൂസ്യൂ നേതൃത്വം നല്കിയ ഭയങ്കരമായ ഈ പ്രസ്ഥാനത്തിന്നു് ചൈനയിലെ മിക്ക യുവാക്കളും പിൻതുണ നല്കി. അങ്ങിനെ പ്രതീക്ഷിച്ചതുപോലെ കങ്ങ്പ്ര

സ്ഥാനം തകൎന്നു തരിപ്പണമായിത്തീരുന്ന ഒരു സ്ഥിതിവിശേഷത്തെ പ്രാപിച്ചു. അനുദിനം സ്ഥിതി കൂടുതൽ വഷളായിക്കൊണ്ടിരുന്നു. അക്കാലത്തു് രാഷ്ട്രത്തലവനായ യ്വാൻഷിക്കായ് മരിച്ചു. ചൈനയിലെ ചക്രവൎത്തിയായിത്തീരുന്നതിന്നുവേണ്ടി അദ്ദേഹം നടത്തിയ കഠിനപരിശ്രമം പരാജയപ്പെടുകയും തന്നിമിത്തം ഹൃദയസ്തംഭനം മൂലം മൃതിയടയുകയുമാണു് ചെയ്തതു്. കാങ്ങ്‌യുവി പൊതുജീവിതത്തിൽനിന്നു് വിരമിക്കുകയും ചെയ്തു. 1917_ൽ മഞ്ചുസാമ്രാജ്യത്തെ പുനഃസ്ഥാപിക്കുവാൻവേണ്ടി അദ്ദേഹം നടത്തിയ പരിശ്രമം പരാജയപ്പെട്ടതിന്നുശേഷമാണു് അങ്ങിനെ ചെയ്തതു്. അപ്രകാരം നേതാക്കന്മാരെല്ലാം അപ്രത്യക്ഷമായതോടുകൂടി കങ്ങ്‌പ്രസ്ഥാനക്കാർ അപമാനിതരും ദുഃഖിതരുമായിത്തീരുകയും ക്രമേണ ഇരുട്ടിൽ അപ്രത്യക്ഷമായിത്തീരുകയും ചെയ്തു.

### പുനഃപ്രകാശം

ഏതായാലും അവസാനവിധിയെഴുതുന്നതിന്നുമുമ്പായി കങ്ങ്‌സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ആലോചന നിൎത്തിവെയ്ക്കപ്പെട്ടു. 20 നൂററാണ്ടുകളോളം കാലമായി ചൈനീസ് ജീവിതത്തെ നിയന്ത്രിച്ചുവന്നിരുന്ന അതിനെ എതിരാളികളുടെ എത്ര ശക്തിയായ എതിൎപ്പുണ്ടായിരുന്നാൽപോലും അല്പകാലംകൊണ്ടു് തകൎക്കുക സാദ്ധ്യമായിരുന്നില്ല. ചൈനീസ്‌സമുദായത്തിന്നു് കെട്ടുറപ്പു് ഉണ്ടാക്കിയിരുന്നതു് കുടുംബസമ്പ്രദായമായിരുന്നു. കങ്ങ്‌സിദ്ധാന്തങ്ങളുടെ ജീവനാഡിയും അതാണു്. എന്നാൽ പാശ്ചാ

ത്യാദൎശങ്ങൾ വന്നതോടുകൂടി കുടുംബവ്യവസ്ഥയ്ക്ക് ഇള ക്കംതട്ടുവാൻ തുടങ്ങി. അതോടൊപ്പം കങ്ങ്പ്രസ്ഥാന ത്തിൻെറ അധഃപതനവും ആരംഭിച്ചു. എന്നാൽ എത്ര ഭയങ്കരമായ വിപ്ലവത്തിന്നും ഒരു തലമുറകൊണ്ടോ മറോ സാധിക്കാവുന്ന ഒരു കാര്യമായിരുന്നില്ല അത്. ഭയങ്കര മായ കാററും കോളും ഉണ്ടായിരുന്നിട്ടുപോലും കങ്ങ്പ്ര സ്ഥാനം അതിൻെറ പാരമ്പര്യത്തെ നിലനിൎത്തിക്കൊ ണ്ടുപോന്നു.

ആധുനികകാലത്തുണ്ടായ നിരവധി നവീനപ്രവ ണതകൾക്ക് മാസ്റ്റർ കങ്ങ് പ്രചോദനം നല്കീട്ടുണ്ടെന്നു ള്ളതിന്നു ധാരാളം ലക്ഷ്യങ്ങളുണ്ട്. ചൈനയിലെ ദേശീ യസംസ്കാരത്തെ നിലനിൎത്തുന്നതിന്നുവേണ്ടിയുള്ള പ്ര ക്ഷോഭം അദ്ദേഹത്തിൻെറ ആദൎശങ്ങളോട്ട് അടുത്തബ ന്ധമുള്ളതായിരുന്നു. പാശ്ചാത്യദേശങ്ങളിൽനിന്നു നവീ ന ബുദ്ധിജീവികൾവഴിയായി ഇറക്കുമതി ചെയ്യപ്പെട്ട ആ ദൎശങ്ങൾ സൃഷ്ടിച്ച പ്രതികരണം അതിനൊരു ഉദാഹര ണമാണ്. ചാങ്ങ്ടായ്യെൻ എന്ന ഒരു പൌരാണിക പ്രേമി പാശ്ചാത്യാദൎശങ്ങളുടെ അടിച്ചുകയററത്തെ തടയു വാനായി ഒരു കുരിശുയുദ്ധംതന്നെ ആരംഭിക്കുകയുണ്ടായി. തൻെറ സൎവ്വകലാശാലയിൽ അദ്ദേഹം കങ്ങ്സിദ്ധാന്ത ങ്ങൾക്കു പ്രാമുഖ്യം നല്കി. ഹൂഷിയും കൂട്ടുകാരും പറയുന്ന തുപോലെ പാശ്ചാത്യാദൎശങ്ങളെ പ്രചരിപ്പിച്ചതുകൊണ്ട് ചൈനയുടെ വിഷമതകൾ നീങ്ങുവാൻപോകുന്നില്ലെന്നു വിശ്വസിച്ചുവന്ന ഒരു സംഘം പണ്ഡിതന്മാർ അദ്ദേഹ ത്തെ സഹായിച്ചു. ചൈനയിലെ പുരാതനസംസ്കാര

ത്തേയും നാഗരികതത്വത്തേയും പുനഃർജ്ജീവിപ്പിക്കുന്നതുകൊണ്ടുമാത്രമേ അതു സാധിക്കുകയുള്ളുവെന്നു് അവർ വിശ്വസിച്ചു. 'പ്രായോഗികകാര്യങ്ങൾക്കു് പാശ്ചാത്യാദർശങ്ങളും അടിസ്ഥാനപരമായ ജീവിതത്തിന്നു് ചൈനീസ്സംസ്കാരവും' എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. ചൈനീസ്സംസ്കാരമെന്നാൽ കങ്ങ്സംസ്കാരമെന്നാണു് അർത്ഥം. കാരണം രണ്ടായിരത്തിലധികം കൊല്ലമായി ചൈനീസ്ജീവിതത്തെ രൂപപ്പെടുത്തിക്കൊണ്ടിരുന്നതു് അതാണു്. കാങ്ങ്യുവിയെപ്പോലെയോ ചെൻഹ്വാൻചാങ്ങിനെപ്പോലെയോ കങ്ങ്യുഗത്തിലേയ്ക്കു പരിപൂർണ്ണമായും മടങ്ങിപ്പോകണമെന്നു് വാദിക്കുന്നവർ ഉണ്ടാവുമെന്നു് തോന്നുന്നില്ല. എന്നാൽ മദ്ധ്യമാർഗ്ഗത്തെ അവലംബിക്കുന്നവരായിരിക്കും അധികപേരും. അതായതു് ഈ പാരമ്പര്യത്തിന്റെ ഊർജ്ജസ്വലതയെ നിലനിർത്തുന്ന പുരാതനസാഹിത്യങ്ങളുടെ പുനഃർജ്ജീവനം രാഷ്ട്രപുരോഗതിക്കു് അത്യാവശ്യമാണെന്നു് അവർ വിശ്വസിച്ചുവന്നു.

ചൈനീസ്പണ്ഡിതന്മാരിൽ മറെറാരു പ്രവണതയും കാണപ്പെടുകയുണ്ടായി. അതായതു് കങ്ങ്ദർശനത്തിന്നു് ഒരു നവീനരൂപം കൊടുക്കുന്നതിന്നുള്ളതായിരുന്നു അതു്. അതു് പാശ്ചാത്യദർശനങ്ങളുടെ വെളിച്ചത്തിൽ ആയിരിക്കണമെന്നു് അവർ കരുതി. പ്രസ്തുത പ്രസ്ഥാനത്തിൽ പ്രമുഖനായിരുന്നതു് ല്യാങ്ങ്സൌമിങ്ങ് എന്ന ഒരു മാന്യനായിരുന്നു. അദ്ദേഹം തത്വശാസ്ത്രങ്ങളേയും, നാഗരികതത്വങ്ങളേയും പററി താരതമ്യവിവേചനാപരമാ

യ ഒരു പഠനം നടത്തി. പാശ്ചാത്യദേശങ്ങളിലേയും പൌരസ്ത്യദേശങ്ങളിലേയും സവ്വ തത്വശാസ്ത്രങ്ങളും അദ്ദേഹം പരിശോധിച്ചു. അവയുടെ കുറവുകളേയും നേട്ടങ്ങളേയും കണ്ടുപിടിക്കുവാൻ ശ്രമിച്ചു. പാശ്ചാത്യതത്വശാസ്ത്രങ്ങളെ അപേക്ഷിച്ച് കൂടുതൽ ഗഹനവും വിശാലവുമായിട്ടുള്ളതു് പൌരസ്ത്യദശ്നങ്ങളാണെന്നു് അദ്ദേഹം സമത്ഥിച്ചു. കങ്ങ്പ്രസ്ഥാനത്തിലെ പരിണാമതത്വശാസ്ത്രം ഉല്പാദനവും പ്രതിയുല്പാദനവും (*Production and Reproduction*) എന്ന തത്വത്തേയും ഹേതുവാദം (*Doctrine of Reason*) സാവ്വലൌകികമായ അസ്തിത്വസിദ്ധാന്തത്തേയും ക്രിയാത്മകവും നിഷ്ക്രിയാത്മകവുമായ വിശ്വവ്യാപിയായ ശക്തികളുടെ നിരന്തരമായ പ്രവത്തനത്തിൽനിന്നുളവാകുന്ന അവിരാമമായ രൂപാന്തരീകരണതത്വത്തേയും ദ്യോതിപ്പിക്കുന്നവയാണു്. ആധുനികവും ചൈതന്യാത്മകവുമായ ലോകത്തിൽ ജീവിക്കുന്ന ചൈനയ്ക്കു പററിയ ഏററവും നല്ലൊരു തത്വശാസ്ത്രമായിരുന്നു അതു്. ല്യാങ്ങ് സൌമിങ്ങ് പല കാര്യങ്ങളിലും എതിപ്പുണ്ടായിരുന്നുവെങ്കിൽകൂടി യഥാത്ഥത്തിൽ ഒരു കങ്ങ് അനുയായിയായിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ കങ്ങ്സിദ്ധാന്തങ്ങളെ ആധാരമാക്കിക്കൊണ്ടുള്ള ഒരു നവീനതത്വശാസ്ത്രം മാത്രമാണു് ചൈനയുടെ ഭാവിശ്രേയസ്സിനു് അത്യന്തം ഉപയുക്തമായിട്ടുള്ളതു്.

ചൈനീസ്തത്വശാസ്ത്രത്തിൻെറ അഗാധതയിലേയ്ക്കു് ചൂഴ്ന്നിറങ്ങി സ്വന്തമായ ഒരു നവീനദശ്നസമ്പ്രദായത്തെ കെട്ടിപ്പടുക്കുവാൻവേണ്ടി പ്രയത്നിച്ച ഫങ്ങ്

യുലാൻ മികച്ച ഒരു പണ്ഡിതനും തന്റെ കാലത്തെ ചൈനയ്ക്കു നവീനയുക്തിവാദദർശനം (*New Rational Philosophy*) എന്ന പേരിൽ ഒരു തത്വശാസ്ത്രം സമർപ്പിച്ച ആളുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസ്തുത ഗ്രന്ഥം നാലുഭാഗങ്ങളായിട്ടാണു് പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ആദ്ധ്യാത്മികം, നൈതികം, ചരിത്രപരം, ക്രമാനുബദ്ധം എന്നിങ്ങിനെ നാലു വശങ്ങളായിട്ടാണു് അതിൽ വിഷയങ്ങളെ വിവരിച്ചിട്ടുള്ളതു്. ചൈനീസ്തത്വശാസ്ത്രത്തെക്കുറിച്ചുള്ള ഫങ്ങിന്റെ ചരിത്രപരമായ പഠനം ചൈനയിലെ ഒന്നാമത്തെ ഉദ്യമമാണു്. മാത്രമല്ല പ്രസ്തുത വിഷയത്തിൽ ഏററവും അവലംബനീയമായ ഒരു വിവരണമാണതു്.

രാഷ്ട്രീയരംഗത്തിലും കങ്ങ്സിദ്ധാന്തങ്ങൾ സ്വാധീനത ചെലുത്താതിരുന്നില്ല. വിപ്ലവകാരിയായ സുൻയാററ്സൻ പോലും തന്റെ 'മൂന്നു ജനകീയതത്വങ്ങ'ളിൽ കങ്ങ്നീതിശാസ്ത്രത്തിന്റെ ഊർജ്ജസ്വലവും ധാർമ്മികവുമായ മൂല്യത്തെപ്പററി പറഞ്ഞിട്ടുണ്ടു്. അതിൽ അത്ഭുതപ്പെടുവാനില്ല. കാരണം ചൈനീസ്ജനതയുമായി ഇടപെടുന്ന ആൾക്കുംതന്നെ കങ്ങ്സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായ അവരുടെ ആത്മീയപാരമ്പര്യത്തെ അവഗണിക്കുക സാദ്ധ്യമല്ല. രാഷ്ട്രീയനേതാക്കന്മാർക്കു് ഒട്ടുംതന്നെ സാദ്ധ്യമല്ല. സുൻയാററ്സന്റെ ദർശനത്തിൽ വാങ്ങ്യാങ്ങ്മിങ്ങിന്റെ സ്വാധീനശക്തിയും ധാരാളമായി കാണുവാൻ കഴിയും. 'പ്രവർത്തനം എളുപ്പമാണു്, എന്നാൽ ജ്ഞാനാർജ്ജനം പ്രയാസമാണു്'' എന്ന തത്വമായിരുന്നു അതു്. പിന്നീടു് 1927-ൽ ക്വാമിങ്ങ്ടാങ്ങ്

അധികാരത്തിൽ വന്നപ്പോഠം തായ്ചിടാവോവിനെ പ്പോലെ കങ്ങ് അനുയായികളായ ചില ദാശ്നികന്മാർ ചൈനയുടെ പുരാതനസംസ്കാരത്തേയും നാഗരീകത ത്തേയും പുനജ്ജീവനം ചെയ്യുന്നതുകൊണ്ടുമാത്രമേ രാഷ്ട്ര ത്തിന്നു് പുരോഗതിയുണ്ടാവുകയുള്ളുവെന്നു് പരസ്യമായി പ്രഖ്യാപിക്കുവാൻ തുടങ്ങി. അങ്ങിനെ 1934-ൽ ചിയാ ങ്ങ് കെയ്ഷിക്ക് ആരംഭിച്ച പ്രസ്ഥാനത്തിന്നു ജീവൻ നല്കിയതു് കങ്ങ്സിദ്ധാന്തമായ സാമൂഹ്യമര്യാദയായിരു ന്നു. സാമൂഹ്യനീതി, ആജ്ജവം, ബഹുമാന്യത എന്നീ സിദ്ധാന്തങ്ങളേയും പ്രായോഗികരംഗത്തിൽ കൊണ്ടുവരു ന്നതിന്നു് അദ്ദേഹം ശ്രമിക്കുകയുണ്ടായി.

അധികംതാമസിയാതെ കൊമിങ്ങ്ടാങ്ങ്ഗവമ്മേ ണ്ടു് കങ്ങ്പുരാണങ്ങഠം പഠിപ്പിക്കുന്നതിന്നു് സാവ്വത്രിക മായ ഏപ്പ്പാടുകഠം ചെയ്തു. സ്കൂഠംപാഠ്യപദ്ധതിയിൽനിന്നു് അവ തീരെ നിഷ്കാസിതമായിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. മാസ്റ്റർ കങ്ങ് ചൈനയിലെ ഏററവും മഹാനായ ആചാ ര്യനാണെന്നു് ഗവമ്മേണ്ടു് പ്രഖ്യാപിച്ചു. എട്ടാമത്തെ ചാന്ദ്രമാസം 27-ാംനു- അദ്ദേഹത്തിൻെറ ജന്മദിനം കൊ ണ്ടാടുവാൻ ഗവമ്മേണ്ടു് തീച്ചപ്പെടുത്തി. ഇന്നു് ആഗസ്റ്റ് 27-ാംനു-യാണു് അതു് കൊണ്ടാടിവരുന്നതു്. അന്നു് ഒരു പൊതുകല്പനദിവസമാണു്. അന്നു് മാസ്റ്റർ കങ്ങി ൻെറ പേരിൽ മൃഗബലികഠം നടത്താറില്ലെങ്കിലും അനു സ്മരണക്കുള്ള മററു ചടങ്ങുകഠം ഉണ്ടാവാറുണ്ടു്. കങ്ങിൻെറ ജന്മസ്ഥലമായ ചൂഫൂവിൽ മനോഹരമായ ഒരു സ്മാരകം

പണിചെയ്യപ്പെട്ടിരിക്കുന്നു. 1935_ൽ കലാസുന്ദരമായ ഒരു ക്ഷേത്രം അവിടെ പണിചെയ്യിച്ചു. 1730_ൽ പണിതിരുന്നതും എന്നാൽ കേടുപാടുകഠം ഉണ്ടായിരുന്നതും ആയ കെട്ടിടങ്ങഠം ഗവമ്മേണ്ടിൻെറ മേൽനോട്ടത്തിൽ റിപ്പേർ ചെയ്യപ്പെട്ടു. നാണയപ്പെരുപ്പത്തിന്നു മുമ്പായിരുന്നു അതു്. ഒന്നരമില്ല്യൻ ഡോളർ അതിനുവേണ്ടി ചിലവു ചെയ്തു. എന്നാൽ 1937_ൽ ഉണ്ടായ ചൈനാ ജപ്പാൻ യുദ്ധത്തിൽ പ്രസ്തുത പരിപാടി മുഴുവൻ തകൻറുപോയി. അല്ലെങ്കിൽ ഇന്നും മഹാനായ കങ്ങിൻെറ സ്മാരകക്ഷേത്രം കാഴ്ചക്കാരുടെ കണ്ണും കരളും കവൻറുകൊണ്ടു് ചൈനയിലെ ഒരത്ഭുതവസ്തുവായി നിലകൊള്ളുമായിരുന്നു. എന്നാൽ പ്രസ്തുത പുനഃപ്രകാശം വീണ്ടും അസ്തമിതപ്രായമാകുവാൻ പോകയാണെന്നു് ആക്കും അറിയുവാൻ കഴിഞ്ഞില്ല.

## വിധിവൈപരീത്യം

കങ്ങ്ആദശങ്ങഠം കഴിഞ്ഞ വളരെ നൂററാണ്ടുകളായി ചൈനീസ്ജനതയുടെ മനസ്സിലും ഹൃദയത്തിലും ഇഴുകിപ്പിടിച്ചിരിക്കുകയാണു്. ജനകീയകോടതികളുടെ പ്രാബല്യവും പ്രഭാവവും അതിനെ അപായപ്പെടുത്തുകയാണെങ്കിൽ അതിൽ വ്യസനിക്കാത്തതായി ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. എന്നാൽ ഒരു കാര്യം തീച്ചയാണു്. കങ്ങ്സിദ്ധാന്തങ്ങഠം ഭാവിയിൽ ഒരിക്കലും മുമ്പത്തെ സ്ഥിതിയെ പ്രാപിക്കുന്നതല്ല. ചൈനീസ്ബുദ്ധിജീവികളുടേയും രാഷ്ട്രത്തിൻേറയും പ്രിയംകരമായ ഒരു തത്വശാസ്ത്രമാ

യി അതിനിനി വർത്തിക്കുക സാദ്ധ്യമല്ല. അതിൻെറ കാലം കഴിഞ്ഞുപോയി. ഭാവി തലമുറ കണ്ടും മക്കളും നശിക്കട്ടെ എന്ന മുദ്രാവാക്യത്തോടുകൂടിയാണു് രംഗപ്രവേശം ചെയ്തിട്ടുള്ളതു്. പുരാതനന്മാർ നോക്കിയിരുന്നതുപോലെ മാസ്റ്റർ കണ്ടിനെ ബഹുമാനത്തോടുകൂടി നോക്കുവാൻ ഇനിയുള്ളവൎക്കു് സാദ്ധ്യമാണോ എന്നു് കണ്ടുതന്നെ അറിയണം. ചരിത്രപ്രധാനനായ പ്രസ്തുത മഹാൻെറ വിഗ്രഹം തകൎക്കപ്പെട്ടുണ്ടായില്ല. എങ്കിലും അതിനു സ്ഥാനഭ്രംശം വന്നുകഴിഞ്ഞു.

മേൽചേൎത്ത അഭിപ്രായങ്ങളോടു് ഒരു പക്ഷേ വായനക്കാർ വിയോജിക്കുമായിരിക്കാം. ചരിത്രം ആവൎത്തിക്കുമെന്നും ഇന്നു അഗണ്യമായി കരുതപ്പെടുന്ന കണ്ടു്സിദ്ധാന്തങ്ങൾ നാളെ പരിഗണനാൎഹമായിത്തീരുമെന്നും പറയുമായിരിക്കാം. 1-ാമത്തെ ചിൻ ചക്രവൎത്തിയുടെ കാലത്തു് അതാണല്ലോ സംഭവിച്ചതു്. എന്നാൽ അക്കാലത്തു് കണ്ടു്സിദ്ധാന്തങ്ങൾക്കു് പൂൎവ്വസ്ഥിതിയെ പ്രാപിക്കുന്നതിന്നു് അല്പം വൎഷങ്ങൾമാത്രമേ വേണ്ടിവന്നുള്ളു. പ്രസ്തുത പുനൎജ്ജീവനം അത്ഭുതകരമായ ഒന്നായിരുന്നു. അനശ്വരമായ നിരവധി മുദ്രകൾ ചരിത്രത്തിൻെറ ഏടുകളിൽ പതിപ്പിച്ച ഒരു മഹാസംഭവമായിരുന്നു അതു്. അതുകൊണ്ടു് മാസ്റ്റർ കണ്ടു് ഇനിയും ഉണൎന്നെഴുന്നേറ്റുകൂടെയെന്നും അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ വീണ്ടും ബുദ്ധിജീവികൾക്കു് ആരാദ്ധ്യമായിക്കൂടെ എന്നും വായനക്കാർ ചോദിക്കുമായിരിക്കാം.

അങ്ങിനെയൊരു നവോത്ഥാനം ഇനിയുണ്ടാവുമെന്നു് വിശ്വസിക്കുവാൻ സാധിക്കുന്നില്ല. കാലം മാറി. അതോടൊപ്പംതന്നെ ചൈനീസ്സമുദായത്തിന്റെ അടിത്തറയ്ക്കും മാററം സംഭവിച്ചിട്ടുണ്ടു്. പ്രത്യേകിച്ചും കങ്ഡ് സിദ്ധാന്തങ്ങൾ നിലകൊണ്ടിരുന്ന കുടുംബ സമ്പ്രദായം മാറിക്കഴിഞ്ഞിരിക്കുന്നു. അതിനുംപുറമെ ചിൻയുഗവും ഹാൻയുഗവും തമ്മിലുണ്ടായിരുന്ന കാലാന്തരത്തേക്കാൾ എത്രയോ അധികമാണു് മഞ്ചുസാമ്രാജ്യവും ആധുനിക ചൈനാ റിപ്പബ്ലിക്കും തമ്മിലുള്ളതു്. അതിനുംപുറമെ അക്കാലത്തേയും ഇക്കാലത്തേയും പരിവർത്തനങ്ങൾക്കുതമ്മിൽ തീരെ സാദൃശ്യവുമില്ല. എന്നാൽ പ്രതീക്ഷയിലും പ്രഭാവത്തിലും വിപുലവും വിപ്ലവാത്മകവുമായ പ്രതിഭാസപരമായ ഒരു രൂപാന്തരീകരണമാണു് ഇന്നു് ചൈനീസ് മാനസികമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്നതു് എന്നുള്ളതാണു് ഏററവും സുപ്രധാനമായ ഒരു സംഗതി. ഹാൻ ജനത മാസ്റ്റർ കങ്ങിന്റെ നമ്രമായ ആദർശങ്ങളോടും സാമൂഹ്യനീതിയോടും ധാർമ്മികഭാവനയോടും ഒട്ടും മടികൂടാതെ കൂറു പ്രഖ്യാപിച്ചു. ചിൻ ഭരണത്തിന്റെ പൈശാചികത്വത്തിന്റേതായ ഒരു പ്രതികരണമായിരുന്നു അതു്. എന്നാൽ ആധുനികചൈന യാഥാസ്ഥിതികമായ പാരമ്പര്യത്തിൽനിന്നു് മുക്തി നേടുകയും പാശ്ചാത്യസാമൂഹ്യസിദ്ധാന്തങ്ങളെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ പുരാതനവും അസ്വതന്ത്രവുമായ ഭൂതകാലത്തിന്റെ സ്മരണകൾ ആധുനികചൈനയെ ആവേശംകൊള്ളിക്കുന്നതിന്നു് ഒരിക്കലും പര്യാപ്തമായിത്തീരുകയില്ല.

കൺഫ്യൂഷ്യൻ സിദ്ധാന്തങ്ങളുടെ ഒരു പരിഷ്കൃതരൂപംപോലും അവക്ക് സ്വീകാര്യമായിരിക്കുകയില്ല. ആധുനിക ചൈന കൂടുതൽ ഊർജ്ജസ്വലവും ക്ഷേമസമ്പൂർണ്ണവുമായ ഒരു ഭാവിയെയാണ് ഉററുനോക്കുന്നത്. ഭൂതകാലചരിത്രം പഠിപ്പിക്കപ്പെട്ടുമെന്നുള്ളത് തീർച്ചയാണ്. അത് പരീക്ഷണവിധേയമായിത്തീരുകയും ചെയ്യും. അതിനെ ഏററവുമധികം വിലമതിക്കുവാനും തെയ്യാറായെന്നു വരാം. പക്ഷേ ഭാവിപ്രവർത്തനങ്ങൾക്ക് പ്രചോദനം ലഭിക്കുന്നതിന്നായി ഭൂതകാലത്തിൻെറ സഹായം തേടുക എന്ന സമ്പ്രദായം ഇനിയുണ്ടാവുകയില്ല. ചൈനീസ്ജീവിതത്തിൽ വമ്പിച്ച സ്വാധീനശക്തി ചെലുത്തുന്ന ഒരു തത്വസംഹിതയായി കൺഫ്യൂഷ്യൻ ദർശനം ഭാവിയിൽ വളർന്നുവരുമെന്ന് ഇനി ഒരിക്കലും പ്രതീക്ഷിക്കുക സാദ്ധ്യമല്ല.

എന്നാൽ പ്രതിഭാസമ്പന്നനായ കൺഫ്യൂഷ്യസ്സിന്നുള്ള സ്ഥാനമെന്തായിരിക്കും? കേവലം ഒരു സ്കൂൾമാസ്റററുടെ പദവിയിൽനിന്ന് ഒരു തത്വജ്ഞാനിയായി വളർന്ന അദ്ദേഹത്തെ ഭാവിലോകം എങ്ങിനേയായിരിക്കും വീക്ഷിക്കുക? അദ്ദേഹത്തിൻെറ പരിശുദ്ധമായ പ്രവചനങ്ങളോടുള്ള ജനങ്ങളുടെ സമീപനരീതി എന്തായിരിക്കും? ഈ ദർശനത്തിൻെറ ആന്തരികതത്വങ്ങളെ ഭാവിലോകം എപ്രകാരമായിരിക്കും സ്വാഗതം ചെയ്യുക?

പ്രസ്തുത ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഏററവും പ്രാധാന്യമർഹിക്കുന്നത്. ഒന്നാമതായി കൺഫ്യൂഷ്യസ്സിന്ന് ഈശ്വരത്വം നല്കി അദ്ദേഹത്തെ പൂജിക്കാൻ അനുവദിക്കാതിരുന്നത് ഏററവും മഹത്തായ ഒരു നേട്ടമായിട്ടുണ്ട്

എന്നുള്ളതിന്നു് സംശയമില്ല. അതു് ചൈനയ്ക്കുമാത്രമല്ല മാസ്റ്റർ കങ്ങ്ഫ്യൂഷിന്നുപോലും അഭിലഷണീയമായ ഒന്നാണു്. അമാനുഷികവും അന്ധവിശ്വാസജടിലവുമായ കാര്യങ്ങളെ അദ്ദേഹത്തോടു് ബന്ധിക്കാതെയിരിക്കുന്നതുകൊണ്ടു് കങ്ങ്ഫ്യൂവിന്റെ സുവ്യക്തവും പൂർണ്ണവുമായ രൂപത്തെ നമുക്കു് കാണുവാൻ കഴിയുമെന്നതു് ഒരു വലിയ അനുഗ്രഹംതന്നെ. അതിബുദ്ധിമാനായ ഒരു മഹാപുരുഷനാണു് അദ്ദേഹം എന്നുമാത്രമെ നാം കരുതുകയുള്ളൂ. അതിനുംപുറമെ കങ്ങ്ഫ്യൂ അദ്ദേഹത്തിന്റെ കാലത്തു് സ്വന്തം സമുദായത്തിന്നുവേണ്ടി ചെയ്ത സേവനങ്ങളേയാണു് ഭാവിതലമുറയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുണ്ടെന്നു് പറയപ്പെടുന്ന സേവനങ്ങളേക്കാൾ നാം കൂടുതലായി വിലമതിക്കുന്നതു്. അങ്ങിനെ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ വീണ്ടും പരിശോധിക്കുവാൻ അതു് നമുക്കു് അവസരം തരുന്നു. അവയിൽ വിശിഷ്ടമായവയെ ദേശീയ പാരമ്പര്യത്തിന്റെ ചിഹ്നമായി അംഗീകരിക്കുകയും അല്ലാത്തവയെ ആധുനികലോകത്തിന്നു് പററാത്തവയാണെന്നു പറഞ്ഞു് തള്ളിക്കളയുകയും ചെയ്യാവുന്നതാണു്. അപ്രകാരം കങ്ങ്ഫ്യൂവിന്റെ പേരിൽ ആരോപിതമായ നിരവധി ആക്ഷേപങ്ങൾ ഇല്ലാതായിത്തീരുമെന്നതിന്നു് സംശയമില്ല. അവസാനമായി ഒന്നുകൂടി പറയുവാനുണ്ടു്. ഈ ദർശനത്തിന്റെ സ്ഥാനത്തു് ചൈനയ്ക്കാവശ്യമായ ഒരു നവീനതത്വശാസ്ത്രം ആസൂത്രണം ചെയ്യപ്പെടേണ്ടതാണു്. ഈ ദർശനം അതിന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞു. ഇനി അതിനെക്കൊണ്ടു് ഉപയോഗമില്ല. എ

ന്നാൽ ഈ ദശ്നത്തിലേയും മററു ദശ്നങ്ങളിലേയും ശ്രേഷ്ഠ തത്വങ്ങളെ ത്യാഗം ചെയ്തിട്ടായിരിക്കരുതു് ഇങ്ങിനെയൊരു സംരംഭത്തിന്നു് ഒരുങ്ങുന്നതു്. സങ്ക്പണ്ഡിതന്മാർ കാലാനുസൃതം തത്വശാസ്ത്രങ്ങളെ സമന്വയംചെയ്തു് ഒരു നവീനദശ്നസമ്പ്രദായത്തെ ആവിഷ്ക്കരിച്ചു. അതു് ഒരു മാഗ്ഗദശ്നമായി എടുക്കേണ്ടതാണു്. കാലത്തിൻെറ പ്രത്യേകതകറം അറിഞ്ഞും മനസ്സിലാക്കിയും വേണം പ്രസ്തുത സംരംഭത്തിന്നു് തെയ്യാറാകുവാൻ. എന്നാൽ ഇതെല്ലാം തന്നെ കേവലം കാല്പനികചിന്തകറം മാത്രമാണു്. മാസ്റ്റർ കങ്ങിന്നും അദ്ദേഹത്തിൻെറ ദശ്നത്തിന്നും ഭാവിയിൽ എന്തു സംഭവിക്കുമെന്നു് ഒരിക്കലും പറയുക സാദ്ധ്യമല്ല. ഭാവിതലമുറയുടെ മനോഭാവത്തേയും പ്രവത്തനങ്ങളേയും ആശ്രയിച്ചാണു് അതിരിക്കുന്നതു്.

സമാപ്തം

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. 181.11 Acc. No. 84823

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 23 MAR 2010 | | |
| 20 JUL 2011 | | |
| 6 JUN 2012 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

181.11
LEW-C

84823

ല്യൂ ഷൂ-ചി

കൺഫ്യൂഷ്യൻ ദർശനം

KOTTAYAM PUBLIC LIBRARY
181·11
Call No. LEKl - C Acc. No. 84823
Author [illegible]
Title [illegible]

Indic Digital Archive Foundation
gpura.org